# മംഗളോദയം.

## ൧൦൮൦

| | | |
|---|---|---|
| പുസ്തകം ൨ | വൃശ്ചികമാസം. | ലക്കം ൧ |

# മംഗളോദയം.

## ൧൦൮൩

| പുസ്തകം ൧ | വൃശ്ചികമാസം. | ലക്കം ൧ |
|---|---|---|

### മംഗളം

ബാലാദിത്യായുതശ്രീരടവിടമുടലിൽഭൂഷണോരഗങ്ങൾ ചാർത്തി-
ച്ചേലാളീടുന്നപുത്തൻപരിമളമിളകുംമാലതൃക്കയ്യിലേന്തി
കാലാരിക്കൺചകോരാമൃതമഹസിതകുളിർപ്പൂനിലാവാർന്നിൽക്കും
ലീലാലോലസ്വരൂപംവിലസുകവിലയായപ്പോതമെന്നുള്ളിലെന്നും.

എ. നാരായണമേനോൻ

---

### പ്രസ്താവന.

---

മലയാളഭാഷയെ സ്നേഹിക്കുന്നവരും, എല്ലാ വിധത്തിലും അതിന്റെ അഭിവൃദ്ധിയുണ്ടാകേണമെന്നു മോഹിക്കുന്നവരും, ഈ പ്രസ്താവനയെ സാവധാനത്തിൽവായിച്ച്, അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, ഞങ്ങളെ അറിവിക്കയും, ഇല്ലെങ്കിൽ, ഞങ്ങളോട് ഒന്നിച്ചുചേർന്നു പ്രവർത്തിക്കയും ചെയ്താൽ കൊള്ളാമെന്ന് ഞങ്ങൾ ഒന്നാമതായി അപേക്ഷിക്കുന്നു.

കുറച്ചുകാലമായിട്ട്, 'മംഗളോദയം' 'സാഹിത്യസമാജ'ത്തിന്റെ മേലന്വേഷത്തിൽ നടത്തിവരുന്ന ഒരു മാസികയാണ

ല്ലോ. എന്നാൽ, ഒരു മലയാളകുടുംബത്തിലെ ഭ്രപ്രത്തിന്റെ എന്നപോലെ, അവകാശികൾ അധികമാകകൊണ്ടും, അധികാരത്തിനു വ്യവസ്ഥ ഇല്ലായ്കകൊണ്ടും, മാസികയുടെ സ്ഥിതി, പേരിനുവിപരീതമായിട്ടാണ് തീൎന്നിരിക്കുന്നത്. മംഗളംഉദിച്ചുയരുന്നില്ലെന്നുതന്നെയല്ല, അസ്തമനത്തിങ്കലേക്കു അഭിമുഖമായിനില്ക്കുകയും ചെയ്യുന്നു. 'മാസികയുടെ ഇപ്പൊഴത്തെ സ്ഥിതി ഭേദപ്പെടുത്തി അതിനെ ഒരു ഉത്തമനിലയിൽ കൊണ്ടുവരുന്നതിന്നു' ഞങ്ങളെ പത്രാധിപന്മാരായി നിശ്ചയിച്ച് അദ്ധ്യക്ഷന്മാർകൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു. ഭടന്മാൎക്കു നേതൃവാക്യത്തിൽ പരം മറെറാന്നുമില്ലല്ലോ. അതു പരോപകാരപ്രദവും അവൎക്കു ഹിതകരവുമായാൽ പിന്നെയുണ്ടോ അവരുടെ സന്തോഷത്തിനതിര്! അതുകൊണ്ട്, കല്പനയെ, 'രണ്ടുപ്രകാരം നിരൂപിച്ചാലും, കൊണ്ടാടേണ്ടതു നമ്മുടെ ഭാരം.'

പക്ഷെ, ഞങ്ങൾതന്നെ പ്രയത്നിച്ചാൽ ഒരു ഫലവും ഉണ്ടാകയില്ല. കടലിൽ ചെറുവഞ്ചിയുടെ ഗതിപോലെ ഇരിക്കും. ഭാഷാഭിമാനികളുടെ മനഃപൂൎവ്വമായ സഹകരണത്തോടുകൂടിയല്ലാതെ നമ്മുടെ മാസികയെ ഒരു ഉന്നതപദവിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് ഞങ്ങൾ സ്വപ്നത്തിൽക്കൂടി വിചാരിക്കുന്നില്ല. അതിനാൽ, ഈ ഉദ്യമത്തിൽ കാലേതന്നെ ഞങ്ങളെ സഹായിച്ചു തുടങ്ങേണമെന്നാകുന്നു മലയാളസാഹിത്യകുശലന്മാരോടുള്ള ഞങ്ങളുടെ രണ്ടാമത്തെ അപേക്ഷ.

'കാലമേതെയുഴയാഞ്ഞാൽ കടവിൽച്ചെന്നടുക്കില്ല.' കരകാണാതെകിടന്നുഴലുന്നതുകാരണം, മുറുകിവലിച്ചാൽത്തന്നേ കടവിലടുക്കുകയുമുള്ളു. നമുക്കു കൂലിയുടെകണക്കു പറയേണ്ടസമയമായിട്ടില്ല. 'ജലത്തിലെപ്പോളകളെന്നപോലെ' ക്ഷണഭംഗുരങ്ങളായി, കേരളമൊട്ടുക്ക്, മുഴത്തിനു മൂന്നുവീതം മാസികകളുണ്ട്. ഭോജരാജപ്രഭൃതികളുടെകാലം കഴിഞ്ഞിരിക്കുന്നു; ഔചിത്യത്തോടുകൂടിസഹായിപ്പാൻ വശമുള്ള പ്രജകളുടെ ആവിൎഭാവം ഉണ്ടായിട്ടുമില്ല. ഇതിനായിക്കൊണ്ടു നമ്മൾ യത്നിക്കയാണെന്നു വിചാ

രിച്ചാൽ മതി. പ്രതിഫലേച്ഛ കൂടാതേയുള്ള പ്രവൃത്തികൾക്ക മാഹാത്മ്യം കൂടുമെന്നാണല്ലൊ ആപ്തവാക്യം. അതിനാൽ അല്ലയൊ ഭാഷാഭിമാനികളേ!

'ആഞ്ഞുവലിപ്പിൻകയ്യുകളിത്തിരി
കൂതേഞ്ഞാലെന്തൊരുതേങ്ങയതിപ്പോൾ.'

ഈ മാസികയിൽ, നാടകം, ആഖ്യായിക, ചെറിയകഥകൾ, ഐതിഹ്യങ്ങൾ, കവിത, ജീവചരിത്രം, ചരിത്രം, പ്രാചീനങ്ങളും നവീനങ്ങളുമായ ശാസ്ത്രതത്വങ്ങളെ വെളിപ്പെടുത്തുന്ന ലേഖനങ്ങൾ, പുസ്തകപരിശോധന, സാഹിത്യവിമർശനം, ഫലിതങ്ങൾ, അലങ്കാരം, മുതലായ വിഷയങ്ങൾ അടങ്ങിയിരിക്കും. ചുരുക്കത്തിൽപ്പറയുന്നതായാൽ, എല്ലാവക്കും വിദ്യയും വിനോദവും ദാനം ചെയ്യുന്നവയായ ഗദ്യപദ്യകൃതികളെക്കൊണ്ട് ഇതിനെ അലങ്കരിക്കേണമെന്നാകുന്നു ഞങ്ങളുടെ മോഹം; ഞങ്ങളുടെ ശ്രമവും അതിനാണ്.

പരിഷ്കൃതരീതിയിൽ അക്ഷരപ്പിഴകൾ കൂടാതെ, ശബ്ദാർത്ഥവൈചിത്ര്യങ്ങളോടുകൂടി മലയാളഭാഷയിൽ നല്ലരീതിയിൽ എഴുതീട്ടുള്ള കൃതികളാണ് ഞങ്ങൾക്ക് ആവശ്യമുള്ളവയെന്നു വിനയത്തോടുകൂടി ഞങ്ങൾ എല്ലാവരേയും അറിവിക്കയും ഈ വിധമുള്ള കൃതികൾ അയച്ചുതന്ന് മാസികയേയും ഞങ്ങളേയും അനുഗ്രഹിക്കേണമെന്നു ഞങ്ങൾ എല്ലാവരോടും പ്രാർത്ഥിക്കയും ചെയ്യുന്നു.

മ. മ. ശ്രീ അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ടും മ. രാ. രാ. മണ്ണത്താഴത്തു നാരായണമേനോൻ അവർകളും, സഹപത്രാധിപന്മാരുടെ നിലയിൽ, ഞങ്ങൾക്കുവേണ്ട സകല സഹായങ്ങളും ചെയ്തുതരാമെന്നൊരുക്കമാണെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതിനെ ഇവിടെ നന്ദിപുരസ്സരം പ്രസ്താവിച്ചുകൊള്ളുന്നു.

പത്രാധിപന്മാർ.

# ആദികേരളം. *

കേരളത്തിന്റെ പൂർവ്വസ്ഥിതിയും പുരാതന ചരിത്രവും നാഗരികാവസ്ഥയും വിവരമായും സൂക്ഷ്മമായും അറിവാൻ ഇപ്പോൾ പ്രായേണപ്രയാസവും മിക്കവാറും അസാദ്ധ്യവുമാണെങ്കിലും, അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്ന ചരിത്രശകലങ്ങളെ ഒന്നായി കൂട്ടിച്ചേർത്തു കോർത്തുവെക്കുവാൻ ചെയ്യുന്ന ശ്രമം തീരെ പ്രയോജനകരമല്ലാതെ വരുന്നതല്ലെന്നു വിചാരിക്കുന്നു. മററു ഭാരതവർഷനിവാസികളെപ്പോലെ, കേരളീയരും ചരിത്രസംഭവങ്ങളെ രേഖപ്പെടുത്തി വെക്കുന്നതിൽ ഉദാസീനന്മാരായിരുന്നു. ചരിത്രവിഷയമായ രേഖകൾ കേരളത്തിൽ വളരെ അപൂർവ്വമായി മാത്രമേ കാണുന്നുള്ളു. 'ചരിത്രസംഭവങ്ങളെ കാലക്രമംപോലെ രേഖപ്പെടുത്തുന്ന വിഷയത്തിൽ, ഹിന്തുക്കൾ തീരെ ഉദാസീനന്മാരാണ്. രാജാക്കന്മാരുടെ വാഴ്ചക്കാലത്തെ വിവരിക്കുന്ന കാര്യത്തിൽ അവർ വളരെ അശ്രദ്ധ കാണിക്കുന്നു. മുൻ കാലങ്ങളിൽ നടന്ന സംഗതികളെ അറിയേണ്ടതായിവരികയും അതിന്നു നിവൃത്തിയില്ലാതെ തീരുകയും ചെയ്യുമ്പൊൾ, അവർ വെറും കഥകളെ കെട്ടി ഉണ്ടാക്കുവാൻ തുടങ്ങും.' എന്നു അറബി പണ്ഡിതനായ ആൽബിറുണി പറയുന്നു. ഇതിന്റെ വാസ്തവം കേരളമാഹാത്മ്യം, കേരളഉൽപ്പത്തി മുതലായ ചരിത്രഗ്രന്ഥങ്ങൾ ലക്ഷ്യപ്പെടുത്തുന്നുണ്ട്. അപൂർണ്ണങ്ങളായ വല്ല രേഖകളും വല്ല കാലത്തും ഉണ്ടായിരുന്നു എങ്കിൽതന്നെ, അവ ഓല, കടലാസ് മുതലായവയിലായിരുന്നാൽ, ഈർമ്മപ്രദേശങ്ങളിൽ ഈ സാധനങ്ങൾ വേഗത്തിൽ ജീർണ്ണിച്ചുപോകുവാൻ എടയുള്ളതുകൊണ്ട്, അവ നശിച്ചുപോയിരിക്കാം. എന്നാൽ ശിലാരേഖകൾ, താമ്രശാസനങ്ങൾ മുതലാ

* പകർപ്പവകാശമുള്ളത്.

യവയ്ക്കു ഈ വിധമുള്ള ദോഷം തട്ടുവാൻ തരമില്ല. പക്ഷെ, ഈ വക രേഖകളെ കേരളത്തിൽ വളരെ ദുർല്ലഭമായിട്ടേ കാണുന്നുള്ളൂ. കൊച്ചിയിലെ ജൂതന്മാർ, കോട്ടയത്തെ സുറിയാനി ക്രിസ്ത്യാനികൾ എന്നിവരുടെ കൈവശത്തിലുള്ള താമ്രശാസനങ്ങളും, തിരുനെല്ലി ക്ഷേത്രത്തിലെ താമ്രശാസനവുമല്ലാതെ അത്ര പഴക്കത്തിലുള്ള താമ്രശാസനങ്ങൾ കേരളത്തിൽ മറ്റെങ്ങും കാണുന്നില്ല. തെക്ക തിരുവിതാംകൂറിൽ ചില ശിലാരേഖകളും കാണുന്നുണ്ട്. കൊച്ചി സംസ്ഥാനത്തു തൃപ്പൂണിത്തുറെ, അവിട്ടത്തൂര്, പാറോല മുതലായ ക്ഷേത്രങ്ങളിലും, തൃപ്പൂണിത്തുറേക്ക അധികം അകലമല്ലാത്തതും ഇപ്പോൾ തിരുവിതാംകൂർ രാജ്യത്തു ഉൾപ്പെട്ടതുമായ തൃക്കാക്കര, തിരുവാല്ലൂർ മുതലായ ക്ഷേത്രങ്ങളിലും ചില ശിലാരേഖകൾ ഉള്ളതായി അറിയുന്നു. ഇതുപോലെ മലബാർ ഡിസ്ട്രിക്കിൽ ചേൎന്ന ചില ക്ഷേത്രങ്ങളിലും പള്ളികളിലും മറ്റും ചില ശിലാരേഖകൾ ഇപ്പൊഴും കാണുന്നുണ്ട്. പക്ഷെ ഇവകളിൽ പലതിൻെറയും കാലനിൎണ്ണയം ചെയ്വാൻ സാധിക്കയില്ല; മറ്റുള്ളവ അധികം പഴക്കമില്ലാത്തവയുമാണ്. കഴിഞ്ഞ ഇരുപതു, ഇരുപത്തഞ്ചു കൊല്ലങ്ങൾ ആയിട്ട് ചരിത്രസംബന്ധമായിട്ടും മറ്റുമുള്ള പഴയ രേഖകളെ ശേഖരിക്കുന്നതിൽ ബ്രിട്ടീഷ് ഗവമ്മേണ്ടു വളരെ ശ്രമം ചെയ്യുന്നുണ്ട്. തിരുവിതാംകൂറിൽ പരേതനായ മിസ്റ്റർ സുന്ദരംപിള്ള, എം എ, മിസ്റ്റർ ഗണേശപിള്ള, മിസ്റ്റർ ഗോപിനാഥറാവു, എം എ, ഇവരെ സൎക്കാരിൽനിന്നു നിയമിക്കുകയും, ഇവർ ചെയ്തിട്ടുള്ള അന്വേഷണത്തിൻെറ ഫലമായി അവിടെ ചില ശിലാരേഖകളും താമ്രശാസനങ്ങളും ശേഖരിക്കയും ചെയ്തിട്ടുണ്ട്. കൊച്ചിസൎക്കാരിലാവട്ടെ, ഇതേവരെ ഈ വിഷയത്തിൽ പറയത്തക്കതായ യാതൊരു ശ്രമവും ചെയ്തുകാണാത്തതു ശോചനീയമായ ഒരു അവസ്ഥയാണ്.

കേരളത്തിൽ അന്ധപരമ്പരയായി വിശ്വസിച്ചുവരുന്ന ഇതിഹാസം, അവിടെ അധിവസിച്ചുവരുന്ന നമ്പൂരിമാർ, നാ

യന്മാർ മുതലായ എല്ലാ ഹിന്തുക്കളും, സമുദ്രത്തിൽനിന്നും കേരളത്തെ ഉദ്ധരിച്ചതിന്നു ശേഷം, പരശുരാമൻ പരദേശത്തു നിന്നു കൊണ്ടുവന്നവരെന്നാണ്. എന്നാൽ, ഗ്രന്ഥവിസ്താരഭയത്താൽ ഇവിടെ ചിന്തിക്കുവാൻ തരമില്ലാത്തവയായ പലേ സംഗതികളെക്കൊണ്ടും, ദക്ഷിണഇൻഡ്യയിൽ, ആര്യന്മാർ വന്നെത്തി ആര്യമതത്തെ പ്രചാരപ്പെടുത്തുന്നതിന്നു മുമ്പായി, അവിടെ ദ്രാവിഡ വംശക്കാർ കുടികയറിപ്പാൎപ്പുതുടങ്ങിയിരുന്നു എന്നും, ഉയൎന്ന തരത്തിലുള്ള ഒരു നാഗരീകത്വം അവിടെ നടപ്പായിരുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. രേഖകളുടെ ദൌൎല്ലഭ്യത്താൽ ദ്രാവിഡന്മാർ ദക്ഷിണഇൻഡ്യായിൽ കടന്നുകൂടിയത് എന്നായിരിക്കുമെന്നു ഏകദേശംപോലും വ്യവസ്ഥപ്പെടുത്തുവാൻ തരമില്ല. ആധുനികപാശ്ചാത്യചരിത്രകൎത്താക്കന്മാരുടെ അഭിപ്രായത്തിൽ, ഉത്തരദേശത്തു നിന്നു ആദികാലത്തുണ്ടായ ജനപ്രവാഹത്തിൽ ദക്ഷിണഇൻഡ്യയിൽ ആൎയ്യന്മാൎക്കു മുമ്പായി വന്നെത്തിയവർ ദ്രാവിഡന്മാരാണെന്നാണ്. ഹിമാലയത്തിന്റെ വടക്കു പടിഞ്ഞാറുള്ള ചുരങ്ങളിൽക്കൂടി പ്രവഹിച്ച് ഒന്നാമതായി അവർ പഞ്ചാബിൽ എത്തി എന്നും, അവിടെ നിന്നു പുറപ്പെട്ടു ദക്ഷിണഖണ്ഡത്തിലേക്കു പോന്നു എന്നും പറയുന്നു. ഈ ദ്രാവിഡന്മാർ ഇപ്പൊഴും ദക്ഷിണഇൻഡ്യയിൽ കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്നു. വിന്ധ്യൻ പൎവ്വതത്തിന്നു തെക്കുള്ള ഭൂമിയെ രാമായണത്തിൽ വിവരിച്ചു കാണുന്ന സമ്പ്രദായംകൊണ്ട്, വാല്മീകിക്കു ആ പ്രദേശത്തെ പറ്റി ശരിയായ അറിവുണ്ടായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവിടം വാനരന്മാർ, രാക്ഷസന്മാർ, ഗൃദ്ധ്രന്മാർ എന്നിവരാൽ അധിവസിച്ചിരുന്ന 'ദണ്ഡകാരണ്യം' എന്ന വനമായിരുന്നു ഈ വനത്തിൽ അങ്ങുമിങ്ങും, ജീവദശയുടെ സായംകാലത്ത് ഇഹലോക വ്യാപാരങ്ങളെ ത്യജിച്ചു തപസ്സിന്നായി വിജനപ്രദേശങ്ങളെ പ്രാപിച്ചിരിക്കുന്നവരായ മുനീശ്വരന്മാരുടെ പൎണ്ണശാലകൾ ഇല്ലെന്നില്ല. എങ്കിലും, ആ പ്രദേശ

ത്തു് മിക്ക ഭാഗങ്ങളും മനുഷ്യസഞ്ചാരത്തിന്നു ഉതകുന്നവയായിരുന്നു. അവിടങ്ങൾ ആവാസസ്ഥലമാക്കിവെച്ചിരുന്നവർ തീരെ അപരിഷ്കൃതന്മാരായ ശംബരന്മാർ, പുളിന്ദന്മാർ മുതലായവരായിരുന്നു എന്നു രാമായണത്തിലും മഹാഭാരതത്തിലും പറഞ്ഞു കാണുന്നുണ്ടു്. കണ്വപദ്ധതിയ്, കേരളം, കലിംഗം മുതലായവ ദുഷ്ടരാജ്യങ്ങളാണെന്നും ഇതുകളെ ത്യജിക്കേണം എന്നും കണ്ണൻ പറയുന്നു.

കാരസ്കരാൻമാഹിഷകാൻകലിംഗാൻകേരളാംസ്തഥാ
കാർക്കോടകാൻവീരകാംശ്ചദുർദ്ധർമ്മാംസ്താൻവിവർജ്ജയേൽ
(കാരസ്കരം, മാഹിഷകം, കലിംഗം, കേരളം പരം
കാർക്കോടകം, വീരകം, ദുർദ്ധർമ്മവും വിട്ടൊഴിക്കണം.) *

ഈ ദിഗ്വാസികളുടെ സ്വഭാവദോഷത്തെപ്പററി ഹരിവംശം, മഹാഭാരതം, രാമായണം മുതലായ പുരാണങ്ങളിൽ പറയുന്നുണ്ടെന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതുകൊണ്ടു, ആര്യന്മാരുടെ തെക്കോട്ടുള്ള യാത്രയിൽ, അവർ ആ പ്രദേശങ്ങളിൽ കണ്ടെത്തിയ വർഗ്ഗക്കാർ മിക്കവാറും തീരെ അപരിഷ്കൃതന്മാരായിരുന്നു എന്നു വിചാരിക്കാം. ഭാരതയുദ്ധത്തിന്റെ കാലം ദ്വാപരയുഗത്തിന്റെ ഒടുവിൽ കലിയുഗാരംഭത്തിന്നു അല്പം മുമ്പാകയാൽ, കേരളം അതുവരേക്കും അപരിഷ്കൃതസ്ഥിതിയിൽതന്നെ ആയിരുന്നു എന്നു വരുന്നു.

മലയാളക്കരയിൽ ആര്യന്മാർ വന്നു ഹിന്ദുമതത്തെ പ്രചാരപ്പെടുത്തിയതു ക്രിസ്ത്വാബ്ദത്തിന്നു എത്രയോ മുമ്പായിരിക്കേണമെന്നുള്ളതിന്നു സംശയമില്ല. (1) വൈദികബ്രാഹ്മണർ മലയാളത്തിൽ ആദ്യമായി വന്നതു ക്രിസ്ത്വാബ്ദം എട്ടാം നൂററാണ്ടിന്റെ ആരംഭത്തിലായിരിക്കേണമെന്നും ക്രി. അ. ൩൦൦-ാമാണ്ടി

---

* അദ്ധ്യായം 42 ശ്ലോകം 42

(1) Professor Wilson. Introduction to Descriptive Catalogue of the Mackenzee Mss

ന്നു മുമ്പ് ഈ കൂട്ടർ ദക്ഷിണ ഇൻഡ്യയിൽ തീർച്ചയായും വന്നെത്തിട്ടില്ലായിരുന്നു എന്നും മിസ്റ്റർ ലോഗൻ സായ്പ് അഭിപ്രായപ്പെട്ടുകാണുന്നു. (2) ഈ അഭിപ്രായത്തിനു യാതൊരടിസ്ഥാനവുമില്ലെന്നുള്ളതു വേറെ ഒരു സന്ദർഭത്തിൽ സവിസ്തരം പ്രമാണിച്ചിട്ടുള്ളതിനാൽ, ചർവ്വിതചർവ്വണം ചെയ്തിട്ടാവശ്യമില്ലെന്നുവെച്ച് അതിനെ ഇവിടെ പരിശോധിക്കുന്നില്ല. (3).

വളരെ പുരാതനകാലംമുതൽക്കേ ദക്ഷിണഇൻഡ്യയിൽ ചേരം, ചോളം, പാണ്ഡ്യം എന്നിങ്ങനെ മൂന്നു രാജ്യങ്ങൾ ഉണ്ടായിരുന്നു എന്നു കാണുന്നുണ്ട്. രാമായണം, ഭാരതം, ഹരിവംശം എന്ന പുരാണങ്ങളിൽ ചേരം എന്നതിനു പകരം കേരളം എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. രഘുവംശം കാവ്യത്തിലും അങ്ങനെതന്നെ കാണുന്നു.

തഥൈവാന്ധ്രാംശ്ച പുണ്ഡ്രാംശ്ച
ചോളാൻപാണ്ഡ്യാൻസകേരളാൻ.
കിഷ്കിന്ധാകാണ്ഡം ൪൧-ാം സർഗ്ഗം.

വൃതാഃവ്യൂഢേനമഹതാ പാണ്ഡ്യാശ്ചോളാസ്സകേരളാഃ
വ്യൂഢോരസ്കാഃദീർഘഭുജാഃ പ്രാംശവഃപൃഥുലോചനാഃ
കർണ്ണപർവ്വം ൪൭-ാം അദ്ധ്യായം.

പാഞ്ചാലാനന്ദമത്സ്യാംശ്ച കേരളാം(*)ശ്ച പ്രഭദ്രകാൻ

---

(2) Malabar Vol. i. pp. 261-275.

(3) The Christian College Magazine, 'The Brahmom Settlement in Malabar and Southern India.'

(*) 'കേകയാൻ' എന്ന ഒരു പാഠഭേദം കാണുന്നുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പരിഭാഷ നോക്കുക. എന്നാൽ, 'പുറനാനൂറ്' എന്ന പുരാതന തമിഴ്കവിതയിൽ, 'ഉഡിയാൻ ചേരലധൻ' എന്ന ചേരരാജാവ് കുരുക്ഷേത്രത്തിൽ യുദ്ധംചെയ്തുകൊണ്ടിരുന്നവർക്ക് ഭക്ഷണസാധനങ്ങളെ ശേഖരിച്ചുകൊടുത്തുകൊണ്ടിരുന്നു എന്നു പറയുന്നു; Tamil Studies p. 239.

യുധിഷ്ഠിരാശ്വമേധകാലത്ത് കേരളത്തിൽ ഒരു സ്ത്രീസൈന്യം അർജ്ജുനനോട് പോരുതിയതായി ജൈമനീഭാരതത്തിൽ പറയുന്നുണ്ട്. കേരളം p. 36.

ഭീഷ്മപ്രഹരതാംശ്രേഷ്ഠഃ
പാതായാമാസമാർഗ്ഗണൈഃ

ഭീഷ്മപർവ്വം ൪൯-ാം അദ്ധ്യായം.

'ചേര'മെന്നും 'കേരള'മെന്നും ഉള്ളതു പൎയ്യായപദങ്ങളാണ്. ആദിയിൽ ഉപയോഗിച്ചുവന്നതു് 'കേരള'മെന്ന പദമായിരിക്കേണം. ഈ രണ്ടു പേരുകളേയും വഹിച്ചുവന്ന രാജ്യം ഒന്നുതന്നെയായിരുന്നു, 'കേരള'മെന്നതു് 'ചേര'മെന്നായിത്തീൎന്നതു കൎണ്ണാടകഭാഷയിൽ 'കേരള'മെന്ന പദത്തെ ഉച്ചരിക്കുന്നതിൽ ഉണ്ടായ ശബ്ദഭേദം മാത്രംകൊണ്ടാണ്- 'കേരളവും' 'ചേരവും' ഒന്നാണെന്നു വിചാരിക്കുന്നതിൽനിന്നു ചില സംശയങ്ങൾ നേരിട്ടേക്കാമെങ്കിലും, 'കേരളവും' 'ചേരവും' പൎയ്യായപദങ്ങളാണെന്നു പ്രായേണ എല്ലാ പണ്ഡിതന്മാരും സമ്മതിക്കുന്നു എന്നു റവറെണ്ട് മിസ്റ്റർ ഫ്ലസ്സ് അഭിപ്രായപ്പെടുന്നു. ഡാക്ടർ റോട്ടിളരുടെ * തമിഴ് അകാരാദിയിൽ 'കേരള'മെന്ന പദത്തിനു 'മലയാളക്കരയിൽ 'ചേര' രാജാവിനാൽ ഭരിക്കപ്പെട്ടുവരുന്ന രാജ്യം' എന്ന അൎത്ഥം പറയുന്നു. 'ചേരമെന്നും കേരളമെന്നും ഉള്ള പേരുകൾ ആദിയിൽ ഒന്നുതന്നെ ആയിരുന്നു എന്നുള്ളതിനു എനിക്കു സംശയമില്ല. തമിഴ്, മലയാളം, പട്ടികകളിൽ അവ പൎയ്യായപദങ്ങളായിട്ടാണ് തീൎച്ചയായും ഗണിച്ചിട്ടുള്ളതു്.' എന്നു ബിഷോപ്പ് കാൾഡുവേൽ പറയുന്നുണ്ട്. ഡാക്ടർ ഗുണ്ടർട്ടുസായ്പിന്റെ മലയാളനിഘണ്ടുവിൽ 'കേരം' എന്ന പദത്തിന്റെ നേരെ 'ചേരം=മലബാർ, ചേരമെന്നതിനെ കൎണ്ണാടകഭാഷയിൽ ഉച്ചരിക്കുന്നതു്.' 'കേരളം' എന്ന പദത്തിനു നേരെ 'ചേരം, കന്യാകുമാരി ഗോകൎണ്ണത്തിന്നിടയിലു രാജ്യം' എന്നു എഴുതികാണുന്നു. 'കേരളം' എന്നതിനെ 'ഗേരം' 'ചേരം' 'കേരം' 'ചേരളം' എന്നും മറ്റും പല പ്രകൃതഭേദത്തോടുകൂടെ പറഞ്ഞും എഴുതിയും വന്നിരുന്നു. ഈ അഭിപ്രായം വേറെ ചില ദൃഷ്ടാന്തങ്ങളാലും പ്രബലപ്പെടുന്നുണ്ട്. ബ്രി

* Dr. Rottler

ട്ടീഷ് മലബാറിലെ ഒരു പഴയ താലൂക്കും ഇപ്പോഴത്തെ ഏറ്റർനാട്ട താലൂക്കിൻെറ ഒരു ഭാഗവുമായ 'ചേർനാട്' എന്ന വാക്കിലും 'ചേരമാൻപെരുമാൾ' എന്ന വാക്കിലും 'ചേര' എന്ന പദം ഇപ്പോഴും നിലനിന്നു കാണുന്നു. 'രാജാക്കന്മാരുടെ രാജാവായ വീരകേരള ചക്രവത്തിയുടെ പിൻഗാമിയായ വിരരാഘവ ചക്രവത്തിയാൽ കൊടുങ്ങല്ലൂർ ഒരു ചെട്ടിക്കു ചില അധികാരങ്ങൾ കൊടുത്തതിനെ ലക്ഷ്യപ്പെടുത്തുന്ന ഒരു താമ്രശാസനത്തിൽ അയാളെ 'ചേരമാൻ ലോകപെരുംചെട്ടി' എന്നു എഴുതിക്കാണുന്നു. ചേരമാൻ പെരുമാൾ കൊടുങ്ങല്ലൂർ ഒരു ജൂതനു 'ചേരമാൻ മാപ്പിള' എന്ന സ്ഥാനപ്പേർ നൽകിയതായും കാണുന്നുണ്ട്.

'ഭൂഗോളപുരാണാന്തൎഗ്ഗത'മെന്നു പറഞ്ഞുവരുന്ന ഗൎഗ്ഗയുധിഷ്ഠിരസംവാദമായ 'കേരളമാഹാത്മ്യം' എന്ന പുരാണത്തിൻെറ പല പാഠഭേദങ്ങൾ ഉള്ളതിൽ ഒന്നിൽ ശ്രീപരശുരാമൻ അമ്പത്തിമൂവ്വായിരം സംവത്സരം കന്ന്യാകുമാരി മുതൽ ഗോകൎണ്ണംവരെയും ധൎമ്മത്തെ രക്ഷിച്ചു കള്ളന്മാരുടെ ഭയവും ദുൎഭിക്ഷവും അസത്ത്യവും വ്യാധിയും കൂടാതെ രാജ്യപരിപാലനം ചെയ്തു' എന്നും, പിന്നെ, പരദേശത്തുനിന്നു പന്തണ്ടു കൊല്ലം കൂടുമ്പോൾ ഓരോ രാജാക്കന്മാരെ കൊണ്ടുവന്നു രാജ്യം രക്ഷിക്കുവാൻ ബ്രാഹ്മണരോടു കല്പിച്ചു എന്നും, അങ്ങനെ ഇരുപത്തൊന്നു രാജാക്കന്മാർ രാജ്യം ഭരിച്ചതിൻെറ ശേഷം, പരശുരാമൻ കേരളത്തിൻെറ ഓരോ ഖണ്ഡങ്ങളിൽ ഓരൊ ക്ഷത്രിയസ്ത്രീകളെ സ്ഥാപിച്ച് അവരെ ബ്രാഹ്മണരെക്കൊണ്ടു വേളികഴിപ്പിച്ച് അവൎക്കുണ്ടാവുന്ന സന്തതികൾക്കായി അവിടം നൽകപ്പെട്ടു എന്നും മററും പറയുന്ന കഥകൾ മുഴുവനും യഥാൎത്ഥമെന്നു സ്വീകരിപ്പാൻ വളരെ പ്രയാസമുണ്ട്. (1)

ബ്രഹ്മാണ്ഡപുരാണത്തിൽ, ഉമാമഹേശ്വരസംവാദമായ

(1) കേരളമാഹാത്മ്യം ദ്വിതീയാദ്ധ്യായം

ധൎമ്മസംഹിതയിൽ; കേരളഭൂഭാഗത്തിൽ; 'മദ്ധ്യാരണ്യക്ഷേത്രമഹിമാനുവൎണ്ണനം' എന്ന ൩൯-ാം അദ്ധ്യായത്തിൽ, മദ്ധ്യാരണ്യക്ഷേത്രത്തിന്റെ (1) മഹിമയെ കേട്ട കേരളരാജാവായ കുംഭോദരവൻ രാജചിഹ്നങ്ങളോടുകൂടി അവിടെ ചെന്നു ബ്രഹ്മകുണ്ഡത്തിലും ശരഗംഗയിലും സ്നാനംചെയ്തു മദ്ധ്യാരണ്യേശ്വരനെയും മററും പൂജിച്ച്, എല്ലാ കൎമ്മങ്ങളെയും വിധിപോലെ ചെയ്തു, പ്രജകളെ എല്ലാം ധൎമ്മത്തോടുകൂടി പരിപാലിച്ചുകൊണ്ടു പതിനായിരം സംവത്സരം സുഖമായി വസിച്ച്, രാജ്യഭാരം പുത്രകലാക്കി, അവടത്തെ സ്നാനം ചെയ്തു ശുദ്ധനായി അഗ്നിയെ പൂജിച്ച് മദ്ധ്യാരണ്യേശ്വരനെ പ്രാപിച്ച് മൂലലിംഗത്തിൽ ലയിച്ചു എന്നു പറയുന്നു. (2) ചരിത്രസംഭവങ്ങളെപ്പററി ചില പുരാണങ്ങളിൽ വിവരിച്ചുകാണുന്നതു ഈ സമ്പ്രദായത്തിലാണെന്നു വരുമ്പൊൾ, അവ വിശ്വാസത്തിന്നു പാത്രമായിത്തിരുവാൻ മാൎഗ്ഗമില്ലെന്നു വരുന്നു. എങ്കിലും, ഹരിവംശപുരാണത്തിൽ, 'കേരള', 'പാണ്ഡ്യ'രാജവംശങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചു പറഞ്ഞുകാണുന്നതിനെക്കൂടി ഇവിടെ ചേൎക്കുന്നു.

> ദുഷ്യന്തസ്യ ചദായാദോ ഗുരുയാമഃ പ്രജേശ്വരഃ
> ഗുരുയാമാദഥാക്രീഡശ്ചത്വാരസ്തസ്യചാത്മജാഃ
> പാണ്ഡ്യശ്ചകേരളശ്ചൈവചോളഃകുല്യസ്തഥൈവച
> തേഷാംജനപദാസ്ഫീതാഃപാണ്ഡ്യാശ്ചോളാസ്സകേരളാഃ(3)

ഉത്തരഇൻഡ്യയിൽ അയോദ്ധ്യാരാജാവായിരുന്ന രഘു അദ്ദേഹത്തിന്റെ ദിഗ്വിജയയാത്രയിൽ ദക്ഷിണഖണ്ഡത്തിലേക്കു വന്ന്, പാണ്ഡ്യകേരളരാജ്യങ്ങളെ ജയിച്ചു കപ്പം വാങ്ങി എന്ന് രഘുവംശം കാവ്യത്തിൽ കാണുന്നുണ്ട്. ചോളരാജ്യത്തിന്റെ പേർ പറയുന്നില്ല.

---

(1) തേനാരി
(2) തേനാരിമാഹാത്മ്യം വ. ൪—൧൩
(3) ൩൨-ാം അദ്ധ്യായം

കിഴക്കിവണ്ണംജയമാൎന്നഭൂപൻ
കുഴക്കമന്യേകടൽവക്കിലൂടെ
തഴച്ചുമാക്കായ്ച്ചകഴഞ്ഞുതിങ്ങും
വഴിക്കുപോയ്ദക്ഷിണദിക്കുനോക്കി. (1) ൪൮
കരക്കരാത്തുഷ്ണകരനുമൊട്ടു
കുറച്ചുമദ്ദക്ഷിണദിക്കിലൂതാൻ
മുറച്ചുകാട്ടുംരഘുവിൻപ്രതാപം
തിരക്കിടുംപാണ്ഡ്യർസഹിച്ചതില്ല. ൪൯
വണങ്ങിവെൺമുത്തുകൾതാമ്രവൎണ്ണി
യണഞ്ഞെഴുംസന്ധുവിലുള്ളതെല്ലാം
കണക്കുകൂടാതവനായ്സ്വകീൎത്തി
കണക്കടൻചെന്നവർകാഴ്ചവെച്ചു. ൫൦
ഭയത്തിനാൽക്കേരളിമാർവിഭൂഷാ-
മയത്തെവിട്ടന്നളകത്തിൽവീരൻ
ജയത്തെനേടുംപടയാളിമാര-
ങ്ങുയൎത്തിയോരാപ്പൊടിചൂൎണ്ണമാക്കി. ൫൧
ഇരന്നരാമന്നവിടംകൊടുത്തു
പരന്നവാരാശി ദിലീപജന്നോ-
കരന്നലത്തോടപരാന്തഭൂപാ-
ലരെന്നനാട്യത്തോടടൻകൊടുത്തു. ൫൨

കവി, കഥാപുരുഷന്റെ പരാക്രമത്തെ ഘോഷിക്കുന്നതിനുവേണ്ടി ഈ വിധം വൎണ്ണിച്ചു എന്നല്ലാതെ, ഇവിടെ യഥാൎത്ഥസംഭവത്തെ രേഖപ്പെടുത്തിയതാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, രഘുമഹാരാജാവിന്റെ പരാക്രമത്തെ വൎണ്ണിക്കുന്നതിൽ കവി ഇങ്ങനെ പറയുന്നു:

കരസ്ഥവൻപോയഥപാരസീക
വരക്കുവല്ലാത്തൊരുതോലിചെപ്പാൻ

---

(1) ൪ാം സൎഗ്ഗം ൪൪ാം ശ്ലോകം. കുണ്ടൂർ നാരായണമേനോന്റെ തൎജ്ജമ.

മുറയ്ക്കുതത്വംവഴിയിന്ദ്രിയാരി
നിരസ്സനേരററൊരുയോഗിപോലെ. ൩൦

ധരാധിനാഥൻയവനീമുഖേന-
ല്പൊരാസവച്ചോപ്പസഹിച്ചതില്ല
വരാംബുജേനല്ലിളവെല്ലുകാലം
വരാതെഴംവാരിദമെന്നപോലെ. ൩൧

ഹയങ്ങളേറുംരിപുസേനയോടു
ഭയംവരുംമാറടലാടിഭൂപൻ
ഉയന്നിടുംധൂളിയിൽനല്ലശാർങ്ഗ-
ചയപ്രണാദാലുടനാളറിഞ്ഞു. ൩൨

ശരത്തിനാൽബ് ഭൂപനറുത്തുമീശ
പെരുത്തെഴംമ്ലേച്ഛശിരസ്സമൂഹം
നിരത്തിതേനീച്ചനിറഞ്ഞകൂട-
പരത്തിടുംമാതിരിപാരിടത്തിൽ. ൩൩

അണഞ്ഞുശേഷിച്ചവർതൊപ്പിയൂരി
ക്ഷണംക്ഷിതീശന്നടികീഴടങ്ങി
ഗുണംകലന്നോരുടെകോപമാറാൻ
വണങ്ങുകെന്യേവഴിയില്ലയല്ലോ. ൩൪

സ്വവിക്രമംകാന്തരിൽനേക്കുകാട്ടി-
ക്കവിൾക്കുളുണാബലമാക്കശേഷം
അവിക്ഷതംചോപ്പണിയിക്കുവോനായ്
ഭവിച്ചിതങ്ങാരഘുചേഷ്ടിതങ്ങൾ. ൩൫

ത്രേതായുഗത്തിൽ, മഹാവിഷ്ണുവിന്റെ അവതാരമായി ജനിച്ച അയോദ്ധ്യാധിപനായ ശ്രീരാമചന്ദ്രന്റെ പൂർവ്വികൻ രഘുചക്രവർത്തി ദിഗ്വിജയം ചെയ്ത കാലത്ത് 'പാരസീകർ', 'യവനർ', 'ഹൂണർ' മുതലായ 'മ്ലേച്ഛവർഗ്ഗം' ഇൻഡ്യയിൽ ഉണ്ടായിരുന്നില്ല. പാർഷ്യാരാജാവായിരുന്ന ഡറയസ്സ് ഹിസ്റ്റാ

സ്പീസ്സ്(1) എന്ന പാരസീകനാണ് ഇൻഡ്യയെ ആദ്യമായി ആക്രമിച്ച്, 'ഇൻഡസ്സ്'നദിയുടെ പടിഞ്ഞാറെക്കരെയുള്ള രാജ്യം പഷ്യയോടു ചേൎത്തത്. പഞ്ചാബിന്റെ ഏതാനും ഭാഗംകൂടി അദ്ദേഹത്തിന്നു കീഴടങ്ങിയതായി വിചാരിക്കാം. ഡറയസ്സിന്റെ കാലം ക്രിസ്തുവിന്നുമുമ്പു ൫൨൧-൪൮൫ വരെ കൊല്ലങ്ങളായിരുന്നു.(2)

'യവനർ' അല്ലെങ്കിൽ 'ഗ്രീക്കകാർ' ഒന്നാമതായി ഇൻഡ്യയിൽ വന്നതു മഹാനായ ഗ്രീക്കരാജാവ് അലക്സാൻഡരുടെ ആക്രമണത്തോടുകൂടിയാണ്. ഇതുണ്ടായതു ക്രി. മു. ൩൨൭-ാമാണ്ടായിരുന്നു.(3)

'ഹൂണന്മാർ' ആവട്ടെ ഇൻഡ്യയെ ആദ്യമായി ആക്രമിച്ചതു പാടലീപുത്രരാജാവായിരുന്ന 'കുമാരഗുപ്തന്റെ' കാലത്താണ്. ഈ രാജാവിന്റെ വാഴ്ചക്കാലം ക്രിസ്ത്വാബ്ദം ൪൧൩ മുതൽ ൪൫൫ വരെ ആയിരുന്നു.(4) കുമാരഗുപ്തന്റെ പിതാവായ പ്രസിദ്ധപ്പെട്ട രണ്ടാമത്തെ ചന്ദ്രഗുപ്തൻ, അല്ലെങ്കിൽ വിക്രമാദിത്യൻ, എന്ന മഹാരാജാവിന്റെ കാലത്താണ് കാളിദാസമഹാകവിയുടെ കവിതാരംഗപ്രവേശം എന്നു പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ വിക്രമാദിത്യമഹാരാജാവു ക്രിസ്ത്വാബ്ദം ൩൯൫-ാമാണ്ടോടുകൂടി ഉജ്ജയിനിരാജ്യത്തെ കീഴടക്കി.(5)

ഏതായാലും കാളിദാസമഹാകവി 'രഘുവംശം' കാവ്യം രചിച്ചകാലത്ത്, 'കേരളം', 'പാണ്ഡ്യം' എന്നീ രാജ്യങ്ങൾ ഒരു വിധം ഐശ്വൎയ്യസ്ഥിതിയിൽ ഇരുന്നിരുന്നു എന്നു വിചാരിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല.

കെ. പി. പത്മനാഭമേനോൻ.

---

(1) Darius, the Son of Hystapes

(2) The Imperial Gazetteer of India. The Indian Empy Vol. 2 pp. 140-272.

(3) Ibid p. 274

(4) Ibid pp. 140—224

(5) Ibid pp. 294—239

# ഇൻഡ്യയിലെ വ്യവസായങ്ങൾ. *

## ദേശാഭിമാനവും കച്ചവടവും.

'വെളുത്ത മുഗളന്മാരുടെ രാജ്യം' എന്നത് ഒരു മനഃസ്സൃഷ്ടിയല്ല. പരമാൎത്ഥത്തിൽ, അത് ഈ ഇരുപതാം നൂറ്റാണ്ടിലുള്ള ഒരു രാജ്യമാകുന്നു. പക്ഷെ, അതിൻെറ മാഹാത്മ്യത്തെയും വൈചിത്ര്യത്തെയും കേവലം ഒരു അപരിചിതന്ന് വൎണ്ണിച്ചു മനസ്സിലാക്കിക്കൊടുപ്പാൻ സാദ്ധ്യമല്ല. ഒരു ഇൻഡ്യാക്കാരന്നുകൂടി, ഇൻഡ്യ മുഴുവനും തൻെറ വീടുള്ള ദേശംപോലെയാണ് എന്നല്ലാതെ, ഇൻഡ്യയെക്കുറിച്ചു വിശേഷവിധിയായി യാതൊരു അറിവുമില്ല. ഇൻഡ്യയെപ്പററി അതിൽ ദക്ഷിണദേശത്തു താമസിക്കുന്ന ഒരുവനോടു ചോദിക്കുക. ഇൻഡ്യയിൽ എന്നും വേനലാണെന്നും, അവിടെ വസ്ത്രങ്ങൾ ധരിക്കുന്നത് കേവലം ലോകരീതിയനുസരിച്ച് ആഹ്ലാദത്തിന്നോ ആഡംബരത്തിന്നോ മാത്രമാണെന്നും അയാൾ പറയും. എന്നാൽ ഈ ചോദ്യം തന്നെ ഹിമവാൻെറ സാനുപ്രദേശങ്ങളെ അധിവസിക്കുന്നവരോടു ചോദിക്കുക. ഇൻഡ്യയിൽ എന്നും മഞ്ഞും തണുപ്പും അധികമുള്ള വൎഷമാണെന്നും, പൊതക്കുവാനുള്ള ചവുക്കാളവും തീക്കായുവാനുള്ള വിറകും, തങ്ങൾ തിന്നുന്ന അപ്പത്തിന്നു മാവെന്നപോലെ, അവശ്യം വേണ്ടുന്ന പദാൎത്ഥങ്ങളാണെന്നും അവർ പറയും. ഇൻഡ്യ എന്നും സമൃദ്ധിയായി മഴ പെയ്യുന്ന ഒരു രാജ്യമാണെന്നും, മഴയുടെ ശക്തിയെ തടുക്കത്തക്ക ഉറപ്പോടെ പുരകൾ മേയേണ്ടത് അത്യാവശ്യമാണെന്നും ആസ്സാമിലെ കൂലിക്കാരൻ പറയും. പശ്ചിമഭാഗങ്ങളിലെ രജപുത്രന്മാരുടെ അഭിപ്രായത്തിൽ, ഇൻഡ്യയിൽ മഴതന്നെയി

* പകൎപ്പവകാശമുള്ളത്.

ല്ല എന്നും, എന്നാൽ അത്യുഷ്ണവും ദൃഷ്ടിപൊടിയും പൊടിയോടുകൂടിയ കൊടുങ്കാററുകളിൽനിന്നു രക്ഷപ്പെടുവാൻ വീടുകൾ മാത്രമേ ശരണമുള്ളു എന്നും ആകുന്നു. ചിലർ ഇൻഡ്യ ഉപ്പു വിളയുന്ന ഒരു ഭൂമിയാണെന്നും, ചിലർ ഇതു കസ്തൂരി എടുക്കുന്ന രാജ്യമാണെന്നും പറയും. ഇൻഡ്യ, പരുത്തിനൂൽ എടുക്കുന്ന രാജ്യമാണെന്നു ചിലരും, അല്ല കമ്പളി ആടുകളുടെ അധിവാസഭൂമിയാണ് ഇത് എന്നു വേറെ ചിലരും പറയും.

പ്രകൃതിവിലാസത്തിലെന്നപോലെതന്നെ, രാജ്യഭരണകാര്യങ്ങളിലും ഇൻഡ്യയിലെ വൈചിത്ര്യങ്ങൾ വിവിധങ്ങളാകുന്നു. ഇൻഡ്യയിൽ മുപ്പതുകോടിയിൽ പരം നാനാജാതിമതസ്ഥന്മാരായ ജനങ്ങളുണ്ട്. ഇതിൽ കുറെ ഭാഗം ജനങ്ങൾ 'വെളുത്ത മുഗൾ' ചക്രവർത്തിയുടെ നേരെ കീഴിലുള്ള പ്രജകളും, ശേഷം പേർ ചക്രവർത്തിയുടെ സാമന്തന്മാരായ അനവധി പ്രഭുക്കന്മാരുടെ പ്രജകളും ആകുന്നു. മഹാരാജാവ്, ശേകപാർ, നൈസാം, നവാബ്, രാജാവ് — എന്നീ നാമധേയങ്ങൾ ധരിച്ച് എത്ര സാമന്തന്മാരാണ് ഇൻഡ്യയിലുള്ളത്!

എന്നാൽ ഇതിലെല്ലാം അഭിമാനജനകമായ വല്ല സംഗതിയുമുണ്ടോ? രാജാക്കന്മാരും പ്രജകളും ഒരു രാജ്യത്തിന്റെ ഐശ്വര്യത്തിന്നുവേണ്ടി പ്രവർത്തിക്കുന്നില്ലെങ്കിൽ, ആ രാജാക്കന്മാരുടെ പ്രതാപത്തേയും, രാജ്യത്തിന്റെ വിസ്തീർണ്ണത്തേയും, ജനബാഹുല്യത്തേയുംകുറിച്ച് ശ്ലാഘിച്ചിട്ടെന്താണ് പ്രയോജനം? ഇൻഡ്യാക്കാർക്ക് വല്ല ഗുണവും സിദ്ധിക്കേണമെങ്കിൽ, അതു തങ്ങളിൽനിന്നുതന്നെ വേണം. ഇൻഡ്യാ വിവിധസാധനങ്ങളുടെ വിളഭൂമിയാകുന്നു. ഇൻഡ്യയിൽ ഉണ്ടാകാത്തതായ നല്ല സാധനങ്ങൾ യാതൊന്നുംതന്നെയില്ല. ഇൻഡ്യയിൽ എല്ലാത്തരം വിളഭൂമികളും എല്ലാ കാലാവസ്ഥകളും ഉണ്ട്. ഇൻഡ്യാ, രണ്ടോ മൂന്നോ കൂട്ടം സാധനങ്ങൾ മാത്രം ഉണ്ടായിട്ട് അവയ്ക്കു പകരമായി കിട്ടാവുന്ന സാമാനങ്ങൾ വിററുനടന്നിരുന്ന ഫിനീഷ്യൻകച്ചവടക്കാരെപ്പോലെയുള്ളവരെ ആശ്രയിച്ചു

നില്ക്കുന്ന ഒരു രാജ്യം അല്ല. പ്രകൃതിവിലാസത്താൽ ലഭിച്ചിട്ടുള്ള സാധനസമൃദ്ധിയും, പണി എടുക്കുന്ന കൂലിക്കാരുടെ കൂലിച്ചുരുക്കവും ആലോചിക്കുന്നതായാൽ,— ഞെക്കിക്കൊല്ലുന്ന എക്സൈസ്സ് നികുതികൾ ഉണ്ടായിരുന്നില്ലെങ്കിൽ ഹാ! എത്ര നന്നായിരുന്നു!— ഇതരരാജ്യമത്സരം ഗൌനിക്കാതെ, ഇൻഡ്യയിൽ നാട്ടുകാൎക്കുവേണ്ടുന്നതായ അത്യാവശ്യങ്ങളും സുഖാനുഭവയോഗ്യങ്ങളുമായ സകല പദാൎത്ഥങ്ങളും ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഇതു കേവലം ഒരു സ്വപ്നമാണെന്നു വിചാരിച്ചുപോകരുത്. പക്ഷെ, ഈ കാൎയ്യസാദ്ധ്യത്തിന്നായി രാജാക്കന്മാരും പ്രജകളും ഒരുപോലെ യത്നിക്കേണം. അല്ലെങ്കിൽ, ഒരു കച്ചവടരാജ്യത്തിന്റെ നിലയിൽ ഇൻഡ്യ വരില്ല. വന്നാൽ നിലനില്ക്കയുമില്ല.

ഇൻഡ്യയുടെ വ്യവസായങ്ങളെയും കച്ചവടത്തെയും വൎദ്ധിപ്പിക്ക എന്നത് സ്വരാജ്യസ്നേഹത്തെക്കാണിക്കാനുള്ള ഒരു വഴിയാകുന്നു. ഇൻഡ്യയിലെ കച്ചവടക്കാൎക്കും ശില്പികൾക്കും ഒരേ സമയംതന്നെ കച്ചവടം നടത്തലും ദേശാഭിമാനം കാണിക്കലും ആകാമെന്നുള്ളതു വളരെ ഉത്സാഹജനകം തന്നെയാണ്. പക്ഷെ, ഇൻഡ്യയിൽ ഇതു വളരെ നൂതനമായ ഒരു അനുഭവമാണ്. എന്തെന്നാൽ, ഈ രാജ്യത്തു പണം ഉണ്ടാക്കുന്ന തൊഴിൽ സാധാരണയായി വളരെ രാജ്യസ്നേഹജനകമായിട്ടുള്ള ഒന്നല്ല. ഉദാഹരണം പറയുന്നതായാൽ, വളരെ മമതിയിലിരിക്കുന്ന രണ്ടു പേർ തമ്മിൽ വഴക്കുണ്ടാക്കി തനിക്കു പണമുണ്ടാക്കാൻ ഒരു കേസ്സ് സമ്പാദിക്കുന്ന ഒരു വക്കീൽ നിശ്ചയമായും സ്വദേശസ്നേഹത്തെ കാണിക്കുന്നില്ല. അല്ലെങ്കിൽ, ഒരു നെൽക്കച്ചവടക്കാരന്റെ കഥ ആലോചിക്കുക. താനും കൂട്ടുകച്ചവടക്കാരും ഒരു വേള വരുത്തിത്തീൎക്കുവാൻ കൂടി ഉത്സാഹിച്ചിട്ടുള്ള ക്ഷാമകാലം വരുമ്പോൾ, തങ്ങൾ അടച്ചു പൂട്ടിയിട്ടുള്ള നെല്ല് വിലയിൽ ഇരട്ടി ലാഭം എടുത്തു ക്ഷാമപീഡിതന്മാരായ സാധുക്കൾക്കു കള്ളത്താപ്പുകളിൽ അളവു കൊടുക്കുന്ന ഒരുത്തൻ ധ

നം സമ്പാദിക്കുന്നതിൽ സ്വദേശസ്നേഹം ലവലേശം കാണിക്കുന്നില്ല. അധികപലിശയും വാങ്ങി, കാലതാമസംകൂടാതെ പണയഭൂമി തങ്ങളുടെ ആക്കാമെന്നുള്ള ദുരുദ്ദേശത്തോടുകൂടി ചില വാചകങ്ങൾ ചേർത്ത് എഴുതിട്ടുള്ള പണയാധാരങ്ങൾ തങ്ങളോട് കടം വാങ്ങീട്ടുള്ള കൃഷിക്കാർക്ക് ഒപ്പിടുവാൻ കൊടുക്കുന്ന ഉണ്ടികക്കച്ചവടക്കാർ ധനസമ്പാദനത്തിൽ എത്രമാത്രം സ്വദേശസ്നേഹം കാണിക്കുന്നുണ്ട്! ഈ തരത്തിൽ പണം ഉണ്ടാക്കുന്നതിൽ നിയമപ്രകാരം യാതൊരു കുറ്റമൊ തെറ്റൊ ഇല്ലെങ്കിലും, ആ മാർഗ്ഗം അശേഷം ഭംഗിയും മര്യാദയും ഇല്ലാത്ത ഒന്നാണെന്നും അതിൽ ലേശമെങ്കിലും സ്വദേശസ്നേഹം ഇല്ലെന്നും പറയാതെ നിവൃത്തിയില്ല. എന്നാൽ തന്റെ രാജ്യം നന്നാകേണമെന്നും തനിക്കു സമ്പാദ്യമുണ്ടാകേണമെന്നുമുള്ള സദുദ്ദേശത്തോടുകൂടി ഒരു വ്യവസായം ഏർപ്പെടുത്തുകയൊ ഏർപ്പെടുത്താൻ ശ്രമിക്കുകയൊ ചെയ്യുന്ന ഒരുത്തൻ മേല്പറഞ്ഞ തരത്തിൽ പെട്ടവനല്ല. ആ വ്യവസായംകൊണ്ടു തനിക്കു പണമുണ്ടാകുന്നതിന്നു പുറമെ, രാജ്യത്തെ ആവശ്യങ്ങൾക്ക് ഒരു നിവൃത്തിയും, തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നവർക്ക് ഒരു ജോലിയും പണിക്കാർക്കു വർദ്ധിച്ച ആദായവും, രാജ്യത്തേക്ക് ഒരു മൂലധനവും ഉണ്ടാക്കിത്തീർക്കുന്നു. ഇങ്ങനെയുള്ള ഒരുത്തന് ഒരു രാജാവിനേക്കാൾ ധനികനാകാവുന്നതിന്നു പുറമെ, തന്റെ തൊഴിൽകൊണ്ടു തനിക്കും രാജ്യത്തേക്കും ഒരുപോലെ ഗുണം സിദ്ധിക്കുന്നുണ്ടെന്ന് അഭിമാനിക്കയും ചെയ്യാം. കള്ളവ്യവഹാരവും ദുർഭിക്ഷവും നിർദ്ധനന്മാരേയും ഉണ്ടാക്കിത്തീർക്കുന്നതും, ഉപയോഗപ്രദമായ സാമാനത്തെ ഉണ്ടാക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. പക്ഷെ, വക്കീലന്മാർക്കും നെല്ലുകച്ചവടക്കാർക്കും ഉണ്ടികക്കാർക്കും അവരവരുടെ തൊഴിലുകളിൽ വളരെ സ്വദേശസ്നേഹമുണ്ടെന്നായിരിക്കാം ബോധം. വക്കീൽജോലി വളരെ മാഹാത്മ്യമുള്ളതും സ്വദേശാഭിമാനജനകമായ ഒന്നുമാകുന്നു. ഒരു അന്യായക്കാരനെ സംബന്ധിച്ചേടത്തോളം അയാ

ളുടെ ജോലി വന്നുകൂടിയ ഒരു ദോഷത്തെ പരിഹരിക്കുകയാകുന്നു. ഒരു പ്രതിയുടെ ജോലി ഒരു അവകാശത്തെ രക്ഷിച്ചു നിലനിൎത്തുകയാകുന്നു. എന്നാൽ ഒരു വക്കീലിനു തന്റെ രാജ്യത്തിനോടുള്ള കടമ അല്ലെങ്കിൽ 'ധൎമ്മം' തന്റെ കക്ഷിയോടുള്ളതിനേക്കാൾ വലിയതാകുന്നു. വക്കീലന്മാർ പൊതുജനങ്ങളുടെ സമ്മതിക്കപ്പെട്ട നേതാക്കന്മാരും, കോടതിക്കു പുറത്ത് അവർ വ്യവസായാദികാൎയ്യങ്ങളിൽ ഉദ്യമിച്ചു രാജ്യത്തേക്കും തങ്ങൾക്കും ഒരുപോലെ ഉപകാരത്തെ ചെയ്യാവുന്ന ആളുകളും ആകുന്നു. ധാന്യക്കച്ചവടക്കാർ ജനസമുദായത്തിൽ ഒഴിച്ചുകൂടാത്ത അംഗങ്ങളാകുന്നു. സ്വാൎത്ഥം കരുതാതെയും, വഞ്ചനയെ അവലംബിക്കാതെയും രാജ്യത്തിന്റെ ക്ഷേമത്തെ മാത്രം കണക്കാക്കി കച്ചവടാഭിവൃദ്ധിയെ തേടുന്ന ധാന്യവ്യാപാരി ഒരു യഥാൎത്ഥ ദേശാഭിമാനിയാണ്. ആളുകളെ മുട്ടുനേരത്തു സഹായിക്കുന്നത് ഉണ്ടികക്കാരനാകുന്നു. അവർ സഹായിക്കുന്ന ധനംകൊണ്ടുമാണ് നാട്ടിൽ പല ഏൎപ്പാടുകളും നടത്തിവരുന്നത്. ന്യായമായ പലിശ വാങ്ങി സാധുജനങ്ങളെ മുട്ടുസമയങ്ങളിൽ സഹായിക്കുന്നതായാൽ, ഉണ്ടികക്കാരനും രാജ്യത്തിന്റെ ക്ഷേമത്തിനു വേണ്ടി പ്രവൎത്തിക്കാം. ഇതിനു പുറമെ, തനിക്കുള്ള അധികദ്രവ്യവും ഉപയോഗപ്രദങ്ങളായ വ്യവസായങ്ങളിൽ വിനിയോഗിക്കുന്നതായാൽ, ഉണ്ടികവ്യാപാരിക്കും ദേശാഭിമാനിയാകാവുന്നതാണ്.

എന്നാൽ വ്യവസായകാൎയ്യങ്ങളിൽ പ്രദൎശിപ്പിക്കുന്ന ദേശഭക്തിയിൽ കപടം ഉണ്ടാകരുത്. പരസ്യപ്പലകയിന്മേലല്ല, തൊഴില്ക്കാരന്റെ ഹൃദയത്തിലാണ് സ്വദേശസ്നേഹം കാണേണ്ടത്. സ്വദേശീയസാധനങ്ങൾ അവയുടെ ആന്തരവൈശിഷ്ട്യത്താൽ തന്നെ ചിലവാകേണം; അല്ലാതെ, ചീത്ത സാധനമാണെങ്കിലും, സ്വദേശസ്നേഹംകൊണ്ടു വാങ്ങേണമെന്നുള്ള നിൎബ്ബന്ധത്തിന്മേലല്ല. ഈ തരത്തിലുള്ള നിൎബ്ബന്ധാപേക്ഷകൾ സാധാരണയായി കണ്ടുവരാറുണ്ട്. തങ്ങളുടെ സാധന

ങ്ങൾ ഇൻഡ്യയിലുണ്ടാക്കീട്ടുള്ളവയാണെന്നു കൊട്ടി ഘോഷി ക്കുന്നതിൽ യാതൊരു തെറ്റുമില്ല. നേരേ മറിച്ച്, കച്ചവടമ ത്സരത്തിൽ അത് അത്യാവശ്യവുമാണ്. എന്നാൽ, ഒരു സ്വ ദേശിവ്യവസായനേതാവ് ഇൻഡ്യയുടേയും തന്റേയും ശ്രേയ സ്സു നോക്കുന്നതായാൽ, ഇത്തരത്തിലുള്ള കൌശലങ്ങൾ കൊ ണ്ടല്ല, സത്യമായും മാനമായുമുള്ള വിധത്തിലാണ് തന്റെ തൊഴിലുകളെ നടത്തേണ്ടത്.

താനുണ്ടാക്കി വില്ക്കുന്നസാമാനങ്ങൾ ദൂഷ്യരഹിതങ്ങളെ ന്നതന്നെയല്ല, യഥാൎത്ഥത്തിൽ മേൽത്തരങ്ങളായിരിപ്പാനാ ണ് ഒരു സ്വദേശവ്യവസായി ശ്രദ്ധ വെയ്ക്കേണ്ടത്; എന്തു കൊണ്ടെന്നാൽ, 'ഇൻഡ്യയിൽ ഉണ്ടാക്കിയത്' എന്നു മു ദ്രിതങ്ങളായ സാധനങ്ങൾ ക്രേതാക്കൾക്കു ഇച്ഛാഭംഗത്തി ന്നിടകൊടുക്കുന്നതായാൽ, തന്റെ പരിശ്രമം ഇൻഡ്യയുടെ അഭിവൃദ്ധിക്കു എതിരായിട്ടേ ഭവിക്കുകയുള്ളു. എങ്ങനെയെന്നാൽ, ഇൻഡ്യയിൽ ഉണ്ടാക്കിയ തീപ്പെട്ടിക്കോലുകൾ ഉരച്ചാൽ ക ത്തില്ലെന്നൊ, പേനക്കത്തികൾകൊണ്ടു വെട്ടിയാൽ മുറിയില്ലെ ന്നൊ, പൂട്ടുകൾ എളുപ്പത്തിൽ തുറക്കാമെന്നോ, ചില്ലികൾ വേ ഗം ഉടഞ്ഞു പോകുമെന്നൊ ഒരു അഭിപ്രായം അനുഭവംകൊ ണ്ടു പൊതുജനങ്ങൾക്കുണ്ടായാൽ, ഈ വക സാധനങ്ങൾ ഉ ണ്ടാക്കുന്നവരുടെ ഗുണത്തിന്നു വേണ്ടി മാത്രം അവർ നഷ്ട പ്പെട്ടു അവയെ വാങ്ങിക്കൊണ്ടിരിക്കുമെന്നു വിചാരിപ്പാൻ പാ ടില്ല. ഒരു തൊഴിൽക്കാരനു താൻ പണി ചെയ്തുണ്ടാക്കിയ സാമാനങ്ങളിൽ നിന്നു നല്ല ലാഭം കിട്ടുന്നുണ്ടെങ്കിലും, പൊതു ജനങ്ങൾ ജീവിച്ചിരിക്കുന്നതു തൊഴിൽക്കാരന്റെ ഗുണത്തിന്ന ല്ലെന്നും, തൊഴിൽക്കാരൻ പൊതുജനങ്ങളുടെ ഉപായോഗത്തി ന്നുള്ളവനാണെന്നുമാണ് ഈയാൾ ഓൎമ്മ വെക്കേണ്ടത്. ഇൻ ഡ്യയിൽ ഏററവും മേൽത്തരം സാമാനങ്ങൾ പലതും ഉണ്ടാ ക്കാൻ കഴിയുമെന്നതിന്നു ധാരാളം തെളിവുണ്ട്. ആ തരം സാ മാനങ്ങൾ ഉണ്ടാക്കുന്നതിന്നാണ് നാം എല്ലാവരും ശ്രമിക്കേണ്ട

ത്. ഒന്നാംതരം സാമാനങ്ങൾ ഉണ്ടാക്കി അന്യ ദേശക്കാരേക്കാൾ താന്ന വിലക്കു വിററു ലാഭമെടുക്കുന്നവനാണ് തൻെറയും ഇൻഡ്യയുടെയും യഥാൎത്ഥ ഗുണകാരൻ. ലാഭം മാത്രം ഇച്ഛിച്ച്, കൊള്ളരുതാത്ത സാധനങ്ങൾ ഉണ്ടാക്കി വില്ക്കുന്നവനാണ് ഇൻഡ്യയുടെ അഭ്യുദയത്തിന്നു ഒരു പ്രതിബന്ധമായി നില്ക്കുന്നവൻ. അങ്ങിനെയുള്ളവൻ. അധികതാമസം കൂടാതെ പൊളിഞ്ഞുപോകും. വ്യവസായകാൎയ്യങ്ങളിൽ ഇൻഡ്യക്കു ഗുണം വരേണമെങ്കിൽ, സാധനവൈശിഷ്ട്യമാണ് സ്വദേശവ്യവസായാഭിമാനികൾ ഒന്നാമതായി കാംക്ഷിക്കേണ്ടത്.

എന്നാൽ, സ്വദേശസ്നേഹം സാധനങ്ങൾ ഉണ്ടാക്കുന്നവരിൽ മാത്രം പോര. അവയെ വാങ്ങുന്നവരിലും അതു അത്യന്താപേക്ഷിതമാകുന്നു. ഇൻഡ്യയുടെ നിർഭാഗ്യവശാൽ, സ്വദേശീയസാമാനങ്ങളിൽ ഒരു വെറുപ്പും, സാധനഗുണം ഗൌനിക്കാതെ വിദേശീയസാധനങ്ങളിൽ ഒരു ഭ്രമവും ഉള്ളവർ അനവധി പേർ നമ്മുടെ ഇടയിലുണ്ട്. സ്വദേശീയവ്യവസായങ്ങളെ നിലനിൎത്തുന്നതും പോഷിപ്പിക്കുന്നതും തങ്ങളുടെ കൎത്തവ്യകൎമ്മങ്ങളിലൊന്നാണെന്നുള്ള വാസ്തവത്തെ ഈ കൂട്ടർ വിസ്മരിച്ച്, തങ്ങളുടെ പരിഷ്കാരത്തിന്നും അന്തസ്സിന്നും നാടൻ പോര, ബിലാത്തി സാധനങ്ങളായാലെ മതിയാവു എന്നു വെച്ച്, ആ വക സാമാനങ്ങൾ വാങ്ങി എത്ര ധനമാണ് ചിലവിടുന്നത്! സ്വദേശസ്നേഹം നിമിത്തം അധികം വില കൊടുത്ത് ഗുണം കുറഞ്ഞ സ്വദേശീയസാമാനങ്ങൾ വാങ്ങി നഷ്ടപ്പെടേണമെന്നല്ല ഈ പറഞ്ഞതിൻെറ സാരം. ആ തരത്തിലുള്ള പ്രവൃത്തി കാലാന്തരത്തിൽ സ്വദേശീയ വ്യവസായങ്ങൾക്കുതന്നെ ഒരു നാശഹേതുവായി ഭവിക്കുന്നതാണ്. പക്ഷെ, ഗുണം കൊണ്ടു ബിലാത്തിസ്സാമാനങ്ങളോടു കിട പിടിക്കാവുന്ന സ്വദേശസ്സാമാനങ്ങൾ കിട്ടുമെങ്കിൽ, ഒടുവിൽ പറഞ്ഞവയെ വാങ്ങുന്നതു ലാഭവും തങ്ങൾക്കും രാജ്യത്തേക്കും ഒരുപോലെ ക്ഷേമകരവും ആയിരിക്കും.

ഇൻഡ്യക്കു നല്ല കാലം വന്നു വ്യവസായങ്ങളിലും കച്ച വടത്തിലും അതു മാറു പരിഷ്കൃതരാജ്യങ്ങളെപ്പോലെ വലി യൊരു നിലയിൽ എത്തുന്നതുവരെ, നാമെല്ലാവരും—സാമാ നങ്ങൾ ഉണ്ടാക്കുന്നവരും അവയെ വാങ്ങേണ്ടവരും—സ്വദേ ശാഭ്യുദയത്തിന്നായി, ഒരുപോലെ ഒത്തൊരുമിച്ചു പ്രവൎത്തിക്കേ ണ്ടതു അത്യാവശ്യമാണ്. കച്ചവടത്തിൽ പ്രദൎശിപ്പിക്കാവുന്ന സ്വദേശഭക്തി ഒരു മഹത്തായ വിഷയമാകുന്നു. കച്ചവടം പോഷിപ്പിക്കുന്നതിന്നായി നാം കഴിയുന്നത്ര ശ്രമിക്കേണം. 'എന്റെ ഭാൎയ്യക്കും കുഞ്ഞുകുട്ടികൾക്കും എന്റെ വയസ്സു കാല ത്തേക്കും വേണ്ടി ചെയ്യുംപോലെ തന്നെ എന്റെ സ്വരാജ്യാഭി വൃദ്ധിക്കു വേണ്ടിയും ഞാൻ ഇന്നു പകൽ മുഴുവനും വേല ചെ യ്തിട്ടുണ്ട്.' എന്നിപ്രകാരം ദിവസംപ്രതി ജോലി എടുത്തു മട ങ്ങിവന്നിരിക്കുമ്പോൾ ആൎക്കു പറയുവാൻ കഴിയുമോ, ആ യോ ഗ്യനാണ് ഭാഗ്യവാൻ.

കെ. ശങ്കരക്കുറുപ്പ്.

---

## ബാലാകലേശം.

---

'വിവാദമല്ലോതെളിവിന്നുകാരണം;
പക്ഷപാതജ്ഞാനമതിന്നുഹേതുവാം.'

കാളിദാസമഹാകവിയുടെ

'പ്രജാനാംവിനയാധാനാ-
ദ്രക്ഷണാദ്ഭരണാദപി
സപിതാ,പിതരസ്താസാം
കേവലംജന്മഹേതവഃ'

(വിനയപ്രദാനം, രക്ഷണം, ഭരണാ ഇവകളാൽ അദ്ദേ ഹമാകുന്നു പ്രജകളുടെ പിതാവ്. അവരുടെ മാതാപിതാക്ക ന്മാരോ? അവരെ ജനിപ്പിച്ചവർ മാത്രം.) എന്നുള്ള സൂക്തിമു

ക്താമണിയെ നല്ലവണ്ണം ഉദ്ദീപിപ്പിക്കുന്ന കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തിത്തിരുനാൾ; കൊച്ചിക്കാൎക്കെന്നല്ല, മലയാളികൾക്കു മിക്കവേക്കും ഒരു മാമാങ്കമായിരുന്നു. ആ മഹോത്സവത്തിൽ രാജഭക്തന്മാരായ പ്രജകളിൽ ധനികന്മാർ ധനംകൊണ്ടും കവികൾ കാവ്യങ്ങൾ കൊണ്ടും മഹാരാജാവിനെ ആദരിച്ചതും സുപ്രസിദ്ധം തന്നെ. തിരുമനസ്സിലെ ജീവചരിത്രം യഥാശക്തി ഒരു കാവ്യരൂപത്തിൽ എഴുതി പ്രസ്തുത സന്ദൎഭത്തിൽ പ്രസിദ്ധപ്പെടുത്തുന്നത് എനിക്കും എൻെറ സമുദായത്തിനും ശ്രേയസ്കരമായിരിക്കുന്നതിന്നു പുറമെ, വിദ്യാദാനവിഷയത്തിൽ തിരുമനസ്സുകൊണ്ടു ജാതിഭേദബാധയാൽ വിഷമദൃഷ്ടി ആയിട്ടില്ലെന്നുള്ളതിൻെറ അനുമാപകവും ആയിരിക്കും എന്നും ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ഒരു സൎക്കാരുദ്യോഗസ്ഥൻെറ നിലയിൽ സൎക്കാരിൻെറയും, സമുദായപ്രതിനിധിയുടെ നിലയിൽ സമുദായത്തിൻെറയും, ആജ്ഞാവശംവദനായി ഷഷ്ടിപൂൎത്തി ഉത്സവത്തിൻെറ നിൎവ്വഹണത്തിൽ ഭാഗഭാക്കായിരുന്ന എനിക്ക് എൻെറ മനോരാജ്യം, ആസന്നോത്സവമാകുന്തോറും, ഗന്ധൎവ്വനഗരംപോലെ പരിണമിക്കുമോ എന്നു തോന്നിത്തുടങ്ങി. ഈ ഘട്ടത്തിൽ എന്നാകുളം രാജകീയമഹാപാഠശാലയിൽ പ്രധാന സംസ്കൃതപണ്ഡിതരും എൻെറ തീൎത്ഥപാദരുമായ കെ. രാമപ്പിഷാരൊടി അവൎകൾ എനിക്ക് ഒരു പരസ്യം കാണിച്ചുതന്നു. പരസ്യം റാവുസാഹിബ് നമ്പെരുമാൾച്ചെട്ടി അവൎകളുടേയും, അതിലെ വിഷയം, വലിയതമ്പുരാൻ തിരുമനസ്സിലെ രാജ്യഭാരം വിഷയമാക്കി മൂന്നങ്കത്തിൽ ഒരു നാടകം എഴുതേണം എന്നും, കൂട്ടത്തിൽ നന്നാകുന്നതിന്നു ൫൦ രൂപ സമ്മാനം കൊടുക്കുമെന്നും, പരിശോധകൻ സി. പി. അച്യുതമേനോൻ അവൎകൾ ആയിരിക്കും എന്നും, നാടകനിൎമ്മാണത്തിൻെറ അവധി ഒരു മാസം എന്നും മററും ആയിരുന്നു. 'ഗുരുവരകരുണാലേശമുണ്ടെന്നുവന്നാ ലൊരുവനുമൊരുകാൎയ്യംസാദ്ധ്യമല്ലാതെയില്ല' എന്നു

കരുതി ഞാൻ പരസ്യത്തിൽ പറയുംപ്രകാരം ഒരു നാടകം എഴുതുവാൻ ആരംഭിച്ചു.

കഥാവിഷയം രാജ്യഭാരമായിരിക്കേണം എന്നും മൂന്നങ്കത്തിൽ വേണം എന്നും വിജ്ഞാപകന്മാർ പരസ്യത്തിൽ നിർബ്ബന്ധിച്ചിരുന്നതുകൊണ്ട്, ഐച്ഛികവസ്തുനിർദ്ദേശത്തിൽ എന്നപോലെ, നാടകലക്ഷണങ്ങൾ മുഴുവൻ സംഘടിപ്പിക്കുന്നതിലും കവിക്കു വേണ്ടുംവണ്ണം സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല എന്നു പ്രത്യേകം പ്രസ്താവിച്ചേ തീരൂ എന്നില്ലല്ലോ. ഒരു ജീവൽഭൂപാലനെയും സേവകന്മാരെയും കഥാപാത്രങ്ങളാക്കി നാടകരചനയെ നിർവ്വഹിച്ചുകൊണ്ടാൽ സംഭവിക്കാവുന്ന അനൌചിത്യശങ്കയാണ്, ബാലാകലേശത്തെ ഏതാണ്ടൊരു കല്പിതകഥാരൂപത്തിൽ അവതരിപ്പിച്ചത്. ബാലാകലേശത്തിന്റെ ഉത്ഭവത്തെപ്പററി ഇപ്പോൾ ഇത്രമാത്രം പറഞ്ഞാൽ മതി എന്നു വിചാരിക്കുന്നു.

കൃത്യാന്തരപരതന്ത്രനായിരുന്ന ഞാൻ മൂന്നു ദിവസംകൊണ്ട്, അതും സൌകര്യംപോലെ, എഴുതിയ നാടകം, തിന്നഅന്നുതന്നെ അച്യുതമേനോൻ അവർകൾക്ക് അയച്ചുകൊടുത്തു. കുറെ ദിവസം കഴിഞ്ഞപ്പോൾ എനിക്ക് അവിടുത്തെ ഒരു എഴുത്തു കിട്ടി. അതിൽ സമ്മാനം എനിക്കു തീർച്ചയാക്കി എന്നും, നാടകത്തിൽ അഭിനയയുക്തങ്ങളായും മററും ചില ഭേദഗതികൾ വരുത്തേണ്ടതിന്നു ഞാൻ തൃശ്ശിവപേരൂരോളം ചെല്ലേണം എന്നും പ്രസ്താവിച്ചിരുന്നു. അതിനെ അനുസരിച്ച് ഞാൻ അവിടെ ചെല്ലുകയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം നാടകത്തിൽ അല്പം ചില ഭേദഗതികൾ വരുത്തി മടങ്ങുകയും ചെയ്തു. അതിൽ പിന്നെ, ഏറെ താമസിച്ചില്ല, ചെട്ടിയാർ അവർകൾ പുസ്തകം അച്ചടിച്ചു അച്ചടിപ്പിഴകൾ തീർപ്പാൻ കടലാസ്സുകൾ അയച്ചുതുടങ്ങി. ഇവയെ തിരുത്തിയതിൽ സാധുസമുദായങ്ങളുടെ ഗുണകാംക്ഷിയും നല്ലൊരു ഭാഷാഭിമാനിയും ആയ ടി. കെ. കൃഷ്ണ. നാൻ അവർകളുടെ അനുകമ്പ

യോടുകൂടിയ സഹായവുംകൂടി ഉണ്ടായിരുന്നു എന്നുള്ളതും ഇവിടെ ഓൎമ്മ വെക്കേണ്ടത് ആവശ്യമായിരിക്കുന്നു. അപ്രകാരം അച്ചടിപ്പിക്കപ്പെട്ട ഈ നാടകം, എറണാകുളത്തു ചിലർ അഭ്യസിക്കുകയും ഷഷ്ടിപൂൎത്തി ഉത്സവകാലത്തു 'ശ്രീരാമവൎമ്മ ടൌൺഹാളിന്' ശിലാസ്ഥാപനം ചെയ്തിട്ടുള്ള ഒരു കമനീയമായ പന്തലിൽ വെച്ചു ബഹുമാനപ്പെട്ട കൊച്ചി ഗവൎമ്മേണ്ടിന്റെ പ്രത്യേക അനുവാദത്തിൽ അഭിനയിക്കുകയും ഉണ്ടായി. പ്രമാണികളായ പല ഉദ്യോഗസ്ഥന്മാരും പ്രസിദ്ധന്മാരായ വക്കീലന്മാരും ഗണനീയന്മാരായ പൌരന്മാരും അന്നത്തെ സഭ്യന്മാരായിരുന്നു. നാടകാവസാനത്തിൽ, അച്യുതമേനോൻ അവർകൾ, ബാലാകലേശത്തെക്കുറിച്ച് അഭിനന്ദിച്ചു ചെറുതായ ഒരു പ്രസംഗം ചെയ്ത്, ആ മഹാസഭയിൽവെച്ചു തന്നെ എനിക്കു സമ്മാനം തരികയും ചെയ്തു.

ദോഷജ്ഞോത്തമനായ ഒരു നോട്ടക്കാരൻ വില മതിച്ചുവിട്ട ഈ നാടകം, ലോകത്തിൽ എന്നപോലെ ഭാഷാലോകത്തിലും തമ്പുരാക്കന്മാരായ കോയിൽത്തമ്പുരാക്കന്മാൎക്കും കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും അയച്ചുകൊടുത്തു. അവരുടെ സമ്മതപത്രങ്ങളോടും കൃഷ്ണമേനോൻ അവർകളുടെ മുഖവുരയോടുംകൂടി പ്രസിദ്ധീകരിക്കയും ഉണ്ടായി. തമ്പുരാക്കന്മാരുടെ അഭിപ്രായങ്ങളിൽ ഏതാനും വരികളെങ്കിലും ഇവിടെ പകൎത്തുന്നതു പ്രകൃതത്തിന് അനുകൂലമായിരിയ്ക്കുമല്ലൊ.

ഏ. കേരളവൎമ്മ വലിയ കോയിൽത്തമ്പുരാൻ തിരുമനസ്സുകൊണ്ട്: 'വിദ്വാൻ' കെ. പി. കറുപ്പന്......... 'ബാലാകലേശം' ആദ്യന്തം ഞാൻ ഒന്നിലധികം പ്രാവശ്യം വായിച്ചുനോക്കിയതിൽ ഏററവും ഹൃദയംഗമമായി തോന്നി. ഇതിലെ ലോകോത്തരഗുണോത്തരനായ നായകന്റെ മാഹാത്മ്യത്തെ നാടകരൂപത്തിൽ ഇതിലധികം ഭംഗിയായി വൎണ്ണിക്കുവാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ല............ അത്ഭുതചമൽക്കാരവും എന്നെ എത്രമാത്രം വിസ്മയിപ്പിച്ചു എന്നുള്ളതിന് അവ

സ്ഥാനമില്ല. സരസ്വതീദേവിയുടെ കരുണാതിശയം ഈ നാടകത്തിൽ പൂർണ്ണമായി പ്രതിബിംബിച്ചുകാണുന്നുണ്ട്............ നിങ്ങളുടെ കവിതാവാസന എന്നെ അത്ഭുതാനന്ദപരവശനാക്കിത്തീർത്തിരിക്കുന്നു. നിങ്ങൾക്ക്..... ഈ വിധത്തിൽ ഗുണപുഷ്കലങ്ങളായ അനേകം പദ്യഗ്രന്ഥങ്ങൾ എഴുതി ലോകോപകാരം ചെയ്യാൻ ജഗന്നിയന്താവ് സംഗതി വരുത്തട്ടെ.'

൮. ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്:

'മാലിന്യംവിട്ടുനാനാവിധനവനവഷാൾ
ഗുണ്യമോടാത്തരാഷ്ട്രം
പാലിച്ചുംകൊണ്ടുവാഴുംകലയുടെപതിതൻ
ചിത്രമാകും ചരിത്രം
പാലിൽപഞ്ചാരചേരുംവിധമഴകൊടുചേൎന്നു
ള്ളനാലാകലേശം
ശീലിപ്പാനിപ്പൊൾനന്നീയവനിയിലമരു
ന്നോൎക്കശേഷംവിശേഷം.'

൯. ഏ. ആർ രാജരാജവൎമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട്:

'നാടകം മുഴുവനും സാവധാനമായി വായിച്ചുനോക്കി... ........................സമയസൌകൎയ്യംപോലും വേണ്ടിടത്തോളം ഉണ്ടാകാതെയും, അടിസ്ഥാനമായി ഒരിതിവൃത്തമില്ലാതെയും ഇത്രത്തോളം നന്നായൊരു നാടകം നിൎമ്മിച്ചു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു........................................ ...........ചൂൎണ്ണികകളിൽ പലതും സംഭാഷണരീതിയോടു കുറെക്കൂടി യോജിപ്പിച്ചാൽ അധികം നന്നായിരിക്കുമെന്നൊരു പക്ഷമുണ്ടായേക്കാമെന്നല്ലാതെ, മറെറാരു ന്യൂനതയും ഞാൻ ഇതിൽ കാണുന്നില്ല......... ഗ്രന്ഥകൎത്താവിന്റെ പരിശ്രമത്തെ ഞാൻ പ്രത്യേകിച്ചും അഭിനന്ദിക്കുന്നു.' *

* അടിയിൽ വരകൾ ഞാൻ ഇട്ടിരിക്കുന്നവയാകുന്നു.

ഇതിന്നും പുറമെ, മലയാളമനോരമ, ഈശ്വരപിള്ള അവർകളുടെ താരക മുതലായി പ്രസിദ്ധിയും പ്രചാരവും ഉള്ള പലേ പത്രങ്ങളും ഇതിനെപ്പററി നന്നായി അഭിപ്രായപ്പെട്ടിരിക്കുന്നു വിസ്താരഭയംകൊണ്ടു തല്ക്കാലം പത്രങ്ങളുടെ അഭിപ്രായങ്ങൾ ഇവിടെ പകൎത്തുന്നില്ല.

ഇതേവരെ വ്യാഴദശയിൽ വളൎന്നുവന്ന ഈ പുസ്തകശിശുവിന്, ഏകദേശം ഈ കാലത്ത്, ഒരു ശനിദശ തുടങ്ങി. സൂൎയ്യാചന്ദ്രമസ്സുകൾക്കുംകൂടി ഗ്രഹണബാധയുണ്ടാകുന്ന സ്ഥിതിക്ക്, എന്റെ കൃതിക്കു ശനിപ്പിഴ വന്നുപോയതിൽ അത്ഭുതപ്പെടുന്നില്ല. ഗ്രഹപ്പിഴയുടെ തുടക്കത്തിലായിരിക്കേണം പുസ്തകശിശു സാഹിത്യസമാജത്തിന്റെ അനുവാദം കൂടാതെ, എങ്കിലും തക്കസമാധാനത്തോടുകൂടി, അതിന്റെപേർ തലക്കെട്ടിൽ ധരിച്ചുംകൊണ്ടു നടന്നത്. കാലക്കേടാണെന്നു കണ്ടാൽ,

"ഹേ'രാമകൃഷ്ണ'വിബുധസ്തുതനാ'മനന്ത
നാരായണ'കനിയുകീശ്വര'കേശവാ'നീ
നേരാം നിനക്കുവഴിവാടൊരുപാട്ടദോഷം
തീരാൻയശോദയുടെ'കുഞ്ഞ'കനിഞ്ഞിടേണം."

എന്നോ മറേറാ ആപന്നിവാരണസ്തോത്രങ്ങൾ ചൊല്ലുവാനും കുട്ടിക്ക് അറിവില്ലല്ലൊ. ഇക്കൂട്ടത്തിൽ ഈശ്വരനെ വിളിച്ചു കരഞ്ഞിട്ടു കാൎയ്യമില്ല. ഈശ്വരൻ കൃതകൃത്യനാണ്. ഈ പുസ്തകശിശുവിനു സാഹിത്യസമാജനാമധാരണത്തിനു മുമ്പ് ഈശ്വരകടാക്ഷം വേണ്ടപോലെ ഉണ്ടായിട്ടുമുണ്ട്.

ബാലാകലേശത്തിൽ സമാജനാമധേയം ഒരു തെററവിൽ വന്നുപോയതല്ലാതെ, അതിൽ ആരുംതന്നെ ഒന്നും കല്പിച്ചുകൂട്ടി ചെയ്യിട്ടില്ല. അതിനാവശ്യവുമില്ല. കാരണം, സാഹിത്യസമാജത്തിന്റെ മുദ്രയോടുകൂടി നടന്നാലും ഇതിനു സ്വതസ്സിദ്ധങ്ങളായ ഗുണദോഷങ്ങൾക്കു കൂടുതൽകുറവു വരുമെന്നു തോന്നുന്നില്ല. പിന്നെ, അതുകൊണ്ടു വല്ല അഭിമാനവും ഉണ്ടെങ്കിൽ, അതിൽ സമാജവും ഒരു ഭാഗഭാക്കാകുമെന്നാണ്

എൻെറ താഴ്മയായ അഭിപ്രായം. എങ്കിലും, ഈ കാൎയ്യത്തിൽ ബാലാകലേശത്തോടു എനിക്കും അല്പം നീരസമുണ്ട്. പുത്രൻ ചെയ്ത കുററത്തിന് അച്ഛനെയും പഴിപറയുമല്ലൊ എന്നുള്ളതാണ് രഹസ്യബീജം. 'ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽവെക്കിലും കണ്ണിന്നു'- തൃക്കണ്ണിന്നു എന്നു പറയട്ടെ- കൌതുകത്തെ വഹിച്ചിരുന്ന പിതാവ് — തമിഴിൽ 'അപ്പാ'- ഈ ലോകത്തിലെ ചില വിബുധാഭിമാനികളുടെ,

ലാളനാൽ ബഹവോ ദോഷാ
സ്താഡനാൽ ബഹവോ ഗുണാഃ
തസ്മാൽ പുത്രഞ്ച ശിഷ്യഞ്ച
താഡയേന്നതു ലാളയേൽ.'

എന്നുള്ള പ്രമാണത്തെ അനുസരിക്കേണ്ടി വന്നുപോയി.

ബാലാകലേശത്തിൽ സമാജനാമധേയം വന്നുപോയതിൻെറയും തന്മൂലം ഒരു ദോഷനിരൂപണം ഉണ്ടായതിൻെറയും രഹസ്യങ്ങൾ തൽക്കാലം രഹസ്യങ്ങളായിത്തന്നെ ഇരിക്കട്ടെ.

കവിസാൎവ്വഭൌമന്മാരായ തമ്പുരാക്കന്മാരുടേയും സാഹിത്യരസികന്മാരായ മേനോന്മാരുടേയും, അനുഗ്രഹമാകുന്ന കാററിൽ കൂടി സാഹിത്യനഭോമണ്ഡലത്തിലേക്കു ഉയൎന്നിരുന്ന എൻെറ പുസ്തകപട്ടത്തിൻെറ കെട്ടിനേയും മട്ടിനേയും കുറിച്ചു കാണികൾക്കു അഭിപ്രായം പറയാമെന്നല്ലാതെ, അതിൻെറ നേരെ കല്ലെറിയുവാൻ ഒരു പിള്ളക്കുപോലും ആവശ്യമുണ്ടായിരുന്നില്ല. ലോകം ഭിന്നരുചിയായിരിക്കുന്ന സ്ഥിതിക്കു അഭിപ്രായങ്ങളും ഭിന്നങ്ങളാകട്ടെ; മലയാളികൾ പ്രകൃതപുസ്തകത്തെ തള്ളട്ടെ, അല്ലെങ്കിൽ കൊള്ളട്ടെ; അതിൽ ഒന്നും എനിക്കു കുട്ടവും കലുക്കവുമില്ല. എന്നാൽ, എൻെറ ഉദ്ദേശത്തിനു വിപരീതമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ചില ലേഖനങ്ങളെപ്പററി എനിക്കു ഒന്നുരണ്ടു വാക്കു പറയാതെ നിവൃത്തിയില്ല. ബാലാകലേശത്തിൻെറ വിഷയപ്രയോജനസംബന്ധാധികാരികളെ ഈ

നിവേദനത്തിന്റെ അവസാനം എഴുതാമെന്നു കരുതി തൽക്കാലം നിരൂപണങ്ങളെപ്പററി പ്രസ്താവിക്കട്ടെ.

ദോഷനിരൂപണങ്ങളിൽ മുഴുപ്പും തഴപ്പും ഉള്ളതു കെ. രാമകൃഷ്ണപിള്ള അവർകൾ മംഗളോദയത്തിന്റെ ഇക്കഴിഞ്ഞ മീനം ലക്കത്തിൽ എഴുതിയിരിക്കുന്ന 'ബാലാകലേശം' എന്ന ലേഖനത്തിന്നാണ്. ആ ലേഖനം പുറത്തായപ്പോൾ, അതിനെപ്പററി വല്ലതും രണ്ടു വാക്കു പറയുവാൻ ബാധ്യതപ്പെട്ടവർ ഉണ്ടായിരുന്നു. അവരോ, മൌനാവലംബികളായിരുന്നതേയുള്ളു. തൂഷ്ണീംഭാവം കൊണ്ട് അവരുടെ യോഗ്യതകൾക്കു ഹാനി വന്നിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. 'നമൌനേനന്യൂനോ ഭവതിഗുണഭാജാംഗുണഗണഃ', (ഗുണവാന്മാരുടെ ഗുണങ്ങൾ മൌനംകൊണ്ടു കുറഞ്ഞുപോകുന്നില്ല) എന്നുണ്ടല്ലൊ. എനിക്കോ, ഈ ഘട്ടത്തിലും രാമകൃഷ്ണപിള്ള അവർകളെ എതിക്കുവാൻ തക്കതായ കാരണം നേരിട്ടിട്ടില്ല. അദ്ദേഹം സാഹിത്യസമാജത്തിന്റെ നവീനസൃഷ്ടിയായ മറെറാരു സമാജത്തിന്റെ * താൽക്കാലികസാമാജികൻ എന്ന നിലയിൽ ബാലാകലേശത്തെ നിരൂപണം ചെയ്കയും സ്വന്തനിലയിൽ നിരൂപണത്തെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്നല്ലാതെ മറെറാന്നും വിചാരിച്ചുകൂട. പക്ഷെ, ഉറപ്പും ചൊറുക്കും ഉള്ള ആ നിരൂപകന്റെ വിധി അറങ്ങ്സിബ്ബ് ചക്രവൎത്തിയുടെ വിധിയെക്കൂടി അതിശയിച്ചിട്ടുണ്ടെന്ന് ആ ലേഖനം വായിച്ചവൎക്കൊക്കെ മനസ്സിലായിരിക്കേണം. പ്രകൃത്യാ വാചാലന്മാരായവൎക്കു കല്പകവൃക്ഷത്തെ കുറുകപ്പുല്ലും കാമധേനുവിനെ കഴുതയും ആക്കിപ്പറയുവാൻ കഴിയുമല്ലൊ. പിള്ള അവർകൾക്കും വാഗ്ജാലംകൊണ്ടു സാധിക്കാത്തതൊന്നും ഇല്ലെന്നു ഞാൻ സമ്മതിക്കുന്നു. അത്രയും മഹത്തരനായ അദ്ദേഹം സാധുവായ എന്റെ

* ഈശ്വരപിള്ള അവർകൾ, കുഞ്ഞന്മേനോൻ അവർകൾ, അനന്തനാരായണശാസ്ത്രി അവർകൾ, കേശവൻനായർ അവർകൾ ശേഷം സാമാജികന്മാരായിരുന്നു.

പുസ്തകത്തിന് അതിരു കടന്നിട്ടുള്ള ഒരു നിരൂപണം ചെയ്തതിൽ ഞാൻ അത്ഭുതപ്പെടുന്നു. അല്ലെങ്കിൽ എന്തിന്? നിരൂപണം വായിച്ചുവരുന്തോറും അദ്ദേഹത്തിന് എന്തോ വലിയ സിദ്ധാന്തം ഉള്ളതുപോലെ തോന്നിപ്പോകുന്നു. പിള്ള അവർകളുടെ സ്വന്തം അഭിപ്രായങ്ങൾ തുടങ്ങുന്നത് ആറു ചോദ്യങ്ങളോടുകൂടിയാണ്. ഒന്നാമത്തെ ചോദ്യം 'ഈ കൃതിക്കു നാടകം എന്ന അഭിധാനം ലഭിപ്പാൻ അർഹതയുണ്ടോ?' എന്നാണ്. ഈ ചോദ്യത്തെ മറ്റൊരിടത്തുംകൂടി ആവർത്തിച്ച് സംസ്കൃതനാടകശാസ്ത്രപ്രകാരം ബാലാകലേശത്തെ നാടകമായി ഗണിപ്പാൻ പാടുള്ളതല്ലെന്നു വിധിക്കുന്നു. വിധിയിൽ 'നാടകലക്ഷണസംബന്ധമായ ചില സംഗതിക'ളെ അദ്ദേഹം ആലോചിക്കുന്നു. ഈ ആലോചനയുടെ ഫലമായിട്ട്, 'ബാലാകലേശം രസാശ്രയമായ ഒരു ദൃശ്യകാവ്യംതന്നെയോ, ഇതിനു വസ്തു ഉണ്ടോ, ബീജ, ബിന്ദു, പതാകാ, പ്രകരീകാര്യങ്ങൾ ഒത്തിട്ടുണ്ടോ?' എന്നുതുടങ്ങി നാടകലക്ഷണസംജ്ഞാത്ഥകങ്ങളായ ചില ചോദ്യങ്ങളെക്കൊണ്ട് മംഗളോദയത്തിൻെറ ഒരു ഭാഗം നിറച്ചതിനുശേഷം, കുറച്ചുനിന്നു ദീർഘശ്വാസം വിട്ട് ആശ്വസിക്കുന്നപോലെ തോന്നുന്നു. നാടകപ്രമാണങ്ങളിൽ നോക്കി, ലക്ഷണങ്ങളെ പകൎത്തുകയാണെങ്കിൽ, അതുകൊണ്ടുതന്നെ വലിയൊരു പുസ്തകം ഉണ്ടാക്കാം എന്നു ധരിച്ചിട്ടില്ലാത്ത സാധുജനങ്ങൾ ആ ഘട്ടം നോക്കി അത്ഭുതപ്പെടട്ടെ. ഇൻഡ്യയിലെ കവി സാൎവ്വഭൌമനായ സാക്ഷാൽ കാളിദാസരുടെ പ്രധാനകൃതിയായ ശാകുന്തളത്തെ നേരേവെച്ചുകൊണ്ട് അതിനു നാടകലക്ഷണം മുഴുവനും ഇല്ലെന്നു പറയാം. അതിൽ നാടകലക്ഷണം മുഴുവനും ഉണ്ടെന്നുപറയുവാൻ ആരെക്കൊണ്ടും സാധിക്കുന്നതും അല്ല. ആ സ്ഥിതിക്കു ബാലാകലേശത്തിൻെറ വൈലക്ഷണ്യത്തെപ്പററി ഇത്രയൊക്കെ ഘോഷിച്ചത് ലേഖകൻെറ അവസ്ഥയ്ക്കു മതിയായില്ല.

രാജ്യഭാരം വിഷയീകരിച്ചു മൂന്നങ്കത്തിൽ, സൌകൎയ്യം പോലെ രണ്ടുമൂന്നു ദിവസംകൊണ്ടു, എഴുതിയിരിക്കുന്ന ബാലാ

കലേശത്തിൽ നാടകലക്ഷണങ്ങൾ പലതും ഇല്ലെന്നു ഞാൻ ഒരു പ്രസംഗപീഠത്തിലൊ മൈതാനത്തിലൊ മലമുകളിലൊ കയറിനിന്നു രണ്ടു കയ്യും പൊക്കി പരസ്യമായി സമ്മതിക്കാം. സകല നാടകലക്ഷണസങ്കലിതമായ ഒരു മലയാളനാടകത്തെ യഥാവസരം വല്ല മൂലയിൽ ഇരുന്നെങ്കിലും വല്ലവക്കും നിർദ്ദേശിച്ചുതരാമോ?

കെ. പി. കറുപ്പൻ.

—***—

## തപതീസംവരണം

——

* * * * * *

[വർണ്ണിക്കത്തക്കമാഹോദയപുരമടവാർ
കൊങ്കമേലുമ്മിതട്ടി
ച്ചൂർണ്ണിക്കംചൂർണ്ണിയാറുണ്ടരികിലനുജയാം
താമ്രപർണ്ണിക്കതത്രേ ൬൭
മേലായങ്ങാറുകേറിച്ചിതമൊടയിവടക്കേ
ക്കരെപ്പുക്കുകാണു
കാലാൾതേരാനയശ്വപ്പടകൾവിലസി
രാജിക്കമാരാജധാനി
ചേലായ്തൻനാട്ടുകാരെപ്പദവിയൊടു
ഭരിക്കുന്നരാജാക്കളൊസ്സ്യ
ത്താലാസ്ഥാനത്തുവാഴുംനൃപമണിയെമഹാ
രാജനെന്നോതിടുന്നു. ൬൮

ശുകസന്ദേശത്തിലെ മാഹോദയപുരം, തപതീസംവരണത്തിലെ മഹോദയപുരം, താമ്രശാസനങ്ങളിലെ മകോതേവർ, അതായത്തു മഹാദേവർ, പട്ടണം ഇവ;യെല്ലാം തിരുവഞ്ചിക്കുളത്തെ ഉദ്ദേശിച്ചാകുന്നു. ലക്ഷ്മിദാസൻെറ കാലത്തു അവിടെ പെരുമാക്കന്മാരുടെ വാഴ്ചക്കാലവുമായിരുന്നു എന്നും കാണുന്നു

തപതീസംവരണം ഉണ്ടാക്കിയ കവി 'ആശ്ചൎയ്യമഞ്ജരിയുടെ കൎത്താവും 'മഹോദയപുരപരമേശ്വരരാജാധിരാജനുമായ ആ ശ്രീമൽകുലശേഖരവൎമ്മാവാ'ണെന്നു നാന്ദിയിൽ പറയുന്നുണ്ട്. തമിഴിലും സംസ്കൃതത്തിലും ഒരുപോലെ പാണ്ഡിത്യം സിദ്ധിച്ചാളും ഒരു വലിയ വൈഷ്ണവഭക്തനും ആയ പാണ്ഡ്യകുലശേഖരപ്പെരുമാൾ ചേരരാജ്യത്തെ ഭരിച്ചിരുന്നു. അതിനു സംശയമില്ല. തിരുവാമൊഴി, മുകുന്ദമാല എന്നിവ രണ്ടും അദ്ദേഹത്തിന്റെ കൃതികളാകുന്നു. എന്നാൽ തപതീസംവരണം, സുഭദ്രാധനഞ്ജയം, വിച്ഛിന്നാഭിഷേകം, ഇവ മൂന്നും ഒടുക്കത്തെ ചേരമാൻ പെരുമാളായിരുന്ന ഭാസ്കരരവിവൎമ്മപ്പെരുമാൾ ഉണ്ടാക്കിയവയാണെന്നു ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. കവി, കാലം ഇവയെ നിൎണ്ണയിക്കുന്നതിനു കയ്യിൽ കരുക്കളുള്ളവർ അവയെ പുറത്തെടുത്താൽ കൊള്ളാം. പ.]

---

## തപതീസംവരണം.

### (ഭാഷാനാടകം)

---

### ഒന്നാമങ്കം

---

### നാന്ദി.

ശ്രീമൽക്കൌസ്തുഭ ാതാ.മിന്ദുശകലാ,പീയൂഷ,മെന്നുള്ളത-
ന്നോമൽസോദരർമൂന്നു⁼മാഷ്ഠു,നിടില,സ്സ്വൎഗാം,പദേശങ്ങളായ്
പൂമൈതന്നൊടണഞ്ഞ,ധോക്ഷജനരികെ ണ്ടപ്പിച്ചപോൽ,വേളി
സാമോദംനിലയാന്നലക്ഷ്മിയരുളുംനിങ്ങൾക്കഭീഷ്ടങ്ങളെ. (യിൽ

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ—(വിചാരിച്ചിട്ട്) ഇപ്പോൾ അധികമൊന്നും വിസ്തരിച്ചിട്ടാവശ്യമില്ല. ഞാൻ ഈ ശ്രേയസ്സുനിമിത്തമുണ്ടായ സന്തോഷഭാരത്തിന്റെ ഒരു ഭാഗം എന്റെ പ്രിയയിൽ സമൎപ്പിക്കുന്നുണ്ട്.

(ചുററിനടന്ന് അണിയറയ്ക്കു നേരെനോക്കീട്ട്)

ആര്യേ! ഇങ്ങോട്ടു വരികതന്നെ.

നടി—(പ്രവേശിച്ചിട്ട്) ആര്യ്യ! ഇതാ ഞാൻ വന്നിരിക്കുന്നു.

സൂത്രധാ—ആര്യ്യേ! ഇപ്പോൾ ആദിരാജകഥകൊണ്ട് അതി വിശിഷ്ടവും അപൂർവ്വവുമായ 'തപതീസംവരണ'മെന്ന നാടകത്തെ അഭിനയിച്ചിട്ട്, അതിലെ നവരസാമൃതങ്ങളെ ഞങ്ങളെ ആസ്വദിപ്പിക്കേണമെന്നു സാമാജികന്മാർ എന്നോടാജ്ഞാപിച്ചിരിയ്ക്കുന്നു.

നടി—ആര്യ്യ! സാമാജികന്മാർക്ക് ഇത്രമാത്രം കൌതുകത്തിന് ഇടയാക്കിയ ഈ നാടകത്തിന്റെ കർത്താവ് ശൂദ്രകൻ, കാളിദാസൻ, ഹർഷൻ, ദണ്ഡി മുതലായ മഹാ കവികളിൽവെച്ചാരായിരിക്കും?

സൂത്രധാ—ആര്യ്യേ! ഇപ്രകാരം പറയരുത്. പരമഹംസന്മാരുടെ പാദപത്മരജസ്സുകൊണ്ടു പരിശുദ്ധമായ മകുടതടത്തോടും ബ്രാഹ്മണോത്തമന്മാരുടെ ദാരിദ്ര്യാന്ധകാരത്തിന് ആദിത്യരൂപമായ കരപല്ലവത്തോടുംകൂടിയ ഏതു മഹാത്മാവിന്റെ മുഖാരവിന്ദത്തിൽനിന്നാണ് 'ആശ്ചര്യ്യമഞ്ജരി'യെന്ന മധുരസം പ്രവഹിച്ചത്? അത്രയുമല്ല,

ഭംഗ്യാപൊങ്ങിയനാസ, ചീവരഗളം, കുന്നിക്കുമംസങ്ങളിൽ
തങ്ങീടുംമണികുണ്ഡലങ്ങൾവിലസുംകർണ്ണങ്ങൾ, മുട്ടോളവും
തൂങ്ങീടുന്നകരങ്ങൾ, തങ്കനിറ, മങ്ങായാമ, മീമട്ടിലായ്
മങ്ങാതാരുടെരൂപമിന്നുജനതയ്ക്കേകുന്നുസന്തുഷ്ടിയെ? ൨

കേരളകുലചൂഡാമണിയും മഹോദയപുരവരമേശ്വരനും രാജാധിരാജനുമായ ആ ശ്രീമൽകുലശേഖരവർമ്മാവിന്റെ കൃതിയാണ് ഇവിടെ അഭിനയിക്കേണ്ടത്.

നടി—ആര്യ്യ! സന്താനരഹിതനായ ഭവാന് സന്താനസിദ്ധിക്കായി നടത്തുന്ന ഈ പുനർവ്വിവാഹം നിമിത്തമുണ്ടായ സന്തോഷം സാമാജികന്മാരുടെ ഈ ശാസനംകൊണ്ടു ദ്വിഗുണീഭവിച്ചിരിക്കുന്നു.

സൂത്രധാ—ആൎയ്യേ! എന്നാൽ ഭവതി ഗാനംചെയ്താലും.

നടി—(ഖേദാഭിനയത്തോടുകൂടെ) ആൎയ്യ! ഇതുവരെയും സന്താനമുണ്ടാകുമെന്നുള്ള ദുരാശ നിമിത്തം ഓരോരോ വ്രതങ്ങൾ നോറ്റു ക്ഷീണിച്ചിരിക്കുന്ന ഞാൻ പാടുന്നതിനും മററും ശക്തയല്ല.

സൂത്രധാരൻ—(അണിയറയ്ക്കുനേരേ നോക്കീട്ട്) ഇതാ എന്റെ പ്രിയശിഷ്യനായ ശിവദാസൻ വിദൂഷകവേഷം ധരിച്ചുകൊണ്ട് ഇങ്ങോട്ടുതന്നെ വരുന്നു. ഭവതിയും വളരെ ക്ഷീണിച്ചിരിക്കുന്നു. എനിക്കും ശിഷ്യഗുണങ്ങളിൽ പകൎന്നിരിക്കുന്ന എന്റെ പ്രയോഗപ്രതിബിംബത്തെക്കാണുന്നതിൽ വളരെ കൌതുകമുണ്ട്. അതിനാൽ നാട്യദൎശനംകൊണ്ടു നമ്മൾ മനസ്സിനെ വിനോദിപ്പിക്കാം. അത്രയുമല്ല,

സന്താനസിദ്ധികരമാംനിയമത്തിൽനിന്നു
സന്തപ്തയാംഭവതിയെക്കരകേററിഞാനും
സമ്രാട്ടുസംവരണനീനിജരാജ്ഞിയായ
താമ്രാധരീമണിയെയെന്നകണക്കിദാനീം. ൩

(എന്നു രണ്ടുപേരും പോയി.)

(ഇപ്രകാരം പ്രസ്താവന സമാപ്തം.)

---

(അനന്തരം ശരീരപാരവശ്യത്തോടുകൂടെ വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ—(അംഗങ്ങളിൽ തഴുകി ശ്ശൂൽ—ശ്ശൂൽ എന്നു ശബ്ദിച്ചുകൊണ്ട്) ഇന്നുമുതൽ പുത്രകാമവ്രതം നോററിട്ടാവശ്യമില്ലെന്നു ദേവിയായ സാലപരാജപുത്രിയോടു ചെന്നറിയിച്ചിട്ട് സ്വപ്നവൃത്താന്തം കേൾക്കുന്നതിനായി വേഗം വന്നുചേരേണമെന്ന് എന്നെ അറിയിക്കുന്നതിന് ഇന്നു രാവിലെ കഞ്ചുകിയെ തോഴർ ഇവിടെ പറഞ്ഞയച്ചിരുന്നു. ഞാൻ ഉടൻതന്നെ കുതിരപ്പുറത്തു കയറി ദേവിയെ ചെന്നു

കണ്ടു നിയോഗത്തെ അനുഷ്ഠിച്ചശേഷം, തിരിയെ വരുമ്പൊൾ വഴിയിൽവെച്ച് ആ ചണ്ടിക്കുതിര എന്നെ താഴെ തള്ളിയിട്ടു. ഇപ്പൊൾ എന്റെ അംഗങ്ങൾ തീരെ ഇളകുന്നതുമില്ല. എങ്കിലും തോഴരുടെ അടുക്കൽ വലിഞ്ഞിഴഞ്ഞെങ്കിലും ചെല്ലുന്നുണ്ട്.

(അംഗവൈകല്യത്തോടുകൂടെ ചുററിനടന്നുനോക്കീട്ട്) അഹോ! എന്റെ പ്രഭാവവിശേഷമെത്ര കേമമായിരിക്കുന്നു! ഈ ഹസ്തിനപുരത്തിലുള്ള ജനങ്ങളെല്ലാം 'കുതിര, *പരാശര്യൻ' എന്നുമാത്രം അസ്പഷ്ടമായി പറഞ്ഞുകൊണ്ട് ചിരിക്കുന്നതിനും ചിരിക്കാതിരിക്കുന്നതിനും നിവൃത്തിയില്ലാതെ വളരെ കഷ്ടിക്കുന്നു.

(അണിയറയ്ക്കു നേരേനോക്കീട്ട്) ഇതാ തോഴർ അലങ്കരണവും കഴിഞ്ഞ് ഇങ്ങോട്ടുതന്നെ വരുന്നു. അതിനാൽ, ഞാൻ എന്തിനു നടന്നു ക്ലേശിക്കുന്നു? ഇവിടത്തന്നെ നിൽക്കാം. (എന്നു നിൽക്കുന്നു.)

(അനന്തരം പരിജനങ്ങളാൽ ചുററപ്പെട്ടും മനസ്താപത്തോടുകൂടിയും രാജാവു പ്രവേശിക്കുന്നു.)

രാജാവ്—(വിചാരിച്ചിട്ട്) സന്താനമെന്ന പദാർത്ഥവിശേഷത്തിന്റെ മാഹാത്മ്യം ആശ്ചര്യകരംതന്നെ. എന്തെന്നാൽ,

പുഷ്ടശ്രീയാംപ്രിയതമ,പരംവന്ധ്യയാണെ[illegible]ാനീം
കഷ്ടംകാണുന്നിവനുമഴലേറുന്നിതാദ്ദർനി[illegible]
ഇഷ്ടാപത്ത്യംപിരിയുമളവിൽപുത്രവാന്മാക്ക[illegible]ം
ത്തട്ടിൽതട്ടുംരുജയരുളുവാനാരുവാൻപാരിടത്തിൽ. ൪

ഇന്നുരാവിലെ, സ്വപ്നവൃത്താന്തം കേൾക്കുന്നതിനായി വരേണമെന്നറിയിച്ചിട്ടും പ്രിയവയസ്യനായ പരാശര്യനെ ഇതുവരയും കണ്ടില്ലല്ലൊ. (ചുററും നോക്കീട്ട്) അല്ലാ, പ്രഭാതമാ

---

* പരാശര്യൻ എന്നാണ് വിദൂഷകന്റെ പേര്.

യെങ്കിലും, ബാലാതപം ഒരുപോലെ വ്യാപിച്ചിട്ടില്ല. അ പ്രകാരംതന്നെ.

പാകംവന്നുലയുന്നനെൽക്കതിരുതന്നററംകണക്കേററവും
രാഗംപൂണ്ടൊരുബാലഭാസ്കരകരാഗ്രത്താൽതൊടാതിപ്പൊഴും
നിൽക്കുന്നുണ്ടുചുരുങ്ങിയങ്ങനെപടിഞ്ഞാറാഴിതൻവീചിയോ
ടൊക്കുന്നോരിരുളിൻെറരേഖതടവേകീടാതെദൃഷ്ടിക്കിതാ. ൭

(നേരേനോക്കീട്ട്) ഇതാ പ്രിയവയസ്യനായ പരാശര്യൻ എന്തുകൊണ്ടോ അസ്വസ്ഥൻ എന്നപോലെ നിൽക്കുന്നു. ഈയാളുടെ ആയാസത്തിനുള്ള കാരണമെന്തായിരിക്കും?

വിദൂഷ—(അടുത്തുചെന്നു വലത്തുകൈ ഉയർത്തിക്കൊണ്ട്) ഭവാൻ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.

രാജാ—തോഴരേ! എന്താണ് ഭവാൻെറ അവയവവ്യാപാരം വ്യത്യസ്തമായിട്ടു കാണുന്നത്?

വിദൂഷ—ഇതിൻെറ കാരണം ഭവാൻെറ പ്രസാദംതന്നെ.

രാജാ—എന്താണ് ഭവാൻെറ അഭിപ്രായം?

വിദൂഷ—(ചിരിച്ചിട്ട്) അക്ഷരരഹിതവും അംഗസൂചിതമല്ലാത്തതുമായ കാര്യത്തെക്കൂടി ഊഹിച്ചറിയുന്നതിനു ശക്തനായ ഭവാൻ, ഇപ്പോൾ അക്ഷരങ്ങളെക്കൊണ്ടും അംഗങ്ങളെക്കൊണ്ടും സൂചിതമായിരിക്കുന്ന ഇതിനെ അറിയുന്നതിന് അസമർത്ഥനായിത്തീർന്നിരിക്കുന്നു. ഭവാൻെറ പാണ്ഡിത്യം ഇപ്പോൾ എവിടെയാണ്?

രാജാ—സമുദ്രംപോലെ ഗംഭീരഹൃദയന്മാരായ ഭവാദൃശന്മാരുടെ അഭിപ്രായങ്ങളറിവാൻ വളരെ പ്രയാസമാണ്. അതുകൊണ്ടു സ്പഷ്ടമായിപ്പറയേണം.

വിദൂഷ—എന്നാൽ, കേൾക്കേണം. ഞാൻ കുതിരപ്പുറത്തു കയറിച്ചെന്നു ദേവിയെ വ്രതത്തിൽനിന്നും നിവർത്തിപ്പിച്ചിട്ട് തിരിയെ വരുന്ന സമയം, ആ ചണ്ടിക്കുതിര എന്നെ പന്തുപോലെ മുകളിലോട്ട് ഇട്ടാടിച്ചിട്ട് വഴിയിൽ ഒരു ഭാഗത്തു ത

ള്ളിക്കളഞ്ഞു. അപ്പൊഠം ഞാൻ ഇപ്രകാരം വിചാരിച്ചു: "ഇപ്പൊഠം ആസനത്തിന് ഉറപ്പുവരാതെ കുതിരപ്പുറത്തു കയറിയതുകൊണ്ട്, ആകാശഗമനവിദ്യ പകുതി പഠിക്കുന്നതിനിടയായി. ഇനി ദേവാസുരയുദ്ധത്തിൽ ആകാശഗമനം പരിചയിച്ചിട്ടുള്ള തോഴരുടെ അടുക്കൽനിന്നു ശേഷവും അഭ്യസിക്കേണം" എന്ന്. അതുകൊണ്ടു തോഴർ എനിക്ക് അതൊന്നുപദേശിച്ചുതരേണം.

രാജാ—ഛേ! ഇതിനു ഞങ്ങളെപ്പോലുള്ളവരുടെ ഉപദേശം മതിയാകുന്നതല്ല. എന്തെന്നാൽ,

ഭുവിമുനിവരവാക്യം,ദേവതാപ്രീതി,യോരോ
പവനവിജയമാൎഗ്ഗം,മന്ത്രസിദ്ധിപ്രകാരം,
ഇവകളമിതപുണ്യംകൊണ്ടുസംശുദ്ധരാകു
ന്നവരെഗഗനമാൎഗ്ഗേസഞ്ചരിപ്പിച്ചിടുന്നു. ൩

വിദൂഷ—എന്നാൽ ഇതു പോകട്ടെ. പ്രസാദരഹിതമായ ഭവാന്റെ മുഖപങ്കജം ഏതോ മനസ്താപത്തെ സൂചിപ്പിക്കുന്നു. ഇതിനുള്ള കാരണമെന്താണ്?

രാജാ—തോഴരേ! ഭവാന്റെ ഊഹം വാസ്തവംതന്നെ. ഞാൻ കഴിഞ്ഞ രാത്രി സ്വപ്നത്തിൽ ആദിത്യഭഗവാനെ ഉപാസിക്കുമ്പൊഠം,

ചഞ്ചലൽദ്ദളപുടങ്ങളുംസ്ഫുരിതഭൃംഗതാരകളുമാൎന്നുടൻ
കിഞ്ചിദുന്മിഷിതപത്മിനീമുകുളനേത്രസംഹതികളാൽമുദാ
ദൃഷ്ടമായുമഥമഞ്ജുളുള്ളികഠംകരങ്ങഠംകൊണ്ടുകലെമാററിയും
പുഷ്ടശോഭയൊടുമെന്റെമുന്നിലവിടക്കുബിംബമവതീൎണ്ണമായ്.

വിദൂഷ—പിന്നയോ?

രാജാ—അനന്തരം, ഭക്തിഭാരംകൊണ്ടു നമ്രശിരസ്സായിട്ടു ഞാൻ നമസ്കരിക്കുമ്പൊഠം, എന്നെ ഉദ്ദേശിച്ച് ആ ബിംബത്തിൽനിന്നും അതി ഗംഭീരമായ ഒരു വാക്ക് ഉത്ഭവിച്ചു.

വിദൂഷ—എന്തായിരുന്നു അത്?

രാജാ—"വത്സ! സംവരണ!

സാലപരാജസുതയായിട്ടന്നൊരീ
പ്പല്ലവാംഗി,തവജീവനായിക,
കില്ലവേണ്ടരികവന്ധ്യയെന്നു,ഭ്രൂ
വല്ലഭാ!ശരദിചൂതവല്ലിപോൽ." ൮

എന്ന്. അനന്തരം ഭഗവാൻ മറയുകയും ചെയ്തു. ഞാനും പ്രഭാതസമയത്തിലെ മംഗളഗാനങ്ങൾ കേട്ടുണൎന്നു.

വിദൂഷ—ഭവാനു സ്വസ്തി ഭവിക്കട്ടെ, വ്യസനിച്ചിട്ടാവശ്യമില്ല.

രാജാ—ഈ ഋണനിബദ്ധനായ ഞാൻ എങ്ങനെയാണ് പശ്ചാത്തപിക്കാതിരിക്കുന്നത്?

വിദൂഷ—(ചിരിച്ചിട്ട്) അഹോ! അനവധി ദിവ്യരത്നങ്ങളെക്കൊണ്ടു പരിപൂൎണ്ണമായ ഭണ്ഡാരസഹസ്രത്തോടുകൂടിയ ഭവാനും കടം നിമിത്തം സന്താപമുണ്ടാക എന്നുള്ളത് ആശ്ചൎയ്യംതന്നെ.

രാജാ—മൂർഖ! താൻ നിശ്ചയിച്ച കടത്തെ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്. സന്താനാഭിധാനമായ പിതൃക്കളുടെ ഒരു കടമാണ് ഞാൻ വഹിക്കുന്നത്.

വിദൂഷ—ഇതു അന്യോന്യം വാദിച്ചുകൊണ്ടിരിക്കുന്ന താൎക്കികന്മാരിൽനിന്നു എത്രയോ മുമ്പെ ഞാനും കേട്ടിട്ടുള്ളതുതന്നെ. എന്നാൽ ഭവാൻ ആദിത്യവചനത്തിന്റെ താല്പൎയ്യമറിയാതെയാണ് വ്യസനിക്കുന്നത്.

"ഈ രാജ്ഞി സന്താനരഹിതയാണ്; നീ! വേറൊരുത്തിയെ വിവാഹം ചെയ്യേണം; അവളിൽ നിനക്കു പുത്രനുണ്ടാകും" എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

രാജാ—സഖേ! ഇതു സംഭവിക്കാവുന്നതുതന്നെ. എന്നാൽ ദേവിയുടെ സൌശീല്യാദിഗുണങ്ങളിൽ പതിഞ്ഞുപോയിരിക്കുന്ന എന്റെ മനസ്സിനെ വേറൊരിടത്തു നിക്ഷേപിക്കുന്നതിനു ഞാൻ ശക്തനല്ല. അതിനാൽ ഇപ്പൊൾ വ്രതത്തിൽനിന്നും നിവൎത്തിച്ചിരിക്കുന്ന ദേവിയെ ചെന്നു കാണുകതന്നെ

വിദൂഷ—ഭവാൻ ഇതിലെ, ഇതിലെ, (രണ്ടുപേരും ചുററിനടക്കുന്നു.)

രാജാ—(നിമിത്തത്തെ സൂചിപ്പിച്ചിട്ട്)

സഖേ!

എന്നുടെദക്ഷിണനയനം
നന്നായിപ്പോൾചലിച്ചിടുന്നെന്തോ
ധന്യസുതോത്ഭവമല്ലാ
തന്യമൊരാനന്ദഹേതുവിവനില്ല. ൯

വിദൂഷ—'അദൃഷ്ടപൂൎവ്വ'യായ ദേവിയുടെ മാൎഗ്ഗത്തെ അന്വേഷിക്കുന്ന ഭവാന്നു നിമിത്തം ശോഭനമായിരിപ്പാനേ ഇടയുള്ളല്ലൊ.

രാജാ— എന്താണ് 'അദൃഷ്ടപൂൎവ്വ'യെന്നു പറഞ്ഞത്?

വിദൂഷ—ദേവിക്കു ഇതുവരെയും ഓരോ വ്രതങ്ങളുണ്ടായിരുന്നതുകൊണ്ട് ഭവാനു കാണാനിടയില്ലല്ലോ എന്നു വിചാരിച്ചു പറഞ്ഞതാണ്.

(നേരെ നോക്കീട്ട്) ഭവാൻ കണ്ടാലും, കണ്ടാലും, ഇതാ ഗംഗാഭഗവതി.

രാജാ—(കൈകൂപ്പിക്കൊണ്ട്)

നളിച്ചുകുകിടുന്നഹംസമാട്ടിടുന്നപക്ഷമേ
ററിളക്കമൊന്നുമിത്രിലോകശുദ്ധിചെയ്തുമിന്ദുപോൽ
വെളുത്തുമിന്ദ്രലോകവേണിപോലെയുംവിളങ്ങുമീ
കുളുത്തനിൻറവീചിമാലികയ്ക്കുദേവി!വന്ദനം. ൧൦

വിദൂഷ—(നേരെ നോക്കീട്ട്) ഇതാകുന്നു സുബ്രഹ്മണ്യക്ഷേത്രത്തിനടുത്തുള്ള പൂന്തോട്ടം. ഭവാൻ ഇതിൽ പ്രവേശിച്ചാലും.

രാജാ—(പ്രവേശിക്കുന്നതായി നടിച്ചു ചുററും നോക്കീട്ട്) സഖേ! ഈ ഉദ്യാനപ്രദേശം അതിരമണീയമായിരിക്കുന്നു. ഇവിടെ,

കൊത്തിത്തത്തക്കിളികൾ ചിതറീട്ടുള്ളൊരീമാതളത്തിൻ
വിത്തൊട്ടുല്ലിസ്ഥലികളിലിതാകണ്ടിടുന്നങ്ങുമിങ്ങും
കാൽത്താർഭംഗിക്കപവനരമാദേവിചോപ്പിച്ചമന്ദം
ലാത്തീടുമ്പൊൾപദഗളിതമായാവകച്ചാറുപോലെ. ൧൧

പുതുപ്പള്ളിൽ വി. കെ. പണിക്കർ.

# കൃഷ്ണകണ്ണൻെറ മരണപത്രം.

[“സാഹിത്യലോകത്തിൽ, എല്ലാംകൊണ്ടും ഏററവും വിശേഷമായ കഥകളെ നിൎമ്മിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ, ബങ്കിമചന്ദ്രചതോപാദ്ധ്യായന്നു ഒരു മാന്യസ്ഥാനത്തിനു നിശ്ചയമായും അവകാശമുണ്ട്. കഥകളെ കെട്ടിച്ചമക്കുന്നതിൽ അദ്ദേഹത്തിനുള്ള സാമൎത്ഥ്യം അതിശയനീയമാണ്. ഇതുകൊണ്ട് അദ്ദേഹത്തിൻെറ കൃതികളെല്ലാം ഉത്തമങ്ങളാണെന്നു ഇവിടെ വാദിക്കുന്നില്ല. നേരേ മറിച്ചു, അദ്ദേഹത്തിൻെറ ചുരുക്കം ചില കൃതികളെ ഒന്നാംതരത്തിൽ പെട്ടവയാണെന്നു പറവാൻ പാടുള്ളു. ഇവയിൽ എല്ലാവിധത്തിലും പ്രഥമഗണനീയമായിട്ടുള്ളത് ‘കൃഷ്ണകണ്ണൻെറ മരണപത്ര’മാണ്. അതൊരു നിൎദ്ദോഷമായ കൃതിയാണെന്നുതന്നെ പറയാം. അതിനെ നല്ലപോലെ ആലോചിച്ചു നിൎമ്മിച്ചിട്ടുള്ളതും അതിഭംഗിയായി എഴുതീട്ടുള്ളതുമാകുന്നു. ആഖ്യായികകളിൽവെച്ച് അതൊരു രത്നമാണെന്നുവേണം അതിനെക്കുറിച്ചു പറയുവാൻ.” എന്നീവിധം സാഹിത്യരസികനായ ഒരു ബെങ്കാളി മുമ്പാഞ്ഞ കൃതിയെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു.]

## ഒന്നാംഭാഗം

### അദ്ധ്യായം ൧.

ഹരിധരം എന്ന ഗ്രാമത്തിൽ ധനികനായ ഒരു ജന്മിയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പേർ കൃഷ്ണകണ്ണനെന്നായിരുന്നു. അദ്ദേഹത്തിൻെറ സ്വത്തുക്കളിൽനിന്നു രണ്ടുലക്ഷം ഉറുപ്പികയോളം ഒരു കൊല്ലത്തിൽ വരവുണ്ടായിരുന്നു. ഈ സ്വത്ത് അദ്ദേഹവും അനുജൻ രാമകണ്ണനുംകൂടി സമ്പാദിച്ചതായി

രുന്നു. ജ്യേഷ്ഠാനുജന്മാർ അന്യോന്യം പരമസ്നേഹമായിരുന്നു; വലിയ വിശ്വാസവും ആയിരുന്നു. ഒരാൾ മറ്റൊരാളെ ചതിക്കുമെന്നു അവരിരുവരും സ്വപ്നത്തിൽക്കൂടി സംശയിച്ചിരുന്നില്ല. വസ്തുക്കളെല്ലാം വാങ്ങിയതു് ജ്യേഷ്ഠൻ കൃഷ്ണകണ്ണന്റെ പേരിലായിരുന്നു. അവരുടെ ഭക്ഷണവും ഒരുമിച്ചായിരുന്നു. രാമകണ്ണന് ഗോവിന്ദലാലൻ എന്നൊരു മകനുണ്ടായിരുന്നു. രാമകണ്ണനു ഈ പുത്രനുണ്ടായശേഷം, കൈവശമുള്ള കൂട്ടുസ്വത്തുക്കളുടെ ലക്ഷ്യങ്ങളെല്ലാം ജ്യേഷ്ഠന്റെ പേരിലാകയാൽ, തന്റെ പുത്രന്റെ രക്ഷയ്ക്കായിവല്ല ആധാരവും എഴുതി വെയ്ക്കേണമെന്നു രാമകണ്ണനു തോന്നിത്തുടങ്ങി. കാരണം, ജ്യേഷ്ഠൻതന്നെ ചതിക്കയോ തന്നോടു അനീതിയായി പ്രവൃത്തിക്കയോ ചെയ്കയില്ല എങ്കിലും, ജ്യേഷ്ഠപുത്രന്മാർ, കൃഷ്ണകണ്ണന്റെ മരണശേഷം, ആ വിധം നടക്കുമോയെന്നു നിശ്ചയിച്ചുകൂടല്ലൊ. എങ്കിലും ഈ വിചാരം ജ്യേഷ്ഠനെ അറിയിപ്പാനുള്ള രാമകണ്ണന്റെമടികൊണ്ടു്, നിശ്ചയപത്രമെഴുതേണ്ട സംഗതി നീണ്ടുനീണ്ടുവന്നതേയുള്ളു. അങ്ങനെയിരിക്കുമ്പോൾ, ഒരുദിവസം ഒരു വസ്തു നോക്കുവാൻ രാമകണ്ണനു പോകേണ്ടിവരികയും, അവിടെവെച്ചു പൊടുന്നനവെ അദ്ദേഹം പരലോകം പ്രാപിക്കുകയും ചെയ്തു.

അനുജന്റെ കുട്ടിയെ ചതിച്ചു് സ്വത്തു മുഴുവനും തന്റെ സ്വന്തമാക്കേണമെന്നു കൃഷ്ണകണ്ണനു എപ്പൊഴെങ്കിലും മോഹമുണ്ടായിരുന്നെങ്കിൽ, അതുപ്രകാരം ചെയ്യുന്നതിന് ഇപ്പൊൾ യാതൊരു തടസ്ഥവും ഉണ്ടായിരുന്നില്ല. പക്ഷെ, കൃഷ്ണകണ്ണനു അപ്രകാരമുള്ള ദുരാലോചനയുണ്ടായിരുന്നില്ല, ഒരിക്കലും ഉണ്ടായിട്ടുമില്ല. അദ്ദേഹം ഗോവിന്ദലാലനെ സ്വഭവനത്തിൽ താമസിപ്പിച്ചു തന്റെ കുട്ടികളുടെ കൂട്ടത്തിൽ ഒരു വ്യത്യാസവും കൂടാതെ വളൎത്തിക്കൊണ്ടുവന്നു; രാമകണ്ണനു ന്യായമായി ചെല്ലേണ്ടതായ പകുതി സ്വത്തു ഗോവിന്ദലാലനു കൊടുക്കത്തക്കവണ്ണം ഒരു മരണപത്രം എഴുതിവെക്കുവാനും നിശ്ചയിച്ചു.

കൃഷ്ണകണ്ണനു ഹരലാലൻ, വിനോദലാലൻ എന്നു രണ്ടു

പുത്രന്മാരും, ശീലാവതി എന്നൊരു പുത്രിയും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണപത്രത്തിൽ, മുതലിന്റെ നേർപകുതി ഗോവിന്ദലാലനും ശേഷമുള്ളതു പതിനാറായി അംശിച്ച് അവയിൽ മുമ്മൂന്നു ഭാഗംവീതം ഹരലാലനും ഗോവിന്ദലാലനും ഓരോ ഭാഗം വിധവയ്ക്കും മകൾക്കും കൊടുപ്പാനായി എഴുതി. ഹരലാലൻ ഒട്ടുംതന്നെ അനുസരണമില്ലാത്തവനായിരുന്നു; അവന്റെ അച്ഛനെ അവൻ കിഴ്‌വണങ്ങിയില്ല. അവന്റെ നാവും വളരെ ചീത്തയായിരുന്നു. ഒരു ബംഗാളിയുടെ മരണപത്രത്തിലെ സംഗതികൾ ഗൂഢമായിരിക്കുക എന്നുള്ളതു വളരെ ദുർല്ലഭമാണ്; ഹരലാലൻ സ്വത്തിന്റെ ഈ വിനിയോഗത്തെക്കുറിച്ച് അറിഞ്ഞിട്ട്, ദേഷ്യപ്പെട്ട, കണ്ണുരുട്ടിച്ച് അച്ഛനോട് ഇപ്രകാരം പറഞ്ഞു:—

'നിങ്ങൾ എന്താണ് ഈ ചെയ്തിട്ടുള്ളത്? ഗോവിന്ദനു പകുതിയും എനിക്കു മുണ്ടാണിഭാഗവുമോ?'

'അതു ന്യായമായിട്ടുള്ളതാണ്. ഗോവിന്ദനു ഞാൻ അവന്റെ അച്ഛന്റെ ഓഹരിയാണ് കൊടുത്തിട്ടുള്ളത്?'

'ഗോവിന്ദന്റെ അച്ഛന്റെ ഓഹരിയോ? എന്ത്? നമ്മുടെ പൂർവ്വസ്വത്ത് നമ്മളിൽനിന്നെടുപ്പാൻ അവനാരാ? അമ്മയെയും സഹോദരിയെയും ഞങ്ങൾ രക്ഷിക്കും. അവർക്കെന്തിനാ മാഹാണിവീതം കൊടുക്കുന്നത്? അവർക്ക് ഊണിനും ഉടുക്കാനുള്ളതും കൊടുക്കേണമെന്നു പറഞ്ഞിരിക്കു.'

ഇതുകേട്ടു കൃഷ്ണകണ്ഠൻ അല്പം കോപം വന്നിട്ട്, 'ഹരലാൽ, സ്വത്ത് എന്റെയാണ്; നിന്റെയല്ല; അതിനെ എന്റെ ഹിതംപോലെ ഞാൻ കൊടുക്കും' എന്നുപറഞ്ഞു.

'നിങ്ങൾക്കു ബുദ്ധിഭ്രമം വന്നിട്ടുണ്ട്! നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യാൻ ഞാൻ അനുവദിക്കയില്ല.'

ഇതുകേട്ട്, ദേഷ്യമധികമായി, കൃഷ്ണകണ്ഠൻ ഇങ്ങനെ

പറഞ്ഞു:— 'ഹരലാൽ, നീ ഒരു കുട്ടിയായിരുന്നെങ്കിൽ, ഞാൻ ആശാനെ വിളിച്ചു നിന്നെ ശിക്ഷിപ്പിക്കുമായിരുന്നു.'

'ഞാൻ കുട്ടിയായിരുന്നപ്പോൾ, ആശാന്റെ മീശ കരിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ ആ മരണപത്രത്തെയും അങ്ങനെ ചെയ്യും.'

കൃഷ്ണകണ്ണൻ, അതിന്നുശേഷം, ഒന്നും പറഞ്ഞില്ല. അദ്ദേഹം തന്റെ മരണപത്രത്തെ കീറിക്കളഞ്ഞ്, സ്വത്തിൽ നേർപകുതി ഗോവിന്ദലാലനും, ബാക്കിയുള്ളതിൽ, പതിനാറിൽ അഞ്ചോഹരി വിനോദലാലനും മാഹാണിഭാഗംവീതം വിധവയ്ക്കും മകൾക്കും ഹരലാലനും കൊടുക്കാനായി നിശ്ചയിച്ചു വേറൊരു മരണപത്രം എഴുതിവെച്ചു.

ഇതറിഞ്ഞു കോപിച്ചു, ഹരലാലൻ കല്ക്കത്താവിലേക്കു പോയി. അവിടെനിന്നു അയാൾ തന്റെ അച്ഛന് ഇപ്രകാരമൊരു എഴുത്തയച്ചു:—

'ശാസ്ത്രങ്ങളിൽ വിധവാവിവാഹം അനുവദിച്ചിട്ടുണ്ടെന്ന് ഇവിടത്തെ പണ്ഡിതന്മാർ പറയുന്നു. ഞാൻ ഒരു വിധവയെ കല്യാണംകഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ മരണപത്രികയിലെ ഇപ്പൊഴത്തെ നിശ്ചയങ്ങളെ ഭേദപ്പെടുത്തി മുതലിൽ പകുതി എനിക്കുതരത്തക്കവണ്ണം പുതുതായി ഒന്നെഴുതി അതുടനെ റജിസ്റ്റർ ചെയ്യാമെങ്കിൽ, ഞാൻ എന്റെ ഇപ്പൊഴത്തെ ആലോചനയെ വിട്ടുകളയാം. ഇല്ലാത്തപക്ഷം, ഞാൻ വേഗത്തിൽ ഒരു വിധവയെ കല്യാണംകഴിക്കും.'

ഇതുകേട്ടു ഭയപ്പെട്ട്, അവന്റെ അച്ഛൻ മരണപത്രനിശ്ചയങ്ങളെ മാററി മുതലിൽ വലിയൊരംശം തനിക്കു തരുമെന്നായിരുന്നു ഹരലാലൻ വിചാരിച്ചത്; പക്ഷെ, അച്ഛനിൽനിന്നു കിട്ടിയ മറുപടി ഈ ആശയെ നശിപ്പിച്ചു. കൃഷ്ണകണ്ണന്റെ എഴുത്ത് ഈ വിധമായിരുന്നു:—

'ഇന്നുമുതൽ ഞാൻ നിന്നെ എന്റെ മകനായി കരുതുന്നി

ല്ല. നീ നിന്റെ ഇഷ്ടംപോലെ ആരെയെങ്കിലും കല്യാണം കഴിച്ചോ. എനിക്കിഷ്ടമുള്ളവൎക്ക സ്വത്തെല്ലാം ഞാൻ കൊടുത്തുകൊള്ളാം. നീ ഈ കല്യാണം നടത്തുന്നതായാൽ, നിശ്ചയമായും ഞാൻ എന്റെ മരണപത്രത്തെ മാററും, പക്ഷെ മാററം നിന്റെ ഗുണത്തിനായിരിക്കയില്ല എന്നേയുള്ളൂ.'

അധികം താമസിയ്ക്കാതെ താൻ ഒരു വിധവയെ കല്യാണംകഴിച്ചതായി ഹരലാലൻ കൃഷ്ണകണ്ണനറിവുകൊടുത്തു. പുതിയതായി ഒരു മരണപത്രത്തെ എഴുതുവാനുള്ള ഉദ്ദേശത്തോടുകൂടി അന്നുണ്ടായിരുന്നതിനെ കൃഷ്ണകണ്ണൻ നശിപ്പിച്ചു.

ബ്രഹ്മാനന്ദൻ നല്ലൊരു ആധാരമെഴുത്തുകാരനായിരുന്നു. മുമ്പിലത്തെ ആധാരങ്ങളെല്ലാം അദ്ദേഹത്തിന്റെ കയ്യക്ഷരത്തിലായിരുന്നു എഴുതപ്പെട്ടിരുന്നത്. അതുകാരണം, ഹരലാലന്റെ വൎത്തമാനം അറിഞ്ഞ ഉടനെ കൃഷ്ണകണ്ണൻ ബ്രഹ്മാനന്ദനെ വരുത്തി, ബ്രഹ്മാനന്ദന്റെ ഭക്ഷണത്തിനുശേഷം, ഒരു പുതിയ മരണപത്രമെഴുതുവാൻ വരുന്നതിന്നു പറഞ്ഞേല്പിച്ചു. ആ സമയത്ത് അവിടെ നിന്നിരുന്ന വിനോദലാലൻ 'എന്തിനാണച്ഛാ, മരണപത്രം മാററി എഴുതുന്നത്?' എന്നു ചോദിച്ചു.

'ഈ പ്രാവശ്യം നിന്റെ ജ്യേഷ്ഠന് ഞാൻ ഒന്നും വെയ്ക്കില്ല' എന്നു കൃഷ്ണകണ്ണൻ പറഞ്ഞു.

'അതു ന്യായമല്ല. ജ്യേഷ്ഠൻ തെററുകാരനാണെന്നിരിക്കട്ടെ, എന്നാലും അദ്ദേഹത്തിനൊരു കുട്ടിയുണ്ടല്ലൊ. ആ കുട്ടി നിരപരാധിയാണ്. അവന്ന് ഉപജീവനത്തിനു വഴിയെന്താണ്?' എന്നു വിനോദൻ ചോദിച്ചു.

'അറുപത്തിനാലിലൊരംശം ഞാൻ അവനായി കൊടുക്കും' എന്നു കൃഷ്ണകണ്ണൻ പറഞ്ഞു.

'ആ ഭാഗം എത്രയോ കുറച്ചാണ്.'

'രണ്ടുലക്ഷം ഉറുപ്പികയാണ് എന്റെ വരവ്. അതിന്റെ

അറുപത്തിനാലിലൊരംശം മുവ്വായിരത്തിലധികം ഉറുപ്പയോളമു ണ്ടാകും. ഒരു ഗൃഹസ്ഥന് ഭക്ഷണം മുതലായ അത്യാവശ്യച്ചിലവുകൾക്ക ആ സംഖ്യ ധാരാളം മതിയാവുന്നതാണ്. അതിലധികം ഞാൻ കൊടുക്കുകയില്ല.'

അതിനെപ്പററി വിനോദലാലൻ വളരെ ശാഠ്യംപിടിച്ചു നോക്കി; പക്ഷെ, ഫലിച്ചില്ല. എന്തുപറഞ്ഞിട്ടും കൃഷ്ണകണ്ണൻെറ നിശ്ചയത്തെ ഭേദപ്പെടുത്തുവാൻ വിനോദലാലനു സാധിച്ചില്ല.

## അദ്ധ്യായം ൨

കുളിയും ഊണും കഴിഞ്ഞ്, ബ്രഹ്മാനന്ദൻ ഉറങ്ങുവാൻ ഒരുങ്ങുന്ന സമയം, ഹരലാലനെ അവിടെ കണ്ട്, ബ്രഹ്മാനന്ദൻ ആശ്ചയ്യപ്പെട്ടു. ഹരലാലൻ അടുത്തുവന്നു ബ്രഹ്മാനന്ദൻെറ കിടയ്ക്കയുടെ സമീപം ഇരുന്നു.

ബ്രഹ്മാനന്ദൻ—'എന്ത്, കൊച്ചെജമാനനല്ലെ ഈ വന്നിരിക്കുന്നതു! എന്നാണ് നിങ്ങൾ വീട്ടിലേക്ക തിരിച്ചുവന്നത്?'

ഹരൻ—'ഞാൻ ഇതുവരെ വീട്ടിൽ പോയിട്ടില്ല.'

ബ്രഹ്മ—'നിങ്ങൾ ഇപ്പൊൾ വരുന്ന വഴിയാണൊ? കല്ക്കത്താവിൽ നിന്നു വന്നിട്ട് എത്രദിവസമായി?'

ഹരൻ—'ഞാൻ കല്ക്കത്താവിൽനിന്നു വന്നിട്ടു രണ്ടുദിവസമായി. ഇവിടെ ഒളിച്ചുനടക്കുകയായിരുന്നു. അപ്പൊൾ ഇനി ഒരു പുതിയ മരണപത്രമെഴുതാൻ ഭാവമുണ്ടല്ലെ?'

ബ്രഹ്മ—'അങ്ങനെ കേൾക്കുന്നു.'

ഹരൻ—'ഈ പ്രാവശ്യം എനിക്കൊന്നുമില്ല, അല്ലെ?'

ബ്രഹ്മ—'കോപംകൊണ്ട് യജമാനൻ അങ്ങനെപറയുന്നു. എന്നാലും കടുവിൽ അങ്ങനെ വരില്ല.'

ഹരൻ—'ഇന്നു വൈകുന്നേരമല്ലെ അതെഴുതുവാൻ വെച്ചിരിക്കുന്നതു? എഴുതാൻ നിങ്ങൾ തന്നെയല്ലെ?'

ബ്രഹ്മ — 'എഴുതാതിരിപ്പാൻ നിവൃത്തിയുണ്ടോ? യജമാനന്റെ വാക്കു തട്ടാൻ എനിക്കു പാടുണ്ടോ?'

ഹരൻ — 'നിങ്ങൾക്കു കുററമില്ല. പ്രതിഫലം വല്ലതും കിട്ടേണമെന്നുണ്ടോ?'

ബ്രഹ്മ — 'എന്താ, പ്രഹരമാണൊ നിങ്ങൾ ഉദ്ദേശിക്കുന്നത്? എന്നാൽ ഇപ്പൊൾ തന്നെ അതു കഴിക്കാത്തതെന്താണ്?'

ഹരൻ — 'അതല്ലാ ഞാൻ ഒരായിരം ഉറുപ്പിക തരാം.'

ബ്രഹ്മ — 'നിങ്ങളുടെ വിധവാവിവാഹത്തിൽനിന്നുള്ള സമ്പാദ്യമായിരിക്കും.'

ഹരൻ — 'അങ്ങനെതന്നെ.'

ബ്രഹ്മ — 'നിങ്ങൾക്കു അതിനുള്ള കാലം കഴിഞ്ഞുവല്ലൊ.'

ഹരൻ — 'ആട്ടെ എനിക്കു വേറെ ചില സംഗതികൾ പറയാനുണ്ട്. അതുപറയട്ടെ ഇതാ മുമ്പെകുട്ടി ഇതിരിക്കട്ടെ.'

ഇപ്രകാരം പറഞ്ഞു ഹരലാലൻ അഞ്ഞൂറുറുപ്പയുടെ ഒരു നോട്ട് ബ്രഹ്മാനന്ദന്റെ കയ്യിൽ വെച്ചുകൊടുത്തു.

ബ്രഹ്മാനന്ദൻ ആ നോട്ടു തിരിച്ചുംമറിച്ചും നോക്കി; എന്നിട്ട് 'ഇതുകൊണ്ടു ഞാനെന്താണ് ചെയ്യേണ്ടത്?' എന്നു ചോദിച്ചു.

ഹരൻ — 'സൂക്ഷിച്ചുവെച്ചോളു. അതിനെ മാററി പാൎക്കാരിക്കും മററും കൊടുക്കാനുള്ളതെല്ലാം കൊടുത്തോളു.'

ബ്രഹ്മ — 'പാൽക്കാരിക്കു ഞാനൊന്നും കൊടുക്കാനില്ലല്ലൊ. നിങ്ങൾക്കു എന്നെക്കൊണ്ട് ആവശ്യമെന്താണെന്നു പറയു.'

ഹരൻ — 'രണ്ടു തുവൽ ചെത്തി തയാറാക്കിവെക്കു. രണ്ടും ഒരുപോലെ ഇരിക്കേണം'

ബ്രഹ്മ — 'നല്ലത്. എന്നിട്ട് –' അങ്ങനെ ഓരോന്നു പറയുന്നതോടുകൂടി, ബ്രഹ്മാനന്ദൻ രണ്ടു തുവലുകളെടുത്ത് ഒന്നുപോലെ ചെത്തി വെടിപ്പാക്കി. പിന്നെ അവരണ്ടും ഒന്നുപോലെ എഴുതുന്നില്ലെ എന്നും എഴുതിനോക്കി തിട്ടപ്പെടുത്തി.

ഹരൻ — 'ഇതിലൊന്നു പെട്ടിയിൽവെക്കു. അതു മരണപത്രു

മെഴുതാൻ ഉപയോഗിക്ക. മറേറതുകൊണ്ട് ഇപ്പോൾ വല്ലതും എഴുതു. നല്ല മഷിയില്ലേ?'

ബ്രഹ്മ—'ഞാൻ ബുദ്ധിമുട്ടി ഇവയെല്ലാം കെട്ടിക്കൊണ്ടുപോകേണമെന്നുണ്ടോ? നിങ്ങളുടെ വീട്ടിൽ പേനയും മഷിയും ഇല്ലേന്നുണ്ടോ?'

ഹരൻ—'ഞാനൊരുദ്ദേശം കരുതീട്ടാണ്. ഇല്ലെങ്കിൽ, നിങ്ങൾക്ക ഞാനെന്തിന്ന വന്നം തരുന്നു?'

ബ്രഹ്മ—'ഞാനും അതാലോചിച്ചു.'

ഹരൻ—'കൊള്ളാം, നിങ്ങൾ നിങ്ങളുടെ സ്വന്തം തൂവലും മഷിയും കൊണ്ടുചെല്ലുന്നതുകണ്ട്, അവർ ആശ്ചര്യപ്പെട്ടമായിരിക്കും. അങ്ങിനെയാണെങ്കിൽ, ആപ്പീസു തൂവലും മഷിയും അത്ര നല്ലതല്ലെന്നു പറഞ്ഞിരിക്ക.'

ബ്രഹ്മ—'വേണമെങ്കിൽ പേനയെയും മഷിയേയും എന്നു വെക്കേണ്ട, സർക്കാരിനെത്തന്നെ കുററം പറഞ്ഞേരിക്കാം.'

ഹരൻ—'അത്രയൊന്നും വേണമെന്നില്ല. ഇനി കാൎയ്യംപറയാം.'

ഹരലാലൻ, രണ്ടുപായ സാധാരണ എഴുത്തുകടലാസ്സെടുത്ത് ബ്രഹ്മാനന്ദന്റെ കയ്യിൽ കൊടുത്ത സമയം, 'എന്ത്, ഇതു സർക്കാരു കടലാസ്സാണല്ലൊ' എന്നു ബ്രഹ്മാനന്ദൻ പറഞ്ഞു.

ഹരൻ—'സർക്കാരു കടലാസ്സല്ല. അതു വക്കീലന്മാർ ഉപയോഗിക്കുന്ന കടലാസ്സാണ്. അച്ഛൻ മരണപത്രമെഴുതുന്നതു ഈ തരം കടലാസ്സിലാണെന്ന് എനിക്കറിയാം. അതാണ് ഈ തരത്തിൽതന്നെ കുറച്ചു കടലാസ്സു ഞാൻ കൊണ്ടുവന്നത്. ഈ കടലാസ്സിൽ ഈ മഷികൊണ്ട് ഞാൻ പറഞ്ഞുതരുന്നതിനെ എഴുതുക.

ബ്രഹ്മാനന്ദൻ അപ്രകാരം എഴുതുവാൻ ആരംഭിച്ചു. ഹരലാലൻ പറഞ്ഞുകൊടുത്ത് എഴുതിച്ചതു ഒരു മരണപത്രമായിരുന്നു. അതിലെ സാരം ഇതായിരുന്നു: 'ഇത് കൃഷ്ണകണ്ണന്റെ ഒടുക്കത്തെ മരണപത്രമാണ്. അദ്ദേഹത്തിന്റെ പേരിലുള്ള സകല സ്വത്തുക്കളും, അദ്ദേഹത്തിന്റെ മരണശേഷം താഴെ പറയുംപ്രകാരം വിഭാഗിക്കേണ്ടതാണ്: വിനോദലാലന് പതിനാ

റിൽ മൂന്നംശം; ഗോവിന്ദലാലനും വിധവക്കും ശീലാവതിക്കും ഹരലാലന്റെ പുത്രനും അറുപത്തിനാലിൽ ഓരോ അംശം, സീമന്തപുത്രനായ ഹരലാലന് ബാക്കിയുള്ള മുക്കാൽ ഭാഗം.'

എഴുത്തുനിർത്തിയ സമയം, ബ്രഹ്മാനന്ദൻ ഇങ്ങനെ ചോദിച്ചു: 'മരണപത്രം എഴുതിക്കഴിഞ്ഞു, ഒപ്പിടുന്നതാരാണ്?'

'ഞാനൊപ്പിടും' എന്നുപറഞ്ഞ് ഹരലാലൻ കൃഷ്ണകാന്തന്റെയും നാലു സാക്ഷികളുടെയും പേരുകൾ എഴുതി.

ബ്രഹ്മ—'ഇത് ഒരു ഒന്നാന്തരം കള്ളാധാരം തന്നെ.'

ഹരൻ—'ഇതാണ് ശരിയായ മരണപത്രം. ഇന്നു രാത്രി എഴുതാൻ വെച്ചിട്ടുള്ളതാണ് കളവായിട്ടുള്ളത്.'

ബ്രഹ്മ—'അതെങ്ങനെയാണ്?'

ഹരൻ—'നിങ്ങൾ, മരണപത്രം എഴുതുവാൻ പോകുമ്പോൾ, ഇതിനെ നിങ്ങളുടെ വലിയ കുപ്പായക്കീശയിലിട്ടുകൊണ്ടു പോകേണം. അവിടെ ചെന്നിട്ട്, അവർ പറഞ്ഞുതരുന്നതെല്ലാം നിങ്ങൾ ഈ പേനയും മഷിയും കൊണ്ടുതന്നെ എഴുതേണം. കടലാസ്സ്, പേന, മഷി, എഴുത്തുകാരൻ ഇവയെല്ലാം ഒന്നായിരുന്നാൽ രണ്ടു മരണപത്രങ്ങളും കാഴ്ചയിൽ ഒന്നുപോലെ തോന്നുമല്ലോ. പിന്നെ എഴുത്തുകഴിഞ്ഞ് വായിച്ചുകേൾപ്പിച്ചു ഒപ്പും ഇടുവിച്ചശേഷം, നിങ്ങൾ നിങ്ങളുടെ ഒപ്പിടേണ്ടതിനായി തിരിഞ്ഞുനിന്നോളു. അപ്പോൾ മരണപത്രങ്ങൾ മാററുവാൻ അവസരം കിട്ടും. നിങ്ങൾ ഈ മരണപത്രത്തെ യജമാനനു കൊടുത്തു അദ്ദേഹം എഴുതിച്ചതിനെ എനിക്കു കൊണ്ടുവന്നു തരേണം.'

ബ്രഹ്മാനന്ദനു വലിയ വിചാരമായി. 'ഞാൻ വല്ലതും പറഞ്ഞിട്ടു കാര്യമെന്താണ്? ഇതു നല്ലൊരു കളവും സൂത്രവും കൂട്ടി എണക്കിയതാണെന്നുള്ളതിനു സംശയമില്ല.'

ഹരൻ—'എന്താ നിങ്ങളിത്ര ആലോചിക്കുന്നത്?'

ബ്രഹ്മ—'എനിക്കതു ചെയ്താൽ കൊള്ളാമെന്നുണ്ട്; പക്ഷെ വളരെ ഭയം തോന്നുന്നു. നിങ്ങളുടെ പണം നിങ്ങൾതന്നെ എ

ടുത്തോളൂ. കള്ളാധാരകാൎയ്യത്തിൽ ഏൎപ്പെടുവാൻ എനിക്കു കഴികയില്ല.'

'എന്നാൽ പണം തിരിച്ചുതന്നേക്കു.' എന്നുപറഞ്ഞ് ഹരലാലൻ കൈനീട്ടിക്കാണിച്ചു. ബ്രഹ്മാനന്ദൻ നോട്ടുമടക്കിക്കൊടുത്തു. നോട്ടു കയ്യിൽ പിടിച്ചുകൊണ്ട് ഹരലാലൻ പോയിത്തുടങ്ങി. അപ്പൊൾ ബ്രഹ്മാനന്ദൻ അയാളെ തിരിയെ വിളിച്ച് 'എന്ത്! ഇത്രവേഗം പോകയാണോ?' എന്നു ചോദിച്ചു.

ഹരൻ—(തിരിച്ചുവന്ന്) 'ആയില്ല.'

ബ്രഹ്മ—'നിങ്ങൾ ഇപ്പൊൾ അഞ്ഞൂറുറുപ തന്നു, ഇനി എന്തു തരും?'

ഹരൻ—'നിങ്ങൾ മററെ മരണപത്രം എനിക്കു കൊണ്ടുവന്നുതരുമ്പൊൾ ഒരഞ്ഞൂറുംകൂടി.'

ബ്രഹ്മ—'അഞ്ഞൂറ്—ഉറുപ്പിക! അതെനിക്കു കൈവിടാൻ തരമില്ല.'

ഹരൻ—'സമ്മതിച്ചോ?'

ബ്രഹ്മ—'സമ്മതിക്കാതെ നിവൃത്തിയെന്ത്? പക്ഷെ, ആ മരണപത്രം മാററുന്നതെങ്ങനെയാണ്? നിശ്ചയമായും അവർ എൻെറ കളവു കണ്ടുപിടിക്കും.'

ഹരൻ—'എന്തിനാണ് അവർ അതു കാണുന്നത്? നിങ്ങളുടെ മുമ്പിൽവെച്ച് ഞാൻ അതിനെ മാററിത്തരാം. അതു നിങ്ങൾ മനസ്സിലാക്കുമോയെന്നു നോക്കിക്കൊള്ളൂ.'

ഹരലാലനു മറെറാന്നിലും പാണ്ഡിത്യമില്ലായിരുന്നു എങ്കിലും, ചെപ്പടിവിദ്യയിൽ അല്പം സാമൎത്ഥ്യമുണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല. അയാൾ ആ മരണപത്രത്തെ കുപ്പായക്കീശയിലിട്ട് വേറെ ഒരു പായ കടലാസ്സെടുത്ത് അതിൽ എഴുതിത്തുടങ്ങി. അതിനിടയിൽ കുപ്പായക്കീശയിലുണ്ടായിരുന്ന കടലാസ്സ് ഹരലാലൻെറ കയ്യിലും കയ്യിലുണ്ടായിരുന്നത് കീശയിലും ആക്കിയതെങ്ങനെയെന്നു മനസ്സിലാക്കുവാൻ ബ്ര

മാനന്ദന സാധിച്ചില്ല. അയാൾ ഹരലാലന്റെ സാമൎത്ഥ്യത്തെപ്പററി വളരെ പ്രശംസിച്ചു. 'അതിന്റെ സൂത്രം ഞാൻ നിങ്ങൾക്ക മനസ്സിലാക്കിത്തരാം.' എന്നു പറഞ്ഞ്, ഹരലാലൻ ബ്രഹ്മാനന്ദനെ ആ വിദ്യ പഠിപ്പിച്ചുതുടങ്ങി. പഠിപ്പിക്കുവാൻ കുറച്ചു സമയം വേണ്ടിവന്നു. എന്നിട്ട്, 'ഞാനിതാ പോണു. ഇരുട്ടിയാൽ ബാക്കി പണവുമായി ഞാൻ വരും.' എന്നു പറഞ്ഞു ഹരലാലൻ പോയി.

ഹരലാലൻ പോയതോടുകൂടി, ബ്രഹ്മാനന്ദന പേടി കൂടിത്തുടങ്ങി. താൻ ചെയ്യാൻ പോകുന്നതു നിയമപ്രകാരം കഠിനശിക്ഷയ്ക്കു പാത്രമാകുന്നൊരു കുററമാണ് എന്ന ബോധം അയാൾക്ക വീണ്ടും ഉണ്ടായി. എന്തിനാ എന്നാലതു ചെയ്യുന്നത്? ഇല്ലെങ്കിൽ പണം കിട്ടുമോ? കിട്ടിയതു മടക്കിക്കൊടുക്കേണ്ടിയും വരില്ലേ? ബ്രഹ്മാനന്ദന അതിന് മനസ്സുവരുന്നില്ല. അതിമോഹം!

ടി. സി. കല്യാണി അമ്മ.

---

വകപ്പുവകാശമുള്ളത്.

## മനോരമത്തമ്പുരാട്ടി. *

നെടിയിരുപ്പു സ്വരൂപത്തിൽ പുതിയ കോവിലകം, പടിഞ്ഞാറെ കോവിലകം, കിഴക്കെക്കോവിലകം ഇങ്ങനെ മൂന്നു ശാഖാകുടുംബങ്ങൾ ഉണ്ട്. ഈ മൂന്നു കുടുംബങ്ങളിൽവെച്ചു വയസ്സ് ഏറിയ പുരുഷൻ സാമൂതിരിയുടെ സ്ഥാനത്തിന്ന് അൎഹനാകുന്നു. വയസ്സ് ഏറിയ സ്ത്രീക്ക് അപ്രകാരംതന്നെ അമ്പാടിക്കോവിലകത്തു തമ്പുരാട്ടിയുടെ സ്ഥാനത്തിന്നു യോഗ്യത സിദ്ധിക്കുന്നു. സാമൂതിരിസ്ഥാനത്തിന്നുപുറമെ, അതിന്നു കീഴിൽ ഏറാൾപ്പാട്, മൂന്നാല്പ്പാട്, എടത്രാൽപ്പാട്, നെടുത്രാൽപ്പാട് ഇങ്ങനെ ക്രമത്തിൽ ചുരുങ്ങിവരുന്നതായ നാലു സ്ഥാനങ്ങൾകൂടി ഉണ്ട്. ഈ സ്ഥാനങ്ങൾക്കും മേൽപ്പറഞ്ഞ ശാഖാ

---

* മനോരമവായനശാല തുടങ്ങിയ ദിവസത്തെ പ്രസംഗം.

കോവിലകങ്ങൾക്കും പ്രത്യേകം പ്രത്യേകം ഭൂസ്വത്തുക്കളുണ്ട്. ഗവമ്മേണ്ടിൽനിന്നു കൊല്ലംതോറും ഓരോ ക്ലുപ്തമായ സംഖ്യ മാലിഖാനയായി ഇവക്കൊക്കെക്കൊടുക്കുന്നുണ്ട്. എന്നാൽ, ഇപ്രകാരമുള്ള ഭൂസ്വത്തിന്നും മാലിഖാനും നിദാനം എന്താണെന്നു സ്വല്പം ആലോചിക്കുന്നതായാൽ, ഒരു കാലത്ത് സാമൂതിരിവംശക്കാർ മലയാളരാജ്യത്തിന്റെ കുറെ ഭാഗത്തിന്ന് അധിപന്മാരായിരുന്നു എന്നും, ചില രാജതാന്ത്രികങ്ങളായ കാരണങ്ങളാൽ, പ്രത്യേകിച്ചു കൊല്ലവഷം ൯൦-ാംനൂററാണ്ടിന്റെ ഏതാണ്ട് മദ്ധ്യകാലത്തുണ്ടായ കലാപത്താൽ അവക്കുണ്ടായിരുന്ന ആധിപത്യം ഇല്ലാതായിത്തീന്നുവെന്നും, ഇപ്പൊഴത്തെ ഭരണാധികാരികളായ ബ്രിട്ടീഷ് ഗവമ്മേണ്ടുകാരുടെ ശ്ലാഘനീയമായ നയവിശേഷം നിമിത്തം മേൽപ്പറഞ്ഞ മാലിഖാനും, മററു യോഗ്യതാചിഹ്നങ്ങളും സാമൂതിരിവംശക്കാൎക്ക് ഇന്നും അനുഭവിക്കുവാൻ ഇടവന്നിരിക്കുന്നുവെന്നും നമുക്ക് അറിയാവുന്നതാണ്. ഈ വക മാററങ്ങൾക്കു കാരണഭൂതമായ കലാപകാലത്തു ജീവിച്ചിരിക്കുകയും, അതിന്നുശേഷം, നമ്മുടെ കോവിലകത്തിന്ന് ഇപ്രകാരമുള്ള ശ്രേയസ്സുണ്ടാക്കിത്തിൎക്കുകയും ചെയ്തതായ തിരുമേനിയാണ് പ്രസ്തുത ഉപന്യാസത്തിന്റെ വിഷയീഭൂതയും നമ്മുടെ കിഴക്കെക്കോവിലകശാഖാകുടുംബത്തിന്റെ മൂലമാതാവും ആയ മനോരമത്തമ്പുരാട്ടി. ൯൨൫ മകരമാസത്തിൽ ചോതി നക്ഷത്രദിവസമാണ് തമ്പുരാട്ടിയുടെ അവതാരം. കോഴിക്കോട്ടു തളിയിൽ ക്ഷേത്രത്തിന്നു കുറെ വടക്കുഭാഗം ഇപ്പോൾ ചിന്താവളപ്പ് എന്നു പറയപ്പെടുന്ന ഒരു സ്ഥലത്തിലായിരുന്നു അന്നു കിഴക്കെക്കോവിലകം സ്ഥിതി ചെയ്തിരുന്നതെന്നു ചില ലക്ഷ്യങ്ങളാൽ ഊഹിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, മററു ചില ലക്ഷ്യങ്ങൾ ഇതിന്റെ സ്ഥിതി പന്നിയങ്കരയിലാണെന്നും സൂചിപ്പിക്കുന്നുണ്ട്. വൃദ്ധ മകരം ൯൩൮-ാംനു- നീലേശ്വരത്തുനിന്നു ദത്തുവന്ന തമ്പുരാട്ടിക്ക് ഒരു പുരുഷനും ഒരു സ്ത്രീയും മക്കളായുണ്ടായിരുന്നു. പുരുഷൻ ൯൦൦ ത്തിന്നു മുമ്പും സ്ത്രീ ൯൧൦-ാമത് കൊല്ലത്തിലും അവതരിച്ചു. പൊന്നാനിയിൽ

വെച്ച തീപ്പെട്ടുപോയ ഈ മൂന്നാപ്പ്രാട്ട തമ്പുരാൻ പ്രസ്തുത മനോരമത്തമ്പുരാട്ടിയുടെ അമ്മാമനും, അനുജത്തിയായ മേൽപ്പറഞ്ഞ സ്ത്രീ അവിടത്തെ അമ്മയുമായിരുന്നു. മനോരമത്തമ്പുരാട്ടിയുടെ ജ്യേഷ്ഠന്മാരായി രണ്ടാളുണ്ടായിരുന്നു. ഈ രണ്ടുപേരും പന്നിയങ്കരയിൽവെച്ച മൂന്നാപ്പ്രാട്ടിലെ സ്ഥാനത്തിൽ ഇരുന്നുകൊണ്ടു ക്രമത്തിൽ ൯൬൦ എടവം ൧൩-ാംനു-യും, ൯൬൯ മിഥുനം ൬ ാംനു-യും തീപ്പെട്ടുപോയി. മനോരമത്തമ്പുരാട്ടിയുടെ ജീവകാലം മഹാ ദുർഘടമായ കാലത്താണെന്നു മുമ്പു പറഞ്ഞുവല്ലൊ. എന്നാൽ ഇതുകൊണ്ടും ആയില്ല. തമ്പുരാട്ടി ജനിച്ചിട്ട് ൩ കൊല്ലത്തിന്നുമുമ്പെ അവിടത്തെ അമ്മ തീപ്പെട്ടുപോയി. അവിടത്തെ വലിയമ്മാമനായ സാമൂതിരിപ്പാട്ടതമ്പുരാൻ ൯൪൧-ാമത് കൊല്ലത്തിൽ, ഹൈദരാലിയുമായുണ്ടായ യുദ്ധത്തിൽ തോല്ക്കുമെന്ന് ഏകദേശം തീർച്ചയാക്കുകയും ആ അപജയം കണ്ടു ജീവിച്ചിരിക്കുവാൻ പ്രയാസമാണെന്നു കരുതി പാളയത്തിൽ ഉണ്ടായിരുന്ന വെടിമരുന്നറയിൽവെച്ച തീപ്പെടുകയും ചെയ്തു. അക്കാലത്ത് ആറുവയസ്സുപ്രായമായ നമ്മുടെ തമ്പുരാട്ടിക്കു പറയത്തക്ക സഹായം പൊന്നാനിയിൽനിന്നു തിപ്പെട്ട അവിടത്തെ അമ്മാമൻ മൂന്നാപ്പ്രാട്ടതമ്പുരാൻ മാത്രമായിരുന്നു. കോഴിക്കോട്ടു നഗരം ഹൈദരാലിക്കു സ്വാധീനമായതോടുകൂടി ഈ ശിശുപ്രായമായ തമ്പുരാട്ടി പൊന്നാനിയിൽ ഉള്ള വാകയൂര് കോവിലകത്ത് അവിടത്തെ അമ്മാമനോടൊന്നിച്ച താമസമാക്കുകയാണ് ചെയ്തത്.

അവിടത്തെ ബാലപാഠങ്ങളെല്ലാം പൊന്നാനിയിലുള്ള കോവിലകത്തുവെച്ച നടത്തപ്പെട്ടിരുന്നുവെന്നാണ് ഊഹിക്കുന്നത്. ചെറുപ്പകാലത്തുതന്നെ സാഹിത്യവിഷയത്തിലും ശാസ്ത്രങ്ങളിലും നൈപുണ്യം സിദ്ധിച്ചിരിക്കുന്നുവെന്നും മനോരമ എന്നുപേരായ വ്യാകരണഗ്രന്ഥത്തിൽ അസാമാന്യമായ പഠിപ്പുണ്ടായിരുന്നതിനാൽ തമ്പുരാട്ടിക്കു പ്രസ്തുത പേര് ഉണ്ടായിതീർന്നുവെന്നും ആണ് നാമെല്ലാവരും കേട്ടിരിക്കുന്നത്. സാ

ഹിത്യം, ശാസ്ത്രം ഈ വക പാഠങ്ങൾക്ക് അശേഷം അവസരമൊ സൌകൎയ്യമൊ ഇല്ലാത്തതായ ഈ കലാപകാലത്ത് ഏററവും നിസ്സഹായമായ നിലയിൽ തമ്പുരാട്ടി അവർകൾക്കു സാഹിത്യവിഷയത്തിലും ശാസ്ത്രങ്ങളിലും അനിതരസാധാരണമായ പാടവം ബാല്യകാലത്തുതന്നെ സിദ്ധിച്ചിട്ടുള്ള സംഗതി ഓൎക്കുമ്പോൾ നമുക്കെല്ലാവൎക്കും ഏറാക്കുറെ അത്ഭുതം തോന്നാതിരിക്കയില്ല. അവിടത്തെ സഹജമായ ബുദ്ധിശക്തി അത്രമാത്രം ഉണ്ടായിരുന്നുവെന്നുപറഞ്ഞാൽ മതിയല്ലൊ.

അവിടത്തെ ഭൎത്താവ് വാക്കത്തു ഭട്ടതിരിപ്പാടായിരുന്നു. അവിടേക്കു ൧൫ തിരുവയസ്സായപ്പോൾ, അതായത് ൯൪൨-ാമതു മകരമാസത്തിൽ, തൃക്കേട്ട നക്ഷത്രംകൊണ്ട് ആദ്യത്തെ മകൾ ജനിച്ചു. ൯൫൦-ാമതു കൊല്ലത്തിന്നുമുമ്പെ അവിടത്തെ പ്രിയപ്പെട്ട അമ്മാമനും തീപ്പെട്ടുപോയി. ൯൫൩ തുലാമാസത്തിലാണ് തമ്പുരാട്ടിക്ക് ആദ്യത്തെ പുത്രൻ ഉണ്ടായത്. ഗുരുവായൂർനിന്നു തീപ്പെട്ട അവിട്ടം തിരുനാൾ മൂന്നാംപ്പാടുതമ്പുരാൻ എന്നു പറയപ്പെടുന്ന ദേഹം ഇവിടന്നാകുന്നു. ൯൬൪-ാമത് കൊല്ലം കേരളരാജ്യക്കാൎക്കെല്ലാം ഏററവും ഭയങ്കരമായ ഒരു വത്സരമാകുന്നുവല്ലൊ. ഹൈദരാലിയുടെ മകനായ മൈസൂർക്കടുവ ഈ കൊല്ലത്തിലാണ് കേരളീയരെല്ലാവരെയും ജാതിഭേദം കൂടാതെ ചേലയിൽ കൂട്ടുവാനുള്ള കല്പന പുറപ്പെടുവിച്ചത്. ചെറുപ്രായമായ ഒരു മകളോടും മുലകുടിക്കുന്ന ഒരു പുത്രനോടും സ്വല്പം ചില പരിജനങ്ങളോടുംകൂടിയാണ് നമ്മുടെ തമ്പുരാട്ടി തിരുവിതാംകൂർ സംസ്ഥാനത്തേക്ക് എഴുന്നരുളിയത്. കേരളീയർ എല്ലാവൎക്കും ഏകശരണമായിരുന്ന തിരുവിതാംകൂർ രാജ്യത്തിൽ കുറെ വടക്കുഭാഗത്തുള്ള എണ്ണയ്ക്കാട്ടു കോവിലകത്താണ് തമ്പുരാട്ടിയും പരിജനങ്ങളും താമസിച്ചുപോന്നിരുന്നത്. ഇവിടെ പത്തിലധികം കൊല്ലം അവിടന്ന് എഴുന്നരുളിത്താമസിച്ചു. ഈ കാലത്താണ് അവിടേക്ക് ഏററവും സുഖമായ കാലമായിരുന്നതെന്ന് ഊഹിക്കുവാൻ പല ദൃഷ്ടാന്തങ്ങളും ഉണ്ട്. ഈ കാലത്ത് അവിടേക്കു മൂന്നു സന്താനങ്ങൾ

ജനിച്ചു. ൯൬൬-ാമത് ചിങ്ങമാസം ൬൨-ാംനു-ക്ക കുട്ടിത്തമ്പുരാട്ടി എന്ന രേവതി തിരുനാൾ തമ്പുരാട്ടിയും ൯൬൭ മിഥുനം ൯-ാംനു- കുട്ടുണ്ണിത്തമ്പുരാൻ എന്ന ചോതി തിരുനാൾ ശക്തൻ സാമൂതിരിപ്പാടുതമ്പുരാനും ൯൭൦ ചിങ്ങം ൧൩-ാംനു- കുഞ്ഞമ്മാമനെന്ന പൂരാടം തിരുനാൾ തമ്പുരാനും അവതരിച്ചതോടുകൂടി അവിടേക്ക് ആറുകൊല്ലംകൊണ്ട് ഒരു പുത്രിയും ഹ പുത്രന്മാരും ജനിച്ചു. ൯൭൬ വൃശ്ചികം ൭-ാംനു- അവിടത്തെ പ്രഥമപുത്രിയായ തൃക്കേട്ട തിരുനാൾ തമ്പുരാട്ടിക്കും പുത്രൻ ഉണ്ടായി. അത് ൧൦൩൭-ൽ തീപ്പെട്ടുപോയ അവിട്ടം തിരുനാൾ സാമൂതിരിപ്പാടുതമ്പുരാനായിരുന്നു. ഇങ്ങനെ അഞ്ചു സന്താനങ്ങളോടും ഒരു പൌത്രനോടുംകൂടി ൧൦ കൊല്ലം തിരുവിതാംകൂർസംസ്ഥാനത്ത് അവിടന്ന് സുഖമായി താമസിച്ചു.

ടിപ്പുസുൽത്താനും ഈസ്റ്റ് ഇൻഡ്യാ കമ്പനിയും തമ്മിൽ ശ്രീരംഗപട്ടണത്തു വെച്ചു ക്രിസ്ത്വബ്ദം ൧൭൯൨-ാമാണ്ടിൽ ഒരു സന്ധിക്കരാറ് ഉണ്ടായതോടുകൂടി മലബാർജില്ല മുഴുവനും കമ്പനിയുടെ ഭരണത്തിൻകീഴിൽ ആവുകയും, അതോടുകൂടി ഭയങ്കരമായ കലാപകാലം അവസാനിക്കുകയും സമാധാനചിഹ്നങ്ങൾ ക്രമത്തിൽ വെളുന്നിത്തുടങ്ങുകയും ചെയ്തു. തിരുവിതാംകൂർ രാജ്യത്തിൽനിന്നു കേരളീയർ ഓരോ വഴിക്കു മടങ്ങിത്തുടങ്ങി. മലയാംകൊല്ലം ൯൬൭-ാമതിലാണ് നമ്മുടെ തമ്പുരാട്ടിയും പരിജനങ്ങളും മടങ്ങിപ്പോന്നത്. അപ്പൊഴക്ക് കോഴിക്കോട്ടു നഗരം മുഴുവനും അന്യാധീനപ്പെട്ടിരിക്കുന്നു. അവിടെയുണ്ടായിരുന്ന കോവിലകം എല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. എഴുന്നരുളിത്താമസിക്കുവാൻ എല്ലാംകൊണ്ടും സൌകര്യമുള്ള സ്ഥലം കോട്ടയ്ക്കലെ വെങ്കിട്ടക്കോട്ടയാണെന്നു തമ്പുരാട്ടി തീർച്ചപ്പെടുത്തി. ഈ സ്ഥലം കൊല്ലവർഷം ൯൦-ാം നൂററാണ്ടിന്റെ ആദികാലത്തു തന്നെ കിഴക്കെ കോവിലകം കുടുംബക്കാരുടെ ഉടമസ്ഥതയിലും കൈവശത്തി

ല്പം ആണ് നിന്നിരുന്നത്. ഇപ്രകാരം സംഭവിക്കുവാൻ പ്ര ത്യേകം കാരണവുമുണ്ട്.

വെങ്കിട്ടക്കോട്ട പണ്ടു വള്ളുവനാട്ടുകര രാജാവിന്റെ ഒരു അത്തിക്കോട്ട ആയിരുന്നു. ഈ കോട്ടയുടെ കിഴക്കുഭാഗത്ത് വള്ളുവനാടും, പടിഞ്ഞാറും, തെക്കും ഭാഗങ്ങളിൽ വെട്ടത്തുനാ ടും, വടക്കുഭാഗത്തു ചേറനാടും ആയിരുന്നു. കൊല്ലവഷം ൧൦-ാം നൂററാണ്ടിന്റെ ആദ്യത്തിൽ, പടിഞ്ഞാറൻ ചേറനാട് സാമൂതിരി രാജാവിന്റെ സ്വാധീനത്തിലും, കിഴക്കൻ ചേറ നാടു വള്ളുവനാട്ടുകര രാജാവിന്റെ സ്വാധീനത്തിലും ആയിരു ന്നു. വെട്ടത്തുനാട്ടിലെ രാജാവു വളരെ കാലമായിട്ടു തന്നെ സാമൂതിരി രാജാവിന്നു വലിയ ഒരു ബന്ധുവായിട്ടാണ് നിന്നി രുന്നത്. ഈ വക കാരണങ്ങളാൽ വെങ്കിട്ടക്കോട്ട വള്ളുവനാ ട്ടുകര രാജാവിന്റെ ഒരു അത്തിക്കോട്ടയായി വെക്കപ്പെട്ടതി ൽ ധാരാളം ഔചിത്യം ഉണ്ടെന്നു പറയേണ്ടതില്ല. ഈ കോ ട്ടയിൽ രാജാവിന്റെ അമാത്യനും ഒരു സൈന്യാധിപനുമായ കരുവായൂര് മൂസ്സതായിരുന്നു സൈന്യങ്ങളോടുകൂടി താമസിച്ചു വ ന്നിരുന്നത്. ആ കാലത്ത്, എന്നുവെച്ചാൽ കൊല്ലവഷം ൧൦-ാം നൂററാണ്ടിന്റെ ആദ്യകാലത്ത്, എന്തൊ ചില കാര ണങ്ങളാൽ സാമൂതിരി രാജാവിന്റെ അമാത്യനായിരുന്ന തി നയഞ്ചീരി എളയതും മേൽപ്പറഞ്ഞ മൂസ്സതും തമ്മിൽ ബദ്ധ വൈരമാവുകയും രണ്ടാമത്തു പറഞ്ഞാളുടെ ദുർബ്ബോധനയാലും ഉപായത്താലും വള്ളുവനാട്ടുകര രാജാവു തിനയഞ്ചീരി എളയ തിനെ കൊല്ലുവാൻ ഇടയായിത്തീരുകയും ചെയ്തു. മുമ്പുത ന്നെ വൈരകക്ഷിയിൽ ഇരിക്കുന്ന ഈ രണ്ടു രാജാക്കന്മാർ ത മ്മിൽ ഇതു നിമിത്തം നൂതനമായ ഒരു യുദ്ധം ഉണ്ടായിത്തീ ന്നു. സാമൂതിരി രാജാവ് വലിയ സൈന്യശേഖരത്തോടുകൂടി അന്നു മൂന്നാം സ്ഥാനം അലങ്കരിച്ചിരുന്ന ദേഹവും രാജതന്ത്ര ങ്ങളിൽ അതിനിപുണനും കിഴക്കെക്കോവിലകം ശാഖാകുടുംബ ത്തിലേക്കു ദത്തുവന്ന തിരുമേനിയും ആയ അശ്വതിതിരുനാൾ

തമ്പുരാനവർകളെ (൯൩൩ മേടം ൨൭ ാംനു- തൃശ്ശിവപേരൂരിൽ വെച്ചു തീപ്പെട്ടുപോയ സാമൂതിരിപ്പാടു തമ്പുരാൻ) കരുവായൂര് മൂസ്സതവർകൾ താമസിച്ചുപോന്നിരുന്ന വെങ്കിട്ടക്കോട്ടയും വള്ളുവനാട്ടുകര രാജ്യവും ആക്രമിക്കേണ്ടതിന്ന് അയച്ചു. അന്നു യുദ്ധസാമത്ഥ്യം കുറെ അധികം ഉണ്ടായിരുന്ന പാറമംത്തിൽ നമ്പിയേയും ഒപ്പം അയച്ചിരുന്നു. മൂന്നാം രാജാവിന്നു വെങ്കിട്ടക്കോട്ട പിടിക്കുവാൻ അധികം പ്രയാസം കൂടാതെ സാധിച്ചു. എന്നാൽ വള്ളുവനാട്ടുകരേക്കു പുറപ്പെട്ടു കൊളത്തൂക്കിപ്പുറമുള്ള പടപ്പറമ്പിൽ വെച്ച് ഉണ്ടായ യുദ്ധത്തിൽ വലിയ ജയം സിദ്ധിച്ചില്ലെങ്കിലും, കൊളത്തൂരുവരെയുള്ള വള്ളുവനാട്ടു രാജ്യവും മലപ്രം വരെയുള്ള കിഴക്കൻ ചേറനാടും സ്വാധീനമാക്കുവാൻ അവിടേക്കു സാദ്ധ്യമായി. കട്ടവിൽ, തൃക്കഴിയെക്കാട്ടുമഠം സ്വാമിയാരുടെ മദ്ധ്യസ്ഥതയിൽ രണ്ടു രാജാക്കന്മാർ തമ്മിൽ തൽക്കാലം സന്ധിയായതിനാൽ, ഏതാനും സൈന്യങ്ങളെ വെങ്കിട്ടക്കോട്ടയിലും കുറെ സൈന്യങ്ങളെ നമ്പിയുടെ കീഴിൽ മലപ്രത്തും സ്ഥാപിച്ചതിന്നുശേഷം, മൂന്നാംരാജാവവർകൾ കോഴിക്കോട്ടേക്കു മടങ്ങി വത്തമാനമെല്ലാം സാമൂതിരിരാജാവിനെ അറിയിച്ചു. പുതുതായി സ്വാധീനമായ രാജ്യങ്ങളിൽ വെങ്കിട്ടക്കോട്ട മുതൽ കൊളത്തൂർ വരെയുള്ള ഭൂമികൾ കരുവായൂര് മൂസ്സതിൻെറ ജന്മവും കൈവശവും ആയിരുന്നു. ഈ ഭൂമികൾ എല്ലാം പണ്ടാരവകയാക്കുകയും ഈ വയലുകളിൽ കൂടി കിഴക്കുപടിഞ്ഞാറ് ഒഴുകുന്ന ദീൎഘമായ തോടിൻെറ വടക്കെക്കരയിലുള്ള വഹകളെല്ലാം സാമൂതിരി കോവിലകം സ്ഥാനത്തേക്കും, അതിൻെറ തെക്കെക്കരയിലുള്ള വഹകളും വെങ്കിട്ടക്കോട്ടയും പ്രസ്തുത മൂന്നാം രാജാവിൻെറ ശാഖാകുടുംബമായ കിഴക്കെക്കോവിലകത്തേക്കും സാമൂതിരിരാജാവവർകൾ പൂൎണ്ണമായ തിരുമനസ്സാലെ ഭാഗിച്ചു വെക്കുകയും ചെയ്തു. ഇപ്രകാരമാണ് വെങ്കിട്ടക്കോട്ടയും അടുത്തുള്ള ഭൂമികളും കിഴക്കെക്കോവിലകം വകയായിത്തീൎന്നത്.

മനോരമത്തമ്പുരാട്ടി അവർകൾ സ്വല്പം ചില പരിവാരങ്ങളോടും സ്വന്തം സന്താനങ്ങളോടുംകൂടി ൯൬൫-ാമത് കൊല്ലത്തിൽ ആദ്യമായി വെങ്കിട്ടക്കോട്ടയിൽ താമസമാക്കിയപ്പോൾ, ഈ ദിക്കിലെ സ്വഭാവം ഏതാണ്ടു കാട്ടുപ്രദേശങ്ങളിലെ സ്വഭാവംപോലെ ആയിരുന്നുവത്രെ. കലാപം നിമിത്തം ജനങ്ങൾ മിക്കതും ഓടിപ്പോയിരുന്നുവല്ലൊ. ഭൂമികൾ കൃഷി ചെയ്വാൻ തന്നെ ആളുകൾ ഇല്ല. അക്രമികളായ മാപ്പിളമാരുടെ ഭയം ധാരാളം ഉണ്ടായിരുന്നു. ഭൂമി കൈവശം വെച്ചുപോന്നിരുന്ന ചില മാപ്പിളമാരായ കൃഷിക്കാർ ടിപ്പുവിന്റെ കലാപക്കാലങ്ങളിൽ ആർക്കും പാട്ടം കൊടുക്കാതെ ഭൂമി സ്വന്തം ജന്മംപോലെ അനുഭവിച്ചുപോന്നിരുന്നു. കലാപത്തിന്നുശേഷം, കമ്പനിക്കാരുടെ ഭരണനൈപുണ്യത്താൽ സമാധാനം ക്രമത്തിൽ ഉണ്ടായിത്തീൎന്നുവെങ്കിലും, അതിന്നിടയിൽ പ്രജകൾ അനുഭവിച്ചുപോന്നിരുന്ന കഷ്ടതയ്ക്കും ബുദ്ധിമുട്ടിന്നും ഒരു കയ്യും കണക്കും ഉണ്ടായിരുന്നില്ല. തിരുവിതാംകൂറിൽനിന്നു പോന്നു വെങ്കിട്ടക്കോട്ടയിൽ താമസമാക്കിയതിന്നു ശേഷം, തമ്പുരാട്ടി അവർകൾക്ക് ഈ വക ദുൎഘടകാൎയ്യങ്ങളിൽ ശ്രദ്ധ വെച്ചുകൊണ്ടിരിക്കുകയല്ലാതെ, സ്വന്തം വാസനാനുരൂപമായ സാഹിത്യത്തിലൊ ശാസ്ത്രങ്ങളിലൊ തിരുമനസ്സു വെക്കുവാൻ സാദ്ധ്യമായില്ല. എന്നാൽ അവിടത്തെ ദ്വിതീയപുത്രനായ ചോതിതിരുനാൾ തമ്പുരാന് (൯൮൫ മിഥുനം ൧൨-ാംനു തീപ്പെട്ടുപോയ ശക്തൻ സാമൂതിരിപ്പാട്ടു തമ്പുരാൻ) പ്രായം വന്നതോടുകൂടി തമ്പുരാട്ടി തിരുമനസ്സിലേക്കു സ്വാസ്ഥ്യം ഉണ്ടായിത്തീരുകയും, ൯൭൨-ാമതു കൊല്ലത്തിൽ, എന്നുവെച്ചാൽ മേൽപ്പറഞ്ഞ തമ്പുരാനവർകൾക്കു ൩൨ തിരുവയസ്സു ചെന്നപ്പൊൾ, അവിടത്തെ കുടുംബകാൎയ്യത്തിൽ ഏൎപ്പെടുത്തുകയും ചെയ്തു. അപ്പൊഴയ്ക്കു തമ്പുരാട്ടിക്ക് ൫൬ തിരുവയസ്സു ചെന്നിരിക്കുന്നു. അതുവരെ കുടുംബസംരക്ഷണത്തിന്റെ ഭാരമെല്ലാം അവിടന്നുതന്നെ ആണ് നിവൎത്തിച്ചുപോന്നത്. അതിന്നു ശേഷം, മേൽ

പ്പറഞ്ഞ ചോതി തിരുനാൾ തമ്പുരാൻ നമ്മുടെ കുടുംബാ വക കാൎയ്യങ്ങളെല്ലാം ഏറാവും പ്രശസ്തമായ സമ്പ്രദായത്തിൽ നടത്തിപ്പോരികയും തത്സംബന്ധമായ റിക്കാർട്ടുകളും കണക്കുകളും വെടുപ്പാക്കി വരികയും ചെയ്തു. തമ്പുരാട്ടി അവർകൾക്ക് ൧൦൦൦-ാമത് കൊല്ലത്തോടുകൂടി അമ്പാടിക്കോവിലകത്തു വലിയ തമ്പുരാട്ടിയുടെ സ്ഥാനം ലഭിക്കുകയും ൧൦൦൨ എടവം ൧൧-ാംനു- മകം നക്ഷത്രദിവസം അവിടന്ന് ചരമഗതിയെ പ്രാപിക്കുകയും ചെയ്തു.

നമ്മുടെ കിഴക്കെക്കോവിലകം ശാഖാകുടുംബത്തിന്റെ കുലമാതാവായ മനോരമത്തമ്പുരാട്ടിയുടെ ജീവചരിത്രം ചുരുക്കത്തിൽ ഇവിടെ പറഞ്ഞു കഴിഞ്ഞു. ഇന്നു ഈ കുടുംബത്തിൽ ജീവിച്ചിരിക്കുന്ന എല്ലാസ്ത്രീപുരുഷന്മാരും ഈ തമ്പുരാട്ടിയുടെസന്താനങ്ങളാകുന്നു. അവിടത്തെ പെൺമക്കളായ ൧൦൧൪ മിഥുനം ൧൭-ാംനു- തീപ്പെട്ടുപോയ തൃക്കേട്ട തിരുനാൾ വലിയ തമ്പുരാട്ടിയുടെയും ൧൦൨൧ തുലാം ൧൬-ാംനു- തീപ്പെട്ടുപോയ കുട്ടിത്തമ്പുരാട്ടി എന്ന രേവതി തിരുനാൾ അമ്പാടിക്കോവിലകത്തു തമ്പുരാട്ടിയുടെയും ഇങ്ങനെ രണ്ടു തമ്പുരാട്ടിമാരുടെ സന്താനങ്ങളല്ലാതെ വേറെആരും ഈ കോവിലകത്ത് ഇല്ലെന്നു നമുക്കു അറിയാമല്ലൊ. സാഹിത്യവിഷയത്തിലും ശാസ്ത്രവിഷയത്തിലും മനോരമത്തമ്പുരാട്ടിക്കു പ്രകൃത്യാ ഉണ്ടായിരുന്നതായ വാസനയും സാമൎത്ഥ്യവും ആവാമെന്നുള്ളിടത്തോളം പ്രകാശിപ്പിക്കുവാൻ ഇടയായില്ലെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. അവിടത്തെ ജീവകാലം ഏററവും ദുൎഘടമായ കലാപകാലത്തായിരുന്നില്ലെങ്കിൽ, എണ്ണപ്പെട്ട ശാസ്ത്രഗ്രന്ഥങ്ങളും വിശേഷമായ സാഹിത്യ പുസ്തകങ്ങളും അവിടത്തെ കൃതികൾ വിഷയമാകുമായിരുന്നു. എന്നാൽ സാഹിത്യ വിഷയംപോലെതന്നെ കാൎയ്യവിഷയത്തിലും അവിടത്തെ ബുദ്ധിയെ പ്രശസ്തമായ വിധത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നുള്ളതിന്നു പല ലക്ഷ്യങ്ങളും നമുക്കുണ്ടു.

കെ. സി. മാനവിക്രമൻ രാജാ.

# ഭാരതി.

---

'അന്യഥാ ചിന്തിതാകാൎയ്യംദൈവമന്യത്ര ചിന്തയേൽ'.

നേരം പ്രഭാതമായി. കിഴക്ക നിന്നും കുളൎകാററടിക്കു ന്നുണ്ട്. ഇരുട്ടും കുറഞ്ഞു വരുന്നു. അരുണോദയം കൊണ്ട് കിഴക്കുദിക്ക ചുവന്നു. വൃക്ഷങ്ങളിൽ ഇരുന്ന് ചെറുപക്ഷികൾ മനോഹരമായി ശബ്ദിക്കുന്നു. കാറേററാട്ടുന്ന വൃക്ഷങ്ങളിൽനിന്നു ഒരോ വിധത്തിലുള്ള ശബ്ദം പുറപ്പെട്ടുന്നതു പക്ഷികളുടെ മനോഹര ഗാനത്തിനു ശ്രുതിഎന്നപോലെ കേൾക്കുന്നു. കാട്ടുകോഴികൾ അത്യുച്ചത്തിൽ കൂകുന്നു. ചെറു മൃഗങ്ങൾ സുഖവിഹാരത്തിനായിപ്പുറത്തിറങ്ങി സഞ്ചരിച്ചു തുടങ്ങി. യൌവനയുക്തയായ ഒരുസ്ത്രീയും ദേഹമാസകലം വസ്ത്രം കൊണ്ടുമൂടി ജനവാസമില്ലാത്ത ആ വനത്തിൽക്കൂടി മന്ദമന്ദം യാത്രചെയ്യുന്നു. അവരുടെ കയ്യിൽ ഇരിക്കുന്ന ശിശുവിനെ വസ്ത്രം കൊണ്ടു മൂടി മാറോടു ചേൎത്തു ശീതബാധകൾ എൽക്കാതെ രക്ഷിച്ചിരുന്നു. ഏകദേശം യൌവനദശയെ അതിക്രമിച്ച ഒരു ഭൃത്യൻ കാണിച്ചുകൊടുത്ത വഴിയിൽക്കൂടി ഏതാനും ദൂരം ആ സ്ത്രീ നടന്നു. പ്രഭാതപ്രകാശത്തിൽ ശിശുവിൻെറ മുഖം കണ്ടു മാതാവിൻെറ നയനങ്ങളിൽ നിന്നു അശ്രുക്കൾ ധാരയായിപ്പൊഴിയുന്നുണ്ട്.

കാട്ടുവഴിക്കരികിലുള്ള പാറപ്പുറത്തു സ്ത്രീ തളൎന്നിരുന്നു. ശിശുവിൻെറ മുഖത്തു നോക്കുന്തോറും സ്ത്രീക്കു ദുഃഖം സഹിക്കാൻ പാടില്ലാതെ ആയി. അവൾ ദുഃഖപരവശയായി കാരോന്നു പറയുകയും കൂടെക്കൂടെ കുട്ടിയെ ചുംബിക്കയും ചെയ്തു കൊണ്ടിരുന്നു. 'ദൈവമെ! എൻെറ കുട്ടിയുടെ സ്ഥിതി ഈ വിധത്തിലായല്ലൊ. ഈ തണുത്തകാറേററു കുട്ടിയുടെ മുഖം വിളറിയിരിക്കുന്നല്ലൊ. ഈശ്വര! ഞങ്ങളെ ഈ ആപത്തിൽ നിന്നും രക്ഷിച്ചു കൊള്ളണെ. എൻെറ മകനെ! നിന്നെ ഈ മഹാ

പാപിയുടെ വയററിൽക്കൊണ്ടു ജനിപ്പിച്ചുവല്ലൊ. ഞാൻ യാതൊരു ജീവിക്കും യാതൊരപരാധവും ചെയ്തിട്ടില്ലല്ലൊ; പിന്നെ എന്നെ എന്താണ് ഈ വിധം സങ്കടപ്പെടുത്തുന്നത്? ഓമനെ! നിൻെറ അമ്മാവനുണ്ടായിരുന്നെങ്കിൽ, നിന്നെ പരിചരിക്കാനും ഓമനിക്കാനും ഇപ്പൊൾ എത്രപേർ ഉണ്ടായിരിക്കുമായിരുന്നു. അദ്ദേഹത്തെ ദ്രോഹിച്ച മഹാപാപിക്കാണല്ലൊ പിന്നെയും ദൈവം സഹായിക്കുന്നത്. പ്രസവിച്ച പത്തു ദിവസം ആയപ്പൊഴക്കും ഈ കാട്ടിലെ കാററും തണുപ്പും എററു നടപ്പാനാണല്ലൊ തലയിലെഴുതി വിട്ടത്. എൻെറ ഈശ്വര! എൻെറ കുഞ്ഞിനു ശക്തിയുണ്ടാക്കണെ! ഞാൻ ഇനി എത്രനാളാണ് ഈ കൊടുങ്കാട്ടിൽ കഴിച്ചുകൂട്ടേണ്ടത്. എൻെറ ഓമനെ! നിന്നെ എത്രനാൾ ഞാനിങ്ങനെ കഷ്ടപ്പെടുത്തേണ്ടിവരും! കാട്ടിലെ ഈ കൂത്തുകല്ലിൽക്കൂടി എനിക്കു നടക്കുവാനരുതാതെ ആയി. ഈ ഭാഗ്യഹീനയെ സഹായിച്ച അദ്ദേഹത്തിനെ ആ ദ്രോഹികൾ എന്തു ചെയ്യുമൊ? ഇനി എങ്കിലും ആ പാപിക്ക് നല്ല മനസ്സുതോന്നണേ, എൻെറ ദൈവമെ!'

ഇങ്ങനെ സങ്കടപ്പെട്ടു കൊണ്ടിരിക്കുന്ന സ്ത്രീയുടെ അടുക്കൽ ഭൃത്യൻവന്ന്, വളരെ ഉപചാരത്തിൽ, 'ഇനികുറേശ്ശെ നടക്കു. ഇങ്ങനെ സങ്കടപ്പെടരുതെ. ഇനി അധികം ദൂരം ഇല്ല.' എന്ന് അറിയിച്ചു.

മാധവി അമ്മയ്ക്കു ഈ പറയുന്നകാലത്തു പതിനെട്ടു വയസ്സുപ്രായമേ ഉള്ളു. പ്രസവിച്ച് അധികം ദിവസം ആകുന്നതിന്നു മുമ്പെ കുഞ്ഞിനെ എടുത്തും കൊണ്ടു വളരെ ദൂരം നടന്നിട്ടും, മുഖത്തുനിന്നും സ്ഫുരിക്കുന്ന ആ ശോഭാവിശേഷം ആരേയും അത്ഭുതപ്പെടുത്തത്തക്കതായിരുന്നു. അവരുടെ വസ്ത്രങ്ങളും അതുകളെ ധരിച്ചിരുന്നരീതിയും കണ്ടാൽ, അവർ ഒരു മാന്യ കുടുംബത്തിൽ പൂജ്യസ്ഥാനത്ത് ഇരുന്നിരുന്നവരാണെന്നു നിശ്ചയിക്കുന്നതിന്നു യാതൊരു പ്രയാസവു മുണ്ടായിരുന്നില്ല.

'കിട്ടുശ്ശാരെ! ഇനി ആ സ്ഥലത്തേക്കു എത്ര ദൂരമുണ്ട്?'

ഒരു നാഴികയിലധികമില്ല. നമ്മൾ താമസിച്ചാൽ അവർ പരിഭ്രമിക്കും.

ഇതുകേട്ട് അവർ വീണ്ടും നടന്നു തുടങ്ങി. ആ വനാന്തരത്തിൽക്കൂടി കുറെ പോയപ്പോൾ, ഒരു ചെറു പുഴയും അതിനരികിലായി, ചെറുതെങ്കിലും വൃത്തിയുള്ളതും പുതുതായി നിർമ്മിച്ചതുമായ ഒരു ഭവനവും ഉണ്ട്. അവിടെ നിന്നും ഒരു വൃദ്ധനും വൃദ്ധയും കൂടിവന്നു ഇവരെ ഉപചരിച്ചു ഭവനത്തിലേക്കു കൊണ്ടുപോകയും ചെയ്തു.

ഈ കഥ നടന്ന കാലത്തു സാലപുരം ഗ്രാമത്തിൽ ശ്രീരംഗം എന്നൊരു ഗൃഹമുണ്ടായിരുന്നു. ഈ കുടുംബക്കാർ അനേക ശതവർഷങ്ങളായി വളരെപ്രാബല്യത്തിലാണ് ഇരുന്നത്. പൂർവ്വകാലത്ത് ആകുടുംബത്തിലെ കാരണവന്മാർ, 'കൊല്ലും കുലയും അടക്കി' വാണിരുന്നവരും പ്രസ്താവകാലത്ത് ഉണ്ടായിരുന്ന പഞ്ചായത്തു കോർട്ടിൽ അവർ അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നവരും ആയിരുന്നു. ഒടുവിൽ ആ കുടുംബത്തിൽ ഒരു വൃദ്ധനും ഒരു മരുമകളും ശേഷിച്ചു. വലിയ യജമാനൻ എന്നു ജനങ്ങൾ ആദരപൂർവ്വം വാഴ്ത്താറുള്ള കാരണവരുടെ ശുദ്ധഗതി കൊണ്ടു പ്രായാധിക്യത്തോടുകൂടി, കുടുംബത്തിൻെറ ഓജസ്സ് അല്പമൊന്നു ശമിച്ചു. ഒരു ദിവസം രാത്രി പെട്ടന്നു വലിയ യജമാനൻ ഇഹലോകവാസം വെടിഞ്ഞതോടുകൂടി ഓജസ്സ് അസ്തമിച്ചതായും തോന്നി.

ശ്രീരംഗത്തു കുടുംബത്തിൽനിന്നും ഒരു നൂറു വർഷത്തിനു മുമ്പ് ഭാഗം പിരിഞ്ഞുപോയ കോന്തിയത്തു ഭവനത്തിലെ കേളരു ശ്രീകണ്ഠമേനവൻ ഉദിച്ചുയരുന്ന പ്രഭാകരനെപ്പോലെ അക്കാലത്തു പ്രബലനായി വന്നിരുന്നു. വലിയ യജമാനൻെറ മരണശേഷം, ശ്രീകണ്ഠമേനവൻ ശ്രീരംഗം ഭവനവും സ്വത്തും അടക്കി ഭരിക്കുന്നതിനു ശ്രമിച്ചുവന്നു.

ശ്രീരംഗം ഭവനത്തിലെ ഏകസന്താനമായ യുവതിക്കു

അക്കാലത്ത് പതിനാറു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. കാരണവരുടെ മരണത്താൽ അശരണയായ ആ സ്ത്രീരത്നം ശ്രീകണ്ഠമേനവന്റെ ധൂർത്തിനും സ്വാതന്ത്ര്യത്തിനും കീഴൊതുങ്ങുകയും വളരെ ക്ലേശിക്കയും ചെയ്തു.

ഇക്കാലത്ത് ശ്രീകണ്ഠമേനവൻ, സ്വസഹോദരിയായി ഭാവിച്ചുവന്ന ഈ യുവതീരത്നത്തിനു, തന്റെ കൃത്രിമപ്പണികൾക്കെല്ലാം സഹായിയായിരുന്ന ഒരു സ്നേഹിതൻ വരനായി വരാൻ ഉത്സാഹിച്ചുവന്നു. എന്നാൽ സ്ത്രീയുടെ അപ്രിയം മൂലം അതു തല്ക്കാലം നടന്നില്ല. എന്നാലും, ശ്രീകണ്ഠമേനവൻ ഭഗ്നോത്സാഹനാകാതെ അവരെ അനുസരിപ്പിക്കുവാൻ തന്നെ ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഇരിക്കുന്ന കാലത്ത് ഒരു ദിവസം, ആ സ്ത്രീരത്നം ഒരു പുരുഷപ്രജയെ പ്രസവിച്ചിരിക്കുന്നു എന്നു ശ്രീകണ്ഠമേനവൻ കേൾക്കുകയും, തനിക്കു പുതിയതായി സിദ്ധിച്ച പദവിയുടെ ഏകതടസ്ഥമായിരുന്ന സ്ത്രീയിൽനിന്നും തന്റെ മാന്യകുടുംബത്തിന് ഒരിക്കലും തീരാത്തതായ അവമാനം വന്നതോർത്തു തീവ്രമായി കോപിക്കയും, അവളെ നാമാവശേഷയാക്കി തനിക്കുള്ള രണ്ടു കുറവുകളേയും സംഹരിക്കുന്നുണ്ടെന്നു ശപഥം ചെയ്കയും ചെയ്തു. ശ്രീകണ്ഠമേനവന്റെ ഭാഗ്യവൃത്തികൊണ്ടോ, അയൽക്കാരുടെ പ്രാർത്ഥനാബലംകൊണ്ടോ ശ്രീകണ്ഠമേനവന് അതു നിഷ്പ്രയാസം സാധിച്ചു. പ്രസവിച്ചു പത്താം ദിവസം രാത്രി സ്ത്രീയേയും കുട്ടിയേയും കാണാതെ ആയിരിക്കുന്നു എന്നു ശ്രീകണ്ഠമേനവൻ അറിഞ്ഞ് ശ്രീരംഗത്തു ഭവനത്തിൽ ചെന്ന് എല്ലാം പരിശോധിക്കയും സർവ്വവും സ്വായത്തമാക്കി സർവ്വസ്വാതന്ത്ര്യമായി ഭരണം തുടങ്ങുകയും ചെയ്തു. ആയിടക്ക് ഒരു ദിവസം അദ്ദേഹം കാര്യസ്ഥൻ നാണുപിള്ളയോട് 'എടൊ! നാണുപിള്ളെ! തന്നെ ഏല്പിച്ചിരുന്ന കാര്യം എന്തായി?' എന്നു ചോദിച്ചു.

നാണുപിള്ള—'വിചാരിപ്പുകാരുമായി ഒരാണ്ടത്തെ വരവു തിട്ടപ്പെടുത്തി.'

ശ്രീ.—'വരവെന്തുണ്ട്?'

നാണു— 'ആണ്ടിനാൽ ലക്ഷത്തിരെപത്തയ്യായിരപ്പറ നെല്ലും അറുപത്തേഴായിരം ഉറുപ്പികയും.

ശ്രീക—(അത്യാഹ്ലാദത്തോടുകൂടി) 'വിചാരിപ്പുകാരൻ വിശ്വസ്ഥനാണെന്ന് എനിക്ക തോന്നുന്നില്ല. ഞായറ്റിലെ ആ സ്ത്രീയുടെ സഹോദരൻ അച്യുതനെ ആ ജോലിക്ക നിയമിക്കേണം.'

നാണു— 'മുമ്പുള്ള കാര്യസ്ഥന്മാരെ എല്ലാം മാററിയില്ലെങ്കിൽ ചില ദോഷങ്ങളെല്ലാം ഉണ്ടാകാം. നമുക്ക് ആദ്യം മരുന്നു തന്ന വൈദ്യൻെറ മകൻ ഒരു പയ്യനുണ്ട്. അവനും പത്തു പതിനെട്ടു പ്രായമുള്ള അവൻെറ സഹോദരിയുണ്ടല്ലൊ. അവളും, ഈയിടെ അവർ പണിയിച്ച പുതിയ വീട്ടിലേക്ക മാറിത്താമസിച്ചിട്ടു രണ്ടു ദിവസമായി. ഞാൻ ഇന്നലെ യജമാനൻ പറഞ്ഞിട്ട് എന്നും പറഞ്ഞ് ആ വീട്ടിൽ പോയിരുന്നു. അവൾ ബഹു സാമർത്ഥ്യക്കാരി തന്നെ. യജമാനൻെറ വിശേഷം എല്ലാം ചോദിച്ചു. അവൾക്കെല്ലാം ഈ ഭാഗ്യത്തിൽ വളരെ സന്തോഷമുണ്ട്. ഇത്തവണ നാം പറഞ്ഞേല്പിച്ചിരുന്ന ആ മരുന്നും തയാറായിരിക്കുന്നു എന്ന് അവൾ പറഞ്ഞു.'

ശ്രീകണ്ഠ—'ആ മരുന്നില്ലാതെ തന്നെ ഒഴിഞ്ഞുപോയല്ലൊ; തല്ക്കാലം അതു വാങ്ങിക്കേണ്ട.'

നാണു—'ഞാനും അങ്ങനെതന്നെ പറഞ്ഞു. ആ പയ്യനെ ഒരു ദേശവഴിയിലെ കാര്യസ്ഥനാക്കിയാൽ കൊള്ളാം.'

ശ്രീക—'അതുകൊള്ളാം. ഞാനതു വിചാരിക്കാതിരുന്നില്ല. എടോ! ഒരു കാര്യം മറക്കരുത്. ഈ കുടുംബത്തിൽ കൊള്ളാത്ത ബാധ! തുലഞ്ഞോ? വല്ലിടത്തും ഒളിച്ചോ? അക്കാര്യം എപ്പോഴും ഓർത്തിരിക്കേണം.'

നാണു—'അതോർമ്മയുണ്ട്. ശ്രീരംഗം വക ചില പുരയിടങ്ങളുടെ അതൃത്തിയെ സംബന്ധിച്ച ചില തക്കങ്ങളുണ്ടായിരിക്കുന്നു എന്നും, അയൽവസ്തുവുടമസ്ഥന്മാർ അവകാശം പറ

ഞ്ഞു കയ്യേററം ചെയ്തിരിക്കുന്നു എന്നും പാട്ടക്കാർ പറഞ്ഞതായി കാൎയ്യസ്ഥൻ പറഞ്ഞു.'

ശ്രീക—'എന്താഭാസനാണ് അങ്ങനെ ചെയ്തത്? കാലം പഴയതല്ലെന്ന് അവക്ക് ഓൎമ്മയില്ലെ? ഞാൻ അങ്ങോട്ടുപോയി നോക്കിക്കളയാം—അല്ലെങ്കിൽ, അതുവേണ്ട— ഞാൻ പറഞ്ഞതായി മമ്മതാലിയോട് പറയേണം. അവൻ ഇങ്ങോട്ടു വരാൻ—ഒരാടിനേയുംകൂടി കൊണ്ടുവരാൻ പറഞ്ഞേക്കു. അവൻ ഒരു എട്ടാളിനേയും കൂട്ടിക്കൊണ്ടുപോയി അതിനു ശരിയായി ഇടവരുത്തട്ടെ.'

നാണു— 'അതുതന്നെ കൊള്ളാം. ഞാൻ പറഞ്ഞയയ്ക്കാം.'

ശ്രീകണ്ഠ— 'എനിക്കു പിന്നെയും മറെറക്കാൎയ്യത്തിലാണ് സംശയം. അതിലെന്തോ കൌശലം ഉണ്ട്. അവരും മരിച്ചിരിക്കയില്ല. താൻ മനസ്സുവെച്ച് ആലോചിക്കു. അന്നത്തെ അാച്ചടിയോല പ്രമാണം ഉണ്ടാക്കാൻ തനിയ്ക്കു എത്രനിമിഷംകൊണ്ടു സാധിച്ചു. ഇക്കാൎയ്യത്തിൽ തന്റെ ബുദ്ധി എന്തുകൊണ്ടു ചെല്ലാതിരിയ്ക്കുന്നു. കുലത്തിനു പേരുദോഷം വരുത്തിയ ആ ആട്ടക്കാരിയ്ക്ക് ആരോ ഒരു നല്ല സഹായി ഉണ്ടായിരിയ്ക്കണം. ആ കുഞ്ഞ് അവന്റെ മകനായിരിക്കണം. അതോ, തെണ്ടിത്തിരഞ്ഞു വല്ലിടത്തും പോയോ?

നാണു—'എന്റെജമാനനെ! അതിനു തക്ക ഉറപ്പുള്ളവൻ ഈ നാട്ടിൽ ആരുണ്ട്. എവിടെയോ നാടുവിട്ടുപോയി. അതാണ് നല്ലതെന്ന് അവക്ക് അറിഞ്ഞുകൂടെയോ? എന്നാലും അതിനെക്കുറിച്ചു അന്വേഷിയ്ക്കാൻ വേണ്ടെയപ്പാടു ചെയ്തിട്ടുണ്ട്. അന്വേഷണവും മുറയ്ക്കു നടന്നുവരുന്നു.'

ശ്രീക—'കാസിമും കൂട്ടരും അന്നുതന്നെ തിരയാൻ പോയിട്ടുണ്ട്. കണ്ടുകിട്ടിയാൽ ആ നിമിഷം തള്ളയേയും പിള്ളയേയും സുമാറാക്കും എന്നുള്ള സമാധാനമുണ്ട്. അവർ ജീവിച്ചിരിയ്ക്കുന്നാപക്ഷം നമ്മുടെ സ്വാതന്ത്ര്യത്തിനു ഉറപ്പില്ല.'

അക്കാൎയ്യത്തെക്കുറിച്ചു അവർ വീണ്ടും ഓരോന്നാലോചിയ്ക്കുകയും അതിലെല്ലാം നാണുപിള്ളയുടെ യുക്തി ജയിയ്ക്കുകയും

ചെയ്തു. കടവിൽ നാണുപിള്ള മമ്മതിനെക്കാണാൻ പോയി.

ശ്രീരംഗം ഭവനത്തിൽനിന്നും അധികം ദൂരത്തല്ലാതെ മാന്തോട്ടത്തിൽ എന്നൊരു ഗൃഹം ഉണ്ടായിരുന്നു. സ്ഥാനമാനമോ ശിക്ഷാരക്ഷയോ ഇല്ലായിരുന്നെങ്കിലും, ആഭിജാത്യത്തിൽ ആ കുഡുംബക്കാൎക്കും മറ്റേ വീട്ടുകാരിലും ഒരു കുറവുണ്ടായിരുന്നില്ല. ഗൃഹനായകൻ മാധവമേനോൻ സത്യസന്ധനും ദൈവഭക്തനും ഒരു വിദ്വാനും ആയിരുന്നു. വൈദ്യശാസ്ത്രത്തിലുള്ള അസാമാന്യപാടവംമൂലം വിദേശങ്ങളിലും അദ്ദേഹത്തിന്റെ പ്രസിദ്ധി ഈ യൌവനകാലത്തുതന്നെ വ്യാപിച്ചിരുന്നു. കാലക്ഷേപത്തിന്ന ധാരാളം സ്വത്തുണ്ടായിരുന്നു എന്നല്ലാതെ അദ്ദേഹത്തെ ഒരു ധനവാൻ എന്നു പറഞ്ഞുകൂടാ; കുഡുംബത്തിൽ ആൾച്ചുരുക്കം ഉണ്ടായിരുന്നതുകൊണ്ടു നിത്യവൃത്തിക്ക് അശേഷം ഞെരുക്കം ഉണ്ടായിരുന്നില്ല. കുഡുംബാംഗങ്ങളായി മൂത്ത ഒരു സഹോദരിയും രണ്ടു മരുമക്കളും മാത്രമാണുണ്ടായിരുന്നതു. ഇതിന്നുപുറമെ, ഒരു ഭൃത്യനും ഒരു ബാലനും അവിടെ വിശേഷാൽ താമസമുണ്ട്. മാധവമേനോന്നു മുപ്പതുവയസ്സുകഴിഞ്ഞിട്ടും അദ്ദേഹം വിവാഹം ചെയ്തില്ല; അതിലേയ്ക്കു സഹോദരി ലക്ഷ്മി അമ്മ ശ്രമിച്ചതെല്ലാം വിഫലമാകുകയാണ് ചെയ്തത്. മൂത്ത അനന്തിരവൻ കുമാരന് ഇപ്പോൾ പത്തുവയസ്സുപ്രായമായി. അവൻ കണ്ടാൽ നല്ലവനും ഒരു വിനോദപ്രിയനും ആണ്. മരുമകൾക്ക് അഞ്ചുവയസ്സേ പ്രായമായിട്ടുള്ളു. പ്രായത്തിനെക്കവിഞ്ഞ ബുദ്ധിയും പ്രസരിപ്പും ഇപ്പോൾതന്നെ ഉണ്ട്. ഭാരതിക്കുട്ടി എന്നാണ് പേരെങ്കിലും, ഈ കുട്ടി പ്രായത്തിലും അതിരുകവിഞ്ഞു വഴിഞ്ഞിരുന്ന സൌന്ദൎയ്യത്തികവിനാൽ മാധവമേനോൻ രതി എന്നും ചിലപ്പോൾ വിളിക്കാറുണ്ട്. അവിടെ വിശേഷാൽ താമസമുള്ള ബാലന്റെ പേർ കരുണാകരൻ എന്നായിരുന്നു. ബാല്യത്തിലെതന്നെ ആ ബാലൻ, ശാന്തനും വിനീതനും ബുദ്ധിമാനും സുമുഖനുമായിരുന്നു. ഇപ്പോൾ എട്ടുവയസ്സു പ്രായമുണ്ട്. മൂന്നുവൎഷം മുമ്പു മാ

ധവമേനോൻ, തിരുവനന്തപുരത്തുപോയി വരുന്നവഴിയ്ക്കു, കൊല്ലത്തു തെരുവിൽ അലഞ്ഞുനടക്കുന്ന ഈ കുട്ടിയെക്കാണുകയും, ലക്ഷണശാസ്ത്രജ്ഞനായ അദ്ദേഹം കുട്ടിയെ സ്വന്തം ഗൃഹത്തിൽ കൊണ്ടുവന്നു വളൎത്തുകയും ചെയ്യുന്നതാണു്.

കുമാരനും കരുണാകരനും ഇപ്പോൾ ഇംഗ്ലീഷ് പഠിയ്ക്കുന്നു. ഭാരതി മലയാളം ബാലപാഠം കഴിഞ്ഞു. ഒരുദിവസം അത്താഴം കഴിഞ്ഞു ബാലന്മാർ രണ്ടുപേരും പഠിച്ചുകൊണ്ടിരിയ്ക്കുന്നു. ഭാരതിയും അവരുടെ അടുത്തിരുന്നു് ഇംഗ്ലീഷുപുസ്തകങ്ങൾ എടുത്തു പടം നോക്കി ഓരോന്നു പറഞ്ഞുതുടങ്ങി.

ഭാരതിക്കുട്ടി—(ഒരു പടം കാണിച്ചുകൊണ്ടു്) 'ചേട്ട! ഇതാരുടെ പടമാണു്; ഈ കുട്ടി ഒരു പുവ്വു് കയ്യിൽ വെച്ചു നോക്കിക്കൊണ്ടിരിയ്ക്കുന്നു'.

കുമാരൻ—'പെണ്ണേ! കളിക്കാതിരിയ്ക്കു. കരുണാകര! ഇന്നു ആ ശങ്കരന്റെ ഭാവം കണ്ടില്ലേ? അവൻ ഇട്ടിരുന്ന ഉടുപ്പു എന്നു തൈപ്പിച്ചതാണെന്നു ഞാൻ ചോദിച്ചപ്പോഴയ്ക്കു് അവന്റെ ഭാവം കണ്ടില്ലേ? ഞാൻ അവനെ ഇന്നൊന്നു പററിച്ചാണു് വിട്ടിരിക്കുന്നതു്. ഞാൻ ഒരു മുക്കുമഷി എടുത്തു് അവന്റെ ഉടുപ്പിൽ ഒഴിച്ചിട്ടുണ്ടു്. നാളെയും ഞാൻ ഒന്നു ചതിയ്ക്കാൻ വട്ടംക്കൂട്ടീട്ടുണ്ടു്.'

കരുണാകരൻ—'അങ്ങിനെ ചെയ്യരുതെന്നു ജ്യേഷ്ഠനു് അറിഞ്ഞുകൂടയോ?'

കുമാരൻ—'ഞാൻ ആരും കാണാതെ ആണല്ലൊ മഷി ഒഴിച്ചതു്. പിന്നെ എന്നോടു് എന്തെടുക്കും?'

കരുണാ—'ദൈവം എല്ലാം കാണുമെന്നു സാറു പറഞ്ഞിട്ടില്ലെ?'

കുമാരൻ—'ഓ! സാറിനു നിങ്ങളോടു വലിയ സ്നേഹമാണെങ്കിൽ, നിങ്ങൾ അങ്ങനെ ചെയ്യേണ്ട. നിന്നെയല്ലെ, എന്നെയല്ലല്ലൊ എന്നും, ഒന്നാമതിരുത്തുന്നതു്?'

കരുണാ—'ജ്യേഷ്ഠൻ നല്ലവണ്ണം പഠിക്കാഞ്ഞിട്ടല്ലയോ?

കുമാരൻ—എനിക്കിരിക്കേണ്ട. പരീക്ഷയ്ക്കു് ഒന്നാം സാറാണ ല്ലൊ; അപ്പോൾ ഞാൻ ജയിച്ചുകൊള്ളാം.'

ഭാരതി—'ചേട്ടൻ പറഞ്ഞുതരില്ലേ? ഒരു പട്ടിയെക്കണ്ടോ? ഇ ത് എന്താ കടിച്ചുപിടിച്ചിരിക്കുന്നത്?'

കുമാരൻ—'ഉപദ്രവിക്കാതെ, പെണ്ണേ!'

ഭാരതി—(കരുണാകരനോട്) കൊച്ചേട്ടാ! കൊച്ചേട്ടൻ പറ ഞ്ഞുതരുമോ?

കരുണാ—'ഈ പട്ടി ഒരു വിളക്കു കടിച്ചെടുത്തുകൊണ്ടു, പുറ കെ പോകുന്ന ആൾക്കു വെളിച്ചം കാണിച്ചുകൊടുക്കുക യാണ്.'

ഭാരതി—'നമ്മുടെ വെള്ള ഇതുപോലെ ചെയ്യുമോ?'

കരുണാ—'പഠിപ്പിച്ചാൽ, ചെയ്യും.'

കുമാരൻ—'കരുണാകര! ഇന്നു ചന്തയിൽ ഒരു വലിയ ചുവ ന്ന കോഴിയെ കണ്ടില്ലേ? അതിനെ കൊത്തിക്കാൻ നി ർത്തിയിരിക്കയാണെന്ന് ഇസ്മാൻ പറഞ്ഞു. അതു നാളെ കാലത്താണ്. അതു കണ്ടിട്ടേ ഞാൻ പള്ളിക്കൂടത്തിലേക്കു ള്ളു. നീയും വരാമൊ?'

കരുണാ—'ഞാനില്ല'.

കുമാരൻ—'നല്ല രസമുണ്ട്; നമുക്കു വേഗം പോരാം.

കരുണാ—'ഞാൻ എന്തായാലും ഇല്ല.'

കുമാരൻ—'ഞാൻ താമസിക്കുന്നതെന്തെന്നു നീ സാറിനോടു പറയുമോ?'

കരുണാ—'എന്നോടു ചോദിച്ചാൽ ഞാൻ എന്തു ചെയ്യും?

കുമാരൻ—'നീ അറിഞ്ഞില്ലെന്നു പറഞ്ഞേക്കു.'

കരുണാകരൻ—'ഞാൻ കള്ളം പറയുകയില്ല.'

കുമാരൻ നിർബന്ധിച്ചതു കരുണാകരൻ അനുസരിക്കാ യ്കയാൽ, അവൻ കരുണാകരനെ നുള്ളി. കരുണാകരൻ സങ്ക ടപ്പെട്ടു കരയാൻ തുടങ്ങി. അപ്പോഴയ്ക്കു് അതു കണ്ടു ഭാരതി യും കരഞ്ഞു. അതുകേട്ടു അമ്മ വന്നു മകനെ ശാസിച്ചു ഭാര

തിയേയും കൂട്ടിക്കൊണ്ടു കിടക്കാൻ പോയി. കുമാരനും പിണ ങ്ങിക്കിടന്നു. കരുണാകരൻ പിന്നയും ഇരുന്നു വായിച്ചു.

ഈ വിധത്തിലായിരുന്നു ഇവരുടെ ബാല്യവിനോദം; കാലം ചെല്ലുംതോറും, കുമാരനു ദുഷ്പ്രവൃത്തിയിലുള്ള ആസക്തി കൂടിയതല്ലാതെ, കുറഞ്ഞില്ല. കോഴിയെ കൊത്തിക്കയും പ്രാവിനെ പറപ്പിക്കയും അവന്റെ മുഖ്യവിനോദമായിത്തീൎന്നു. തന്മൂലം പരീക്ഷയിൽ തോൽവിയും സാധാരണയായി. നേരെ മറിച്ചു, കരുണാകരൻ ഒരു ക്ലാസിലും തോററില്ല; എന്നുതന്നെയല്ല, അവന്റെ അനാഥത്വം അവനെ വിദ്യാഭ്യാസവിഷയത്തിൽ സഹായിക്കയും പരീക്ഷയിലെല്ലാം ഉയൎന്നവിധത്തിൽ തന്നെ ജയിക്കാൻ സാധിപ്പിക്കയും ചെയ്തു. ആ കാരണത്താൽ കുമാരനു കരുണാകരനോടു വിരോധം വൎദ്ധിച്ചു. അവൻ കുമാരന്റെ ശകാരം കേൾക്കാത്ത ദിവസം ഇല്ലെന്നുതന്നെ പറയാം. കരുണാകരന്റെ സങ്കടത്തിൽ ഭാരതിക്കുട്ടി അവനെ ഓരോ വിധത്തിൽ സമാധാനപ്പെടുത്തും. അവളും ഇക്കാലത്തെല്ലാം ഉത്സാഹമായി പഠിച്ചുവന്നു. അവൾ മലയാളം സാമാന്യമായി പഠിച്ചതിന്റെ ശേഷം, പള്ളിക്കൂടത്തിലെ പഠിത്തം നിൎത്തി. പിന്നീട് അവൾ അമ്മാമന്റെ അടുക്കൽ സംസ്കൃതം വായിക്കുകയും, അതിനെ തുടൎന്നു വൈദ്യശാസ്ത്രം അഭ്യസിക്കാൻ തുടങ്ങുകയും ചെയ്തു. അതിലും അവൾക്ക് അസാമാന്യപാണ്ഡിത്യം ഉണ്ടായി. കുമാരനു കരുണാകരനോടുള്ള നീരസത്തെയും കരുണാകരന്റെ സങ്കടത്തെയും അവൾ പലപ്പൊഴും അമ്മാമനെ അറിയിച്ചിട്ടുണ്ട്. അന്നെല്ലാം മാധവമേനോൻ കുമാരനെ ഗുണദോഷിക്കയും ശാസിക്കയും കരുണാകരനെ ആശ്വസിപ്പിക്കയും ചെയ്യാറുണ്ട്. കുട്ടികൾ അടുക്കൽ ഇല്ലാതിരിക്കുമ്പോൾ, മാധവമേനോന് കരുണാകരനെക്കുറിച്ചുതന്നെ ആയിരിക്കും അധികവും വിചാരം. അവൻ പഠിത്തത്തിൽ കാണിക്കുന്ന ജാഗ്രതതന്നെ അപ്പോളെല്ലാം അദ്ദേ

ഹത്തെ സമാധാനപ്പെടുത്തും. ഉപരിക്ലാസിൽ പഠിച്ചുതുടങ്ങിയതോടുകൂടി കരുണാകരനും ഉപഭാഷ സംസ്കൃതം എടുത്തു. മാധവമേനോൻ അവനു വേണ്ടതെല്ലാം പറഞ്ഞുകൊടുത്തുവന്നു. അദ്ദേഹം അവനെ വാത്സല്യമായി കുട്ടൻ എന്നു വിളിച്ചുവന്നു. കരുണാകരനെയും ഭാരതിക്കുട്ടിയെയും അദ്ദേഹം പുത്രനിർവിശേഷം സ്നേഹിച്ചും ലാളിച്ചും വന്നതു അദ്ദേഹത്തിനു പുത്രന്മാരില്ലാത്തതുകൊണ്ടായിരിക്കാം. കുമാരനേയും അദ്ദേഹം സ്നേഹിച്ചു എങ്കിലും, അവനെ അന്വേഷിക്കുമ്പോൾ മിക്കവാറും കാണാതിരിക്കയാൽ, അവനെക്കുറിച്ചു അധികം ക്ലേശിക്കയാണ് ചെയ്തത്. കരുണാകരനു മാധവമേനോന്റെ നേരെ ഉണ്ടായിരുന്ന സ്നേഹബഹുമാനങ്ങളാൽ, തന്റെ രക്ഷിതാവായ അദ്ദേഹത്തെ അവൻ അച്ഛ എന്നു വിളിച്ചിരുന്നു. കരുണാകരൻ മട്രിക്കുലേഷൻ പരീക്ഷയ്ക്കു പോയിരുന്ന കാലത്ത് ഒരുദിവസം, മാധവമേനോൻ അവനോടു 'കുട്ടൻ പരീക്ഷയിൽ ജയിച്ചാൽ, ഇനി എവിടെ പഠിക്കണമെന്നാണ് വിചാരിക്കുന്നത്?' എ എന്നു ചോദിച്ചു.

കരുണാ—'അതെല്ലാം അച്ഛൻ നിശ്ചയിക്കുന്നതുപോലെ'

അപ്പോൾ അവിടെ ഉണ്ടായിരുന്ന കിട്ടുണ്ണി എന്നൊരാൾ 'കുട്ടികൾക്കു അക്കാര്യങ്ങളിലെല്ലാം ഓരോവിധം ഇഷ്ടമെല്ലാമുണ്ട്' എന്നു പറഞ്ഞു.

ഭാരതി—'തിരുവനന്തപുരത്തോ തൃശ്ശിനാപ്പള്ളിയിലോ വേണമമ്മാമ!'

മാധവ—'ഇതിൽ എവിടെ വേണമെന്നാണ് കുട്ടന്റെ അഭിപ്രായം?'

കരുണാ—'ഞാൻ ഇതുവരെ ഒന്നും വിചാരിച്ചിട്ടില്ല.'

ഭാരതി—'തിരുവനന്തപുരത്തുതന്നെയാണ് നല്ലതെന്നു എനിക്കു തോന്നുന്നു.'

മാധവ—'രതിയുടെ ഇഷ്ടംപോലെയാകട്ടെ; തിരുവനന്തപുരത്തുതന്നെ മതി.'

കിട്ടുണ്ണാർ—'കൂടക്കൂടെ വല്ല നമ്പരിനുംവേണ്ടി അവിടെ പോകുമ്പോഠം, കാണാമല്ലോ, അതാണ് നല്ലത്.'

കരുണാ—'തിരുവനന്തപുരത്തു മതി. അവിടെയായാൽ, പണത്തിനും അല്പം ലാഭമുണ്ട്. കിട്ടമ്മാമൻ ഈയിടെ തിരുവനന്തപുരത്തിന്ന പോകുന്നുണ്ടോ?'

കിട്ട—'ഈയിടെ പോയിട്ടു പ്രത്യേകിച്ചു കാൎയ്യമൊന്നും ഇല്ല. ആവശ്യം പോകുമ്പോഠം പക്ഷെ ഞാനുംകൂടി വരാം.'

കരുണാ—'കിട്ടമ്മാമന്റെ വീട്ടിൽ എന്നെക്കൊണ്ടുപോയില്ല. ഇതുവരെ ഞാൻ എത്ര പ്രാവശ്യം പറഞ്ഞു'

കിട്ട—'നമുക്ക പോകാമല്ലോ കുഞ്ഞേ!'

ഇവരുടെ ഈ സംഭാഷണം കഴിഞ്ഞു ഒരാഴ്ച കഴിഞ്ഞപ്പോഠം പരീക്ഷാഫലം അറിഞ്ഞു. കരുണാകരൻ ആ സ്കൂളിൽ നിന്നും ഒന്നാമനായി പാസ്സായിരുന്നു. അവരുടെ ആലോചനപ്രകാരം കിട്ടുണ്ണാരു വീട്ടിൽ കൊണ്ടുപോകയാകട്ടെ, മാധവമേനോൻ ഉണ്ടായിരുന്നതുകൊണ്ട് കൂടപ്പോകുകയാകട്ടെ ചെയ്തില്ല; എന്നാൽ കരുണാകരൻ മാധവമേനോൻ ഒരുമിച്ചു തിരുവനന്തപുരത്തേക്കു പോകയും ചെയ്തു.

കരുണാകരൻ ജയിച്ചു കോളേജിൽ പഠിക്കാൻ പോയതുകൊണ്ടും, താൻ തോറ്റതുകൊണ്ടും കുമാരൻ പഠിത്തം മതിയാക്കി, കണ്ടകൂട്ടരുമായി ശീട്ടുകളിച്ചും കരുണാകരനെയും അമ്മാമനെയും ദൂഷ്യം പറഞ്ഞും നടന്നുതുടങ്ങി. മാധവമേനോന്ന മരുമകന്റെ ഠന്നടത്തയിൽ വളരെ കുണ്ഠിതമുണ്ടായിരുന്നു. അവനോടു, വീണ്ടും പഠിക്കുന്നതിന്നും കൂട്ടുകാരെ ഉപേക്ഷിക്കുന്നതിന്നും പലവിധത്തിൽ ഗുണദോഷിച്ചുനോക്കി; ഒടുവിൽ ശാസിച്ചു. വാത്സല്യപൂൎവ്വം ഗുണദോഷിച്ചതുതന്നെ കുമാരന്ന പിടിച്ചില്ല; പിന്നെ ശാസിച്ചപ്പൊഴത്തെ സ്ഥിതി പറയാനുണ്ടോ? തന്റെ ശ്രമം മുഴുവൻ വിഫലമായില്ലല്ലോ; കരുണാകരനെങ്കിലും സൽഗുണവാനായിരിക്കുന്നുണ്ടല്ലോ എന്നു വിചാരിച്ചു മാധവമേനോൻ ഒടുവിൽ സമാധാനപ്പെട്ടു.

കരുണാകരൻ കൂടക്കൂടെ വീട്ടിലേയ്ക്കു വന്നിരുന്നില്ല; എങ്കിലും മാധവമേനോനു അയയ്ക്കാറുണ്ടായിരുന്ന എഴുത്തോടുകൂടി ലക്ഷ്മി അമ്മക്കും കരുണാകരൻ എഴുത്തു അടക്കം ചെയ്യാറുണ്ടായിരുന്നതിൽനിന്നു വിവരം ഗ്രഹിക്കാറുള്ളതിന്നു പുറമെ, അമ്മാമനും, ഭാരതിക്കുട്ടിയെ വിവരം ഗ്രഹിപ്പിക്കാറുണ്ടായിരുന്നു. കരുണാകരൻ പഠിത്വത്തിൽ ക്രമേണ ഉയൎന്നു വരികയും ബി. എ. ക്ലാസ്സിൽ അവന്നു ഒരു സ്കാളർഷിപ്പ് ലഭിക്കുകയും ചെയ്തു.

ഇപ്പോൾ ശ്രീകണ്ഠമേനോന്റെ ശുക്രദശയുടെ പ്രാബല്യം അത്യുച്ചസ്ഥിതിയെ പ്രാപിച്ചിരിക്കുന്ന കാലമാണ്. ആ പാപി, ശ്രീരംഗം കുഡുംബം സ്വന്തമാക്കിത്തീൎത്തതിന്റെശേഷം പരപീഡാകൎമ്മത്തിൽ അത്യുത്സുകനായിട്ടു വിളയാടുകയാണ്. ബലവാന്മാൎക്കു ശക്തിയുണ്ടായാൽ അതു പരപീഡക്കാണല്ലൊ ഉപയോഗിക്കുന്നത്. അയാൾക്കു പത്തിരുപതു വൎഷമായി, നിരന്തരമായുള്ള അമിതഭോഗാദിയാൽ ഒരു വാൎദ്ധക്യച്ഛായ പിടിപെട്ടിരുന്നു എങ്കിലും, അയാളുടെ ദുഷ്ടതയുടെ തഴപ്പു വൎദ്ധിച്ചുതന്നെ വന്നു.

ഒരു ദിവസം ശ്രീകണ്ഠമേനോൻ യാദൃച്ഛികമായി ഭാരതിക്കുട്ടിയെ കാണുകയും, അവളുടെ സൌന്ദൎയ്യലഹരിയിൽ മുങ്ങി അവളെ വിവാഹം ചെയ്യുന്നതിന്നു ആഗ്രഹിക്കുകയും ചെയ്തു. അതിലേക്കു കാൎയ്യസ്ഥൻ നാണുപ്പിള്ള പല ശ്രമങ്ങളും ചെയ്തു; എന്നാൽ അതു തല്ക്കാലം സാധിച്ചില്ല. അതുകൊണ്ടു ആയാൾ പിൻവാങ്ങാതെ, അവളുടെ സാധുവായ അച്ഛനും അതുവഴി ലക്ഷ്മിഅമ്മക്കും ഓരോ തരത്തിലുള്ള സമ്മാനങ്ങൾ കൊടുത്ത് അവരെ സ്വപക്ഷത്തിൽ ചേൎത്തു. ഭാരതിക്കുട്ടിയാകട്ടെ, മാധവമേനോനാകട്ടെ, ആ വിവാഹത്തിന്നു ഒന്നുകൊണ്ടും അനുകൂലിച്ചില്ല. ധനത്തിൽ മതിമയങ്ങി, ലക്ഷ്മിഅമ്മ പലവിധത്തിൽ മകളെ ഉപദേശിച്ചു, അതുകൊണ്ടെന്തുഫലം! അമ്മയുടെ ഉപദേശം അവളുടെ സ്ഥിരനിശ്ചയത്തെ ഉറപ്പിച്ചതേഉ

ള്ള. എന്നാൽ അതു അവൾക്കൊരു ഉപദ്രവമായിട്ടാണ് വന്നു കൂടിയത്. അമ്മ അവളെ ഉപദ്രവിച്ചുകൊണ്ടുതന്നെ ഇരുന്നു. അട്ടിക്കിലുള്ള സകലയാളുകളും ശ്രീകണ്ഠമേനോന്റെ ആശ്രിതന്മാരായിരുന്നു. ധനവും ദുഷ്ടതയും സമ്മേളിച്ചു കളിച്ചിരുന്ന ശ്രീരംഗത്തു യജമാനനോടു അപ്രിയമായി ഒരു വാക്കു സംസാരിക്കുന്നതിന്നുപോലും ഒരുവനും ധൈൎയ്യപ്പെടാത്തതിൽ അത്ഭുതപ്പെടാനില്ലല്ലൊ. മാധവമേനോൻ ഇതിനൊരു വ്യത്യസ്തമായിരുന്നു. അദ്ദേഹം അപ്രിയം ഒന്നും സമ്പാദിച്ചില്ലെങ്കിലും, അശേഷം സേവക്കു പോയില്ല. ഈ വിവാഹം നടക്കാത്തതു, മാധവമേനോന്റെ വൈപരീത്യംകൊണ്ടാണെന്നു മനസ്സിലാക്കിയതുമുതൽ, അദ്ദേഹത്തോടു ശ്രീകണ്ഠമേനോനു ബദ്ധവൈരമായി. തന്റെ ഉദ്ദേശസിദ്ധിക്കു മാധവമേനോനെ അടിയിറക്കേണ്ടതു അത്യാവശ്യമായതിനാൽ, ശ്രീകണ്ഠമേനോനാകുന്ന ദശകണ്ഠൻ, ദിഗ്‌ജയപൂൎത്തിക്കുള്ള ഉപായങ്ങളിൽ ഒന്നായി നാണുപ്പിള്ള മുഖാന്തിരം കുമാരനെ കൈവശപ്പെടുത്തി, അവനെ തന്റെ സ്നേഹിതനുമാക്കി, അവനു കാരണവനോടുള്ള നീരസം ഓരോ ഉപായംകൊണ്ടു വൎദ്ധിപ്പിച്ചു. സമ്മാനംകൊണ്ടു തന്നിൽ പ്രണയം വൎദ്ധിച്ച കുമാരൻ, സ്വസഹോദരിക്കു ശ്രീകണ്ഠമേനോൻ വരനായി വന്നാലുള്ള ഭാഗധേയത്തെ ഓൎത്തു അതിലേക്കു ആകുന്നിടത്തോളം ശ്രമിച്ചു. അവന്റെ അഭ്യാസശാലയിലെ ചടങ്ങുകളെല്ലാം കാൎയ്യസാദ്ധ്യത്തിന്നു അവൻ വീട്ടിലും പ്രയോഗിച്ചു. അതിന്റെ ഫലമായി, മാന്തോട്ടത്തു ഭവനത്തിൽ സമാധാനവും ഇല്ലെന്നായി. ഒരു ദിവസം, ദുൎമ്മൂൎത്തികൾ മൂവരും കൂടി സംസാരിച്ചിരുന്നതിന്റെ മദ്ധ്യേ, 'കുമാരമേനോ! ഈയിടെ നിങ്ങളുടെ കാരണവരെവിടെയാണ്' എന്നു ശ്രീകണ്ഠമേനോൻ ചോദിച്ചു.

കുമാരമേനോൻ—'അയാൾ ഇങ്ങനെ എന്നും തെണ്ടിനടക്കും.'

നാണുപിള്ള—'വൈദ്യനല്ലെ? വല്ലെടത്തും ചികിത്സയ്ക്കു പോയിരിക്കുന്നായിരിക്കാം.'

കമാ—'ഇതു പുത്തനായല്ലൊ, എനിക്കോർമ്മവെച്ചതിൽ പിന്നീട് ഒരു മാസത്തിൽ പത്തുദിവസമെങ്കിലും വീട്ടിൽ താമസിച്ചിട്ടില്ല. എന്തിനാണാവൊ, ഇങ്ങനെ നടക്കുന്നത്? അതുകൊണ്ട് ഒറാപ്പൈസ വീട്ടിലേക്കു സമ്പാദ്യമില്ല.'

ശ്രീകണ്ഠ—'തിരുവനന്തപുരത്തിൽ പോയിരിക്കാം. അവിടെ കരുണാകരനുണ്ടല്ലൊ.'

കമാ—'അവനുവേണ്ടി വീട്ടിനെ നശിപ്പിച്ചു. തെണ്ടിവന്ന ചെറുക്കനാണ്. ഇപ്പോൾ അവനായി കാര്യസ്ഥൻ. പണം എല്ലാം അവനുവേണ്ടി അയാൾ നശിപ്പിച്ചു. വീട്ടിലുള്ളവരോടു സ്നേഹമെങ്കിലും ഉണ്ടായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു! ഒന്നിനു ഒന്നിനെ കണ്ടുകൂടാതായി. അയാൾ എന്നെ പഠിപ്പിച്ചപോലും; എന്നെ ഒന്നും പഠിപ്പിച്ചിട്ടില്ല. എനിക്കുവേണ്ടി അയാൾ ഒറപ്പൈ ചിലവിട്ടിട്ടും ഇല്ല. ആ പെണ്ണിനെ പറഞ്ഞാൽ കേൾക്കാത്തവളാക്കി.'

നാണു—'കരുണാകരനെ മകനെപ്പോലെയാണ് അയാൾ വെച്ചിരിക്കുന്നതു. അതു അവൻ നല്ലവണ്ണം പഠിക്കുന്നതുകൊണ്ടായിരിക്കാം; എന്നാൽ കുടുംബത്തിലുള്ളവർ അനുഭവിക്കേണ്ട സ്വത്തു ഇങ്ങനെ ഉള്ളവക്ക് വേണ്ടി വാരിച്ചിതറുന്നതു അന്യായംതന്നെ.'

കമാ—'അമ്മാമനെ അവൻ അച്ഛാ എന്നല്ലെ വിളിക്കുന്നതു നാട്ടിലെങ്ങും ഇല്ലാത്ത ഏർപ്പാട്.'

നാണു—'ഇപ്പോളധികവും മൂപ്പരു തിരുവനന്തപുരത്തുതന്നെയായിരിക്കും താമസം. കുടുംബം തെണ്ടട്ടെ.'

കമാ—'കടംകേറിക്കളിക്കാറായി. ഞാൻ ഇതിൽ അടങ്ങിയിരിക്കയില്ല.'

ശ്രീകണ്ഠ—നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും? കരുണാകരന് ഈയിടയാണ് ബി. എ പരീക്ഷ എന്നല്ലെ നിങ്ങൾ പറഞ്ഞതു? അവനു നല്ല സ്നേഹിതന്മാരും മററും കാണും. നിങ്ങൾക്കൊ.'

നാണു— 'യജമാനനെകൊണ്ട' അവിടെ സംബന്ധം നടത്തിയാൽ, മാനമായിരിക്കാമായിരുന്നു. അതു തോന്നുണ്ടൊ? അതിനും കരുണാകരനെ ആയ്യരിക്കാം കാരണവരുന്നിയിരിക്കുന്നതു.'

കുമാ— (അതി കോപഃത്തോടുകൂടി) 'ആ മോഹം അവിടെ ഇരുന്നു ദ്രിസ്മായെ ഉള്ളു. അതിനു കോപ്പുകൂട്ടുന്നു. അക്കാലം വന്നിട്ടില്ല.'

ശ്രീകണ്ഠ—'എവിടെക്കിടന്നവനൊ എന്തൊ? എന്തുജാതിയൊ? ആരറിഞ്ഞു—ഒ! പരിഷ്കാരമല്ലെ?, ബി. എ. ജാതി എന്നായല്ലൊ! കാലത്തിന്റെ പോക്ക്; അത്ഭുതം'

കുമാ—ബി. എ. എം. എ. യും ഞാനറിയും; അതൊന്നും എന്റെ അടുക്കൽ എടുത്താൽ ചിലവാകില്ല.

നാണു—'ഇപ്പോൾ നിങ്ങൾ വിചാരിച്ചിട്ടു വല്ലതും സാധിക്കുന്നുണ്ടൊ? പിന്നെ എങ്ങനെ;'

ശ്രീകണ്ഠ—'ചുണയുള്ളവരുണ്ടെങ്കിൽ, കാരണവസ്ഥാനവും വെച്ചു മൂലയിൽ ഇരിക്കും.'

കുമാ—'അതുഞാൻ കാണിച്ചുകൊടുക്കാമായിരുന്നു. നോക്കട്ടെ!'

ശ്രീക— 'നിങ്ങളെന്താണു വിചാരിക്കുന്നത്?'

കുമാ— 'കാരണവരെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു വ്യവഹാരം കൊടുക്കും.'

ശ്രീകണ്ഠ—'കാരണം?'

കുമാ—'കരുണാകരന്റെ പഠിത്വത്തിനു തറവാട്ടിൽ കടം വരുത്തി; അതുതന്നെ അതിന്നു വേണ്ട റിക്കാർട്ടുകൾ ഉണ്ട്. പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ടു ഇതേവരെ അടിങ്ങിയിരുന്ന യജമാനൻ ഇതിലൊന്നു സഹായിക്കുമൊ?'

തന്റെ ഉദ്ദേശം ഇത്രവേഗത്തിൽ സാധിച്ചതിൽ സന്തോഷിച്ച് യജമാനൻ ഇങ്ങനെ പറഞ്ഞു: പണം ഇവിടെ ഉണ്ടാകുമൊ? ഇവിട്ടത്തെ ചിലവിന്റെ കാൎയ്യം നിങ്ങൾക്കറിഞ്ഞു കൂടയൊ? ആട്ടെ! നിങ്ങൾക്കങ്ങനെ താല്പൎയ്യമുണ്ടെങ്കിൽ,

നമ്മുടെ നാണുപിള്ള മുഖാന്തിരം കാൎയ്യം സാധിക്കാൻ നോക്കാം.'

കുമാ — 'എന്റെ പ്രമാണത്തിനു എന്തു വിലയാണുള്ളത്? കുറച്ചു ധൈൎയ്യവും വിശ്വാസവുമുള്ളവർ വിചാരിച്ചെങ്കിലെ കാൎയ്യം സാധിക്കു.'

ശ്രീകണ്ഠ — 'അതൊന്നും സാരമില്ല. അക്കാൎയ്യത്തിൽ ധൈൎയ്യപ്പെട്ടുകൊള്ളേണം.'

നാണു — 'കരുണാകരന്റെ പഠിത്വത്തിനു പണം ചിലവു ചെയ്യുന്നത് അന്യായമാണെന്നു നിങ്ങൾ കാരണവരോടു പറഞ്ഞില്ലെ?'

കുമാ — 'ഞാൻ കാരണവരോടു ഇതേവരെ ഒന്നും എതിൎത്തു പറഞ്ഞിട്ടില്ല. അതെനിക്കു വിഷമമാണ്. അങ്ങോരുടെ മുമ്പിൽ ച്ചെന്നാൽ വിധം മാറും, അതുകൊണ്ടു ഇവിടെ ഒന്നും വിചാരിക്കേണ്ട. ഞാൻ ഇനി അദ്ദേഹത്തെക്കാണുന്നില്ലെന്നു തീൎച്ചപ്പെടുത്തിയിരിക്കയാണ്.'

ശ്രീകണ്ഠ — 'കുമാരമേനോൻ ഇവിടത്തന്നെ താമസിച്ചു കൊള്ളേണം. വീട്ടിലേക്ക് പോകേണ്ടുന്നമെന്നില്ല.'

ഈ സംഭാഷണം പിന്നെയും കുറെ നേരംകൂടി നടന്നു. ഒടുവിൽ, കാൎയ്യങ്ങൾ എല്ലാം തീൎച്ചപ്പെടുത്തി. ഒരു കുടുംബത്തിലെ സ്വത്തായി ശേഖരമായിട്ടുള്ള നിലവും പുരയിടവും കാറമറിച്ചിലിന്നു തന്റെ പാദത്തിൽ കീഴാകുമെന്നു നാണുപിള്ള സന്തോഷിച്ചു.

അന്നുതന്നെ വക്കീലിനെ വരുത്തി വ്യവഹാരത്തിന്റെ ബലത്തെക്കുറിച്ചു ആലോചിക്കയും ജയിക്കാമെന്നു വക്കീൽ ഏൽക്കുകയും അന്യായം ഉടനെ എഴുതിക്കയും ചെയ്തു. ആവശ്യമുള്ള പണം, കുമാരമേനോന്റെ പ്രമാണം വാങ്ങിക്കൊണ്ട് ശ്രീകണ്ഠമേനോന്റെ വാക്കുവിശ്വസിച്ച് നാണുപിള്ള ചിലവു ചെയ്വാൻ നിശ്ചയിച്ചു. എന്നാൽ കുമാരനെപ്പററി അവ

ക്ക വിശ്വാസം പോരായിരുന്നു. ശ്രീകണ്ഠമേനോൻെറ ഭാരതി യിലുള്ള ഭ്രമവും അയൽവക്കത്തെ നശിപ്പിക്കാനുള്ള രസവും കൊണ്ടു അദ്ദേഹവും, പണംനേടാനുള്ള ദുരമൂലം നാണുപിള്ള യും ഇതിലേക്ക ചാടിപ്പുറപ്പെട്ടതാണ്. കാരണവരായി കുട്ടി മുട്ടുമ്പോൾ കുമാരമേനോൻ ഭീരുവാണെന്നു നിശ്ചയമുണ്ടായിരു ന്ന യജമാനനും നാണുപിള്ളയും കൂടി വീണ്ടും ആലോചിച്ച് കുമാരമേനോൻ കുടുക്കിൽനിന്നും ചാടിപ്പോകാതിരിക്കാൻ ഒരു ഉപായം കണ്ടുപിടിച്ചു. അത് ശ്രീകണ്ഠമേനോൻെറ മരുമക ൾ കുട്ടിപ്പാറുവിനെ കുമാരമേനോൻെറ കഴുത്തിൽ കെട്ടിത്തൂക്ക കയായിരുന്നു. അല്പപ്രജ്ഞനായ കുമാരമേനോനാകട്ടെ ആ ഭാരത്തെ ശിരസ്സുതാഴ്ത്തി താങ്ങാൻതന്നെ നിശ്ചയിച്ചു. അ മ്മാമനായ മാധവമേനോൻെറ വിരോധത്തെ വകവെക്കാതെ, കുമാരമേനോൻ വിവാഹം നടത്തിയത്, പ്രത്യക്ഷമായി അച്ഛ ൻെറയും പരോക്ഷമായി അമ്മയുടേയും സഹായത്തോടുകൂടി ത്തന്നെ ആയിരുന്നു.

വിവാഹം കഴിഞ്ഞയുടനെ മാധവമേനോനെ സ്ഥാന ഭ്രംശം ചെയ്യുന്നതിനുള്ള കേസ്സു കൊടുത്തശേഷം, മാന്തോട്ട ത്തു ഗൃഹത്തിൽ ശ്രീകണ്ഠമേനോൻ നിത്യനെന്നപോലെ സഹ വാസം ചെയ്തുതുടങ്ങുകയും, ലക്ഷ്മിഅമ്മ കാപ്പികൊണ്ടും നല്ല വാക്കുകൊണ്ടും അദ്ദേഹത്തെ സൽക്കരിച്ചുവരികയും ചെയ്തു. ഈ യാത്രയിലെല്ലാം യജമാനൻ ഭാരതിക്കുട്ടിയോടു സംസാരി ക്കാൻ ശ്രമിക്കാറുണ്ട്; എന്നാൽ അവൾ അതിനു സൌകര്യം കൊടുക്കാതെ ഒഴിഞ്ഞുമാറിക്കളകയും അതുനിമിത്തം യജമാന ൻെറ ഉൽക്കണ്ഠ വദ്ധിക്കയും ചെയ്തു.

ആർ. ഗോവിന്ദപ്പിള്ള

കടത്തുരുത്തി

---

# മംഗളോദയം.

## ൧൦൮൭

| | | |
|---|---|---|
| പുസ്തകം ൧ | ധനുമാസം | ലക്കം ൨ |


### മംഗളം.

ആരാണീഞാനെനിക്കെന്തൊരുതൊഴിലെവിട-
　　ന്നെത്തിഞാനത്രമേലിൽ
ചേരാനുള്ളോരുദിക്കേതിവരെവരിവരാ-
　　യിട്ടെനിക്കെന്തുബന്ധം
വേരായെന്തണ്ഡകോടിക്കിതുവിധമകതാ-
　　രിങ്കലോർക്കുന്നനേര
ത്താരാലഗ്രാഹ്യമായീടിനിതുമൊരുപരചി-
　　ദ്രൂപസ്ഥംഞാനോർത്തിടുന്നേൻ.


കൊളുത്തേരി ശങ്കരമേനോൻ, എം. ഏ., എൽ. ടി.,
എം. ആർ. ഏ. എസ്സ്.


### സ്ഥാനത്യാഗം.

അവനിയിലുള്ളവായജ്ജീവകോടി-
ക്കിടയിലധീശ്വരനായിടുന്നമർത്ത്യൻ
നിജജനിസഫലത്വമാക്കിടാനു-
ള്ളൊരുവഴിതേടുവതിങ്കലെന്തുചിത്രം.

നിജസുഖവിഷയെകതൃഷ്ണയാലു-
ള്ളവരതുമൂലമശേഷജീവജാലം
വിഷമയവിഷയാബ്ധിയിങ്കൽമുങ്ങി-
ക്കഴൽകുഴയുന്നളവാണ്ടുപോയിടുന്നു. ൨

മനുജരിലതിമൂഢബുദ്ധിയായു-
ള്ളവരുമതേവിധമാചരിപ്പുകഷ്ടം!
ഇതിലധികമിവൎക്കു ചിന്ത ചെയ്യു-
ന്നതിനുമശക്യമതിവഭാഗ്യദോഷാൽ. ൩

പുരുസുകൃതികളായമൎത്ത്യരെല്ലാ-
വരുമിതുപോലെകഴിച്ചിടുന്നുകാലം
വിഷയസുഖമതൊന്നുകൊണ്ടുപാര-
ത്രികസുഖവുംനിജകൈവരുംവിധത്തിൽ. ൪

ഇതിലെഴുമൊരുസൂക്ഷ്മതത്വമാരാ-
ഞ്ഞറിയുവതിന്നുമതാചരിപ്പതിന്നും
പരമശിവകൃപാകടാക്ഷമുണ്ടാ-
യ്വരുമൊരുകാലമൊഴിച്ചുസാദ്ധ്യമാമോ? ൫

അരുതരുതുള്ളുണ്ടൊരു ത്രിവൎഗ്ഗ-
ത്തിനുവിപരീതവിധത്തിലുള്ളകൎമ്മം
അതിനുപുറമെയായവസ്തുതമ്മിൽ
പരമവിരോധതകൂടിവന്നിടേണം ൬

ഇതിനുടെപരമാത്ഥമോൎത്തറിഞ്ഞാ
വഴിപിഴയാതെനടക്കുവാനമായം
വിരതുടയമഹീമണാളനുള്ളിൽ
കരുതിയതേവിധമാചരിച്ചിടുന്നു. ൭

വസുനിജപരിവാരമെന്നുതൊട്ടു-
ള്ളവയെയതേവിധമീഷലേശമെന്ന്യേ
വസുമതിയെയുമാഗഭീരശാന്ത
ക്ഷിതിപതിവിട്ടുപിരിഞ്ഞുരാജയോഗീ. ൮

പകലിരവൊരുപോലെധർമ്മരക്ഷാ
വ്യസനധനാധിപനാത്മസൌഖ്യമോടെ
മരുവുകധരണീതലത്തിലെല്ലാ-
വരിലുമിതത്ഭുതബോധമേകിടട്ടേ. ൯

# സാങ്കേതികസംജ്ഞകൾ.

(ഐ. സി. ചാക്കോ, ബി. എ., ബി. എസ്സ്.സി.

## സംസ്കൃതവും ലത്തീനും

സംസ്കൃതവും ലത്തീനും ആൎയ്യഭാഷയെന്ന മാതാവിൽനിന്നു ജനിച്ച സഹോദരികളാണെന്നുള്ളത് പാശ്ചാത്യ വിദ്യാഭ്യാസം ചെയ്തിട്ടുള്ള മിക്കവരും ഗ്രഹിച്ചിരിക്കുന്ന ഒരു സത്യമാണ്. ബി. എ. പരീക്ഷയ്ക്കു ഭാഷാവിജ്ഞാനീയം (Philology) പഠിക്കുന്ന വിദ്യാൎത്ഥികൾ ഈ വാസ്തവത്തിൻെറ തെളിവിലേയ്ക്കായി സംസ്കൃതത്തിൽ നിന്നും ലത്തീനിൽ നിന്നും ചില ശബ്ദങ്ങളെ എടുത്തു തോലനം ചെയ്തു നോക്കാറുണ്ട്. എന്നാൽ വെറും ശബ്ദസാമ്യം ഭാഷകളുടെ സഹോദരത്വത്തെ നല്ലവണ്ണം തെളിയിക്കുന്നില്ല. സഹോദരത്വംകൂടാതെയുള്ള സമ്പൎക്കംകൊണ്ടും ശബ്ദസാമ്യം വരാവുന്നതാണ്. മലയാളത്തിൽ രൂഢമൂലങ്ങളായിത്തീൎന്നിരിക്കുന്ന പേന, കസേര, മേശ മുതലായ ശബ്ദങ്ങൾ സഹോദരത്വം കൂടാതെയുള്ള സമ്പൎക്കംകൊണ്ടുണ്ടാകുന്ന ശബ്ദസാമ്യത്തിൻെറ ഉദാഹരണങ്ങളാണല്ലോ.

എന്നാൽ സംസ്കൃതവും ലത്തീനും തമ്മിലുള്ള സംബന്ധം ഇങ്ങനെയുള്ള വെറും ശബ്ദസാമ്യം മാത്രമല്ല. സൂക്ഷ്മദൃഷ്ടിയോടു കൂടെ നോക്കുന്നവർ സംസ്കൃതത്തിൻെറയും ലത്തീനിൻെറയും വ്യാകരണങ്ങൾ തമ്മിൽ കേവലം യാദൃച്ഛികമല്ലാത്ത ഒരു സാമ്യം കാണാവുന്നതാണ്. എന്നുമാത്രമല്ല, പാണിനിമുതലായ സംസ്കൃതവൈയാകരണന്മാർ വെറും ക്ലിഷ്ടവാദംകൊണ്ട് മ

ക്കടമുഷ്ടിപിടിയ്ക്കുയാണെന്നു തോന്നുന്ന അവസരങ്ങളിൽ ലത്തീൻ അവരുടെ അഭിപ്രായങ്ങളെ ബലമായി താങ്ങുന്നതും കാണാവുന്നതാണ്. ഇവിടെ ഞാൻ രണ്ടുദാഹരണങ്ങൾ മാത്രം പറയുന്നു. സംസ്കൃതത്തിലെ 'പിതൃ' ശബ്ദം 'പാ' എന്നു ധാതുവിൽ നിന്നുണ്ടായതാണെന്നും വാസ്തവത്തിൽ ഈ ശബ്ദത്തിന്റെ രൂപം 'പാതൃ' എന്നായിരിക്കേണ്ടിയിരുന്നുവെന്നും 'ഉണാദിസൂത്ര'ങ്ങളിൽ കാണുന്നു. ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്ന 'പാതൃ' ശബ്ദം (Pater) നാം ലത്തീനിൽ കാണുന്നു. പിന്നേയും 'ജിഹ്വാ' എന്ന സംസ്കൃത ശബ്ദം 'ലിഹ്' എന്ന ധാതുവിൽ നിന്ന് ജനിച്ചതാണെന്നും 'ലിഹ്' ധാതുവിലെ 'ല' കാരം ഇവിടെ 'ജ'കാരമായിത്തീൎന്നതാണെന്നുമാണ് ഉണാദികാരന്റെ വാദം. ഈ വാദം കേവലം ഉണിശ്രുവാദമല്ലെന്ന് ലത്തീനിലെ 'ലിംഗ്വാ' (നാവ്)യിൽ നിന്നു സ്പഷ്ടമാകുന്നുണ്ട്.

സംസ്കൃതത്തേയും ലത്തീനേയും ഇങ്ങനെ തോലനം ചെയ്ത് ഈ ഉപന്യാസമെഴുതുന്നതിനു എന്നെ പ്രേരിപ്പിക്കുന്നതു മലയാളത്തിൽ ഇപ്പോൾ ആവശ്യമുള്ള സാങ്കേതികസംജ്ഞകളെ നിൎമ്മിക്കുന്നതിനുള്ള പരിശ്രമമാണ്. യൂറോപ്പിലെ ജീവൽഭാഷകൾക്ക സാങ്കേതികസംജ്ഞകളെ കൊടുക്കുന്നതു ലത്തീനും ഗ്രീക്കുമാണല്ലോ. ശാസ്ത്രീയാന്വേഷണങ്ങളുടെ ഫലമായിട്ട് ആ ഭാഷകളിൽ ദിനംപ്രതി എന്നു തന്നെ പറയാം പുതിയപുതിയ സാങ്കേതികസംജ്ഞകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സാങ്കേതികസംജ്ഞകളെ നിൎമ്മിക്കുന്നവർ ശാസ്ത്രങ്ങളിൽ നിപുണന്മാരാണെങ്കിലും ലത്തീനിലൊ ഗ്രീക്കിലൊ വലിയ പാണ്ഡിത്യമൊന്നുമുള്ളവരല്ല. മലയാളത്തിൽ ഒരു സാങ്കേതികസംജ്ഞയുണ്ടാകണമെങ്കിൽ അതിനിപുണനായ ഒരു സംസ്കൃതപണ്ഡിതരുടെ സഹായം ആവശ്യപ്പെടുന്നതെന്തു കൊണ്ടാണ്? വലിയ ഭാഷാ ജ്ഞാനമില്ലാത്തവൎക്ക പോലും സുഗമമാകത്തക്കവണ്ണം ക്ലുപ്തമായിരിക്കുന്ന മാൎഗ്ഗമൊന്നുംഇതേവരെ ഉണ്ടായിട്ടില്ലാത്തതുകൊണ്ടാണ് ഈ ശോച്യാവസ്ഥയിൽ

നാംകിടക്കുന്നതെന്നെനിക്കു തോന്നുന്നു. ഇങ്ങനെയുള്ള മാറ്റങ്ങളെ നിർദ്ദേശിക്കാതെ ഒരു സാങ്കേതികനിഘണ്ടു വല്ലവരുമെഴുതിയുണ്ടാക്കിയാലും അതുകൊണ്ട് മലയാളത്തിലെ ശബ്ദദാരിദ്ര്യം തീരുന്നതല്ല. കാട്ടുതീപോലെ പടർന്നു വ്യാപിക്കുന്ന പാശ്ചാത്യവിജ്ഞാനത്തിന്റെ പുതിയ ശാഖകൾക്കു നാം അഭിമുഖന്മാരായി വരുമ്പോൾ വിജ്ഞാനവൃദ്ധിയെ അനുസരിച്ചു വികസിക്കാത്ത ഒരു സംജ്ഞാകോശം നമ്മെ സഹായിക്കുകയില്ല. ഭാഷാവിജ്ഞാനീയദൃഷ്ട്യാ നോക്കിയാൽ സംസ്കൃതത്തിന്, ലത്തീൻ ഗ്രീക്ക് ഈ ഭാഷകളെക്കാൾ വികാസകാരണമായ ചൈതന്യമുണ്ടെന്നുള്ളതു ഇവയെ തോലനം ചെയ്തുനോക്കിയിട്ടുള്ളവർ സമ്മതിക്കുന്നതാണ്. ഇത്ര പട്വമായ (=Plastic 'പടമസ്മിൻ ദൃശ്യം' ഇതി പാണിനിഃ) ഒരു കരണസാമഗ്രി അധീനത്തിൽ വെച്ചുകൊണ്ടു സാങ്കേതികസംജ്ഞാദൌർല്ലഭ്യത്തെ നാം അങ്ങുമിങ്ങുമിരുന്നു അനുശോചിക്കുന്നതു കർത്തവ്യമെന്താണെന്നുള്ള ബോധമില്ലാത്തതുകൊണ്ടാണെന്നു എനിക്കു ചിലപ്പോൾ തോന്നാറുണ്ട്. കർത്തവ്യമെന്താണെന്നു ഗ്രഹിക്കേണ്ടതിനുവേണ്ടി യൂറോപ്പിലെ ജീവൻഭാഷകൾക്കു സാങ്കേതികസംജ്ഞാസാമഗ്രികളായിരിക്കുന്ന ലത്തീൻ, ഗ്രീക്ക് ഈ ഭാഷകളെ സംസ്കൃതത്തോടു താരതമ്യപ്പെടുത്തി നോക്കുന്നതു യുക്തമായിരിക്കുമെന്നെനിക്കു തോന്നുന്നു. സംസ്കൃതത്തിന്റെ സഹോദരികളായ ഈ ഭാഷകളെ സംസ്കൃതജ്ഞന്മാരായ മലയാളികളിൽ ചിലരെങ്കിലും പഠിച്ചു യൂറോപ്യൻ ഭാഷകളിലെ സാങ്കേതികസംജ്ഞകൾ ഉണ്ടായിട്ടുള്ളതെങ്ങിനെയാണെന്നു സൂക്ഷ്മമായി ഗ്രഹിക്കുന്നതു മലയാളത്തിനു ഒരു സഹായമായിത്തീരുവാൻ ഇടയുണ്ടെന്നും എനിക്കു തോന്നുന്നു.

ലത്തീൻ ഭാഷയിലെ അക്ഷരങ്ങളുടെ ഉച്ചാരണങ്ങളെക്കുറിച്ചുതന്നെ ആദ്യമായി കുറെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീഷുകാരുടെ ഉച്ചാരണരീതി ലത്തീൻ ഭാഷയെ വളരെ വിരൂപയാക്കിത്തീർത്തിട്ട് അവർക്കു സംസ്കൃതാദ്യമായുള്ള സംബ

സ്ഥത്തെ വളരെ ക്ലിഷ്ടമാക്കിത്തീൎക്കുന്നു. ഇംഗ്ലീഷു വൈയാകരണന്മാർ t, d എന്ന അക്ഷരങ്ങളെ ദന്ത്യങ്ങളെന്നു വ്യവഹരിച്ചു മൂൎദ്ധന്യങ്ങളായി ഉച്ചരിക്കുന്നതു നാം കേൾക്കാറുണ്ടല്ലൊ. പ്രാചീനാൎയ്യഭാഷകളിൽ മൂൎദ്ധന്യങ്ങൾ ഇല്ലായിരുന്നുവെന്നു ഭാഷാവിഷയങ്ങളിൽ അതിസൂക്ഷ്മദൃക്കായ എ. ആർ. രാജരാജവൎമ്മ തിരുമനസ്സിൽനിന്നു അദ്ദേഹത്തിന്റെ വൈദികവ്യാകരണത്തിൽ (ലഘുപാണിനീയം രണ്ടാംഭാഗം) സൂചിപ്പിക്കുന്നുണ്ട്. തിരുമനസ്സിൽനിന്നു അവിടെ പ്രയോഗിച്ചിരിക്കുന്ന യുക്തികളെ ആൎയ്യഭാഷയുടെ സന്തതിയായ ലത്തീൻ ബലമായി പിൻതാങ്ങുന്നുണ്ട്. ലത്തീനിൽ മൂൎദ്ധന്യമേ ഇല്ല. ലത്തീനിൽ എന്നു മാത്രമല്ല; ഇംഗ്ലീഷ് ഒഴിച്ചു മററുള്ള യൂറോപ്യൻ ഭാഷകളിൽ 'ഷ' കാരമൊഴിച്ചുള്ള മൂൎദ്ധന്യങ്ങൾ ഒന്നുംതന്നെ ശ്രവിക്കപ്പെടുന്നില്ല. ഇംഗ്ലീഷുകാരല്ലാത്ത ചില യൂറോപ്യൻ പാദ്രിമാർ, നമ്മുടെ 'ദാററ് ഇസ് എ ഗ്രുഡ് കോട്ട്' (that is a good coat) എന്നതിനുപകരം 'ദാത്ത് ഇസ് എ ഗ്രുദ് കോത്ത്' എന്നു പറയുന്നതിന്റെ കാരണമിതാണ്. ലത്തീനിലെ t എല്ലായ്പോഴും 'ത്' എന്നും d എപ്പോഴും 'ദ്' എന്നുമാണുച്ചരിക്കേണ്ടിയതു*

പിന്നെയും ലത്തീനിലെ 'a' എന്ന സ്വരത്തെ ഇംഗ്ലീഷുകാർ 'ഏ' എന്നാണ് ചിലപ്പോൾ ഉച്ചരിക്കുന്നത്. വാസ്തവത്തിൽ ലത്തീനിലെ 'a' നമ്മുടെ 'അ' പോലെയൊ 'ആ' പോലെയൊ ആണ് ഉച്ചരിക്കേണ്ടത്. ലത്തീനിൽ ഹ്രസ്വങ്ങൾക്കും ദീൎഘങ്ങൾക്കും പ്രത്യേകചിഹ്നങ്ങൾ ഇല്ലായ്കയാൽ ഹ്രസ്വദീൎഘങ്ങളെ പരിചയംകൊണ്ടു മാത്രം നിൎണ്ണയിക്കേണ്ടിയിരിക്കുന്നു.

ലത്തീനിലെ 'പാത്തൎ'ശബ്ദത്തെ (Pater) ഇംഗ്ലീഷുകാർ അവരുടെ ഭാഷയിലെ സമ്പ്രദായങ്ങളെ അനുസരിച്ചു 'പെ്ററ്

---

* "t" ക്കു "i" പരമായി വരികയും ഒരം "i" ക്കു മറെറാരുസ്വരം പരമായിരിക്കയും ചെയ്യുമ്പോൾ, ഇക്കാലങ്ങളിൽ "t" യെ സകാരമായിട്ടുച്ചരിക്കാറുള്ളതു്.

eg Ratio റേഷ്യോ

ഇതൊരു പുതിയ വികാരമാണെന്നെനിക്കു തോന്നുന്നു.

ർ' എന്നാണുച്ചരിക്കുന്നത്. ഇംഗ്ലീഷിന്റെ ആവശ്യത്തിലേക്കായി ഇംഗ്ലീഷിൽകൂടെ ലത്തീൻ ശബ്ദങ്ങളെ ഇങ്ങനെ ഉച്ചരിച്ചു ശീലിക്കുന്നവർ ലത്തീനും സംസ്കൃതവും തമ്മിലുള്ള സാമ്യത്തെ കുറെ യത്നംകൊണ്ടു മാത്രമെ ഗ്രഹിക്കുന്നുള്ളൂ. രാജരാജവർമ്മ തിരുമനസ്സിൽനിന്നും 'വൈദികവ്യാകരണത്തിൽ ലത്തീൻഭാഷക്ക 'ലതീനാ' എന്നതിനു പകരം 'ലേതിനാ' എന്നു പേരുകൊടുത്തത് ഇംഗ്ലീഷിലെ ഉച്ചാരണചാപല്യത്തിന്റെ തോദനംകൊണ്ടാണെന്നെനിക്കു തോന്നുന്നു. ലത്തീൻഭാഷക്കു ലത്തീനിൽതന്നെ ഉള്ള പേര് 'ലതീനാ' എന്നാണ്.

ലത്തീനിലെ e, i, o, w എന്നസ്വരങ്ങൾക്ക യഥാസംഖ്യം എ. ഇ. ഒ. ഉ. എന്നാണ് ഉച്ചാരണം. ഇവയുടെ ദീർഘങ്ങളുമാകാം.

ലൌകികസംസ്കൃതത്തിൽ ലുപ്തപ്രചാരമായി തീന്നിരിക്കുന്നതും വേദങ്ങളെ ഉച്ചരിക്കുന്നതിൽ വൈദികന്മാർ ഇപ്പോഴുപയോഗിച്ചുവരുന്നതുമായ ഒരുച്ചാരണവിശേഷം ലത്തീനിലുമുണ്ട്. പദങ്ങളിലെ ചില സ്വരങ്ങളെ ഉയത്തിയും മററുള്ളവയെ താഴ്ത്തിയും ഉച്ചരിക്കയെന്നുള്ളതു നാം സാധാരണമായി അഭ്യസിച്ചുവരുന്ന ലൌകികസംസ്കൃതത്തിലും മലയാളത്തിലും നടപ്പുള്ളതല്ല. എന്നാൽ ലൌകികസംസ്കൃതത്തിന്റെ മാതാവായ വൈദിക സംസ്കൃതത്തിലും തത്സഹോദരിയായ ലത്തീനിലും (ഇംഗ്ലീഷിലെപ്പോലെ) ചില സ്വരങ്ങളെ ഉദാത്തങ്ങളായിട്ടും (ഉയത്തി) മററുള്ളവയെ അനുദാത്തങ്ങളായിട്ടും ഉച്ചരിക്കേണ്ടതാവശ്യമാകുന്നു. ഉദാത്തയുടെ ഗതിയെ അനുസരിച്ച് ലത്തീനിൽ സ്വരങ്ങൾക്ക മാത്രം വ്യത്യാസവും ചിലപ്പോൾ സ്വഭാവവ്യത്യാസവുമുണ്ടാകുന്നതാണ്. ഒരുദാഹരണമെടുക്കാം. ലത്തീനിലെ 'പാതെർ' (Pater) ശബ്ദത്തിലേ ആദ്യസ്വരം സാധാരണമായി ഉദാത്തവും ദീർഘവുമാണ്. എന്നാൽ 'യൂപിതെർ' (Jupiter) എന്ന ശബ്ദത്തിൽ 'ഊ' എന്ന സ്വരമാണ് ദാത്തം. ഉദാത്തതയുടെ ഈ സ്ഥാനമാററംകൊണ്ടു 'പാ

തെർ' ശബ്ദത്തിലെ 'ആ' ഹ്രസ്വമായെന്നുമാത്രമല്ല 'ഇ' യും ആയിത്തീൎന്നു. ('യൂപിതെർ ശബ്ദത്തിൽ' 'പാതെർ' ശബ്ദം സംസ്കൃതത്തിലെ രൂപത്തെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളത് രസാവഹമായ മറെറാരു സംഗതിയാണ്.)

c, g. ഈ അക്ഷരങ്ങളെ സാധാരണമായി ലത്തീനിൽ ഉച്ചരിക്കുന്നത് ക്, ഗ് എന്നാണ്. എന്നാൽ ഇക്കാലങ്ങളിൽ ഇത്താല്യന്മാർ 'ഇ' 'എ' ഈ താലവ്യസ്വരങ്ങളുടെ മുൻപിൽ വരുന്ന c, g. ഈ അക്ഷരങ്ങളെ ച്, ജ് എന്നു താലവ്യങ്ങളായിട്ടാണുച്ചരിക്കുന്നത്. ഇതൊരു പുതിയ വികാരമാണ്. പുരാതന ലത്തീനിലെ വ്യഞ്ജനങ്ങളിൽ താലവ്യങ്ങളുണ്ടായിരുന്നില്ല. സംസ്കൃതത്തിലെ താലവ്യങ്ങൾ കണ്ഠ്യങ്ങളുടെ വികാരങ്ങളാണെന്നു, രാജരാജവൎമ്മ തിരുമനസ്സിൽനിന്നു വൈദിക വ്യാകരണത്തിൽ സൂചിപ്പിക്കുന്നുണ്ട്. ലത്തീന്റെ താലവ്യഹീനത്വം ഈ അഭിപ്രായത്തെ ബലമായി പിൻതാങ്ങുന്നു. ലത്തീനിലെ J എന്ന അക്ഷരത്തെ സാധാരണമായി 'യ്' എന്നാണുച്ചരിക്കാറുള്ളത്. J ക്കു പകരം ചിലർ i എന്ന അക്ഷരം ഉപയോഗിക്കാറുമുണ്ട്.

ലത്തീനിലെ അക്ഷരങ്ങളെക്കുറിച്ചും ഉച്ചാരണങ്ങളെക്കുറിച്ചും, ഈ ഉപന്യാസത്തിന്റെ ആവശ്യത്തിലേക്കായി ഇത്രമാത്രം പറഞ്ഞാൽ മതിയെന്നുതോന്നുന്നു.

(തുടരും)

---

## മഹാത്മാക്കളുടെ മഹത്ക്രിയകൾ.

(അയ്യത്തുവീട്ടിൽ കേശവയ്യൻ)

നമ്മുടെ പുരാണേതിഹാസങ്ങളിൽ ഘോഷിക്കപ്പെട്ടിരിക്കുന്ന മഹാത്മാക്കളായ മഹൎഷിമാരുടേയും, സിദ്ധന്മാരുടേയും, ഓരോ അത്ഭുതക്രിയകളുടെ വാസ്തവാവസ്ഥയെപ്പററി സംശയിക്കുന്ന പലരും നമ്മുടെ ഇടയിലുണ്ട്. അവനവന്റെ അനുഭ

വത്തിൽപ്പെടാത്തതും, ബുദ്ധിക്കെത്താത്തതും ആയ സംഗതികളേയും, സംഭവങ്ങളേയുംപാറ്റി വിശ്വസിക്കാതിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. പഞ്ചസാര കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു രാജ്യത്തുപോയി അതിന്റെ മാധുര്യാദിഗുണങ്ങളെപ്പറ്റി ആരെങ്കിലും വർണ്ണിക്കുന്നതായാൽ തദ്ദേശിയർ അയാളെ ഭ്രാന്തനെന്നുതന്നെ വിചാരിച്ചേക്കാം. ലണ്ടൻപട്ടണത്തിൽ 'തെംസ്' നദിക്കുള്ളിലുള്ള ഒരു കുഴലിൽ (Tunnel) കൂടി തീവണ്ടി ഓടുന്നുണ്ടെന്നും, പാരീസ്സ്പട്ടണത്തിൽ വിദ്യുച്ഛക്തിയന്ത്രങ്ങളാൽ സത്കരിക്കപ്പെടുന്നതും, ഇഷ്ടാനുസരണം ആവശ്യപ്പെടുന്ന പദാർത്ഥങ്ങളെ കൊടുത്തു തൃപ്തിയാക്കപ്പെടുന്നതും ആയ ഹോട്ടലുകൾ (Restaurants) ഉണ്ടെന്നും ആകാശത്തിൽ വിമാനങ്ങളിലിരുന്നു യുദ്ധം ചെയ്യുന്നുണ്ടെന്നും, മററുമുള്ള അത്ഭുതങ്ങളെപ്പററി വിശ്വസിക്കാത്ത എത്രയോ ആളുകൾ ഇപ്പോഴും ഉണ്ടെന്നുള്ളതിന്നു യാതൊരു സംശയവും ഇല്ല.

ഇപ്പോൾ കാണാവുന്ന ഈ വക സംഗതികളെ വിശ്വസിക്കാതിരിക്കുന്ന സ്ഥിതിക്ക്, എത്രയോ ശതവർഷങ്ങൾക്കുമുമ്പ് വസിഷ്ഠാദിമഹർഷികൾ പ്രദർശിപ്പിച്ച അതിശയക്രിയകളെ എങ്ങിനെ വിശ്വസിക്കും? കണ്ടനുഭവമുള്ള ആരെങ്കിലും ഉണ്ടോ? ഇല്ലതന്നെ. പിന്നെ എങ്ങിനെ വിശ്വസിക്കും?

വിശ്വാസയോഗ്യമായ ഒരു സംഭവത്തെ ഉദ്ധരിക്കുന്നതു വായനക്കാൎക്കെല്ലാം രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. അക്ബർ ചക്രവൎത്തിയുടെ മകൻ ജിഹാംഗീർ, മുഹമ്മത്മതവൈരാഗിയും, ഇതരമതദ്വേഷിയും, ആയ ഒരു ചക്രവൎത്തിയായിരുന്നുവെന്ന് ഇന്ത്യാചരിത്രം വായിച്ചിട്ടുള്ളവൎക്കെല്ലാം അറിയാവുന്നതാകുന്നു. സ്വജീവചരിത്രത്തിൽ (Autobiography) ഹിന്തുമതത്തെപ്പററി പല ദിക്കിലും, ജിഹാംഗീർ കഠിനമായി ആക്ഷേപിച്ചതായും കാണുന്നുണ്ട്.

ഒരിക്കൽ മധുര (വടക്കെ മധുര)യിൽ അത്ഭുതക്രിയകൾ പ്രദർശിപ്പിച്ചിരുന്ന ഒരു ഗോസ്വാമിയുണ്ടെന്ന് ഇദ്ദേഹം കേട്ടു.

'ഇതു വാസ്തവമാണോ? ഗോസ്വാമി ഒരു സത്യവാനാണെങ്കിൽ ഞാൻ അദ്ദേഹത്തെ യാതൊന്നും ചെയ്യുന്നില്ല. ഒരു കപടനാണെന്നുവരികിൽ നല്ലൊരു പാഠം പഠിപ്പിക്കുന്നുണ്ട്,' എന്നു നിശ്ചയിച്ച വാസ്തവം അറിയുന്നതിനായി തന്റെ വിശ്വസ്ഥന്മാരായ മന്ത്രിമാരെ ചക്രവൎത്തി അയച്ചു. ആ സന്ന്യാസിശ്രേഷ്ഠന്റെ അത്ഭുതപ്രവൃത്തികളെ കണ്ട് ഇവർ വളരെ ആശ്ചൎയ്യപ്പെട്ടു. ഇവരുടെ വാക്കു കേട്ടിട്ടും ജിഹാംഗീറിനു വിശ്വാസമുണ്ടായില്ല. വാസ്തവത്തെ അറിഞ്ഞേടുക്കുന്നതിന്നായി ചക്രവൎത്തിതന്നെ മധുരക്കു പുറപ്പെട്ടു.

എല്ലാ വെള്ളിയാഴ്ചതോറും ആ ഗോസ്വാമിയുടെ തലയിൽ സ്വൎണ്ണനാണ്യങ്ങൾ വൎഷിക്കുമെന്നുള്ളതത്രെ അദ്ദേഹത്തിന്റെ അത്ഭുതവിദ്യ. ഈ മഹാത്മാവു 'നാഡിയാ' രാജ്യത്തിൽ അവതരിച്ച ഗൌരങ്കനാഥന്റെ പ്രിയശിഷ്യനായിരുന്നു. ഇദ്ദേഹത്തെ ദൎശിക്കുവാൻ പോയതിനെപ്പററി സ്വജീവചരിത്രത്തിൽ ജിഹാംഗീർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

'ഗോസ്വാമിയുടെ ആശ്രമത്തിൽ ഞാൻ എത്തിയപ്പോൾ ചമ്മാംബരധാരികളായ അദ്ദേഹത്തിന്റെ നാനൂറുശിഷ്യന്മാരോളം പൂമുഖത്തിൽ ഇരിക്കുന്നതായി കണ്ടു. എന്റെ ആഗമനത്തെപ്പററി മുമ്പിൽകൂട്ടി അറിവുകൊടുത്തിരുന്നു. എതാണ്ട് ഒരു ഗുഹപോലെ ഇരിക്കുന്ന അദ്ദേഹത്തിന്റെ വാസസ്ഥലത്തിൽ ഞാൻ പ്രവേശിച്ചപ്പോൾ, എന്നെ അദ്ദേഹം വന്ദിക്കുകയോ, ആചാരോപചാരങ്ങൾ ചെയ്കയോ, എന്നെ കണ്ടുവെന്നുള്ള ഭാവം കൂടി നടിക്കുകയോ, ചെയ്തില്ല. എന്നാൽ ഞാൻ ആദ്യം അദ്ദേഹത്തെ വന്ദിച്ച് എന്നോട് ഒരു വാക്കു സംസാരിക്കുവാൻ ദയയുണ്ടാകുമാറ്, ഞാൻ ഏററവും വിനയത്തോടും, ശ്രദ്ധാഭക്തിയോടും വണങ്ങിനിന്നു.'

ഭൂലോകത്തിൽ വലിയ ചക്രവൎത്തിയായ ജിഹാംഗീർ കൈകെട്ടി വിനയപുരസ്സരം ആ ഗുഹാവാസിയുടെ മുമ്പിൽ നില്ക്കുന്നതിനെ ഒന്നു ഊഹിക്കുക. അദ്ദേഹത്തെ കണ്ട മാത്രയി

ൽതന്നെ തൻെറ സൎവ്വമനോവികാരങ്ങളേയും അമൎത്തി, തൊഴുത് ഒരു പ്രഭുവിൻെറ അടുക്കൽ ഒരു ഭൃത്യൻ നില്ക്കുന്ന നിലയിൽ, ജിഹാംഗീർ നിന്നതുതന്നെ ഒരു അത്ഭുതം അല്ലയോ? ഇനിയും ചക്രവൎത്തിയുടെ ജീവചരിത്രംതന്നെ നോക്കാം. 'എന്നോടുള്ള അദ്ദേഹത്തിൻെറ ആദ്യത്തെ വാക്കുകൾ ഇപ്രകാരമായിരുന്നു.' 'അങ്ങയെപ്പോലെ അനേകകോടി രാജാക്കന്മാരുടെ അധിപനായിരിക്കുന്ന ഏകമഹാരാജാവിനെയാണ് ഞാൻ സേവിക്കുന്നത്.' ഇത്രയും കേട്ടപ്പോൾതന്നെ ചക്രവൎത്തിയുടെ അഹംഭാവം ഒട്ടുമുക്കാലും നശിച്ച് തല കുനിച്ചു. തനിക്കു നല്ല ഉപദേശങ്ങൾ തരണമെന്നാണ് പിന്നീട് ആവശ്യപ്പെട്ടത്. തൻെറ പ്രജകളെ യാതൊരുവിധത്തിലും ഉപദ്രവിക്കാതെയും, അവരുടെ ക്ഷേമൈശ്വൎയ്യാദിവൎദ്ധനകൾക്ക് ഉപകാരപ്രദങ്ങളായ നല്ല കൎമ്മങ്ങളെ അനുഷ്ഠിക്കുന്നതത്രെ ഒരു രാജാവിൻെറ പ്രധാന ധൎമ്മം. എന്നു ഗോസ്വാമി ഉപദേശിച്ചു. ഇനിയും ചക്രവൎത്തിതന്നെ പറയട്ടെ, 'ഏകദേശം ഒരു മണിക്കൂറു കഴിഞ്ഞപ്പോൾ വൈകുന്നേരമായി. അപ്പോൾ ഒരു പുരോഹിതൻ പ്രാൎത്ഥനക്കു സമയമായി എന്നറിയിച്ച്, കുറെ വിളക്കുകളെ പ്രകാശിപ്പിച്ചു. മാന്യനായ യതിശ്രേഷ്ഠൻ കൂടക്കൂടെ എട്ടു പ്രാവശ്യം നമസ്കരിച്ചുംകൊണ്ടു നിത്യകൎമ്മാനുഷ്ഠാനം തുടങ്ങി. ഈ സമയത്തിൽ പരികൎമ്മികളായ അഞ്ചു പുരോഹിതന്മാർ പ്രവേശിച്ച് അവരുടെ ഗുരുവിനു സമീപം ഭക്തിയോടെ നിന്നു. പ്രാൎത്ഥനക്കിടയിൽ അദ്ദേഹം ആകാശത്തിലേയ്ക്കു കൈകൾ പൊക്കിയ അവസരത്തിൽ ഒരു സ്വൎണ്ണവൃഷ്ടിയുണ്ടായി. തദനന്തരം സ്വൎണ്ണനാണ്യങ്ങളെ എല്ലാം എടുത്തു രണ്ടായി ഭാഗിച്ച്, ഒരു ഭാഗം എൻെറ ഭണ്ഡാരത്തിലിടുന്നതിനു തരികയും മറ്റൊരു ഭാഗത്തെ പുരോഹിതന്മാൎക്കു കൊടുക്കുകയും, ചെയ്തു.' അവൎണ്ണനീയമായ ഈ അത്ഭുതസംഭവത്തെ കണ്ടു ചക്രവൎത്തി വിസ്മയിച്ചു. യതിശിരോമണിയുടെ ദിവ്യത്വത്തെ സമ്മതിച്ചു വിശ്വസിച്ചു. വൎഷംതോറും ആശ്രമത്തിലേയ്ക്കു 50,000 ക.

കൊടുക്കാമെന്നു ജിഹാംഗീർ വാഗ്ദാനം ചെയ്തപ്പോൾ, അദ്ദേഹത്തിന്ന് അതു ആവശ്യമില്ലെന്നും, ആവശ്യമുള്ളവൎക്കു കൊടുത്തുകൊള്ളേണമെന്നുമാണ് മഹാത്മാവു മറുവടി പറഞ്ഞത്. അ ്തീ ഷിതമായ ഈ മറുവടി ചക്രവൎത്തി കേട്ടപ്പോൾ അദ്ദേഹ ി ് എന്തെന്നില്ലാത്ത ഒരു സംഭ്രമം ഉണ്ടായി, വളരെ സ യോടും, മനസ്താപത്തോടുംകൂടി ആശ്രമം വിട്ടു തിരിച്ചു. പിന്നെയും ചക്രവൎത്തി പറയുന്നു, 'ഗുഹ വിട്ടു കുറെ ദൂരം പോയപ്പോൾ, ആ സന്യാസിയുടെ കൈ ഞാൻ പുറപ്പെടുന്ന സമയത്ത്, ചുംബനം ചെയ്യേണ്ടതായിരുന്നു, എന്നൊരു വിചാരം എന്റെ മനസ്സിലുദിച്ചു. ഈ വിചാരമുണ്ടായ തത്സമയത്തിൽത്തന്നെ അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ വന്നു. എന്റെ ഹൃദയത്തിലുള്ള വ ങ്ങ ള ഗുരു അറിഞ്ഞിരിക്കുന്നുവെന്നും, പ്രവൃത്തിക്കു പകരം വിചാരത്തെ സ്വീകരിച്ചിരിക്കുന്നുവെന്നും, എനിക്കു മംഗളം ആശംസിച്ചിരിക്കുന്നുവെന്നും, പറഞ്ഞു. പരഹൃദയജ്ഞാനം കണ്ടതോടുകൂടി എനിക്ക് അദ്ദേഹത്തിലുള്ള വിശ്വാസം ഇരിരട്ടി വൎദ്ധിച്ചു. ഞാൻ ആശ്രമത്തിലേയ്ക്കു വീണ്ടും പോയി അദ്ദേഹത്തെ ദണ്ഡനമസ്കാരം ചെയ്കയും, എന്നെ അനുഗ്രഹിക്കുന്നതിനായി പ്രാൎത്ഥിക്കുകയും ചെയ്തു.' ഭൂലോകത്തിലെ ഏററവും പ്രഭാവമേറിയ ജിഹാംഗീർ ചക്രവൎത്തി തന്റെ അച്ഛനെ ഒഴികെ, ആദ്യമായിട്ടാണ് ഒരു മനുഷ്യന്റെ മുമ്പിൽ നമസ്കരിക്കുന്നത്.

ഈ സംഭവത്തെപ്പററി നമുക്കു വിശ്വസിക്കാതിരിപ്പാൻ നിൎവ്വാഹമില്ല. ഹിന്തുമതവിരോധിയായ ഒരു മുഹമ്മദീയചക്രവൎത്തി സ്വജീവചരിത്രത്തിൽ ഇപ്രകാരമെല്ലാം പ്രസ്താവിച്ചിരിക്കുമ്പോൾ നിശ്ചയമായും ഇതു വിശ്വാസയോഗ്യംതന്നെ. ഇപ്പോൾ പറയപ്പെടുന്നതായ ഹിപ്നട്ടിസം, (Hypnotism) ക്ലയർവായൻസ് (Clairvoyance) ടെലപ്പതി (Telepathy) എന്നീ ഗൂഢമനഃശക്തിപ്രയോഗങ്ങളെ നമ്മുടെ സന്യാസിശ്രേഷ്ഠന്മാർ പൂൎവ്വകാലങ്ങളിൽ നിഷ്പ്രയാസം പ്രവൃത്തിച്ചുപോന്നിരു

ന്നു. ഈ തത്വങ്ങളെ ഇപ്പോൾ നമുക്കറിവാൻ കഴിയാതെ അമേരിക്ക മുതലായ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവന്നത് കാലചക്രഗതികൊണ്ടുണ്ടായ മാററത്തിൻെറ ഫലമെന്നേ പറവാനുള്ളൂ.

ചിച്ഛക്തിയെ, ജഡശക്തിയെപ്പോലെ, വദ്ധിപ്പിപ്പാൻ കഴിയുന്നതാകുന്നു. ചിച്ഛക്തിയുടെ വദ്ധനാവസരങ്ങളിലുള്ള ഓരോ പദ്ധതിയിൽ (Stages of development) ഓരോ വിധ അത്ഭുതക്രിയകൾ ചെയ്യുവാൻ സാധിക്കും. സൃഷ്ടി, സ്ഥിതി, സംഹാരം ചെയ്യുന്നതിനുള്ള ശക്തികൂടി സിദ്ധിക്കുമെന്നു ശാസ്ത്രങ്ങളിൽ കാണുന്നുണ്ട്. ഓരോ മഹഷിമാർ അപ്രകാരം ചെയ്തിട്ടുണ്ടെന്നു പുരാണങ്ങളിലും മഹാത്മാക്കളുടെ ജീവചരിത്രങ്ങളിലും പ്രസ്താവിച്ചിരിക്കുന്നു.

ചിച്ഛക്തി വദ്ധിച്ച് ആത്മജ്ഞാനലബ്ധിക്കുപകരിക്കുന്ന യോഗം, തപസ്സ്, മുതലായ വിശിഷ്ടകമ്മങ്ങളെ അനുഷ്ഠിക്കേണ്ടതുതന്നെയാണ് മനുഷ്യജന്മോദ്ദേശ്യം. മാനസികശക്തി (mental power) വദ്ധിക്കുന്നതിനും, തദ്വാരാ ആത്മജ്ഞാനം ലഭിക്കുന്നതിനും, ഉള്ള ശാസ്ത്രങ്ങളെ അഭ്യസിക്കുന്നതിനും, തദനുസരണം അനുഷ്ഠിക്കുന്നതിനുംവേണ്ടി, കേരളത്തിലെ പണ്ഡിതന്മാരും വിദ്വാന്മാരും ധനവാന്മാരും പ്രത്യേകിച്ചു യതിശ്രേഷ്ഠന്മാരും ഒന്നിച്ചുചേന്ന് ഒരു യോഗവിദ്യാലയം സ്ഥാപിക്കുകയും, അതിലേക്ക് വാസനയുള്ള യുവാക്കളെ തിരഞ്ഞെടുത്തുസന്ന്യസിപ്പിച്ച് അവരെ 'യഥാത്ഥമനുഷ്യ'രാക്കി(Real men) ഭൂലോകരംഗത്തിലേക്കയക്കുകയും ചെയ്യുന്നതായാൽ, കേരളത്തിലേക്കുമാത്രമല്ല, ലോകത്തിലേക്കുംകൂടി ഒരു അനുഗ്രഹമായിത്തീരുന്നതാകുന്നു. സ്വാമി ദയാനന്ദസരസ്വതിയാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആൎയ്യസമാജം വകയായ ഹരിദ്വാരത്തിലുള്ള 'ഗുരുകുല'വിദ്യാലയം (Gurukula Academy) ഇപ്രകാരം പ്രവൃത്തിച്ചുതുടങ്ങിയിട്ടു കുറെ കാലമായിരിക്കുന്നു. ഗുരുകുലത്തിൽ ചേരുന്ന വിദ്യാത്ഥികൾ ബ്രഹ്മചൎയ്യവ്രതത്തെ നിഷ്കപടമാ

യി അനുഷ്ഠിക്കേണമെന്നും, ഗുരുകുലവാസം (പഠിപ്പുകാലം) കഴിയുന്നതുവരെക്കും സ്വഗൃഹങ്ങളിലേക്കു പോകുവാൻ പാടില്ലെന്നും, അവിടത്തെ പ്രത്യേക നിയമങ്ങളാകുന്നു. ഈ ഗുരുകുലത്തെപ്പററി ഇനി ഒരിക്കൽ പ്രത്യേകമായി എഴുതിക്കൊള്ളാമെന്നു വിചാരിച്ച് ഇവിടെ അധികമൊന്നും പ്രസ്താവിക്കുന്നില്ല.

സർവ്വമോഹങ്ങളേയും, ദുരിതങ്ങളേയും, ഭയത്തേയും നശിപ്പിക്കുന്ന ആത്മജ്ഞാനപ്രദായകമായ യാതൊരു വിദ്യാഭ്യാസവും ആധുനികവിദ്യാലയങ്ങളിൽ ലഭിക്കാതിരിക്കുന്നത് ഏററവും പരിതാപജനകമല്ലയോ?

ശുഭം.

---

# കൃഷ്ണകുഞ്ഞന്റെ മരണപത്രം

## അദ്ധ്യായം ൩

---

ആ സംഭവത്തിനു ശേഷം, ബ്രഹ്മാനന്ദൻ മരണപത്രം എഴുതിക്കഴിഞ്ഞു മടങ്ങി വന്നു. ഹരലാലൻ ബ്രഹ്മാനന്ദനെ കാത്തിരിക്കുന്നുണ്ടായിരുന്നു.

ഹരൻ 'എന്താ പറ്റീട്ടുണ്ട്?'

ബ്രഹ്മാനന്ദൻ കവിതയിൽ വളരെ ഭ്രമമുള്ളവനായിരുന്നു. തെരുതെരെ പുറപ്പെടുവിച്ച ഒരു പുഞ്ചിരിയോടുകൂടി, അയാൾ ഈ വിധം മറുവടി പറഞ്ഞു:

'മാനത്തെഴുന്നമതിബിംബമഹോ പിടിപ്പാൻ
ഞാനെൻകരങ്ങളുയരത്തിലുയർത്തിനേൻ ക,
നൂനംകരാംഗുലി മുരുക്കിലടിച്ചുമുള്ളേ
റൂനംഭവിച്ചു, ചെറുതല്പമറിഞ്ഞു സർവ്വം.' *

ഹരൻ—'അതു ചെയ്യാൻ നിങ്ങൾക്കു സാധിച്ചില്ലേ?'

---

* സി. ഗോവിന്ദനെളേടം അവർകളുടെ തർജ്ജമ.

ബ്രഹ്മാ—'വളരെ ബുദ്ധിമുട്ടുകൾ നേരിട്ടു.'

ഹരൻ—'എന്നിട്ടും നിങ്ങൾക്കു സാധിച്ചില്ലെ?'

ബ്രഹ്മ—'ഇല്ല, എനിക്കു സാധിച്ചില്ല. നിങ്ങളുടെ കള്ളാധാരവും പണവും ഇതാ നിങ്ങൾ തന്നെ എടുത്തോളു! എന്നുപറഞ്ഞ്, ബ്രഹ്മാനാന്ദൻ പെട്ടിയിൽനിന്നു ആ അഞ്ഞൂറു രൂപയുടെ നോട്ടും ആധാരവും എടുത്ത് ഹരലാലൻെറ കൈയിൽ കൊടുത്തു. ഹരലാലൻെറ കണ്ണുകൾ തീപോലെ ജ്വലിച്ചു; കോപംകൊണ്ടും വ്യസനംകൊണ്ടും ചുണ്ടുകൾ വിറച്ചു. 'ഛിച്ഛീ' കാശിനുകൊള്ളാത്തവൻ! എന്ത്, ഒരു പെണ്ണിനും കൂടി ചെയ്യാവുന്നത് നിന്നെക്കൊണ്ടു സാധിച്ചില്ല! ഞാൻ പോണു, ഇതിനെപ്പററി ഒരു ശബ്ദം പുറത്തായെങ്കിൽ, അന്നു നിൻെറ ജീവൻ പോകും. കേട്ടോ! എന്നു ഹരലാലൻ ബ്രഹ്മാനന്ദനോടു പറഞ്ഞു.'

ബ്രഹ്മ—'അതിനെപ്പററി വിചാരപ്പെടേണ്ട ഞാനിതു പുറത്തു പറകയില്ല.'

ഹരലാലൻ അവിടെനിന്നു ബ്രഹ്മാനന്ദൻെറ അടുക്കളയിലേക്കാണ് പോയത്. ആ വീട്ടിലെ കുട്ടിയെന്നപോലെ, അയാൾക്കു അവിടെ എവിടെയും കടന്നു ചെല്ലുന്നതിനു തടസ്ഥം ഉണ്ടായിരുന്നില്ല. അടുക്കളയിൽ ബ്രഹ്മാനന്ദൻെറ മരുമകൾ, രോഹിണി, വെക്കുന്നുണ്ടായിരുന്നു.

ഈ രോഹണിയെക്കൊണ്ടു പല കാര്യങ്ങളും സാധിപ്പാനുണ്ട്; അതു കാരണം, അവളുടെ ആകൃതിയേയും പ്രകൃതിയേയും കുറിച്ചു നമുക്കു ചിലതെല്ലാം അറിയാതെ തരമില്ല. പക്ഷെ, ഇക്കാലത്തു സൌന്ദര്യത്തെക്കുറിച്ചുള്ള വർണ്ണന കുറെ ആഭാസമായിട്ടാണ് കരുതിവരുന്നത്, പിന്നെ ഇപ്പോൾ ബലപ്പെട്ടിരിക്കുന്ന നിയമങ്ങളെക്കൊണ്ട്, അവനവൻെറയല്ലാതെ, അന്യന്മാരുടെ സ്വഭാവത്തെപ്പററിയുള്ള ഗുണദോഷനിരൂപണം ഒരു സമയം കോടതിയിലായിരിക്കും അവസാനിക്കുന്നത്. അതിനാൽ, ആകപ്പാടെ, രോഹിണി, ശരത്കാലത്തിലെ പൂ

ൎണ്ണചന്ദ്രനെപ്പോലെ, ഒരു മധുരാകൃതിയോടുകൂടിയ തരുണിയായിരുന്നു എന്നു ചുരുക്കത്തിൽ പറഞ്ഞിരിക്കാം. അവൾ വളരെ ചെറുപ്പത്തിൽതന്നെ ഒരു വിധവയായി എങ്കിലും, അവളുടെ ഉടുപ്പും നടപ്പും ഒരു വിധവയ്ക്കു ചേൎന്നതല്ലായിരുന്നു. അവൾ കരയുള്ള നല്ല വസ്ത്രം ഉടുത്തിരുന്നു എന്നുതന്നെയല്ല, കൈകളിൽ വളകളും ഇട്ടിരുന്നു അവൾ മുറുക്കുകയും കൂടി ചെയ്തിരുന്നോ എന്നു എനിക്കു സംശയമുണ്ട്. പാചകവിദ്യയിൽ അവൾ ദ്രൌപദിക്കു തുല്യയായിരുന്നു. പലഹാരങ്ങളും കറികളും ഉണ്ടാക്കുന്നതിൽ അവൾക്കുള്ള കൈപ്പുണ്യം ഇത്രയെന്നു പറഞ്ഞുകൂടാ. അതിലും വിശേഷിച്ച്, നിലത്തു കോലമണിയുന്നതിലും വിശേഷമായ പൂമാലകൾ കെട്ടുന്നതിലും തുന്നൽപ്പണിയിലും അവൾ അദ്വിതീയയായിരുന്നു. ആ ഗ്രാമത്തിൽ കല്യാണങ്ങൾക്ക് കുട്ടികളേയും പെണ്ണുങ്ങളേയും ഭംഗിയായി ചമയിക്കുന്നതിന്നു രോഹിണിയെപ്പോലെ മറ്റാൎക്കും സാമൎത്ഥ്യമുണ്ടായിരുന്നില്ല. രോഹിണിക്ക് അടുത്ത ബന്ധുക്കളാരും ഇല്ലാതിരുന്നതുകൊണ്ട്, അവൾ ബ്രഹ്മാനന്ദനൊരുമിച്ചു താമസിച്ചുവന്നു.

രോഹിണി, അടുക്കളയിൽ അടുപ്പത്തു ഒരു പാത്രത്തിൽ കിടന്നിരുന്ന പയറിനെ ഒരു കോൽകൊണ്ട് ഇളക്കുകയായിരുന്നു. അല്പം ദൂരത്തായി കൈകാലുകൾ പരത്തി ഒരു പൂച്ചയും കിടന്നിരുന്നു. കടാക്ഷവിക്ഷേപങ്ങളെക്കൊണ്ട് മൃഗങ്ങളെക്കൂടി വശീകരിക്കാമൊ എന്നു പരീക്ഷിക്കാനെന്നപോലെ, രോഹിണി കൂടെക്കൂടെ ആ പൂച്ചയുടെ നേൎക്കു മനോഹരമായ ഓരോ നോട്ടം നോക്കിയിരുന്നു. ഈ കടാക്ഷങ്ങൾ വറുത്ത മത്സ്യം തിന്നാനുള്ള ക്ഷണനമാണെന്ന നാട്യത്തിൽ പൂച്ച സാവധാനത്തിൽ അടുത്തടുത്തു ചെല്ലുന്ന സമയത്താണ് ഹരലാലൻ ഉറക്കെ ചവിട്ടിക്കൊണ്ട് അകത്തു കടന്നു ചെന്നത്. പൂച്ച ഭയപ്പെട്ട്, തീനുപേക്ഷിച്ച് ഓടിപ്പോയി, രോഹിണി ഇളക്കിക്കൊണ്ടിരുന്ന കോൽ പാത്രത്തിൽതന്നെ ഇട്ട്, കൈ തുടച്ച്, പുടവ

യുടെ ആറാംകൊണ്ടു തലമൂടി തിരിഞ്ഞുനിന്നു. 'എപ്പോഴാണ് നിങ്ങൾ വന്നത്?' എന്നു അല്പം സംഭ്രമത്തോടുകൂടി ഹരലാല നോടു ചോദിച്ചു.

ഹരൻ—'ഇന്നലെ. എനിക്കു നിങ്ങളോടൊരു കാര്യം പറ വാനുണ്ട്.'

രോഹിണി സന്തോഷംകൊണ്ടു പുളകാങ്കിതയായി, 'ഇ ന്നു നിങ്ങൾക്കു ഊണിവിടെയല്ലേ? നിങ്ങൾക്കു പ്രത്യേകമായി കുറച്ചു നല്ലരിയെടുത്തു ഞാൻ അടുപ്പത്തിടട്ടെ?' എന്നു ചോദിച്ചു.

ഹരൻ—'ഓ, ഹോ, നിന്റെ ഇഷ്ടംപോലെ ചെയ്തോളു എ ന്നാൽ അതിനായി ബുദ്ധിമുട്ടേണ്ട... ഒരു ദിവസം നിന ക്കൊരു അപകടം പറ്റിയതോർക്കുന്നുണ്ടോ?'

രോഹിണി ഒന്നും പറയാതെ അധോമുഖിയായി നിന്നു. ഹരലാലൻ പിന്നെയും ഇങ്ങിനെ പറഞ്ഞു 'അന്നൊരു ദിവ സം ആ തീർത്ഥവാസികളൊരുമിച്ച് ഗംഗാസ്നാനത്തിന്നു പോ കുന്ന വഴിക്ക്, നീ അവരിൽനിന്നു വളരെ പുറകിലായില്ലേ? നീയതോർക്കുന്നുണ്ടോ?'

രോഹിണി കൈ രണ്ടും കൂട്ടിപ്പിടിച്ച് നിലത്തു നോക്കി ക്കൊണ്ടു, 'ഞാൻ ഓർക്കുന്നുണ്ട്' എന്നു പറഞ്ഞു.

ഹരൻ—'വഴി തെറ്റി ഒരു മൈതാനത്തിൽ ചെന്നുചേ ന്നതോ?'

രോഹിണി—'അതും'

ഹരൻ—'രാത്രിയായപ്പോഴും നീ അവിടെ തനിച്ചായിരുന്നു. ഒരു കൂട്ടം കള്ളന്മാരും വന്നു നിന്നെ വളഞ്ഞു. അതും ഓർമ്മ യുണ്ടോ?'

രോഹിണി—'ഇന്നലെ കഴിഞ്ഞപോലെ ഞാനതെല്ലാം ഓർക്കു ന്നുണ്ട്'

ഹരൻ—'ആ സമയത്തു നിന്നെ രക്ഷിച്ചതാരായിരുന്നു?'

രോഹിണി—'നിങ്ങളാണ്. നിങ്ങൾ കുതിരപ്പുറത്തു കയറി ആ

മൈതാനത്തിൽക്കൂടി എവിടേക്കൊ പോകയായിരുന്നു.

ഹരൻ—'എന്റെ അനുജന്റെ ഭാര്യവീട്ടിലേക്ക്.'

രോഹിണി—'നിങ്ങൾ എന്റെ അപകടസ്ഥിതി കണ്ട്, എന്നെ അതിൽനിന്നു രക്ഷിച്ച്, ഒരു പല്ലക്കിൽ കയററി എന്റെ വീട്ടിലേക്കയക്കുകയുണ്ടായി. ഞാനത് എങ്ങിനെ മറക്കും? അതിനു പ്രത്യുപകാരം ചെയ്യാൻ ഒരിക്കലും എനിക്കു സാധിക്കുകയില്ല.'

ഹരൻ—'നിനക്കതു ചെയ്യാൻ ഇന്നു സാധിക്കും. അതിനും പുറമെ, നിനക്ക് എന്റെ അനുഗ്രഹവും സമ്പാദിക്കാം. നീ അതു ചെയ്യുമോ?'

രോഹിണി—'എന്താണ് നിങ്ങൾ പറയുന്നത്? നിങ്ങളെ സഹായിപ്പാൻ ഞാൻ എന്റെ ജീവനെക്കൂടി കളയാമല്ലൊ.'

ഹരൻ—'ചെയ്താലും ഇല്ലെങ്കിലും, ഒരാളോടും അതിനെ നീ പറഞ്ഞുപോകരുത്. ഞാൻ നിന്നോടു പറയുവാൻ പോകുന്ന സംഗതി നീയൊഴിച്ച് മറെറാരു ജീവിയും അറിയാനിടയാകരുത്.'

രോഹിണി—'എന്റെ ജീവനുള്ള കാലത്തോളം അതുണ്ടാവില്ല.'

ഹരൻ—'സത്യം ചെയ്യു.'

രോഹണി അങ്ങിനെ ചെയ്തു.

പിന്നെ, ഹരലാലൻ, ആ അസ്സലാധാരത്തിന്റെയും കള്ളാധാരത്തിന്റെയും വിവരം പറഞ്ഞ്, ഒടുവിൽ, 'നീ ആ അസ്സലാധാരം മോഷ്ടിച്ചെടുത്ത് ഈ കള്ളാധാരം അതിന്റെ സ്ഥാനത്ത് വെക്കണം. ഞങ്ങളുടെ വീട്ടിൽ എല്ലാസ്ഥലത്തും നിനക്കു സ്വാതന്ത്ര്യത്തോടെ പെരുമാറാമല്ലൊ. നീ മിടുക്കത്തിയാണ്, അതുകൊണ്ടു എളുപ്പത്തിൽ നിനക്കു അതു ചെയ്വാൻ കഴിയും. എനിക്കുവേണ്ടി നീയങ്ങിനെ ചെയ്യാമോ?' എന്നു ചോദിച്ചു.

രോഹണി ഭയപ്പെട്ടു വിറച്ചു 'കള്ളയോ! എന്നെ കപ്പണം

കഷണമാക്കി മുറിക്കുന്നതായാലും, ഞാനതു ചെയ്കയില്ല.'

ഹരൻ—'പെണ്ണുങ്ങളെപ്പോലെ തന്നെ കാശിനുകൊള്ളാത്തവരം! ശൌര്യമെല്ലാം വായിൽ നാക്കിനു മാത്രമുണ്ട്. ഈ ജന്മം നീ എന്റെ ആ കടം വീട്ടുകയില്ലെന്നു എനിക്കിപ്പോൾ അറിയാറായി.'

രോഹിണി—'ഇതൊഴിച്ച് എന്തെങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്തുതരാം. എന്റെ ജീവനെ ഉപേക്ഷിക്കാനും കൂടി ഞാൻ തയാറാണ്. എന്നാൽ, അപ്രകാരമുള്ള വിശ്വാസവഞ്ചന ചെയ്യാൻ എനിക്കു കഴികയില്ല.'

ഹരലാലൻ, രോഹിണിയെ അതിലേക്കു ഉദ്യോഗിപ്പിക്കുന്നത് അസാദ്ധ്യമെന്നുകണ്ട്, നിനക്കു സമ്മാനമായി ഈ പണം മുമ്പിൽകൂട്ടി നീ എടുത്തോളൂ., എന്നു പറഞ്ഞ് ആയിരം രൂപയുടെ ഒരു നോട്ട് അവളുടെ കയ്യിൽ വെച്ചുകൊടുത്തു.

രോഹിണി ആ പണം സ്വീകരിച്ചില്ല. ഞാൻ പണത്തിനുവേണ്ടി പറഞ്ഞതല്ല. നിങ്ങൾ നിങ്ങളുടെ അച്ഛന്റെ മുതലാസകലം എനിക്കു തരുന്നതായാലും എനിക്കതു ചെയ്യാൻ പാടില്ല. അതിനു വിരോധമില്ലെങ്കിൽ, നിങ്ങൾക്കു വേണ്ടി വെറുതെ ഞാനതു ചെയ്യുമായിരുന്നു എന്നവൾ പറഞ്ഞു.

ഹരലാലൻ ഒന്നു ദീർഘമായി നിശ്വസിച്ചു. രോഹിണി നീ എന്റെ ഗുണകാംക്ഷിണിയാണെന്നു ഞാൻ വിചാരിച്ചു, അന്യന്മാരെ സ്വന്തം ആളുകളായി വിചാരിപ്പാൻ തരമില്ലല്ലോ. എന്റെ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, നിന്നെ ഉപദ്രവിക്കാൻ ഞാൻ വരികയില്ലായിരുന്നു. അവൾ അതെനിക്കായി ചെയ്തുതരുമായിരുന്നു.

രോഹിണി ചിരിച്ചു.

ഹരൻ— 'നീ ചിരിക്കുന്നതെന്താണ്?'

രോഹിണി—'നിങ്ങളുടെ ഭാര്യയെപ്പററി പറഞ്ഞപ്പോൾ, എനിക്കു വിധവാവിവാഹസംഗതി ഓർമ്മവന്നു. നിങ്ങൾ ഒരു

വിധവയെ കല്യാണം കഴിക്കാൻ പോകയാണ്, അല്ലെ?'

ഹരൻ— 'എനിക്കങ്ങനെ ചെയ്താൽ കൊള്ളാമെന്നുണ്ട്, പക്ഷേ, എന്റെ ഇഷ്ടംപോലെ ഒരു വിധവയെ എനിക്ക് എവിടെ കിട്ടും?'

രോഹിണി— 'ഒരു വിധവയേയോ കല്യാണം കഴിച്ചിട്ടുള്ള ഒരു സ്ത്രീയേയോ—ഒരു വിധവയേയോ ഒരു കന്യകയേയോ എന്നാണ് ഞാൻ ഉദ്ദേശിച്ചത്— കല്യാണം കഴിച്ച സുഖമായിരുന്നാൽ കൊള്ളാം. ഞങ്ങൾക്കെല്ലാവൎക്കും അതു വളരെ സന്തോഷമാണ്.'

ഹരൻ— 'നോക്കു, രോഹിണി, വിധവാവിവാഹത്തിനു വിരോധമില്ലെന്നു ശാസ്ത്രങ്ങളിൽ പറയുന്നുണ്ട്.'

രോഹിണി— 'ഈയിടെ ജനങ്ങൾ അങ്ങനെ പറയുന്നുണ്ട്.'

ഹരൻ— 'നിനക്കും, വേണമെങ്കിൽ, കല്യാണം കഴിക്കാം. എന്തുകൊണ്ടു ചെയ്യുന്നില്ല?

രോഹിണി വസ്ത്രംകൊണ്ടു തല നല്ലവണ്ണം മൂടി തിരിഞ്ഞുനിന്നു.

ഹരൻ— 'നമ്മളെല്ലാം ഒരു ഗ്രാമക്കാരാണല്ലൊ. വിവാഹത്തെ വിരോധിക്കത്തക്ക ബന്ധുത്വവും നമ്മൾ തമ്മിൽ ഇല്ല.'

ഇതുകൂടി കേട്ടസമയം, രോഹിണി വസ്ത്രം വലിച്ച മുഖം മൂടി, പയറു വീണ്ടും ഇളക്കിത്തുടങ്ങി.

ഈ പ്രവൃത്തി കണ്ടു ഭഗ്നാശയനായി ഹരലാലൻ പോവാനായി പുറപ്പെട്ടു. അയാൾ വാതുക്കൽ എത്തിയ സമയം രോഹിണി ഇങ്ങനെ വിളിച്ചു പറഞ്ഞു: 'ആ കടലാസ്സിവിടെ വെച്ചിട്ടു പൊയ്ക്കോളു. എന്നെക്കൊണ്ടാവുന്നതു ഞാൻ ചെയ്യാം.'

ഇതു കേട്ടു, സന്തോഷസാഗരത്തിൽ മുങ്ങിപ്പൊങ്ങിയ ഹരലാലൻ ആ കള്ളാധാരവും നോട്ടുകളും രോഹിണിയുടെ അ

ടുക്കൽ വെച്ചു. 'നോട്ടു വേണ്ട, ആധാരം മാത്രം മതി.' എന്നവൻ വിളിച്ചു പറഞ്ഞു.

അതു കേട്ടു, ഹരലാലൻ ആധാരം അവിടെ വെച്ച്, നോട്ടെടുത്തു പോയി.

---

# കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

(തോരണത്തു പരമേശ്വരമേനോൻ)

കൊടുങ്ങല്ലൂർ, കേരളത്തിലെന്നല്ല പരദേശങ്ങളിലും, ചരിത്രസംബന്ധമായി സുപ്രസിദ്ധിയെ പ്രാപിച്ചിട്ടുള്ള ഒരു രാജ്യമാണ്. അവിടത്തെ രാജാക്കന്മാരും പണ്ടേതന്നെ വിദ്യയിൽ സൽകീർത്തി സമ്പാദിച്ചിട്ടുള്ളവരാണെന്നുള്ളതു ലോകസമ്മതമാണല്ലോ. മലയാളത്തിൽ പെരുമാക്കന്മാർ രാജ്യഭരണം ചെയ്തിരുന്ന കാലത്തു കേരളത്തിൻെറ തലസ്ഥാനം കോടിലിംഗപുരം അല്ലെങ്കിൽ കൊടുങ്ങല്ലൂർ ആയിരുന്നുവെന്നുള്ളതു, അവരുടെ എല്ലാം വാസസ്ഥാനം കൊടുങ്ങല്ലൂര് മഹോദയപട്ടണത്തിലായിരുന്നു എന്ന ഏകസംഗതികൊണ്ടനുമാനിക്കാവുന്നതാണ്. ഇന്നും ഈ പട്ടണത്തിലുള്ള രാജധാനി കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടേതാണ്. ജൂതന്മാരും, ക്രിസ്ത്യാനികളും ആദ്യമായി മലയാളത്തിൽ വന്നു താമസിപ്പാൻ തുടങ്ങിയതു കൊടുങ്ങല്ലൂരായിരുന്നു. അയൽരാജ്യങ്ങളെ അപേക്ഷിച്ചു നോക്കുന്നതായാൽ തുറമുഖംകൊണ്ടും വ്യാപാരംകൊണ്ടുംകൊടുങ്ങല്ലൂർ ഒട്ടുംതന്നെ പ്രാധാന്യം കുറഞ്ഞതായിരുന്നില്ല. തൃക്കണാമതിലകം ഗ്രാമവും അവിടത്തെ നാടുവാഴികളും കൊടുങ്ങല്ലൂർ കോവിലകത്തിൻെറ കീഴിലായിരുന്നു. ഈ സംഗതികളെല്ലാം ഈ സ്ഥലത്തിൻെറ മാഹാത്മ്യത്തിനും പ്രസിദ്ധിക്കും മതിയായ ലക്ഷ്യങ്ങളാണല്ലോ.

പ്രസ്തുത ലേഖനത്തിന്നു കാരണഭൂതനായ ആ മഹാൻ വിഖ്യാതമായ കൊടുങ്ങല്ലൂർ രാജസ്വരൂപത്തിലെ ഒരംഗമാണ്. തിരുമനസ്സിലെ അമ്മ ഈ രാജകുടുംബത്തിലെ ഇപ്പോഴത്തെ-അമ്മതമ്പുരാനായ കുഞ്ഞിപ്പിള്ളതമ്പുരാട്ടിയാണ്. അവിടുത്തേക്കു പഴയ സമ്പ്രദായപ്രകാരം കാവ്യാദികളിൽ ഒരുവിധം വൈദുഷ്യമുണ്ട്. ഈ രാജ്ഞിക്കു ൩൯-ാം തിരുവയസ്സുവരെ അനപത്യതാം നിമിത്തം സന്താപത്തിന്നു സംഗതി വന്നിട്ടുണ്ട്. എന്നാൽ കൊടുങ്ങല്ലൂർ ശ്രീകുരുംബതന്നെ അവലംബമെന്ന് ഉറപ്പിച്ച ഭക്തിയുക്തം ഭജിച്ച ഫലമായി ൩൯-ാം വയസ്സിൽ ഉണ്ടായ പുത്രനാണ് ഈ ഉപന്യാസത്തിലെ നായകൻ. ഇദ്ദേഹം ൧൦൪൦-ാമാണ്ടു കന്നിമാസം 4-ാംനു അശ്വതി നക്ഷത്രത്തിൽ തിരിഞ്ഞ് ൨ അടി ൨ വിരൽ ചെന്ന സമയത്തു തിരുവവതാരം ചെയ്തു. തദവസരത്തിൽ അവിടുത്തെ പിതാവ് അടി അളന്നു നോക്കി ജനിച്ച സന്താനം 'ചാത്തൻ' ആണെന്നു ഫലിതം പറഞ്ഞതായി കേട്ടിട്ടുണ്ട്. * വാടിക്കിടന്നിരുന്ന ഭാഷാകവിതാവല്ലിയെ വാത്സല്യപൂർവ്വം വളർത്തി ഫലവത്താക്കിത്തീർപ്പാൻ അനവരതം പരിശ്രമിച്ചിട്ടുള്ള മഹാന്മാരിൽ പ്രഥമഗണനീയനായ വെണ്മണി അച്ഛൻ നമ്പൂരിപ്പാടാണ് ഈ രാജകുമാരന്റെ അച്ഛൻ. വിത്തുഗുണം പത്തു ഗുണമെന്നത് ഇവിടെ സ്മരണീയമാണ്. ഈ സന്താനത്തിന്നു ബാല്യത്തിൽ പറയത്തക്ക ശരീരപീഡകളൊന്നുമുണ്ടായിട്ടില്ല. അതിന്നു കാരണം തിരുമേനിയുടെ മാതാവിന്റെ പഠിപ്പും ശിശുപരിപാലനനൈപുണ്യവുമാണെന്നു പറയാതെ

---

* വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടു കുഞ്ഞിക്കുട്ടൻതമ്പുരാൻ ജനിച്ചപ്പോൾ ഇങ്ങിനെ ഒരു ഫലിതം പറഞ്ഞതായി കേട്ടിട്ടില്ല. വേറെ ഏതോ ഒരു കുട്ടി ജനിച്ച സമയം തിരിഞ്ഞു രണ്ടടിയും നാലു വിരലുമാണെന്നറിയിച്ചപ്പോൾ ചാത്തനാണൊ എന്നു ഫലിതമായി അദ്ദേഹം ചോദിച്ചിട്ടുണ്ട്. ചാത്തനു തിരിഞ്ഞു രണ്ടടിയും നാലു വിരലുമാണല്ലൊ. രണ്ടടിയും രണ്ടു വിരലുമല്ലെന്നാണ് കേൾവി. മ. പ.

കഴികയില്ല. 'രാമവർമ്മാ' എന്നാണ് ഈ രാജകുമാരന്റെ നാമധേയം. 'കുഞ്ഞിക്കുട്ടൻ' എന്നു വിളിച്ചുവന്നത് ഓമനപ്പേരായിട്ടാണ്. അവിടുത്തേക്കു ബാല്യത്തിൽ തട്ടിത്തകൎത്തു കളിച്ചു നടക്കുന്നതിന്നായിരുന്നു അത്യാസക്തിയുണ്ടായിരുന്നത്. ഈ രാജകുമാരൻ കാണാൻ കൊതിച്ചു കാത്തിരുന്നു കണ്ടുകിട്ടിയ ഒരു നിധികുംഭമാകകൊണ്ടും, അവിടുത്തെ തകൃതികളോടുകൂടിയ ഫലിതപ്രയോഗങ്ങളെക്കൊണ്ടും ജനകജനനിമാൎക്കും മററു സകലൎക്കും ഇദ്ദേഹം കണ്ണിലുണ്ണിയായിത്തീൎന്നതിനാൽ ശൈശവകാലം ബഹുരസമായിക്കഴിച്ചുകൂട്ടി. ഈ തിരുമനസ്സിലേക്ക് ഒരു സഹജൻ മാത്രമേയുള്ളു. അദ്ദേഹം ഭാഗവതർ ചെറിയ കുഞ്ഞുണ്ണി തമ്പുരാൻ എന്ന പ്രസിദ്ധനാണ്. അവിടുത്തേക്കും കവിത ഇല്ലെന്നില്ല. സംഗീതത്തിലും മററും സക്തി കൂടിയതിനാൽ കവിതയിൽ പരിശ്രമക്കുറവുണ്ടായെന്നേയുള്ളു.

കൊടുങ്ങല്ലൂർ രാജകുടുംബത്തിലെ നടപ്പനുസരിച്ചു വളപ്പിൽ ആശാൻ എന്ന സ്ഥാനപ്പേരോടുകൂടിയ വളപ്പിൽ ഉണ്ണിആശാൻ (ഉണ്ണിമേനോൻ) എന്നാളെക്കൊണ്ട് ഈ രാജബാലകനെ ൫-ാം വയസ്സിൽ എഴുത്തിന്നു വെപ്പിക്കുകയും ആ ആശാന്റെ അടുക്കൽ നിലത്തെഴുത്തും കണക്കും സിദ്ധരൂപം മുതലായതും പഠിച്ചതിന്നു ശേഷം നേരെ അമ്മാമനായ വിദ്വാൻ കുഞ്ഞിരാമവർമ്മൻ തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ ചെറുകാവ്യങ്ങൾ വായിപ്പാൻ തുടങ്ങി. അതോടുകൂടി അമ്മാമന്റെ ഇഷ്ടപ്രകാരം കടലാസ്സു വരച്ചു കൈയക്ഷരം നന്നാക്കാൻ ശ്രമിച്ചു. അക്കാലത്തു പഠിപ്പിൽ അത്ര ശ്രദ്ധയുണ്ടായിരുന്നില്ല. ബുദ്ധിക്ക് അല്പം മാന്ദ്യം ഭവിച്ചിരുന്നെങ്കിലും കൊടുങ്ങല്ലൂർ രാജവംശത്തിലെ കീഴ്നടപ്പുപ്രകാരം ഉപനയനാനന്തരം ശ്രീകുരുംബക്കാവിൽ ഒരു സംവത്സരം ഭജിച്ചുവരാറുള്ള പതിവിന്നു പകരം ഈ തിരുമേനി മൂന്നു കൊല്ലം വിധിപൂൎവ്വകം ഭജിച്ചുകഴിഞ്ഞതിൽ പിന്നെ അവിടുത്തെ പഠിപ്പിലുള്ള കയററവും, അഭിരുചിയും, ശ്രദ്ധയും, അന്വേഷണബുദ്ധിയുമൊന്നു

വേറെതന്നെയായി പരിണമിച്ചു. തൎക്കപരികാവ്യനാടകാലങ്കാരാദികളും ക്ഷത്രിയൎക്കു വേണ്ടുന്ന വൈദികവിഷയങ്ങളും മാറും മാതുലന്മാരായ കുഞ്ഞിരാമവൎമ്മൻ തമ്പുരാന്റെയും തൎക്കശാസ്ത്രം മുക്താവലി വരെ കുഞ്ഞൻതമ്പുരാന്റെയും ജ്യോതിഷത്തിൽ പഞ്ചബോധംവരെ ക്രിയ ചെയ്യുവാൻ അവിടുത്തെ മുത്തശ്ശിയായ എളയ അമ്മത്തമ്പുരാന്റെയും അടുക്കലാണ് പഠിച്ചതു്. ഈ തിരുമേനിക്കും ശിഷ്യഗണങ്ങളില്ലെന്നില്ല. ശിഷ്യഗണസമ്പാദ്യം കൊടുങ്ങല്ലൂർ രാജകുലത്തിലെ അംഗങ്ങൾക്കു പണ്ടേതന്നെ പാരമ്പൎയ്യമായിട്ടുള്ളതാണ്.

പഠിക്കുന്ന കാലത്തുതന്നെ തിരുമനസ്സുകൊണ്ടു കവിത ഉണ്ടാക്കുവാൻ തുടങ്ങീട്ടുണ്ട്. ൨0 വയസ്സിനു മേലാണ് ഭാഷാകവിതയിൽ അതിയായി പരിശ്രമിപ്പാൻ തുടങ്ങിയത്. ഇതിന്റെ അഭിവൃദ്ധിക്കും ശുദ്ധിക്കും കവിവൎയ്യനും വൈദ്യനും അവിടുത്തെ അമ്മാമനും ആയ ചെറിയ കൊച്ചുണ്ണിതമ്പുരാൻ തിരുമനസ്സുകൊണ്ടും, അച്ഛനും ഭാഷാഭൂഷണ പൊന്മണിയായ വെണ്മണി അച്ഛനും അവിടുത്തെ മകനായ മഹൻ നമ്പൂരിപ്പാട്ടമാണ് നിരന്തരം സഹായിച്ചിട്ടുള്ളത്. സംസ്കൃതത്തിലും ഇദ്ദേഹം കവിത ഉണ്ടാക്കീട്ടുണ്ട്. അവ 'സഹൃദയാ' എന്ന സംസ്കൃതമാസികയിൽ ചേൎത്തുകണ്ടിട്ടുണ്ട്. തിരുമനസ്സിലെ കവിതയിൽ കാഠിന്യക്കുറയുമെന്നു ചിലൎക്ക് അഭിപ്രായമില്ലെന്നുമില്ല. കുന്നൽ കൂടാതെ പദ്യമാരി വൎഷിച്ചു കേരളലോകവൃഷ്ടി വരുത്തുവാനിടയാക്കിയ ഈ പുണ്യശ്ലോകന്റെ കവിതയിൽ അല്പം വല്ല ന്യൂനതയുണ്ടായിരുന്നാലും അതു സാരമായി ഗണിക്കേണ്ടതില്ലല്ലൊ. സാഹിത്യമൎമ്മഗ്രാഹികൾക്ക് ഇക്കാൎയ്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. തിരുമനസ്സിലെ കൃതികൾ ഭാഷാസാഹിത്യത്തിന്നു മൂലധനങ്ങളാണെന്നുള്ളതിലേക്കു രണ്ടു പക്ഷമുണ്ടാകുന്നതല്ല.

മലയാള കവിതാരീതിയുടെ സൃഷ്ടികൎത്താക്കന്മാരായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ, ചെറുശ്ശേരി നമ്പൂരി, കുഞ്ച

ൻനമ്പ്യാർ എന്നീ മഹാന്മാരെപ്പോലെ 'നല്ല ഭാഷയിൽ' കവിത എഴുതുവാനും മൂലത്തിൽനിന്നു വൃത്താനുവൃത്തം നേരുതൎജ്ജമചെയ്യുന്നതിന്നും കവികുലഗുരുവായി പ്രശസ്തി സമ്പാദിച്ചിട്ടുള്ള ഒരു ദേഹമാണ് ഈ തിരുമേനി. ഇതു സാധാരണ കവികൾക്ക് അത്ര സുസാദ്ധ്യമല്ല. കവിഭാരതമാണ് അവിടുത്തെ ഒന്നാമത്തെ കൃതി. ൧൦൬൦-ൽ ഒരു രാവുകൊണ്ടു ൧൦ അങ്കത്തിൽ നളചരിതം നാടകമുണ്ടാക്കീട്ടുള്ളതായറിയുന്നത് അച്ചടിച്ചിട്ടില്ല. ൧൦൬൨-ൽ കോട്ടയത്തു (തെക്കൻകോട്ടയം) വെച്ചുണ്ടായ കവിതാപരിക്ഷയിൽ വെച്ച് അഞ്ചു മണിക്കൂറുകൊണ്ടുണ്ടാക്കിയതാണ് ഗംഗാവതരണം നാടകം. ആ പരിക്ഷയിൽ തിരുമനസ്സുകൊണ്ടാണ് ഒന്നാമതായി ജയിച്ചിട്ടുള്ളത്. ൧൦൭൧-ൽ ഒരിക്കൽ തൃപ്പൂണിത്തുറെവെച്ചു ഇപ്പോൾ രാജ്യഭാരം ഒഴിഞ്ഞ കൊച്ചി വലിയ മഹാരാജാവ് തിരുമനസ്സിന്നു വെടിപറഞ്ഞുംകൊണ്ടിരിക്കുന്നതിനിടയിൽ അദ്ദേഹം അപ്പോൾപ്രസ്താവിച്ച ചില സംഗതികളെക്കുറിച്ച് ഒരു പദ്യമുണ്ടാക്കേണമെന്ന് ഈ കവിയോട് ആവശ്യപ്പെടുകയും ഉടൻ തന്നെ അദ്ദേഹം,

'വമ്പൊത്തീടിനമാടരാജനരുളാൽതാൻകൊല്ലമോരായിര-
ത്തെമ്പത്തൊന്നിൽവിശിഷ്ടമായമകരംപത്തൊത്തനാലാംദി (നേ
കുന്നത്തേരികുലത്തിലസ്സുകൃതിയാംകത്താവുട്ട്ഗ്ലാലയം
കുന്നുളുള്ളകൊട്ടുങ്ങയിൽവണികഴിപ്പിച്ചീട്നാൻകേശവൻ.'

എന്ന ശ്ലോകം ചൊല്ലുകയും വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് അത്യന്തം സന്തോഷിച്ചു ബഹുമാനിച്ചതായും കേട്ടിട്ടുണ്ട്. ഈ സംഗതികൾ 'സരസദ്രുതകവികിരീടമണി' എന്ന സ്ഥാനത്തിന്നു മതിയായ തെളിവുകളാണെന്നുള്ളത് എവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാണല്ലോ.

ഈ തിരുമേനി ചുരുങ്ങിയ ജീവകാലത്തിനിടയിൽ പലത

രത്തിലായി അനവധി കൃതികൾ ഉണ്ടാക്കീട്ടുണ്ട്. അവയിൽ മുഴുവനാക്കാതെയും അച്ചടിക്കാതെയും പല കവനങ്ങളുമുണ്ടെന്നാണ് അറിയുന്നത്. എന്നാൽ എനിയ്ക്കു കിട്ടീട്ടുള്ളേടത്തോളം കൃതികളുടെ വിവരങ്ങൾ ഇവിടെ പ്രസ്താവിയ്ക്കാം.

കാവ്യങ്ങളായുള്ള കല്പിതകൃതികളിൽ കവിഭാരതം, ദക്ഷയാഗശതകം, മദിരാശിയാത്ര, നല്ല ഭാഷ, പാലുള്ളിചരിതം, ഹംസസന്ദേശം, തുപ്പക്കോളാമ്പി, മംഗളമാല, കേരളം അഞ്ചു സർഗ്ഗം, ഇവ അച്ചടിച്ചിട്ടുണ്ട്. കേരളം എന്ന ഗ്രന്ഥത്തിൽ ഏതാനും ചില സർഗ്ഗങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിട്ടുള്ളതായറിയുന്നുണ്ട്. 'അംബോപദേശം' ഗ്രന്ഥം ഇതുവരെ പുറത്തുവന്നിട്ടില്ല. ഇതിൽ 'ദക്ഷയാഗശതകം' പരേതനായ കാത്തുള്ളിൽ അച്യുതമേനോൻ മുതലായ ചില മാന്യകവികളോടു മത്സരിച്ചു രണ്ടുമണിക്കൂറുസമയംകൊണ്ടുണ്ടാക്കീട്ടുള്ളതാണ്.

രൂപകങ്ങളിൽ 'നളചരിതം' നാടകം കഴിച്ചു'സ്യമന്തകം, സന്താനഗോപാലം, ചന്ദ്രിക, ലക്ഷ്മണാസംഗം, ഗംഗാവതരണം, മാനവിക്രമവിജയം' എന്നീ ഗ്രന്ഥങ്ങൾ പുറത്തുവന്നിട്ടുണ്ട്. 'മാർത്താണ്ഡവിജയം' എന്ന ചരിത്രസംബന്ധമായ നാടകഗ്രന്ഥനിർമ്മാണം മുഴുവനാക്കീട്ടില്ലെന്നാണ് കേൾക്കുന്നത്.

ഗാഥകളിൽ 'രാധാമാധവയോഗം വഞ്ചിപ്പാട്ട്, ഘോഷയാത്ര കഥകളി, കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്, അയോദ്ധ്യാകാണ്ഡം തുള്ളൽ' ഇവകളൊഴിച്ചു 'ദോഷവിചാരം കിളിപ്പാട്ട്, വേട്ടയ്ക്കൊരുമകൻ പാന, ചൊവ്വര ശ്രീകൃഷ്ണൻ പാന, വയ്ക്കത്തപ്പൻ പാന, ആത്മബോധം പാന' ഈ വക ഗ്രന്ഥങ്ങളുടെ അച്ചടി കഴിഞ്ഞിട്ടുണ്ട്.

'ശങ്കരാചാര്യചരിതം, കോകിലസന്ദേശം, ശുകസന്ദേശം, കാദംബരീകഥാസാരം' ഇവ തിരുമനസ്സിലെ തർജ്ജമകളാണ്. തർജ്ജമ ചെയ്തിട്ടുള്ള രൂപകങ്ങളിൽ 'ചന്ദ്രികാവീഥി, ഒത്തെല്ലോ നാടകം, ശാകുന്തളം നാടകം' ഇതുകളൊഴിച്ചു 'ചൂഡാമണി, വിക്രമോർവ്വശീയം, ഹാമലററ്' ഈ നാടകങ്ങൾ സഹൃദ

യന്മാരുടെ രംഗത്തിൽ പ്രവേശിച്ചിട്ടുള്ളവയാണ്. ഇതിൽ 'ഹാംലററ്' ഇംഗ്ലീഷിൽനിന്നു ഭാഷാന്തരം ചെയ്തിട്ടുള്ള ഒരു നാടകമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്കു ഋണവാണിവശഗയല്ലെന്നുള്ളത് സർവ്വസമ്മതമാണ്. ആംഗ്ലേയഭാഷാഭിജ്ഞന്റെ സഹായത്തോടുകൂടിയായിരുന്നാലും ഈ കവിപുംഗവൻ ഒരു ഇംഗ്ലീഷുനാടകത്തെ അതേവിധത്തിൽ മലയാളത്തിൽ അന്യൂനം തർജ്ജമചെയ്തു പ്രഖ്യാതി സമ്പാദിച്ചിട്ടുള്ളതായി കേൾക്കുമ്പോൾ ഈ കലാകുശലന്റെ അനിതരസാധാരണയായ പ്രതിഭാശക്തിയെപ്പററി ആരാണ് അതിശയിക്കാത്തത്. ആംഗ്ലേയഭാഷയിൽ നല്ല പാണ്ഡിത്യമുള്ള ഒരാൾക്കുപോലും മൂലഗ്രന്ഥകാരന്റെ ആശയം പിഴക്കാതെ ഭാഷാഗുണത്തോടുകൂടി തർജ്ജമ ചെയ്യുക എന്ന സംഗതി അത്ര സുകരമായ കാൎയ്യമല്ലെന്നുള്ളത് ഇവിടെ സ്മരണീയമാണെന്നു വിളിച്ചുപറയേണ്ടതില്ലല്ലോ. ഈ മഹാപുരുഷന്റെ തർജ്ജമയിലുള്ള പാടവം ഒന്നു വേറെതന്നെയാണ്. മൂലകവിയുടെ ആശയം അണുപോലും വിടാതെയും ഒഴുക്കു, അർത്ഥപുഷ്ടി, സൌഷ്ഠവം, അർത്ഥശബ്ദാലംകാരസാരള്യം, ഇത്യാദിഗുണഗണങ്ങളോടുകൂടി ഗീർവ്വാണഭാഷാഗ്രന്ഥങ്ങളെ മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിൽ ഇദ്ദേഹത്തിന്നുള്ള തഴക്കവും, പഴക്കവും, നൈപുണ്യവും, വേഗവും അസാമാന്യമാണ്. കൃഷ്ണദ്വൈപായനമുനിയാൽ മൂന്നരക്കൊല്ലംകൊണ്ടു നിർമ്മിക്കപ്പെട്ട മഹാഭാരതവാരിരാശിയിൽ അങ്ങുമിങ്ങുമായി കിടക്കുന്ന കഠിനാർത്ഥപ്പാറകളാൽ തട്ടിത്തടഞ്ഞു നില്ക്കാതെയും, ഗഹനങ്ങളായ അലങ്കാരക്കൊടുങ്കാററുമൂലം അവിടയുമിവിടയുമലഞ്ഞു തിരിഞ്ഞു വല്ല ദുർഗ്ഘടസ്ഥാനങ്ങളിൽ ചെന്നു കേറാതെയും മൂന്നരക്കൊല്ലംകൊണ്ടു തന്നെ തിരുമനസ്സിലെ ആയതബുദ്ധിയാകുന്ന വലിയതീക്കപ്പലോടിച്ചു അനായാസേന കേരളത്തിൽ എത്തിച്ചു തദ്ദേശവാസികളുടെ മലയാളഭാഷാവ്യാപാരപോഷണലാഭത്തിന്നു സംഗതിവരുത്തിയ ആ മഹാമനസ്കന്റെ വിപുലഗുണങ്ങളെക്കുറിച്ചു വല്ല

പൊടിപ്പും തൊങ്ങലും വെച്ചുകെട്ടിച്ചമച്ചു ഫലിപ്പിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വിശിഷ്യ, അവിടുത്തെക്കു മഹാഭാരതയുദ്ധത്തിൽ അവിടുന്നു സന്നിഹിതനായിരുന്നോ എന്നുതോന്നുമാറു ചതുരംഗപ്പോരാട്ടത്തിൽ അത്ര നയവും പരിചയവും വൈദഗ്ദ്ധ്യവുമുണ്ട്.

പുരാണേതിഹാസങ്ങളിൽ 'ഭാഗവതം' ചതുർത്ഥസ്കന്ധംവരെ തർജ്ജമ കഴിഞ്ഞിട്ടുണ്ടെങ്കിലും അതിതുവരെ പുറത്തായിട്ടില്ല. 'മഹാഭാരതവും ഹരിവംശവും, ഹരിശ്ചന്ദ്രോപാഖ്യാനവും' മഹാജനങ്ങൾക്കു വായിച്ചു രസിപ്പാനിടവന്നിട്ടുള്ളതുമാണ്. ശാസ്ത്രസംബന്ധമായതിൽ 'ഭാഷാവ്യാകരണം' പുറത്തിറങ്ങിട്ടുണ്ട്. എന്നാൽ ഈ പുസ്തകത്തിൽ 'ക്രിയാകാണ്ഡം മാത്രമേ തിരുമനസ്സിലെ വകയായിട്ടുള്ളു. ബാക്കി ഭാഗങ്ങൾ അവിടുത്തെ അമ്മാമന്മാരായ വിദ്വാൻ കുഞ്ഞിരാമവർമ്മൻ തമ്പുരാൻ മുതലായ ചില മഹാന്മാരുടെതാണ്. ഈ വ്യാകരണഗ്രന്ഥം ഇപ്പോൾ രാജ്യഭാരം ചെയ്തുവരുന്ന നമ്മുടെ കൊച്ചിവലിയ മഹാരാജാവു തിരുമനസ്സിലെ സഹജനും ഇരിങ്ങാലക്കുടെ വെച്ചു തീപ്പെട്ട ധീരപുരുഷകേസരിയും കോവിദനുമായ എളയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം വിരചിച്ചിട്ടുള്ളതാണ്. ഈ നവീനഗ്രന്ഥം ബ്രിട്ടീഷ്, തിരുവിതാംകൂർ, കൊച്ചി ഈ രാജ്യങ്ങളിലെ വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരുടെയും കൊച്ചിസാഹിത്യസമാജാധികാരികളുടെയും ദൃഷ്ടിയിൽ പതിയുവാനിടവന്നാൽ നിശ്ചയമായും അത് ഒരു പാഠപുസ്തകമായിത്തീരുന്നതാണ്. 'കരപ്പൻ ചികിത്സയും, ശബ്ദാലങ്കാരവും' ഇതുവരെ കേരളഭാഷാപണ്ഡിതന്മാർക്കു കാണ്മാനിടയായിട്ടില്ലാത്തതിനാൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

സംസ്കൃതകൃതികളിൽ 'ജരാസന്ധവധം' കഴിച്ചു 'ആര്യാശതകം, സ്വയംവരമന്ത്രാക്ഷരമാല, കിരാതരുദ്രസ്തവം, ബഭ്രുവാഹനവിജയം, കിരാതാർജ്ജുനീയം, സുഭദ്രാഹരണം, ദശകുമാരചരിതം എതാനും ഭാഗം' അച്ചടിച്ചു പുറത്തായിട്ടുണ്ട്.

'ഒരു കരാറ്, ശരസേതുബന്ധം, കൂടൽമാണിക്യം, ഷഷ്ടിപൂർത്തിമംഗളം' മുതലായ പല ഖണ്ഡകാവ്യങ്ങളും, എഴുത്തുകളും, വർണ്ണനകളും, ഒററശ്ലോകങ്ങളും മലയാളത്തിലും സംസ്കൃതത്തിലുമായി അസംഖ്യമുണ്ട്. ഭാഷാകൃതികളിൽ 'ദ്രോണാചാര്യർ' എന്ന ഒരു കൃതിയിലെ ഏതാനും ശ്ലോകങ്ങൾ തിരുമനസ്സുകൊണ്ടു 1088-ലെ നവരാത്രിക്കുമുമ്പു ഒരു ദിവസം എന്നെ ചൊല്ലികേൾപ്പിക്കയും അതു പ്രസിദ്ധപ്പെട്ട 'കവനകൌമുദി' മാസികയിലെക്ക് അയക്കേണമെന്നു കരുതുന്നു എന്നു പറകയുണ്ടായിട്ടുമുണ്ട്.

ഇദ്ദേഹം ഒരിക്കൽ വെണ്മണി മഹൻ നമ്പൂരിപ്പാട്ടിലെ പ്രകൃതിയെ സംബന്ധിച്ചു,

'ഉന്മേഷത്തൊടുതാൻമുറുക്കിയരികത്തല്പംമുറുക്കാനുമായ്-
ച്ചുമ്മാതേമണിപത്തടിപ്പതുവരെമൂടിപ്പുതച്ചങ്ങിനേ
ബ്രഹ്മസ്വംമഠമായതിൻെറപടിയിൽപൂണ്ണാനുമോദംപര-
ബ്രഹ്മംകണ്ടമരുന്നവെണ്മണിമകൻനമ്പൂരിയെക്കണ്ടുഞാൻ.'

ഇങ്ങിനെയുണ്ടാക്കിട്ടുള്ള ഈ പദ്യം അവിടുത്തെ ഫലിതശ്ലോകരചനാസാമത്ഥ്യത്തിന് തക്കതായ ലക്ഷ്യമാണല്ലൊ.

ഈ കവിയുടെ നിസർഗ്ഗമധുരങ്ങളായ അനവധി ഒററശ്ലോകങ്ങളുള്ളവയിൽ ഒന്നുരണ്ടെണ്ണം ഇവിടെ പ്രസ്താവിക്കാം.

'ലോകംതന്നുടെമൂത്തിയെട്ടിൽമുഴവൻവ്യാപിക്കിലുംമുമ്പിലേ-
താകുന്നോരിതുതന്നെജീവനമതെന്നത്യാദരംകാരണം
നീർകൊണ്ടുള്ളഭിഷേകമേററുകടലുംവൻകായലുംകണ്ടുക-
ണ്ണീർകൊണ്ടിങ്ങെറണാകുളത്തരുളിടുംശംഭോശുഭംനൽകണേ.

ആയത്തിൽക്കൈപൊത്തിട്ടുകലവെയമരും
മന്നവൻതൻെറമായോ-
പായത്തിൻകീഴിലായിക്കിഴിവുപദവിയിൽ-
പ്പെട്ടശിഷ്ടംപ്രഭുക്കൾ
ന്യായത്തിൽബ്ബുദ്ധിമുട്ടാനൊടുവിലിടവരും
തുല്യരായോരൊടിഷ്ട-

പ്രായത്തിൽക്കൂടിനില്ക്കുന്നിവരിലൊരുമഹാ-
ശത്രുവുംപുല്ലുപോലെ.'

തിരുമേനി ഒരിക്കൽ എറണാകുളത്തു കോവിലകത്തുവെച്ചു ചില മഹാന്മാരോടുകൂടി വിനോദിച്ചുകൊണ്ടിരിക്കുമ്പോൾ അവരിൽ ചിലർ ഈ തിരുമനസ്സിനോടു 'പണ്ടു ഏതൊ *ഒരു മഹാകവി ശ്ലോകം ഉണ്ടാക്കി പെയ്തുകൊണ്ടിരുന്ന മഴ നിൎത്തിയതായി കേട്ടിട്ടുണ്ടെന്നും, കുഞ്ഞിക്കുട്ടൻതമ്പുരാനു ഒരു ശ്ലോകമുണ്ടാക്കി മഴപെയ്യിക്കാൻ സാധിക്കുമോയെന്നു ചോദിച്ചുവെന്നും, തമ്പുരാൻ പരീക്ഷിച്ചുനോക്കാമെന്നു മറുപടി പറഞ്ഞ ഉടൻ ഒരു ശ്ലോകമുണ്ടാക്കി ചൊല്ലിയെന്നും, കാലവിളംബനംകൂടാതെ മഴപെയ്തുവെന്നും കേട്ടിട്ടുണ്ട്. ഈ സംഭവം ഉണ്ടായതു ഒരു കുംഭമാസം കാലത്താണ്. ഈ അവസരത്തിൽ ഞാൻ എറണാകുളം കോളെജിൽ ഒരു വിദ്യാൎത്ഥിയായിരുന്നതിനാൽ ഈ വൎത്തമാനം അക്കാലത്തുതന്നെ എനിക്കറിവാനിടവന്നിട്ടുണ്ട്. പക്ഷെ ആ പദ്യം എനിക്കു കാണ്മാൻ തരമായിട്ടില്ല. ഈ സംഗതി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ദിവ്യശക്തിക്കു നല്ല ഒരു തെളിവാകയാൽ ആ പദ്യം കിട്ടീട്ടുള്ള മഹാന്മാരാരെങ്കിലുമുണ്ടെങ്കിൽ ആയതു വല്ല മാസികയിലൊ മററൊ എഴുതിക്കാണ്മാൻ ആശിക്കുന്നു.

ഇദ്ദേഹം ബാല്യത്തിൽ കൃശാംഗനായിരുന്നു. ക്രമേണ യൌവനത്തിന്നടുത്ത ശരീരപുഷ്ടിയുണ്ടായിരുന്നില്ലെങ്കിലും, മഹാഭാരതജലധിതരണം ചെയ്തതിന്നുശേഷം അവിടുത്തെ ദേഹമൊന്നു പുഷ്ടിച്ചു. കവിതാനിൎമ്മാണത്തിൽ പല കവികൾക്കും 'അറം' പററീട്ടുള്ളതായി കേട്ടിട്ടുണ്ട്. എന്നാൽ ഈ ധീരപുരുഷന്നു ഇക്കാൎയ്യത്തിൽ ആരോഗ്യസൽകീൎത്ത്യാദികളാണ് സമ്പാദ്യമുണ്ടായിട്ടുള്ളത്. ആകൃതിയിൽ ഇദ്ദേഹം കുറിയകൈകാലുകളോടും ... ഉദരസ്ഥത്തോടും, വൃഷസ്കന്ധത്തോടും കൂടിയ ക

* കല്ലൂർ നമ്പൂരിപ്പാടാണെന്നു സുപ്രസിദ്ധമാണല്ലൊ. മ പ

ടവയറുള്ള ഒരാളാണ്. നിറം ഇരുനിറമാണ്. വാമനത്വം ക ല്പിക്കാൻ പാടില്ലെങ്കിലും ഉയരം കുറവാണെന്നു പറയേണ്ടിയി രിക്കുന്നു. അവിടുത്തേക്കു എഴുതുവാനും മററും വലത്തേകയ്യുപോ ലെതന്നെ എടത്തേകയ്യും സ്വാധീനമാണ്.

ഇദ്ദേഹം സ്വഭാവത്തിൽ ശാന്തനും, ഉദാരനും, സരസ നും യഥാശക്തി സ്വകർമ്മാനുഷ്ഠാനനിഷ്ഠയിൽ തല്പരനും, നി ഷ്പക്ഷപാതിയും, ആശ്രിതവാത്സല്യപരായണനും, സമബുദ്ധി യോടുകൂടിയ ഗംഭീരാശയനുമാണെന്നുള്ളത് അവിടുത്തോടു അടുത്ത പരിചിതന്മാൎക്കല്ലാതെ യഥാൎത്ഥമായറിവാനശക്യമാ യിട്ടുള്ളതിനാൽ ഇവിടെ പ്രസ്താവിച്ചതു അസ്ഥാനവും അനു ചിതവുമാണെന്നു വരുന്നതല്ലല്ലോ. എങ്കിലും കൃത്യനിഷ്ഠയിൽ സുസ്ഥിരത അല്പം കുറയുമെന്നു പറയുന്നവരുമുണ്ടാകാം. താൻ ഒരു രാജകുലജാതനാണെന്നൊ വിദ്വാനാണെന്നൊ മററൊ, ഉള്ള അഭിമാനലവംപോലുമില്ലാതെ നിഖിലജനരഞ്ജനക്കുപാ ത്രമായിത്തന്നെ ഈ മഹാൻ ഈ ലോകജ്ജീവിതം സസുഖംനയി ച്ചു. കരുണാകുലനായ അവിടുത്തെ സഹായത്താൽ അനവധി ആളുകൾക്കു പലവഴിക്കും ഗുണം സിദ്ധിച്ചിട്ടുണ്ട്.

1088-ാം മാണ്ട് ധനുമാസം 29-ാംനു- അവിടുത്തേക്ക് അതിസാരം തുടങ്ങുകയും, ക്രമേണ അതു വൎദ്ധിച്ചു മകരമാസം 10-ാംനു- പകൽ 6 മണിക്കു അല്പം മുമ്പായി തിരുമേനി തീ പ്പെടുകയും ചെയ്തു. അവിടുന്നു പരലോകപ്രാപ്തനാകുന്നതിനു കുറച്ചു മുമ്പായി ആശ്രിതന്മാരേയും നിജശിഷ്യഗണങ്ങളേയും കുറിച്ചു ചിലതെല്ലാം പ്രസ്താവിക്കയുണ്ടായി. അതിന്നുശേഷം മരുമകനായ ഒരു ചെറിയതമ്പുരാനോടു പെൻസ്സിലും കടലാ സ്സും കൊണ്ടുവരുവാൻ കല്പിക്കയും, മരണശയ്യാഗതനായ തിരു മേനിതന്നെ ശ്ലോകമെഴുതാനാരംഭിക്കയും, 'ലോകമാതാ' എന്ന നാലക്ഷരം എഴുതിയപ്പോഴക്കും കരബലഹീനത ഭവിക്കയാൽ ആ ചെറിയതമ്പുരാനോടുതന്നെ എഴുതുവാൻ ആവശ്യപ്പെടുക യും ചെയ്തു.

'ലോകമാതാവിനിസ്സർവ്വലോകമാംസ്വന്തസന്തതി.
അവിടുത്തേക്കുപിഴ ചെയ്തിവിടെക്കിട്ടുമോസുഖം.
1 സ്വന്തസന്താനങ്ങൾതമ്മിൽ ചന്തംവിട്ടേറെറതിക്കിൽ.
ഹന്ത!ദൂരസ്ഥർദുഃഖിപ്പുസ്വാന്തസ്ഥർസുഖമെന്നിയേ'

ഈപദ്യങ്ങൾ ചൊല്ലിക്കൊടുത്തുകഴിഞ്ഞതോടുകൂടി തിരുമനസ്സിലേക്കു തീരെ ഓർമ്മവിടുകയും അവിളംബം തീപ്പെടുകയും ചെയ്തു. തിരുമേനിയുടെ ഈ പദ്യങ്ങളിൽനിന്നു അദ്ദേഹത്തിൻെറ നിർവ്വാണകാർയ്യത്തെ സംബന്ധിച്ചു ദൈവജ്ഞന്മാരായ പലരും പലവിധത്തിൽ ആലോചിപ്പാനും സംശയിപ്പാനും സംഗതിയുണ്ട്.

ഈ ആകസ്മിക സംഭവം കേൾപ്പാനിടയായിട്ടുള്ള മലയാളികളിൽ നാസികാഗ്രത്തിൽ തർജ്ജനി ചേർക്കാത്തവരാരെങ്കിലുമുണ്ടാകുമോയെന്നു സംശയമാണ്. ഏതുവിധമായാലും കേരളഭാഷായോഷാശിരോഭൂഷണം വീണുപോയെന്നല്ലാതെ പിന്നെയെന്താണ് പറയേണ്ടത്. ഈ മഹാ മനസ്കൻെറ പ്രശസ്തി ആഴിയിലൂഴിയാഴംവരെ നിലനില്ക്കുവാൻ ഇദ്ദേഹത്തിൻെറ കൃതികൾതന്നെ മതിയാകുമെങ്കിലും തിരുമനസ്സിലെ ജനോപകാരപ്രദമായ കവിതാകൃത്യനിർവ്വഹണത്തെക്കുറിച്ചു കേരളീയർ തങ്ങളുടെ കൃതജ്ഞതയെ കാണിപ്പാനായി കേരളവ്യാസസ്മാരകമായി എന്തെങ്കിലും പരോപകാരത്തിന്നുതകുംവണ്ണം ഒരു കൃത്യം ചെയ്യേണ്ടത് ഉചിതമായിട്ടുള്ളതുതന്നെ.

വിശേഷിച്ചു കവികുലശിരോമണിയായ ഇദ്ദേഹത്തിൻെറ കൃതികളിൽ കണ്ടുകിട്ടാതെയും അച്ചടിക്കാതെയും ഉള്ള കവനങ്ങളെ ജനങ്ങൾക്കും മലയാളഭാഷയ്ക്കും പ്രയോജനമാക്കിത്തീർപ്പാൻ ഈ മഹാൻെറ വംശജരായ മാന്യന്മാർ പ്രോത്സാഹിക്കുമെന്നു വിശ്വസിക്കുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സുകൊണ്ടു പല സ്ഥലങ്ങളിലും സഞ്ചരിച്ചു താമസിച്ചിട്ടുള്ളതുകൊണ്ട്, അപ്പിടവിടെയായി അനവധി സുഹൃത്തുക്കൾ അവിടുത്തേക്കുണ്ടാ

വാൻ ഇടവന്നതുനിമിത്തം അദ്ദേഹത്തിന്റെ കൃതികൾ പലടി ക്കിലുമായി ചിന്നിച്ചിതറി കിടപ്പാനിടയുണ്ട്. ആ വക കവി തകളെല്ലാം പുസ്തകരൂപേണ പുറത്തു വരുന്നതായാൽ മലയാ ളികളുടെ ഭാഗ്യം പോയിട്ടില്ലെന്നു വിചാരിക്കാവുന്നതാണ്.

മലയാളഭാഷാപോഷണതത്പരനായ ഈ തിരുമേനി ക്ക് ദീർഘായുസ്സില്ലാതെ വന്നത് കേരളീയരായ നമ്മളുടെ നി ർഭാഗ്യശക്തിയെന്നേ പറയേണ്ടതുള്ളു. എങ്കിലും അവിടുന്നു സ ർവ്വസൽഗുണസമ്പന്നനായ ദേവകവിയായി പരലോകസുഖമ നുഭവിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

'കണ്ടാൽതുമ്പുചുരുണ്ടുനീണ്ടമുടിയും,വിസ്താരമാംഫാലവും
നീണ്ടാഭംഗിയെഴുന്നമൂക്കു,നെടുതാംനേത്രങ്ങൾവക്ഷസ്ഥലം
രണ്ടാംവെണ്മണിയച്ഛനെന്നുപറയാൻപാകത്തിലാകുംഭയും
പൂണ്ടാക്കോമളകുഞ്ഞുഭൂപഗുരുവെൻവിഘ്നങ്ങൾതീർത്തീടണം.'

---

## ഇന്നത്തെ രാജർഷി

(കട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. എ.)

കതിരവ!ഗഗനത്തിൽ സ്വൈരമായ്സഞ്ചരിക്കു
മതിമതിയിനിവിഷ്ണോ!യോഗനിദ്രാസുഖാതേ
സ്ഥിതിയിവിടെമറിഞ്ഞൂസൽപ്രഭാവാബ്ധിമാട-
ക്ഷിതിരമണനൊഴിഞ്ഞൂരാജ്യഭാരാധികാരം. 1

അരമൊട്ടുതലപൊക്കിപാറലർക്ഷ്മാവരന്മാർ
സുരഭിമുലചുരത്തീകല്പവൃക്ഷംതഴച്ചു
ശരദൃതുവിനുപിമ്പുംഹന്തവൃഷ്ടിച്ഛലത്താൽ
സുരപതിചൊരിയുന്നുഹർഷബാഷ്പപ്രവാഹം. 2

അലകളിളകിയാട്ടംവങ്കടൽക്കൊപ്പമായി-
പ്പലചലഘനസംഘംപന്തലിൽതിക്കിടുന്നു

ജലദസമതുരംഗംപൂണ്ടവണ്ടിയ്ക്കകംക്ഷ്മാ-
വലമഥനനെഴുന്നെള്ളുന്നു സാന്ദ്രപ്രസാദം. 3

പതിവുപടിമഹീശൻസ്ത്രീപുമാന്മാരൊടെല്ലാം
ധൃതിയൊടുകുശലപ്രശ്നങ്ങൾഭംഗ്യാനടത്തി
ക്ഷിതിഭരണമൊഴിഞ്ഞെന്നുള്ളവാഗ്വജ്രമസ്മൽ
ശ്രുതിയിലഥതറച്ചൂശൂരനാംപാരിനിന്ദ്രൻ. 4

ഹരിഹരിഭഗവാനേ!രക്ഷരക്ഷേതിചിന്തി-
ച്ചേരിയുമൊരകമോടുംസ്തബ്ധരായ്ലോകർനില്ക്കെ
അരിമയുടയരാജശ്രീയെവിട്ടാത്മപുണ്യ-
പ്പെരിമയൊരിടിമിന്നൽക്കൊപ്പമയ്യോമറഞ്ഞു. 5

പുരടമയകിരീടത്തിങ്കലെഭ്രാന്തിമൂലം
നരബലികളസംഖ്യംചെയ്തിടുന്നൂനൃപന്മാർ
പരമതൊരുതൃണാംശിൻമട്ടുതട്ടിക്കളഞ്ഞി-
ധരണിപതിവരിച്ചൂഹന്ത!രാജർഷിപട്ടം. 6

അവനവനവരാനുള്ളൊന്നരക്കാശിനായി-
ശ്ശിവശിവജനസംഘംമൂന്നുകോർട്ടുംകേറേറും
സ്വവശഗതവിശിഷ്ടശ്രീയെയേവംത്യജിപ്പാ-
നാവനിയിലിതരന്മാർക്കാർക്കുമൊക്കുന്നതല്ല. 7

പലപുതിയപരിഷ്കാരങ്ങളിത്തമ്പുരാൻത-
ന്നലഘുമതിബലത്താൽനാട്ടിലേർപ്പാടുചെയ്തു
വിലപെരിയകിരീടംസന്ത്യജിക്കുന്നതാമീ
നിലയിവയിൽമഹത്താംസത്പരിഷ്കാരമായി. 8

വിഷസമമതിരുക്ഷംപൂജ്യരാൽത്യാജ്യമാണീ
വിഷയമിതുജനങ്ങൾക്കൊക്കെയുംപാഠമാക്കാൻ
വിഷയമതുവെടിഞ്ഞൂവീര്യഭൂജാനിസത്വം
കഷമതിനിഗമാന്തപ്രൌഢസിദ്ധാന്തവേദീ. 9

മനുമുഖനൃവരന്മാർക്കൊക്കെയുംതൻനടപ്പാ-
ലനുപദമിടിവേകിപ്പാത്തൊരിപ്പാർത്ഥിവേന്ദ്രൻ

അനുപമസുഖമൎക്കൊണ്ടായിരത്താണ്ടിരിപ്പാൻ
ദനുജരിപുകടാക്ഷിക്കട്ടെപൂൎണ്ണത്ര്യയീശൻ. 10

തീവണ്ടിത്തമ്പുരാൻ,പണ്ഡിതനൃപതി,മഹാ
സ്ഥാനമാനാഢ്യഭൂപൻ,
സേവന്മാരാരുമില്ലാത്തൊരുനൃപതിലകൻ,
വാഴ്ചവെച്ചോരുമന്നൻ,
എവംനൂറാണ്ടിനങ്ങേപ്പുറമവനവ
നെപ്പററിയോതുന്നതുംകേ
ട്ടീവന്ദ്യൻചാരിതാൎത്ഥ്യത്തൊടുസസുഖമി
രുന്നീടുമാറാസ്സുരട്ടെ. 11

---

# ഭ ാ ര തി.

## ഉത്തരാദ്ധം.

---

(ആർ ഗൊവിന്ദപ്പിള്ള)

ഒരു ഗൃഹത്തിൽ ഒരാളുടെ പരിചൎയ്യയിൽ വളൎന്നുവന്ന കരുണാകരനും ഭാരതിയും ബാല്യത്തിൽ തന്നെ വളരെ സ്നേഹമായിരുന്നു. അത് പ്രായത്തോടുകൂടി വളൎന്നുവന്നു. കരുണാകരന്റെ പുരുഷോചിതമായ ഗൌരവം, സ്നേഹം, ഉത്സാഹം, സമസൃഷ്ടികളോടുള്ള കരുണ, പഠിത്തത്തിലുള്ള ഉത്സാഹം, സൎവ്വോപരിയായി ബുദ്ധിവികാസം ഇതിലെല്ലാം ഭാരതി ആഹ്ലാദിച്ചിരുന്നു. അവന്റെ അതി സൌന്ദൎയ്യമുള്ള മുഖത്തുനിന്നും പുറപ്പെടുന്ന വാക്കുകളും അവന്റെ നോട്ടവും ഭാവവും ആരേയും വശീകരിക്കത്തക്കവയായിരുന്നു. ഇതുകളോടെല്ലാം നിത്യം പരിചയിച്ച ഭാരതിയ്ക്കു കൊച്ചേട്ടന്റെ ശ്രേയസ്സ് എന്നൊരു വിചാരമെ ഉണ്ടായിരുന്നൊള്ളു.

കരുണാകരനാകട്ടെ ആദ്യം മുതൽ ഭാരതിയെ സഹോദരീനിൎവ്വിശേഷം സ്നേഹിച്ചു. ക്രമേണ, അവൾക്ക് അവനിൽ ഉള്ള സ്നേഹവും അവളിൽനിന്നു ലഭിച്ചിരുന്ന സഹായവും ആ

സ്നേഹത്തെ ദൃഢതരമാക്കിത്തീൎത്തു. പ്രായമായതിനോടുകൂടി അവൾ സ്ത്രീകൾക്കൊരു മാതൃകയായിരിക്കത്തക്കവണ്ണം അവളുടെ സ്വഭാവഗുണങ്ങളും സൌന്ദൎയ്യവും വൎദ്ധിച്ചുവന്നു. അവളുടെ അഭ്യാസവും അമ്മാവനോടുള്ള സംസൎഗ്ഗവും അവളെ ദൈവവിശ്വാസത്തിലും ന്യായാന്യായവിവേചനത്തിലും നിസ്തുല്യയാക്കിത്തീൎത്തു. ഭാരതിക്കുട്ടിയുടെ ഗുണഗണങ്ങളെക്കുറിച്ച് ആലോചിക്കുന്നതുതന്നെ കരുണാകരനു സുഖമുള്ളതായിത്തീൎന്നു.

കരുണാകരൻ അവളെപ്പിരിഞ്ഞ് പഠിത്തത്തിനായി അന്യദിക്കിൽ താമസം തുടങ്ങിയപ്പോഴാണ്, അവൾ അടുത്തുണ്ടായിരുന്നപ്പോൾ തനിക്കുണ്ടായിരുന്ന ആശ്വാസത്തെക്കുറിച്ച് അവനു ബോധംവന്നത്. പരീക്ഷയും മറ്റും കഴിഞ്ഞ് കരുണാകരൻ വീട്ടിൽ വന്നാൽ പോകുന്നതുവരെ, വിശ്രമാവസരങ്ങളിൽ, അവർ ഒരുമിച്ചു പുസ്തകങ്ങൾ വായിക്കുകയും കാരോ രാജ്യചരിത്രങ്ങളെ, അവളെപ്പറഞ്ഞു കേൾപ്പിക്കയുംചെയ്യും. പിരിഞ്ഞു പോകാറാകുമ്പോൾ രണ്ടുപേരും ഒരുപോലെ വ്യസനിക്കും; ഒടുവിൽ എഴുത്തിനെ ശരണമാക്കി പിരിയും. ഇതായിരുന്നു പതിവ്.

അങ്ങിനെ ഇരിക്കുമ്പോഴാണ് ശ്രീകണ്ഠമേനോന്റെ വിവാഹത്തെക്കുറിച്ചുള്ള ആലോചന വന്നത്. അവൾ തടുത്തുനിന്നേടത്തോളം അതിന്റെ ബലം വൎദ്ധിച്ചാണല്ലോ വരുന്നത്. ആ അവസരത്തിലാണ് അവൾ തനിക്കു കരുണാകരനോടുള്ള അതിപ്രിയം അനുരാഗമാണെന്നു മനസ്സിലാക്കിയത്. ഈ സ്ഥിതിയിൽ അവൾക്കു കരുണാകരനെപ്പിരിഞ്ഞ് ഒരു നിമിഷവും കഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ല എന്ന സ്ഥിതിതിയിലാകയും വിവരം എല്ലാം കാണിച്ച് അദ്ദേഹത്തിനു കൂടക്കൂടെ എഴുത്തയക്കുകയും ചെയ്തുകൊണ്ടിരുന്നു.

വിദ്യാൎത്ഥിനിലയെ അതിക്രമിച്ചിട്ടില്ലാത്ത കരുണാകരൻ, തന്റെ രക്ഷിതാവും തന്നെ പിതൃതുല്യം ലാളിക്കുന്നോ ദേഹ

വുമായ മാധവമേനോനെ കൂടക്കൂടെ തിരുവനന്തപുരത്തുവച്ചു കാണാറുണ്ടായിരുന്നു എങ്കിലും, തന്റെ പ്രിയ സഖിയെ കാണാതിരിക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ ബി. എ. പരീക്ഷ കഴിഞ്ഞയുടനെ വീട്ടിലേക്കുവന്നു. അത്തവണ അവൻ വന്നത് ഭാരതിക്കുട്ടിക്കും മാധവമേനോനും മാത്രമേ സന്തോഷമായുള്ളൂ. കുമാരമേനോനാകട്ടെ കുറെനാളായി കരുണാകരനോട് സംസാരിക്കാറേ ഉണ്ടായിരുന്നില്ല. അത്തവണ ലക്ഷ്മി അമ്മയും അത്ര സന്തോഷം പ്രദർശിപ്പിച്ചില്ല.

ഭാരതിക്കുട്ടി തന്റെ സങ്കടങ്ങളെല്ലാം കരുണാകരനോടു പറയുകയും തന്നെക്കൂടെ തിരുവനന്ത പുരത്തേയ്ക്കു കൊണ്ടു പോകാൻ അപേക്ഷിക്കയും ചെയ്തു. എന്നാൽ അപ്രകാരം ചെയ്യുന്നതിനു കരുണാകരന് തത്കാലം നിവൃത്തി ഉണ്ടായിരുന്നില്ല. അതിനാൽ അവൾക്ക് ആശ്വാസത്തിനും ധൈര്യത്തിനും വേണ്ടതു പറഞ്ഞുകൊടുക്കുന്നതിനെ സാധിച്ചുള്ളൂ. അധികം താമസിയാതെ കരുണാകരൻ തിരികെപ്പോകുന്നതിനു ഒരുങ്ങി. ഭാരതി ബാഷ്പധാരയോടു കൂടി അവളുടെ മുറിയിൽ ഇരിക്കയായിരുന്നു. കരുണാകരൻ യാത്രയ്ക്കുള്ള ഉടുപ്പെല്ലാംമാറി സാമാനങ്ങൾ വണ്ടിയിൽ വയ്ക്കാൻ ഭൃത്യനോടു പറഞ്ഞിട്ടു ഭാരതിയുടെ മുറിയിലേക്കു ചെന്നു. കരുണാകരനെക്കണ്ടപ്പോൾ അവൾ എഴുന്നേററു തൊണ്ടവിങ്ങിസംസാരിക്കാൻ അശക്തയായി നിന്നു. കരുണാകരനും ഈ ഭാവഭേദങ്ങൾ കണ്ടു അവശനായി നിന്നുപോയി. അല്പം കഴിഞ്ഞു ഒരുവിധംധൈര്യത്തെ അവലംബിച്ച് ഒരു കസേരയിൽ ഇരുന്നു. ഒടുവിൽ ഇങ്ങനെ പറഞ്ഞു. 'ഭാരതിക്കുട്ടി! ഇങ്ങനെ മനസ്താപപ്പെടരുത്. ദൈവ നിശ്ചയംപോലെ എല്ലാം നടക്കും. ധൈര്യവും സമാധാനവുംഎല്ലായിടത്തും വേണം.' ഭാരതിക്കുട്ടിക്കു ഒരു സംഭ്രമംഉണ്ടായി. കണ്ണുനീരു തൊണ്ടയിൽ കെട്ടി സംസാരിക്കാൻ പാടില്ലാതെവിഷമിച്ചു. ഒടുവിൽ ഇത്ര മാത്രം പറഞ്ഞു 'ഞാൻ എഴുതിഅയച്ചാൽ കൊച്ചേട്ടൻ ഉടനെ വരണേ.' അതിനു

നെ തന്നെ, വന്നു കൊള്ളാം. ഭാരതിക്കുട്ടിയോടു കൂടി പാക്കുന്നതിന്നു ദൈവം സഹായിക്കട്ടെ'എന്നുപറഞ്ഞു. കരുണാകരൻ എഴുന്നേററു കുറച്ചു നേരം അവളെ നോക്കിക്കൊണ്ടു നിന്നശേഷം പുറത്തേക്കു പോന്നു. ഭാരതിക്കുട്ടി തന്റെ കണ്ണും മനസ്സും അദ്ദേഹത്തോടുകൂടി പോയതു കൊണ്ടു കുറച്ചു നേരം നിശ്ചേഷ്ടയായി നിന്നശേഷം ഓരോന്നു ആലോചിച്ചു സമാധാനപ്പെടുവാൻ ശ്രമിച്ചു.

കരുണാകരൻ അവിടെ ഉണ്ടായിരുന്നെടത്തോളംദിവസം അവൾക്കു വേണ്ടുവോളം സമാധാനം ഉണ്ടായിരുന്നു; അവൻ പോയതിനോടുകൂടി ആ സമാധാനവും പോയി. അതിന്നു പുറമെ അവൻ പോയി അധികം ദിവസം കഴിയുന്നതിന്നു മുമ്പ് മുൻ പറഞ്ഞ കേസ്സുതുവിക്കയും ആ വീട്ടിൽ യജമാനന്റെ സാന്നിധ്യം ഉണ്ടാകയും ചെയ്തു. എന്നാൽ കരുണാകരൻ ബി. എ. ജയിക്കയും അതിലും ഉയന്ന പരീക്ഷകൾക്കു പഠിക്കാൻ ആരംഭിക്കയും ചെയ്തതായി അറിഞ്ഞതു അവൾക്കു വളരെ ആശ്വാസപ്രദമായിരുന്നു.

പിന്നെയും വഷം രണ്ടു കഴിഞ്ഞു. ഇത്രയും നാൾ കരുണാകരൻ വീട്ടിലേക്കു വന്നില്ല. ഭാരതിക്കുട്ടി താൻ മനസ്സുകൊണ്ടു വരിച്ചിരുന്ന പ്രാണനാഥനെ കാണായ്കയാലും ഒന്നിനൊന്നു വദ്ധിച്ചുവന്ന ശ്രീകണ്ഠമേനോന്റെ ബാധയാലും വളരെ ദുഃഖിച്ചു. ആ സാധുക്കുട്ടിക്കു ക്രമേണ ഊണിന്നു ആസ്ഥകുറയുകയും നിശയിൽ നിദ്രയില്ലാതായി വരികയും ചെയ്തു. മാധവമേനോന്റെപേരിൽ മരുമകൻ കുമാരമേനോൻകൊടുത്തിരുന്ന കേസ്സ് രണ്ടു കോർട്ടിലും കാരണവക്കു എതിരായി വിധിയുണ്ടായി. കേസ്സിന്നു തെളിവു കൊടുക്കേണ്ടതിന്നു മാധവമേനോനെ, ദുഷ്ടനായ യജമാനനെക്കുറിച്ചുള്ള ഭയംകൊണ്ടു, സ്വദേശികളിൽ ആരും തന്നെ വേണ്ടപോലെ സഹായിച്ചില്ല. അതിന്നും പുറമെ അക്കാലങ്ങളിൽ മാധവമേനോൻ എതോ അത്യാവശ്യകാര്യം പ്രമാണിച്ചു അന്യദിക്കിലായിരുന്നതുകൊണ്ടു അദ്ദേഹത്തി

ന അക്കാൎയ്യത്തിൽ വേണ്ടതെളിവു കൊടുക്കാൻ സാധിച്ചില്ല. കേസ്സുതോററതോടുകൂടി കാരണവരെക്കുറിച്ചുള്ള ബഹുമാനം വീട്ടിൽ കുറഞ്ഞു തുടങ്ങി; അതിനു പകരം ശ്രീകണ്ഠമേനവനെ രക്ഷിതാവായി അവരോധിക്കുകയും അദ്ദേഹം അങ്ങിനെ നടിക്കുകയും ചെയ്തു. മാധവമേനോൻ വീട്ടിൽ ഇല്ലാത്ത സമയം എല്ലായ്പോഴും തന്നെ യജമാനൻ അവിടെ ഉണ്ടായിരിക്കും. എന്നാലും ഭാരതിക്കുട്ടി ഇതേവരെ അദ്ദേഹത്തെ അഭിമുഖീകരിക്കാതെ കഴിച്ചുകൂട്ടി. ഒടുവിൽ ഒരു നിവൃത്തിയും ഇല്ലാഎന്നായി. അമ്മയും അച്ഛനും സഹോദരനും യജമാനനും പിന്നെ അവിടെ വരുന്ന മററാളുകളും അവളെ സങ്കടപ്പെടുത്തി. അമ്മാമനെപ്പോലെ താനും പുറത്തു ഇറങ്ങുകയെ നിവൃത്തിയുള്ളു എന്നായപ്പോൾ 'ഉടനെ വരാത്തപക്ഷം മേലാൽതന്നെക്കാണാൻ ഒരിക്കലും സാധിക്കയില്ല' എന്നു കരുണാകരന് അവൻെറ മൎമ്മം ഭേദിക്കത്തക്കവണ്ണം ഒരെഴുത്തയച്ചു.

എഴുത്തു കിട്ടിയപ്പോൾ കരുണാകരൻ അതിദാരുണമായി സങ്കടപ്പെട്ടു. മുമ്പു ഭാരതിക്കുട്ടിയുടെ എഴുത്തു കിട്ടാറുള്ള ദിവസം കരുണാകരനു ഒരു ഉത്സവം പോലെയാണ് തോന്നാറുള്ളത്. ഇത്തവണ അവൻ പരവശനായി; വീട്ടിലേക്കു പോരുന്നതിനു തീൎച്ചപ്പെടുത്തി. ഈ സമയത്തു അവൻ മാധവമേനോൻെറ കേസ്സ് ഹൈക്കോൎട്ടിൽ അപ്പീൽ കൊടുക്കുകയും വക്കീലന്മാരെക്കൊണ്ടു അതിശ്രദ്ധയായി വാദിപ്പിക്കയും തനിക്കുള്ള നിയമ പരിജ്ഞാനവും യുക്തിയും സമൎത്ഥന്മാരായ വക്കീലന്മാരെ ബോധപ്പെടുത്തി അവരുടെബഹുമാനം സമ്പാദിക്കയും ചെയ്തു് തീൎച്ച അറിയുന്നതിനു താമസിക്കുകയായിരുന്നു. ഏകകാലത്തു എം.എ.; ബി. എൽ.; എന്ന രണ്ടുപരീക്ഷകൾക്കു പഠിച്ചു പരീക്ഷയിൽ ചേൎന്നു തൃപ്തികരമായി ഉത്തരം എഴുതിയ ശിഷ്യനെപ്പററി ഗുരുനാഥന്മാരുടെ അഭിപ്രായമെന്തെന്നു ആലോചിക്കാനില്ലല്ലൊ. എഴുത്തു വായിച്ചു വീട്ടിലേക്കു പോരുവാൻ തീൎച്ചപ്പെടുത്തിയ ഉടനെ, താൻ വീട്ടിലേക്കു പുറപ്പെട്ടി

എന്നും നാലാം ദിവസം ഉച്ചക്ക വീട്ടിൽ എത്തും എന്നും മാധവമേനോന്ന ഒരു കമ്പി അയച്ചു. അതിന്റെ ശേഷം വക്കീലിനെ ചെന്നു കണ്ട്, കേസു വിധിപറഞ്ഞാലുടനെ കമ്പിവഴി വീട്ടിലേക്ക അറിവുതരുന്നതിന്ന വേണ്ട ഏപ്പാട്ട ചെയ്യശേഷം ഗുരുനാഥന്മാരെച്ചെന്നു കണ്ട് താൻ അത്യാവശ്യകാൎയ്യം പ്രമാണിച്ചു വീട്ടിലേക്ക പോകുന്നു എന്നും പരീക്ഷാഫലം അറിഞ്ഞാലുടനെ വിവരം തന്നെ അറിയിക്കണമെന്നും പറഞ്ഞു അവരെ വന്ദിച്ച് അനുഗ്രഹവും വാങ്ങി ഉടനെ തന്നെ വീട്ടിലേക്ക തിരിച്ചു.

ഒരു ദിവസം കാലത്ത് എട്ടു മണിക്ക സാലപുരം ഗ്രാമത്തിൽ നിന്നും ഒരു മൂന്നു കാതം കിഴക്കായി രണ്ടു കുതിരവണ്ടി മുൻപുമുൻപായി പടിഞ്ഞാട്ട് പോകുന്നു. മുമ്പിലത്തെ വണ്ടിയിൽ ഉദ്ദേശം നാല്പതു വയസ്സു പ്രായമുള്ള ഒരു സ്ത്രീയും ഒരു വൃദ്ധയും ഒരു ശിശുവും ഇരുന്നിരുന്നു. പുറകെ ഉള്ളവണ്ടിയിൽ ഇരുപതു ഇരുപത്തിമൂന്നു വയസ്സു പ്രായം തോന്നിക്കുന്ന ഒരു യുവാവും ആണ് ഇരുന്നിരുന്നത്. ആദ്യത്തെ വണ്ടിയിലിരുന്ന ചെറുപ്പക്കാരി ഒരു പ്രഭ്വി ആണെന്നു അവരുടെ ഭാവഭേദങ്ങളാലും സംഭാഷണങ്ങളാലും ഊഹിക്കാമായിരുന്നു. പുറകിലെ വണ്ടിയിലിരുന്ന യുവാവ് ദേഹത്തിലും കാലിലും യൂറോപ്യൻ സമ്പ്രദായത്തിൽ ഉടുപ്പുകൾ ധരിച്ചിരുന്നു. അദ്ദേഹം ഒരു പുസ്തകം നോക്കിക്കൊണ്ട് വണ്ടിയിൽ ചാരി ഇരിക്കുന്നു. ഈ വിധത്തിൽ കുറെ ദൂരം പോയശേഷം യുവാവു മുമ്പോട്ടുനോക്കിയപ്പോൾ, സാവധാനത്തിൽ പോയിരുന്ന തന്റെ വണ്ടിയുടെ മുമ്പിലും ആദ്യത്തെ വണ്ടിയുടെ പിമ്പിലുമായി ഒരു വൃദ്ധൻ വടിയും കുത്തി നടക്കുന്നതു കണ്ടു. യുവാവു അതിൽ അത്ര ശ്രദ്ധിച്ചില്ല. കുറച്ചു കഴിഞ്ഞു പിന്നേയും നോക്കുകയുംആ വൃദ്ധൻ ആവിധത്തിൽതന്നെ പിന്നെയും നടക്കുന്നതു കാണുകയും ചെയ്തു. കുറെ നേരം സൂക്ഷിച്ചുനോക്കിയപ്പോൾ അതു പരിചയമുള്ള ആളാണെന്നു തോന്നി വണ്ടിക്കാരനെക്കൊണ്ടു വിളിപ്പിച്ചു. അ

ടുത്തു വന്നപ്പോൾ, അല്ല! കിട്ടമ്മാവനല്ലെ അത്?' എ ന്ന് യുവാവായ കരുണാകരൻ ചോദിച്ചു ഉടനെ ആളെ മ നസ്സിലാക്കീട്ട് കിട്ടശ്ശാർ—'എന്റെ കുഞ്ഞല്ലെ? അയ്യോ! ഞാനറിഞ്ഞില്ലല്ലൊ! കുഞ്ഞ് തിരുവനന്തപുരത്തു പഠിക്കാ ൻ പോയപ്പോൾ കണ്ടതാണ്. എന്റെ കുഞ്ഞേ! ഞാ ൻ കൂടക്കൂടെ വന്നു കണ്ടു കൊള്ളാമെന്നു അന്നുപറഞ്ഞു; ഒ ന്നും സാധിച്ചില്ല, വയറു പിഴക്കാൻ നടക്കുകയാണ്.

കരുണാ—കിട്ടമ്മാമൻ ഇയ്യിട ക്ഷീണിച്ചിരിക്കുന്നു, എന്താത്?

കിട്ടശ്ശാർ—വയസ്സല്ലേ കുഞ്ഞേ! കുഞ്ഞിനു സുഖമാണല്ലൊ അച്ഛനെക്കാണാറുണ്ട്. കുഞ്ഞുവരുമെന്നുകേട്ടു കാണാൻ വേണ്ടി വീട്ടിലേക്കു വരികയായിരുന്നു.

കരുണാ—എനിക്കു സുഖമാണ്. അമ്മാവനെക്കണ്ടത് സ ന്തോഷമായി.

കിട്ടശ്ശാർ—കുഞ്ഞിന്റെ പരീക്ഷ എന്തായി? കുഞ്ഞു രണ്ട് പ രീക്ഷകളും പഠിക്കുന്നുഎന്ന് കേട്ട് ക്ഷീണിച്ചുപോയെങ്കിലോ എന്നോൎത്തു.

കരുണാ—പരീക്ഷയുടെ കാൎയ്യം ഒന്നും അറിഞ്ഞില്ല. ഈയിടെ അറിയാം.

കിട്ട—നമ്പ്യാറിന്റെ കാൎയ്യമെന്തായി കുഞ്ഞേ! കുഞ്ഞു പോയ തിൽപിന്നെ ഇവിടെ എന്തെല്ലാം പൊടിപ്പൂരമാണ് നട ന്നത്! കുഞ്ഞിന്റെ അച്ഛന്റെ ഗ്രഹപ്പിഴതന്നെ! ആ ഭാര തിക്കുഞ്ഞിന്റെ കാൎയ്യം പറഞ്ഞാൽ അതികഷ്ടം!

കരുണാ—എന്തുചെയ്യാം നമ്പർ വിധിപറയാൻ വെച്ചിരിക്കു യാണ്. ഈയിടെ പറയും. മുമ്പെ പോകുന്ന വണ്ടി ആരു ടേയാണ്?

കിട്ട—ആ വണ്ടിയിൽ രണ്ട് സ്ത്രീകളുണ്ട്. കുഞ്ഞിന്റെ അച്ഛനുമായി എന്തൊ കാൎയ്യമുണ്ടെന്നും അദ്ദേഹത്തെ കാണണമെന്നും പറഞ്ഞ് അങ്ങോട്ട് പോകയാണ്.

ഇപ്രകാരം അവർ സംസാരിച്ചുകൊണ്ടിരുന്നു. വ

പൊയ്ക്കൊണ്ടിരുന്നു. വീട്ടിന് ഒന്നുരണ്ട് മൈൽ സമീപിച്ചപ്പോൾ, മറ്റേ വണ്ടിയിലുള്ളവർ എത്തുന്നതിനുമുമ്പ് താൻ അച്ഛനെ കാണുന്നതാണ് സൌകര്യമെന്നു നിശ്ചയിച്ച് തന്റെ വണ്ടി മുമ്പെ വിടാൻ കരുണാകരൻ ആജ്ഞാപിച്ചു. അപ്പോൾ കിട്ടുണ്ണ്യാരു, തനിക്കു മറ്റെ വണ്ടിയിലുള്ളവരോടു ചിലതു ചോദിക്കാനുണ്ടെന്നും അവരൊരുമിച്ച് എത്തിക്കൊള്ളാമെന്നും പറഞ്ഞു വണ്ടിയിൽ നിന്നും ഇറങ്ങി. കരുണാകരന്റെ വണ്ടി മുൻകടന്ന് ഓടിച്ചുപോകയും ചെയ്തു.

അന്ന് ഏകദേശം എട്ടു മണിയായപ്പോൾ മാന്തോട്ടത്തു മാധവമേനോൻ കഞ്ഞി കുടികഴിഞ്ഞ് ആപ്പീസ്സുമുറിയിൽ വന്നിരുന്ന് ഓരോന്ന് ആലോചിച്ചു. പിന്നെ ഒന്നു മുറുക്കി തുപ്പിയ ശേഷം ഭാരതിക്കുട്ടിയെ വിളിച്ചു. അവൾ വന്ന് അമ്മാവൻ ഇരുന്ന കസേരയുടെ പുറകിൽ പിടിച്ചുകൊണ്ടു നിന്നു. അമ്മാവൻ അവളെപ്പിടിച്ച് അടുപ്പിച്ചു നിർത്തി പുറത്തു തലോടിക്കൊണ്ടു 'കഞ്ഞി കുടിച്ചോ' എന്നു ചോദിച്ചു. കുടിച്ചു' എന്നവൾ ഉത്തരം പറഞ്ഞു. പിന്നീടു, താൻ അവൾക്കു വായിക്കാൻ കൊടുത്തിരുന്ന 'മഹാവീരചരിതം നാടകം വായിച്ചോ' എന്നു ചോദിച്ചു. 'കുറച്ചു വായിച്ചൊള്ളു' എന്ന് അവൾ പറഞ്ഞു.

മാധവ — ഈയിട നീ അധികം വായിക്കാറില്ലയൊ?

ഭാരതി — വായിക്കാറുണ്ട്; രാത്രി അധികം വായിക്കാറില്ല. പകൽ അടുക്കളജ്ജോലികൊണ്ടും അധികം സമയം ചിലവ കുന്നു.

മാധവ — 'പിന്നെ നീയെന്താ ഇത്ര ക്ഷീണിച്ചിരിക്കുന്നത്' എന്നു ചോദിച്ചപ്പോഴയ്ക്കും അവളുടെ മുഖം ചുവന്നു. ഉടനെ അദ്ദേഹം വിഷയം മാററി 'കുട്ടൻ ഇന്നു വരും, എന്നല്ലെ കമ്പി വന്നത്. ഉച്ചയാകുമ്പോഴയ്ക്കും വരുമായിരിയ്ക്കും.'

ഭാരതി — കാലത്തെ തീവണ്ടി ഇറങ്ങി കുതിരവണ്ടിയിലൊ

ററാ പോരുന്നപക്ഷം അത്ര അധികം താമസിക്കുമൊ?

മാധവ — കുതിരവണ്ടി സൌകൎയ്യത്തിനു കിട്ടിയാൽ കുറെക്കൂടെ നേരത്തെ എത്താം. നീ അവനു കൊടുക്കാൻ എന്തു വച്ചിട്ടുണ്ട്?

ഭാരതി — കഞ്ഞിയുണ്ട്; കാപ്പിയും ഉണ്ട്. അത്രയും പറഞ്ഞപ്പോഴയ്ക്കും പടിപ്പുരയിൽ ആരൊ മുട്ടി ഭൃത്യനെ വിളിക്കുന്ന ശബ്ദം കേട്ടു. ഒച്ചകൊണ്ട് അതു കരുണാകരൻ എന്നറിഞ്ഞ് 'ഇതാ കൊച്ചേട്ടൻ വന്നു' എന്നു പറഞ്ഞുകൊണ്ടു ഭാരതിക്കുട്ടി ഓടിച്ചെന്നു കതകു തുറന്നു. അവർ പരസ്പരം മുഖത്തു നോക്കി മന്ദഹസിച്ചതിനോടുകൂടി രണ്ടുപേരും അവരുടെ ദുഃഖമെല്ലാം മറന്നു. അവർ അന്യോന്യം കുശലം ചോദിച്ചുകൊണ്ട് ആപ്പീസ്സമുറിയിലേയ്ക്കു കേറിവന്നു. കരുണാകരൻ മാധവമേനോനെ നമസ്കരിച്ചു. മാധവമേനോൻ അതിമോദത്തോടുകൂടി കരുണാകരനെപ്പിടിച്ച് ഒരു കസേരയിൽ ഇരുത്തി. അപ്പോഴയ്ക്കു ഭാരതിക്കുട്ടി ഒരു കോപ്പ കാപ്പി കൊണ്ടുവന്നു കരുണാകരനു കുടിക്കാൻ കൊടുത്തു. കാപ്പി കുടിച്ചിട്ടു വഴിയാത്രയേയും തിരുവനന്തപുരം വിശേഷങ്ങളേയും കുറിച്ച് ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ താൻ കിട്ടുണ്ണിയേയും ഒരു സ്ത്രീയേയും വഴിക്കു കണ്ടു എന്നും അവർ ഇങ്ങോട്ടു വരികയാണെന്നും കരുണാകരൻ പറഞ്ഞു. ഇതു കേട്ടു മാധവമേനോൻ പെട്ടെന്നെഴുന്നീല്ക്കുകയും അപ്പോൾ പടിപ്പുരയിൽ എത്തിയ അതിഥികളെ എതിരേല്ക്കാൻ എല്ലാവരും കൂടി പുറത്തേയ്ക്കിറങ്ങുകയും ചെയ്തു. മാധവമേനോൻ ആ സ്ത്രീയുടെ കയ്യിലിരുന്ന കുഞ്ഞിനെ വാങ്ങി ചുംബിച്ചുംകൊണ്ടു മററുള്ളവരും ഒന്നിച്ച് ആപ്പീസ്സമുറിയിലേക്കുതന്നെ കേറി. മാധവമേനോനും കിട്ടുണ്ണിയും ഓരോ കസേരയിലും കരുണാകരൻ ഒരു സോഫായിലും ഇരുന്നു. ആ സ്ത്രീ കരുണാകരനെത്തന്നെ നോക്കിക്കൊണ്ടു നിന്നു. ഭാരതിക്കുട്ടി അവരെ ഇരിക്കാൻ നിൎബ്ബന്ധിച്ചു. അപ്പോൾ

മാധവമേനോൻ കരുണാകരനെ നോക്കി 'കുട്ടി! ഇതു കുട്ടന്റെ അമ്മയാണ്' എന്നു പറഞ്ഞു.

ഈ വാക്കുകൾ മുഴുവൻ കരുണാകരൻ കേട്ടോ എന്നറിഞ്ഞില്ല. ഉടനെ അമ്മയുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. അമ്മ പുത്രനെ ഒരു ശിശുവിനെപ്പോലെ എടുത്തു മാറിൽ അണച്ചു മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടു സോഫായിൽ ഇരുന്നു. കുറെ നേരത്തേയ്ക്കു കരുണാകരനു സബോധം ഉണ്ടായിരുന്നില്ല. ഈ അത്ഭുതനാടകത്തിൽ ഭാരതിക്കുട്ടിയും നിർന്നിമേഷയായും നിശ്ചലയായും നിന്നു. കുറെ നേരത്തേക്ക് അവിടെ എല്ലാംനിശ്ശബ്ദമായിരുന്നു. കരുണാകരന്റെഅമ്മയുടെസ്ഥിതി വാക്കിനുംമനസ്സിനും വിഷയമല്ല. ആ കുലാംഗനാരത്നം പത്തുപതിനെട്ടു വർഷമായി കുടിശ്ശിക ഇട്ടിരുന്ന പുത്രലാളന മുഴുവൻ ആ നിമിഷങ്ങൾക്കുള്ളിൽ നിർവഹിക്കാൻ ശ്രമിച്ചു. ഒടുവിൽ മാധവമേനോൻ ഇങ്ങിനെ പറഞ്ഞു. കുറെ വർഷങ്ങൾക്കിപ്പുറമുണ്ടായ സംഗതികളെല്ലാം വിസ്മയാവഹമാണ്. എല്ലാം ഈശ്വരേച്ഛയല്ലെ!

സ്ത്രീ — എന്റെ മകനെ! നിന്നെക്കാണാതെ ഞാൻ എത്ര നാളായി ദുഃഖിക്കുന്നു.

ഭാരതി — അമ്മെ! അമ്മ ഇതുവരെ എവിടെയായിരുന്നു?

സ്ത്രീ - മാധവമേനോനെ ചൂണ്ടിക്കാണിച്ചുകൊണ്ട്, 'അതെല്ലാം ഇദ്ദേഹം പറയും; ഇദ്ദേഹമാണ് ഇവന്റെ അച്ഛൻ.

കിട്ടുണ്ണാർ— കുഞ്ഞിന്റെ പെട്ടവിരൽ, സംഗതിയുടെ പെട്ടു പൊളിയ്ക്കുമൊ എന്നു ഭയമുണ്ടായിരുന്നു.

ഭാരതിക്കുട്ടി ഈ ബഹളത്തിനിടയ്ക്ക് അവർക്കു രണ്ടാൾക്കും കാപ്പി കൊണ്ടുവന്നു കൊടുത്ത ശേഷം അമ്മാവന്റെ അടുക്കൽനിന്നും കുഞ്ഞിനെ വാങ്ങിക്കളിപ്പിച്ചു തുടങ്ങി. 'കൊച്ചേട്ടന്റെ അനുജത്തിയല്ലെ?' എന്നു ചോദിക്കയും 'തങ്കമ്മ!' എന്നു പറഞ്ഞു മേശപ്പുറത്തു കിടന്ന ഒരു ചിത്രം എടുത്തു കുഞ്ഞിനെ കാണിച്ചു ചിരിപ്പിക്കയും ചെയ്തു.

കിട്ടസ്സാർ— അന്തർജ്ജനത്തിതന്നെ. ഭാരതിക്കുട്ടിയ്ക്കു പേരും അറിയാ മല്ലൊ!

കരുണാ— അപ്പാ! എനിക്കു സംഗതികളൊന്നും ഓർമ്മയില്ല. എല്ലാം എങ്ങിനെയാണ്?

മാധവ— ശ്രീരംഗം ഭവനത്തിലെ ഏകസന്താനമായിരുന്നു.

ഭാരതി— മാധവി അമ്മയാണൊ? അമ്മ പുറപ്പെട്ടു പോയി എന്ന് ആളുകൾ പറഞ്ഞു കേട്ടിട്ടുണ്ട്.

മാധവി— ഭാരതിക്കുട്ടിയുടെ പുറത്തു തലോടിക്കൊണ്ട്, എന്റെ മകളെ! പുറപ്പെട്ടുപോയതു ശരിയാണ്; എന്നാൽ ആളുകൾ പറയുംപോലെ അല്ല.

മാധവ— അവിടുത്തെ വലിയ യജമാനൻ വയസ്സായപ്പോൾ ദ്രോഹികളായ ശ്രീകണ്ഠപ്പെരുമാളും കൂട്ടരും കൂടി അദ്ദേഹത്തെ നശിപ്പിച്ചു. (ഇതു കേട്ട ഭാരതിക്കുട്ടിയുടെ കോപാഗ്നി ഒന്നു ജ്വലിച്ചടങ്ങി) പിന്നീട് അവർക്ക് സർവ്വസ്വാതന്ത്ര്യം ലഭിയ്ക്കുന്നതിനു കുട്ടന്റെ അമ്മയാണ് പ്രതിബന്ധമായുണ്ടായിരുന്നത്. അതും അവർ തീർക്കുമെന്നുറപ്പായപ്പോൾ ഇവരെ ആ വഴിയിൽനിന്നും നീക്കണമെന്നും രക്ഷിക്കണമെന്നും ഞാൻ വിചാരിച്ചു.

ഭാരതി— അതെന്തിനമ്മാമ! സർക്കാരും മററുമില്ലെ?

മാധവ— സർക്കാരും മററും കയ്യിൽ കാശു കിട്ടിയാൽ കണ്ണും കാതും കേൾക്കാത്തവരാണ്.

കരുണാ— അച്ഛൻ വിചാരിച്ചാൽ അന്നൊന്നും നടക്കുകയില്ലായിരുന്നൊ?

മാധവ— എനിയ്ക്കന്ന് ഇതുപോലെ തന്റേടമുണ്ടായിരുന്നില്ല. അതിനും പുറമെ അന്നെന്റെ അമ്മാവൻ ഉണ്ടായിരുന്നു. അദ്ദേഹം ശ്രീകണ്ഠമേനോനുമായി ബദ്ധവൈരമായിരുന്നു. അതുകൊണ്ട് എനിക്ക് ഒന്നും പ്രത്യക്ഷമായിച്ചെയ്യാൻ സാധിച്ചില്ല. ഞാൻ മുൻകൂട്ടി കുറെ കിഴക്കു കരിമലയിൽ ഒരു നല്ല സ്ഥലം കണ്ടുപിടിച്ച് ഒരു വീടും കെട്ടി നിങ്ങളെ

ങ്ങോട്ടു മാററി; നിങ്ങൾക്കു സഹായമായി ഈ കിട്ടുണ്ണ്യാരേയും വേറെ ചിലരേയും കൂടെത്താമസിപ്പിച്ചു. അങ്ങോട്ടു മാറിയ ദിവസം നിന്നെ പ്രസവിച്ചിട്ടു പത്തു ദിവസമെ ആയിരുന്നൊള്ളു.

മാധവി— എന്റെ കുഞ്ഞെ! അന്നു ഞാൻ അനുഭവിച്ച സങ്കടം മനുഷ്യൎക്കു സഹിക്കാവുന്നതല്ല.

കരുണാ— എന്റമ്മെ! അതൊന്നും ഓക്കാൻ കൂടി വയ്യ. എനിക്കു് ഒരു കാട്, ആറ് എന്നെല്ലാം ചില ഓൎമ്മയുണ്ട്; നല്ലപോലെ ഒന്നും അറിഞ്ഞുകൂടാ. പിന്നെ അച്ഛനെങ്ങിനെ എന്നെ ഇവിടെ വരുത്തി? അമ്മ തനിച്ച് ആ കാട്ടിൽ പാൎത്തൊ?

മാധവ— അന്നു മുതൽ അമ്മാവനുണ്ടായിരുന്നിടത്തോളം കാലം ഓരോ സ്ഥലത്തു പോകുന്നു എന്നും പറഞ്ഞ് ഇവിടെ നിന്നും പോകും. നിങ്ങളോടൊന്നിച്ചു തന്നെയായിരുന്നു മിക്കവാറും താമസം. പിന്നെ എന്റെ പ്രധാന വിചാരം നിന്നെ പഠിപ്പിക്കുന്ന കാൎയ്യത്തിലായിരുന്നു. പ്രാപ്തിയായിട്ടു നിന്നെ നാട്ടിലേക്കു കൊണ്ടുപോന്നാൽ അറിവില്ലായ്കയാൽ നീ ഈ രഹസ്യം വെളിപ്പെടുത്തിയെങ്കിലൊ എന്നു ഭയന്നു മൂന്നു വയസ്സിൽ അമ്മയുടെ അടുക്കൽ നിന്നും പിരിച്ച് ഈ കിട്ടുണ്ണ്യാരുടെ ഭാൎയ്യവീട്ടിൽ രണ്ടാണ്ടോളം പാൎപ്പിച്ചു. അപ്പോഴയ്ക്കു് എന്റെ അമ്മാവനും മരിച്ചു. നിന്നെ ഓരോ വ്യാജം പറഞ്ഞ് ഇവിടെക്കൊണ്ടുവന്നു.

ഭാരതി— അന്നു കൊച്ചേട്ടന്റെ അമ്മയെക്കൂടെ കൊണ്ടുപോരാഞ്ഞതെന്ത്?

മാധവ— ഇപ്പോൾ തന്നെ നിനക്കറിയാമ്മേലെ ശ്രീകണ്ഠമേനോന്റെ ശക്തി. കുട്ടന് അല്പം തന്റേടം ഉണ്ടാവട്ടെ എന്നു വിചാരിച്ചാണ്.

കരുണാ— അമ്മയുടേയും അച്ഛന്റേയും ഈ സങ്കടം ഒരു മകനു കേൾക്കാൻ വയ്യാ.

മാധവി—എന്റെ മകനെ ഇപ്പോൾ എനിക്കെല്ലാം ആശ്വാസമായി

ഭാരതി—അതങ്ങിനെയാണ് 'ക്ലേശഃ ഫലിക്കിലതു താൻ പുതുതായ സൌഖ്യം' എന്നു കാളിദാസൻ പറഞ്ഞിട്ടുണ്ട്. ഈ സങ്കടംകൊണ്ടായിരിക്കാം അമ്മാവൻ കേസ്സിനെക്കുറിച്ച് അന്വേഷിക്കാതിരുന്നത്?

മാധവ—കുട്ടന്റെ അമ്മ അന്നു ചെല്ലമ്മയെ പ്രസവിച്ചു കിടക്കുകയായിരുന്നു. അതോടുകൂടി അവൾക്ക് ഒരു സന്നിയും പിടിപെട്ടു; ഓരോന്നും സങ്കടം! പെരുങ്കാട്ടിന്റെ നടുവു; ആരും ഒരു സഹായവുമില്ല; എന്നെ വൈദ്യം പഠിപ്പിക്കാൻ തോന്നിയ അമ്മാവൻതന്നെ ഭാഗ്യവാൻ!

കിട്ടുശ്ശാർ—അന്നു ഇദ്ദേഹത്തിന്നു ഊണുമില്ല; ഉറക്കവുമില്ല; കണ്ണുനീരുതന്നെ ശരണം. ഒരു ദിവസം ഞാനും കരഞ്ഞുപോയി. ഒരു മാസം ബോധമില്ലാതെ കിടന്നു. അതിന്റെ ഇടക്കു ഈ ചോരക്കുഞ്ഞും!

മാധവി— എന്റെ കുഞ്ഞുങ്ങളെ! ഓരോന്നു പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല. തങ്കമ്മയുടെ മൂത്ത മൂന്നു കുട്ടികളെ കാട്ടിലെ തണുപ്പുതിന്നു. എന്തിന്! ഞങ്ങൾ ഈ ജന്മത്തിലെ സകല കഷ്ടതകളും അനുഭവിച്ചുകഴിഞ്ഞു.

അപ്പോൾ ഒരു തപാൽശിപായി കയറിവന്ന് അവരെ യഥായോഗ്യം വന്ദിച്ചശേഷം രണ്ടു കമ്പിലക്കോട്ടുകൾ മേശപ്പുറത്തു വച്ചു. രണ്ടിലും 'എസ്. എം. കരുണാകരമേനോൻ എസ്ക്വയർ, മാന്തോട്ടത്തു ഗൃഹം, സാലപുരം' എന്ന് എഴുതിയിരുന്നു. മാധവമേനോൻ ഉടനെ ഒരു രൂപ എടുത്തു ശിപായിക്കു കൊടുത്ത് അയാളെ അയച്ചു. കരുണാകരൻ കവറുകൾ പൊട്ടിച്ചു വായിച്ചു. ഒന്നു 'കേസ് അപ്പീൽവാദിയായ മാധവമേനോന് അനുകൂലമായി തീർച്ചചെയ്തു, മൂന്നുകോടതിയിലേയും ചിലവു മാധവമേനോനു കിട്ടുന്നതാണ്' എന്നും; മ

ററൊന്നു, 'കരുണാകരൻ എം. എ., ബി. എൽ., ഈ പരീക്ഷകളിൽ ജയിച്ചിരിക്കുന്നു, അദ്ദേഹത്തെ തൽക്കാലത്തെയ്ക്കു കാളേജിൽ ഒരു പ്രോഫ്സറായി നിയമിക്കയും ചെയ്തിരിയ്ക്കുന്നു' എന്നും ആയിരുന്നു. ഈ വൎത്തമാനം അറിഞ്ഞതോടുകൂടി അവിടെ ഉണ്ടായിരുന്നവരുടെ ആഹ്ളാദം എത്രമാത്രമായിരുന്നു എന്നു പറവാൻ പാടില്ല. ഓരോരുത്തരും എന്തെല്ലാം ചാപല്യം കാണിച്ചോ എന്തൊ! ഇക്കാൎയ്യത്തിൽ അത്ര ശ്രദ്ധിക്കാതെ തങ്കമ്മ മാത്രം മുലകുടിച്ചു.

ഭാരതിക്കുട്ടി നേരത്തെ ഏപ്പാട്ട ചെയ്തിരുന്നതുകൊണ്ട് അടുക്കളകാൎയ്യം ഭൃത്യനും ലക്ഷ്മി അമ്മയും കൂടെ നോക്കേണ്ടിവന്നു. ഉച്ചതിരിഞ്ഞിട്ടും ഉണ്ണാൻ ചെല്ലാത്തതുകൊണ്ടു ലക്ഷ്മി അമ്മ വന്ന് ഓൎമ്മിപ്പിച്ചപ്പോഴാണ് ആക്കാൎയ്യം അവരെല്ലാം ഓൎത്തത്. ഉടനെ അവർ പോയി കുളിച്ചുവന്ന് എല്ലാവരും കൂടി ഒരുമിച്ച് ഊണുകഴിക്കയും ഓരോ വൎത്തമാനവും പറഞ്ഞു വീണ്ടും ആപ്പീസ്സുമുറിയിൽ കൂടുകയും ചെയ്തു.

നേരം പകലായപ്പോഴയ്ക്കു ഈ വൎത്തമാനങ്ങളെല്ലാം സംലപുരം ഗ്രാമം മുഴുവൻ കാററിനാൽ എന്നപോലെ പരന്നുപ്പെട്ടു. മാധവിഅമ്മയുടെ വിയോഗത്തിൽ ദുഃഖിച്ചിരുന്ന അസംഖ്യം ആളുകൾ അവിടെ ഉണ്ടായിരുന്നു. അവരെല്ലാവരും ഇവരെ കാണുവാൻ വന്നുതുടങ്ങി. പണ്ടു സാരമില്ലെന്നു വിചാരിച്ചിരുന്ന കരുണാകരനെ, കൊച്ചെജമാനൻ എന്നുള്ള പേരിൽ സകലരും അത്യാശചൎയ്യം നോക്കി.

ശ്രീകണ്ഠമേനോനെ പിന്നെ അട്ടിക്കകാരാരും കണ്ടിട്ടില്ല. ആ ഓരാഴ്ചവട്ടത്തിൽ തന്നെ നൂറിൽ കുറയാതെ കേസ്സുകൾ സിവിലായും ക്രിമിനലായും അദ്ദേഹത്തിൻെറ പേരിൽ വന്നു. കാൎയ്യസ്ഥൻ നാണുപിള്ളതന്നെ പത്തു കേസ്സോളം അദ്ദേഹത്തെ പ്രതിയാക്കി കൊടുത്തു. കുമാരമേനോൻെറ കേസ്സിന്റെ തന്നെക്കൊണ്ടു ചിലവുചെയ്യിച്ച തന്നെ ഇരപ്പാളിയാക്കിയ കോപത്തോടുകൂടി യജമാനൻ ചെയ്തിട്ടുള്ള ചില കുല

പാതകത്തെയും തെളിയിക്കാൻ കാൎയ്യസ്ഥൻ ശ്രമിക്കയും, അതു സാധിക്കയും ചെയ്തു.

കുമാരമേനോൻ 'അണ്ടികളഞ്ഞ അണ്ണാനെപ്പോലെ' ഇളിഭ്യരാശിയായി കുറച്ചുനാൾ പാൎത്തും പതുങ്ങിയും നടന്നു. ആ വിവരം അറിഞ്ഞു കരുണാകരൻ അയാളെ ആളയച്ചുവരുത്തി അച്ഛൻെറ അടുക്കൽ ക്ഷമായാചനം ചെയ്യിക്കുകയും അച്ഛനെക്കൊണ്ടു മാപ്പുകൊടുപ്പിക്കയും ചെയ്തു. തൻെറ വൎഗ്ഗത്തിൽപ്പെട്ട, കുമാരമേനോൻെറ അമ്മ കുട്ടിപ്പാറു അമ്മയേയും അവരുടെ തള്ളയേയും യാതൊരു കഷ്ടപ്പാടിനും ഇടയാക്കാതെ കരുണാകരൻ തന്നെ രക്ഷിച്ചു.

കരുണാകരൻ തനിക്കു ലഭിച്ച ഉദ്യോഗത്തിൽ പ്രവേശിക്കാതെ കുടുംബകാൎയ്യം ശരിയാക്കുന്നതിനു ശ്രമിച്ചു. രണ്ടുമൂന്നു മാസംകൊണ്ട് ആ കാൎയ്യം എല്ലാം ഒരുവിധം ശരിയായ ശേഷം അച്ഛനും അമ്മയും ഒരുമിച്ചു ശ്രീരംഗം ഭവനത്തിലേക്കു താമസം മാററി. പിന്നീടു ഭാരതിക്കുട്ടിയുടെ വിവാഹത്തിനു വേണ്ട ശ്രമങ്ങൾ ചെയ്തുതുടങ്ങി.

ഇതിനിടയ്ക്ക് ഒളിച്ചുനടന്ന ശ്രീകണ്ഠമേനോനെ പിടികിട്ടി എന്നും തടവിലാക്കിയിരിക്കുന്നു എന്നും വക്കീലിൻെറ എഴുത്തു കരുണാകരനു കിട്ടി. കരുണാകരൻ, ആ സംഗതിയിൽ ആ ദ്രോഹിയെ അമൎത്തുന്നതിനു പ്രത്യേകിച്ച് ഒരു ശ്രമവും ചെയ്തില്ല. ഈ അവസരത്തിൽ ശ്രീകണ്ഠമേനോൻ പൂൎവ്വസ്മരണ വിട്ടുപോകാതെ, തന്നെ ദുഷ്കൃത്യങ്ങൾക്കു സഹായിച്ചു എന്ന കുററം ചുമത്തി, താൻ കിടന്നിരുന്നതിൻെറ അടുത്ത മുറി ഒഴിപ്പിച്ചു കാൎയ്യസ്ഥൻ നാണുപിള്ളയ്ക്കു കൊടുത്തു എന്നു കേട്ടു.

വിവാഹത്തിനു വേണ്ട വട്ടംകൂട്ടിയശേഷം തൻെറ സ്നേഹിതന്മാൎക്കും സഹപാഠികൾക്കും ഗുരുനാഥന്മാൎക്കും ക്ഷണക്കത്തുകൾ അയക്കുകയും ദിഗ്ജയത്തിനു ശേഷമുള്ള രാജസൂയംപോലെ ഭാരതിയുടെ മംഗല്യധാരണവും വിവാഹഘോഷവും നടത്തുകയും ചെയ്തു.

വിവാഹദിവസം രാത്രി പ്രിയപത്നീസമേതനായി മണിയറയിൽ പ്രവേശിച്ചു മണിമഞ്ചത്തിൽ ഇരുന്നുകൊണ്ടു ഭാരതിക്കുട്ടിയേയും അടുക്കലിരുത്തി, താൻ പ്രത്യേകം പണികഴിപ്പിച്ചു വരുത്തി, സുമുഹൂർത്തത്തിൽ കണ്ഠത്തിൽ അണിയിച്ച പതക്കത്തെ തൊട്ടുകൊണ്ടു കരുണാകരൻ 'പ്രിയേ! ഈ ചാർത്തിയിരിക്കുന്ന പതക്കത്തിലുള്ള രത്നങ്ങൾ അമൂല്യങ്ങളാണ് അല്ലയോ?' എന്നു ചോദിച്ചു.

അപ്പോൾ ഭാരതിക്കുട്ടി 'വജ്രത്തോടും പത്മരാഗത്തോടും ഉപമിക്കുമ്പോൾ അതിലും എത്രയൊ വിശിഷ്ടമാണ്, ഞാൻ ധരിക്കുന്ന ഈ പുരുഷരത്നം' എന്നു പറഞ്ഞു കരുണാകരനെ മാറോടു ചേർത്ത് അസംഖ്യം പ്രാവശ്യം ചുംബനം ചെയ്തു.

ശുഭം.

---

## അച്ച്.*

(മണ്ണത്താഴത്ത് നാരായണമേനോൻ, ബി. എ., ബി. എൽ.)

പ്രാണികളുടെ ഇടയിൽ പ്രകൃതിശാസ്ത്രജ്ഞന്മാർ ധാരാളം കണ്ടുപരിചയപ്പെട്ടിട്ടുള്ളവയാണെങ്കിലും സൂക്ഷ്മമായി വിവരിക്കുന്നതിന്ന് അസാദ്ധ്യമായ പല സമ്പ്രദായങ്ങളുമുണ്ട്. പ്രാണിശാസ്ത്രജ്ഞന്മാരെ പലവിധത്തിലും അമ്പരപ്പിക്കുന്ന 'അച്ച്' ഈ കൂട്ടത്തിൽ പെട്ട ഒരു ജന്തുവാണ്. ഈ ജന്തുവിന്റെ പേർ കേട്ടാൽ തന്നെ പലക്കും വലിയ അറപ്പാണ്. വല്ല പദാർത്ഥവും കഴിക്കുമ്പൊഴൊ മററൊ ഈ ജന്തുവിനെ കണ്ടെത്തിയാൽ പിന്നത്തെ കാര്യമൊന്നും പറയണ്ട. ഓക്കാനമായി, ഛർദ്ദിയായി, വലിയ ലഹളയായി. കാര്യം ഇങ്ങിനെയൊക്കെയായിരുന്നാലും ഇതിനെ സൂക്ഷ്മമായി പരിശോധിച്ചുനോക്കുന്ന

---

* ഇതു ശംബൂകവർഗ്ഗത്തിൽ പെട്ട ഒരു ചെറിയ ഇഴജന്തുവാണ്. ഇതിനെ ഇംഗ്ലീഷിൽ Snail എന്നു പറയും. മ. പ.

തായാൽ രസകരങ്ങളായ പല രഹസ്യങ്ങളും മനസ്സിലാക്കാവു ന്നതാണ്.

ആഴ്ചയിൽ ചില പ്രത്യേകദിവസങ്ങളിലൊ, അല്ലെങ്കിൽ ദിവസംതോറും ഒരു പ്രത്യേകസമയത്തൊ മാത്രമെ തന്നെ ക ണ്ടുകൂട എന്നു യാതൊരു മക്കടമുഷ്ടിയും ഈ സാധുവിന്നില്ല. ഏതു ദിവസവും ഏതു സമയത്തും ആക്ഷംതന്നെ കാണാം. എ ങ്കിലും സാധാരണയായി താൻ ധാരാളം പുറത്തിറങ്ങിനടക്കു ന്നതു, പ്രഭാതത്തിൽ ഭൂമിയും സസ്യാദികളും മററും വളരെ ന നവോടുകൂടി കിടക്കുന്ന സമയത്താണ്. അങ്ങിനെ പ്രഭാത ത്തിൽ ലാത്തുവാൻ എറങ്ങുന്നത് ഒരു തരം പുതിയ പരിഷ്കാ രലക്ഷണവുമാണല്ലൊ. പക്ഷെ പരിഷ്കാരഭ്രാന്തൊണൊ ഈ ജന്തുവിനെ ഇത്ര കാലത്തുതന്നെ കൽക്കട്ടകളുടെ ചുവട്ടിലൊ, ഇത്തിക്കണ്ണികളുടെ ഇടയിലൊ ഉള്ള തൻെറ വാസസ്ഥലത്തു നിന്നു പിടിച്ചു പുറത്തിറക്കുന്നത്, എന്നുള്ളതു വളരെ സംശയ ഗ്രസ്തമായിട്ടുള്ളതാണ്. എന്തെന്നാൽ പുറത്തുവന്നതിന്നു ശേ ഷം പരിഷ്കാരഭ്രാന്തന്മാരെപ്പോലെ, യാതൊരു ഉദ്ദേശ്യവും കൂ ടാതെ അവിടവിടെ അലഞ്ഞുനടന്നു താൻ സമയം കളയുന്നി ല്ല. നേരെമറിച്ചു, പുറത്തു വന്നവഴിക്ക്, എന്തോ വലിയ ഗൌരവമേറിയ ഒരു കാര്യം നിവൃത്തിക്കാനുണ്ടെന്ന നാട്യത്തിൽ തോട്ടത്തിലെ ചീരത്തടങ്ങളിലെക്കു വെച്ചടിക്കുകയാണ് ചെ യ്യുന്നത്. തനിക്കു കാലത്തു കാപ്പിയും ചായയും വേണമെ ന്നൊന്നും സിദ്ധാന്തമില്ല. എങ്കിലും താനും നവീനസമ്പ്രദാ യമനുസരിച്ചു വല്ലതും കാലത്തു കഴിച്ചാൽ കൊള്ളാമെന്നു മോ ഹമുള്ള കൂട്ടത്തിലാണ്. അതിനാൽ പ്രാതലിന്ന് അധികം രുചികരമായിട്ടുള്ള വല്ല വിശേഷമായ വിത്തുകളോ ലതകളോ തോട്ടക്കാരൻ പുതിയതായി കുത്തിപ്പടത്തിയിട്ടിട്ടുണ്ടെങ്കിൽ ഒ രു സമയം യാത്ര അങ്ങോട്ടു തിരിച്ചുവെന്നു വന്നേക്കാം. എങ്ങി നെയായാലും രണ്ടാലൊരു സ്ഥലത്തു ചെന്നുചേരാൻ അമാ ന്തിക്കില്ല. ഒരു തോട്ടത്തിൽ ചെന്നുചേന്നാൽ തന്നെ, കണ്ട

ഒതല്ലാം തിന്നു വല്ലപാടും വയറുനിറക്കണമെന്നുള്ള തീൻപണ്ടി സ്വഭാവം അച്ചിനെ സ്വൾിക്കപോലും ചെയ്തിട്ടില്ല. തനിക്കു ഹിതമായ ചില പദാൎത്ഥങ്ങളുണ്ട്. അവയേ തനിക്കാവശ്യമുള്ളു. അങ്ങിനെയുള്ള പദാൎത്ഥങ്ങളെ തിരിഞ്ഞെടുക്കുന്നതിൽ താൻ ഒരു വലിയ കണിശക്കാരനുമാണ്. പഴുത്തു നല്ലവണ്ണം പാകമായിട്ടുള്ള പഴങ്ങൾ, ശാകങ്ങൾ ഇവയേ തനിക്കാവശ്യമുള്ളു. തോട്ടങ്ങളിൽ പഴങ്ങൾ ഉണ്ടായി നല്ല പാകമായാൽ വിവരം തന്നെ അറിയിപ്പാൻ എന്തോ നല്ലതായ ചില ഏൎപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ടെന്നാണ് തോന്നുന്നത്. ആരാണ്, എങ്ങിനെയാണ്, എപ്പോഴാണ് ചെന്ന് അറിവുകൊടുക്കുന്നത് എന്നൊന്നും അറിഞ്ഞുകൂടാ. എന്നാൽ സംഗതി താൻ അറിയുന്നുണ്ടെന്നും, താൻ അവിടെ ചെല്ലുന്നുണ്ടെന്നും, താൻ ഇഴഞ്ഞു പോയിട്ടുള്ള അടയാളങ്ങളെക്കൊണ്ടു നമുക്കു ധാരാളം പ്രത്യക്ഷപ്പെടുന്നതാണ്. അച്ചിന് മരത്തിന്മേൽ ധാരാളം കയറാവുന്ന കൂട്ടത്തിലാകുന്നു. ചുമരിന്മേലും വൃക്ഷങ്ങളിന്മേലും കയറുവാൻ ഈ ജന്തുവിനുള്ള മിടുക്കും തഞ്ചവും ചില്ലറയൊന്നുമല്ല. ചിലപ്പോൾ ഭക്ഷണത്തിന് മരത്തിന്മേൽ കയറിയാൽ ഒന്നുരണ്ടു ദിവസത്തേക്കു മടങ്ങിപ്പോരാതെ അവിടെത്തന്നെ ഒട്ടിപ്പിടിച്ച് കിടക്കുന്നതു കാണാം. അങ്ങിനെ കണ്ടാൽ, അവിടെ തീററക്കു പററിയ സാധനങ്ങൾ ധാരാളം ഉണ്ട് എന്നും, ക്രമത്തിലധികം 'കടത്തിവിട്ട്' ഒരു മാതിരി ശ്വാസംമുട്ടലോടുകൂടി കിടന്ന് കഷണിക്കയാണെന്നും തീരുമാനിക്കാം. ഇങ്ങിനെ എന്തോ വല്ല അപകടവും പററാത്തപക്ഷം അതു രാത്രി സമയത്തിലേക്കു കൽക്കെട്ടിയടെ ചുവട്ടിലോ, ഇത്തിക്കണ്ണിയുടെ എടയിലോ ഉള്ള തന്റെ ഭവനത്തിലേക്കു തീൎച്ചയായും മടങ്ങിവരാതിരിക്കയില്ല. തനിക്കുള്ള ഭക്ഷണപദാൎത്ഥം ഇന്നദിക്കിലുണ്ടെന്നറിവാൻ ഈ ജന്തുവിനുള്ള ശക്തി ആശ്ചൎയ്യകരമാണ്. അതു ഇഴഞ്ഞ് ഇഴഞ്ഞ് പോകുമ്പോൾ സംഗതിവശാൽ ചിലപ്പോൾ ഭക്ഷണസാധന

ങ്ങളും കണ്ടെത്തുകയാണ് ചെയ്യുന്നതെന്നു ആരും ധരിക്കരുത്. യദൃച്ഛയായി താൻ ഭക്ഷണപദാൎത്ഥം കണ്ടെത്തുകയല്ല. വാസ്തവത്തിൽ ഭക്ഷണപദാൎത്ഥം, എത്രയകലെയിരുന്നാലും വേണ്ടില്ല, താൻ അതു മുൻകൂട്ടി അറിഞ്ഞ് അവിടേക്കായിത്തന്നെ ചെന്നുചേരുകയാണ് ചെയ്യുന്നത്. ദൃഷ്ടാന്തത്തിന്ന്, ഇവിടെ കുറച്ചു ഭക്ഷണപദാൎത്ഥം ഇരിക്കുന്നുണ്ടെന്നു വിചാരിക്കു. ഒരു അച്ച് അതിന്നടുത്തു വരുമ്പോൾ പതുക്കെ അതിനെ വല്ല ദിക്കിലും മറച്ചുവെക്കയൊ, അച്ചിനെതന്നെ വേറൊരിടത്തേക്കു കൊണ്ടുപോകയോ ചെയ്താൽ, വീണ്ടും അത് ആ ഭക്ഷണസാധനത്തിൻെറ അടുക്കൽ തന്നെ ചെന്നുകൂടുന്നതു കാണാം.

ഇവററ ഭക്ഷണപദാൎത്ഥങ്ങൾ അകലേനിന്നു ഘ്രാണിച്ചറിയുകയായിരിക്കാം എന്നു ചിലർ ഒരു സമയം വാദിക്കുമായിരിക്കും. അങ്ങിനെയാണെങ്കിൽ അവക്ക് നമ്മുടെ മൂക്കിനേക്കാൾ എത്രയോ അധികം ശക്തിയുള്ള ഘ്രാണേന്ദ്രിയങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എന്തെന്നാൽ അവകൾ അകലെനിന്നു ഘ്രാണിച്ചറിയുന്ന സാധനങ്ങൾക്ക്, നമ്മൾ ഘ്രാണിച്ചുനോക്കുമ്പോൾ, യാതൊരു മണവും ഉള്ളതായിക്കാണുന്നില്ല. എന്നാൽ അച്ചിൻെറ ശരീരത്തിൽ മററു ജന്തുക്കളുടെ മൂക്കുപോലെ ഒരവയവം കാണ്മാനേയില്ല. അതിന്നു പകരമായി, അതിൻെറ വലിയ സ്പൎശശൃംഗങ്ങളിന്മേൽ, കണ്ണുകളുടെ അടുക്കെയായി തൊലിപ്പുറമെ രണ്ടുമൂന്നു സൂക്ഷ്മപിണ്ഡങ്ങളാണ് കാണുന്നത്. ഇതായിരിക്കാം ഒരു സമയം അതിൻെറ ഘ്രാണേന്ദ്രിയം. എന്നാലും ഈ സൂക്ഷ്മപിണ്ഡങ്ങളെക്കൊണ്ടു അതിന്നു വലിയ പ്രയോജനമുണ്ടോ എന്നു സംശയമാണ്.

മററു പ്രാണികളെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മനുഷ്യാവയവങ്ങൾക്കു സദൃശങ്ങളായ അവയവങ്ങളെ അവററിലും കാണേണമെന്നു ശഠിക്കുന്നത് ഒരു ന്യൂനതയാണ്. അച്ചിൻെറ ശരീരപ്രകൃതി ഈ സംഗതി നമ്മളെ നല്ലവണ്ണം പഠിപ്പിക്കുന്നുണ്ട്. നമുക്കു ആലോചിച്ചറിവാൻ പ്രയാസമായ വിധത്ത

ലുള്ള ഇന്ദ്രിയവ്യാപാരങ്ങളെ ഈ ജന്തു പ്രദൎശിപ്പിച്ചുകാണുന്ന തുകൊണ്ട്, മനുഷ്യേന്ദ്രിയങ്ങളിൽനിന്നു വ്യത്യസ്ഥപ്പെട്ട്, ഇന്ന വിധത്തിലായിരിക്കുമെന്നു നമുക്കു ഊഹിപ്പാൻ കൂടി സാധിക്കാത്തവയായ ചില ഇന്ദ്രിയങ്ങൾ അവക്ക് ഉണ്ടെന്നു വിചാരിക്കുന്നതായിരിക്കും അധികം ശരിയായിട്ടുള്ളത്.

അച്ച് അതിന്റെ ഭക്ഷണപദാൎത്ഥം കാണുന്നുണ്ടോ എന്നു വല്ലവരും ചോദിക്കുന്നതായാൽ ഇല്ലെന്നു തന്നേയാണ് പറയേണ്ടത്. അച്ചിന്റെ അടുക്കൽനിന്നു വല്ല ഭക്ഷണസാധനവും മാററിവെക്കയൊ, വേറെവല്ല ദിക്കിലും ഭദ്രമായി ഒളിച്ചു വെക്കയൊ ചെയ്താലും, അതു അവിടെ ഇഴഞ്ഞെത്തുന്നുണ്ടായിരിക്കാം. എങ്കിലും ദൂരത്തുനിന്നു ഭക്ഷണം കണ്ടിട്ടാണ് അവിടെ എത്തുന്നത് എന്നു വിചാരിക്കുന്നതു കുറച്ച് സാഹസമായിട്ടുള്ളതാണല്ലൊ. താൻ വിശന്നു വലഞ്ഞ് വല്ല ഭക്ഷണസാധനത്തിന്റേയും സമീപം എത്തുമ്പോൾ, അതിനെ അവിടെനിന്നു നീക്കംചെയ്താൽ, അതിന്റെ പരാക്രമം കാണേണ്ടതാണ്. സചേതനങ്ങളായ 'കൊമ്പുകളെ' ഉയൎത്തി അവയുടെ അററംകൊണ്ടു ചുററുമുള്ള പ്രദേശങ്ങളെ തിരിച്ചും മറിച്ചും സ്പൎശിച്ചുനോക്കുന്നതു കാണ്മാൻ നല്ല നേരമ്പോക്കുണ്ട്. കൊമ്പുകളെ പല പ്രാവശ്യവും നേരെ മേല്പോട്ട് ഉയൎത്തിപ്പിടിച്ച് ആകാശത്തിൽ വൃത്താകാരത്തിൽ തിരിപ്പിച്ച് ആ ഭാഗങ്ങളെല്ലാം വളരെ ശ്രദ്ധയോടുകൂടി പരിശോധിക്കുന്നതു കാണാം. ഒരു സമയം ഇങ്ങിനെ കൊമ്പുകളെ ഉയൎത്തിപ്പിടിക്കുമ്പോഴായിരിക്കാം ഭക്ഷണസാധനം ഇരിപ്പുള്ള സ്ഥലം അതിന്നു മനസ്സിലാവുന്നത്. എങ്ങിനെയായാലും സ്സാധനമോ, സാധനമിരിക്കുന്ന സ്ഥലമോ കണ്ടിട്ടല്ല അതിന്നു മനസ്സിലാവുന്നത് എന്നു തീൎച്ചയാണ്. ഇതിന്നു വേറേയും നല്ല ദൃഷ്ടാന്തമുണ്ട്. ഒരു അച്ചിന്റെ മുമ്പിൽ അര അംഗുലം ദൂരത്തായി ഒരു വിരൽ പിടിക്കുന്നതയാൽ, അതു അതിനെ കാണുന്നില്ല. വിരൽ ഉണ്ടെന്നുള്ള സംഗതി അറിയുന്നതായി ഒരു ചേഷ്ടയും കാണിക്കുന്നതുമില്ല. എന്നാൽ

വിരൽ ഒന്നുകൂടി അടുപ്പിച്ച് തൊട്ടതൊട്ടില്ല എന്നുള്ള നിലയിൽ പിടിക്കുന്നതായാൽ കണ്ണുകളെ ഉടനെതന്നെ കൊമ്പുകളുടെ ഉള്ളിലേക്കു വലിക്കുകയും കൊമ്പുകളെത്തന്നെ തലയുടെ ഉള്ളിലേക്കാക്കുകയും ചെയ്യും. ഈ പരീക്ഷതന്നെ കുറച്ചു സാവധാനത്തിൽ ചെയ്യുന്നതായാൽ, ഒരു കൊമ്പുമാത്രം അകത്തേക്ക് വലിക്കുന്നതായും മറേറതു പൂർവ്വസ്ഥിതിയിൽതന്നെ നിൎത്തുന്നതായുംകാണാം— ഈ കൊമ്പിന്ന് അരികിൽ വിരലുണ്ടെന്നൊ, അതുകൊണ്ടു വല്ല അപകടവുമുണ്ടായേക്കുമെന്നോ യാതൊരറിവും ഭയവും ഉള്ളതായി തോന്നുകയില്ല. സചേതനങ്ങളായ ഈ കൊമ്പുകൾക്കു വായു, ഭൂമി, ഭക്ഷണപദാൎത്ഥങ്ങൾ ഇവയെല്ലാം അറിയുന്നതിന്നു ധാരാളമായ ശക്തി ഉണ്ടെന്നിരിക്കിലും, അര അംഗുലം അടുത്ത് ഒരു വിരൽ പിടിച്ചാൽ അതു അറിയുന്നതിന്നു ത്രാണിയില്ലെന്നു വരുന്നത് ഒരത്ഭുതമായ സംഗതിയാണല്ലൊ. എന്നുതന്നേയല്ല, ചിലപ്പോൾ ഒരു കണ്ണു നമ്മുടെ വിരൽ കാണുന്നുണ്ട്. എങ്കിലും മറേറത് ഒട്ടുംതന്നേ കാണുന്നതുമില്ല. എങ്ങിനേ പരിശോധിച്ചുനോക്കുന്നതായാലും, രണ്ടു കണ്ണുകളുണ്ടെങ്കിലും, അവകളുള്ള കാഴ്ച കുറച്ചു കുറവാണെന്നുള്ള ചായം പുറത്താവാതിരിപ്പാൻ യാതൊരു വഴിയുമില്ല. അതിനാൽ അച്ച് അതിന്റെ ഭക്ഷണം അകലെനിന്നു കണ്ടുചെല്ലുന്നതാണെന്നു പറയുന്നതു അബദ്ധമാണെന്ന് സ്പഷ്ടമാവുന്നു.

ഭക്ഷണം കണ്ടറിയുന്നില്ലെങ്കിലും, ഘ്രാണിച്ചറിയുകയായിരിക്കാം. എന്ന് വിചാരിക്കുന്നതിന്നും മുൻപറഞ്ഞപ്രകാരം വിരോധമായിട്ടാണ് തെളിവുകളെല്ലാം കിട്ടുന്നത്. ഘ്രാണിച്ചറിവാൻ സാധിക്കുമെങ്കിൽതന്നെ അതിന്നു ചില പ്രത്യേക മണങ്ങളെ മാത്രമേ ഘ്രാണിച്ചറിവാൻ സാധിക്കയുള്ളൂ എന്നും സമ്മതിക്കേണ്ടിവരും. എന്നുതന്നേയല്ല അതു എളുപ്പത്തിൽ മണത്തറിയുന്ന അതിന്റെ ഭക്ഷണപദാൎത്ഥങ്ങൾക്ക്, നാം നോക്കുമ്പോൾ, യാതൊരു മണവും ഉള്ളതായും കാണുന്നില്ല. എളു

വിധമായാലും അച്ചിന്റെ കണ്ണും മൂക്കും നമ്മുടെ കണ്ണും മൂക്കും പോലെ അല്ലെന്നു തീർച്ചതന്നെ. അവയിൽനിന്നു എത്രയും വ്യത്യസ്ഥപ്പെട്ട ഒരു പുതിയ സമ്പ്രദായത്തിലൊ മറ്റൊ ആയിരിക്കാം.

അച്ചിന് ശ്രോത്രേന്ദ്രിയമുണ്ടൊ എന്നാണിനി നോക്കേണ്ടത്. ഇവിടേയും വ്യസനമൃച്ഛം ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഉണ്ടെന്നുള്ളതിന് യാതൊരു തെളിവും ഇല്ലെന്നുതന്നേയല്ല, ഉള്ളതെളിവുതന്നെ ശ്രോത്രേന്ദ്രിയമില്ലെന്നുള്ള അഭിപ്രായത്തെയാണ് പിൻതാങ്ങുന്നത്. അതിന്റെചുററും നിന്ന് എത്രതന്നെ ലഹളക്കൂട്ടിയാലും അതിന്നു യാതൊരു കുലുക്കവും കാണുന്നില്ല. വലിയശബ്ദം ഉണ്ടാക്കി അതിനെ ഭയപ്പെടുത്തി ദൂരത്തോടിച്ചുകളയാമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു വലിയ ഒരു തെററിദ്ധാരണയാണെന്നു മാത്രം പറയാം.

അച്ചിന്ന് രസനേന്ദ്രിയം ഉണ്ടെന്നാണ് പലരുടെയും അഭിപ്രായം. മനുഷ്യരുടെ നാവുപോലെ ഒരംഗം അതിന്നില്ലെങ്കിലും, താനും രസമറിഞ്ഞ് ഭക്ഷിക്കുന്ന ജന്തുവാണെന്നുള്ളതിലേക്ക തോട്ടങ്ങളിൽ അതു പ്രത്യക്ഷമായി കാട്ടിത്തരുന്ന തെളിവുകൾ കുറച്ചൊന്നുമല്ല. സസ്യങ്ങളും കാഴ്കനികളും ഉണ്ടാക്കുന്ന തോട്ടക്കാൎക്കെല്ലാം അച്ച് ഒരു സുഖഭോജനപ്രിയനാണെന്നു നല്ലവണ്ണം അറിവാകാതിരിക്കയില്ല. തോട്ടത്തിൽവെച്ച് ഏററവും നല്ല പഴങ്ങളും ചെടികളും മാത്രമേ അതിന്നുവേണ്ടു. 'നല്ല വസ്തുക്കൾ കിട്ടീടാനെല്ലാൎക്കും കൊതിയില്ലയോ' എന്നായിരിക്കാം അതിന്റെ യുക്തി.

അച്ചിന്റെ സ്പശേന്ദ്രിയത്തെപ്പററിയാണ് ഇനി പറവാനുള്ളത്. ഇതിൽനിന്നു ആശ്ചൎയ്യമായ പല സംഗതികളും വെളിവാവുന്നുണ്ട്. ഈ ജന്തു ഒരു ദിക്കിൽനിന്നു നീങ്ങിത്തുടങ്ങുമ്പോൾ നല്ലവണ്ണം സൂക്ഷിച്ചുനോക്കേണ്ടതാണ്. അങ്ങിനെ നോക്കിയാൽ ആദ്യമായിത്തന്നെ പുറത്തുള്ള കുക്ക അല്ലെങ്കിൽ ഓട് ഒ

നുമേല്പോട്ടുപൊങ്ങുന്നതുകാണാം. ഉടനെതന്നെ കക്കയുടെ ചുവട്ടിൽനിന്നു നമ്മൾ സാധാരണയായി അതിന്റെ ഉടലാണെന്ന് വിചാരിച്ചും പറഞ്ഞും വരുന്ന സാധനം പുറത്തേക്കു നീട്ടുന്നതും കാണാം. ഈ ഭാഗം മുഴുവനും ഉടലല്ല. ഉടലും, പരന്ന് വലുതായും, മാംസളമായുമുള്ള കാലും കൂടിയതാകുന്നു. ഇതിന്നുശേഷം അതിന്റെ തലയും രണ്ടുവലിയ സ്പർശശൃംഗങ്ങളും നീട്ടികാട്ടുന്നു. ഈരണ്ടു വലിയകൊമ്പുകളുടെ കടയ്ക്കൽ ചെറിയരണ്ടു കൊമ്പുകളും കൂടിയുണ്ട്. ഈ വക ഏർപ്പാടുകൾ എല്ലാം ചെയ്തതിന്നു ശേഷം മാത്രമേ അതു തന്റെ ചലനയന്ത്രം തിരിച്ചുവിടുന്നുള്ളു. ഒരിക്കൽ നടത്തം തുടങ്ങിയാൽ ഒരിടത്തും നില്ക്കാതെ വളഞ്ഞും പിരിഞ്ഞും ഒരേ ഗതിയിൽ പോയിക്കൊണ്ടിരിക്കും. നടക്കുമ്പോൾ ഇതിന്റെ ഗതി 'ഗജരാജവിരാജിത' മൊന്നുമല്ലെങ്കിലും എത്രയും മന്ദമായിട്ടുള്ളതാണ്. നമ്മുടെ ചില ഭാഷാകവികൾ ഈ സംഗതി മനസ്സിലാക്കിയിട്ടില്ലെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, 'അച്ചിനൊത്തനടയാളൊരൊടൊത്തുഞാൻ, മച്ചിലങ്ങിനെതകർത്തിടുംവിധൌ' എന്നും മറ്റും തട്ടിമൂളിച്ചുകാണുവാൻ ഇടയുണ്ടായിരുന്നു. പ്രശാന്തമായുള്ള അതിന്റെ നടത്തം കണ്ടാൽ ചുററുമുള്ള മനോഹരങ്ങളായ കാഴ്ചകളേയു, ശബ്ദങ്ങളേയും താൻ കാണുകയും കേൾക്കുകയും നല്ലവണ്ണം രസിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള ഒരു നാട്യം സ്ഫുരിക്കുന്നുണ്ടോ എന്ന് ആരും ഒന്നു സംശയിച്ചേക്കാം. എന്നാൽ വാസ്തവം നമ്മൾക്ക് അറിയാമല്ലോ. അതു യാതൊന്നും കാണുകയാകട്ടെ കേൾക്കുകയാകട്ടെ ചെയ്യുന്നില്ല. എങ്കിലും ഇതിന്റെ മേൽപ്രകാരമുള്ള നടത്തം കാണുമ്പോൾ തങ്ങൾക്കില്ലാത്ത ഗുണങ്ങൾ തങ്ങളിൽ ധാരാളമുണ്ടെന്നു മററുള്ളവരെ തെററിദ്ധരിപ്പിച്ചു തെളിഞ്ഞുനടക്കുന്ന ചിലരുടെ സ്വഭാവം കുറച്ച് ഈ ജന്തുവിന്നും ഇല്ലയോ എന്നാണെനിയ്ക്കു സംശയം. മററുള്ള ചില ഗംഭീരന്മാരുടെ കഥ ആലോചിയ്ക്കുമ്പോൾ, കേവലം കുടന്നും പൊട്ടനും ആയ ഒരു പുഴ നിരുപദ്രവമായ വിധത്തിൽ

ഇങ്ങിനെ തൊറിഡറിപ്പിക്കുന്നുണ്ടെങ്കിൽതന്നെ അത് ഒരുസമയം ക്ഷന്തവ്യമായിരിക്കാം.

അച്ചിന്നു വേഗത്തിൽ നടക്കാൻ സാധിക്കില്ല. നാം സാധാരണ തോട്ടങ്ങളിൽ കാണുന്ന അച്ചിന്ന്, ഏററവും വേഗത്തിൽ നടക്കുന്നതായാൽക്കൂടി, ഒരു മണിക്കൂറിൽ 12 അടി ദൂരം മാത്രമേ പോകുവാൻ സാധിക്കുന്നുള്ളു. ചുമരിന്മേലും, മരത്തിന്മേലും, കയറുമ്പോഴും, ഉഴുത കണ്ടങ്ങളിലും, കണ്ണാടി ചില്ലുകളിന്മേലും നടക്കുമ്പോഴും എല്ലായ്പോഴും ഇതിന്റെ വേഗം ഒന്നുതന്നെയാണ്. ഇത് ഒരത്ഭുതമാണ്. നമുക്കാണെങ്കിൽ സമഭൂമിയിലും നിമ്നോന്നതപ്രദേശങ്ങളിലും ഒരുപോലെ നടക്കുവാൻ സാധിക്കുന്നതല്ലല്ലോ. അച്ചിനാണെങ്കിൽ സമനിലത്തു നടക്കുന്നതും, മരത്തിന്റെ മുകളിൽ കയറുന്നതും എല്ലാം ഒരുപോലെയാണ്. നിലത്തിന്റെ സ്വഭാവം ഏതുവിധമിരുന്നാലും അതിന്ന് ഒരേവേഗത്തിൽ നടക്കുവാൻ സാധിക്കുന്നത് അതിന്റെ ദേഹത്തിൽനിന്ന് ഉത്സർജ്ജിക്കുന്ന ഒരു കൊഴുപ്പുള്ള ദ്രവത്തിന്റെ സഹായത്താലാകുന്നു. അതുപോയ വഴിക്കു നോക്കുന്നതായാൽ ഈ ദ്രവം ഉണങ്ങിക്കിടന്നു മിന്നുന്നതു കാണാം. ഇങ്ങിനെ ധാരാളം ദ്രവം സ്രവിച്ചതിന്നുശേഷമേ ഈ ജന്തു നടക്കുവാൻ ഉത്സാഹിക്കുകയുള്ളു. ഇതു കാരണമാകുന്നു, നിലം എത്രതന്നെ പരുപരുപ്പുള്ളതായാലും അതുനിമിത്തം അതിന്റെ നടത്തത്തിന്നു തടസ്ഥം നേരിടാത്തത്. നടക്കുമ്പോൾ അച്ചിന്റെ കാല് ഒട്ടുംതന്നെ പൊങ്ങുകയോ മടങ്ങുകയോ ചെയ്യുന്നില്ല. കാല് ദ്രവത്തോടുകൂടി നിലത്ത് ഒട്ടിപ്പിടിപ്പിക്കും. ഇങ്ങിനെ ഒട്ടിപ്പിടിപ്പിക്കുന്നതുകൊണ്ടാണ് അതിന്നു നടക്കുവാൻ സാധിക്കുന്നത്. ഇതിന്റെ നടത്തം ഒരു പ്രത്യേകരീതിയിലുള്ളതാണ്. ഒരച്ചിനെ വലിയ ഒരു കണ്ണാടി ചില്ലിന്മേൽ വെച്ച ചുവട്ടിൽനിന്നു നോക്കിയാൽ ഇതിന്റെ സൂക്ഷ്മം മനസ്സിലാവുന്നതാണ്.

ആദ്യമായി അതിന്റെ കാൽ ചില്ലിന്മേൽ അമർത്തിപ്പി

ടിയ്ക്കുന്നതുകാണാം. ഈ അവസരത്തിൽ അതിൻെറ പുറത്തു ള്ള കക്ക പിടിച്ചു മേൽപോട്ടു പൊക്കുന്നതായാൽ ചില്ലു വള രെ ഘനമുള്ളതല്ലെങ്കിൽ, കൂടെ പൊങ്ങുന്നതാണ്. മുൻപറ ഞ്ഞ ദ്രവം ഒരു നല്ല പശയുള്ളതാകുന്നു. അച്ച് നടന്നുതുടങ്ങു മ്പോൾ അതിൻെറ പുറത്തു, പിന്നിൽനിന്നു മുമ്പിലേക്ക് ഓ ളംവെട്ടുന്നതുപോലെ ഒരു ചലനം കാണാം. ഈ ചലനത്തി ൻെറ ആരംഭത്തിൽ കാലിൻെറ പിൻഭാഗം കുറുതാകുകയും ച ലനത്തിൻെറ അവസാനത്തിൽ മുൻഭാഗം കുറച്ചു വലുതാവുക യും ചെയ്യുന്നു. ഈ ഇളക്കംകൊണ്ടാകുന്നു അതിനു നടപ്പാൻ സാധിയ്ക്കുന്നത്. ഇളക്കംതുടങ്ങിയാൽ നടന്നുതുടങ്ങും. ഇളക്കം നിന്നാൽ നടത്തവും നില്ക്കും. ഇളക്കത്തിൻെറ ഗതി എല്ലാ യ്പോഴും പിന്നിൽനിന്നു മുമ്പാക്കമാണ്. അതാണ് അച്ചിന്ന് പിന്നാക്കം നടക്കാൻ സാധിക്കാത്തത്.

ഒരു കല്ലു വെള്ളത്തിൽ ഇട്ടാൽ, ഉടനെതന്നെ നാലുപാ ടും ചെറിയ തിരകളായി വെള്ളം ഇളകുന്നതുകാണാമല്ലൊ. ഈ തിരകൾ വല്ല കരയിലോ മറേറാ ചെന്നു മുട്ടുന്നതുവരെ മു ന്നോട്ടുതന്നെ അടിക്കുന്നു. ഒരിക്കലും പിന്നോട്ട് അടിക്കുന്നില്ല. ഇതുപോലെ തന്നെയാണ് അച്ചിൻെറ ദേഹത്തിൽ കാണുന്ന ഇളക്കവും. ഒരു ഇളക്കം ആദ്യമായി ദേഹത്തിൻെറ പിൻഭാഗ ത്തു കാണുന്നു ക്രമത്തിൽ അതു തിരകളെപ്പോലെ ദേഹത്തി ൽകൂടി മുന്നോട്ട് അടിയ്ക്കുന്നു. ദേഹത്തിൻെറ മുൻഭാഗത്ത് അ റെറത്തുചെന്നതിന്നു ശേഷം അവസാനിയ്ക്കുന്നു. ഒരിയ്ക്കലും പി ന്നോട്ട് ഇളകുന്നതുമില്ല. ഇളക്കം ഒരിക്കൽ പിന്നിൽനിന്നു തുട ങ്ങിയാൽ മുമ്പിൽ എത്തിയേ അവസാനിയ്ക്കുന്നുള്ളു. തുടങ്ങിയ തിനുശേഷം, മുമ്പിലെത്തുന്നതിന്നുമുമ്പ്, അച്ചിന് അതിനെ ഇല്ലാതാക്കുവാനും നടത്തം നിറുത്തുവാനും സാധിക്കുന്നില്ല.

അച്ചിൻെറ കാല് ഒരു വലിയ മാംസഖണ്ഡമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇതുകൊണ്ടു പ്രത്യേകമായി നടക്കുന്നതിൽ വലിയ സഹായമെന്താണുള്ളതെന്നു സ്പഷ്ടമാകുന്നില്ല. ഈ

കാല് നിലത്തോ മറോ അമത്തി പിടിക്കുന്നതുകൊണ്ടായിരിയ്ക്കാം. മേൽപ്രകാരം ചലനം ഉണ്ടാവുന്നതും മുന്നോട്ടു നീങ്ങുന്നതും എന്നുമാത്രം പറയാനേ നിവൃത്തിയുള്ളൂ.

കൂത്ത കൂർപ്പിച്ചില്ലുകളിന്മേൽക്കൂടി പോകുന്നതിന്നും അതിന്നു യാതൊരു പ്രയാസവുമില്ല. ചില്ലുകളുടെ തല അതിൻെറ ദേഹത്തിൽ തുളഞ്ഞുകേറുന്നുണ്ടെന്നു കാണുന്നവൎക്കു തോന്നും. പക്ഷെ യാതൊരു കേടും വാസ്തവത്തിൽ തട്ടുന്നില്ല. അച്ചിനെ ഒരു വലിയ കത്തിയുടെ അലകിന്മേൽ വച്ച് കത്തിയുടെ വായ മേൽപ്പോട്ടാക്കിപ്പിടിച്ചു നോക്കേണ്ടതാണ്. പതുക്കെ നടന്ന് അതു വായയുടെ അററംവരെ ചെല്ലുന്നു. പിന്നെ എന്തോ അപകടമുണ്ടെന്ന് അത് എങ്ങിനെയോ അറിഞ്ഞ്, പൊടുന്നനവെ തല ഉയത്തി നീക്കി പിടിക്കും. പക്ഷെ കാലിന്മേൽ ഉള്ള ചലനത്തിന്നും മററും ഇതുകൊണ്ടു യാതൊരു കുറവും ഇല്ല. അത് അങ്ങിനെ നടന്നുകൊണ്ടിരിയ്ക്കും. കാലിൻെറ അററം കത്തിയുടെ വായക്കടുത്താൽ കാലൊഴിച്ചു ബാക്കിയുള്ള ദേഹം മുഴുവനും ഒന്നിച്ച് കത്തിയുടെ മറുഭാഗത്തേക്കു മറിച്ചു വെച്ചു യാതൊരു ക്ലേശവും കൂടാതെ നടന്നുപോകുകയും ചെയ്യും.

വലിയ ഉദ്യോഗസ്ഥന്മാരെപ്പോലെയും പ്രഭുക്കന്മാരെപ്പോലെയും ശീതോഷ്ണമനുസരിച്ച് ഇടക്കു ദിക്കുമാറിത്താമസിക്കുന്ന സമ്പ്രദായം അച്ചിന്നുമുണ്ട്. വലിയ ശൈത്യകാലം വരുമ്പോൾ അതും ഉഷ്ണപ്രദേശങ്ങളിലേക്കു പോകും. പക്ഷെ അതിന്നു ചിറകില്ലാത്തതുകൊണ്ടു തൻെറ അയൽവാസികളായ പക്ഷികളെപ്പോലെ എളുപ്പത്തിൽ വളരെ ദൂരത്തേക്കു പറന്നുപോകുവാനും മററും തരമില്ലല്ലോ. എങ്കിലും അടുത്തെങ്ങാനും സുഖപ്രദമായ വല്ല സ്ഥലവുമുണ്ടെങ്കിൽ, എന്തു കൌശലമാണെന്നറിഞ്ഞില്ല, എങ്ങിനെയെങ്കിലും അതു മനസ്സിലാക്കി അവിടെ ചെന്നുകൂടും. എന്നാൽ ഇതിൽ ഒരു വലിയ ആശ്ചൎയ്യം കാണുന്നുണ്ട്. എന്തെന്നാൽ ഒരു അച്ച് അങ്ങിനെ വല്ല സ്ഥലവും കണ്ടെത്തിക്കൂടിയെന്നാൽ അതിൻെറ സംബന്ധികളും അയൽ

ക്കാരും എല്ലാം അവിടെ മാത്രമേ ചെന്നുചേരുകയുള്ളൂ. അടുത്തുതന്നെ അതുപോലെ സുഖപ്രദമായ സ്ഥലങ്ങൾ വേറെയും ഉണ്ടെങ്കിലും ഇവരെല്ലാം ഒരു ദിക്കിൽതന്നെ വന്നുചേരുന്നത് എന്തിനാണെന്നും എങ്ങിനെയാണെന്നും ആലോചിക്കേണ്ടതാണ്. 'താനും ഭാര്യയും കുട്ടികളും' എന്നുള്ള പുതിയ പരിഷ്കാരസിദ്ധാന്തം ഇവരുടെ ഇടയിൽ അത്ര കടന്നുകൂടിയിട്ടില്ലായിരിക്കാം. അങ്ങിനെയാണെങ്കിൽ ഇത് ഒരു വലിയ ഭാഗ്യംതന്നെ എന്നു സമാശ്വസിക്കാവുന്നതാണ്.

---

## ആദികേരളം

(൨)

(കെ. പി. പത്മനാഭമേനോൻ, ബി. എ., ബി. എൽ.)

രഘുമഹാരാജാവിനു മുമ്പ് ഇക്ഷ്വാകു അംബരീഷൻ മുതൽക്കുള്ള ഉത്തര ഇന്ത്യയിലെ രാജാക്കന്മാർ കേരളത്തിൽ ഗോകർണ്ണക്ഷേത്രത്തിൽ വന്ന് മഹേശ്വരനെ തപംചെയ്തിരുന്നു എന്നും മററും സഹ്യാദ്രിഖണ്ഡത്തിൽ പറയുന്നുണ്ട്.

ബ്രഹ്മാണ്ഡപുരാണം ൪൯-ാമദ്ധ്യായത്തിൽ, കാർത്തവീര്യ മഹാരാജാവിന്റെ രാജ്യാഭിഷേകാഘോഷത്തിങ്കൽ, കേരളവാസികളായ പല രാജാക്കന്മാർ, പ്രഭുക്കന്മാർ, മുതലായവർ സന്നിഹിതരായിരുന്നു എന്നു പറയുന്നു. എന്നാൽ, മലയാളത്തിലുള്ള ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടിൽ, ൪൯ മുതൽ ൫൫ വരെ അദ്ധ്യായങ്ങളുടെ സംക്ഷേപം മാത്രം അടങ്ങീട്ടുള്ളതുകൊണ്ടായിരിക്കാം, ഈ ഭാഗം അതിൽ കാണാത്തത്.

അയോദ്ധ്യാരാജാവായ മാന്ധാതാവ് രാജ്യഭ്രഷ്ടനായി വിന്ധ്യൻപർവ്വതത്തിന്റെ ദക്ഷിണഭാഗത്തു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ദിക്കിൽനിന്ന് അദ്ദേഹത്തിനു അതിവിശേഷമായ ഒരു ശിവലിംഗം കിട്ടി എന്നും, ആ ശിവലിംഗത്തെ

കേരളത്തിൽ ഇപ്പോഴും തളിപ്പറമ്പ് എന്നു പറഞ്ഞുവരുന്ന ലക്ഷ്മീപുരം എന്ന സ്ഥലത്ത് പ്രതിഷ്ഠിച്ചു എന്നും, ഈ മഹാരാജാവ് തന്നെ വള്ളുവനാട്ട താലൂക്കിൽ തിരുമാന്ധാംകുന്ന് എന്ന സ്ഥലത്ത് ഒരു ഭഗവതിയെ പ്രതിഷ്ഠ ചെയ്തുവെന്നും ഭൂഗോളപുരാണത്തിൽ പറഞ്ഞു കാണുന്നുണ്ട്. മന്ധാതാവിൻെറ സഹോദരനായ മുചുകുന്ദചക്രവത്തിയും കേരളത്തിൽ ഒരു ശൈവപ്രതിഷ്ഠ ചെയ്തതായി പറയുന്നുണ്ട്.

കേരളഭൂമി പരശുരാമനാൽ ആദ്യമായി സമുദ്രനിഷ്കാസനം ചെയ്ത് ഉണ്ടാക്കപ്പെട്ടതാണെന്നുള്ള ഇതിഹാസത്തിന് പുരാണങ്ങളിൽ യാതൊരടിസ്ഥാനവും ഉണ്ടെന്നു തോന്നുന്നില്ല. പരശുരാമമഹർഷിക്ക് എത്രയോമുമ്പുതന്നെ കേരളഭൂമി ഉണ്ടായിരുന്നു എന്നുള്ളതിനെ ഓരോ പുരാണങ്ങളിൽനിന്ന് എടുത്തു കാണിച്ചിട്ടുള്ള ഭാഗങ്ങൾ വിശദപ്പെടുത്തുന്നുണ്ട്. ഭാർഗ്ഗവൻചെയ്തതായി പറയുന്ന അമാനുഷകൃത്യത്തെക്കുറിച്ച് ബ്രഹ്മാണ്ഡപുരാണത്തിൽ വിവരിച്ചിട്ടുള്ളതിൽനിന്നുതന്നെ കേരളവും ഗോകർണ്ണക്ഷേത്രവും അതിന്നുമുമ്പുണ്ടായിരുന്നു എന്നും അവയെ അദ്ദേഹം സമുദ്രത്തിൽ നിന്ന് ഉദ്ധരിപ്പിക്കുക മാത്രമാണ ചെയ്തത് എന്നും പ്രത്യക്ഷമാകുന്നു.

ബ്രഹ്മാണ്ഡപുരാണത്തിൽ അയോദ്ധ്യാരാജാവായ സഗരൻ എന്നാൾക്ക് അറുപതിനായിരം പുത്രന്മാർ ഉണ്ടായി എന്നും, അവർ ലോകോപദ്രവികളായിത്തീൎന്നു എന്നും, അവരുടെ ഉപദ്രവം സഹിയാഞ്ഞിട്ട് ദേവകൾ കപിലാചാൎയ്യനെക്കണ്ട് മോചനം കിട്ടുവാൻ നിവൃത്തിമാൎഗ്ഗത്തിന്നു അപേക്ഷിച്ചപ്പോൾ അദ്ദേഹത്തിൻെറ കോപാഗ്നിയിൽ അവരെ ദഹിപ്പിച്ചുകളയാമെന്നുപറഞ്ഞു എന്നും, അങ്ങിനെ ഇരിക്കുമ്പോൾ സഗരരാജാവ് അശ്വമേധത്തിന്നാരംഭിച്ച് അശ്വത്തെ നടത്തിരുവാൻ പുത്രന്മാർ അറുപതിനായിരം പേരേയും അയച്ചു എന്നും പറയുന്നു. (1) അവർ അശ്വത്തെക്കൊണ്ടുനടക്കും ക

(1) ൫൩ ാമദ്ധ്യായം.

ലത്തു 'വാസവനിയോഗത്താൽമാരുതൻതുരഗത്തെ പാരാതെ കൊണ്ടുപോയികപിലാന്തികസ്ഥലേ' അവർ അശ്വത്തെ പല ദിക്കിലും നോക്കീട്ടുംകാണായ്കയാൽ, 'ഭൂതലംകുഴിച്ചുനാമെല്ലാരുമൊരുമിച്ചുപാതാളംപുക്കുതിരഞ്ഞീടുകമടിയാതെ' എന്നു നിശ്ചയിച്ചു.

'ഭാരതഖണ്ഡത്തിലോരായിരംയോജനയും
പാരാതെകുഴിച്ചവർപാതാളലോകംപുക്കാർ,
കണ്ടിതുകപിലന്തന്നന്തികേതുരഗത്തെ
കൊണ്ടുപോന്നതുമിവനെന്നവരെല്ലാവരും,
സന്തോഷിച്ചാർത്തുവിളിച്ചടുത്തുചോരനിവൻ
ഹന്തവ്യൻനമ്മാലെന്നുപറഞ്ഞുപരസ്പരം,
ക്രൂരന്മാർചെല്ലുന്നേരംകപിലാചാര്യൻതാനും
പാരാതെസമാധിവേറിട്ടുനോക്കീടുന്നേരം,
ഹോത്രാഗ്നിജ്വാലതന്നിൽഭസ്മമായ്ചമഞ്ഞിതു
ധാത്രീശതനയന്മാരെന്തൊരത്ഭുതമോർത്താൽ.' (1)

ഈ വർത്തമാനം നാരദൻ പറഞ്ഞു സഗരരാജാവ് അറിഞ്ഞു. ഉടനെ അദ്ദേഹത്തിൻെറ പൌത്രനായ അംശുമാനെ അയച്ച് അശ്വത്തെ വരുത്തി യാഗം നിവൃത്തിച്ചു. അംശുമാൻ തൻെറ പിതാക്കന്മാരെപ്പറ്റി കപിലനോട് ഇങ്ങിനെ അപേക്ഷിച്ചു.

'ബ്രഹ്മദണ്ഡത്താൽനിഹതന്മാരാംതാതന്മാർക്കു,
കർമ്മങ്ങളില്ലായ്കയാൽ,നരകവാസമല്ലൊ
വന്നതുമവർക്കെല്ലാംസ്വർഗ്ഗലോകപ്രാപ്തിക്കു
നന്നായിട്ടനുഗ്രഹിക്കേണംനിന്തിരുവടി
എന്നതുകേട്ടനേരംകപിലനരുൾചെയ്തു:
നിന്നാലെസാദ്ധ്യമല്ലകർമ്മമെന്നറിയണം;
നിന്നുടെപൌത്രനായിട്ടുണ്ടാകുംഭഗീരഥൻ

(1) ൯ ാമദ്ധ്യായം

അന്നവനിവൎക്കെല്ലാംഗതിയുംവരുത്തീടും
ആകാശഗംഗതന്നിൽപ്ലാവനംചെയ്യിപ്പിച്ചാൽ
നാകലോകപ്രാപ്തിയുംവന്നീടുമവൎക്കെല്ലാം' ( )

'ഭഗീരഥപ്രയത്നം' കൊണ്ടു സഗരപുത്രന്മാൎക്കു സ്വൎഗ്ഗം ലഭിച്ചു എങ്കിലും, അവർ ഭൂമിയിൽ കുഴിച്ച സ്ഥലമെല്ലാം ഇതോടുകൂടി മുങ്ങിപ്പോയതിനാൽ ആ പ്രദേശത്തു വസിച്ചിരുന്ന ജനങ്ങൾ വ്യസനാക്രാന്തന്മാരായിത്തീൎന്നു.

'വാരിധികളുംഗംഗാജലത്താൽനിറഞ്ഞപ്പോൾ,
വീരന്മാർകുഴിച്ചോരുദിക്കിലുംവന്നുജലം,
ആദിക്കുസമുദ്രമായ്വന്നതുകണ്ടനേരം,
തത്രത്യന്മാരുമങ്ങോടിങ്ങോടോടിവാങ്ങീടിനാർ,
ഗോകൎണ്ണമായപുണ്യക്ഷേത്രവുംസമുദ്രത്തിൽ
വേഗേനമുഴുകിയതാശ്ശുകണ്ടോരുജനം
എത്രയുംകഷ്ടമോൎത്താലിങ്ങനെവന്നതെന്ന
ങ്ങൾ ഹാപാപമുണ്ടുതമ്മിലൊന്നിച്ചുവിചാരിച്ചാർ.'

മഹാക്ഷേത്രമായ ഗോകൎണ്ണത്തെ സമുദ്രത്തിൽനിന്നു ഉദ്ധരിപ്പിക്കുവാൻ ആരാൽ സാധിക്കുമെന്ന് ആലോചിച്ച്, ഭാൎഗ്ഗവരാമനെ ചെന്നു കാണുക എന്ന് ആ ദേശവാസികളായ മുനിജനം നിശ്ചയിച്ചു (1) എന്നിട്ട് ശുകസുമിത്രാദികളായമുനിശ്രേഷ്ഠന്മാർ ഒന്നിച്ചു മഹേന്ദ്രാചലോപരി ചെന്ന് പരശുരാമനെക്കണ്ട് അവരുടെ സങ്കടങ്ങളെ ഉണൎത്തിച്ചു.

ഗോകൎണ്ണോദ്ധാരണത്തിന്നു ശസ്ത്രപ്രയോഗം ആവശ്യം വന്നേക്കാവുന്നതുകൊണ്ട്, പരശുരാമമഹൎഷി അതിന്നു സാധിക്കുന്നതിന്നു വളരെ തടസ്ഥം പറഞ്ഞു എങ്കിലും, ധൎമ്മരക്ഷണത്തിന്നായിച്ചെയ്യുന്നകൎമ്മമെല്ലാം ധൎമ്മമായ്വരുമത്രെനിൎമ്മലന്മ

(1) ൩൭ാമദ്ധ്യായം

(1) അൎണ്ണവജലത്തെയുംനീക്കിനിൎമ്മിച്ചിരുവടി
പുണ്യക്ഷേത്രത്തെഭൂമിതന്നിലാക്കീടവേണം.
എന്നു്അവർ പരശുരാമനോടു പ്രത്യേകം അപേക്ഷിച്ചു

ക്കുന്നുനം' എന്ന തപോധനന്മാരായ ശുകസുമിത്രാദികളുടെ സമാധാനത്തെ കൈക്കൊണ്ടു രാമൻ അതിന്നായി പുറപ്പെട്ടുചെന്നു.

'അബ്ധിതൻതീരേ ചെന്നുനിന്നതുകണ്ടനേര
മത്ഭുതമേററമുണ്ടായ്വന്നിതുഭാൎഗ്ഗവനും,
അബ്ധിരാജനെക്കണ്ടുദക്ഷിണദിക്കുനോക്കീ
ട്ടത്യുഗ്രംഭീരവാചാജാമദഗ്ന്യനും ചൊന്നാൻ:
ഭോ! പ്പുരേത!ജലപ്രഭോ!ഞാൻമുനിജനത്തോടു
മിപ്രദേശംപ്രാപിച്ചുഭവന്തംകാണ്മാനല്ലൊ;
തൽസ്വരൂപത്തെധരിച്ചേതുമേവൈകീടാതെ
മത്സകാശംപ്രാപിച്ചുദേഹിദൎശനംവിഭോ!
ഈദൃശംരാമവാക്യംകേട്ടോരുവരുണനും
ഏതുമേനിജസ്ഥാനത്തിങ്കിൽനിന്നിളകീല,
ധീരതകൊണ്ടുഭൂയൊഭൂയോഭാൎഗ്ഗവൻപാരാ-
വാരനാഥനെവിളിച്ചീടിനാൻപലവട്ടം.
ഒന്നുരിയാടീലല്ലോവരുണൻവെളിച്ചത്തു-
ചെന്നതുമില്ലെന്നതുകണ്ടുഭാൎഗ്ഗവരാമൻ.
ധിക്കാരമസാരന്മാരിത്തരംകാട്ടിക്കൊണ്ടാൽ
വിക്രമമുള്ളവൎക്കുചിത്തത്തിലെന്തുതോന്നും?
നിസ്തോയമാക്കീടുവനസ്ത്രത്താലബ്ധിതന്നെ-
സത്വരമിനിയെന്നു,പാദക്ഷാളനംചെയ്തു,
ശുദ്ധനായാചമിച്ചുമേൽപ്പോട്ടുനോക്കിനിന്നു
ചിത്തത്തിൽധ്യാനംചെയ്തശസ്ത്രചാപാദികളേ.
തൽക്ഷണേമുമ്പിലാമ്മാറിറങ്ങിശരാസനം;
ദക്ഷാരിപാദങ്ങളേവന്ദിച്ചുഭാൎഗ്ഗവനും.
ഹസ്തസംസ്ഥിതമായചാപത്തെക്കുലച്ചതി
ക്രുദ്ധനായ്ഭാൎഗ്ഗവാസ്ത്രമെടുത്തുപിടിച്ചുടൻ
രക്തനേത്രങ്ങളോടുംചെറുഞാണൊലിയിട്ടാൻ,
ത്രസ്തമായ്വന്നുഭുവനത്രയമതുനേരം.

അബ്ധിദ്വീപാദ്രിവിപിനാദികളോടുംകൂടി
പൃത്ഥ്വിയുമിളകിവേപഥുപൂണ്ടതുനേരം.
കല്പാന്താനലസമമാകിയഭാൎഗ്ഗവാസ്ത്രം-
പില്പാടുമന്ത്രത്തോടുംതൊടുത്തുഭാൎഗ്ഗവനും.
അൎക്കമണ്ഡലവുംപാംസുക്കളാൽമറഞ്ഞപ്പോൾ
ഉൽക്കാപാതവുംകാണായ്ചമഞ്ഞിതശനിയും.
രക്തവൃഷ്ടിയുമുണ്ടായ്വന്നതുകണ്ടനേരം,
സിദ്ധചാരണമുനിഗന്ധൎവ്വാദികളെല്ലാം-
എന്തിതെന്നറിയാഞ്ഞുസംഭ്രാന്തന്മാരായോടി,
സന്താപത്തോടുമറഞ്ഞീടിനാരോരോദിക്കിൽ.
നക്രമത്സ്യാദിഗ്രാഹകച്ഛപതിമിംഗല
മുഖ്യമായുള്ളനാനാപുഷ്കരജന്തുക്കളും
ഒക്കവെവെന്തുമലച്ചീടുന്നുതെരുതെരേ
തൽക്കുല്യദേശേപൊങ്ങിവീചികൾമറയുന്നു;
വാരിധിജലമെല്ലാംതിളച്ചുകുറുകുന്നു;
വാരിധിവാസികളുംപേടിച്ചുമറുകുന്നു;
പുഷ്കരജന്തുക്കളെമുഷ്ണിച്ചുപിടക്കുന്നു;
പുഷ്കരചാരികളുമൊക്കെപ്പോയ്മറയുന്നു;
ധിക്കാരംകാട്ടീടാതെഭാൎഗ്ഗവരാമൻതന്നെ
സ്സത്കാരംചെയ്യേണമവരേവരുംപറയുന്നു.
ശുക്രാദിമുനികളുംരാമനെപ്പുകഴുന്നു;
ശക്രാദിദേവകളുമീശനെവണങ്ങുന്നു;
ധീരതചമകന്നോരുവരുണനതുനേരം
ഭീരുതചംപൂണ്ടുനിന്നുവന്ദിച്ചുരാമാന്തികേ.
വീണുടൻനമസ്കരിച്ചീടിനാൻതെരുതെരെ
പ്രാണരക്ഷാൎത്ഥംപിന്നെസ്തുതിച്ചുതുടങ്ങിനാൻ.
ഭൃഗുശാൎദ്ദൂല!പ്രസീദപ്രസീദാത്മാരാമ!
സകലജഗന്നാഥ!പുരുഷോത്തമ!പ്രഭോ.
ഭാൎഗ്ഗവാസ്ത്രാഗ്നിജ്വാലാദഗ്ദ്ധനാമെന്നെശ്ശീഘ്രം

ഭാൎഗ്ഗവരാമപരിപാലയ!കൃപാലയ-

* * *

അറിവില്ലാതെജനംചെയ്തീടുംപിഴയെല്ലാ
മറിവുള്ളവരോൎത്തുപൊറുത്തീടുന്നവല്ലോ.
സാധുക്കളെല്ലാംക്ഷമാസാരന്മാരെല്ലോനാഥ!
ബാധകളെല്ലാംതീൎത്തുരക്ഷിച്ചുകൊള്ളേണമേ.
നിന്തിരുവടിയുടെശാസനത്തിങ്കൽതന്നെ
സന്തതമിനിസ്ഥിതിചെയ്യുന്നേനെല്ലാനാളും.
എന്തൊന്നുവേണ്ടുന്നതെന്നരുളിച്ചെയ്യേവേണ്ടു
സന്തോഷത്തോടുംതവദാസോഹംദയാനിധേ!
പരശുരാമനേവംവരുണവാക്യംകേട്ടു
ശരവുംപുനരപഹരിച്ചുസന്തുഷ്ടനായ്-
സ്മിതപൂൎവ്വകമരുൾചെയ്തിതുവരുണനോ
ടധുനാഭവാനെക്കാണ്മതിന്നായ്വന്നേനഹം.
ഗോകൎണ്ണനിവാസികളാകിയമുനീന്ദ്രന്മാ
രേകാന്തേമഹേന്ദ്രാദ്രിതങ്കൽവന്നെന്നെക്കണ്ടാർ.
സഗരതനയന്മാർകുഴിച്ചുകളകയാൽ
മകരാലയത്തിലായ്വന്നിതുഗോകൎണ്ണവും;
തീൎത്ഥങ്ങളോടുകൂടിഗോകൎണ്ണമായപുണ്യ
ക്ഷേത്രമിങ്ങവനിയിലാക്കേണമെന്നിങ്ങിനെ—
താപസപ്രവരന്മാരൎത്ഥിക്കനിമിത്തമായ്
താപസേന്ദ്രന്മാരോടുമത്രഞാൻവന്നേനിപ്പോൾ.
ആകയാൽതവജലംനീക്കേണമവിടെനി
ന്നാകുതംമുനികൾക്കുവരുത്തികൊൾവാനായെ.
എന്നതുകേട്ടനേരം,വരുണനരചെയ്താ
നിന്നിതുതവനിയോഗത്താൽഞാൻചെയ്തീടുവൻ.
കല്പിക്കയാവൽപ്രമാണംമമാസ്ഥാനമെന്നാ
ലിപ്പൊഴേതാവൽപ്രമാണംജലംനീക്കീടുവൻ.
അന്നേരംആകാശത്തങ്ങയച്ചുശരചാപ

മന്ന്യനാദരമെട്ടത്താനൊരുമഹാസ്രവം.
അതിനെച്ചുഴററിയൊന്നൊറിഞ്ഞാനഞ്ജിതന്നിൽ
അതുവീണേടംശൂപ്പ്കാരമാംതിത്ഥമല്ലോ.
വാരിയുമതിനങ്ങേപ്പുറത്തുനീങ്ങിനിന്നു
വാരിധീതീരെശൂപ്പ്കാരമായിട്ടുംതിത്ഥം,
വാരിയുംശതദ്വയയോജനനീങ്ങീതപ്പോൾ,
പാരിടത്തിംകലായിഗോകർണ്ണംമഹാക്ഷേത്രം.
കാലത്താലതിക്രമിച്ചിടായ്ക്കാൻമര്യാദയും
പാലിച്ചങ്ങുറപ്പിച്ചുഭാഗ്ഗവരാമന്താനും,
നഗരഗ്രാമതീത്ഥക്ഷേത്രാദിവനഭൂമി
സകലംകചചിൽകചചിൽകാണായികിഞ്ചിൽകിഞ്ചിൽ
മുനികളെല്ലാമപ്പോൾപരശുരാമന്തന്നെ
മനസാസന്തോഷംപൂണ്ടാശീവ്വാദവുംചെയ്താൻ. (1)

പ്രകൃതിയുടെ ഗതിയിൽ ഓരോ പ്രദേശങ്ങളിൽ അപ്പൊളുപ്പോൾ സംഭവിക്കുന്ന ഭൂമിയുടെ ആകൃതിഭേദത്തെപ്പററി പുരാണകത്താവ് കവിതാരൂപമായി ഈ വിധം അത്ഥവാദമായി വർണ്ണിച്ചു എന്നു മാത്രമേ ഉള്ളൂ. ഇത് ഒരു യഥാത്ഥസംഭവത്തെ ഉദ്ദേശിച്ചു രേഖപ്പെടുത്തിയതാണെന്നു വിചാരിക്കുന്നതിൽ ഒട്ടും സംശയിപ്പാനില്ല. ഈ വക വിശേഷസംഭവങ്ങൾ ഓരോ പ്രദേശത്ത് ഓരോകാലത്ത് ഉണ്ടായിട്ടുള്ളതായി നമുക്ക് ലക്ഷ്യമുണ്ട്. ഇംഗ്ലണ്ടിൽ നാർഫോക്ക് (2) എന്ന പ്രദേശത്ത് സമുദ്രക്കരെ ഉണ്ടായിരുന്ന ഒരു ഗ്രാമം മുഴുവൻ ഉദ്ദേശ്യം മുന്നൂറു കൊല്ലങ്ങൾക്കുമുമ്പ് സമുദ്രമാക്രമിച്ചു മുങ്ങിപ്പോയിട്ടുണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് അതികലശലായ ഒരു കാററും കോളും കഴിഞ്ഞ ഉടൻ, ആ പ്രദേശത്തുനിന്നു ദ്വിവസത്തേക്ക് സമുദ്രം പിൻവാങ്ങിനിന്നു. പക്ഷെ മൂന്നു ദിവസം കഴിഞ്ഞപ്പോൾ പിന്നേയും അവിടം കടൽകയറി മുങ്ങിപ്പോയി. കടം

(1) ൯൯ ാമദ്ധ്യായം

(2) Norfolk.

പിൻവാങ്ങിയപ്പോൾ ആ ഗ്രാമത്തിന്റെ നഷ്ടശിഷ്ടങ്ങൾ കിടക്കുന്നതായി എല്ലാവൎക്കും കാണ്മാൻ സംഗതിവന്നു. വീടുകൾ വീണുകിടക്കുന്നതും ഒരു പള്ളി വീണുപോകാതെ നില്ക്കുന്നതും മററും കണ്ടു് ജനങ്ങൾക്കു് വളരെ അത്ഭുതംതോന്നി. ദ്രവ്യം കിടന്നുകിട്ടിയെങ്കിലൊ എന്നാഗ്രഹിച്ചു് പലരും ഈ മൂന്നു ദിവസത്തിന്നകത്തു് അവിടെ പല സ്ഥലങ്ങളിലും കുഴിച്ചും ഇടിച്ചും നോക്കി. എന്നാൽ അവരുടെ മോഹം സാധിക്കുന്നതിന്നുമുമ്പ് പെട്ടെന്നു അവിടം പിന്നേയും സമുദ്രത്തിന്നിരയായി ഭവിച്ചു. ആദ്യം കയറുന്നതിന്നു സഗരപുത്രന്മാരുടെ കുഴികുത്തലും പിന്നെ അവിടെനിന്നു് സ്വല്പകാലത്തെക്കെങ്കിലും സമുദ്രംപിൻവാങ്ങി നില്ക്കുന്നതിന്നു പരശുരാമമഹൎഷിയുടെ ശ്രമവും വേണ്ടിവന്നില്ല. പ്രകൃതിയുടെ പ്രയോഗം മാത്രമെ വേണ്ടിവന്നുള്ളു. (1)

---

## പത്രാധിപക്കുറിപ്പുകൾ.

'തലവാചകം' 'പത്രാധിപക്കുറിപ്പുകൾ' പോരെന്നു വിചാരിക്കുന്നവർ, ഇതിലും നല്ലതായി മററു വല്ലതും അറിയിച്ചുതന്നാൽ, സ്വീകരിപ്പാൻ ഇവിടെ വിരോധമില്ല. 'മംഗളോദയ'ത്തെ നന്നാക്കുവാൻ, അനുഗ്രഹ ബുദ്ധിയോടു കൂടി, അയച്ചുതരുന്ന എല്ലാ അഭിപ്രായങ്ങളേയും കൃതജ്ഞതയോടു കൂടി കൈക്കൊള്ളുവാൻ അതിന്റെ ഭാരവാഹികൾ ഒരുക്കമാകുന്നു.

* * * *

സിലീഷ്യാ എന്ന ദിക്കിൽ 7348 അടി താഴ്ചയിൽ ഒരു കിണറുണ്ടു്. സിലീഷ്യാ ആസ്ത്രിയാ രാജ്യത്താകുന്നു.

* * * *

---

(1) *La Nature* (Paris April 4th—1914) Extracted in the Modern Review Vol. XVI. p. 172.

ഹാവായി തുരുത്തുകളിലും കൊളൊറാഡൊയിലുള്ള മരുഭൂമിയിലും മന്ദമായ കാററടിക്കുമ്പോൾ പാട്ടു പാടുന്ന മണലുണ്ട്. അമേരിക്കയിൽ മാൻചസ്റ്ററിൽ പാടുന്ന കടപ്പുറവും ഉണ്ട്. അവിടെയും മുമ്പറഞ്ഞ മണൽ ഉള്ളതുകൊണ്ടാണ് ആ സ്ഥലത്തിനെ ഇങ്ങനെ പേർ വിളിപ്പാൻ കാരണമായത്. രാഗവിസ്താരവും പല്ലവിയും മററുമില്ലെന്നു പറയേണമെന്നില്ലല്ലൊ.

* * * *

പിച്ചളപ്പാത്രങ്ങൾക്കു, കാലപ്പഴക്കത്താലൊ ഉപയോഗിക്കാതെ വെച്ചിട്ടൊ, നിറപ്പകച്ച് വന്നാൽ, ചൂടുവെള്ളത്തിൽ വല്ല ചീത്ത സോപ്പും സോഡപ്പൊടിയും അല്പം കലക്കി, അതുകൊണ്ടു അവയെ തേച്ചു കഴുകിയാൽ, അവ പുതുതായി വാങ്ങിയ മാതിരി ഇരിക്കുമത്രെ.

* * * *

ഒരു തെരുവിൽ കൂടി ഒരു സാധുവായ പിള്ളക്കാലൻ കുട്ടി പോകുകയായിരുന്നു. ആ സമയം, ഒരു അരിച്ചാക്കുപോലെയുള്ള ഒരു തടിയൻ കൂട്ടരുമായി വരുന്നുണ്ടായിരുന്നു. താനൊരു വലിയ ഫലിതക്കാരനാണെന്നാകുന്നു അയാളുടെ നാട്യം. തടിയൻ കുട്ടിയോട്, 'വീപ്പയുടെ മുകളിൽ സവാരിയുണ്ടായൊ'? എന്ന്, കാലുകളെ കണ്ടു, പരിഹാസമായി ചോദിച്ചു. 'തരത്തിലൊരു വിപ്പയുണ്ടായിരുന്നതു താൻ വിഴുങ്ങിയതായി കേട്ടു. അതുകാരണം സവാരിക്കു തരമായില്ല.' എന്നു കുട്ടി മറുവടിയും പറഞ്ഞു.

* * * *

നല്ല കടലാസ്സിൽ, ഓരോ പുറത്തു മാത്രം, കറുത്ത മഷികൊണ്ട് വൃത്തിയായി എഴുതി അയയ്ക്കുന്ന ലേഖനങ്ങളേ പത്രാധിപന്മാർ, സാധാരണയായി, വായിച്ചു നോക്കു എന്നറിയാത്തവർ ഇക്കാലത്തുമുണ്ടല്ലൊ. ആശ്ചര്യം തന്നെ. ഗദ്യ

പദ്യകൃതികളെക്കൊണ്ടു ഞങ്ങളെ സഹായിക്കുവാൻ വിചാരിക്കുന്നവർ ഈ സംഗതികളെ ഓൎമ്മ വെച്ചാൽ കൊള്ളാം. ലേഖനങ്ങളെക്കുറിച്ചു മറുവടി ആവശ്യമുള്ളവർ കാർഡ് അടക്കം ചെയ്തു് അവയോടു കൂടി അയയ്ക്കുമെന്നു വിശ്വസിക്കുന്നു.

* * * *

'മംഗളോദയ'ത്തിൽ അച്ചടിക്കുവാൻ ഓരോരുത്തർ ഞങ്ങൾക്ക് അയച്ചുതരുന്ന ശ്ലോകങ്ങൾക്ക് ഒരു കയ്യും കണക്കുമില്ല. ഇവയിൽ നൂററിനു ഒന്നു വീതമെങ്കിലും പ്രസിദ്ധീകരണയോഗ്യമായിക്കിട്ടിയാൽ ഇവയെ വായിച്ചു നോക്കുന്നതിൽ ഞങ്ങൾക്കു നേരിടുന്ന ബുദ്ധിമുട്ടിനു പ്രതിഫലമായി വിചാരിക്കാമായിരുന്നു. അതിനുകൂടി വക കാണുന്നില്ല. 'അൎത്ഥവും അലങ്കാരവും' വെടിഞ്ഞ് 'താപസപ്രായന്മാരായിട്ടുള്ള' ഈ തരം കവികൾ, 'മഹാ മുനികളെന്ന പോലെ,' 'മൌനവും' കൂടി ദീക്ഷിക്കുന്നതായാൽ വളരെ നന്നായിരുന്നു.

* * * *

ഭാഷാ കവിതയുടെ വിഷയത്തിൽ ആന്തരികമായ രസത്തേയും സാരത്തേയും ആരും ഗൌനിക്കുന്നില്ല. സാഹിത്യരസികനായ പി. കെ. നാരായണപിള്ള അവർകൾ അഭിപ്രായപ്പെടുന്നതു പോലെ, "കൃത്രിമരത്നങ്ങളുടെ സമൃദ്ധിയും പരിഷ്കൃത രുചിയുടെ അഭിവൃദ്ധിയും കൊണ്ടായിരിക്കാം, ബാഹ്യാഡംബര പ്രധാനമായ ഒരു തരം കൃതികൾക്കു ആധുനിക കാലത്ത് അധികം പ്രചാരം സിദ്ധിച്ചിരിക്കുന്നത്." യുവ കവികൾ, ശ്ലോകങ്ങൾ ഉണ്ടാക്കി പഠിച്ചയിക്കുന്നതോടു കൂടി, വൃത്തം, അലങ്കാരം എന്നീ ശാസ്ത്രങ്ങളിൽ അല്പമെങ്കിലും പരിശ്രമിക്കയും, ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ, എന്നിവരുടെ കൃതികളെ നല്ലപോലെ പഠിക്കുകയും ചെയ്താൽ കൊള്ളാം. ഇങ്ങനെ ചെയ്താൽ, അവരുടെ കൃതികൾക്കു മുൻപറഞ്ഞ ദോഷം

നേരിടാതിരിക്കുകയും, അവരുടെ കവിതകളിൽ കേരളീയൎക്ക ശാശ്വതമായ അഭിരുചി ജനിക്കുകയും ചെയ്യുന്നതാകുന്നു.

* * * *

അമേരിക്കയിൽ, ബീച്ചർ എന്നു പേരുള്ള പ്രസിദ്ധനായ ഒരു പ്രാസംഗികനുണ്ടായിരുന്നു. ഒരു ദിവസം, സദസ്സിലുണ്ടായിരുന്നവരിൽ ഒരാൾക്ക്, മി. സ്റ്റർ ബീച്ചരുടെ ചില അഭിപ്രായങ്ങളെ അത്ര രുചിച്ചില്ല. ഇയാൾ വീട്ടിൽ ച്ചെന്ന്, ഒരു എഴുത്തു കടലാസ്സിൽ 'വിഡ്ഢി' എന്നു മാത്രം വലിയക്ഷരങ്ങളിലായി എഴുതി, അതൊരു ലെക്കോട്ടിലാക്കി മിസ്റ്റർ ബീച്ചൎക്ക മേൽവിലാസം വെച്ചയച്ചു. പിറേറന്നാൾ, പ്രസംഗവിഷയത്തിലേക്കു മിസ്റ്റർ ബീച്ചർ പ്രവേശിക്കുന്നതിനു മുമ്പ് തനിക്ക് ഈ വിധം ഒരു കത്തു കിട്ടീട്ടുണ്ടെന്നും "എഴുത്തെഴുതി ഒപ്പിടാൻ മറന്നിട്ടുള്ളതായി പല ദൃഷ്ടാന്തങ്ങളും ഞാൻ കേട്ടിട്ടുണ്ട്; എന്നാൽ, ഒപ്പിട്ട് എഴുത്തെഴുതുവാൻ മറന്നിട്ടുള്ളതായി ഇതു മാത്രമേ ഞാൻ കണ്ടിട്ടുള്ളു" എന്നും അദ്ദേഹം പറഞ്ഞു.

* * * *

പ്രത്യേകം ക്ഷണിക്കാതെ തന്നെ, സാഹിത്യസമാജാംഗങ്ങൾ എല്ലാവരും ലേഖനങ്ങളെക്കൊണ്ടു മംഗളോദയത്തെ സഹായിക്കേണ്ടത് അവരുടെ കൎത്തവ്യ കൎമ്മങ്ങളിലൊന്നാണെന്നു അവർ മറക്കുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * * *

# മംഗളോദയം
## ൧൦൮൭

പുസ്തകം ൧ } മകരമാസം { ലക്കം ൩

### മംഗളം

സൂചീ.സൂത്രോപമാനംജനനമരണമെന്നുള്ള
തോൽത്താലിദാനീം
നീചാകാശ്ശാൻനിരൂപിച്ചതുമതിമനമേ!
മാററിതെവേണ്ടതുള്ളൂ!
ആചാരാനാചരിപ്പൂ,നിയതമനുസരിപ്പൂ
ഗ്ഗുരൂൻ; ഉച്ചരിപ്പൂ
വാചാഗോവിന്ദനാരായണപരമശിവാ
ദീതിനാമാനിനിത്യം.

അജ്ഞാതനാമാ.

---

### ഭാസകവിയും
### അദ്ദേഹത്തിന്റെ
# കൃതികളും. *

'ഭാസനാടകചക്രേപി ഛേകൈഃക്ഷിപ്തേപരീക്ഷിതും
സ്വപ്നവാസവദത്തസ്യ ദാഹകോഭൂത് നപാവകഃ'
(രാജതരംഗിണി)

---

* ഫെർഗ്ഗുസൻ കോളേജ് മാസികയിൽനിന്നും തർജമ ചെയ്തത്.

‘വിദ്വാന്മാർ ഭാസനാടകചക്രത്തെ പരീക്ഷാൎത്ഥം അഗ്നിയിൽ ഇട്ടുവെങ്കിലും, സ്വപ്നവാസവദത്തത്തെ ദഹിപ്പിപ്പാൻ ആ അഗ്നിക്ക ശക്തിയുണ്ടായില്ല’.

കാളിദാസമഹാകവി തന്റെ കൃതിയായ മാളവികാഗ്നിമിത്രമെന്ന രൂപകത്തെ പ്രയോഗിപ്പാനായി പുറപ്പെട്ടപ്പൊൾ, തന്നിൽതന്നെ വിശ്വാസം പോരാഞ്ഞിട്ടെന്നപോലെ, ‘ഖ്യാതന്മാരായ ഭാസകവി പുത്രസൌമില്ലകാദികളുടെ കൃതികളിരിക്കെ, കേവലം ഇദാനീന്തനനായ കാളിദാസന്റെ കൃതിയിൽ സഭാവാസികൾക്ക് എങ്ങനെ ബഹുമാനമുണ്ടാവും?’ എന്നിങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിപ്പാനിടവന്നിട്ടുള്ളവൎക്ക് അറിയാവുന്നതാണല്ലൊ. ശ്രീമാൻ ബാണഭട്ടനും, അദ്ദേഹത്തിന്റെ ഹൎഷചരിതപ്രസ്താവനയിൽ, പൂൎവ്വകവികളെക്കുറിച്ചു പറയുന്നിടത്തു ഭാസനെ ഉദ്ദേശിച്ചു,

‘സൂത്രധാരകൃതാരംഭൈർ നാടകൈർബഹുഭൂമികൈഃ
സപതാകൈര്യശോ ലേഭേ ഭാസോ ദേവകുലൈരിവ’

എന്നിപ്രകാരം ഒരു പദ്യം പ്രയോഗിച്ചുകാണുന്നുണ്ട്. എന്നാൽ, ഈ ഭാസകവി ആര്? അദ്ദേഹത്തിന്റെ ജന്മഭൂമി എത്? ഏതു കുലത്തിൽ ജനിച്ചു? അദ്ദേഹത്തിന്റെ കൃതികൾ ഏവ? നാടകങ്ങളുടെ സ്വഭാവം എന്ത്? എന്നീവക ചോദ്യങ്ങൾ സംസ്കൃതഭാഷാപ്രണയികളുടെ ഹൃദയത്തെ വ്യാകുലപ്പെടുത്തുന്നുണ്ടെന്നറിഞ്ഞ്, അവൎക്ക് ഏതാണ്ടൊരുവിധം സമാധാനം പറയാമെന്നു കരുതി ഞാൻ ഇതാ പേനയെടുത്തിരിക്കുന്നു.

അതിനാൽ ഒന്നാമതായി, ഭാസനെക്കുറിച്ചു രാജശേഖരന്റെ കവിവിമൎശത്തിൽ പ്രസ്താവിച്ചിട്ടുള്ള ചില വിവരങ്ങളെ വായനക്കാരുടെ അറിവിന്നായി ഇവിടെ എടുത്തെഴുതാം. ഈ ഉപന്യാസത്തെപ്പററിയുള്ള പൂൎണ്ണമായ അറിവിന്ന് ആ വിവരണം വായനക്കാരെ വളരെ സഹായിക്കയും ചെയ്യും. രാജശേഖരൻ ഇങ്ങനെ പറയുന്നു:

'കാരണം തു കവിത്വസ്യ ന സമ്പന്നകുലീനതാ
ധാവകോപി ഹി യദ്ഭാസഃ കവീനാമഗ്രിമോഭവത്. ൨

'കവിത്വത്തിന്റെ കാരണം കുലീനതയൊ സമ്പത്തൊ അല്ല. അലക്കുകാരുടെ വംശത്തിൽ ജനിച്ച ഭാസനുംകൂടി കവികളിൽ അഗ്രഗണ്യനായി ഭവിച്ചു.'

'... ഭാസേന രചിതാ നാടികാപ്രിയദർശികാ
... സ്യ രസജ്ഞസ്യ കസ്യ നപ്രിയദർശനാ.' ൩

'... ആദ്യം രചിക്കപ്പെട്ട പ്രിയദർശികയെന്ന ന... നായിരിക്കുന്ന ഏതൊരു രസജ്ഞന്റെ ഹൃദയ... ... തോഷിപ്പിക്കാത്തത്?'

'... ...ാവലീ നൂനം രത്നമാലേവ രാജതേ
... ചകകാമിന്യാ വക്ഷസ്യത്യന്തശോഭനാ.' ൪

'അദ്ദേഹത്തിന്റെ രത്നാവലി എന്ന ഗ്രന്ഥം 'ദശരൂപക'കാമിനിയുടെ മാറിടത്തിൽ ഒരു രത്നമാലപോലെ ശോഭിക്കുന്നു.'

'നാഗാനന്ദം സമാലോക്യ യസ്യ ശ്രീഹർഷവർദ്ധനഃ
അമന്ദാനന്ദഭരിതഃ സ്വസഭ്യമകരോത് കവിം.' ൫

'യാതൊരുവന്റെ നാഗാനന്ദത്തെ കണ്ടിട്ടു സന്തോഷഭരിതനായ ശ്രീഹർഷൻ അദ്ദേഹത്തെ തന്റെ സഭയിൽ ഒരു അംഗമായി സ്വീകരിച്ചു.'

'ഉദാത്തരാഘവം നൂനം ഉദാത്തരസഗുംഭിതം
യദ്വീക്ഷ്യ ഭവഭൂത്യാദ്യാഃ പ്രണിന്യുർന്നാടകാനിവൈ.' ൬

'അദ്ദേഹത്തിന്റെ അതിരസാവഹമായ ഉദാത്തരാഘവത്തെ കണ്ടിട്ട് ഭവഭൂത്യാദി കവികൾ നാടകങ്ങളെ നിർമ്മിച്ചു.'

'ശോകപര്യവസാനാസ്യ നവാങ്കാ കിരണാവലീ
മാകന്ദസേവ്യ കസ്യാത്ര പ്രദദാതി ന നിർവൃതിം.' ൭

'ശോകത്തിൽ പര്യവസാനിക്കുന്നതും ഒമ്പതങ്കങ്ങളുള്ള

ത്തും ആയ അദ്ദേഹത്തിന്റെ കിരണാവലി എന്ന നാടകം ഏ തൊരുവന്നു സുഖത്തെ നൽകുന്നില്ല?'

'ഭാസനാടകചക്രേപി ഛേകൈഃക്ഷിപ്തേപരീക്ഷിതും
സ്വപ്നവാസവദത്തസ്യ ദാഹകോഭൂത് ന പാവകഃ' ൧

'വിദ്വാന്മാർ ഭാസനാടകചക്രത്തെ പരീക്ഷാർത്ഥം അഗ്നിയിൽ ഇട്ടുവെങ്കിലും, സ്വപ്നവാസവദത്തത്തെ ദഹിപ്പിപ്പാൻ ആ അഗ്നിക്കു ശക്തിയുണ്ടായില്ല.'

ഭാരതീയജനങ്ങളുടെ നിർഭാഗ്യത്താൽ ഭാസനെക്കുറിച്ച് ഇത്ര മാത്രമേ അറിവാൻ ഇടവന്നിട്ടുള്ളു. ഈ വിവരണങ്ങളാൽ, ഭാസകവി ജാതിയിൽ വെളുത്തേടനായിരുന്നുവെന്നും, അദ്ദേഹം പ്രിയദർശിക മുതലായി അനേകരൂപകങ്ങളെ നിർമ്മിച്ചിട്ടുണ്ടെന്നും, അവയെ അനുകരിച്ചു ഭവഭൂതി തുടങ്ങീട്ടുള്ള അന്യകവികൾ പലേ നാടകങ്ങളും എഴുതീട്ടുണ്ടെന്നും, സ്വപ്നവാസവദത്തമെന്ന നാടകത്തെ മത്സരബുദ്ധികൾ ജ്വലിക്കുന്ന തീയ്യിൽ ഇട്ടുവെങ്കിലും ദഹിച്ചില്ലെന്നും മററും നമ്മൾക്ക് അറിവാൻ ഇടവരുന്നു. ഉദാത്തരാഘവം എന്ന അദ്ദേഹത്തിന്റെ നാടകത്തിൽനിന്ന് അദ്ദേഹം ഇരുപത്തിമൂന്നു നാടകങ്ങൾ എഴുതിട്ടുണ്ടെന്നു പറഞ്ഞതായി നാം അറിയുന്നു.

ഭാസകവി ക്രിസ്ത്വബ്ദം ഒന്നാം നൂററാണ്ടിലൊ രണ്ടാംനൂററാണ്ടിലൊ ഭാരതവർഷത്തിൽ ജനിച്ചുവെന്ന് അറിയുന്നു. എന്നാൽ, അതിന്ന് അടിസ്ഥാനങ്ങളായ പ്രമാണങ്ങൾ എടുത്തു വിവരിപ്പാൻ സാധിക്കാത്തതിനാൽ വളരെ വിഷാദമുണ്ട്. ഇതേവരെ ഇദ്ദേഹത്തിന്റെ നാടകഗ്രന്ഥങ്ങൾ ചിതലിന്നും മററും ആഹാരമായി എവിടെയോ ഒരു കോണിൽ ഒളിച്ചു കിടന്നിരുന്നു. ഭാരതീയജനങ്ങളുടെ ഭാഗ്യസഞ്ചയത്താലും, ഗീർവ്വാണഭാഷാപ്രണയികളുടെ പുണ്യാതിരേകത്താലും, ഐതിഹ്യവാദികളുടെ സുകൃതത്താലും, കാളിദാസനേക്കാൾ പ്രാചീനനായ മഹാകവി ഭാസന്റെ പന്ത്രണ്ടിലധികം നാടകങ്ങൾ ഇപ്പൊൾ കണ്ടുകിട്ടീട്ടുണ്ട്. നാട്യശാസ്ത്രങ്ങളിൽ പറയ

പ്പെട്ടിട്ടുള്ള സിദ്ധാന്തങ്ങളുടെയും കല്പിതകഥകളുടെയും അഭാവവും സംസ്കൃതഭാഷയുടെ സഹജമനോഹരവും സരസവും ആയ ശുദ്ധിയും പ്രാചീനകൃതികളിൽ വിളങ്ങുന്നുണ്ടെന്നു പ്രസ്തുത നാടകങ്ങളെ നോക്കുമ്പോൾതന്നെ അറിയാവുന്നതാകുന്നു. സ്വപ്നവാസവദത്തം, പ്രതിജ്ഞായൌഗന്ധരായണം, പഞ്ചരാത്രം. ദരിദ്രചാരുദത്തം, ദൂതഘടോൽക്കചം, അവിമാരകം, ബാലചരിതം, മദ്ധ്യമവ്യായോഗം, കർണ്ണഭാരം, ഊരുഭംഗം, അഭിഷേകനാടകം, പ്രതിമാനാടകം എന്നീ പന്ത്രണ്ടു കൃതികളെ കണ്ടുകിട്ടുകയും അവയിൽ പലതിനെയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കിട്ടീട്ടുള്ള പന്ത്രണ്ടുനാടകങ്ങളിൽ സ്വപ്നവാസവദത്തം, ദരിദ്രചാരുദത്തം, പ്രതിജ്ഞായൌഗന്ധരായണം, അവിമാരകം, എന്നിവനാലും ലോകപ്രസിദ്ധങ്ങളായ കഥകളെ അവലംബിച്ചും, പഞ്ചരാത്രം, ദൂതഘടോൽക്കചം, മദ്ധ്യമവ്യായോഗം, കർണ്ണഭാരം, ഊരുഭംഗം, ഇവ മഹാഭാരതത്തിൽ അടങ്ങിയ കഥകളെ അടിസ്ഥാനപ്പെടുത്തിയും, അഭിഷേകനാടകം, പ്രതിമാനാടകം ഇവ രണ്ടും രാമായണകഥയെ ആശ്രയിച്ചും എഴുതപ്പെട്ടിട്ടുള്ളവയാകുന്നു. ബാലചരിതം ഹരിവംശത്തെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ളതാണെന്ന ഊഹിക്കപ്പെടുന്നു. ലോകപ്രസിദ്ധങ്ങളായ കഥകളെ അടിസ്ഥാനപ്പെടുത്തി എഴുതിയതായി പറഞ്ഞിട്ടുള്ള നാടകങ്ങളിൽ സ്വപ്നവാസവദത്തം, പ്രതിജ്ഞായൌഗന്ധരായണം എന്നീ രണ്ടും വത്സരാജാവായ ഉദയനനെ ഉദ്ദേശിച്ചാകുന്നു. അവന്തിരാജ്യങ്ങളിൽ ഉദയനൻെറ കഥ വളരെ കാലത്തോളം പ്രസിദ്ധിയുള്ളതായിരുന്നുവല്ലൊ. കാളിദാസനാകട്ടെ, തൻെറ മേഘദൂതത്തിൽ 'പ്രാപ്യാവന്തീൻ ഉദയനകഥാകോവിദഗ്രാമവൃദ്ധാൻ' എന്നും മററും പ്രയോഗിച്ചിട്ടുള്ളതു സുപ്രസിദ്ധമാണല്ലൊ. ഇംഗ്ലീഷ് ഭാഷയിൽ, ആർതർ എന്ന രാജാവിനെക്കുറിച്ചുള്ള അത്ഭുതകഥകളെ അടിസ്ഥാനപ്പെടുത്തി തൽഭാഷാകവികൾ അനവധി ഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുള്ളതുപോലെ ഗീർവ്വാണഭാഷയിൽ

ഉദയനൻ എന്ന വത്സരാജാവിനേയും വാസവദത്തയേയും ഉദ്ദേശിച്ച് അസംഖ്യം കഥകളും നാടകങ്ങളും മഹാകവികൾ രചിച്ചിട്ടുണ്ട്. ഭാസകൃതിയായ പ്രതിജ്ഞായൌഗന്ധരായണമെന്ന നാടകത്തിലെ കഥ ഇപ്രകാരമാകുന്നു:

കൌശാംബി എന്ന രാജ്യത്ത് ഉദയനൻ എന്ന വത്സരാജൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്നു സംഗീതത്തിൽ അതിനൈപുണ്യം ഉണ്ടായിരുന്നു. ഒരിക്കൽ, അദ്ദേഹം നായാട്ടിന്നായി വനത്തിൽ പോയപ്പൊൾ, മഹാസേനൻ എന്നുകൂടി പേരുള്ള പ്രദ്യോതനാൽ തന്റെ [illegible] വരലാഭത്തി[illegible]യി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു കൃ[illegible]ത്ത കാണുകയുണ്ടായി. യഥാൎത്ഥമാണെന്നുള്ള ബുദ്ധിയോ[illegible] അതിനെ വശത്താക്കാൻവേണ്ടി ഉദയനൻ വീണവായിപ്പാനാരംഭിച്ചു. അപ്പൊൾ സമീപസ്ഥന്മാരായ പ്രദ്യോതപുരുഷന്മാർ ഇദ്ദേഹത്തെ അടുത്തു വളഞ്ഞു. ഏകാകിയാണെങ്കിലും, കുറെനേരം അവരുടെ നേരെ പരാക്രമത്തോടുകൂടെ യുദ്ധംചെയ്തു. യുദ്ധത്താൽ ക്ഷീണനും മൂൎഛിതനും ആയ അദ്ദേഹത്തെ അവർ പ്രദ്യോതനഗരത്തിലേക്ക് എടുത്തുകൊണ്ടുപോകയും രാജാവിന്നു കാഴ്ചയായിവെക്കയുംചെയ്തു. പ്രദ്യോതനാവട്ടെ, ഘോഷവതി എന്നു പേരായ ഉദയനന്റെ വീണയെ തന്റെ കന്യകയായ വാസവദത്തയ്ക്കു സമ്മാനിച്ചു. യദൃച്ഛയായി തമ്മിൽ കാണ്മാനിടവന്ന വാസവദത്തയും വത്സരാജനും പരസ്പരാനുരാഗം ഉദിക്കയും, രഹസ്യമായി ദാമ്പത്യസുഖം അനുഭവിച്ച് അവിടെ വസിക്കയും ചെയ്തു. പിന്നെ വത്സരാജമന്ത്രിയായ യൌഗന്ധരായണൻ എന്നാൾ തന്റെ സ്വാമി, പ്രദ്യോതന്റെ തടവുകാരനാണെന്നും, വാസവദത്തയിൽ അനുരക്തനാണെന്നും ദൂതമുഖേന അറിഞ്ഞിട്ട് ഇപ്രകാരം പ്രതിജ്ഞചെയ്തു.

'യദിശത്രുബലഗ്രസ്തം(ചന്ദ്രം രാഹുമുഖാദിവ)
മോചയാമിനരാജാനംനാസ്മിയൌഗന്ധരായണഃ' വ

'ശത്രുബലഗ്രസ്തനായ രാജാവിനെ, രാഹുമുഖത്തിൽനിന്നു

ചന്ദ്രനെ എന്നപോലെ, ഞാൻ മോചിപ്പിക്കുന്നില്ലെങ്കിൽ, എൻെറ പേർ യൌഗന്ധരായണൻ എന്നല്ല.'

'സുഭദ്രാമിവഗാണ്ഡീവീ നാഗഃ പത്മലതാമിവ
യദിതാം നഹരേദ്രാജാ നാസ്മിയൌഗന്ധരായണഃ' ൯

'സുഭദ്രയെ അജ്ജുനൻ എന്ന പോലെയും, പത്മലതയെ നാഗൻ എന്ന പോലെയും, വാസവദത്തയെ എൻെറ സ്വാമി കൊണ്ടുപോരുന്നില്ലെങ്കിൽ, എൻെറ പേർ യൌഗന്ധരായണൻ എന്നല്ല.'

'യദിഘോഷവതീം വീണാം താം ചൈവായതലോചനാം
നാഹരാമിനൃപംചൈവ നാസ്മിയൌഗന്ധരായണഃ' ൧൦

'ഘോഷവതി എന്നു പേരായ വീണയെയും സുലോചനയായ വാസവദത്തയെയും എൻെറ രാജാവിനെയും ഞാൻ മോചിപ്പിച്ചുകൊണ്ടുവരുന്നില്ലെങ്കിൽ, എൻെറ പേർ യൌഗന്ധരായണൻ എന്നല്ല.'

ഇപ്രകാരം പ്രതിജ്ഞയെ ചെയ്തിട്ട് അദ്ദേഹം ഒരു ഭ്രാന്തൻെറ വേഷത്തിൽ സമത്ഥന്മാരായ ചില ചാരന്മാരോടുകൂടി പുറപ്പെട്ടു പ്രദ്യോതനഗരത്തിൽ എത്തുകയും, രാജാവിൻെറ അന്തഃപുരത്തിൽ എന്നുവേണ്ട നഗരം മുഴുവനും ചാറിത്തിരിഞ്ഞ് നടക്കയും ചെയ്തു. ഒരിക്കൽ ഒരു ആനപ്പുറത്തു കയറി വത്സരാജനും വാസവദത്തയുംകൂടി ഉജ്ജയിനിയിലേക്കു പുറപ്പെട്ടുപോകുന്നതു കണ്ട് ഭ്രാന്തനായ യൌ[illegible]ധരായണൻ തൻെറ ചാരന്മാരോടു യുദ്ധത്തിന്നു ഒരുമ്പെ[illegible] കല്പിക്കയും, രാജാവിനെ തടുക്കുകയും, കൌശാംബിയിലേക്കു കൂട്ടിക്കൊണ്ടുപോകയും ചെയ്തു. ഈ രൂപകത്തെത്തന്നെ ഉദ്ദേശിച്ച് കവികുലസാവ്വഭൌമനായ കാളിദാസൻ തൻെറ മേഘസന്ദേശത്തിൽ

'പ്രദ്യോതസ്യപ്രിയദുഹിതരം വത്സരാജോത്രജഹ്രേ' എന്നും മറ്റും ഉജ്ജയിനീസമീപത്തെക്കുറിച്ചു ഘോഷിച്ചുകാണുന്നുണ്ട്. യൌഗന്ധരായണൻെറ നീതിപ്രയോഗത്തെക്കുറിച്ചു അടിനാന്ദി

ച്ചും, അനുരൂപനായ ഒരു ഭർത്താവിനെ തൻെറ പുത്രിക്ക് ലഭിച്ചതുകൊണ്ടു സന്തോഷിച്ചും, പ്രദ്യോതരാജാവ് യൌഗന്ധരായണനെ ബഹുമാനിച്ച് കൌശാംബിയിലേക്ക് പറഞ്ഞയയ്ക്കയും ചെയ്തു. പ്രതിജ്ഞായൌഗന്ധരായണത്തിൽ ഉദയനചരിതത്തിൻെറ പ്രഥമഭാഗത്തെ ഇപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരഭാഗം, തിയ്യിലിട്ടിട്ടുകൂടി ദഹിക്കാത്തതായ വാസവദത്തമെന്ന നാടകത്തിലും അടങ്ങിയിരിക്കുന്നു.

(തുടരും)

കെ. പി. കണ്ണൻനായർ

---

# ഇൻഡ്യയിലെ വ്യവസായങ്ങൾ

## സഹകരണം

---

ഇൻഡ്യയിലെ കച്ചവടം ഒരു ഗണ്യമായ നിലയിൽ വർദ്ധിക്കേണമെങ്കിൽ, കൂട്ടുസഹായക്കമ്പനികളെയാണ് ആദ്യമായി ഏൎപ്പെടുത്തേണ്ടതും വളൎത്തിക്കൊണ്ടുവരേണ്ടതും. അവനവൻെറ സ്വകാൎയ്യം മുതൽ മാത്രം മുടക്കി വ്യാപാരം ചെയ്യുന്ന ഇൻഡ്യയിലെ സ്വതന്ത്രവ്യാപാരികൾക്ക് വലുതായ ഏൎപ്പാടുകൾ നടത്തുവാനുള്ള ധനശേഖരം പോരാ. അതിനാൽ വലിയ ഏൎപ്പാടുകൾ നടത്തേണമെങ്കിൽ, കൂട്ടുകച്ചവടക്കമ്പനികളിൽ തങ്ങളുടെ പണം മുടക്കേണമെന്നാണ് ഇൻഡ്യാക്കാർ ധരിക്കേണ്ടത്. ഇൻഡ്യയിൽ നാനായിടങ്ങളിലും പലതരം വ്യവസായമാൎഗ്ഗങ്ങളുണ്ട്. എന്നാൽ, അവയിൽ പ്രവേശിച്ച്, അവയെ നടത്തിക്കൊണ്ടുപോകാനുള്ള ധനശക്തിയൊ ധീരതയൊ ഓരോരുത്തൎക്ക് തനിച്ചില്ലാത്തതിനാൽ, ആ വക വ്യവസായങ്ങളും അവയിൽനിന്നുണ്ടാക്കാവുന്ന ആദായവും ഇപ്പോൾ ഇൻഡ്യക്ക് നഷ്ടമായിരിക്കുന്നു. ഈ വക കാൎയ്യങ്ങളിൽ ആവശ്യമുള്ള മൂലധനം തങ്ങൾ തന്നെ വരിയിട്ട് പിരി

ച്ചെ[illegible], ഒരു നിർവ്വാഹകസംഘത്തെയും മാനേജരെയും ഏ[illegible] വ്യവസായങ്ങൾ ലാഭമുണ്ടാവുന്ന വിധത്തിൽ നട ത്തു[illegible]ത്തക്ക ഒത്താശകൾ ചെയ്യുകയുമാണ് നാട്ടു ക[illegible] ചെയ്യു[illegible]ത്. ഇതുതന്നെയാണ് കൂട്ടുകച്ചവടക്കമ്പനി എന്ന ഏർപ്പാട്. പക്ഷെ, ഇൻഡ്യയിലെ പട്ടണനിവാസികളി ലും നാട്ടുപുറത്തുള്ളവരിലും പഠിപ്പുള്ളവർക്കുകൂടി കൂട്ടുകച്ചവടക്ക മ്പനിയിൽ ധനം മുടക്കുവാൻ ഒരു വൈമനസ്യം കാണുന്നുണ്ട്. കച്ചവടങ്ങളിലും വ്യവസായങ്ങളിലും താല്പര്യം വർദ്ധിച്ചിട്ടുള്ള കല്ക്കത്ത, ബോംബെ, ഈ പട്ടണങ്ങളിലൊഴികെ, ഇൻഡ്യയി ലെ മററു ഭാഗങ്ങളിൽ ഇൻഡ്യാക്കാരുടെ വകയായുള്ള കൂട്ടുക ച്ചവടക്കമ്പനികൾ വളരെ ദുർല്ലഭമാണ്! കൂട്ടുകച്ചവടക്കമ്പ നികളിൽ പണം മുടക്കുവാനുള്ള മടി ഇല്ലാതാവുന്നതുവരെ, ഇ ൻഡ്യയിലെ കച്ചവടവ്യവസായങ്ങൾ മുമ്പറഞ്ഞ സ്വതന്ത്ര വ്യാപാരികളുടെ കൈവശത്തിൽ തന്നെ ഇരിക്കയും രാജ്യ ത്തേക്ക് പൊതുവായി ധനപുഷ്ടിയുണ്ടാകാവുന്ന വലിയ വലി യ ഏർപ്പാടുകൾ ആളില്ലാതെ അവിടവിടെ കിടക്കുകയും ചെ യ്യും. നാട്ടുകാരുടെ ഈ വിമുഖതയ്ക്കുള്ള കാരണം മനസ്സിലാക്കു വാൻ വളരെ പ്രയാസമില്ല.

കണ്ണുകൊണ്ടു കാണാവുന്നതും കൈകൊണ്ടു തൊടാവുന്ന തുമായ ധനം സമ്പാദിക്കുവാനാണ് ഇൻഡ്യയിൽ പൊതുവാ യും ജനങ്ങൾക്ക് ഒരു മോഹമുള്ളത്. സ്വത്തെല്ലാം ദ്രവ്യമായാ യും ആഭരണങ്ങളായും കെട്ടിടങ്ങളായും ഭൂമിയായും സമ്പാദി ച്ചുവെങ്കിൽ, അവയെ ഏതു സമയത്തെങ്കിലും പരിശോധിച്ച് സൂക്ഷ്മപ്പെടുത്തുവാൻ കഴിയുമല്ലൊ. ഇതാണ് ഒരു കാരണം. തീവെട്ടിക്കൊള്ളകളും കൂട്ടായ്മക്കവർച്ചകളും ഒരുവക, ഏടപ്രഭുക്ക ന്മാരുടെ ദ്രോഹങ്ങൾ മറെറാരുവക, അന്യ രാജാക്കന്മാരുടെ ആക്രമണം വേറെയൊരുവക__ ഇങ്ങനെ പലവിധത്തിലും നാട്ടിലെങ്ങും സമാധാനമൊ സ്വൈരമൊ ഇല്ലാതെയിരുന്നിരു ന്ന പണ്ടത്തെക്കാലത്തിന്റെ ഒരു അവശേഷമാണ് ദൃഷ്ടി ഗോചരമായ സ്വത്തുസമ്പാദിക്കുവാനുള്ള ഈ മോഹം. അ ക്കാലങ്ങളിൽവ്യവസായസഹകരണം എന്നതു തീരെയില്ല.

സ്വൈരമില്ലാത്ത അക്കാലങ്ങളിൽ, നാട്ടുകാർ സ്വത്തെല്ലാം കള്ളന്മാർക്ക് കൊണ്ടുപോകാൻ കഴിയാത്തതായ വീടുകളായും പറമ്പുകളായും സമ്പാദിച്ചിരുന്നതിൽ എന്താണ് അതിശയം? പണമുണ്ടായിരുന്നാൽ അത് ഭൂമിയിലൊ ചുമരിലൊ നിക്ഷേപിക്കുന്നതിലും ആഭരണങ്ങളെല്ലാം തങ്ങളുടെ ഭാൎയ്യമാരുടെ കാലിലും കഴുത്തിലും ഇടുവിച്ചിരുന്നതിലും എന്താണ് അത്ഭുതം? ഈ വിധം കഷ്ടങ്ങളനുഭവിച്ച് കാലോചിതം പ്രവൎത്തിച്ചിട്ടുള്ളവരുടെ സന്താനങ്ങളായ ഇപ്പൊളുള്ളവൎക്ക് ധനമെല്ലാം പറമ്പായും വീടായും സമ്പാദിക്കാൻ ഒരാഗ്രഹമുണ്ടെങ്കിൽ, അതിലെന്താണ് അത്ഭുതം? പണ്ടുള്ള കാലങ്ങളിലാകട്ടെ, ഗതാഗതമാൎഗ്ഗങ്ങൾ വളരെ ചുരുക്കം. ഉള്ളവതന്നെ തീൎത്ഥയാത്രക്കാരും കച്ചവടക്കാരും മാത്രമെ ഉപയോഗിച്ചിരുന്നുള്ളു. ജനങ്ങൾക്ക് പരസ്പരം പരിചയപ്പെടുവാനൊ എടവാടുകൾ ചെയ്യാനൊ സൌകൎയ്യമുണ്ടായിരുന്നില്ല. അവനവൻ അവനവന്റെ നിലം കൃഷി ചെയ്ത് വീട്ടിൽ 'ചുരുണ്ടുകിടന്നിരുന്നത' ല്ലാതെ, ലോകത്തിൽ വേറെയിടങ്ങളിൽ എങ്ങനെ നടക്കുന്നു എന്ന് അക്കാലത്ത് ആരും അന്വേഷിച്ചിരുന്നില്ല. എന്നാലിപ്പൊൾ ആ കാലമെല്ലാം മാറി എന്നാണ് ഇൻഡ്യാക്കാർ ധരിക്കേണ്ടത്. ഭൂസ്വത്ത് ഇന്നും വിശേഷപ്പെട്ട ഒരു സ്വത്താണെങ്കിലും, അക്കാലങ്ങളിലെപ്പോലെ മുഖ്യമായതൊ ഒഴിച്ചുകൂടാത്തതൊ ആയ ഒന്നല്ല. എന്തെന്നാൽ, ദീപെട്ടിക്കൊള്ളയും കൂട്ടായ്മക്കവച്ചയും ഇപ്പൊളില്ല. നികുതിക്കല്ലാതെ വേറെയൊരുവിധത്തിലും ഇപ്പൊഴത്തെ നാടുവാഴികൾ യാതൊന്നും ആവശ്യപ്പെടുന്നതൊ നിൎബ്ബന്ധിക്കുന്നതൊ ഇല്ല. പിന്നെ, ഭൂമിതന്നെ, പല കാരണങ്ങളാലും, ഇപ്പൊൾ പണ്ടത്തെപ്പോലെ അത്ര ഫലവത്തായതൊ ആഗ്രഹിക്കത്തക്കതൊ ആയ ഒരു സ്വത്തല്ല. സ്വത്തെല്ലാം വൎദ്ധിക്കാത്തതായ രൂപയായും ആഭരണങ്ങളായും സമ്പാദിക്കുന്നതിന്റെ അനാശാസ്യതയെ കുറിച്ച പഠിപ്പു ചെന്നിട്ടുള്ള ഇൻഡ്യാക്കാൎക്ക് എല്ലാവൎക്കും അറിവുള്ളതാകുന്നു. ആരെങ്കിലും ഭൂമി സമ്പാദിച്ചുകൊള്ളട്ടെ. നാ

മെല്ലാവരും ഭൂമിയെ അവലംബിച്ചു നില്ക്കുന്നവരാണല്ലൊ. എന്നാൽ, തന്റെയും രാജ്യത്തിന്റെയും ഗുണാഭിവൃദ്ധിക്കു പ്രവൃത്തിക്കുവാൻ കൂടി അയാൾ സന്നദ്ധനായിരിക്കേണ്ടതാണ്.

ഇൻഡ്യയിൽ കച്ചവടത്തിലും വ്യവസായങ്ങളിലും സഹകരണം ഇല്ലാത്തതിന്റെ വേറെയൊരു കാരണം ഈ രാജ്യത്ത് ഉണ്ടികവ്യാപാരം ഏതെങ്കിലും ഒരു കൂട്ടരുടെ പ്രത്യേക തൊഴിലല്ല എന്നുള്ളതാകുന്നു. ജന്മികളാകട്ടെ, ഗൃഹസ്ഥന്മാരാകട്ടെ, കച്ചവടക്കാരാകട്ടെ, അദ്ധ്യാപകന്മാരാകട്ടെ, വക്കീലന്മാരാകട്ടെ, ആരായാലും വേണ്ടതില്ല, ഇവരെല്ലാവരും വീട്ടിലെത്തിയാൽ, പ്രായേണ ഉണ്ടികവ്യാപാരം നടത്തിവരുന്നതായി കാണുന്നുണ്ട്. അധികപക്ഷവും ഈ കൊടുത്തുവാങ്ങൽ ആധാരപ്രകാരമാണ്. എന്നാൽ ചിലപ്പൊൾ മര്യാദയിലിരുന്നു വക്കീൽജോലി നടത്തുന്നവർ കൂടി ആഭരണങ്ങൾ മുതലായ പണയപ്പാടുകൾ വാങ്ങിപണം കടം കൊടുക്കുന്നതും അസാധാരണയല്ല. മണി ൫ അടിച്ചാൽ എഴുന്നേററുനിന്നു ൭ മണിവരെ ഗംഭീരഭാവത്തിൽ അനവധി നിയമസിദ്ധാന്തങ്ങളെയും നീതിമാർഗ്ഗങ്ങളെയും പ്രതിപാദിച്ചു പ്രസംഗിക്കുന്ന ഒരു മഹാൻ രാവിലെ ൬ മണിക്ക് ഒരു സാധുസ്ത്രീയുടെ ഒരു ജോടി വളതൂക്കിനോക്കി പണയപ്പാടായി വാങ്ങി, മാസം ൪-ണ വട്ടത്തിന്നു ൫൦ രൂപ കടം കൊടുത്താണ് വന്നിരിക്കുന്നത് എന്നു പറഞ്ഞാൽ മിക്ക ആളുകളും വിശ്വസിക്കയില്ല. കാര്യത്തിന്റെ ഭംഗിയും മര്യാദയും ഇരിക്കട്ടെ. എടവാടു വളരെ ലാഭമുള്ളതുതന്നെ. ൪-ണ വട്ടം; അതെ, രണ്ടരപ്പണം പലിശ. ഏതു വ്യവസായത്തിലാണ്, ഏതു കച്ചവടത്തിലാണ് ഇത്രയും ലാഭം കിട്ടുന്നത്. ഇത്തരം എടവാടുകളും ലാഭമെടുക്കലുമാണ് ഇൻഡ്യയിലെ അഭിവൃദ്ധിക്ക് [illegible]രായി ഭവിച്ചിട്ടുള്ളത്. ഒരു കച്ചവടത്തിലൊ വ്യവസായ[illegible]ലൊ പണം മുടക്കുന്നതായാൽ, കവിഞ്ഞതു മുക്കാൽ അഥവാ ൧ പണം പലിശകിട്ടിയാൽ ഭാഗ്യം. ഒരു വേള ആണ്ടെത്തുന്നതിന്നുമുമ്പ് ആ കച്ചവട

മൊ എടവാടൊ പൊളിഞ്ഞുപോയി എന്നും വരാം. ആ സ്ഥിതിക്കു കരകളഞ്ഞ സമ്പൂർണ്ണപ്പണ്ടം ഈടും, രണ്ടരപ്പണം പലിശയും കിട്ടുന്ന യാതൊരുത്തനാണ് തന്റെ പണത്തെ മേല്പറഞ്ഞ മാറ്റ്ഗങ്ങളിൽ മുടക്കാതിരിക്കുക? അധികപലിശയ്ക്കു കടം കൊടുത്തു പണം സമ്പാദിക്കുന്നതിൽ ഭംഗിയില്ല, മര്യാദയില്ല, എന്നു പറഞ്ഞതുകൊണ്ടു മതിയായില്ല. എന്നാൽ ഒരു കാര്യം നോക്കാനുണ്ട്: മേൽപ്രകാരം പണയപ്പാട്ട വാങ്ങി രണ്ടര പലിശയ്ക്കു കടം കൊടുക്കുന്നവരുടെ ലാഭം കാണുന്നപോലെ അത്ര വലിയതാണോ എന്നാണ്. അതല്ല. എന്തെന്നാൽ, അധികപലിശ മോഹിച്ച് എപ്പോഴെല്ലാം കയ്യിൽ കുറെ സംഖ്യ മുടക്കിവെച്ചിട്ടുള്ളതിന്നു പലിശയില്ലാത്തതിനാൽ, ഇയ്യാൾക്ക് ആകെ മുതലിന്മേൽ ഒന്നേകാൽ പലിശ കഷ്ടിച്ചേ മുട്ടുന്നുള്ളു. നേരെമറിച്ച്, കച്ചവടത്തിലും വ്യവസായങ്ങളിലും പണം മുടക്കുന്നതായാൽ, തന്റെ പണം പലിശ മുടങ്ങിക്കിടക്കുന്നതല്ലെന്നുതന്നെയല്ല, തനിക്ക് അതിന്റെ മേലന്വേഷണത്തിന്റെ ശല്യവുമില്ല. കേസ്സു പഠിച്ചുംകൊണ്ടിരിക്കുമ്പൊൾ, വക്കീലന്മാരെ ആരും വലയും കൊണ്ടുവന്നു പണത്തിന്നു ബുദ്ധിമുട്ടിക്കയുമില്ല. വേറെയൊരു സംഗതി ആലോചിക്കാനുള്ളത് എന്തെന്നാൽ, ഒരു ഉണ്ടികവ്യാപാരിയുടെ പണത്തിന്റെ വില കൂടുകയില്ലെന്നാണ്. ൧൦൦ ഉറുപ്പിക കടം കൊടുത്തിട്ടുണ്ടെങ്കിൽ, അത് ഒരു കൊല്ലം കഴിഞ്ഞാലും ൧൦൦ ഉറുപ്പികയായിത്തന്നെയിരിക്കും. വ്യവസായങ്ങളിൽ മുടക്കിട്ടുള്ള പണമാകട്ടെ, ൧൦൦ ത്രുപയുടെ ഒരോഹരിക്ക് ൧൨൦-ം, ചിലപ്പോൾ ൧൫൦ ത്രുപ വില കിട്ടുന്നതാണ്. ഈ വിധത്തിൽ ചിലപ്പൊൾ വ്യവസായകാര്യങ്ങളിൽ നിന്നുണ്ടാകുന്ന ലാഭം കണക്കില്ലാത്തതാകുന്നു. പണം കൊടുത്തവർക്കു വലിയ ലാഭം കൊടുത്തതായ ഇൻഡ്യയിലെ ചില വ്യവസായങ്ങളെക്കുറിച്ചു പറയാം. ഇൻഡ്യാക്കാരുടെ വിമുഖതയും ഉണ [illegible]ില്ലായ്മയും നിമിത്തം ഇപ്പൊൾ ഈ വ്യവസായങ്ങളെല്ലാ[illegible]യൂറോപ്പുകാരുടെ പണംകൊണ്ടും അവരുടെ നേതൃത്വത്തില[illegible] നടത്തിവരുന്നത് എന്നിവിടെ പ്രസ്താവിക്കേണ്ടിയിരിക്[illegible]

സായങ്ങളിൽ ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും കൂലിക്കാരുടെ കൂലിയും കഴിച്ചുള്ള ശേഷലാഭം മുഴുവനും അവർ തന്നെയാണ് എടുക്കുന്നത്.

ഒന്നാമതായി നമുക്കു ബംഗാളത്തിലെ 'ഖേത്രാജെറിയ' എന്ന കൽക്കരിഖനിയെ കുറിച്ചാലോചിക്കുക. ഈ ഖനിയിലെ കല്ക്കരി എടുക്കുന്നതിന്നായി ഈ നാമധേയത്തിൽ ഒരു കമ്പനിയും ഉണ്ടായിരുന്നു. ആ കമ്പനിയുടെ മൂലധനം ൧൦ ഉറുപ്പികയുടെ ഓഹരികളായിട്ടാണ് പിരിച്ചിട്ടുള്ളത്. ഒരു പതിനഞ്ചുകൊല്ലത്തിന്നുമുമ്പ് ഈ ഓഹരികൾ ൧൦ ഉറുപ്പികക്കു തന്നെ വാങ്ങുവാൻ കിട്ടിയിരുന്നു. എന്നാൽ ആ ഉടനെ ഇൻഡ്യയിലെ കല്ക്കരിക്കു വളരെ ആവശ്യം നേരിടുക നിമിത്തം, ഈ ഓഹരികൾക്ക് ഓരോന്നിന്നു പൊടുന്നനവെ ൭൫ ഉറുപ്പികവീതം വിലയാവുകയും മൂന്നരപ്പണം പലിശലാഭം വീതിച്ചു കൊടുക്കുകയും ചെയ്തു. ഇതുകൊണ്ടായില്ല. ഈ കമ്പനിക്കുണ്ടായിരുന്ന ഖനികൾ മുഴുവനും പണിയുവാൻ തങ്ങളാൽ സാധിക്കാഞ്ഞതിനാൽ, ഏതാനും ഭാഗം ശിവപുരം കല്ക്കരി കമ്പനിക്കാൎക്കു വിററതിന്നു പ്രതിഫലമായി പുതിയ കമ്പനിയിലെ അയ്യഞ്ചുറുപ്പികയുടെ നാലോഹരികൾ വീതം പഴയ കമ്പനിയിലെ അഞ്ചോഹരികളെടുത്തിട്ടുള്ള ഓരോ ഓഹരിക്കാൎക്കും കൊടുത്തു. ഈ പുതിയ ൫ ഉറുപ്പികയുടെ ഓഹരിക്കു ൧൪ ഉറുപ്പിക വീതം വിലയും ആയി. പഴയ കമ്പനിയിൽ ൧൦൦ ഉറുപ്പികക്കു ൧൦ ഓഹരികളെടുത്തിട്ടുണ്ടായിരുന്ന ഒരുത്തന്റെ ലാഭം എന്തെന്നു നോക്കുക. അയാളുടെ ൧൦൦ ഉറുപ്പികക്കു ഇപ്പൊൾ ൭൫൦ ഉറുപ്പിക വിലയായി. ൭൫ ഉറുപ്പിക പലിശ കിട്ടി. ഇതിന്നുംപുറമെ, ൧൧൨ ഉറുപ്പിക വിലയുള്ള പുതിയ കമ്പനിയിലെ ൮ ഓഹരികളും കിട്ടി. ആകപ്പാടെ ൧൦൦ ഉറുപ്പിക ഇപ്പൊൾ ൯൩൭ ഉറുപ്പികയായി. ഇതുകൊണ്ടും അവസാനിച്ചില്ല. ഓഹരികളുടെ വില കൂടിക്കൂടി ഒടുവിൽ അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പ് ൧൦൦ ഉറുപ്പികയിൽ കുറഞ്ഞു കിട്ടുകയില്ല എന്ന നിലയായി. ഈ കൂടുതലോടുകൂടി ഉടനെ ഒരിടിച്ചലും സംഭവിച്ചു. എന്നിട്ടും 'ഖേത്രു

ജെറിയ' കമ്പനിയിലെ ഒരോഹരിക്ക് ഇപ്പൊഴും ൭൭ രൂപ വിലയുണ്ട്. ൧൦ രൂപ മുടക്കിയ ഒരുവന്ന് ഇതു വളരെ മെച്ചമായ ഒരു കച്ചവടമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. വലിയ വിജയം പ്രാപിച്ചിട്ടുള്ള അനവധി കമ്പനികളിൽ ഒന്നു മാത്രമാണ് ഈ 'ഛേത്രജെറിയ' എന്ന കമ്പനി. ഈ കമ്പനിക്കശേഷം തുടങ്ങിയതും വളരെ ആദായം കൊടുത്തുപോരുന്നതുമായ ഒരു കമ്പനിയാണ് ബൎമ്മായിലെ മണ്ണെണ്ണക്കമ്പനി. അതിലെ ഒരോഹരിക്കു മൂന്നുനാലു കൊല്ലങ്ങൾക്കുമുമ്പു പത്തിരട്ടി വില കിട്ടിയിരുന്നതും അധികപലിശ വീതിച്ചുകൊടുത്തിരുന്നതുമായിരുന്നു. വലിയ ലാഭം എടുത്തുപോരുന്ന വ്യവസായങ്ങളിൽ ഒന്നാണ് റബ്ബർകൃഷി. 'പെരിയാർ റബ്ബർ കമ്പനി'യിലെ ൧൦ രൂപയുടെ ഒരോഹരിക്ക് അടുത്തകാലത്ത് ൧൩൦ രൂപയും 'കൊച്ചിക്കമ്പനി'യിലെ അതേ ഓഹരിക്ക് ഒരു മാസംകൊണ്ട് ൨൫ ൽനിന്നു കൂടി ൭൫ രൂപ വിലയാവുകയും ചെയ്തിരിക്കുന്നു. കാപ്പിക്കൃഷിയിൽ നഷ്ടം വന്ന ഒരു സായ്പ് ആറേഴു കൊല്ലങ്ങൾക്കുമുമ്പു തന്റെ കയ്യിലുണ്ടായിരുന്ന സ്വല്പമായ സംഖ്യകൊടുത്ത് ഒരു 'മൂട്ടക്കുന്നു' വാങ്ങി അതിൽ കുറെ റബ്ബർ ചെടികൾ വെച്ചു പിടിപ്പിച്ചും കുറെ കൂലിക്കാരെ നിൎത്തി പണി എടുപ്പിച്ചും പോന്നിരുന്നു. ആ തോട്ടത്തെ ഇതാ മൂന്നു കൊല്ലങ്ങൾക്കുമുമ്പ് അയാൾ ൨൦,൦൦൦ പവൻ, അല്ലെങ്കിൽ ൩ ലക്ഷം ഉറുപ്പികയ്ക്കു് ലണ്ടനിലെ ഒരു വ്യാപാരക്കമ്പനിയിലേക്കു വിറ്റിരിക്കുന്നു. ഈ കഥകൾ കേട്ടു വായനക്കാർ ഭ്രമിച്ചുപോകരുത്. ഇതുപോലെ നാമെല്ലാവരും ഇനി റബ്ബർകൃഷി തുടങ്ങിയാൽ ഈ ലാഭമെടുക്കാമെന്നു വിചാരിക്കുന്നത് അബദ്ധമാണ്. റബ്ബർ ചെടികൾ വെച്ചുതുടങ്ങിയാൽ ആദായം കിട്ടിത്തുടങ്ങാൻ തന്നെ അഞ്ചാറു കൊല്ലങ്ങൾ വേണം. അങ്ങനെ കിട്ടിയതുമ്പോഴേക്കു ലോകത്തിലെ ആവശ്യത്തിലധികം റബ്ബർ ഇപ്പോഴുള്ള തോട്ടങ്ങളിൽനിന്നുതന്നെ കിട്ടി എന്നും വരാം. അപ്പോൾ നമ്മുടെ പ്രയത്നമെല്ലാം നിഷ്ഫലവും നഷ്ടവു

മായി. എന്നാൽ, റബ്ബർ കൃഷിയുടെ കാര്യം ഇവിടെ പ്രസ്താവിച്ചത് എന്തിനാണെന്നുവെച്ചാൽ, ബുദ്ധിപൂർവ്വം ജനസാമാന്യത്തിന്റെയും വാണിജ്യലോകത്തിന്റെയും ആവശ്യങ്ങളെ ലാക്കവെച്ച് കാത്തിരുന്നു മനസ്സിലാക്കി പ്രവർത്തിക്കുന്നതായാൽ, ഏവനും ധനികനാവാൻ സാധിക്കുന്നതാണെന്നു കാണിപ്പാൻ മാത്രമാണ്. വ്യവസായങ്ങളിൽ ഏർപ്പെടുന്നതിൽനിന്നു നല്ലതായ ഒരു ലാഭം കിട്ടാമെന്നല്ലാതെ എല്ലായ്പോഴും മേൽപ്രകാരം അത്ര ലാഭംകിട്ടുമെന്നു വിചാരിച്ചുപോകുന്നതായാൽ, നിശ്ചയമായും ആശാഭംഗത്തിനിടവരുന്നതാണ്. വലിയ ലാഭംകിട്ടുമെന്നു തോന്നിക്കുന്ന ചില വ്യവസായങ്ങൾ നഷ്ടമായി അവസാനിക്കുന്നതുമുണ്ട്. മേല്പറഞ്ഞ കല്ക്കരി വ്യവസായത്തിന്റെ അഭിവൃദ്ധിയുടെമുഖ്യമായ കാരണം ബോവർയുദ്ധവും അതുനിമിത്തം സംഭവിച്ചിട്ടുള്ള ചില കാരണങ്ങളുമാണ്. ഇംഗ്ലണ്ഡിലെ കല്ക്കരി ഇൻഡ്യയിലേക്ക് വരുവാൻ തടസ്ഥമായതോടുകൂടി ഇൻഡ്യയിലെ തീവണ്ടികൾക്കും യന്ത്രശാലകൾക്കും ഇന്ത്യയിലെ കല്ക്കരി അപരിത്യാജ്യമായിത്തീൎന്നു. ഇതുപോലെ തന്നെ, ബൎമ്മയിലെമണ്ണെണ്ണയ്ക്കു വില കൂടിയത് റഷ്യ-ജാപ്പാൻ യുദ്ധകാലത്ത് റഷ്യയിൽ നിന്നുള്ള മണ്ണെണ്ണയുടെ വരവ് മുടങ്ങിയതിനാലാണ്. അടുത്ത കാലത്ത് റബ്ബറിന്നു വില കൂടിയത് വൈദ്യുത വ്യവസായങ്ങളും മോട്ടോർവാഹനങ്ങളും വൎദ്ധിക്കയാലാണ്. എന്നാൽ ഈ ലാക്കുകൾ വളരെ അപൂർവ്വങ്ങളാണെന്നു ഇവിടെ പറയേണ്ടിയിരിക്കുന്നു. ഇതെല്ലാം ഇവിടെ പ്രസ്താവിക്കുന്നത് എന്തിനാണെന്നുവെച്ചാൽ, ഈ വക കമ്പനികളെപ്പോലെ യോജിച്ചു തങ്ങളുടെ ധനം ഏതെങ്കിലും ഒരു വ്യവസായത്തിൽ ആലോചിച്ചിറക്കുന്നതായാൽ, തങ്ങൾക്കും രാജ്യത്തേക്കും ഒരുപോലെ അഭിവൃദ്ധിയുണ്ടാക്കാമെന്ന് കാണിപ്പാൻ മാത്രമാണ്.

കച്ചവടത്തിലും വ്യവസായങ്ങളിലും ധനം മുടക്കുന്നതിൽ ഇൻഡ്യാക്കാരുടെ വിമുഖതയ്ക്കുള്ള മൂന്നാമതൊരു കാരണം ഈ

വക ഏൎപ്പാടുകളിൽ പണം മുടക്കുന്നതിൽ പ്രകൃത്യാ അവൎക്കുള്ള ഒരു ഭീരുത്വമാകുന്നു. ഈ ഭീരുത്വംതന്നെ പഴയ കാലങ്ങളിലുണ്ടായിരുന്ന ചില കമ്പനികൾ പൊളിഞ്ഞതിനാലുണ്ടായിട്ടുള്ളതാണ്. 'കാഞ്ഞവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ വിറയ്ക്കും' എന്നല്ലെ പഴഞ്ചൊല്ല്. ഉദാഹരണത്തിന്നു ബങ്കാളത്തെ സുവൎണ്ണഖനികളുടെ ചരിത്രം ആലോചിച്ചാൽ മതി. ബങ്കാളത്തെ ചില ജില്ലകളിൽ സ്വൎണ്ണം സമൃദ്ധിയായുണ്ടെന്ന് ൧൮൮൦-ാമാണ്ടിൽ ഒരു ധ്വനി പൊങ്ങുകയും ഉടനെതന്നെ പല കമ്പനികളും ഉണ്ടാവുകയും ചെയ്തു. ഖനികളിലെ അളവററ സ്വൎണ്ണത്തെയും അതിന്റെ ഗുണങ്ങളെയും കുറിച്ച് നാടാസകലം ഈ കമ്പനിക്കാർ ഘോഷിച്ചുതുടങ്ങി. ഓഹരികളുടെ വില ഉടനെ കൂടി. ജനങ്ങളുടെ ദുരയും വൎദ്ധിച്ചു. പല രാജാക്കന്മാരും പ്രഭുക്കന്മാരും അനവധി ധനം ഈ കമ്പനികളിൽ മുടക്കി. അതിൽപിന്നെയാണ് സത്യം വെളിപ്പെട്ടത്. ഈ ഖനികളിലൊന്നും സ്വൎണ്ണമില്ലത്രെ! ഓഹരികൾക്കെല്ലാം ഉടനെ വിലയും കുറഞ്ഞു. ഇതിന്റെ എല്ലാററിന്റെയും ഫലമായി ചിലൎക്കു മാത്രം ധനമുണ്ടായി. എന്നാൽ വലിയ ലാഭം കരുതി പണമെല്ലാം മുടക്കിയ പ്രഭുക്കന്മാൎക്ക് 'കണ്ണീരുംകയ്യുമായിക്കഴിയണമിനിമേലെന്നതുംവന്നുകൂടി.'

കെ. ശങ്കരക്കുറുപ്പ്.

കറുത്തകണ്ഠംകരിത്തോലുവെള്ളം
കരുത്തനാംകാളയുമങ്ങിരിക്കേ
ഇരപ്പതിന്നെന്തൊരുകാരണംനീ
യുറപ്പവാഴുന്നശശാങ്കമൌലേ!

# പ്രാർത്ഥനാദശകം

## മംഗളം.

---

നീർദ്ദോഷമുള്ളതിനുനിർമ്മലഭസ്മമാനും
നഞ്ഞിൻഭയത്തിനമൃതാംശുവിനെദ്ധരിച്ചും
മാരന്റെമാരണമറാനുമയെബ്ഭജിച്ചും
മേവുംമൃഡൻദൃഢമണയ്ക്കണമാത്മസൌഖ്യം.

---

൧

പരമേശ്വരി!ഭക്തവത്സലേ!നിൻ
പദദാസൻപരമേഴയായൊരീഞാൻ
പരിതാപമഹാർണ്ണവത്തിലയ്യോ!
പതിയുന്നേനിതുകാണ്മതില്ലയോനീ?

൨

അരുണാംബുജചാരുലോചനേ!നിൻ
കരുണാപാംഗമയച്ചുകാക്കുകെന്നെ
പെരുതായമമാപരാധ,മിപ്പോൾ (മേതും)
കരുതിക്കൈവെടിയേണ്ടകാലമല്ലേ.

൩

ദുരിതംപരമാചരിച്ചിരിക്കാം
ഗിരിശൻതൻപുരുപുണ്യപൂരമേ!ഞാൻ
ശരിയാ,യതുനീപൊറുക്കണംനിൻ
മഹിമായപ്പൊടിയേറുവന്നതല്ലോ.

൪

ഒരുബന്ധുവുമില്ലെനിക്കുലോക
ക്കരുവേ!ശങ്കരി!നീയൊഴിഞ്ഞുവേറെ
കരുതാർക്കു,കഠോരഭാവമെന്നോ
ടൊരുപോലെന്നുമതെന്തുകഷ്ടമാര്യേ!

---

* ദേവീപ്രസാദമൊട്ടുമന്യബാധതീർത്തും എന്ന പാഠാന്തരം.

൫

ഹരിസോദരിയല്ലയോശിവേ!നീ?
ഹരി!ഹാ!ഹാ!കൃപയററതെന്തുപിന്നെ?
പരിതാപമിതാശ്രുതീക്ക്;സർവ്വോ
പരിയാരാണവലംബമംബയെന്ന്യേ?

൬

തവചേവടിചിന്തചെയ്തിടാത്തു
ള്ളവരുംസൌഖ്യമിയന്നുമേവിടുന്നു;
ഭവമോഹിനി!നിൻറഭക്തനാംഞാൻ
ഭവതാപാവശനായതെന്തുഞായം?

൭

ഒരു ദുഃഖമൊഴിഞ്ഞുവെങ്കിൽവേറൊ
ന്നിരുളാക്കുന്നുകടന്നുവന്നുചിത്തം
ഒരുനേരവുമില്ലസൌഖ്യമെന്തേ
വരുവാനിങ്ങനെവാമദേവജായേ?

൮

പനിമാമലപെററരോമനപ്പൊൻ
കനിയേ!നീകനിയേണമെന്നിലല്പം
അനിയന്ത്രിതപാപശക്തിയാൽഞാ
നനിശംഹാ!വലയുന്നുവന്ദ്യതായേ!

൯

അനുവാസരമേറിവന്നിടുന്നോ
രനുതാപാദികളോടുമല്ലടിപ്പാൻ
മനുജപ്പുഴവാമിവന്നുദേവീ!
നനു,നീനല്ലൊരുശക്തിനല്കിടേണം.

൰

ഇരുളേന്തിനകുന്തലാന്തവേദ
പ്പൊരുളേ!വെണ്മതിമൌലിവേട്ടതായേ!
വെരുളാതെ്വെറുംകിനാവി,ലമ്പോ
ടരുളേണംവരമംബുജാക്ഷമായേ!

കെ. പി. കെ. പി.

# ശാസ്ത്രം

ഇനിമേലാൽ ഈ മംഗളോദയത്തിൽ നിരൂപിപ്പാൻ നിശ്ചയിച്ച വിഷയങ്ങൾ ഏവയെന്നു ഇക്കഴിഞ്ഞ വൃശ്ചികത്തിലെ ലക്കത്തിൽ പ്രസാധകന്മാർ പറഞ്ഞിട്ടുണ്ട്. ഇവയിൽ ഒന്ന് 'പ്രാചീനങ്ങളും നവീനങ്ങളും ആയ ശാസ്ത്രതത്വങ്ങൾ' എന്നതായിരിക്കും. ഈ നിശ്ചയം ആശംസനീയവും ശ്ലാഘനീയവും ആകുന്നു. യൂറോപ്പ്, അമേരിക്ക, ജാപ്പാൻ എന്നീ രാജ്യങ്ങളിൽ ശാസ്ത്രാഭ്യാസത്താൽ ജനങ്ങൾക്കു സിദ്ധിച്ച പ്രയോജനങ്ങളുടെ പരംപരയെ ഓൎത്ത്, നമ്മുടെ ഇടയിലും ശാസ്ത്രജ്ഞാനം വഴിപോലെ വൎദ്ധിപ്പാനായി നിരന്തരം അവ്യാഹതമായി പ്രയത്നിക്കേണ്ടത് അത്യാവശ്യമായ കൎത്തവ്യമാകയാൽ, ഇതിൽ ജനങ്ങളെ പ്രേരിപ്പാൻ പ്രസാധകന്മാർ ആലോചിച്ചതു സൎവ്വഥാ അഭിനന്ദനീയവും സ്തുത്യവും ആകുന്നു. നവീനശാസ്ത്രങ്ങൾ ലൌകികസുഖാനുഭോഗങ്ങളെ ആയാസംകൂടാതെ പ്രഗുണീകരിച്ച് ആവശ്യപ്പെട്ട ദിക്കിൽ നിശ്ചയിച്ച സമയത്ത് എത്തിച്ചുകൊടുത്ത് ഭോക്താവിന്ന് അഭീഷ്ടസിദ്ധിയെ ഉണ്ടാക്കി ആനന്ദപ്രാപ്തി ചെയ്യുന്നതുകൊണ്ടു മാത്രമല്ല ആയവയെ നാം പഠിക്കേണ്ടത്. എന്നാലോ, ശാസ്ത്രജ്ഞാനം ഇല്ലാത്ത ഒരു നരപ്രാണിക്കും നമ്മുടെ മഹാമഹിമമഹിതമായ ആംഗലസാമ്രാജ്യത്തിന്റെ ഒരംഗമായി താൻ അനുഷ്ഠിക്കേണ്ടുന്ന പൌരധൎമ്മങ്ങളെ ആചരിപ്പാൻ ഒട്ടും സാദ്ധ്യമാകയില്ല നിശ്ചയം എന്ന തത്വം ഓൎത്തു നവീനശാസ്ത്രങ്ങളെ നാം പഠിക്കേണ്ടതാണ്. രാജ്യതന്ത്രത്തിന്റെ സകല ഭാരങ്ങളും പ്രജകളുടെ അധീനത്തിലും, പ്രജകൾ നിൎണ്ണയിച്ച നിയമങ്ങളെ പ്രജാനുരാഗത്തോടുകൂടെ നടത്തി ജനതാചിത്തത്തെ ആരാധിക്കുന്നതു നമ്മുടെ ചക്രവൎത്തിമഹാരാജാവവർകളുടെ അധികാരത്തിലും ആയിരിക്കയാൽ, സാമ്രാജ്യഭരണത്തിൽ ഓരോരു

ത്തനുള്ള ഭാരം എത്ര വലുതാണ്! പൌരന്മു സ്വകൃതനിർവ്വാഹത്തിന്നു ശാസ്ത്രജ്ഞാനം എത്രത്തോളം ആവശ്യമെന്ന് ഉപരികാണിക്കും.

(൧) പ്രാചീനശാസ്ത്രങ്ങൾ.

ശാസ്ത്രശബ്ദത്തെ നമ്മുടെ ആചാരത്തെ നിയമിക്കുന്ന മതഗ്രന്ഥം എന്ന അർത്ഥത്തിലാണ്, സാധാരണമായി, പ്രയോഗിച്ചുവരാറ്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്ന ചതുർവിധപുരുഷാർത്ഥങ്ങളുടെ സിദ്ധിക്കായിട്ട് നമ്മുടെ ആചാരത്തെ നിയമിക്കുന്നതുകൊണ്ട്, മതഗ്രന്ഥങ്ങളെ ശാസ്ത്രമെന്നു പറയുന്നു. ഇവയിൽ മോക്ഷം ഒഴികെയുള്ള ത്രിവർഗ്ഗത്തെ നവീനശാസ്ത്രങ്ങളും പ്രതിപാദിക്കുന്നതുകൊണ്ട് രണ്ടുവിധം ഗ്രന്ഥങ്ങൾക്കും ശാസ്ത്രം എന്ന പദം ത്രുഢിയായിപ്പോയിരിക്കുന്നുവെങ്കിലും, ത്രുപപദമായി ശാസ്ത്രപദത്തെ ഉപയോഗിച്ചാൽ സംശയത്തിന്ന് ഇടവരുന്നതുകൊണ്ട്, പ്രസാധകന്മാർ സൂചിപ്പിച്ചപ്രകാരം ഈ രണ്ടുവിധം ഗ്രന്ഥരാശികളെ വിവേചിപ്പാനായിട്ടു പ്രാചീനശാസ്ത്രമെന്നും നവീനശാസ്ത്രമെന്നും വ്യവസ്ഥചെയ്യുന്നതു ഗുണപ്രദമാകും. കാരണം, സന്ദേഹഗ്രസ്തമായ ജ്ഞാനത്താൽ പ്രവൃത്തി ഉണ്ടാവുന്നതല്ല.

വിദ്യാസ്ഥാനങ്ങൾ:— ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വണവേദം എന്ന വേദങ്ങൾ നാലും, ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം എന്ന വേദാംഗങ്ങൾ ആറും, പുരാണം, ന്യായം, മീമാംസ, ധർമ്മം എന്ന ഉപാംഗങ്ങൾ നാലുംകൂടി വിദ്യാസ്ഥാനങ്ങൾ പതിനാലാകുന്നു. ഇവ ധർമ്മത്തെയും ബ്രഹ്മത്തെയും പ്രതിപാദിക്കുന്നതു കാരണം, ഇവയെ വിദ്യാസ്ഥാനങ്ങൾ എന്നു പറയും. ഈ പരിഗണനത്തിൽ ആസ്തികർ പ്രമാണഗ്രന്ഥങ്ങളായി മാനിച്ചുവരുന്ന പല ഗ്രന്ഥങ്ങളെയും വിട്ടിരിക്കയാൽ, അദ്വൈതിശിരോമണിയായ മധുസൂദനസരസ്വതി എന്ന ഒരു യതീശൻ പുരാണശബ്ദം പതിനെട്ടു പുരാണങ്ങളെയും പതിനെട്ട് ഉപപുരാണങ്ങളെയും കാ

ണിക്കുന്നു എന്നും, ന്യായശാസ്ത്രം വൈശേഷികശാസ്ത്രത്തെയും അടക്കുന്നു എന്നും, മീമാംസയിൽ വേദാന്തം ചേരുമെന്നും, ധമ്മശാസ്ത്രം എന്നതിൽ മനവാദിസ്മൃതികൾക്കു പുറമെ രാമായണം, മഹാഭാരതം, സാംഖ്യം, യോഗം, പാശുപതം, വൈഷ്ണവം എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങൾ അടങ്ങുമെന്നും അദ്ദേഹത്തിന്റെ പ്രസ്ഥാനഭേദമെന്ന ഗ്രന്ഥത്തിൽ പറയുന്നു. പക്ഷാന്തരത്തിൽ വിദ്യാസ്ഥാനങ്ങൾ പതിനെട്ടുണ്ടെന്നു കാണുക കൊണ്ട് നമ്മുടെ സരസ്വതിക്കു ഈ പക്ഷവും ഇഷ്ടമാകയാൽ, വിഷ്ണുപുരാണത്തെ അവലംബിച്ച ആയുവ്വേദം, ധനുവ്വേദം, ഗാന്ധവ്വവേദം, അത്ഥശാസ്ത്രം എന്നീ നാലുപവേദങ്ങളെയും ചേത്ത് ഇദ്ദേഹം വിദ്യാസ്ഥാനങ്ങൾ പതിനെട്ടാക്കിയിരിക്കുന്നു. ഈ രണ്ടു പക്ഷങ്ങളെയും ശ്രീഹഷൻ നൈഷധീയചരിതത്തിൽ എങ്ങനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്നത് സഹൃദയന്മാക്കു ഗോചരമായ വിഷയമാണല്ലൊ.

രേഖാഭിരാസ്യേ ഗണനാദിവാസ്യ
ദ്വാത്രിംശതാ ദന്തമയീഭിരന്തഃ
ചതുർദ്ദശാഷ്ടാദശ ചാത്രവിദ്യാ
ദ്വേധാപി സന്തീതി ശശംസ വേധാഃ. (൩; ൩൭)

പ്രസ്ഥാനഭേദം:— ഈ വിദ്യാസ്ഥാനങ്ങളെ ശാസ്ത്രങ്ങളെന്നും പ്രസ്ഥാനങ്ങളെന്നും, ശാസ്ത്രപ്രസ്ഥാനങ്ങളെന്നും പറയും. ഈ പതിനെട്ടു പ്രസ്ഥാനങ്ങളെയും അവയുടെ ഭേദങ്ങളെയും പ്രയോജനങ്ങളേയും നിരൂപിപ്പാനായി മധുസൂദനസരസ്വതി രചിച്ച "പ്രസ്ഥാനഭേദം" എന്ന ഒരു ചെറിയ ഗ്രന്ഥത്തെ മലയാളത്തിൽ പരിഭാഷപ്പെടുത്തി വിസ്തീണ്ണമായ ഒരു വ്യാഖ്യാനത്തോടുകൂടി ഉടനെ പ്രസിദ്ധപ്പെടുത്തി കേരളീയബുധജനങ്ങളുടെ ദയാർദ്രാവലോകനത്തിന്നായി സമപ്പിക്കുന്നതാണ്. സവ്യാഖ്യാനമായ ഈ ഗ്രന്ഥത്തിന്റെ ഉപസ്ഥിതി ഉണ്ടായാൽ, പൂവ്വസാംപ്രദായികപ്രവത്തകന്മാരുടെ അ

ഭിപ്രായങ്ങളെ ഗ്രഹിക്കാം; പ്രാചീന ശാസ്ത്രതത്വങ്ങളെ എളു പ്പം ധരിക്കാം.

### സംസ്കൃതസംഹിതം.

സംസ്കൃതഭാഷയിലുള്ള വിദ്യാസ്ഥാനങ്ങളെയും കാവ്യനാടകങ്ങളെയും അലംകാരാദിശാസ്ത്രകാവ്യങ്ങളെയും ക്ഷുലംകഷമായി പൎയ്യാലോചിച്ച് പാശ്ചാത്യപണ്ഡിതന്മാർ സംസ്കൃതസാഹിത്യചരിതത്തെ സംബന്ധിച്ച പല ഗ്രന്ഥങ്ങളും എഴുതിയവയിൽ താഴെപറയുന്നവ പ്രധാനങ്ങളാകുന്നു.

൧. ഭട്ടവേബരുടെ ഭാരതീയ സാഹിത്യചരിതം; (1.)

൨. ഭട്ടമോക്ഷമൂല്യരുടെ പ്രാചീന സംസ്കൃതസാഹിത്യചരിതം; (2)

ഈ വിദ്യാനിധിയുടെ ഇതരകൃതികളിൽനിന്നും സംസ്കൃതഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിഷയനിരൂപണം സംഗ്രഹിക്കാവുന്നതാണ്.

൩. മണിയർ വില്യംസ്സരുടെ ഭാരതീയ വിജ്ഞാനം; (3.)

൪. മക്ഡൊനെല്ലിന്റെ സംസ്കൃതസാഹിത്യചരിതം; (4)

നമ്മുടെ സംസ്കൃതഗ്രന്ഥങ്ങളെപ്പററി പൂൎവ്വാചാൎയ്യന്മാർ പറയുന്ന സാംപ്രദായികാഭിപ്രായങ്ങളെയും ഐഹിത്യങ്ങളെയും മററും ലക്ഷ്യമാക്കാതെ മൂലഗ്രന്ഥങ്ങളെ സ്വാതന്ത്ര്യമായും ചരിത്രതത്വശാസ്ത്രത്തിലെ വിധികളെ പ്രമാണിച്ചും ദേശാന്തരങ്ങളിലെ സാഹിത്യകൃതികളെയും ചരിത്രങ്ങളെയും പൎയ്യാലോചിച്ച താരതമ്യപ്പെടുത്തിയും പാശ്ചാത്യവിദ്വാന്മാർ സംസ്കൃത

---

(1) Prof. Weber's History of Indian Literature.

(2.) Prof. Mar Muller's History of Ancient Sanskrit Literature.

(3) Monier William's Indian Wisdom.

(4) Macdonnell's History of Sanskrit Literature.

ഗ്രന്ഥങ്ങളെക്കുറിച്ച് അവരവരുടെ മതം പ്രസിദ്ധമാക്കിയിരിക്കുന്നു. ഈ കാൎയ്യസിദ്ധിക്കായി അവർ നടത്തിയ പരിശോധനകളും പ്രയോഗിച്ച ഹേതുവാദങ്ങളും യുക്തിയുക്തന്യായങ്ങളും മററും അതിപ്രശംസനീയങ്ങളും അതിഗഹനങ്ങളും ആകയാൽ, മനഃപരിഷ്കാരത്തിനും ശാസ്ത്രീയന്യായസരണിയെ അനുവൎത്തിക്കുന്നതിനും അത്യുൽകൃഷ്ടങ്ങൾ ആകുന്നു. മേൽപ്പറഞ്ഞ നാലു ഗ്രന്ഥങ്ങളെയും മററനേക ഗ്രന്ഥങ്ങളെയും അവലംബിച്ചു പാശ്ചാത്യരീതിയിൽ സംസ്കൃതസാഹിത്യചരിതം മലയാളഭാഷയിൽ എഴുതി ഇംഗ്ലീഷ് ഭാഷാജ്ഞാനമില്ലാത്ത കേരളീയരുടെ പ്രയോജനാൎത്ഥമായി പ്രസിദ്ധപ്പെടുത്തുവാനുള്ള സംകല്പത്തെ ജഗൽപ്പിതാവു സഫലമാക്കിത്തരട്ടെ.

സംസ്കൃതവിദ്യകളെക്കുറിച്ച് നമ്മുടെ പ്രാചീനാചാൎയ്യന്മാൎക്കുള്ള അഭിപ്രായങ്ങളെ പ്രസ്ഥാനഭേദത്തിന്റെ പരിഭാഷയിൽനിന്നും പാശ്ചാത്യവിദ്വാന്മാൎക്കുള്ള അഭിപ്രായങ്ങളെ സംസ്കൃതസാഹിത്യചരിത്രത്തിൽനിന്നും സിദ്ധിക്കാൻ കഴിവുള്ളതുകൊണ്ട്, പ്രാചീന ശാസ്ത്രതത്വങ്ങളെ ഈ മാസികയിൽ ഉപന്യസിപ്പാൻ ഞാൻ വിചാരിക്കുന്നില്ല.

## ൨. നവീനശാസ്ത്രം.

പാശ്ചാത്യരുടെ നിരന്തരവും അശ്രാന്തവും ആയ പരിശ്രമത്താൽ ആവിൎഭവിച്ച്, അവരുടെ പ്രേമത്തിന്റെയും ജാഗരൂകതത്വത്തിന്റെയും ആദരത്തിന്റെയും അതിശയത്താൽ പരിപോഷം ലഭിച്ച് അന്യോന്യാനുകൂല്യത്താൽ വിശ്വം അഭിവ്യാപിച്ച്, ജയിച്ച്, വിഭാഗിച്ച്, ഓരോ പങ്ക് ഓരോ വിദ്വാൽപ്പരിഷത്തിനു ഭരമേല്പിച്ചുകൊടുത്ത് അവരുടെ സഹായത്താൽ ദിഗന്തരങ്ങളിൽനിന്നു പുഷ്ടിവൎദ്ധകസിദ്ധികൾ സംപാദിച്ചു ലോകത്തെങ്ങും ഉജ്ജ്വലിച്ചിരിക്കുന്ന നവീനശാസ്ത്രങ്ങൾ മനുഷ്യന്റെ ബുദ്ധിശക്തികളുടെ വൈഭവത്തെയാണല്ലോ ആഘോഷിക്കുന്നത്. ഈ ശാസ്ത്രമൂൎത്തിക്ക് എല്ലാം ചെയ്വാൻ ക

ഗിയുമെന്ന വിശ്വാസം ദിനംപ്രതി ജനങ്ങളുടെ ഇടയിൽ വ ൎദ്ധിച്ചുവൎദ്ധിച്ചു വരുന്നകാരണം, ശാസ്ത്രം ജഗദീശ്വരന്റെ പ്ര ത്യാദേശമായ്ഭവിച്ചിരിക്കുന്നുവോ എന്നു തോന്നിപ്പോകും. ഈ വിധമായ ശാസ്ത്രങ്ങളെ പഠിച്ചു മനുഷ്യബുദ്ധിയുടെ സാമൎത്ഥ്യ വും വിശ്വവൈചിത്ര്യങ്ങളും ഇവയെ നിൎമ്മിച്ച ഈശ്വരന്റെ മഹിമയെയും അറിയേണ്ടതാകയാൽ നവീനശാസ്ത്രങ്ങളെക്കുറി ച്ച് ഇവിടെ സ്വല്പം യഥാശക്തി അറിയിച്ചുകൊള്ളാം.

യൂറോപ്പ്, അമേരിക്ക, ജാപ്പാൻ മുതലായ മഹാരാജ്യങ്ങ ൾക്കു നിരതിശയമായ പരിഷ്കാരവും അഭ്യുദയവും ഉണ്ടാവാനു ള്ളകാരണം അവരുടെ ശാസ്ത്രാഭ്യാസമാകുന്നു എന്നതിൽ രണ്ടു പക്ഷമില്ല. നമ്മുടെ ഭാരതവൎഷത്തിലും വിദ്യാഭ്യാസത്തിന്റെ അംഗമായി ശാസ്ത്രം പഠിപ്പിച്ചുവരുന്നുവെങ്കിലും, ഈ ശാസ്ത്ര ജ്ഞാനം പരീക്ഷയുടെ ആവശ്യത്തിന്നായി സംപാദിച്ചതാക യാൽ, പരീക്ഷയ്ക്കു ശേഷം, അതു വിസ്മൃതിയിൽ ലയിച്ചുപോ കുന്ന കാരണം, അതു ജനങ്ങൾക്കു ഒരു വിധത്തിലും ഉപകാര പ്രദമായ്വരുന്നില്ല എന്നത് അതിശോചിനീയം തന്നെ. ഈ ശാസ്ത്രജ്ഞാനം പ്രയോഗനിൎവ്വാഹമാകുന്നില്ല എന്നുമാത്രമല്ല, ശാസ്ത്രീയരീതിയിൽ വിഷയാന്തരങ്ങളെ ചിന്തനംചെയ്തു സ്വാ ഭിമതമായ ഒരു സിദ്ധാന്തം സ്ഥാപിപ്പാൻ ആവശ്യമായ ചി ത്തപരിഷ്കാരവും എല്ലാ വിദ്യാൎത്ഥികൾക്കും തുല്യമായി വിതര ണം ചെയ്യുന്നില്ല. വിദ്യാൎത്ഥികൾ, ഉപജീവനത്തിന്നായി ഓ രോ വ്യവസായങ്ങളിൽ ഉദ്യമിക്കുന്ന സമയം, ആ പ്രവൃത്തിക്കു യോഗ്യമായ ജ്ഞാനവും പരിചയവും സംപാദിച്ചു ദിവസം തോറും അതേ കൎമ്മങ്ങളെ ചെയ്യേണ്ടിവരുന്നു. അവൎക്ക് അവ സരമില്ലായ്കകാൽ, പഠിച്ച ശാസ്ത്രങ്ങളെ ആവൎത്തിച്ചു പൎയ്യാലോ ചിപ്പാനൊ അവയെ പൂൎത്തിയാക്കാനായി ഉപരിഗ്രന്ഥങ്ങളെ വായിപ്പാനൊ ദുസ്സാധമാകയാൽ, അവർ ശാസ്ത്രങ്ങളെ ഉപേ ക്ഷിക്കേണ്ടിവരുന്നു. സ്വഭാഷാജ്ഞാനം അത്യല്പമാകയാൽ ത ങ്ങളുടെ ജ്ഞാനത്തെ ഇതരന്മാരെ അറിയിപ്പാൻ സ്വന്തവാ

ക്കിൽ പറവാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങളുടെ ഇട
യിൽ ശാസ്ത്രജ്ഞാനം ഉണ്ടാകുവാൻ മാസികകൾ പ്രയത്നം
ചെയ്യേണം എന്നറിഞ്ഞ് നമ്മുടെ പ്രസാധകന്മാർ തുനിഞ്ഞതി
നെ കേരളീയർ അഭിനന്ദിച്ച് കഴിയുന്ന സഹായം ചെയ്തു
കൊടുക്കണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

യൂറോപ്പ് ആധുനിക പരിഷ്കാരത്തിന്റെ മാതൃകാഗൃഹമാ
യിത്തീരാനുള്ളകാരണം ജനങ്ങൾക്കു മാതൃഭാഷയോടുള്ള വാത്സ
ല്യംതന്നെ. ഇൻഡ്യയിലെപ്പോലെ യൂറോപ്പിൽ പല ഭാഷകൾ
സംസാരിച്ചുവരുന്നുവെങ്കിലും, അതാതുദേശത്തിലെ വിദ്യാഭ്യാ
സം തദ്ദേശീയ ഭാഷയിൽ ആകയാൽ, വിദ്യാർത്ഥികൾക്കു ജ്ഞാ
നം പ്രയാസം കൂടാതെ സമ്പാദിപ്പാൻ കഴിയുന്നു. അവരും ന
മ്മേപ്പോലെ വിദേശീയ ഭാഷകളെ പഠിക്കുന്നുവെങ്കിലും, ആ പ
ഠിപ്പു ഭാഷാപരിജ്ഞാനസിദ്ധിക്കായിട്ടുമാത്രമാകുന്നു. നാം ഭാ
ഷാപരിജ്ഞാനത്തിന്നായി മാതൃഭാഷയും വിദേശീയ ഭാഷയെ
ശാസ്ത്രപരിജ്ഞാനത്തിന്നും വേണ്ടി പഠിക്കുന്നു. പരീക്ഷാകാല
ത്ത് നമ്മുടെ വിദ്യാർത്ഥികൾ ഏതദ്ദേശീയഭാഷാപരീക്ഷ ഒഴികെ
മറ്റെല്ലാ വിഷയങ്ങളെയും ഉപപാദിപ്പാൻ വിദേശീയ ഭാഷ
യെ ഉപയോഗിക്കേണ്ടിവന്നിരിക്കുന്നു. യൂറോപ്പിൽ എല്ലാ വി
ഷയങ്ങളെ സംബന്ധിച്ച പരീക്ഷകളിൽ വിദ്യാർത്ഥികൾ സ്വ
ന്തഭാഷയിൽ ഉത്തരങ്ങൾ എഴുതുന്നു. സ്വന്തഭാഷയിൽ എ
ഴുതിയ ശാസ്ത്രപുസ്തകങ്ങളെ പഠിച്ചു പരീക്ഷയ്ക്കു പോകുന്നു. ഈ
സംഗതികളാൽ തങ്ങൾക്കു സിദ്ധിച്ച ശാസ്ത്രജ്ഞാനത്തെയും
നവീന പരിശോധനകളാൽ ലഭിക്കുന്ന ശാസ്ത്രതത്വങ്ങളെയും
സമുദായത്തിന്നു അറിയിപ്പാൻ അവർക്ക് എളുപ്പത്തിൽ കഴിയു
ന്നു. ശാസ്ത്രവിഷയങ്ങളെ ഉപന്യസിക്കുന്ന പത്രങ്ങളും മാസി
കങ്ങളും അവിടെ ധാരാളം ഉള്ളതുകൊണ്ട്, ശാസ്ത്രജ്ഞാനം
ആ രാജ്യങ്ങളിൽ ക്ഷണത്തിൽ പ്രസരിച്ച് ജനങ്ങളുടെ ഹൃദ
യത്തിൽപ്രവേശിച്ചു വേരൂന്നി ഉറയ്ക്കുന്നു. ഈ കാരണങ്ങളാൽ,
ജനങ്ങളുടെ ആചാരം, വിചാരം, വ്യവഹാരം, ഉപജീവന

സംപാദകമായ വ്യാപാരം എന്നിവയെല്ലാം ശാസ്ത്രായത്തമാ യിരുന്നതുകൊണ്ട്, അവൎക്ക നമ്മേക്കാൾ ശ്രേഷ്ഠമായ ബുദ്ധിചാ തുൎയ്യവും കൎമ്മനിഷ്ഠയും പ്രാരബ്ധകാൎയ്യത്തെ സഫലമാക്കി അവ സാനിപ്പാനുള്ള സന്തോഷത്തോടുകൂടിയ ഉത്സാഹവും മററു ഗുണങ്ങളും സിദ്ധിച്ചിരിക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിലെ വിശ്വവിദ്യാലയങ്ങളും വിദ്യാമ ന്ദിരങ്ങളും പാഠശാലകളും അംഗീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ ക്രമങ്ങളും മററും അത്യുത്തമമാകയാൽ നമ്മുടെ യുവാക്കന്മാർ ഉത്തമവിദ്യാസംപാദനത്തിന്നായി വിദേശങ്ങളിൽ ചെന്നു കഷ്ടപ്പെടേണ്ടിവന്നിരിക്കുന്നു അവിടെ ചെന്നിട്ട് അന്യഭാഷാ ദ്വാരാ ജ്ഞാനം സമ്പാദിച്ച് പരീക്ഷാകാലത്ത് അന്യഭാഷയി ൽ ഉത്തരം എഴുതേണം. ഈ ഭൂരിപരിശ്രമങ്ങളാൽ വിദ്യാൎത്ഥി കൾക്ക കഠിനമായ മനഃക്ലേശം ഉണ്ടാകുന്നുവെന്നു സമ്മതി ച്ചേ തീരൂ.

നമ്മുടെ വിശ്വവിദ്യാലയങ്ങൾ ഈ ദേശത്തിലെ ഭാഷക ളെ പഠിക്കേണമെന്നു നിൎബ്ബന്ധിച്ചതുകൊണ്ട്, ഈ ഭാഷകൾ ക്ക ക്ഷണത്തിൽ ഒരു അഭ്യുന്നതി വന്നുകൂടി; ഗദ്യപദ്യകൃതിക ൾ ബഹുലീഭവിച്ചു; ജനങ്ങൾക്ക പുസ്തകങ്ങൾ വായിച്ചു രസാ സ്വാദനത്തിന്നു ശക്തി വന്നു; വൎത്തമാനപത്രങ്ങളും മാസികക ളും മേല്ക്കുമേൽ ആവിൎഭവിച്ചു; ബാല്യദശയിൽതന്നെ, മാതാ വായ മനോവൃത്തിയെ തങ്ങളുടെ ലീലാവിലാസങ്ങളെക്കൊണ്ടു അതിരമിപ്പിച്ചു; ഇങ്ങനെയെല്ലാം ഭാവിശുഭലക്ഷണങ്ങളെ കാ ണിപ്പാൻ തുടങ്ങിയപ്പോൾ ദൌൎഭാഗ്യാതിശയത്താൽ, വിശ്വ വിദ്യാലയത്തിലെ പരീക്ഷകളെ സംബന്ധിച്ച നിബന്ധനങ്ങൾ മാററിയതിനാൽ, ഈ നാട്ടിലെ ഭാഷകളെ പഠിക്കുന്നതിൽ വി ദ്യാൎത്ഥികൾക്ക ശൈഥില്യവും അനാദരവും ഉണ്ടായി ഉപേക്ഷ യിൽ പൎയ്യവസാനിച്ചിരിക്കുന്നതു അത്യന്തം സങ്കടംതന്നെ.

ഇപ്രകാരം മാതൃഭാഷയോടു നൈസൎഗ്ഗികമായിട്ടുള്ള വാ ത്സല്യത്തിന്നു വൈകല്യം വന്നത് ഓൎത്താൽ, 'മംഗളോദയ

ത്തിന്റെ മംഗളം പാടാൻ അവസരമായോ എന്ന പ്രസാധ കന്മാരുടെ ആശംകയ്ക്കു ധാരാളം ആസ്പദം ഉണ്ടെന്നു സമ്മതിച്ചേ തീരൂ. എന്നിട്ടും അധൈര്യപ്പെടാതെ പ്രസാധകന്മാർ സമുദായികചിത്തത്തെ സാനുരാഗം സമാരാധിപ്പാൻ പരിശ്രമിച്ചുവരുന്നതു ശ്ലാഘനീയംതന്നെ. ഈ പ്രശംസാർഹമായ ഉദ്യമത്തിൽ പല വിദ്യാവിത്തുക്കളും ചേർന്നു സ്വസ്വപദവിയിൽ നിന്നു ഒരു പങ്ക് ഇതരന്മാരുടെ യോഗക്ഷേമാർത്ഥമായി ചിലവുചെയ്യുമെന്നു ദൃഢമായി വിശ്വസിക്കുന്നു.

എം. ശേഷഗിരിപ്രഭു

---

നീലാളിക്കേണമേനംഗിരിവരതനയ!
ജാഹ്നവീഗൂഢജാരം
കേളൊക്കെക്കേളിയേറും തിരുവുടലുനിന
ക്കല്ലയോപാതിനൽകീ;
ത്രൈലോക്യാധീശനല്ലോതവപതികളയ്യ
ത്തമ്പുരാനിത്രനല്ലോ
രാളുണ്ടാമോവധൂനാമയിസുമുഖി!സദാ
പിന്തിരിഞ്ഞല്ലവേണ്ടൂ.

ചേലപ്പറമ്പുനമ്പൂരി.

---

## ഭാഷാവിലാസം

---

(പുസ്തകാഭിപ്രായം)

(കോട്ടക്കൽ ലക്ഷ്മീസഹായം അച്ചുക്കൂടം. ഡെമ്മി ൧൩൦ വശങ്ങൾ. വില രൂപ ഒന്ന്. പ്രസാധകൻ മിസ്റ്റർ പി. വി കൃഷ്ണവാരിയർ.)

ഇതിൽ അടങ്ങിയിരിക്കുന്ന കൃതികൾ കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ അവർകളുടെ ൩൪ ശ്ലോകങ്ങളുള്ള

'ശ്രുതിഗീത', പന്തളത്ത് കേരളവൎമ്മതമ്പുരാൻ അവർകളുടെ ൧൬൦ ശ്ലോകങ്ങളുള്ള 'സാഹിത്യസാമ്രാജ്യം', ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ അവർകളുടെ നാല് സൎഗ്ഗങ്ങളായി ൧൬൭ ശ്ലോകങ്ങളുള്ള 'വിനോദിനി', വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ൪൧ ശ്ലോകങ്ങളുള്ള 'ക്ഷത്രിയപ്രഭാവം', ചെറുവാറ ഗോവിന്ദൻ നമ്പൂതിരി അവർകൾ, എ. കെ. ശങ്കരവൎമ്മ തമ്പുരാൻ അവർകൾ, കടത്തനാട്ട് കെ. കൃഷ്ണവാരിയർ അവർകൾ, തേലപ്പുറത്ത് നാരായണൻനമ്പി അവർകൾ, ഇങ്ങനെ നാലുപേർ കൂടി ൪൦ ശ്ലോകങ്ങളായി എഴുതിയ 'നൃർജിഹാൻ അല്ലെങ്കിൽ ജഗൻമ്മോഹിനി' എന്ന ഒരു പദ്യകാവ്യം, ഉള്ളൂർ പരമേശ്വരയ്യർ അവർകളുടെ 'മതവും ശാസ്ത്രവും', തേലപ്പുറത്ത് നാരായണനമ്പി അവർകളുടെ 'ബാധ ഒഴിഞ്ഞു', എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ അവർകളുടെ 'ആധുനിക മലയാളഭാഷ', പി. വി. കൃഷ്ണവാരിയർ അവർകളുടെ 'ആധുനിക ഭാഷാകവികൾ' എന്ന ഗദ്യകൃതികളും ആകുന്നു.

മേൽപ്പറഞ്ഞ പദ്യ ഗദ്യകാരകന്മാരുടെ കൃതികളുടെ മാതൃകകളായി പ്രസ്തുതപ്രബന്ധങ്ങളെ വിചാരിക്കാമെന്നു തോന്നുന്നു. അവരിൽ ഓരോരുത്തരുടെ ആശയങ്ങളെയോ അഭിപ്രായങ്ങളെയോ കുറിച്ച് ഇവിടെ സവിസ്തരം വ്യവഹരിക്കുവാൻ തരമില്ല. കാവ്യനാടകാലങ്കാരങ്ങളിൽ സാമാന്യ വ്യുല്പത്തി എങ്കിലും വരുത്തിയതിനുമേലല്ലാതെ കവിത എഴുതരുത് എന്നു വെച്ചാൽ എത്ര നന്നായിരിക്കും എന്ന് ഉള്ളൂർ പരമേശ്വരയ്യർ ചോദിക്കുന്നതിൽ കുറെ വാസ്തവമുണ്ട്. എങ്കിലും, കവിത എന്നത് ഇവിടെ പദ്യമെന്ന അൎത്ഥത്തിലല്ലേ ഉപയോഗിച്ചിരിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 'കാവ്യനാടകാലങ്കാരജ്ഞാനം ഒരുവനെ കവിയാക്കിത്തീൎക്കുന്നതല്ല. നേരേമറിച്ച്, കവിയുടെ മനോഭാവങ്ങൾ ആരിൽനിന്ന് ജന്മനാ പുറപ്പെടുന്നുവൊ, ആ ആൾക്ക് ഈ വക ജ്ഞാനം അപരി

ത്ത്യാജ്യവുമല്ല. 'കവിതാവനിതാചൈവ സ്വയമേവാഗതാവരാ' എന്നാണല്ലോ പ്രമാണം. ലോകത്തിലെ മഹായോഗ്യരായ കവികളെല്ലാവരും കാവ്യനാടകാലങ്കാരങ്ങൾ ഗ്രഹിച്ച് തീൎന്നിട്ട് കാവ്യങ്ങളെഴുതുവാൻ തുടങ്ങിയവരല്ല. ഷേക്സ്പിയർ, ബറൻസ്, എന്നിവർ ഉയൎന്നതരം വിദ്യാഭ്യാസംപോലും ഇല്ലാത്തവരായിരുന്നു. വ്യുൽപ്പത്തികൊണ്ട് കവികളായിത്തീരാമെന്നുള്ള ആകാംക്ഷയെ ധൈൎയ്യപ്പെടുത്തരുതാത്തതാണ്. പ്രപഞ്ചത്തിലെ ഓരോ സംഗതികളെ സാധാരണന്മാരെപ്പോലെ അല്ലാതെ നവീനരീതിയിലും വായനക്കാൎക്ക് സന്തോഷവും അത്ഭുതവും തോന്നത്തക്കവിധത്തിലും കണ്ട്, ആ ഭാവനകളെ രേഖപ്പെടുത്തുന്നവരാണ് യഥാൎത്ഥകവികൾ. അത് പദ്യരൂപത്തിലായാൽ കൎണ്ണസുഖം വിശേഷിച്ചുണ്ടാകും എന്നേയുള്ളു. കവികളുടെ സ്വാതന്ത്ര്യത്തിനു അതിരുവെച്ചുകൂടാത്തതാണ്.

ഓരോ ഭാഷകളിലും, വാക്കുകൾക്കെന്നപോലെ, വാചകങ്ങൾക്കും വാക്യങ്ങൾക്കും ഒരോരോ പ്രത്യേക സ്വഭാവമുണ്ടായിരിക്കുമെന്നും, പ്രായേണ വാക്കുകളുടെ ബന്ധക്രമമാണ് ആ സ്വഭാവത്തിനടിസ്ഥാനമെന്നും, അതു നല്ലവണ്ണം പ്രകാശിച്ചാൽ മാത്രമെ വാചകത്തിനു ജീവനുണ്ടാകയുള്ളു എന്നും, വാചകത്തിൻെറ ജീവനാണ് ആശയപുഷ്ടിക്കുള്ള പ്രധാനാസ്പദം എന്നുമുള്ള എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ അവർകളുടെ അഭിപ്രായം വളരെ ശരിയാണെന്ന് എനിക്ക് തോന്നുന്നു. ഈ വിഷയത്തിൽ ഇംഗ്ലീഷും മലയാളവും തമ്മിൽ സ്വഭാവത്താലെ തന്നെ വളരെ വ്യത്യാസമുണ്ട്. ആദ്യത്തേതിൽ ഒരുനോട്ടത്തിന് ഒരു വാക്യത്തിൻെറ നാനാഭാഗങ്ങളുടെ സംബന്ധങ്ങളെ തിരിച്ചു കാണുവാൻ എളുപ്പമുണ്ട്. ഈ സൌകൎയ്യം മലയാളഭാഷയിൽ ഇല്ല. വാചകം മുഴുവനും വായിച്ചാലെ അൎത്ഥം ഗ്രഹിച്ചുകൂടു. അതിനാൽ, നിവൃത്തി ഉള്ളെടത്തോളം, പദ്യമായാലും, ഗദ്യമായാലും വായനയോടുകൂടിത്തന്നെ അൎത്ഥവും ഗ്രഹിക്കുവാൻ കഴിയത്ത

ക്ക രീതിയിൽ എഴുതുക എന്നതിന്റെ ആവശ്യം സ്പഷ്ടമാകുന്നു. ഈ തോതിന് കുഞ്ചൻനമ്പ്യാരുടെ പദ്യങ്ങൾ എത്രമാത്രം അനുസരിക്കുന്നു എന്ന് വായനക്കാൎക്ക് അറിയാമല്ലൊ.

ഇംഗ്ലീഷ് കവിതകളെ ഭംഗിയായി മലയാളത്തിൽ ഭാഷാന്തരീകരിക്ക എന്ന അഭിപ്രായം എത്രത്തോളം സ്വീകാൎയ്യയോഗ്യമെന്ന് അറിയുന്നില്ല. ഗതാനുഗതികത്വം അധികമായിരിക്കുന്ന നമ്മുടെ ഇടയിൽ ആ സമ്പ്രദായം പ്രവേശിക്കാതിരിക്കേണമെന്നും, യഥാൎത്ഥകവിത ഉള്ളവർ ആ വക ആശ്രയത്തിനു പുറപ്പെടാതെ സ്വതന്ത്രന്മാരായിരിക്കേണമെന്നുമാണ് എന്റെ അഭിപ്രായം. പരദേശഭാഷാജ്ഞാനമില്ലാത്ത നമ്മുടെ നാട്ടുകാരുടെ അറിവിന്നായി പ്രകൃതിശാസ്ത്രതത്വങ്ങളെ ഇതരഭാഷകളിൽ നിന്ന് മലയാളത്തിൽ എളുപ്പമായ രീതിയിൽ പ്രതിപാദിക്കുന്നത് ലോകോപകാരമുള്ള ഒരു കാൎയ്യമായിരിക്കും. വായനക്കാൎക്ക് രസം, സുഗ്രഹത, പ്രയോജനം, ഈ തോതുകളാണ് ഗ്രന്ഥനിൎമ്മാണത്തിൽ, പദ്യമായാലും ഗദ്യമായാലും, ഉപയോഗിക്കേണ്ടത്. പദ്യമെഴുതുന്നവരെയൊക്കെ കവി, കവി, എന്നു ഘോഷിക്കുവാൻ തുടങ്ങിയാൽ, അവർ ആ നാമത്തിന് അൎഹതയുള്ളവരാണെന്നു ധരിപ്പാനും ഭാഷാസാഹിത്യത്തിന്ന് അപകൎഷം വരുവാനും ഇടയുണ്ട്.

സി. അന്തപ്പായി.

## തപതീസംവരണം

---

ഒന്നാമങ്കം.

(രാജാവും വിദൂഷകനും ചുററിനടക്കുന്നു)

വിദൂ—(ഭയത്തോടെ തിരിഞ്ഞിട്ട്) തോഴരെ; നമുക്ക് ഓടിക്കളയാം. ഇവിടെ ഭയങ്കരമായ യുദ്ധം നടക്കുന്നു.

രാജാ—എന്താണ് അകാരണമായിട്ടു സംഭ്രമിക്കുന്നത്?

വിദൂ—ഇപ്രകാരമുള്ള പ്രാണസംശയമല്ലാതെ വേറെ എന്താ

ണ് സംഭ്രമത്തിനു കാരണം?

രാജാ — ഇവിടെ പ്രാണസംശയത്തിന് എന്താണവകാശം?

വിദൂ — (ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇതാ, ഈ മരതകക്കല്ലിന്റെ പുറത്തു രക്തം പ്രവഹിച്ചിരിക്കുന്നു.

രാജാ — (അടുത്തുചെന്നുനോക്കി, പുഞ്ചിരിയോടുകൂടി) സഖേ! യുദ്ധം വാസ്തവമായി സംഭവിച്ചതുതന്നെ. ഏതോ ഒരു ദിവ്യയുവതിയുടെ

ലാക്ഷാവിഷംതടവിടുന്നപദാബ്ജബാണം
വക്ഷസ്സിലംഗഭവനെയ്തുമോറുകൊണ്ട്
ഇക്ഷോണിഭാഗമതിലീട്ടുനീലരത്നം
പ്രക്ഷിപ്തമായ കരമാന്നു കിടന്നിടുന്നു. ൧൫

വിദൂഷകൻ — എന്നാൽ, ഭവാൻ ഈ കാലടികൾ ഒരുദിവ്യസ്ത്രീയുടെ ആണെന്നു എന്തുകൊണ്ടാണ് നിശ്ചയിച്ചത്?

രാജാ — ഇതാ ഈ അശോകവൃക്ഷത്തിന്റെ ഇലകളിൽ ചെമ്പഞ്ഞിച്ചാറു കാണുന്നു. ഇത് ആകാശത്തുനിന്നും ഇറങ്ങിയപ്പൊൾ പറ്റിയതാണ്.

വിദൂ — ശരി. എന്നാൽ ഇതാ വേറെ രണ്ടു കാലടികൾകൂടിക്കാണുന്നു. ഇവയെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്? അല്ലെങ്കിൽ, ഞാൻതന്നെ ഇതിനെ സാവധാനം വ്യാഖ്യാനിച്ചുനോക്കാം.

(എന്ന് കണ്ണടച്ചു ധ്യാനിക്കുന്നു)

(അനന്തരം പരിവാരങ്ങളോടുകൂടെ രാജ്ഞി പ്രവേശിക്കുന്നു)

രാജ്ഞി — സഖി! ഉൽപലികെ! ആര്യപുത്രവിരഹത്താൽ പീഡിതമായിരുന്ന എന്റെ ഹൃദയം സന്താനമുണ്ടാകുമെന്നുള്ള കൌതുകംകൊണ്ട് ഇതുവരയും പൊട്ടിപ്പോകുന്നതിന് ഇടയായില്ല. ഇപ്പൊൾ വ്രതത്തിൽനിന്നും നിവൃത്തിച്ചിരിക്കുന്നതുകൊണ്ട് ദുസ്സഹമായ ഈ വിരഹം ക്ഷണംപോലും താമസിക്കുന്നതിന് എന്നെ അനുവദിക്കുന്നില്ല. അതുകൊണ്ട് ഞാൻ ഉടൻതന്നെ ആര്യപുത്രന്റെ ദർശനോത്സവത്തെ അനുഭവിക്കുന്നുണ്ട്.

ചേടി—ദേവീ! വർഷകാലത്തിൽനിന്നു വേർപെട്ട 'ശരൽക്കാല ചന്ദ്രന്റെ ചന്ദ്രിക കുമുദാകരത്തോടുതന്നെയാണല്ലൊ ചേരേണ്ടത്. അതുകൊണ്ടു ദേവി വരണം, വരണം.

വിദൂ—തോഴരെ! അടഞ്ഞിരിക്കുന്ന എന്റെ കണ്ണുകൾ മാത്രമല്ല മനസ്സും അന്ധകാരംകൊണ്ടു നിറഞ്ഞിരിക്കുന്നു. അതുകൊണ്ട്, തോഴർതന്നെ വ്യാഖ്യാനിച്ചാൽ മതി

രാജാ—ഇവിടെ അറിവാൻ പ്രയാസമായിട്ട് എന്താണുള്ളത്? ഇവ അവളുടെ സഖിയുടെ ചാദങ്ങളായിവരാനെ അവകാശമുള്ളു.

വിദൂ—ഇതും യോജിക്കുന്നു. (മുകളിലോട്ടു നോക്കീട്ട്) അഹോ! ഇതാ ആകാശത്തുനിന്ന് മാംസഖണ്ഡം വന്നു വീഴുന്നു. സ്വർഗ്ഗത്തിൽ ഭയങ്കരമായ ദേവാസുരയുദ്ധം നടക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

ചേടി—(ചെവികൊടുത്തിട്ട്) ഇവിടെ ആര്യനായ പാരാശര്യൻ സംസാരിക്കുന്നതുപോലെ തോന്നുന്നു. അതിനാൽ മഹാരാജാവിനെയും ഇവിടെത്തന്നെ കാണുമെന്നു ഞാൻ വിചാരിക്കുന്നു.

രാജ്ഞി—സഖീ! ഇപ്രകാരമാണെങ്കിൽ, അല്പനേരം ഈ വള്ളിക്കുടലിനു മറഞ്ഞുനിന്ന് ഇവരുടെ സൈ്വരസല്ലാപത്തെ കേൾക്കുകതന്നെ. (അപ്രകാരം ചെയ്യുന്നു.)

രാജാ—(നോക്കീട്ട്) ഇത് മാംസഖണ്ഡമല്ല. കല്പകവൃക്ഷത്തിന്റെ തളിരുകൊണ്ടുണ്ടാക്കിയ ഏതോ ഒരുത്തിയുടെ

അത്യന്തംസ്വേദമേന്തുന്നൊരുകവിളൊടുചേർന്നേറ്റവുംധന്യമാകും
പത്തിക്കീററൊട്ടിമിന്നുംമണിമയദളവും,പാറുവാൻഭൃംഗജാലം
എത്തിത്തത്തുമ്പൊളാടുംകുറുനിരമലരിൻഗന്ധവത്താംരജസ്സും
മെത്തുംഭംഗ്യാകലർന്നിട്ടുമരുമൊരുമനോഹാരിയാംകർണ്ണപൂരം (ഫന്റ

രാജ്ഞി—സഖീ! ഈ കർണ്ണാഭരണവൃത്താന്തം എനിക്കു പ്രബലമായ സംശയത്തെ ജനിപ്പിക്കുന്നു.

ചേടി—ദേവി! ഇത്രമാത്രംകൊണ്ട് ഒന്നും തീൎച്ചപ്പെടുത്താൻ പാടില്ല. ശേഷവും സാവധാനം കേൾക്കാം.

വിദൂ—അയ്യയോ തോഴരെ! എന്റെ അഭിപ്രായം ജലരേഖ പോലെയായിത്തീൎന്നു. ഇനി ഈ കൎണ്ണാഭരണം ഇവരിൽ വെച്ച് ആരുടേ ആണെന്നറിയുന്നതിന് ഭവാന് ശക്തിയുണ്ടോ?

രാജ—(വിരല് ചൂണ്ടിക്കൊണ്ട്) ഈ കാണുന്ന പാദരേഖ ഏതൊരുത്തിയുടെയൊ ആയവളുടെ കൎണ്ണത്തെ അലങ്കരിച്ചിരുന്നതെന്നാണ് ഞാൻ വിചാരിക്കുന്നത്.

വിദൂ—ഇതിനുള്ള കാരണമെന്താണ്?

രാജാ—ഈ കാലടിയിലും കൎണ്ണാഭരണത്തിലും ഒരുപോലെ വിയൎപ്പുതുള്ളികൾ കാണുന്നതുതന്നെ.

രാജ്ഞി—ഇപ്പൊൾ പാദത്തിന്റെ കഥയും വന്നിരിക്കുന്നു.

ചേടി—ഇതുകൊണ്ടെന്താണ്?

വിദൂ—തോഴരെ! ആകാശഗമനംകൊണ്ടുള്ള ക്ഷീണം ഇവൎക്ക രണ്ടുപേൎക്കും തുല്യമാണല്ലൊ; പിന്നെ എങ്ങനെയാണ് ഒരുത്തിക്കമാത്രം വിയൎപ്പുണ്ടായത്?

രാജാ—മാൎഗ്ഗശ്രമം കൊണ്ടുണ്ടായതല്ല. ഇത്, ഏതോ ഒരു ധന്യനായ യുവാവിനെ

ശങ്കിച്ചിടാതെപുരികക്കൊടിയിട്ടുവെട്ടി
കൺകോണുകൊണ്ടുമിതരാഗമൊടാസ്വദിക്കും
തിങ്കൾപ്രസന്നമുഖിതൻപുളകങ്ങൾപൊങ്ങു
മംഗത്തിലംഗജനെഴുംപ്രഥമപ്രവേശം (൧൪)

വിദൂ—മനുഷ്യലോകത്തിൽ ദിവ്യസ്ത്രീകളുമാഗ്രഹിക്കത്തക്കവണ്ണം ഭവാനല്ലാതെ വേറെ ആരാണുള്ളത്? അതുകൊണ്ട് അവളുടെ കടാക്ഷശരത്തിന്നു ലാക്കായത് അങ്ങുന്നുതന്നെയാണെന്നാണ് അല്പജ്ഞനായ ഈ ഞാൻ ഊഹിക്കുന്നത്.

രാജ്ഞി—സഖീ! നീ മാണവകൻ പറഞ്ഞതു കേട്ടില്ലെ?

ചേടി—ഞാൻ കേട്ടു. ഇതുകൊണ്ട് മഹാരാജാവു തിരുമന

സ്സിലേക്ക് എന്താണ് അപരാധം?

രാജ്ഞി— അദ്ദേഹം അപരാധിയാണെന്ന് ആരു പറഞ്ഞു?

വിദൂ—(സാവധാനം കണ്ഠാഭരണത്തിൽ നോക്കിക്കൊണ്ട്) അല്ലയോ തോഴരെ! ആശ്ചര്യം, ആശ്ചര്യം! ഇതിൽ എന്തോ ഒരു ശാസ്ത്രം എഴുതിയിരിക്കുന്നു.

രാജാ— (പുഞ്ചിരിയോടുകൂടെ) എന്നാൽ ആ ശാസ്ത്രത്തെ വായിക്കേണം.

വിദൂ— (വായിക്കുന്നു.) അ- ഘ- ചാ- എ- എ- അ- ഇ- എ- ചെ- ശ- അ- വി- അ- നേ- മാ- ആ- ത- എ- സൌ- ഒരു വിധം അക്ഷരം മാത്രം വായിച്ചു; അർത്ഥമെന്താണെന്നറിഞ്ഞുകൂടാ. അതു ഭവാൻ തന്നെ പറയേണം.

രാജാ— ഇവ കാമസന്ദേശരൂപമായ ഒരു പദ്യത്തിലുള്ള പദങ്ങളുടെ ആദ്യാക്ഷരങ്ങളാണെന്നാണ് ഞാൻ സംശയിക്കുന്നത്.

വിദൂ— ഇതിനെ പൂരിപ്പിച്ചു നഖംകൊണ്ട് എഴുതിക്കാണിക്കുകയാണെങ്കിൽ, ഇതുകൊണ്ടാണ് ഭവാന്റെ ബുദ്ധികൌശലമറിയേണ്ടത്.

(രാജാവ് കണ്ഠാഭരണം വാങ്ങി അപ്രകാരം ചെയ്തു കൊടുക്കുന്നു.)

വിദൂ— (വായിക്കുന്നു.)

അലിവുഘനവരങ്കൽ ചാതകിക്കേറെയേറീ
ടില്ലുമവളിവിടേത്തും ചെയ്യുവാൻശക്തയല്ല
വിലസിടുമവൾനേത്രംമാത്രമാനന്ദബാഷ്പാ
വിലത,തടവിയേന്തീടുന്നുസൌഖ്യാതിരേകം. (൧൭)

വിദൂ— തോഴരെ! അഞ്ജനും മൂഷികനും ഒരുപോലെ തന്നെയാണ്. അവൻ ചെറുതായ ദ്വാരത്തെയും വളരെ വലുതാക്കിത്തീർക്കുന്നു. അഞ്ജനും അഞ്ചാറക്ഷരങ്ങളെ മഹത്തായ ഗ്രന്ഥസന്ദർഭത്തെ ഉണ്ടാക്കിയിരിക്കുന്നു. ഇതു പോകട്ടെ. ഞാൻ രഹസ്യമായിട്ടു ഭവാനോട് ഒന്നു ചോദിക്കുന്നു. ഈ പാദദർശനം മുതല്ക്കു ഭവാന്റെ ആകൃതിക്ക് എന്തോ ഒരു വ്യ

ത്ത്യാസം വന്നതുപോലെ കാണുന്നു. കാമനും കടന്നുകൂടിയിട്ടുണ്ടോ?

രാജ്ഞി__ സഖീ! എനിക്കും ഇതാണ് സംശയം.

ചേടി__ ദേവീ! തിരുമനസ്സിലെ മറുപടി കേട്ടശേഷം നിർണ്ണയിക്കാം.

രാജാ__ (ആത്മഗതം) അഹോ! മാണവകന്റെ വാക്ക് എന്റെ അനുഭവത്തോടൊത്തിരിക്കുന്നു. അദൃഷ്ടവിഷയമായ ഒരു ഉൽകണ്ഠ എന്റെ മനസ്സിനെ സ്പൃശിക്കുന്നതുപോലെ തോന്നുന്നു. (പ്രകാശം) സഖെ! അന്യഥാ വിചാരിച്ചിട്ടാവശ്യമില്ല. വിസ്മയംകൊണ്ടു മാത്രമാണ് ഈ വികാരമുണ്ടായത്.

ചേടി__ ദേവീ! കേട്ടില്ലേ?

രാജ്ഞി__ നീ വെറും മുഗ്ദ്ധയാണ്. ഇദ്ദേഹത്തെപ്പോലെയുള്ള ഗംഭീരാശയന്മാർ ഹൃദയത്തെ പ്രകാശിപ്പിക്കയില്ല.

വിദൂ__ (ഗന്ധമേൽക്കുന്നതായി നടിച്ചിട്ട്) തെക്കെ ദിക്കിൽനിന്നു മന്ദവായു വളരെ സൌരഭ്യത്തോടുകൂടെ വീശുന്നു. അതുകൊണ്ട് ആ ദിവ്യസ്ത്രീ അവിടെ നില്ക്കുന്നുണ്ടായിരിക്കേണം. ആകട്ടെ, നോക്കുകതന്നെ.

രാജാ__ മൂഢാ! പ്രഭാവംകൊണ്ടു ശരീരത്തെ മറച്ചിരിക്കുന്ന ആ ദിവ്യജനത്തെ എങ്ങനെയാണ് അന്വേഷിച്ചാൽ കാണുന്നത്?

വിദൂ__ ചിലപ്പോൾ തിരസ്കരണീവിദ്യയില്ലാതെയും നില്ക്കുമെന്നു ഞാൻ കേട്ടിട്ടുണ്ട്. അതിനാൽ ഞാൻ ചെന്ന് അറിയുന്നുണ്ട്.

(ചുററിനടന്നു നേരെ നോക്കി അഹംഭാവത്തോടുകൂടെ)

മൂഢനായ ഞാൻ നിമിത്തം വിവേകിയായ അങ്ങുന്നും ആ ദിവ്യസ്ത്രീയെക്കാണുന്നതിന് ഇടയായി. വേഗം വരു. വേഗം വരേണം. (എന്നു രാജാവിനെ ആകർഷിക്കുന്നു.)

രാജാ__ ഇത് അവസാനം ഭ്രമമായി വരാനെ ഇടയുള്ളൂ. ആക

ട്ടെ, നോക്കുന്നുണ്ട്. (അടുത്തുചെന്നു നോക്കി, ലജ്ജാഭാവത്തിൽ വിദൂഷകനോടു രഹസ്യമായിട്ട്,) അല്ല, ഇവൾ ദേവിയാണല്ലൊ. ഭവാന്റെ ചാപല്യങ്ങളുടെ അവസാനമെല്ലാം ഇപ്രകാരമിരിക്കും.

വിദൂ— വിശപ്പുകൊണ്ടു നല്ലവണ്ണം കണ്ണു കാണാതിരുന്നതുകൊണ്ടാണ് ഞാൻ ദേവിയെക്കണ്ടു ദിവ്യസ്ത്രീയാണെന്നു ഭ്രമിച്ചുപോയത്.

രാജ്ഞി— പാരാശര്യാ! സംശയിച്ചിട്ടാവശ്യമില്ല. ആ കണ്ണാടരണവും പാദങ്ങളും ഏതൊരുത്തിയുടെ ആണൊ അവൾ ഞാനല്ല.

വിദൂ— (രഹസ്യമായിട്ട്) തോഴരെ! അത്രഭവതി എല്ലാം കേട്ടിരിക്കുന്നു. ഇന്നലെ മുതല്ക്കു ഇവിടെ നില്ക്കുകയായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്.

രാജാ— (പ്രകാശം) ദേവീ! ഭവതിയെന്താണ് അസ്ഥാനത്തിൽ കോപിക്കുന്നത്? ഈ അത്ഭുതരസമാണ് ഇവിടെ അപരാധിയായിട്ടുള്ളത്.

രാജ്ഞി— ഞാൻ കോപിക്കുന്നു എന്നു മഹാരാജാവു തന്നെയാണല്ലൊ പറയുന്നത്.

രാജാ— അയ്യയോ പ്രിയെ! ഇപ്രകാരം പറയരുത്.

നേരേവെട്ടുംവിഷമതരയാംചില്ലി,ബാഷ്പംതടുക്കാ
നേറുംയത്നാം,പ്രണയഭവമാംകോപമാണുള്ളഹാസം,
ആരാൽക്കമ്പംതടവിയകുചം,നീയിവണ്ണംവൃഥാമാം
സാരംഗാക്ഷീമണിതിലകമേ!സംഭ്രമിപ്പിച്ചിടുന്നു. (ഗന്ധ)

ചേടി—ദേവീ! പ്രസാദിക്കേണം, പ്രസാദിക്കേണം. തിരുമനസ്സുകൊണ്ട് അനപരാധിയാണ്.

രാജ്ഞി— ശരി. വ്രതം നോററു ക്ഷീണിച്ചിരിക്കുന്ന ഞാൻ ഉത്തരോത്തരം സംസാരിക്കുന്നതിനു ശക്തയല്ല. (എന്നു പരിവാരങ്ങളോടുകൂടെ പോകുന്നു.)

രാജാ— അല്ലാ, ദേവി പോയിക്കഴിഞ്ഞൊ?

(അണിയറയിൽ വൈതാളികന്മാർ)

ആദിത്യഭഗവാൻ ആകാശമദ്ധ്യത്തിലായിരിക്കുന്നു.

(ഒന്നാം വൈതാളികൻ)

നന്ദിച്ചിമ്മധുകൃത്തൊടൊത്തമൃതുപോലാസ്വാദ്യമാണെങ്കിലും
നന്നായ്ചൂടുപിടിച്ചപൂമധുവിനെത്തള്ളുന്നു ഭൃംഗാംഗനാ
എന്നല്ലീവെയിലേല്ക്കുകൊണ്ടുതളരുംമെയ്യൊന്നൊതുക്കീട്ടിതാ
ചേർന്നിടുന്നിവളാത്മവല്ലഭനെഴുംപക്ഷങ്ങളിൻതൻഛായയിൽ. ()

(രണ്ടാം വൈതാളികൻ)

കത്തീടുംമൃഗതൃഷ്ണയിൽഭ്രമമൊടുംദാഹാർത്തിയേറുംമൃഗം
ശൈത്യംപൂണ്ടൊരുസത്യസാരസജലംകാണാൻകുഴങ്ങുന്നിതാ
അത്യന്തംരവിതപ്തമായിട്ടമൊരിപ്പുവില്ലതൻകൈകളിൽ
ചേർത്തിട്ടൊന്നുതുടസ്ഥവാനിവിടൊരുങ്ങുന്നില്ലപുഷ്പായുധൻ. (പ്രവ

വിദൂ — വൈതാളികന്മാർ എന്നെ ജീവിപ്പിച്ചു. തോഴരെ! കുളിക്കുന്നതിനു വേഗം വരേണം. നായാട്ട് അടുത്ത ദിവസം രാവിലെ ആകട്ടെ. കാട്ടിൽ വിഭവത്തോടുകൂടിയ ഭക്ഷണം ദുർല്ലഭമാണ്. അതുകൊണ്ട് ഇഷ്ടംപോലെ മൃഷ്ടമായി ഭക്ഷിക്കാം.

രാജാ — ഭവാന്റെ ഇഷ്ടസിദ്ധി മാത്രമല്ല. ദേവിയേയും സമാധാനപ്പെടുത്തേണം. അതുകൊണ്ട് ഉള്ളിൽ തന്നെ പ്രവേശിക്കാം.

(എന്ന് എല്ലാവരും പോയി.)

ഒന്നാമങ്കം സമാപ്തം.

പുതുപ്പള്ളിൽ പി. കുഞ്ഞുപ്പണിക്കർ.

---

## കൃഷ്ണകണ്ണന്റെ മരണപത്രം.

---

അദ്ധ്യായം ൪.

അന്നു രാത്രി, ഏകദേശം എട്ടുമണി സമയത്ത്, കൃഷ്ണകണ്ണൻ അദ്ദേഹത്തിന്റെ ശയ്യാഗൃഹത്തിൽ കിടക്കയിലിരുന്നു, ലഹരിദ്രവ്യങ്ങളിൽ വെച്ച് ഏററവും ശക്തിയുള്ള കഞ്ചാവു വ

ലിച്ചു പരമാനന്ദമായി ആടിക്കൊണ്ടിരുന്നു. * ഈ ആട്ടത്തിനിടയിൽ, തന്റെ മരണപത്രം ഒരു പണയാധാരമായി തീൎന്നതായും, പണയാവകാശത്തെ വില്ക്കുവാൻ വെച്ചിരിക്കുന്നതായും, തന്റെ സ്വത്തെല്ലാം ഹരലാലൻ മൂന്നേമുക്കാലേമുണ്ടാണി ത്രപ്പെയ്ക്കു വാങ്ങിയതായും അദ്ദേഹത്തിന്നു തോന്നി. അപ്പൊഴക്കും മരണപത്രം ഒരു ദാനാധാരമല്ലെന്നും ഒരു വെറും കടശ്ശീട്ടാണെന്നും അദ്ദേഹത്തിനോട് ആരൊ പറഞ്ഞു എന്നു കൃഷ്ണകണ്ഠൻ വിചാരിച്ചു. ഉടനെ, സകല ദേവന്മാരുടേയും രാജാവായ ബ്രഹ്മാവിന്റെ പുത്രനായ വിഷ്ണു ഒരു പാത്രം കഞ്ചാവു ശ്രീമഹാദേവനോടു കടം വാങ്ങി എന്നും, അതിന്നു പകരം ഒരു ശീട്ടെഴുതി ഒപ്പിട്ടു കൊടുത്തു എന്നും, ഇഹലോകത്തിന്മേൽ സ്ഥാപിച്ചും കയ്യാലും കൊടുപ്പാനുള്ള നിശ്ചയങ്ങളോടുകൂടി ഒരു പണയം കൊടുത്തു എന്നും അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. കഞ്ചാവിന്റെ ലഹരി നിമിത്തം മഹാദേവൻ പണയ എടവാടിന്നു വസ്തു എടുപ്പാൻ മറന്നുവത്രെ. * അസംബന്ധങ്ങളായ ഈ വക വിചാരങ്ങളോരോന്നു കൃഷ്ണകണ്ഠന്റെ ഉള്ളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സമയത്താണ്, രോഹിണി പതുക്കെ അകത്തു കടന്നുവന്ന്, 'വലിയച്ഛാ! എന്താ ഉറങ്ങുകയാണൊ?' എന്നു ചോദിച്ചത്. രോഹിണി കൃഷ്ണകണ്ഠനെ, ബഹുമാനസൂചകമായി, ഈവിധമാണ് വിളിച്ചുവന്നത്.

കൃഷ്ണകണ്ഠൻ ആടിക്കൊണ്ടുതന്നെ, 'ആരാണത്? നന്ദിയോ? എടവാട് ഉടനെ തീൎക്കേണമെന്നു നിന്റെ എജമാനനോടു പോയി പറ.' എന്നു മറുപടിയും കൊടുത്തു.

പതിവുപോലെ, കൃഷ്ണകണ്ഠൻ കഞ്ചാവിന്റെ മത്തുകൊണ്ടിരിക്കയാണെന്നു രോഹിണിക്കു മനസ്സിലായി. അവൾ ചിരിച്ചുകൊണ്ട് 'ആരാണ് നന്ദി?' എന്നു ചോദിച്ചു.

കൃഷ്ണകണ്ഠൻ, തല ഉയൎത്താതെതന്നെ, 'ഞാൻ പറഞ്ഞ

---

* ഈ അടയാളങ്ങൾക്കുള്ളിലുള്ള ഭാഗം എന്റെ ഭൎത്താവു പരിഷ്കരിച്ചു ചേൎത്തതാണ്.

ത്തു ശരിതന്നെയാണ്. നന്ദി ആ വൃന്ദാവനത്തിലെ ആ പാൽക്കാരിയുടെ വെണ്ണ മുഴുവൻ തിന്നു തീർത്തു. ഇതുവരെ അതു തിരിച്ചുകൊടുത്തിട്ടുമില്ല.' എന്നു പറഞ്ഞു.

രോഹിണി അപ്പോൾ പൊട്ടിച്ചിരിച്ചതുകാരണം, കൃഷ്ണകണ്ണൻ ഒന്നു ഞെട്ടിപ്പോയി. അയാൾ തല ഉയർത്തി, രോഹിണിയെ നോക്കിക്കൊണ്ട്, 'അതാരാണ്? അശ്വതിയൊ, ഭരണിയൊ, കാർത്തികയൊ?' എന്നു ചോദിച്ചു.

രോഹിണി—'മകീരം, തിരുവാതിര, പുണർതം, പൂയം.'

കൃഷ്ണകണ്ണൻ—'ആയില്യം, മകം, പൂരുരുട്ടാതി.'

രോഹിണി—'വലിയച്ഛാ, അങ്ങയുടെ അടുക്കൽനിന്നു ജ്യോതിശ്ശാസ്ത്രം പഠിക്കാനാണൊ ഞാൻ വന്നിരിക്കുന്നത്?'

കൃഷ്ണകണ്ണൻ—'പിന്നെ നിനക്കെന്താ വേണ്ടത്? കുറച്ചു കഞ്ചാവു വേണൊ?'

രോഹിണി—'അതിനാണ് ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾക്കു തോന്നുന്നുണ്ടൊ? നിങ്ങൾ കഞ്ചാവിനേക്കാൾ മുമ്പു ജീവനെ ഉപേക്ഷിക്കുമല്ലൊ. അമ്മാമൻ പറഞ്ഞയച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത്.'

കൃഷ്ണകണ്ണൻ—'എന്തിനായിട്ട്? കഞ്ചാവിനൊ?'

രോഹിണി—'അല്ലാ വലിയച്ഛാ, അതിനല്ല. അങ്ങയുടെ ആ മഹാത്മ്യമേറിയ കഞ്ചാവ് എനിക്കുവേണ്ട. ഇന്നെഴുതിയ ആധാരത്തിൽ വലിയച്ഛൻ ഒപ്പിട്ടിട്ടില്ലെന്ന് എന്റെ അമ്മാമൻ പറയുന്നു.'

കൃഷ്ണകണ്ണൻ—'എന്താണത്? ഞാൻ ഒപ്പിട്ടിട്ടുണ്ടെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്.'

രോഹിണി—'ഇല്ല, അതിൽ വലിയച്ഛൻ ഒപ്പിട്ടിട്ടില്ലെന്നാണ് തോന്നുന്നതെന്ന് അമ്മാമൻ പറയുന്നു. ആട്ടെ, എന്തിനാണ് നാം അത്ര സംശയിക്കുന്നത്? നിങ്ങൾക്കെടുത്തുനോക്കരുതെ?'

കൃഷ്ണകണ്ണൻ—'ആവാമല്ലൊ, ഒരു വെളിച്ചം കാണിച്ചുതരു, ഞാൻ നോക്കട്ടെ.'

എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ തലയണയുടെ ചുവട്ടിൽനിന്നു കൃഷ്ണകണ്ണൻ ഒരു താക്കോലെടുത്തു. രോഹിണി അവിടെയുണ്ടായിരുന്ന ഒരു വിളക്കെടുത്ത് അദ്ദേഹത്തിനു കാണിച്ചുകൊടുത്തു. കൃഷ്ണകണ്ണൻ ഒന്നാമത് ഒരു ചെറിയ കൈപ്പെട്ടി തുറന്ന് അതിൽനിന്ന് ഒരു താക്കോലെടുത്ത് അതുകൊണ്ടു തുറന്ന് ഒരു വലിപ്പിൽനിന്ന് ആ പുതിയ ആധാരത്തെ തപ്പിയെടുത്തു. അതിനുശേഷം, അദ്ദേഹം അദ്ദേഹത്തിന്റെ കണ്ണടയെടുത്ത് അതിനെ മൂക്കിന്മേൽ വെപ്പാൻ ശ്രമിച്ചുതുടങ്ങി. കഞ്ചാവിന്റെ മത്തുകൊണ്ട് അപ്പൊഴും അദ്ദേഹത്തിന്റെ തല ആടിക്കൊണ്ടിരുന്നതിനാൽ, കണ്ണടയെ ശരിയായി ഉറപ്പിച്ചുവെക്കുന്നതിനു വളരെ സമയം വേണ്ടിവന്നു. കണ്ണട ശരിയായി ഉറച്ച ശേഷം, കൃഷ്ണകണ്ണൻ മരണപത്രത്തിൽ നോക്കി ചിരിച്ചുകൊണ്ട്, 'രോഹിണി, എനിക്കു വയസ്സായെന്നും ബുദ്ധിക്കോമ്മശക്തി കുറഞ്ഞു എന്നുമല്ലെ നീ വിചാരിക്കുന്നത്? നോക്ക്! ഇതാ എന്റെ ഒപ്പ്.' എന്നു പറഞ്ഞു.

രോഹിണി—'ശിവ! ശിവ! അത്രയധികം വയസ്സായിട്ടില്ല. ഞങ്ങളെ പേരക്കുട്ടികൾ എന്നു വിളിക്കുന്നു അത്രേയുള്ളു, എങ്കിലും അതു സാരമില്ല. ആട്ടെ, ഞാൻ പോണു. ഞാൻ പോയി ഈ വിവരം അമ്മാമനോടു പറയട്ടെ.'

* * * * * * *

പാതിരാവായ സമയം, കൃഷ്ണകണ്ണൻ ഞെട്ടി ഉണൎന്നു. കണ്ണു തുറന്നപ്പോൾ, അവിടത്തെ വിളക്കു കെട്ടിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിന്റെ മുറിയിൽ കിടാവിളക്കു കത്തിക്കുക പതിവായിരുന്നു; എന്നാൽ അപ്പൊൾ അതു കെട്ടുപോയതായി കണ്ടു. ആ സമയത്തുതന്നെ ആരോ ഒരാൾ ഒരു താക്കോൽ തിരിക്കുന്ന ശബ്ദം അദ്ദേഹം കേട്ടു. മുറിയിൽ അങ്ങുമിങ്ങും ഒരാൾ നടക്കുന്നുണ്ടെന്നും അദ്ദേഹത്തിന്നു തോന്നി. ആ ആൾ അദ്ദേഹത്തിന്റെ തലയ്ക്കൽ വന്നു തലയിണയുടെ ചുവട്ടിൽ കൈവെച്ചു. കൃഷ്ണകണ്ണനു കഞ്ചാവിന്റെ ലഹരി നല്ലവണ്ണം

കൊണ്ടിരുന്നു. അദ്ദേഹം ഉറക്കവുമില്ല ഉണൎന്നിട്ടുമില്ല, അതു കൊണ്ട് ഒന്നും ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. മുറിയിൽ വെളിച്ചമുണ്ടായിരുന്നുവോ എന്നുതന്നെ അദ്ദേഹത്തിനു തിച്ചയുണ്ടായിരുന്നില്ല. കണ്ണുകൾ നല്ലവണ്ണം തുറക്കുവാൻ അദ്ദേഹം ശക്തനായില്ല. ഒരുവിധം കണ്ണു തുറന്നപ്പോൾ, അവിടത്തെ ഇരുട്ടു വല്ലാത്തതായിരുന്നു. ഹരിഘോഷന്റെ വ്യവഹാരത്തിൽ കള്ളസ്സാക്ഷി പറഞ്ഞതിനു താൻ ജയിലിലായിരുന്നു എന്നു കൃഷ്ണകണ്ണന് അപ്പോൾ തോന്നി. ജയിലിൽ ഇരുട്ടു കട്ടിയായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ, ഒരു താക്കോൽ വതുക്കെ തിരിക്കുന്ന ഒച്ച കേട്ടു. 'എന്ത്! ജയിലിന്റെ താക്കോൽ താഴത്തുവീണോ?' എന്നദ്ദേഹം വിചാരിച്ചു. ഉടനെ എഴുനീററ് ഹുക്കക്കുഴൽ തപ്പിനോക്കി. കണ്ടില്ല. പതിവനുസരിച്ച 'ഹരി!' എന്നു വിളിച്ചു.

കൃഷ്ണകണ്ണൻ മുറിയിലും പൂമുഖത്തുമല്ല, അവ രണ്ടും കൂട്ടിച്ചേൎക്കുന്ന ഇടനാഴിയിലായിരുന്നു കിടന്നുറങ്ങിയിരുന്നത്. അദ്ദേഹത്തിന്റെ പ്രധാനശിഷ്യനായ ഹരിയും അവിടെത്തന്നെയാണ് കിടന്നുറങ്ങാറ്. പിന്നെ അവിടെ ഒരാളും ഉണ്ടായിരുന്നില്ല. ഈ ശിഷ്യനെയാണ് അദ്ദേഹം വിളിച്ചത്.

അദ്ദേഹം രണ്ടാമതും വിളിച്ചു. കഞ്ചാവിന്റെ ലഹരി കൊണ്ടു പിന്നെയും അദ്ദേഹം ബോധരഹിതനായി മയങ്ങിക്കിടന്നു. ഈ സമയത്ത് ആ അസ്സലാധാരത്തെ എടുത്തുകൊണ്ടു പോകലും അതിരുന്ന സ്ഥാനത്തു കള്ളാധാരത്തെ നിക്ഷേപിക്കലും കഴിഞ്ഞു.

## അദ്ധ്യായം ൭.

പിറേറദിവസം അതിരാവിലെ, ഹരലാലൻ, രോഹിണി വെപ്പു തുടങ്ങിയതിനുശേഷം, അവിടെ കടന്നുചെന്നു. ദൈവാനുകൂലത്താൽ ബ്രഹ്മാനന്ദൻ അപ്പോൾ അവിടെ ഉണ്ടായിരു

ന്നില്ല. ഇല്ലെങ്കിൽ, അയാൾ എന്തു വിചാരിക്കുമായിരുന്നു എന്ന് ആക്കറിയാം. ഹരലാലൻ സാവധാനത്തിൽ രോഹിണിയുടെ അടുത്തുചെന്നു; എന്നാൽ അവൾ അയാളുടെ വരവിനെ അത്ര വകവെച്ചില്ല. എന്നിട്ട് ഹരലാലൻ ഇങ്ങനെ പറഞ്ഞു: 'ഇതാ ഇങ്ങോട്ടൊന്നു നോക്കു — അതുകൊണ്ടു പാത്രം പൊട്ടിത്തെറിക്കയും മാറുമില്ലെ?'

രോഹിണി തിരിഞ്ഞുനോക്കി ചിരിച്ചു. 'നീ എന്തു ചെയ്തിട്ടുണ്ട്?' എന്നു ഹരലാലൻ ചോദിച്ചു.

കട്ടുകൊണ്ടുവന്നിട്ടുള്ള മരണപത്രത്തെ എടുത്തുകൊണ്ടു വന്നു; രോഹിണി, അതു നോക്കുവാനായി ഹരലാലന്റെ കയ്യിൽ കൊടുത്തു. അയാൾ അതു മുഴുവൻ വായിച്ചുനോക്കി; അത് ആ അസ്സലാധാരംതന്നെയെന്ന് അയാൾ മനസ്സിലാക്കി. സന്തോഷംകൊണ്ട്, ആ കള്ളന്റെ മുഖം തെളിഞ്ഞു. ആ ആധാരത്തെ കയ്യിൽ പിടിച്ചുകൊണ്ട്, 'എങ്ങനെ ഇതു പാറിച്ചു?' എന്നു ചോദിച്ചു.

രോഹിണി ആ വർത്തമാനം പറഞ്ഞുതുടങ്ങി; എങ്കിലും അതിന്റെ സത്യാവസ്ഥ അയാളെ അറിയിക്കാതിരിപ്പാൻ അവൾ വളരെ മനസ്സിരുത്തി. ചില നുണകളെല്ലാം കൂട്ടിക്കെട്ടി വിവരം പറയുന്നതിനിടയിൽ, ആ ആധാരം ഒരു വെച്ചെഴുത്തിനുള്ളിൽ ഇരുന്നിരുന്നതെങ്ങനെയെന്നു ഹരലാലനെ കാണിക്കുവാനെന്ന നാട്യത്തിൽ, അവൾ ആ മരണപത്രത്തെ ഹരലാലന്റെ കയ്യിൽനിന്നു തിരിച്ചുവാങ്ങി. ആ വർത്തമാനം പറഞ്ഞവസാനിച്ച ഉടനെ അവൾ എഴുനീറ്റ് ആ മരണപത്രവുംകൊണ്ട് അകത്തേക്കു പോയി. അവൾ മടങ്ങിവന്ന സമയം, അവളുടെ കയ്യിലൊന്നുമില്ലെന്നുകണ്ട്, ഹരലാലൻ 'മരണപത്രം എവിടെ?' എന്നു ചോദിച്ചു.

രോഹിണി—'ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.'

ഹരൻ—'അതുകൊണ്ടു പ്രയോജനമെന്താണ്? എനിക്കിപ്പോൾതന്നെ പോകേണം.'

രോഹിണി—'കാഹോ. ഇത്ര ബദ്ധപ്പാടെന്താണ്?

ഹരൻ—'എനിക്കിവിടെ അധികം താമസിപ്പാൻ പാടില്ല.'

രോഹിണി—'എന്നാൽ പൊയ്ക്കോളൂ.'

ഹരൻ—'മരണപത്രമൊ?'

രോഹിണി—'അതെന്റെ കൈവശമിരിക്കും.'

ഹരൻ—'അതെങ്ങനെ? അതെനിക്കു തരില്ലെ?'

രോഹിണി—'നിങ്ങൾ സൂക്ഷിച്ചാലും ഞാൻ സൂക്ഷിച്ചാലും എല്ലാം ഒന്നുതന്നെ.'

ഹരൻ—'അതിനെ നീ എനിക്കു തരുന്നില്ലെങ്കിൽ, പിന്നെ നീ എന്തിന് അതിനെ മോഷ്ടിച്ചു.'

രോഹിണി—'നിങ്ങൾക്കുവേണ്ടി. നിങ്ങൾക്കുവേണ്ടിത്തന്നെ അതിനെ ഇവിടെ സൂക്ഷിക്കയും ചെയ്യുന്നു. നിങ്ങൾ ഒരു വിധവയെ കല്യാണം കഴിക്കുന്ന സമയം, അതിനെ ഞാൻ നിങ്ങളുടെ ഭാൎയ്യക്കു കൊടുക്കും. ഇപ്പൊൾ നിങ്ങൾ അതിനെ കൊണ്ടുപോയാൽ, നിങ്ങൾ അതിനെ നശിപ്പിച്ചുകളയും.'

അപ്പൊൾ ഹരലാലനു കാൎയ്യം മനസ്സിലായി; പിന്നെ ലങ്ങനെ പറഞ്ഞു: 'അതു തരമാവില്ല, രോഹിണി; നിനക്കെത്ര പണം വേണമെങ്കിലും ഞാൻ തരാം.'

രോഹിണി—'ഒരു ലക്ഷം രൂപ തന്നാലും മതിയാവില്ല. ഞാനാവശ്യപ്പെടുന്നതു തരാമെന്നല്ലെ കരാറ്?'

ഹരൻ—'അതു സാധിക്കുകയില്ല. ഞാൻ കക്കുകയൊ കള്ളാധാരം നിൎമ്മിക്കുകയൊ ചെയ്താൽ, അത് എന്റെ അവകാശങ്ങളെ സ്ഥാപിപ്പിക്കാനായിരിക്കും. നീ കട്ടത് ആരുടെ ഗുണത്തിനായിട്ടാണ്?

ഇതു കേട്ടസമയം, രോഹിണിയുടെ മുഖത്തെ പ്രസന്നതയെല്ലാം പോയി. അവൾ അധോമുഖിയായി നിന്നു.

ഹരൻ—'എന്റെ ഇപ്പൊഴത്തെ സ്ഥിതി ഇതാണെങ്കിലും, ഞാൻ കൃഷ്ണകണ്ണന്റെ മകനാണ്. കളവുചെയ്തിട്ടുള്ള ഒരു സ്ത്രീയെ ഒരിക്കലും എന്റെ ഭാൎയ്യയാക്കുവാൻ എനിക്കു പാടില്ല.'

രോഹിണി, ഉടനെ എഴുനീററു, മൂടുപടത്തെ മാററി, ഹരലാലൻെറ മുഖത്തുനോക്കിക്കൊണ്ടു, 'ഞാനൊരു കള്ളിയാണ് നീയൊരു സത്യവാനും! ആരാണ് എന്നോടു കക്കുവാൻ പറഞ്ഞത്? ആരാണ് എനിക്കു കൈക്കൂലിതന്ന് എന്നെ അതിലേക്കുത്സാഹിപ്പിച്ചത്? ഞാനൊരു ദുർഗ്ഗതിക്കാരിയെന്നുകണ്ട് എന്നെ ചതിച്ചതാരാണ്? നീചന്മാരായ ദരിദ്രന്മാർകൂടി പറയാത്ത വലിയ പൊളിയും കളവും കൃഷ്ണകണ്ഠായിയുടെ മകനായ നീ പറഞ്ഞിരിക്കുന്നു. കഷ്ടം! കഷ്ടം! ഞാൻ നിനക്ക് അയോഗ്യയാണുപോലും! നിർഭാഗ്യയായ ഒരു സ്ത്രീ നിന്നെപ്പോലെ ഇത്ര നീചനായ ഒരു വഞ്ചകനെ ഒരിക്കലും കണ്ടിട്ടുണ്ടായിരിക്കയില്ല. നീയൊരു പെണ്ണായിരുന്നെങ്കിൽ, നിന്നെ ഞാൻ ചൂലുകൊണ്ടടിക്കുമായിരുന്നു. ഒരു പുരുഷനായതുകൊണ്ട്— മര്യാദയ്ക്കു കടന്നു പറന്നുപോ.'

തനിക്കു തക്ക ശിക്ഷകിട്ടിയതുപോലെ ഹരലാലനു തോന്നി. ആട്ടിപ്പുറത്താക്കിയ—ബഹുമാനത്തോടുകൂടി—അയാൾ ഭീരുവായി പുറത്തേക്കുപോയി. അവരവരുടെ ദുഷ്ടപ്രവൃത്തിക്കു ശരിയായ ശിക്ഷകിട്ടിക്കഴിഞ്ഞു എന്നു രോഹിണിക്കും തോന്നി. അവളുടെ കോപാവസ്ഥയിൽ അഴിഞ്ഞുകിടന്നിരുന്ന തലമുടിയെ മുറുക്കിക്കെട്ടി, കരഞ്ഞുകൊണ്ട് അവൾ പിന്നെയും പാചകവൃത്തിയിൽ പ്രവേശിച്ചു.

ടി. സി. കല്യാണിയമ്മ.

---

## ആദികേരളം

### ഒന്നാം ഭാഗം.

---

ക്രിസ്തുവിനു ൧൦൦൦ കൊല്ലങ്ങൾക്കു മുമ്പായി ഹിന്തുക്കൾ അവരുടെ തെക്കോട്ടുള്ള യാത്രയിൽ ബിഹാർ, മാൾവാ, ഗുജരാത്, ദക്ഷിണ ഇൻഡ്യ ഈ പ്രദേശങ്ങളിൽ എത്തിക്കൂടി, ക

യറിപ്പാത്തു എന്ന് രമേശ ചന്ദ്രദത്തൻ പറയുന്നു. (൧) 'ദീപവംശം,' 'മഹാവംശം' എന്ന ചരിത്ര ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി ആൎയ്യന്മാരുടെ നാഗരികത്വം പാണ്ഡ്യരാജ്യത്തു പ്രവേശിച്ചത് 'കൊരക്കായി' എന്ന തുറമുഖം വഴിക്കായിരിക്കാമെന്നും, അതുണ്ടായത് ഉദ്ദേശം ക്രിസ്തുവിന്നു ൧൦൦ കൊല്ലങ്ങൾക്കുമുമ്പ് ആയിരിക്കാമെന്നും ബിഷപ്പ്കാൾഡ്വേൽ അഭിപ്രായപ്പെടുന്നു. (൨) ഏതുവിധമായാലും, ക്രിസ്തുവിന്ന് ൪൦൦ കൊല്ലങ്ങൾക്കുമുമ്പായി 'ചേരചോളപാണ്ഡ്യ' രാജവംശങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ളതിന്നു സന്ദേഹമില്ല. (൩) മൂന്നു സഹോദരന്മാരിൽനിന്നു ജനിച്ചവരുന്ന ഈ രാജവംശക്കാർ ഭരിച്ചിരുന്ന ജനങ്ങളെ 'ചേരചോളപാണ്ഡ്യന്മാർ' എന്നു തിരിച്ച് പേർപറഞ്ഞുവന്നു. ഉൽപ്പത്തിയിൽ ഇവർ അടുത്ത ബന്ധുക്കളായിരുന്നു എങ്കിലും, കാലക്രമംകൊണ്ട് അവർതമ്മിലുള്ള അടുപ്പം തേഞ്ഞുമാഞ്ഞ് ഒടുവിൽ അവർ അശേഷം വേർതിരിഞ്ഞ് അന്യവൎഗ്ഗക്കാരുടെ നിലയിലായിത്തീൎന്നു. ഇവരിൽ പാണ്ഡ്യന്മാർ മറ്റുരണ്ടു വൎഗ്ഗക്കാരേക്കാൾ കുറച്ച് ഉയൎന്നനിലയിലായിരുന്നു എന്നാണ് വെച്ചിരുന്നത്. തമിഴരുടെ എടയിലുള്ള ഐതിഹ്യം 'ചേര' 'ചോളപാണ്ഡ്യ'ന്മാരിൽ താമ്രവൎണ്ണീനദീമുഖത്തു സ്ഥിതിചെയ്തിരുന്ന 'കൊരക്കായി' എന്ന പ്രദേശത്തു വസിച്ച് അവിടം കൂട്ടായിഭരിച്ചുവന്നു എന്നാണ്. ആ പ്രദേശത്തെ 'മുക്കാണി' അല്ലെങ്കിൽ 'മൂപ്പരുടെ കൂട്ടസ്വത്ത്' എന്നു പേർവിളിച്ചും വന്നു. ഒടുവിൽ ഇവർ മൂന്നായിതമ്മിൽ പിരിഞ്ഞു. പാണ്ഡ്യൻ അവിടെതന്നെ താമസിച്ചു. ചോളനും ചേരനും തങ്ങളുടെ ഭാഗ്യം പരീക്ഷിപ്പാനായി പുറപ്പെട്ടുപോയി, ഒരാൾ പടിഞ്ഞാറും മറേറയാൾ വടക്കും ഓരോ രാജവംശത്തെ സ്ഥാപിച്ചു. (൧)

---

(1) Ancient India- Dutt's Vol. 1 p 25

(2) History of Tinnevelly p. 15

(3) Ancient India- Dutt- Vol. 1 p. 25

(1) History of Tinnevelly p. 12

ആൎയ്യന്മാർ ദക്ഷിണ ഇൻഡ്യയിലെ ദ്രാവിഡന്മാരെ കീഴടക്കി ഹിന്തുമതത്തെ ആ ദിക്കിൽ നടപ്പാക്കിയത് അവരുടെ ബുദ്ധിശക്തികൊണ്ടല്ലാതെ കയ്യൂക്കുകൊണ്ടൊ മെയ്യൂക്കുകൊണ്ടൊ അല്ല. യോദ്ധാക്കളായ ആൎയ്യന്മാർ ആയുധബലത്തോടുകൂടി ദക്ഷിണ ഇൻഡ്യയിൽ പ്രവേശിച്ചതായൊ ദ്രാവിഡന്മാരെ ബലത്താൽ കീഴടക്കിയതായൊ ഒരു ഐതിഹ്യംപോലും ഇല്ല. ആൎയ്യന്മാരുടെ പ്രവേശനം ആ വിധത്തിലായിരുന്നു എങ്കിൽ, വല്ല കേട്ടുകേൾവി എങ്കിലും നഷ്ടശിഷ്ടമായി ഇന്നും ഇല്ലാതെ വരുന്നതല്ല. ഒരുതരം അപരിഷ്കൃതന്മാരെന്നു ഗണിച്ചുവന്ന ഈ കൂട്ടരെ നയത്താൽ സ്വാധീനപ്പെടുത്തി അവരുടെ എടയിൽ ആൎയ്യന്മാരുടെ നാഗരികതയെ നടപ്പാക്കുകയാണ് ചെയ്തത്. ബ്രാഹ്മണൎക്ക് ഈ വൎഗ്ഗക്കാരുടെ മേൽ പ്രാധാന്യം സിദ്ധിച്ചത് അവരുടെ ബുദ്ധിസാമൎത്ഥ്യംകൊണ്ടും ഭരണനൈപുണ്യംകൊണ്ടുമാണെന്നുള്ളതിന്നു പല ലക്ഷ്യങ്ങളുമുണ്ട്. തമിഴിൽ ബ്രാഹ്മണരെ 'അച്ഛൻ', 'ഗുരു' എന്നൎത്ഥത്തിൽ 'അയ്യർ' എന്നും 'ഭരണകൎത്താക്കന്മാർ,' 'മേലന്വേഷണക്കാർ' എന്നൎത്ഥത്തിൽ 'പാപ്പാർ', അതായ്ത് 'പാൎപ്പോർ' എന്നുമാണ് പറയുന്നത്. ബിഷോപ്പ് കാൾഡ്വെല്ലിന്റെ അഭിപ്രായത്തിൽ ദക്ഷിണദിക്കിലേക്കുവന്ന ആൎയ്യന്മാർ പുരോഹിതരും വിദ്വാന്മാരുമായ ബ്രാഹ്മണരായിരുന്നു. യോദ്ധാക്കളായ ക്ഷത്രിയരല്ല പാണ്ഡ്യചോള കലിംഗരാജാക്കന്മാർ ദ്രാവിഡന്മാരുടെ കൂട്ടത്തിലുണ്ടായിരുന്ന പ്രധാനികൾ മാത്രമായിരുന്നു. അവരുടെ കുലഗുരുക്കന്മാരും വംശപുരോഹിതന്മാരുമായി തീൎന്ന് ബ്രാഹ്മണർ അവരിൽ സൂൎയ്യകുലത്തിലും സോമകുലത്തിലും മററും ജനിച്ച ക്ഷത്രിയരാജാക്കന്മാരുടെ കുലശ്രേഷ്ഠതയെ ആരോപിച്ചു അവരെ ആൎയ്യക്ഷത്രിയൎക്ക് സമാനന്മാരാക്കിത്തീൎത്തതാണ്. (൧)

കെ. പി. പത്മനാഭമേനോൻ

---

(1) Comparative Grammar of the Dravidian Languages, p. 114. Tanjore District Manual p. 734.

## സാങ്കേതികസംജ്ഞകൾ.

### സംസ്കൃതവും ലത്തീനും

സംസ്കൃതത്തിലെ 'പിതൃ' ശബ്ദം ലത്തീനിൽ 'പാത്ര്' ശബ്ദമായിട്ടാണ് സ്ഥിതിചെയ്യുന്നതെന്നു നാം കണ്ടല്ലൊ. ഇവിടെ അകാരം ഇകാരമായിപ്പരിണമിച്ചിരിക്കുന്നു. സംസ്കൃതഭാഷയ്ക്കും ലത്തീൻഭാഷക്കും സാധാരണങ്ങളായിരിക്കുന്ന ശബ്ദങ്ങളിൽ ഇങ്ങനെയുള്ള സ്വരവ്യത്യാസങ്ങളെ കണ്ടുമുട്ടുന്നതിന്നു നാം സന്നദ്ധന്മാരായിരിക്കേണം. ഇങ്ങനെയുള്ള വ്യത്യാസങ്ങൾ ഈ ഭാഷകളുടെ സംബന്ധജ്ഞാനത്തെക്കുറയ്ക്കുന്നുവെന്നു നാം ഭയപ്പെടുകയും വേണ്ട. ഒരേധാതുക്കളിൽനിന്നു ജനിക്കുന്ന ശബ്ദങ്ങളിലെ ധാതുസ്വരങ്ങൾക്ക് സംസ്കൃതത്തിൽതന്നെ മാത്രാവ്യത്യാസവും വർഗ്ഗവ്യത്യാസവും വരുന്നതു നാം കാണുന്നുണ്ടല്ലൊ. ചില ഉദാഹരണങ്ങൾ പറയാം. ആകാരത്തിൽ അവസാനിക്കുന്ന ധാതുക്കളുടെ ആകാരം മത് എന്ന കൃത്യ പ്രത്യയത്തിനു മുൻപ് ഈകാരമായിത്തീരുമെന്ന് 'ഈദ്യതി' എന്ന സൂത്രം കൊണ്ട് പാണിനി വിധിക്കുന്നു. ഇങ്ങനെ 'ദാ' 'ജ്ഞാ' മുതലായ ധാതുക്കളിൽനിന്ന് ജനിച്ച 'ദാനം' 'ജ്ഞാനം' മുതലായ പദങ്ങളുടെ സഹോദരന്മാരായിട്ട് 'ദേയം' ജ്ഞേയം' മുതലായ പദങ്ങളേയും നാം കാണുന്നു. ഇവിടെ ധാതുവിലെ ആകാരം അതിന്റെ ചില സന്തതികളിൽ ഏകാരമായിട്ടു പരിണമിച്ചിരിക്കുന്നു. ഇതുകൂടാതെ, ഭാവകർമ്മങ്ങളിൽ 'ദീയതേ' മുതലായ രൂപങ്ങളുമുണ്ടാകുന്നു. ആകാരം ഈകാരമായിട്ടൊ ഏകാരമായിട്ടൊ പരിണമിക്കുന്നത് ഒരു സാധാരണ സംഭവമാണെന്നു നാം ഈ ഉദാഹരണങ്ങളിൽനിന്നു കാണുന്നുണ്ടല്ലൊ.

അകാരം ഓഷ്ഠ്യസ്വരങ്ങളായിട്ടൊ, അല്ലെങ്കിൽ ഓഷ്ഠ്യസ്വരങ്ങൾ അകാരമായിട്ടൊ മാറുന്നതിനും ഉദാഹരണങ്ങൾ

സംസ്കൃതത്തിൽ അനവധിയുണ്ട്. 'ഭൂ' എന്ന ധാതുവിൽനിന്നു 'ഭവതി' 'ഭാവം' ഇത്യാദി പദങ്ങൾ ഉണ്ടാകുന്നത് ഈ വികാരത്തിന്റെ ഉദാഹരണമായി സ്വീകരിക്കുവാൻ ചിലർ മടിച്ചേക്കാൻ മതി. ഇവിടെ ഊകാരത്തിനു ഗുണം അല്ലെങ്കിൽ വൃദ്ധിയുണ്ടായി അതുകൾക്ക് അവ് അല്ലെങ്കിൽ ആവ് എന്ന് ആദേശം വരികയാണെന്നാണ് പാണിനി നമ്മെപ്പറിപ്പിക്കുന്നത്. ഈ വികാരത്തിന്റെ കാരണം എന്തുതന്നെയായിരുന്നാലും, 'ഭവതി'യിലെ 'അ'"ഭൂത'ത്തിൽ 'ഊ' എന്നായിപ്പരിണമിച്ചിരിക്കുന്നുവെന്നുള്ളതിനു തർക്കമില്ലല്ലോ. 'അ' 'ഉ' ഇതുകൾ തമ്മിലുള്ള വിനിമയം ഈ ഉദാഹരണങ്ങൾകൊണ്ടു സ്പഷ്ടമാകുന്നില്ലെങ്കിൽ 'ചംചൂര്യതേ' 'ചംഫല്യതേ' എന്ന പദങ്ങളിൽനിന്നു സ്പഷ്ടമാകുന്നതാണ്. ഈ ക്രിയകൾ 'ചര്' 'ഫല്' ഈ ധാതുക്കളിൽനിന്നു ജനിച്ചവയാണ്.

> 'മയാചൈതദ് വ്രതം ചീർണ്ണം
> ത്വയാ ചൈവ ധനാധിപ
> തൃതീയഃ പുരുഷോ നാസ്തി
> യശ്ചരേദ് വ്രതമീദൃശം'

രാമായണം ഉത്തരകാണ്ഡം ൧൩. ൨൭

ഞാൻ 'ചംചൂര്യതെ' മുതലായവയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ൨ം ശ്ലോകം വായിക്കുന്നതിനിടയായി. ഇവിടെ 'ചീർണ്ണം' എന്നതിനു 'ചരിതം' എന്നാണ് അർത്ഥമെന്നും അത് ചാര് ധാതുവിൽനിന്നു ജനിച്ചതാണെന്നും സ്പഷ്ടമാണല്ലോ. 'ചീർണ്ണ'ശബ്ദം കേട്ടുകഴിഞ്ഞാലുടനെ 'കീർണ്ണ' 'ജീർണ്ണ' 'തീർണ്ണാ'ദികളുടെ സ്മരണയുണ്ടായിട്ട് 'ച്യൄ' എന്നൊരു ധാതുവുണ്ടായിരിക്കേണമെന്നാണ് നമുക്കു തോന്നിപ്പോകുന്നത്. എന്നാൽ 'ച്യൄ' എന്നൊരു ധാതു, ധാതുപാഠത്തിലുണ്ടെന്നു തോന്നുന്നില്ല. 'ച്യൄ' എന്നൊരു ധാതുവുണ്ടായിരുന്നാൽതന്നെയും, അത് 'ചര്' എന്നതിന്റെ ഒരു കൃത്രിമരൂപമായിരിക്കാനെ വഴിയുള്ളൂ. ൄകാരത്തിൽ അവസാനിക്കുന്ന ധാതുക്ക

ളെക്കറിച്ചു രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു ലഘുപാണിനീയത്തിൽ ഇങ്ങനെ പറയുന്നു. 'തൄ, കൄ, വൄ, ഇത്യാദയഃ ഌദന്താഃ പഠിതാധാതവോ വസ്തുതഃ തര്, കിര്, വുര് ഇതിരേഫാന്താ ഏവഭവിതുമർഹന്തി. ഌകാരയുക്താനി ഹി രൂപാണി ന കുത്രാപിദൃശ്യന്തേ. കുത്രാപ്യദൃഷ്ടം പ്രകൃതിരൂപം ച കൃത്രിമമേവഭവിതു മർഹതി.' ഇങ്ങനെയിരിക്കെ 'ചീർന്ന്'ശബ്ദത്തിലെ മരം കാരം 'ച്ര്' ധാതുവിലെ അകാരത്തിൻെറ വികാരമായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു.

സംസ്കൃതശബ്ദങ്ങളിൽതന്നെ ഇങ്ങനെ ഉണ്ടാകുന്ന സ്വരവികാരങ്ങളെ കുറിച്ചു വളരെ പറയാനുണ്ടു്. പ്രകൃതത്തിന്നു് ഇതെല്ലാം ആവശ്യമില്ല. സ്വരങ്ങൾക്കു നാനാവിധങ്ങളിൽ വികാരങ്ങൾ ഉണ്ടാകുന്നതു് സാധാരണമാണെന്നും, സ്വരവ്യത്യാസങ്ങൾ ശബ്ദങ്ങളുടെ ഏകോത്രുപതയെ നിഷേധിക്കുന്നില്ലെന്നും കാണിക്കുന്നതിനു മേല്പറഞ്ഞ ഉദാഹരണങ്ങൾ മതിയാകുമെന്നു വിശ്വസിക്കുന്നു.

ഐ. സി. ചാക്കൊ.

---

## ബാലാകലേശം

'ബാലാകലേശത്തിൽ ഈ വക ലക്ഷണങ്ങളിൽ പലതും ഇല്ലെന്നു പറകവേണ്ടിയിരിക്കുന്നു' എന്നു് മിസ്റ്റർ രാമകൃഷ്ണപിള്ള ശഠിക്കുന്നു എങ്കിൽ, പലതും ഉണ്ടെന്നും പറകവേണ്ടിയിരിക്കുന്നു.

നാടകംഖ്യാതവൃത്തംസ്യാൽ
പഞ്ചസന്ധിസമന്വിതം
വിലാസർദ്ധ്യാദിഗുണവ-
ദ്യുക്തംനാനാവിഭൂതിഭിഃ.

പ്രസിദ്ധമായ ഇതിവൃത്തം, മുഖാദിസന്ധികൾ, വിലാസാദിഗുണങ്ങൾ, ഇവകളോടും,

സുഖദുഃഖസമുൽഭൂതി
നാനാരസനിരന്തരം
പഞ്ചാദികാദശപരാ
സ്തത്രാങ്കാഃ പരികീൎത്തിതാഃ.

സുഖദുഃഖവൎണ്ണനകൾ, വിവിധരസപൌഷ്കല്യം, അഞ്ചുമുതൽ പത്തുവരെ അങ്കനിബന്ധനം, ഇവകളോടും,

പ്രഖ്യാതവംശോരാജൎഷിർ
ധീരോദാത്തഃപ്രതാപവാൻ
ദിവ്യോഥദിവ്യാദിവ്യോവാ
ഗുണവാന്നായകോമതഃ

പ്രസിദ്ധവംശത്തിൽ ജനിച്ചവനായി, രാജൎഷിയായി, ധീരോദാത്തനായി, പ്രതാപിയായി, ഗുണവാനായി, ദിവ്യനോ അദിവ്യനോ ആയിരിക്കുന്ന ഒരാളുടെ നായകത്വത്തോടും,

ഏകഏവഭവേദംഗീ
ശൃംഗാരോവീരഏവവാ
അംഗമന്യേരസാഃസൎവ്വേ
കാൎയ്യോനിൎവ്വഹണേൽഭുതഃ

ശൃംഗാരവീരസങ്ങളിൽ ഒന്നിനെ പ്രധാനമാക്കിയും മററു രസങ്ങളെ അംശങ്ങളാക്കിയും വൎണ്ണിക്കൽ, നിൎവ്വഹണത്തിൽ അത്ഭുതരസവൎണ്ണനം, ഇവയോടും,

ചത്വാരഃപഞ്ചവാമുഖ്യാഃ
കാൎയ്യവ്യാപൃതപൂരുഷാഃ
ഗോപുച്ഛാഗ്രസമാഗ്രന്തു
ബന്ധനന്തസ്യകീൎത്തിതം.

കാൎയ്യത്തിൽ വ്യാപരിക്കുന്ന പ്രധാനപാത്രങ്ങൾ നാലോ അഞ്ചോ ഉണ്ടായിരിക്കുക, അവസാനം ഗോപുച്ഛത്തിന്റെ അഗ്രംപോലെയും ബന്ധിച്ചിരിക്കുക, ഈ വക ലക്ഷണങ്ങളോടു സമ്മിളിതമായ പ്രബന്ധമാകുന്നു നാടകം.

ബാലാകലേശത്തിലും ഈ സാമാന്യലക്ഷണങ്ങളിൽ പലതും യോജിച്ചിരിക്കുന്നു. പുരാണങ്ങളിലെ ഇതിവൃത്തങ്ങൾക്ക് എന്നപോലെ, ബാലാകലേശത്തിലെ ഇതിവൃത്തത്തിനും പ്രസിദ്ധിയുണ്ട്. സന്ധികളും ഇതിൽ ഇല്ലെന്നു പറഞ്ഞുകൂടാ.

അന്തരൈകാർത്ഥസംബന്ധഃ
സന്ധിരേകാന്വയേസതി.

എന്നല്ലയോ സന്ധിലക്ഷണം?

ബാലാകലേശത്തിലെ പ്രകൃതാപ്രകൃതങ്ങളെപ്പററി വിചാരിക്കുമ്പോൾ, ബാലാ എന്നു തിരുനാമമുള്ള ദേവയോനിവിശേഷത്തിന്റെ അധിവാസമുള്ള ഭൂമിയുടെ ഉൽക്കർഷോൽഭൂതിയാകുന്ന പ്രധാനപ്രയോജനത്തോടുകൂടി കഥാംശലവങ്ങളായ സദാചാരങ്ങൾ ഉപജീവിക്കുന്നതിനാൽ, തദവാന്തരൈകപ്രയോജനസംബന്ധരൂപമാകുന്ന സന്ധി ഇതിൽ സന്ധിക്കപ്പെട്ടിരിക്കുന്നു.

സമീഹാരതിഭോഗാർത്ഥാ
വിലാസഇതികഥ്യതേ.

പ്രകൃതത്തിൽ രതിലക്ഷണഭാവഹേതുഭൂതയായ ബാലാവിഷയകസമീഹതന്നെ 'വിലാസ'ത്തിന്റെ ഉദാഹരണം. ബാലയുടെ സന്തോഷസന്താപാദികളെ വർണ്ണിക്കുന്നതിനാൽ നാടകം സുഖദുഃഖസമുൽഭൂതിയും ആയിരിക്കുന്നു.

ബാലാസുനീതികളുടെ സംഭാഷണത്തിൽ ശോകഭയങ്ങളും, ബാലാകലേശസമ്മേളനത്തിൽ ശൃംഗാരവും, ചാത്തര്, ഇട്ട്യാററാണർ മുതൽപേരുടെ പ്രവേശനത്തിൽ ഹാസ്യാദികളും സ്ഫുരിക്കുന്നതിനാൽ, നാനാരസനിരന്തരത്വവും സിദ്ധമായല്ലോ. അങ്കസങ്കലനത്തിൽ വൈലക്ഷണ്യം വന്നുപോയിട്ടുണ്ടെങ്കിൽ, മൂന്നങ്കത്തിൽ എഴുതേണം എന്നുള്ള വിജ്ഞാപനം കവിയെ നിരപരാധിയാക്കുന്നതുമുണ്ട്.

സർവ്വസൽഗുണസമ്പന്നനായ രാജർഷി ഇതിലെ നായകൻ ആകുന്നു. ശ്രീരാമചന്ദ്രാദികളിൽ എന്നപോലെ, ദിവ്യാദി

വ്യതൃാവുംകൂടി ഉണ്ടാകയാൽ, ബാലാകലേശത്തിലെ നായകൻ ലോകോത്തരനുമാകുന്നു.

ഇതിൽ അംഗിയായ രസം ശൃംഗാരമാണെന്നും മററു രസങ്ങൾ അംഗങ്ങളാണെന്നും പ്രസ്താവിച്ചുകഴിഞ്ഞു.

പ്രജകളുടെ സമാഗമംകൊണ്ടും ആകാശവാണികൾകൊണ്ടും മററും നിർവ്വഹണത്തിൽ ഭക്തിയേക്കാൾ അത്ഭുതം ഉൽക്കർഷിക്കുന്നു.

നിർവ്വഹണേകർത്തവ്യോ
നിത്യംഹിരസോൽഭുതസ്തജ്ഞൈഃ

ഈ നാട്യശാസ്ത്രത്തെയും നിർവ്വഹണസന്ധിയിൽ അംഗീകരിച്ചിരിക്കുന്നു.

കാർയ്യവ്യാപൃതപുരുഷന്മാർ ദിവാകരാദികൾതന്നെ. ഏകദേശം മേൽപ്രകാരം നാടകസാമാന്യലക്ഷണങ്ങൾ ബാലാകലേശത്തിൽ — രാജ്യഭാരം വിഷയീകരിച്ച് എഴുതിയ മൂന്നങ്കം മാത്രമുള്ള ആ ചെറിയ നാടകത്തിൽ — സംഘടിപ്പിച്ചിരിക്കുന്നു.

ഇതേവരെ ഉദ്ധരിച്ചുവന്നത് സാഹിത്യദർപ്പണകാരന്റെ അഭിപ്രായങ്ങളാണ്. മാതൃഗുപ്താചാർയ്യാദികളും എന്തു പറയുന്നു എന്നു നോക്കുക.

പ്രഖ്യാതവസ്തുവിഷയം
ധീരോദാത്താദിനായകം
രാജർഷിവംശചരിതം
തഥാദിവ്യാശ്രയാനചിതം

എന്നും മററും തന്നെയാകുന്നു അവരുടെ മതവും.

മിസ്റ്റർ രാമകൃഷ്ണപിള്ള അന്വേഷിച്ചിരിക്കുന്ന ചില ലക്ഷണങ്ങൾതന്നെ ബാലാകലേശത്തിൽ വേണമെങ്കിൽ കാണാം.

അർത്ഥപ്രകൃതികളിൽ പ്രധാനമായ ബീജലക്ഷണം

അല്പമാത്രംസമുദ്ദിഷ്ടം
ബഹുധായദ്വിസർപ്പതി

ഫലസ്യപ്രഥമോഹേതു
ബീജംതദഭിധീയതേ.

കുറഞ്ഞോരു കാൎയ്യത്തെ ഉദ്ദേശിച്ചുംകൊണ്ടു തുടങ്ങുന്ന യാതൊന്നാണ് പലേ കൈവഴികളായി പടൎന്ന് ഫലത്തിന്റെ പ്രധാനകാരണമായിത്തീരുന്നത് അതാണ് ബീജം.

ബാലയുടെ ക്ഷേമത്തെ ഉദ്ദേശിച്ചുംകൊണ്ടു കലേശൻ ചെയ്യുന്ന അനുഗ്രഹകൎമ്മം ബഹുവ്യാപിയായിത്തീരുന്നതു തന്നെ പ്രകൃതത്തിന്റെ ഉദാഹരണം.

ഫലേയസ്യഹിസംഹാരഃ
ഫലബീജംതുതൽഭവേൽ
വസ്തുബീജംകഥാജ്ഞേയാ
അൎത്ഥബീജംതുനായകഃ

ഇത്യാദിമാതൃഗുപ്താദികളുടെ മതങ്ങളും ബാലാകലേശത്തെ സാൎത്ഥപ്രകൃതിയാക്കുന്നു.

വ്യാപിപ്രാസംഗികംവൃത്തം
പതാകേത്യഭിധീയതേ.

ബാലാകലേശത്തിൽ തുപ്പൻനമ്പൂരി മുതൽപേരുടെ ചരിതം ഇതിന്നുദാഹരണം. പതാകാനിൎവ്വഹണത്തിൽ സന്ധികളുടെ ഉപാധികൾ ഭേദിച്ചുപോയി, വൃത്തവ്യാപ്തി പോര, എന്നും മററുമുള്ള വാദങ്ങൾക്ക് ബാലാകലേശം വിഷയമായി നിൽക്കേണം എങ്കിൽ, അതിന്നു മഹാനാടകതാംതന്നെ വേണ്ടിയിരുന്നു എന്ന് ബുധന്മാൎക്കു തോന്നുമല്ലൊ.

പതാകാനിൎമ്മാണത്തിൽഭരതൻ

യദ്വൃത്തംഹിപരാൎത്ഥംസ്യാൽ
പ്രധാനസ്യോപകാരകം
പ്രധാനവച്ചകല്പ്യേത
സാപതാകേതികീൎത്തിതാ.

ഇങ്ങനെ അൎത്ഥപ്രകൃത്യന്തരങ്ങളും ഊഹ്യങ്ങൾ ആകുന്നു.

'അരംഭയത്നപ്രാപ്ത്യാശാനിയതാപ്തിഫലാഗമങ്ങൾ എ

ന്ന അഞ്ചു സന്ധികളും യോജിച്ചിട്ടുണ്ടൊ?' ഇതും മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പ്രശ്നപങ്‌ക്തികളിൽ ഒന്നാകുന്നു. ഇതിൻെറ മറുവടി:

ഭവേദാരംഭഔത്സുക്യം
യന്മുഖ്യഫലസിദ്ധയേ.

മുഖ്യഫല സിദ്ധിക്കു കലേശന്നു ഔത്സുക്യം അല്ലെങ്കിൽ പിന്നെ എന്താണ് ഉണ്ടായിട്ടുള്ളത്?

അനാചാരാദികളെ ഉന്മൂലനംചെയ്യുവാൻ കുന്നലക്കോൻ മുതലായ പ്രശസ്തപാത്രങ്ങളുടെ ഉത്സാഹം യത്നത്തിൻെറ ഉദാഹരണം. ഇങ്ങനെ അവശിഷ്ടസന്ധികളും ഊഹ്യങ്ങൾ ആയിരിക്കുന്നു.

'വിഷ്ക്കംഭ ചൂളികാങ്കാസ്യാങ്കാവതാരങ്ങൾ എന്ന സൂച്യങ്ങൾ ഇതിൽ ഘടിപ്പിച്ചിട്ടുണ്ടൊ?' ഇല്ലെ?. ഇങ്ങനെ വിഷ്ക്കംഭം കഴിഞ്ഞു എന്നും മററും എഴുതിയിട്ടില്ലെങ്കിലും

'സംക്ഷിപ്താൎത്ഥസ്തുവിഷ്ക്കംഭഃ'

ഇത്യാദിലക്ഷണങ്ങൾ ബാലാകലേശത്തിൽ ഉള്ളതു തന്നെ.

'അന്തൎജ്ജവനികാസംസ്ഥൈഃ
സൂചാനാൎത്ഥസ്യചൂളികാ'

തിരയുടെ ഉള്ളിൽ നിൽക്കുന്നവരാൽ അൎത്ഥം സൂചിപ്പിക്കപ്പെടുന്നതിന്നു ചൂളിക എന്നു പേർ. (അണിയറയിൽ) 'ണാംഞ്ചും ണാം ണാം ഇന്നിരപെരട്ടി ഇന്നിര മിട്ടായി വെററില പാക്കു സിഗരററു വീടി ഷോഡാ ലിമിനാറ് പാളപ്പളം പട്ടു ചരട് തീപ്പെട്ടി പാൽക്കാപ്പി.' എന്നു ൨-ാം ഭാഗത്തിലും മററും ചില സൂചനകൾ സ്ഥലാന്തരങ്ങളിലും അന്തൎജ്ജവനികാസംസ്ഥന്മാരാൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

അപ്രകൃതത്തിൽ രാജ്യഭാരം വിഷയമായിരിക്കുന്ന സ്ഥിതിക്ക് ധൂമശകടത്തിൽ പ്രധാനാൎത്ഥം ആരോപിക്കുവാൻ വലിയ വിരോധവും ഇല്ലല്ലൊ.

മിസ്റ്റർ രാമകൃഷ്ണപ്പിള്ള ആവിഷ്കൃതപ്പെട്ടിരിക്കുന്ന ചില ലക്ഷണങ്ങളുടെ കഥ അങ്ങനെ ആയല്ലൊ. ഇതുകൂടാതെയും നാടകലക്ഷണങ്ങളിൽ പലതും ബാലാകലേശത്തിൽ ഘടിപ്പിച്ചിട്ടുണ്ട്.

നാടകമുഖത്തിൽ പ്രയോഗിക്കമാറുള്ള നാന്ദി ഇതിൽ പ്രകാശിക്കുന്നില്ലെ?

'അവശ്യംകർത്തവ്യാ
നാന്ദീവിഘ്നോപശാന്തയേ'

വിഘ്നനിവാരണത്തിനുവേണ്ടി നാന്ദി പ്രയോഗിച്ചേ കഴിയൂ.

എന്നും മററുമുള്ള പ്രമാണങ്ങൾ ഗണനീയങ്ങളുമാകുന്നുവല്ലൊ?.

'ആശീർവ്വചനസംയുക്താ
സ്തുതിയ്യസ്മാൽപ്രയുജ്യതേ
ദേവദ്വിജനൃപാദീനാം
തസ്മാന്നാന്ദീതിസംജ്ഞിതാ'

നാന്ദിയിൽ ദേവദ്വിജനൃപാദികളുടെ അനുഗ്രഹവാക്യപുരസ്സരമായ സ്തുതിയെ പ്രയോഗിക്കേണം.

'മംഗല്യശംഖ, ചന്ദ്രാ, ബ്ജ,
കോക,കൈരവശംസിനീ
പദൈര്യുക്താദ്വാദശഭി
രഷ്ടാഭിർവ്വാപദൈരുത'

ശംഖ്, ചന്ദ്രൻ, താമര, ചക്രവാകം, ആമ്പൽ മുതലായ മംഗളപദാൎത്ഥങ്ങളെക്കുറിച്ച് വൎണ്ണിക്കുന്നതായിരിക്കേണം. നാന്ദിബന്ധം എട്ടൊ പന്ത്രണ്ടൊ പദത്തിൽ ആവാം. ഈ ലക്ഷണങ്ങൾ,

'പൊന്നുംപാവാട ചാൎത്തും.........
പ്രഥിതക്കുവലയാധീശ
ശീഷൻസഹായം',

എന്നുള്ള ബാലാകലേശ നാന്ദിയിൽ അടക്കിയിരിക്കുന്നു. നാട്യദർപ്പണത്തെ അനുസരിച്ച് നോക്കുമ്പോൾ ബാലാകലേശത്തിലെ നാന്ദിക്കു 'പത്രാവലീ' എന്ന വിശേഷസംജ്ഞയ്ക്കുകൂടി അർഹതകാണുന്നു.

'യസ്യാംബീജസ്യവിന്യാസോ
ഹ്യഭിധേയസ്യവസ്തുനഃ
ശ്ലേഷേണവാസമാസോക്ത്യാ
നാന്ദീപത്രാവലീതുസാ'

ശ്ലേഷംകൊണ്ടൊ സമാസോക്തികൊണ്ടൊ പ്രധാനവസ്തുവിനെ വിന്യസിക്കുന്ന നാന്ദിക്ക് പത്രാവലി എന്നു പേർ.

ബാലാകലേശ നാന്ദിയിൽ കുവലയാധീശശീഷൻ എന്ന പദത്തിന്—കുവലയം=ആമ്പൽ. അധീശൻ=അധിപൻ (ചന്ദ്രൻ). ശീഷൻ=ശേഖരൻ; ചന്ദ്രശേഖരൻ; ഭഗവാൻ; പരമശിവൻ എന്നും; അഥവാ, കു=ഭൂമി. വലയം=മണ്ഡലം അധിശൻ=അധിപൻ (രാജാവ്). ഈ വിശേഷത്തെ 'രണ്ടുകാമ്പുകളൊരേ ഞെട്ടിലുണ്ടാകുംപോലെ (ഏകനാളാ വലം ബിഫലദ്വയസമാന)യുള്ള വിശേഷണങ്ങളെക്കൊണ്ട് സമർത്ഥിപ്പിക്കുകയും രാജ്യഭാരമാകുന്ന വസ്തുവിനെ

'ഒന്നുംതെററാതെ കൃത്യംസതതമപിനടത്തുന്ന സർവ്വജ്ഞൻ' എന്നും മററുമുള്ള പ്രയോഗങ്ങളെക്കൊണ്ട് വിന്യസിക്കുകയും ചെയ്തിരിക്കുന്നതിനാൽ പത്രാവലിക്കു പ്രകൃതപദ്യങ്ങൾ തെളിഞ്ഞ ഉദാഹരണങ്ങൾ ആകുന്നു.

'ദാതാവോപെരുമാൾകുബേരനിതിനെ ശ്ശോധിച്ചഭിപ്രായമൊ— ന്നോതാനേററുമച്യുതാഖ്യൻ'ഇത്യാദിപദ്യത്തിൽപ്രരോചനയെനിർവ്വഹിച്ചിരിക്കുന്നു.

'പ്രശംസാതഃപ്രരോചനാ' എന്ന് സാഹിത്യ ദർപ്പണവും 'പ്രശംസാതുദപിധാജ്ഞേയാ' ഇത്യാദിസുധാകരവും പ്രയുക്ത പ്രരോചനയെ സാധൂകരിക്കുന്നു.

ഇങ്ങനെ ബാലാകലേശത്തിൽ ഉള്ള നാടകലക്ഷണങ്ങ ൾ പ്രത്യേകം പ്രത്യേകം വിസ്തരിച്ചുതുടങ്ങിയാൽ ആ വിവര ണം അതിദീൎഘമായിപ്പോകുവാൻ ഇടയുള്ളതിനാൽ, ആ പ്ര കൃതം അങ്ങനെ നിൽക്കട്ടെ.

(തുടരും)

കെ. പി. കറുപ്പൻ.

---

# പത്രാധിപക്കുറിപ്പുകൾ

ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള അവർകളെക്കുറി ച്ച് മലയാളികൾ കേട്ടിരിക്കുമല്ലൊ. അദ്ദേഹം, മദിരാശി സം സ്ഥാനത്തിൽ, പരസ്പരസഹായസംഘങ്ങളുടെ റജിസ്ട്രാർ ആ കുന്നു. അദ്ദേഹം ജ്യോതിശ്ശാസ്ത്രവിശാരദനും; പലഭാഷകളിലും ചില കലകളിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഒരു മാന്യ പുരുഷനുമാണ്. വാല്മീകിരാമായണത്തിലും ശങ്കരവിജയത്തി ലും ശ്രീരാമന്റെയും ശങ്കരാചാൎയ്യരുടെയും ജനനസമയങ്ങളെ കാണിച്ചിട്ടുള്ളതിൽനിന്ന്, ആ കാലങ്ങളെ നിൎണ്ണയിച്ച് അദ്ദേ ഹം അടുത്തകാലത്തൊരു പ്രസംഗം ചെയ്യുകയുണ്ടായി.

'യാഗംകഴിഞ്ഞതിൽപ്പിന്നെ യാറുചെന്നിതൃതുക്കളും
പന്തിരണ്ടാമത്തെമാസം മേടംനവമിപക്കവും
പുണർതംനാളുമാംനേരം ഗ്രഹമഞ്ചുച്ചരാശിയിൽ
നില്ക്കെക്കൎക്കടലഗ്നത്തിൽ ചന്ദ്രൻവ്യാഴത്തൊടൊപ്പമേ
ഉദിക്കവേജഗത്തെല്ലാം നമിക്കുംലോകനാഥനെ
കൌസല്യരാമനെപ്പെറ്റു സൎവ്വലക്ഷണയുക്തനെ
ഇക്ഷ്വാകുവൎദ്ധനൻധന്യൻ വൈഷ്ണവാൎദ്ധാംശമുണ്ണിയെ.'

ഈ സംഗതികളെക്കൊണ്ട്, ശ്രീരാമൻ അവതരിച്ചത് ബി. സി., അതായത് ക്രിസ്ത്വബ്ദത്തിനുമുമ്പ്, ൻ൱൪-ൽ ആ ണെന്ന് അദ്ദേഹം തീരുമാനിച്ചിരിക്കുന്നു. ശങ്കരവിജയത്തിൽ കാണിച്ചിട്ടുള്ള ഗ്രഹസ്ഥിതികളെക്കൊണ്ട്, ശ്രീശങ്കരാചാൎയ്യരു

ടെ ജനനസമയം ക്രിസ്ത്വബ്ദം ൮൦൫ ാമതിൽ വൈശാഖമാസത്തിൽ ശുക്ലപഞ്ചമി നാളെന്നും തീർച്ചയാക്കിയിരിക്കുന്നു. കൊല്ലവർഷത്തോട് ൩൯൨൬ ചേർത്താൽ കലിവർഷവും ൮൨൫ കൂട്ടിയാൽ ക്രിസ്തുവർഷവും കിട്ടുന്നതാണ്.

* * * * * * *

കൊതു സാധാരണയായി മൊട്ടയിടുന്നത് വെള്ളത്തിലാകുന്നു. ചീത്ത വെള്ളം കെട്ടിക്കിടക്കുന്ന ദിക്കുകളിൽ, കൊതു അധികമുണ്ടായിരിക്കും. ഈതരം വെള്ളം വീടുകളുടെ സമീപത്തുണ്ടായാൽ, അവിടങ്ങളിൽ താമസിക്കുന്നവർക്ക പലതരം ദീനങ്ങൾ എടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കും. താറാവുകൾ ഈ വക മൊട്ടകളെ എല്ലാം തിന്നും; അവയുടെ നാട്ട്യം കണ്ടാൽ, ഇത്ര രസകരമായ ആഹാരം അവക്കു മറെറാന്നുമില്ലെന്നു തോന്നും. താറാവുകളെ വളർത്തിയാൽ ഈ ഒരു ഗുണം ഉണ്ട്. പക്ഷെ, മൊട്ടകൾ പോയതുകൊണ്ട്, ചീത്ത വെള്ളം വീടിനകത്തു കിടക്കുന്നതുകൊണ്ടുള്ള മററുദോഷങ്ങൾക്കു പരിഹാരമാവില്ലല്ലൊ.

* * * * * * *

സുമാട്രാ, ജാവാ, ബാലി, സംഭവ, എന്നീ ദ്വീകളിൽ ഹിന്തുക്കൾ കുടികയറിപ്പാർത്തിരുന്നു എന്നതിനു സംശയമില്ല. കാസ്പിയൻ ഉൾക്കടലിന് അടുത്തുള്ള ബാക്കു എന്ന ദിക്കിൽ, രണ്ടു നൂററാണ്ടുകൾക്കുമുമ്പ്, ഒരു ഹിന്തുക്ഷേത്രം ജീർണ്ണപ്പെട്ടുകിടന്നിരുന്നതായും, അക്കാലത്തും അവിടെ പൂജകൾ നടത്തിയിരുന്നതായും, ഒരു ഇംഗ്ലീഷ് ദേശസഞ്ചാരി ചെന്നുകണ്ടിട്ടുള്ളതായി എഴുതിയിരിക്കുന്നു. ചില്ലി, തെക്കേ അമേറിക്ക എന്നീ ദിക്കുകളിൽ പല ഭാഗങ്ങളെയും കൈവശപ്പെടുത്തി, അവിടങ്ങളിൽ വീടുകളും ക്ഷേത്രങ്ങളും കോട്ടകളും ഉണ്ടാക്കി, നായന്മാർ പണ്ടു പാർത്തിരുന്നതായും ഇപ്പോഴും ആ ദേശവാസികൾ കടൽക്കള്ളന്മാരെന്നു വിളിച്ചുവരുന്നതായും ബൽബോനിരു

എന്നാൽ ക്രൈസ്തവവർഷം ൧൯൦൫-ാമതിൽ എഴുതിയ ബുക്കിൽ കാണിച്ചിരിക്കുന്നു.*

* * *

'മംഗളോദയ'ത്തിന്റെ ആകൃതിമാററിയതിലും, 'ബാലാകലേശ'ത്തെക്കുറിച്ച് രാമകൃഷ്ണപിള്ള അവർകൾ അല്പകാലം മുമ്പ് ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തിയ വിമർശനത്തിനു ഒരു മറുപടി ഇപ്പോൾ ഇതിൽ പ്രസിദ്ധപ്പെടുത്തുന്നതിലും പത്രാധിപന്മാരെ അധിക്ഷേപിച്ച് ഒരു ലേഖനം ഞങ്ങൾ കാണുകയുണ്ടായി. തൊട്ടതിനെല്ലാം പത്രാധിപന്മാരെ കുററംപറവാൻ ചിലർ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ളതായും കേൾക്കുന്നുണ്ട്. ഇവരുടെ ഉദ്യമത്തിലും ഉദ്ദേശത്തിലും വളരെ ഉത്തമവിശ്വാസമില്ലെന്നു ഒരു സംഗതികൊണ്ടു സംശയിപ്പാനെടയുണ്ട്.

'ആഞ്ഞുവലിപ്പിൻകയ്യുകളിത്തിരി
തേഞ്ഞാലെന്തൊരുതേങ്ങയതിപ്പോൾ.'

എന്നിങ്ങനെ പത്രാധിപന്മാർ പറഞ്ഞിട്ടുള്ളത്, അവർ കവികളെ ആഭാസമായി ക്ഷണിച്ചുവരുത്തി, യുദ്ധംനിമിത്തം വിലയില്ലാതെയായിത്തീർന്നിട്ടുള്ള തേങ്ങ കൊടുക്കുകയാണ് എന്നിപ്രകാരം ഇവർ വ്യാഖ്യാനിച്ചിരിക്കുന്നു.

'ഇഷ്ടക്രിയക്കാടിനെയൊന്നുമേടി
ച്ചിട്ടിങ്ങുപോരുംപ്രതിജ്ഞവയ്പ്പനെത്താൻ
തട്ടിപ്പക്കൂട്ടം ചിലരൊന്നുചെണ്ട
കൊട്ടിച്ചുയസ്സന്നിനൊത്തണഞ്ഞു.'

ഇവിടെയും ആടിനെ പട്ടിയാക്കാനുള്ള ശ്രമത്തെ തടയുവാൻ മാത്രം കുറച്ചു ചിലതു പറവാൻ വിചാരിക്കുന്നു-

* * *

ഒന്നാമത് ആകൃതിയെപ്പററിപ്പറയാം. 'വിദ്യാവിനോദി

---

* American Anthropologist, new series, vol. 7 p p. 256 —7 and 267.

നി,' 'രസികരഞ്ജിനി,' 'ഭാഷാപോഷിണി' എന്നിവയുടെ ആകൃതിയിലും വലിപ്പത്തിലും 'മംഗളോദയ'ത്തെകൊണ്ടുവരേണമെന്നായിരുന്നു ഞങ്ങളുടെ അപേക്ഷ. സാഹിത്യവിഷയങ്ങളെ പ്രതിപാദിക്കുന്നവയായ ഉത്തമമാസികകളെ ഇൻഡ്യയിൽ എന്നല്ലാ മറുരാജ്യങ്ങളിലും മുൻപറഞ്ഞവയുടെ വലിപ്പത്തിലാകുന്നു പ്രസിദ്ധപ്പെടുത്തിവരുന്നത് എന്നതിന് മദിരാശി റെവ്യൂ, കൽക്കട്ടാ റെവ്യൂ, ഹിന്ദുസ്ഥാൻ റെവ്യൂ, ണയൻറീത്ത് സെഞ്ചുറി, ഹാർപ്പർസ് മാഗസീൻ എന്നിവ ഉദാഹരണങ്ങളാകുന്നു. വേണമെങ്കിൽ, ഇനിയും വളരെ ദൃഷ്ടാന്തങ്ങളെ എടുത്തുകാണിക്കാം. ഇപ്പൊഴത്തെ വലിപ്പത്തിൽ വേണമെന്ന് ഞങ്ങൾക്ക് ആവിശ്യവും അപേക്ഷയും ഉണ്ടായിരുന്നില്ല. അതിനു ഞങ്ങൾ ഉത്തരവാദികളുമല്ല.

* * *

രാമകൃഷ്ണപിള്ള അവർകൾ 'ബാലാകലേശ'ത്തെ കുറിച്ചൊരു വിമർശനം അല്പകാലം മുമ്പ് ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിനൊരു മറുവടി ആ കൃതിയുടെ കർത്താവായ മിസ്റ്റർ കറുപ്പൻ ഇവിടെ അയച്ചുതരികയും, അതിൽ ആദ്യഭാഗം മംഗളോദയത്തിൽ അച്ചടിച്ചു പുറത്തുകൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇതാണ് മററൊരു കുററം. ഇതിൽ പത്രാധിപന്മാർ എന്തൊരപരാധമാണ് ചെയ്തിട്ടുള്ളത്? കാലതാമസം വന്നിട്ട് പ്രസിദ്ധപ്പെടുത്തിയതാണൊ കുററസംഗതി? അതൊ, രാമകൃഷ്ണപിള്ള അവർകളുടെ അഭിപ്രായത്തിനു വിപരീതമായി ഒന്നും പ്രസിദ്ധപ്പെടുത്തിക്കൂടെന്നു തന്നെയുണ്ടൊ? ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിൽ കാലഹരണവാദം പുറപ്പെടുവിച്ചു കേട്ടിട്ടില്ല. അഥവാ, ഈ ഒരു തടസ്ഥമുണ്ടെങ്കിൽ, അതു മാററിക്കൊടുക്കുന്നതിന്നു മിസ്റ്റർ കറുപ്പൻവഴിയും കാണിച്ചിട്ടുണ്ട്: 'രാമകൃഷ്ണപിള്ള അവർകളുടെ അഭിപ്രായം മുഴുവനും വായിച്ച്, അമ്മ മരിച്ച അടിയന്തരത്തിനുശേഷം, അടിയൻ എഴുതിയ മറുവടി ചില ഗ്രന്ഥങ്ങൾകൂടി പരിശോധിച്ച് വേണ്ട മാററ

ങ്ങൾ ചെയ്യാൻ കാലതാമസം നേരിട്ടതാണ്. ഈ വിവരങ്ങളും ആക്ഷേപസമാധാനങ്ങളുടെ സമ്പ്രദായവും അദ്ധ്യക്ഷൻ തിരുമനസ്സിലെ അറിവിക്കയും, സാഹിത്യവിഷയമായ ഈ വക വാദ പ്രതിവാദങ്ങൾ നന്നെന്നും പത്രാധിപന്മാർക്ക് അ യച്ചുകൊടുത്താൽ മതിയെന്നും മററും അവിടന്നു കല്പിച്ചരുളിച്ചെയ്കയും ഉണ്ടായിട്ടുണ്ട്.' മിസ്റ്റർ കുറുപ്പന്റെ മറുപടി മുഴുവനും പ്രസിദ്ധപ്പെടുത്തിയതിന്നു ശേഷം, അതിനെ ഖണ്ഡിച്ച് രാമകൃഷ്ണപിള്ള അവർകൾക്കു വല്ലതും പറവാനുണ്ടെങ്കിൽ, അതു പ്രസിദ്ധപ്പെടുത്തും. പത്രധർമ്മം ഇങ്ങനെയെന്നാണ് ഞങ്ങൾ ധരിച്ചിട്ടുള്ളത്. ഗംഭീരാശയന്മാരായ എത്ര പൂർവ്വസൂരികളുടെ മതങ്ങളെയാണ് ഇപ്പോൾ ഉള്ളവർ യുക്തിയോടുകൂടി തള്ളിക്കളയുന്നത്? എത്രയോ ഉടച്ചുവാൿുന്നു.? ഇരുഭാഗത്തുമുള്ള വിദ്വാന്മാരായ വക്കീലന്മാരുടെ അഭിപ്രായങ്ങളെയും വാദങ്ങളെയും കേട്ട് എല്ലാജഡ്ജിമാരുംകൂടി ആലോചിച്ചുണ്ടായിട്ടുള്ള എത്രവിധികളെക്കുറിച്ച് പരസ്യമായി പത്രങ്ങളിലും മാസികകളിലും ഓരോരുത്തർ കാരണസഹിതം ആക്ഷേപിച്ചെഴുതുന്നു. ആ തരം എത്ര വിധികളെ പിന്നീട് വേറെ ന്യായാധിപതികൾ തീരെ മാററുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്നു?. ഇതെല്ലാം ആരും കുററങ്ങളായി കരുതാറില്ല. ഈ വക

'കുറഞ്ഞൊരുവിശേഷത്തെ അറിഞ്ഞൊരു ജനംകുററം
പറഞ്ഞെങ്കിലതുകൊണ്ടു തരിമ്പുംകുണ്ഠിതമില്ല;'

അതുകൂടാതെ,

കുറവുംകുററവുംനോക്കിപ്പറവാനഞ്ഞൊരുകൂട്ടം
തുറുകണ്ണുംമിഴിച്ചങ്ങു മറുഭാഗേവസിക്കുന്നു.'

ചിലർ സംഗതികൾ മുഴുവനും ധരിക്കാതെ ദോഷാരോപണങ്ങൾ ചെയ്യുമ്പോഴാണ് നമ്പ്യാരുടെ ശിക്ഷതന്നെയാണ് ഈ വക ദീനങ്ങൾക്കു നല്ലതെന്നു തോന്നിപ്പോകുന്നത്. അതല്ലാതെ, ഈ വകക്കാരുടെ ശകാരങ്ങൾകൊണ്ട് പത്രാധിപന്മാൎക്കു രുചിക്ഷയമൊ ഉറക്കക്കുറവൊ ഭീഷണികൾകൊണ്ടു ഭയമൊ നേരിട്ടിട്ടില്ല. എങ്കിലും, മററു പല ജോലികളുടെ തിരക്കിനിട

യിൽ, കൂലികൂടാതെ, സാഹിത്യത്തിനും സാഹിത്യസമാജത്തിനും വേണ്ടി ഉത്തമവിശ്വാസത്തോടുകൂടി ചെയ്യുന്ന യത്നങ്ങൾക്കു ന്യായമായി തരേണ്ട സഹായം തരാതെ, തൊഴുത്തിൽ കുത്തുണ്ടാക്കി രസിക്കുന്നു എന്ന് മററുള്ളവർ പരിഹസിപ്പാൻ ഇടയാക്കരുതെന്ന് ഈ കൂട്ടരോട് അപേക്ഷിക്കയും അവർക്ക് ഭാവി മംഗളമുണ്ടാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കയും ചെയ്യുന്നു. *

## ആധുനികയുദ്ധം

ഒട്ടീടാനുള്ളൊരോസ്ത്ര്യായൊടുസഹനിതരാം
മുഷ്ക്കുഴുംതുർക്കിയേയും
കിട്ടീജർമ്മന്നിദാനീംപരമൊരുതുണയാ
യെങ്കിലുംശങ്കവേണ്ട,
ബ്രിട്ടീഷുംറഷ്യ,ജപ്പാനിവരുമൊരുനില
യ്ക്കൊത്തുചേർന്നെത്തിയാൽക്കീ
ഴ്പ്പെട്ടീടാത്താരുമില്ലിന്നിടിപൊടിതവിടാ
യീടുമാമൂഢരെല്ലാം.
നാശംനാട്ടാർക്കുദിപ്പിപ്പതിനതിവിരുതു
ള്ളെംഡനീയിൻഡ്യപുക്കു
ദ്ദേശംസാധിച്ചുകൊണ്ടങ്ങനെ ചിലദിവസം
സഞ്ചരിച്ചഞ്ചിടാതെ
ക്ലേശം ചെററിങ്ങുചേർത്തെങ്കിലുമതുകടലിൽ
ത്താഴ്ക്കയാലാകവേയി
ദ്ദേശംനിർബ്ബാധമായീനിഖിലവുമിതുപോ
ലാസ്സരുംദൈവയോഗാൽ. ൧
സത്താന്നുള്ളമഹമ്മദീയരഖിലം
ബ്രിട്ടൻറയിഷ്ടപ്പെട്ടു,
കൊത്താശസ്സ്യോരുപോലൊരുങ്ങിമരുവീ

* രാമകൃഷ്ണപിള്ള അവർകളുടെ ലേഖനം ഇതെഴുതിയതിനുമേലാണ് കണ്ടതു.

ടുന്നേരമിന്നീവിധം
സുൽത്താനെന്തിനു ജൎമ്മനിക്കിഹസഹാ
യിക്കാൻനിനസ്സുന്നു?മേ
ലുൾത്താപംഫലമിക്കളിക്കുദ്ധമെ
ന്നല്ലാതെചൊല്ലാവതോ? ൩
വല്ലാതാശ്ശുവളൎന്നവൈരമതിനാൽ
വീറോടുയൂറോപ്പുകാ
രെല്ലാരുംപൊടിപാററിടുന്നവലുതാം
യുദ്ധത്തിലിദ്ധാദരം
ചൊല്ലാളുന്നൊരുഭാരതീയഭടരും
ചെന്നെത്തിയിന്നാകയാൽ
ച്ചൊല്ലാം'ഭാരതയുദ്ധ'മെന്നിതിനുപേ
രെന്നിങ്ങുതോന്നുന്നുമേ. ൪
എന്തിനുംമതിതാനിതെന്നനിനവും,
ഗാംഗേയസാഹായ്യവും,
പൊന്തിക്കേറിമുതിൎന്നിടുന്നപടയും;
കൎണ്ണപ്രമോദത്തിനായ്
ചന്തിക്കൊത്തുപറഞ്ഞിടുംസചിവരും,
ദുശ്ശാസനപ്രൌഢിയും
ചിന്തിച്ചാലിഹജൎമ്മനീശനനയൻ
ദുൎയ്യോഗിദുൎയ്യോധനൻ. ൫
മൎമ്മംനോക്കിച്ചതിക്കുന്നതിനതിവിരുതും
നോട്ടവുംധാർഷ്ട്യവുംദു
ഷ്കൎമ്മംചെയ്യുന്നതിങ്കൽക്കടുകിടമടിയി
ല്ലാത്തവല്ലാത്തമട്ടും
ധൎമ്മപ്രധ്വംസനത്തിൽക്കൊതിയുമധികമാ
ച്ചേൎന്നൊരാദുൎന്നയാഗ്ര്യൻ
ജൎമ്മന്മന്ത്രിപ്രധാനൻകുമതിശകുനിതാ
നില്ലതിൽക്കില്ലതെല്ലും. ൬

യുദ്ധത്തിൽശ്രദ്ധകൊണ്ടുംയുവനൃവഗതിയിൽ
ച്ചീൎത്തൊരത്ത്യാൎത്തികൊണ്ടും
വൃദ്ധത്വംകൊണ്ടുമേറാംബലമുടയപട
ക്കൂട്ടമുണ്ടാകകൊണ്ടും
ബദ്ധക്ലേശംസഹിച്ചിങ്ങനെപടപൊരുതാ
നോൎത്തിടുന്നോസ്ത്രീയേശൻ
ശുദ്ധപ്രായൻനിനച്ചാലവനിവിടെമഹാ
ധൂൎത്തനാകുംത്രിഗൎത്തൻ. ൩

ഉത്തുംഗാൎജ്ജുനകീൎത്തിയാണ്ടൊരതുല
ശ്രീഭീമസേനാദിയോ
ടൊത്തുംസത്യമിളച്ചിടാതെ സകലം
സാധിച്ചുകൊണ്ടുംസദാ
മെത്തുംഭക്തിസമസ്തനാഥനിലൂാ
ച്ചുള്ളത്രസൎവ്വത്രചെ
ന്നൊത്തുംഭാരതചക്രവൎത്തിയിവിടെ
ധൎമ്മാത്മജന്മാവുതാൻ. ൪

ദ്വേഷ്യത്തോടാൎത്തടുത്തെരികുലമഖിലം
തച്ചുടച്ചുച്ചമാംത
ന്നീൎഷ്യക്കെന്നുംശമംചേൎത്തൊരുവിധമനിശം
ധൎമ്മജാതാദ്ധ്യനായി,
എൎഷ്യൽകാൎയ്യങ്ങൾ ചിന്തിച്ചതുവിധമഥസാ
ധിക്കുവാനുക്കക്കൂട്ടം
ഗൎഷ്യൻ ചിന്തിച്ചുകണ്ടാലിഹരിപുപടലീ
ഭീമനാംഭീമനത്രെ. ൫

ഉന്നംനോക്കിപ്രയോഗിച്ചരിബലനികരം
രംഹസാസംഹരിപ്പാ
നന്നന്നായുദ്ധ്യമിച്ചുംനിജമനസിസുഭ
ദ്രാപ്തിയാൽത്തൃപ്തിയാന്നും

സന്നദ്ധത്വംകലൎന്നീരണശിരസിവിള
    ങ്ങുന്നജപ്പാന്നിനച്ചാ
ലിന്നത്യന്തംപുകഴ്ത്തീടിനപടുമതിയാം
    സൽഗ്ഗുണൻഫാൎഗ്ഗുസൻതാൻ. ൧൦

സേവ്യാലംബംനിമിത്തംസപദിരിപുകുലം
    കൊന്നൊടുക്കുന്നധീരൻ
സേൎവ്യാധിശൻസമൎത്ഥൻശുഭമതിനകുലൻ
    തന്നെയീസ്സംഗരത്തിൽ
നിൎവ്യാജായോധനത്തിൻനിലകളറിയുവോൻ
    ഭാസുരൻപ്രാൻസുനാഥൻ
ദുൎവ്യാപാരങ്ങളില്ലാത്തൊരുഗ്ഗുണിസഹദേ
    വന്മഹാൻധൎമ്മശീലൻ. ൧൧

വെല്ലുംശത്രുക്കളെന്നാലരികിലുമലിവുൾ
    ച്ചിന്തിടുംബന്ധുവൎഗ്ഗം
ചൊല്ലുംമട്ടെന്നുമേററംദൃഢതയൊടമരും
    വീൎയ്യവാൻശൌൎയ്യശാലീ
കല്ലുംതോൽക്കുന്നഹൃത്താണൊരുകൊടിയമഹാ
    നായബെൽജിയഭൂപൻ
തെല്ലുംസന്ദേഹമില്ലിന്നിഹയുധിബത!പാ
    ഞ്ചാലഭൂപാലനത്രെ. ൧൨

കെണ്ടന്മാരായശത്രുക്കളെയഖിലമഹോ!
    ഹന്ത!കുന്തപ്രയോഗം
കൊണ്ടമ്മാറാശുവീഴ്ത്തിപ്പടുതപരമുടൻ
    കാട്ടിയുൾക്കട്ടിമൂലം
ഇണ്ടൽപ്പാടേതുമേലാതിഹപുകഴധികം
    പൂണ്ടൊരിൻഡ്യൻഭടൌഘം
കുണ്ഠത്വംവിട്ടുപാൎത്ഥാശ്രിതനൃപവരസ
    മ്മാന്യമാംസൈന്യമത്രെ. ൧൩

എന്നീവണ്ണമുരച്ചുകൊണ്ടുവിജയം
ബ്ഭിട്ടുന്നവെട്ടെന്നുതാൻ
വന്നീടാനഖിലേശനെപ്രതിദിനം
പ്രാൎത്ഥിച്ചപാൎത്തിട്ടിതിൽ
ചിന്നിടുന്നൊരുഭക്തിയോടുമരുവും
ലോകൎക്കുലോകേശ്വരൻ
തന്നീടുംതരമോടഭീഷ്ടം,മതിനാൽ
ചെമ്മേവരുമ്മേൽ ശുഭം. ൧൪

കൊട്ടാരത്തിൽ ശങ്കുണ്ണി.

---

## പരസ്യം

### വരിക്കാൎക്ക പ്രത്യേകം.

ഇക്കഴിഞ്ഞ വൃശ്ചികം മുതൽ മംഗളോദയത്തിന്റെ പുതിയ കൊല്ലം തുടങ്ങിയിരിക്കുന്നുവെന്നറിയാമല്ലൊ. വരിസംഖ്യ മുൻകൂറായി അടയ്ക്കണമെന്നുള്ള നിശ്ചയമനുസരിച്ച് ചില മാന്യന്മാർ ഇതെവരെ എത്തിച്ചു കാണുന്നില്ല. കഴിഞ്ഞ കൊല്ലത്തെ പണം ബാക്കിയായിവെച്ചിട്ടുള്ള ചിലമാന്യന്മാരേയും ഇക്കൂട്ടത്തിൽ കാണുന്നുണ്ട് ഇത്തവണ [എതാനും മാന്യന്മാൎക്ക വി. പി. ആയി അയച്ചിട്ടുണ്ട്. എനിയത്തെ ൧൦ ലക്കം പുറപ്പെടുന്നതിന്നു മുമ്പായി, സംഖ്യ എത്തിക്കാത്ത ബാക്കി മാന്യന്മാൎക്കും ആ ലക്കം ഒരോരുത്തരും തരുവാനുള്ള വരിസംഖ്യ ചുമത്തി വി. പി. അയക്കുന്നതാണ്. അതിന്നു വിസമ്മതമോ, സ്വീകരിപ്പാനസൌകൎയ്യമൊ ഉള്ളവർ ഉടൻ അറിവു തരേണ്ടതാണ്. പണം എത്തിക്കയൊ വിവരം അറിയിക്കയൊ ചെയ്യാതെ. വി. പി. നിഷേധിച്ചു മടക്കി അയച്ചു ഞങ്ങൾക്ക നഷ്ടത്തിന്നിടവരുത്തരുതെന്നു പ്രത്യേകം അറിയിക്കുന്നു.

മാനേജർ.

## നരമ്പുതളൎച്ചക്കും നപുംസകത്തിനും രണ്ട് ആശ്ചൎയ്യമായ മരുന്നുകൾ.

### മദനമഞ്ചരി ഗുളികകൾ.

ഈ ഗുളികകൾ ദീൎഘായുസ്സിനെ കൊടുക്കുന്നവയും, ധാരണാശക്തിയെ ഉണ്ടാക്കുന്നവയും, ദുന്നടപ്പുകൊണ്ട് ഇന്ദ്രിയത്തിനെ അധികമായി കളയുന്നതുകൊണ്ട് ഉണ്ടാകുന്ന നരമ്പുതളൎച്ച, ബലഹീനത മുതലായ വ്യാധികളെ നീക്കുന്നവയും ആയ ഒരു ഉയൎന്നതരം മരുന്നാകുന്നു. ഇതു സ്വപ്നത്തിൽ മൂത്രസ്ഖലിതത്തെ നിൎത്തും. ഇതു മൂത്രംപോക്കു മുതലായ ദീനങ്ങൾക്കു ഒരു കൈകണ്ട മരുന്നാകുന്നു. ഇവ ദഹനശക്തിയേയും മലശോധനയേയും ഉണ്ടാക്കും. 40 ഗുളികകൾ അടങ്ങിയ ഒരു ടിൻന്ന് വില ക 1—0—0

### നപുംസകതാരികൃതം.

ചെറുപ്പകാലത്തിൽ ദുന്നടപ്പുകൊണ്ടു ഒരു മനുഷ്യന്നു ഗുഹ്യസ്ഥാനത്തു ഉണ്ടാകുന്ന നരമ്പുതളൎച്ച മുതലായ ഇന്ദ്രിയസംബന്ധമായ സകല ദീനങ്ങളേയും മാറാം നീക്കുകയും നപുംസകം എത്ര കഠിനമായിരുന്നാലും, എത്രദിവസം പഴക്കമായിരുന്നാലും അതു ഏതു കാരണംകൊണ്ടു ദേഹത്തിൽ പിടിച്ചിരുന്നാലും ഈ വകയായുള്ള ദീനങ്ങളെ ഈ മേൽപറഞ്ഞ കൊഴമ്പു ആശ്ചൎയ്യം തോന്നത്തക്കവണ്ണം ഗുണം ചെയ്യുന്നതാണ്. ഈ കൊഴമ്പിനെ ഗുഹ്യസ്ഥാനത്തു തേക്കുന്നതുകൊണ്ടു മനുഷ്യന്നു പൊയ്പ്പോയതായ ചെറുപ്പകാലത്തെ വീൎയ്യവും ശൌൎയ്യവും വീണ്ടും വരുകയും സുഖമായി ദീൎഘായുസ്സിനെ കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇതു വളരെ ഉയൎന്നതരം മരുന്നു എന്നു പലരും പുകഴ്ത്തി പറയുന്നുണ്ട്.

2 തോല തൂക്കം അടങ്ങിയ ടിൻ ഒന്നുക്ക് വില ക 1—0—0

ഞങ്ങൾക്കു വന്നിട്ടുള്ള അനേകം കത്തുകളിൽ ഒന്നുരണ്ടിന്റെ ചുരുക്കം:

മംഗലാപുരം ബി. ജി. എം. സ്കൂളിൽ ഇരിക്കുന്ന സുബ്ബറാവ് അവർകൾ.

'നിങ്ങൾ അയച്ച ഒരു പെട്ടി മദനമഞ്ചരി ഗുളികകൾ ഒന്നാം തികതി കിട്ടി. എനിക്കു അതിനാൽ ഉണ്ടായ ഗുണങ്ങൾ അധികം. അതു ഞാൻ വഴിയെ എഴുതാം. എനിക്കു ദയവു ചെയ്തു ഒരു പെട്ടി കൂടി അയച്ചുതരിക.'

എന്ന് പി. സുബ്ബറാവു കൈ ഒപ്പ്.

ബല്ലാരി സബ്ബ് റിജിസ്ട്രാർ പി. നരസിംഗറാവു അവർകൾ.

'നിങ്ങളുടെ മദനമഞ്ചരി ഗുളികകൾക്കും നപുംസകതാരികൃതത്തിന്നും രണ്ടു രണ്ടു പെട്ടികൾ അയക്കുവാൻ അനുമതി അയച്ചു. 20 ദിവസത്തെ ഉപയോഗത്തിൽ എനിക്കു ആശ്ചൎയ്യവും സന്തോഷവും തോന്നത്തക്കവണ്ണം എന്റെ ഗുഹ്യസ്ഥാനത്തു വളരെ ഗുണങ്ങൾ കാണുകയുണ്ടായി. നിങ്ങളുടെ മരുന്നിന്ന് എതിർ ഇല്ല എന്നു സംശയം കൂടാതെ തന്നെ പറയാം. നിങ്ങൾ ഈ ചെറിയ കത്തിനെ ഞാൻ തന്ന ഒരു സൎട്ടിഫിക്കറ്റായി ഉപയോഗിക്കാം.'

എന്ന് പി. നരസിംഗറാവു കൈ ഒപ്പ്.

മേൽവിലാസം—

രാജവൈദ്യ നാരാൺജി കേശവ്ജി,
മദ്രാസ് ബ്രാൻജ്, 25 ചൈന ബജാർ റോഡ,
മദ്രാസ്.

**20,000 പുസ്തകങ്ങൾ**

വെറുതെ കൊടുപ്പാൻ തെയ്യാറുണ്ട്.

# കാമശാസ്ത്രം

ആരോഗ്യവും ദീൎഘായുസ്സും നിശ്ചയമായും പ്രകൃതിക്കനുസരിച്ചു നില്ക്കുന്ന ചില നിബന്ധനകളെ ശരിയായി അനുഷ്ഠിക്കുന്നതിനെ ആശ്രയിച്ചു നില്ക്കുന്നു. മേല്പറഞ്ഞ വിശേഷമായ പുസ്തകം ആരോഗ്യം ഉണ്ടാകേണ്ടതിനുള്ള വഴികാണിച്ചു നിങ്ങളുടെ ദേഹാരോഗ്യത്തെ ശുദ്ധാവസ്ഥയിൽ നിലനിൎത്തുകയും ആയുസ്സിനെ ദീൎഘിപ്പിക്കുകയും നിങ്ങളെ ഭാഗ്യവാന്മാരാക്കിത്തീൎക്കുകയും ചെയ്യും.

മേൽവിലാസം അയച്ചുതരുന്നവൎക്ക് പുസ്തകം യാതൊരു വിലയും തപാൽക്കൂലിയും ഇല്ലാതെകണ്ടു അയച്ചുകൊടുക്കുന്നതാണ്.

വൈദ്യശാസ്ത്രി, മണിശങ്കര ഗോവിന്ദജി

ആതങ്കനിഗ്രഹ ഔഷധാലയം,

22, ബ്രോഡ്വെ, മദിരാശി.

സബ്ബ് ആപ്പീസ്സ് 96 മൌണ്ട്റോഡ്, മദിരാശി.

# മംഗളോദയം

## ൧൦൯൦

പുസ്തകം ൭ } കുംഭമാസം. { ലക്കം ൮


### മംഗളം.

മാടാണാവാസവുംവാഹവുമെവനെ,വനൽ
ഭക്തിയുള്ളോൎക്കുലാഭം
ക്കൂടാതേകുന്നതുംതൻതിരുവപുഷിധരി-
ക്കുന്നതുംശ്രുതിതന്നേ;
ചൂടാനുംമൂൎദ്ധ്നി,വിദ്യാധരസുരമുനിസി-
ദ്ധൎക്കുവൎണ്ണിച്ചുവാഴ്ത്തി-
പ്പാടാനുംവെണ്മയുള്ളപ്പുകളുടയവനാ
രാ;യവൻതാൻസഹായം.

വള്ളത്തോൾ നാരായണമേനോൻ.

### ആരാഞ്ഞാൽ അറിയാം.

൧.

ഒരുനരകരതാരുകൊണ്ടുതീൎത്തി-
ഞ്ഞൊരുജഡമായിട്ടമ്പലത്തിലെങ്ങും,
നിരുപമ!ജഗദീശ!കണ്ടതില്ലി-
ഞ്ഞൊരുപൊഴുതുംവഴിപോലെഞാൻഭവാനെ.

൨.

അതിവിപുലവിലാസമാംനഭസ്സി-
ന്നതിരുകവിഞ്ഞൊരുദാരതയ്ക്കകത്തും,
ധൃതിയൊടുസുമസഞ്ചയംവിടന്നു-
ള്ളതിലുമിരുന്നുഭവാൻവിളങ്ങിടുന്നു.

൩.

ഒരുപടിനിഗമജ്ഞരോത്തു ചൊല്ലി-
ത്തെരുതെരെവീണുനമസ്കരിച്ചിടുമ്പോൾ,
ഒരുപൊഴുതുമിടക്കുഞാൻശ്രവിച്ചി-
ല്ലരുളുന്നനാംഭഗവാന്റെനാദമൊന്നും.

൪.

ഇലകളുടെകളസ്വനത്തിലും ച-
ഞ്ചലതരവായു ചലിപ്പതിങ്കലുംഞാൻ,
വലിയൊരുഭവദീയമുഗ്ദ്ധനാദം,
കലിതരസംകളിയല്ലകേട്ടിടുന്നു.

൫.

ഇഹ ബഹുസുഖമായടുത്തുകൂട്ടം,
വിഹരണഭോഗവിലോലലാഭകാലെ,
ഗഹനഹൃദയനാംഭവാനുമെന്നൊ
സ്പൃഹയൊടൊരിക്കലുമൊന്നുതൊട്ടതില്ല.

൬.

അഹഹ!ദഹനതുല്യമായിടുംദു-
സ്സഹതരരോഗമിയന്നനാളിലെന്നെ,
മുഹുരപികരതാരിനാൽതലോടി-
ബ്ബഹുസുഖമേകിയൊരോർമ്മമാഞ്ഞുപോകാ.

൭.

കിതവരധികമായ്സ്തുതിച്ചുമന്ദ-
സ്മിതരുചിതൂകിയടുത്തുകൂടിയപ്പോൾ,

ഹിതകരഭവദീയനോട്ടമൊട്ടും,
ചിതതരമായിഖനിൽപതിച്ചതില്ല.

൮.

പുരുജയതിനാൽസഹായമില്ലാ-
തൊരുശിശുവെന്നവിധംകരഞ്ഞനേരം,
ഗുരുഗുണനിധിയാംഭവാൻകടാക്ഷി-
ച്ചൊരുശുഭവീക്ഷണമെന്നുഞാൻമറക്കും?

൯.

അവനിയിലവതാരപൂരുഷന്മാ-
രവരവർവെച്ചമതപ്രദീപമദ്ധ്യേ,
ഭുവനജനക്ഹേ!ഭവന്മുഖാബ്ജം,
നവനവകാന്തികലർന്നുകണ്ടിടുന്നു.

൧൦.

ക്ഷിതിയിലവതരിച്ചകോടിജീവൻ
മൃതിയുടെവിസ്മൃതിയാമിരുട്ടിലുംഞാൻ,
പ്രതിവിധികൃതജന്മമാംപ്രഭാത-
ദ്യുതിയിലുമീശ്വര!കണ്ടുതേമുഖാബ്ജം.

൧൧.

അനുപമസുഷമാവിശേഷമേന്തും
തനുവെഴുമീശ്വര!കണ്ടുഞാൻഭവാനെ,
അനുഭവഭവദീയദിവ്യമാംപ്രാ-
ണനമിവനത്ഭുതശക്തിനൽകിടുന്നു.

൧൨.

ഇതിനൊടുസമമിന്നനൂറുകോടി
ക്ഷിതികളരാതികളാകിലുംരണത്തിൽ,
പതിരിനുസമമൊക്കെയുംപതിക്കും,
മതികുതുകത്തൊടുഞാൻഭവൽജയിക്കും.

സി. ഗോവിന്ദൻ ഇളയേടം.

---

# ശാരദ.

(കെ. നാരായണമേനോൻ)

ഒരു ആഖ്യായിക, അല്ലെങ്കിൽ നോവൽ, എഴുതുന്ന കാൎയ്യം ഒട്ടും സുഖസാദ്ധ്യമല്ല. ആ ഗ്രന്ഥകൎത്താവിന്ന് അത്യാവശ്യമായ ഗുണങ്ങൾ പലതുമുണ്ട്. വിഭാവനാശക്തി; കഥ നടന്ന കാലത്തേയും സ്ഥലത്തേയും കുറിച്ചുള്ള പൂൎണ്ണജ്ഞാനം; മനുഷ്യപ്രകൃതിയെ വിമൎശനം ചെയ്തു തന്റെ മാതൃകയോടു കഥാപാത്രത്തെ യോജിപ്പിക്കുവാനുള്ള സാമൎത്ഥ്യം; അത്യന്താപേക്ഷിതങ്ങളായ ഈ സംഗതികളുടെ സങ്കലനത്താൽ കഥ വായനക്കാൎക്ക് അനുഭവപ്പെടത്തക്കവണ്ണം തന്മയത്വമുള്ളതാക്കിത്തീൎക്കുവാനുള്ള പ്രത്യേകവാസന. മിസ്റ്റർ ചന്തുമേനോന് ഈ വക ഗുണങ്ങൾ ഉണ്ടായിരുന്നു എന്നതിനു സംശയമില്ല. അദ്ദേഹത്തിന്റെ 'ഇന്ദുലേഖ'യിലും 'ശാരദ'യിലും നോവലിനെ സംബന്ധിച്ച ചില നിബന്ധനകൾ അഗണ്യമാക്കീട്ടുണ്ടെങ്കിലും, അവയ്ക്കു സഹൃദയഹൃദയാഹ്ലാദകത്വം ജനിപ്പിക്കുവാനുള്ള വിശേഷശക്തിയുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇതുതന്നെയാണല്ലോ ഒരു ഗ്രന്ഥത്തിന്റെ പ്രധാനഗുണം.

എന്നാൽ ഒരാൾ എഴുതി എതാനുമാക്കിയ ഒരു കൃതിയെ മറെറാരാൾ പൂൎത്തിയാക്കുക എന്നത്, ആദ്യമായി ഒന്നെഴുതുവാൻ വേണ്ടിവരുന്ന പ്രയാസത്തേക്കാൾ, പതിന്മടങ്ങു ബുദ്ധിമുട്ടാകുന്നു. ഇങ്ങിനെ ഒരു പൂരണം അധികാപേക്ഷം തൃപ്തികരമാകുംവണ്ണം സാധിച്ചിട്ടില്ല. ആദ്യകൎത്താവിനോടുള്ള സാഹചൎയ്യംകൊണ്ട് അദ്ദേഹത്തിന്റെ ചിത്തവൃത്തികളേയും ഉദ്ദേശ്യങ്ങളേയും സൂക്ഷ്മമായി ഗ്രഹിച്ച വിഭാവനാശക്തികൊണ്ട് ആ പ്രവൃത്തിയിൽ തന്മയത്വം വരുത്തുവാൻ സാധിക്കുന്ന ഒരുവനല്ലാതെ മറെറാരാൾക്കും ആ കൃതിയെ തൃപ്തികരമാകുംവണ്ണം പൂൎത്തിയാക്കുവാൻ സാധിക്കുന്നതല്ല. കാളിദാസരുടെ രഘുവംശത്തിലെ ഒരു ശ്ലോകത്തിൽ ഉപയോഗിച്ച ഒരു പദം ഒന്നു മാററു

വാൻവേണ്ടി ചില മഹാ കവികൾ ശ്രമിച്ചപ്പോൾ, അലകും പിടിയും മാറേറണ്ടിവ:നിട്ടും കൂടെ, ആശയത്തിന്നു ഭംഗം വരു ത്താതെ കഴിക്കാൻ സാധിച്ചില്ലത്രെ. പ്രതിഭാവിലാസം,വിഭാവ നാശക്തി മുതലായ കവിഗുണങ്ങൾ മൂൎത്തീകരിച്ചിരുന്ന കാളി ദാസൻപോലും പ്രഭാകരകവിയുടെ ഒരു 'ശ്ലോകാൎദ്ധം' പൂരിപ്പി ക്കുവാൻ ശ്രമിച്ചപ്പോൾ, 'പട്ടുനൂലിന്മേൽ വാഴനാരു ചുറോണ്ട' എന്ന് അശരീരിവാക്യം ഉണ്ടായതായി ഒരു ഐതിഹ്യം കേ ട്ടിട്ടുണ്ട്. കാളിദാസരെപ്പോലെ ദിവ്യത്വമുള്ള ഒരാളാണ് ശാര ദയുടെ രണ്ടാംഭാഗം എഴുതുവാൻ ശ്രമിച്ചതെങ്കിൽ, 'ഉള്ള പാ ലിൽ ചുക്കിട്ടുകാച്ചേണ്ടാ' എന്ന് ഒരു ആകാശവാണി അദ്ദേ ഹത്തിൻെറ മനസ്സാക്ഷിയോടു നിശ്ചയമായും ഉപദേശി ച്ചേനെ.

ഈ കഥയെ പൂൎത്തിയാക്കുന്ന കാൎയ്യത്തിൽ 'ചന്തുമേ നോൻ അവർകൾക്കുള്ള ആശയങ്ങളുടെ വ്യഞ്ജകശക്തി'തന്നെ വളരെ സഹായിച്ചിട്ടുണ്ടെന്നാണ് മിസ്റ്റർ അന്തപ്പായി മുഖവു രയിൽ പ്രസ്താവിക്കുന്നത്. എന്നാൽ ഗ്രന്ഥകൎത്താവിൻെറ വി ജയത്തിന്നു പ്രതിബന്ധമായിത്തീൎന്ന പ്രധാനസംഗതി മിസ്റ്റർ ചന്തുമേനോൻെറ ആശയം ഗ്രഹിക്കുവാൻ കഴിയാഞ്ഞതാ ണെന്നു കഥയുടെ ഉത്തരഭാഗത്തിൽനിന്നു വിശദമാകുന്നുമുണ്ട്. കഥ നടന്ന കാലദേശാവസ്ഥകളെക്കുറിച്ചു പൂൎണ്ണമായ ജ്ഞാനം സിദ്ധിക്കുവാൻ സൌകൎയ്യം കിട്ടായ്കകൊണ്ടും കഥാപാത്രങ്ങളുടെ ആചാരമൎയ്യാദകൾ തൻെറ സാഹചൎയ്യത്തിന്നു വിരുദ്ധങ്ങളായ തുകൊണ്ടും ഈ ഗ്രന്ഥകൎത്താവിന്നു ഗദ്യരചനയിലുള്ള സാമ ൎത്ഥ്യം ചില സ്ഥലങ്ങളിൽ പരിഹാസ്യവും മററു ചില സ്ഥല ങ്ങളിൽ വിഫലവുമായി പരിണമിച്ചു എന്നു പറയാതെ നിവൃ ത്തിയില്ല. സമുദായങ്ങളിൽ കാലാന്തരംകൊണ്ടു വേരൂന്നിക്കി ടക്കുന്ന സാംസൎഗ്ഗികന്യൂനതകളെ പരിഹരിക്കേണമെന്ന ഉദ്ദേ ശ്യത്തോടുകൂടി എഴുതുന്ന ഒരു ആഖ്യായികയിൽ സൽപാത്ര ങ്ങളുടെ പ്രാധാന്യംകൊണ്ടു ദുഷ്പാത്രങ്ങളുടെ ദുരാചാരങ്ങളെ

പ്രത്യക്ഷപ്പെടുത്തുന്നതിലാണ് ഗ്രന്ഥകൎത്താവിന്റെ സാമൎത്ഥ്യം വിശദമാകേണ്ടത്. നേരെമറിച്ച്, താരതമ്യംകൂടാതെ പാത്രങ്ങളുടെ ദുഷ്പ്രവൃത്തികളെ മാത്രം പ്രധാനമായി പ്രദൎശിപ്പിക്കുന്ന ഒരു ആഖ്യായിക ആന്തരമായി സമുദായദുരാചാരങ്ങളെ വൎദ്ധിപ്പിക്കുകയേയുള്ളൂ. ഈ ഒരു അവസ്ഥ വളരെ ശോചനീയവും അതിന്നു ഹേതുവാകുന്ന കരണങ്ങൾ വൎജ്ജ്യങ്ങളുമാകുന്നു. ശാരദയിലെ രണ്ടാം ഭാഗത്തിലുള്ള പാത്രങ്ങളിൽ ഒന്നിന്നെങ്കിലും മനസ്സാക്ഷിയുള്ളതായി പ്രത്യക്ഷപ്പെടുന്നില്ല. മിസ്റ്റർ ചന്തുമേനോന്റെ ഉദ്ദേശ്യങ്ങൾക്കു നേരെ വിപരീതമായിട്ടാണ് മിക്ക സംഗതികളും ഈ ഗ്രന്ഥകാരൻ കലാശിപ്പിച്ചിരിക്കുന്നതെന്നു വഴിയെ വിശദമാകും, അതുകൊണ്ടു രണ്ടാം ഭാഗത്തിൽ പ്രത്യക്ഷപ്പെടുന്ന പാത്രങ്ങളുടെ മനോഗതി മിസ്റ്റർ ചന്തുമേനോന്റെ ചിത്തവൃത്തികളെ അനുസരിച്ചുള്ള സ്വാഭാവികപരിണാമമാണെന്ന് ആരും തെറ്റിദ്ധരിക്കുകയില്ലല്ലൊ.

ഈ കഥയുടെ 'മൎമ്മം' അഹിതനായ ഭൎത്താവിന്റെ സാന്നിദ്ധ്യം ദുസ്സഹമായിത്തീൎന്ന കല്യാണിയമ്മ നാടുവിട്ടുപോയ സംഭവമാണ്. സാധാരണ നായർ പ്രഭുക്കന്മാരുടെ തറവാടുകളിൽ നടന്നുവരുന്ന ഗൈഹികാ നീതികളും വ്യവഹാരങ്ങളും സമുദായക്ഷേമത്തിന്നു ഹാനികരങ്ങളാണെന്നു ദൃഷ്ടാന്തരൂപേണ പ്രത്യക്ഷപ്പെടുത്തുവാനാകുന്നു ഈ 'മൎമ്മ'ത്തെ അടിസ്ഥാനമാക്കി ഈ ഒരു കഥ നിൎമ്മിക്കുവാൻ അദ്ദേഹം ശ്രമിച്ചത്. വക്കിൽ കർപ്പൂരയ്യർ ആദ്യമായി സൂചിപ്പിച്ച 'ടിച്ച്ബാൻ കേസ്സ്' ഈ കഥയുടെ പരിണാമത്തിന്നുള്ള കേന്ദ്രമായിട്ടായിരിക്കണം മിസ്റ്റർ ചന്തുമേനോന്റെ സങ്കല്പം. ശാരദയെ എടത്തിലെ സന്തതിയായി സ്വീകരിച്ചു സംരക്ഷിക്കേണമെന്നു രാമൻമേനോൻ നോട്ടീസ്സ് അയച്ചപ്പോൾ ഈ കേസ്സിനെത്തന്നെ അടിസ്ഥാനമാക്കിയാണ് എടത്തിൽനിന്നു ശാരദയുടെ സൂക്ഷ്മസ്ഥിതിയെക്കുറിച്ചു തൎക്കം പുറപ്പെടുവിച്ചത്. കൃഷ്ണമേനോന്റെ മറുവടിയിൽനിന്നും രാഘവനുണ്ണിയുമായുണ്ടായ സം

ഭാഷണത്തിൽനിന്നും ഇതു പ്രത്യക്ഷപ്പെടുന്നതാണ്. കുണ്ടൻ മേനോൻ 'റിപ്പി' ആക്കടിന്മേൽ ഇത്ര ഊന്നിപ്പിടിച്ചതും ആ ഉദ്ദേശ്യത്തിൻെറ പരിണാമം തന്നെയാകുന്നു. 'ഈ കഥയിൽ വരുവാൻ പോകുന്ന 'സിവിൽവ്യവഹാര'സംഗതിയിൽ' എന്നും "കഥ ഒരു 'സിവിൽ വ്യവഹാരത്തെ'ക്കുറിച്ചു മാത്രമാകയാൽ" എന്നും മിസ്റ്റർ ചന്തുമേനോൻ പ്രത്യേകം പറഞ്ഞിട്ടുള്ളതിൽ നിന്ന്, ഈ കഥയുടെ പരിണാമഗുപ്തിക്ക് ആവശ്യമായ ചില ക്രിമിനാൽ വ്യവഹാരസംഗതികളും കൂടെ വന്നു ചേരുമെന്നല്ലാതെ, സിവിൽവ്യവഹാരം രാജിയാകേണമെന്നും ക്രിമിനൽ സംഗതികൾ അലസിപ്പോകേണമെന്നുമല്ലായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശമെന്നു വിശദമാകുന്നതാണല്ലോ. അതുകൊണ്ടു മിസ്റ്റർ ചന്തുമേനോൻെറ ആശയങ്ങളുടെ വ്യഞ്ജകശക്തി മിസ്റ്റർ അന്തപ്പായിയെ എത്രത്തോളം സഹായിച്ചിട്ടുണ്ടെന്നു കഥയുടെ പൎയ്യവസാനം പ്രത്യക്ഷപ്പെടുത്തുന്നതാകുന്നു.

മിസ്റ്റർ ചന്തുമേനോൻെറ ആശയത്തെ അപേക്ഷിച്ചു വിവാദത്തിന്ന് ആസ്പദമായ മറ്റൊരു മുഖ്യസംഗതി ഈ കഥ ശുഭമായോ അശുഭമായോ കലാശിക്കേണ്ടത് എന്നും ശുഭമായിട്ടാണെങ്കിൽ കൃഷ്ണമേനോൻ തന്നെയാണൊ ശാരദയെ വിവാഹം ചെയ്യേണ്ടത് എന്നുമാകുന്നു. ഈ കാൎയ്യത്തിൽ മിസ്റ്റർ അന്തപ്പായിയുടെ ആലോചന തെററല്ലെന്നു വരുന്നപക്ഷം, ഒരു ആഖ്യായികയിൽ വായനക്കാരുടെ രസത്തെ നിലനിറുത്തിക്കൊണ്ടുപോകുവാൻ അത്യന്താപേക്ഷിതമായ അനുകമ്പയും അതിന്നു കാരണമാകുന്ന ആകസ്മികവിപത്തുകളും ബലാൽക്കാരങ്ങളുമായിട്ടാണ് പരിണമിക്കുന്നത്. അതുകൊണ്ടു കഥയുടെ പൎയ്യവസാനത്തിൽ വായനക്കാരുടെ വികാരങ്ങൾക്കു സ്പൃഹണീയമല്ലാത്ത ഒരു ആലസ്യം അനാവശ്യമായി സംഭവിക്കുന്നു. സർ വാൾട്ടർ സ്കോട്ടിൻെറ 'കെനിൽവൎത്തി'ലെ 'ട്രസിലയ'ൻെറ പ്രവൃത്തി ഇല്ലാതെ വന്നിരുന്നെങ്കിൽ ആ നോവലിലെ പരി

ണാമശുഷ്ക്കിയും വായനക്കാരുടെ അനുകമ്പയും കഥയുടെ പര്യവസാനത്തെക്കുറിച്ചുള്ള ഉൽക്കണ്ഠയും തീരെ ബലഹീനമായിത്തീന്നേനെ. അതുപോലെതന്നെ, ശാരദയിൽ വൈത്തിപ്പട്ടരുടെ സൂത്രങ്ങൾ അക്ഷീണങ്ങളായിരുന്ന അവസരങ്ങളിൽ ശങ്കരമേനോൻ പ്രവൃത്തിക്കേണ്ടതിനു പകരം കൃഷ്ണമേനോൻ തിരുക്കപ്പെട്ടു പ്രവേശിച്ചതിനാൽ, ശുഭകരമായ പയ്യവസാനം രസശൂന്യമായിപ്പോയി. ആപൽക്കരമായ സംഭവങ്ങളോടുകൂടി ത്തുടങ്ങിയ ഒരു കഥ പെട്ടെന്നു ശുഭകരമായി പയ്യവസാനിപ്പിക്കുമ്പോൾ, സ്വാഭാവികസംഭവങ്ങളെല്ലാം യാദൃച്ഛികങ്ങളായിത്തീരേണ്ടിവരും. അങ്ങിനെ കലാശിപ്പിക്കുന്നതു ഗ്രന്ഥകത്താവു വായനക്കാരെ നേരിട്ടു പരിഹസിക്കുന്നതിൻെറ ഒരു വകഭേദം മാത്രമാകുന്നു. കേസ്സിനെ സംബന്ധിച്ചു കൃഷ്ണമേനോന് ആദ്യം ഉണ്ടായിരുന്ന അഭിപ്രായത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, ഈ കഥ ഇങ്ങിനെ നിഷ്പ്രയാസം ശുഭകരമായിപ്പരിണമിക്കുവാൻ കാരണമാക്കിത്തീത്ത സംഗതി അദ്ദേഹത്തിൻെറ ഗംഭീരാശയത്തിനും സ്വാതന്ത്ര്യബുദ്ധിക്കും ഹാനികരമല്ലെ? ഏതാദൃശങ്ങളായ പൂവാപരവിരുദ്ധങ്ങളോടുകൂടി ശുഭകരമായി പ്പയ്യവസാനിച്ച ഈ കഥാഭാഗത്തിൽ സ്ഥായിയായി പ്രസരിക്കുന്ന വാസ്തവരസം എന്താണെന്നു മനസ്സിലാകുന്നതേയില്ല.

ഈ കഥ നടന്ന കാലം ഏകദേശം ഏതായിരുന്നു എന്നു വായനക്കാക്ക് ഊഹിക്കുവാൻ മിസ്റ്റർ ചന്തുമേനോൻ ചില സംഗതികൾ പ്രത്യക്ഷപ്പെടുത്തീട്ടുണ്ട്. ഈ സംഗതി മിസ്റ്റർ അന്തപ്പായിയുടെ ദൃഷ്ടിയിൽ പെടാതിരുന്ന സ്ഥിതിക്ക് അദ്ദേഹം ചന്തുമേനോൻ അവർകളുടെ ആശയങ്ങൾ ഗ്രഹിച്ചിട്ടുണ്ടെന്നു പറയുന്നതിൽ വളരെ വാസ്തവമുണ്ടെന്നു തോന്നുന്നില്ല. കഥ നടന്ന കാലത്തെ നിണ്ണയിക്കുന്നതിന്നു വായനക്കാരെ കാണിച്ചുകൊടുത്തിരിക്കുന്ന മാൎഗ്ഗം പണിക്കരുടെ പ്രശ്നത്തിലെ ഗ്രഹനിലയാകുന്നു. 'പരഹിത' പ്രകാരം മീനവ്യാഴാദി ഗ്രഹസ്ഥിതിയിൽനിന്നു പ്രശ്നം ഉണ്ടായത്, ൧൦൬൨-ാമാണ്ടു മിഥുന

മാസം ൧൦൦൦-ാംതിയ്യതിയാണെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്; അതായത് ഇന്നേക്ക് ഇരുപത്തിമൂന്നു കൊല്ലങ്ങൾക്കുമുമ്പു ശങ്കുവാരിയർ സാക്ഷിപറയാതെ കഴിക്കുവാൻവേണ്ടി, പലതവണയും കാശിയിൽ പോയിട്ടും ഗയയിൽ പോകാൻ സാധിക്കാഞ്ഞതുകൊണ്ടു, തൽക്കാലം 'ഗയാസ്നാനം' ചെയ്തുകളയാമെന്നുവെച്ചു പുറപ്പെട്ടത് ആ കർക്കിടകത്തിലായിരിക്കണം. ഗയയിൽനിന്നുള്ള മടക്കത്തിൽ തൻെറ ദേശാടനത്തിന്നു കാരണമായ പൂഞ്ചോലക്കര എടത്തിലെ വ്യവഹാരസംഗതിയെക്കുറിച്ച് അന്വേഷിക്കുവാൻ വാരിയർ മദ്രാസിൽ ഇറങ്ങി! മദ്രാസ് ഹൊട്ടലുകളിൽ വ്യവഹാരത്തെക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം ഹൈക്കോർട്ടിൽ ചെന്നു കയറുകയും സർ. ടി. മുത്തുസ്വാമി അയ്യരുടെ സ്റ്റാച്യു കാണുകയും ചെയ്യുന്നുണ്ട്. മുത്തുസ്വാമി അയ്യർ മരിച്ചതിനുശേഷമാണ് അദ്ദേഹത്തിൻെറ സ്റ്റാച്യു സ്ഥാപിക്കപ്പെട്ടത്. അദ്ദേഹം മരിച്ചത് ഉദ്ദേശം കൊല്ലവർഷം ൧൦൭൦-ാമാണ്ടിലുമാകുന്നു. വാസ്തവസംഭവത്തിന്നു രണ്ടു മൂന്നു കൊല്ലം മുമ്പുതന്നെ വാരിയരെ സ്റ്റാച്യു കാണിച്ചുകൊടുത്ത അന്തപ്പായി അവർകളുടെ ദിവ്യദൃഷ്ടി പ്രത്യക്ഷസംഗതികളിൽസ്ഥൂലദൃഷ്ടിയായിപ്പോയത് എന്തുകൊണ്ടെന്നറിയുന്നില്ല.

ഇരുപത്തിമൂന്നു കൊല്ലങ്ങൾക്കുമുമ്പു മദ്രാസിൽ മോട്ടോർവണ്ടികൾക്കു പ്രചാരമുണ്ടായിരുന്നില്ലെന്നു നമുക്കെല്ലാവർക്കും അറിയാമല്ലോ. ആ സ്ഥിതിക്ക് അഡിയാർ ലക്ച്ചർ കേൾപ്പാൻ കൃഷ്ണമേനോനെ ക്ഷണിച്ച സ്നേഹിതന്ന് ഒരു മോട്ടോർകാർ അന്നു മേടിച്ചുകൊടുപ്പാൻ ഗ്രന്ഥകർത്താവു സാമാന്യത്തിലധികം കഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്.

പാൽനരമനക്കലെ കുടിയാനായ കാതർ, 'മുഹാം' അടുത്തിരിക്കുന്നു എന്നു നമ്പൂരിയോടു പറയുന്നുണ്ട്. ഇതു ശങ്കുവാരിയരെക്കണ്ടു സാക്ഷിക്കാര്യത്തെക്കുറിച്ചു സംസാരിച്ചതിനുശേഷം ശങ്കരമേനോൻ മനയ്ക്കൽ ചെന്നദിവസമാണ്. 'നോക്കട്ടെ ഇ

ന്ന് വൃശ്ചികം ൦ംതിയ്യതിയായി' എന്നു നമ്പൂരി കാതരോടു പറയുന്നതിൽനിന്നു ശങ്കരമേനോൻ അവിടെ ചെന്നത് വൃശ്ചികം ൦ംതിയ്യതിയാണെന്നു തീച്ചയാവുന്നുണ്ടല്ലോ. പ്രശ്നം കഴിഞ്ഞ രണ്ടാഴ്ചക്കകമാണ് ശങ്കരമേനോൻ മനസ്സിൽ ചെന്നത്. അതുകൊണ്ട് വൃശ്ചികം ൦ംതിയ്യതിയും തെററാകുന്നു. കാതരും നമ്പൂരിയുമായുണ്ടായ സംഭാഷണം കഴിഞ്ഞു നാലാഴ്ചയ്ക്കകം പൊല്ലീസ് സബ്ബ് ഇൻസ്പെക്ടരും കോൺസ്റ്റബിളും തമ്മിൽ ഉണ്ടായ ഒരു സംഭാഷണത്തിൽ കോൺസ്റ്റേബൽ 'ബക്ക്രീഡ്' മാസം അടുത്തിരിക്കുന്നു എന്നു പറയുന്നുണ്ട്. മുഹറം കഴിഞ്ഞു പതിനൊന്നാമത്തെ മാസമാണ് ബക്ക്റീഡ്മാസം; അല്ലെങ്കിൽ ബക്ക്റീഡ് കഴിഞ്ഞ് അടുത്തുവരുന്ന മാസമാണ് മുഹറം. അതുകൊണ്ട് ഈ രണ്ടു സംഭാഷണവും നടന്ന കാലത്തോടു സംബന്ധിച്ച് ഈ രണ്ടു മാസങ്ങളും അതാതുസമയത്തു വരുവാൻ തരമില്ല. കാതരും കോൺസ്റ്റബിളും മാസം 'അടുത്തിരിക്കുന്നു' എന്നു പറയുന്നതിൽനിന്ന് ആ അടുപ്പത്തിന്ന് ഒരുമാസത്തിൽ അധികം അകലം കല്പിക്കുവാൻ പാടില്ല. കാതരും നമ്പൂരിയുമായി സംസാരിച്ചതു മിഥുനം വൃശ്ചികം ൦ംതിയ്യതിയാണെങ്കിൽ 'മുഹറം' അടുത്തിരിക്കുന്നു എന്നു പറയുന്ന സ്ഥിതിക്കു നിശ്ചയമായും ആ പെരുന്നാൾ ഏറിയപക്ഷം അടുത്ത കക്കിടകമാസത്തിലേ വരുവാൻ തരമുള്ളൂ. പക്ഷെ നൂറെമാണ്ടിലെ 'മുഹറം' ഇവരുടെ സംഭാഷണം ഉണ്ടായ ദിവസത്തിന്നുമുമ്പു തന്നെ കഴിഞ്ഞുപോയി. ബക്ക്റീഡ് അതിന്ന് ഒരുമാസം മുമ്പുമാണ് കഴിഞ്ഞത്. 'മാരാൻ വെച്ച മാക്കാൻ എടുത്ത' മിഥുനമാസത്തിൽ ഉത്സവം കഴിച്ച നമ്പൂരിയെപ്പററിക്കാൻ കാതർ പറഞ്ഞ സൂത്രമായിരിക്കാം 'മുഹറം' എന്നു സമാധാനപ്പെടുന്നതായാൽതന്നെ ഒരു മഹമ്മദൻ സബ്ബ് ഇൻസ്പെക്ടരെപ്പററിക്കാൻ കോൺസ്റ്റബിൾ എടുത്ത സൂത്രമാണ് 'ബക്ക്റീഡ്' എന്നു വിചാരിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല.

'അടുത്തകാലത്ത് ഒരു ഭൂമികുലുക്കമുണ്ടായതിനാൽ ഈ

ച്ചുമർ കരിടത്തു പൊട്ടി' എന്നു സ്റ്റേഷനെക്കുറിച്ചു പറയുന്നുണ്ട്. നമ്മുടെ കഥ നടന്ന കാലത്തു മലയാളത്തിൽ ഒരു ഭൂകമ്പമുണ്ടായതായി യാതൊരു ലക്ഷ്യവും കാണുന്നില്ല. ഈ ഭൂകമ്പം ഉണ്ടാക്കിയതും ചുമർ പൊട്ടിച്ചതും മുത്തുസ്വാമി അയ്യരുടെ സ്റ്റാറ്റു ഉണ്ടാക്കുവാനും മോട്ടോർകാർ വരുത്തുവാനും ചെയ്ത കഷ്ടപ്പാടിനേക്കാൾ വലിയ സാഹസമാണ്. എന്നാൽ പതിനാറു കൊല്ലം മുമ്പ് ഇവിടങ്ങളിൽ ഉണ്ടായ ആ ഭൂമികുലുക്കം നിമിത്തം തൃശ്ശിവപേരൂർ സ്റ്റേഷനിലെ ഒരു ചുമരും അതിനടുത്ത് അല്പം പടിഞ്ഞാറുഭാഗത്തു പണിതു വന്നിരുന്ന ഒരു ഗൃഹവും അല്പം കേടുവന്നതു വാസ്തവമാണ്. പക്ഷെ, ഈ കാലത്താണ് കഥ നടന്നത് എന്നു വിചാരിപ്പാനും ന്യായമില്ല. ഒരു നോവലിൻെറ ഉദ്ദേശവും അതിനെ സംബന്ധിച്ച നിബന്ധനകളെക്കുറിച്ചുള്ള നിഷ്കർഷയും ഗ്രന്ഥകർത്താവിൻെറ ഹിതാനുസരണം മാററാമെങ്കിൽ വാസ്തവവിരുദ്ധമായ ഈ വക സംഗതികൾ വലിയ തെററുകളല്ല.

കൃഷ്ണമേനോൻ ശങ്കുവാരിയരോടുകൂടി മദ്രാസിൽനിന്ന് ആദ്യമായി ഉദയന്തളിയിലേക്കു പോയല്ലൊ. ഉദയന്തളിക്ക് അടുത്ത് ഒരു തീവണ്ടിസ്റ്റേഷനുമുണ്ട്. മിസ്റ്റർ ചന്തുമേനോൻെറ സ്ഥലവർണ്ണനയിൽനിന്ന് ഈ ഉദയന്തളി എതാണെന്ന് അനുവേസ്ഥന്മാർക്ക് നിഷ്പ്രയാസേന ഗ്രഹിക്കാവുന്നതുമാണ്. അതുകൊണ്ടു മിസ്റ്റർ ചന്തുമേനോൻ ഉദ്ദേശിച്ചിരുന്നപ്രകാരം ഈ സ്റ്റേഷനിൽനിന്ന് ഉദയന്തളിയിലേക്ക് ഏറിയപക്ഷം ഒന്നര നാഴികയിൽ അധികം അകലമുണ്ടായിരുന്നില്ല. ഇരുപത്തിരണ്ടുകൊല്ലം കഴിഞ്ഞ് ആ സ്ഥലം മിസ്റ്റർ അന്തപ്പായിയുടെ കൈവശമായപ്പോൾ, 'അടുത്തകാലത്തുണ്ടായ ഭൂമികുലുക്ക'ത്താലായിരിക്കാം ചുരുങ്ങിയതു പതിനാറുനാഴിക ദൂരം സ്റ്റേഷനിൽനിന്ന് ഉദയന്തളി 'തള്ളി'പ്പോയത്. എന്തുകൊണ്ടെന്നാൽ കൃഷ്ണമേനോനും വാരിയരും 'ഉച്ചയ്ക്കാണ്' വണ്ടിയിറങ്ങിയത്. സ്റ്റേഷനിൽ ഇരുന്നി ഭക്ഷണവും കഴിച്ചു. വൈത്തിപ്പട്ടർ മോ

ഫാലസ്യപ്പെട്ടു വീണപ്പോൾ എടത്തിലെ നായന്മാർ കൊട്ട ത്ത വെള്ളം കുടിച്ചതുപോലെ, തീൎത്ഥാടനക്കാരനായ ശങ്കുവാ രിയക്കു സ്റ്റേഷനിലെ തിയ്യന്മാരുടെ ഭക്ഷണസാധനങ്ങൾ മേടി ച്ചു ഭക്ഷിക്കുവാനും വിരോധമുണ്ടായിരുന്നില്ലായിരിക്കാം. ഇവർ ഉദയന്തളിയിലേക്കു പുറപ്പെട്ടതു് ഒരു കാളവണ്ടിയിലാണ്. അ ക്കാലത്തു് ഈ സാധുവായ ലേഖകനുകൂടെ ആ സ്റ്റേഷനിൽ നല്ല 'കോഴിക്കോടൻ ജട്ക്ക' എന്നു പറയുന്നതരം കുതിരവ ണ്ടി കിട്ടിയിരുന്ന സ്ഥിതിക്കു ഹൈക്കോർട്ടു വക്കീലും മോട്ടോർ വണ്ടിയിലും സാറ്റിലും സഞ്ചരിച്ചിരുന്ന ആളുമായ നമ്മുടെകൃ ഷ്ണമേനന് ഒരു കുതിരവണ്ടി കിട്ടാഞ്ഞതു വലിയ കഷ്ടമായി. സ്റ്റേ ഷനിൽനിന്നു കാളവണ്ടിയിൽ കയറി അവർ ഉദയന്തളിയിൽ എത്തിയപ്പോൾ രാത്രി മണി എട്ടായി. ഉച്ചയ്ക്കുവണ്ടി ഇറങ്ങിയ തിനുശേഷം ചുരുങ്ങിയ പക്ഷം ഏഴു മണിക്കൂറുകൊണ്ടെങ്കിലും, കാളവണ്ടിയിൽ ആയാൽതന്നെ, പത്തുപതിനാറുനാഴിക അക ലം യാത്ര ചെയ്യാം. സ്റ്റേഷനിൽനിന്ന് ഉദയന്തളിയിൽ എത്തു വാൻ ഇത്ര സമയം വേണ്ടിവന്നതിനാൽ മിസ്റ്റർ ചന്തുമേനോ ന്റെ ഉദയന്തളിയല്ലാ മിസ്റ്റർ അന്തപ്പായിയുടെ 'ഉദയന്തളി' എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അ വർ മദ്രാസിൽനിന്നു പുറപ്പെട്ടു "പിറ്റെ ദിവസം ഉച്ചയ്ക്കു് ഉദ യന്തളി'ക്കടുത്ത തീവണ്ടി സ്റ്റേഷനിൽ രണ്ടുപേരും ഇറങ്ങി' എന്നു മിസ്റ്റർ അന്തപ്പായി പറയുന്നതുമുണ്ട്. മിസ്റ്റർ അന്തപ്പാ യിയുടെ സ്ഥലകാലങ്ങളുടെ ഒരുപ്പത്തിന്ന് ഇത്ര അകലമുണ്ടെ ങ്കിൽ കഥയിലെ പാത്രങ്ങളുടെ പ്രായം ശൈശവം കഴിഞ്ഞി രിക്കാൻ തരമില്ല.

പാൽനര മനയ്ക്കലെ നമ്പൂരി അസാമാന്യനായതുകൊ ണ്ടായിരിക്കാം മിഥുനമാസത്തിൽ മനയ്ക്കലെ നെല്ലിയിന്മേൽ 'മുളകുപൊടി' കൂട്ടി 'ഉപ്പിലിടുവാൻ' മാത്രം മൂപ്പുള്ള നെല്ലിക്ക ഉണ്ടായതു് എന്നു തന്നെയല്ല, 'കൃത്രിമവൃക്ഷങ്ങളുടെ ഫല ങ്ങൾ' വളരെ നീചമാണെന്നു വിചാരിച്ചു് ഒട്ടുമാവു വെക്കാ

ത്ത അദ്ദേഹത്തിനു 'സുബ്ബരായിയുടെ ഗുളിക' കൂട്ടി മുറുക്കുവാൻ മാത്രം പരിഷ്കാരവും ഉണ്ടായല്ലൊ. കള്ളക്കൎക്കിടകമാസത്തിൽ മുളകുപൊടി കൂട്ടി നെല്ലിക്ക ഉപ്പിലിടാൻ ശ്രമിച്ചതും ന്റ൨-ാമാണ്ടിൽ സുബ്ബരായിയുടെ 'താംബൂലവിഹാരി' നമ്പൂരിമാരുടെ മനകളിൽ ചാടിവീണതും നമ്മുടെ പാൽനര നമ്പൂരിക്കു ദാസിയായ നാരായണിയുടെ മേൽ അനഹമായുണ്ടായിരുന്ന അസാധാരണ വാത്സല്യത്തെ വിശദീകരിക്കുവാൻ മാത്രമായിരിക്കാം! ഒരു നമ്പൂരി എത്രതന്നെ വിടനായിരുന്നാലും അദ്ദേഹത്തിന്റെ ചാപല്യങ്ങൾ മനയുടെ പടിക്കു പുറത്തല്ലാതെ ഒരു കാലത്തും 'അകായിൽ' പ്രദൎശിപ്പിക്കുന്നതല്ല ഈ ഒരു കാൎയ്യത്തിൽ അവൎക്കുള്ള സ്വാതന്ത്ര്യവും നിഷ്കൎഷയും ഒന്നു വേറെതന്നെയാണ്. മിസ്റ്റർ ചന്തുമേനോൻ നമ്പൂരിയെ വേഷം കെട്ടിച്ചു ശ്ലോകം ചൊല്ലി നിറുത്തിയപ്പോൾ, രംഗത്തിൽ ഇങ്ങിനെ ആടിക്കേണമെന്നല്ലാ വിചാരിച്ചിരുന്നത് എന്നതു നിസ്സംശയമാണ്. പാലക്കോട്ടു നമ്പൂരിയെ വിടവേഷം കെട്ടിച്ച് ആടിച്ച് അയച്ചപ്പോൾ പാൽനര നമ്പൂരിയെ ഗംഗാസ്നാനം കഴിപ്പിച്ചു സാത്വികഗുണങ്ങളോടുകൂടി സിവിൽ വ്യവഹാരത്തിൽ അവതരിപ്പിക്കേണമെന്നായിരിക്കണം വിചാരിച്ചിരുന്നത്. ശാരദയിൽ ഏതു പാത്രത്തെ എടുത്താലും 'ഇന്ദുലേഖ'യിൽ വന്ന 'അധിക'മെന്ന ന്യൂനതയെ പരിഹരിക്കേണമെന്നായിരുന്നു മിസ്റ്റർ ചന്തുമേനോന്റെ ഉദ്ദേശ്യം എന്നു പ്രത്യക്ഷപ്പെടും. ആ സ്ഥിതിക്കു മിസ്റ്റർ ചന്തുമേനോന്റെ ആശയം അന്തപ്പായി അവർകൾ വെടിപ്പായി ഗ്രഹിച്ചിട്ടുണ്ടെന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ.

പതിനാറാം അദ്ധ്യായത്തിൽ ചക്കിനു വെച്ചതു കൊക്കിനായി കൊണ്ടത്. 'എഴുതാൻ പോയപ്പോൾ വെള്ളയ്ക്കു: എഴുതി വന്നപ്പോൾ വെണ്ടയ്ക്കു' എന്നു കുട്ടികൾ കടംകഥ പറയുമ്പോലെ കൃഷ്ണമേനോൻ ക്രിമിനൽ കേസ്സിന്നു വേണ്ടുന്ന തെളിവുകൾ ശേഖരിക്കുവാൻ രാമേശ്വരത്തു ചെന്നു സിവിൽ കേ

സ്സിന്നു വേണ്ടുന്ന തെളിവുകളും കൊണ്ടുവന്നു. കഥയിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് ക്രിമിനൽ കേസ്സു നടന്നത് എങ്കിൽ അതിൻെറ അപ്പീൽ ഒരു ഹൈക്കോടതിയിൽ ചെല്ലുന്നത് എങ്ങിനെ എന്നും വക്കീലിന്നു സ്ഥലത്തു ചെന്നു സംഭവത്തെക്കുറിച്ചു തെളിവുകൾ സമ്പാദിക്കുവാൻ സാധിക്കുമൊ എന്നും വക്കീൽമാർ തന്നെ തീൎച്ചയാക്കട്ടെ. ഈ കേസ്സിൽ കൃഷ്ണമേനെന രാമേശ്വരത്തേക്കു കൊണ്ടുപോയതു ശാരദയുടേയും മറ്റും പടങ്ങൾ കൊടുക്കുന്നതിന്നല്ലാതെ മറ്റൊന്നിനാണെന്നു തോന്നുന്നില്ല. രഘുരാമയ്യർ പണക്കാരനാണെങ്കിലും, കൃഷ്ണമേനോൻെറ സ്ഥിതിക്ക്, സിവിൽ വ്യവഹാരത്തിന്നു വേണ്ടുന്ന തെളിവുകൾ കിട്ടിയതോടുകൂടി കൃതാൎത്ഥനായി, അഞ്ഞൂറുറുപ്പിക ഫീസ്സും വഴിച്ചിലവും വാങ്ങിയതിന്നു ശേഷം കേസ്സു നടത്താതിരുന്നതു മൎയ്യാദയായില്ല.

മലയാളരാജ്യക്കാരനായ 'കുഞ്ഞാലിക്കുട്ടി' പക്ഷെ കളവുദ്യോഗത്തിൽ രാമേശ്വരത്തു താമസക്കാരനായിരുന്നിരിക്കാം. കോൺസ്റ്റബിൾ 'കണാരൻനായർ' ആയതുകൊണ്ടു നിശ്ചയമായും രാമേശ്വരത്തു 'വല്ല അച്ചികളുടേയും വീട്ടിൽ' കിടന്നുറങ്ങാതെ നിവൃത്തിയില്ല. എന്നു തന്നെയല്ല, രാമേശ്വരത്ത് 'അയ്യപ്പൻവിളക്കും' സാധാരണയാണല്ലൊ. രാമേശ്വരത്തുകാരനായ ശ്രപ്പൻകോനാരുടെ 'വീട്ടുപേർ' നിശ്ചയമായും 'ചേറുപറമ്പിൽ' എന്നുതന്നെ ആയിരിക്കണം. ഒരു വേള ഇവരേയും, കൃഷ്ണമേനെന കൊണ്ടുപോയതുപോലെ, ഈ കേസ്സിന്നു വേണ്ടി തൽക്കാലം രാമേശ്വരത്തേക്കു സ്ഥലം മാററിയതല്ലത്രെ.

ശങ്കുനമ്പിയെക്കുറിച്ച് ഒന്നാം ഭാഗത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിഞ്ഞ് എന്തെങ്കിലും പറയേണമെന്നു മിസ്റ്റർ ചന്തുമേനോൻ വിചാരിച്ചിരുന്നതായി തെളിയുന്നില്ല. എന്തുകൊണ്ടെന്നാൽ, കഥയുടെ പ്രചാരത്തിന്നു പ്രധാനികളായിത്തീരുന്നവരാണെങ്കിൽ, അദ്ദേഹം അതേ കാരണം പറഞ്ഞ് അവ

രെക്കുറിച്ച് യഥാവസരം പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവു ശങ്കുനമ്പിയെ അനാവശ്യമായി വർണ്ണിച്ചതിന്റെ ഉദ്ദേശ്യം സാധാരണന്മാൎക്കു പോലും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ചന്തുമേനോൻ അവർകൾ 'വൈത്തിപ്പട്ടരെ' സൃഷ്ടിച്ചതിനു പകരമാണൊ മിസ്റ്റർ അന്തപ്പായി പാൎവതി അമ്മയെ സൃഷ്ടിച്ചത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പാൎവ്വതി അമ്മയെ സൃഷ്ടിക്കേണ്ടിവന്നതിനാലാണ് ശങ്കുനമ്പിയെ വർണ്ണിക്കേണ്ടിവന്നത്. നമ്പിയുടെ സ്വാത്മപ്രതിപത്തിയുടെ ആധിക്യം ഹേതുവായിട്ട് അയാളെ സംബന്ധിക്കുന്ന സകല സംഗതികളിലും അയാൾ വളരെ സൂക്ഷ്മാലോചനയുള്ളവനായിട്ടാണ് കാണപ്പെടുന്നത്. എന്നാൽ, അയാളുടെ സൂത്രങ്ങളും കളവുകളും കേവലം വിചാരശൂന്യങ്ങളാണെന്ന് ഉടനെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഗ്രന്ഥകർത്താവു വർണ്ണിച്ചിരിക്കുന്നപ്രകാരം ഒരു സ്വഭാവമുള്ള നമ്പി അയാൾക്കു ദോഷകരമായ ലക്ഷ്യങ്ങൾ വലിയച്ഛന്റെ മരണശേഷവും കൂടെ എടത്തിലെ അറയിൽ തന്നെ വെച്ചിരുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഉണ്ട ചോററിൽ കല്ലിടുന്ന ഒരു തരം കള്ളന്മാർ താൽക്കാലികമായ കാൎയ്യസാദ്ധ്യത്തിന്നു വേണ്ടി ഓരോ ദുരാചാരങ്ങൾ തുടങ്ങുമ്പോൾ, സത്യസന്ധനായ ദൈവം ആ വക പ്രവൃത്തികളെ സ്വയംകൃതാനൎത്ഥങ്ങളാക്കിത്തീൎക്കുന്നതു ലോകനീതിയാണെന്നു കാണിക്കുവാനാണ് നമ്പിയെക്കൊണ്ട് അസാധാരണയായ ആ വിഡ്ഢിത്തം പ്രവൃത്തിപ്പിച്ചത് എങ്കിൽ അതു വളരെ അനുഭവയോഗ്യമായിട്ടുണ്ട്.

ശങ്കുനമ്പിയുടെ പ്രകൃതിക്കു തനിക്കു സംബന്ധമായിരുന്ന ഒരു പാവപ്പെട്ട കുടുംബത്തിലെ സ്ത്രീയെ' ഉപേക്ഷിക്കുവാൻ വളരെ വിരോധമില്ല. പക്ഷെ, ഈ വാക്യത്തിൽനിന്നു പാൎവ്വതി അമ്മയുടേയും നമ്പിയുടേയും കൂടിയാട്ടംകൊണ്ടു ഗ്രന്ഥകൎത്താവു സാധിച്ച കാൎയ്യം എന്താണെന്നു വിശദമാകുന്നുണ്ട

ല്ലോ. മിസ്റ്റർ അന്തപ്പായി ഒരു നല്ല ഗദ്യകാരനാണെന്നാകുന്നു പലരും ധരിച്ചിരിക്കുന്നത്. ആ സ്ഥിതിക്കു ദുരർത്ഥഗർഭമായ ഈ വാക്യത്തിൽ അപ്രതീക്ഷിതമായി ഒരു വ്യാകരണത്തെറ്റു ഗ്രന്ഥകർത്താവിനു വന്നുപോയെന്നു വിചാരിക്കുന്നതു മൌഢ്യമായിരിക്കും. 'തനിക്ക്', അതായതു ശങ്കുനമ്പിക്കു സംബന്ധമായിരുന്ന ഒരു സ്ത്രീയെ എന്നാണ് ആ വാക്യത്തിൻെറ സാരം. ശങ്കുനമ്പി 'സ്ത്രീക്കു' സംബന്ധമായിരുന്നില്ല; നേരെ മറിച്ചു, സ്ത്രീ നമ്പിക്കായിരുന്നു സംബന്ധം! ഇതിൽനിന്നു സ്ഫുരിക്കുന്ന സാരം വായനക്കാർ തന്നെ ആലോചിച്ചു തീർച്ചയാക്കേണ്ടതാകുന്നു. ഗ്രന്ഥകർത്താവ് ഈ ന്യായത്തെ സ്ഥാപിച്ചുകൊണ്ടുതന്നെയാണ് ഇരുപത്തിമൂന്നാം അദ്ധ്യായത്തിൽ ൨൭൦-ാം ഭാഗത്തു "സ്ത്രീയെ 'ഭർത്രി' എന്നും പുരുഷനെ 'ഭാര്യൻ' എന്നും പറയേണ്ടതാണ്" എന്നു വാദിക്കുന്നത്. ഈ തത്വജ്ഞാനത്തിൻെറ സ്വാരസ്യവും ഔചിത്യവും ചന്തുമേനോൻ അവർകളുടെ ആശയം ഗ്രഹിച്ചതിൻെറ ഫലം തന്നെയാണല്ലോ! കേട്ടമാങ്ങ ഇട്ടുന്നതുപോലെ തന്നെയായിരിക്കാം ശങ്കുനമ്പി ധ്യാനാന്തരം കുഴമ്പും ഇഞ്ചയും കൊണ്ടു മാത്രം, തലയിൽ എണ്ണ തേക്കാതെ, തേച്ചു കുളി കഴിക്കുന്നത്. ഇംഗ്ലീഷു ചികിത്സപ്രകാരം വാതരോഗികൾക്കു തലയിൽ എണ്ണ തേക്കാൻ പാടില്ലാത്തതുകൊണ്ടായിരിക്കാം ധ്യാനാന്തരം കുഴമ്പുകൊണ്ടു 'തേച്ചുകുളി' കഴിച്ചിരുന്നത്!

കൃഷ്ണനുണ്ണിയെ വളരെ സാത്വികനായിട്ടാണ് മിസ്റ്റർ ചന്തുമേനോൻ അവതരിപ്പിച്ചത്. 'ദുരാഗ്രഹിയായ രാഘവനുണ്ണിയെ നേരെ മറിച്ചുമാകുന്നു. കഥയിലെ സിവിൽ കേസ്സിൽ ശാരദയ്ക്കു' അനുകൂലമായി എടത്തിൽനിന്ന് ഒരാളെ മിസ്റ്റർ ചന്തുമേനോൻ കരുതിയിരുന്നതു കൃഷ്ണനുണ്ണിയെയാണ്. കള്ളവും പാരവും മാറ്റും മടിയില്ലാത്ത രാഘവനുണ്ണി മിസ്റ്റർ അന്തപ്പായിയുടെ കൈവശം വന്നപ്പോൾ പരമയോഗ്യനായി; സാത്വികനായ കൃഷ്ണനുണ്ണി നേരെ മറിച്ചുമായി. ഗ്രന്ഥകർത്താ

വ് ഇങ്ങിനെ ചെയ്യത്തു വക്കീൽ കൃഷ്ണമേനോന്റെ സേവയ്ക്കോ ചന്തുമേനോൻ അവർകളുടെ ആശയങ്ങളെ മുഴവൻ വായനക്കാരെ ഗ്രഹിപ്പിക്കുവാനൊ എന്നു മനസ്സിലാകുന്നില്ല.

ഇരുപത്തിനാലാം അദ്ധ്യായത്തിൽ പുതുതായി പ്രവേശിച്ച ചില പാത്രങ്ങളെക്കൊണ്ടു സാധിച്ച കാൎയ്യം നിസ്സാരവും കഥയോടു സംബന്ധമില്ലാത്തതുമാകുന്നു. ജവളിച്ചരക്കുവ്യാപാരികളിൽ ചിലർ ചരക്കു കൊള്ളാൻ പോകുന്ന സാധുക്കളെ കൈയിന്മേൽ പിടിച്ചു വലിക്കുന്നതു മിസ്റ്റർ അന്തപ്പായിക്കു വളരെ അനുഭവമുള്ള ഒരു വാസ്തവമായിരിക്കാം. പക്ഷെ, ചന്തുമേനോൻ അവർകൾ ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ഈ വക ചപലന്മാരല്ലാ കച്ചവടക്കാർ; എന്നുതന്നെയല്ല, അവർ ഇങ്ങിനെ ചാപല്യം കാണിക്കുകയുമില്ല. കഥ നടന്നസ്ഥലം ബ്രിട്ടീഷ് മലബാറിൽ ഒരു പ്രധാന പട്ടണവും അതോടു സംബന്ധിച്ച പ്രദേശങ്ങളുമായിട്ടാണ് ചന്തുമേനോൻ അവർകൾ സങ്കല്പിച്ചിരിക്കുന്നത്. അവിടെ മീശ വെച്ചാലും തലമുടി മുറിച്ചാലും നീട്ടിയാലും ശമ്പളം കുറയ്ക്കുകയൊ പിഴയിടുകയൊ ക്ഷേത്രവിരോധം ചെയ്കയൊ പതിവില്ല. എന്നുതന്നെയല്ല, അവിടങ്ങളിലെ ഒരുവിധം കാലക്ഷേപത്തിന്നു നിവൃത്തിയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ പരസ്യമായ കുളങ്ങളിൽ ചെന്നു കുളിക്കുന്നതുമല്ല. പിന്നെ ഇങ്ങിനെ പരസ്യമായ വഴിക്കുളങ്ങളിലും ക്ഷേത്രക്കുളങ്ങളിലും കുളിക്കുന്ന സ്ത്രീകൾ വല്ല മഠങ്ങളിലും അടിച്ചുതളിച്ചു നിത്യവൃത്തി കഴിക്കുന്നവരായിരിക്കും. ഉച്ചതിരിയുന്നതുവരെ പണിയെടുത്തു ബുദ്ധിമുട്ടിയിരിക്കുന്ന ഈ സ്ത്രീകൾ കുളികഴിഞ്ഞു ചുവന്ന മഷിപ്പൊടിയിട്ടു ചുണ്ടു ചുവപ്പിച്ചു നടക്കാൻ എത്രത്തോളം ആഗ്രഹിക്കുമെന്നു മനുഷ്യപ്രകൃതിയെക്കുറിച്ച് അല്പമെങ്കിലും വല്ലതും ഗ്രഹിച്ചിട്ടുള്ളവൎക്കെല്ലാം അറിയാമല്ലൊ.

ശാരദയെ റൌക്കിയും പാവാടയുമാണ് മിസ്റ്റർ ചന്തുമേനോൻ ധരിപ്പിച്ചിരുന്നത്. മിസ്റ്റർ അന്തപ്പായിയുടെ കൈയി

ൽ കിട്ടിയപ്പോൾ, ആ കുട്ടിക്കു ജാതിഭ്രഷ്ട് സംഭവിച്ചു എന്നു തീൎച്ചയാക്കീട്ടാണൊ ചട്ടക്കാരത്തികളുടെ വേഷം കെട്ടിച്ചത്? ശാരദ മുസൽമാൻജാതിയാണെന്നു വൈത്തിപ്പട്ടർ നിൎമ്മിച്ചത് ഒരു ഭോഷ്ക്കാണെന്ന വാസ്തവം ഗ്രന്ഥകൎത്താവു തീരെ വിസ്മരിച്ചുപോയതാണൊ? ശാരദയെ ഒരു 'ജാക്കററും ഗൌണും' ധരിപ്പിച്ചപ്പോൾ ഗ്രന്ഥകൎത്താവ് ഒരു സാൽവകൂടെ മേടിച്ചു കൊടുക്കേണ്ടതായിരുന്നു. ഗ്രന്ഥകൎത്താവിന്റെ ദൃഷ്ടിയിൽ മനോഹരമായിരിക്കാമെങ്കിലും, നായർസ്ത്രീകളുടെ ഇടയിൽ അപ്രകൃതവും അസാധാരണയുമായ ഒരു സമ്പ്രദായത്തിലാണ് ശാരദയുടെ തലമുടി കെട്ടിച്ചത്. 'മുൻവശത്തുള്ള മുടി മിനുസമായിച്ചീകിവെച്ച് അതിന്റെ അഗ്രംവരെ ശേഷമുള്ള ഭാഗം രണ്ടായി പകുത്തു തോളുകളിന്മേൽകൂടി വക്ഷപ്രദേശത്ത് ഇരുവശമായി ഇട്ടിരുന്നു.' ഇങ്ങിനെയാണത്രെ ശാരദയുടെ തലമുടി ഇട്ടിരുന്നത്! കുതിരയുടെ കുഞ്ചിമുടി മുറിച്ചു നെററിയിന്മേലേക്കിട്ടു 'ചീകിമിനുക്കി' വെക്കുന്നതുപോലെ നായർസ്ത്രീകൾ ഒരു കാലത്തും ഒരു ദേശത്തും ചെയ്യുപതിവില്ല. ഇതു ഭംഗിയാണെന്നു വിചാരിക്കുന്നവരും ഉണ്ടൊ എന്നു സംശയമാണ.

ശാരദ മിസ്റ്റർ ചന്തുമേനോന്റെ അധീനത്തിൽ ഇരുന്ന കാലത്തോളം അതിബുദ്ധിയുള്ള ഒരു പെൺകുട്ടിയായിരുന്നു. "ഈ കുട്ടിയുടെ നെററിയും നേത്രങ്ങളും മുഖത്തിന്റെ ആകൃതിയും നോക്കിയാൽ അത്യന്തം ബുദ്ധിശക്തിയുള്ള കുട്ടിയാണെന്നു 'ബുദ്ധിമാന്മാർ' നിശ്ചയമായും തീൎച്ചപ്പെടുത്തും" എന്നു മിസ്റ്റർ ചന്തുമേനോൻ ആദ്യമേ പറഞ്ഞുവെച്ചത് ഇതിന്നു വിപരീതമായി വല്ലവൎക്കും സംശയമുണ്ടായാൽ, അവർ ബുദ്ധിഹീനന്മാരാണെന്നു വായനക്കാർ തീൎച്ചയാക്കുവാനാണൊ എന്ന് ഇപ്പോൾ തോന്നുന്നുണ്ട്. എന്നാൽ ശാരദയുടെ കൈമാററംവരെ ആ കുട്ടിയുടെ ബുദ്ധിക്കു യാതൊരു ചാപല്യവും ഉണ്ടായിരുന്നതുമില്ല.

ശാരദയെ മിസ്റ്റർ ചന്തുമേനോൻ അവതരിപ്പിച്ചത് ഏതൊരു പ്രായത്തിലും നിലയിലുമാണെന്നു വായനക്കാർ ഓൎക്കുന്നുണ്ടല്ലൊ. പാലക്കോട്ടു നമ്പൂരിയുടെ ഫലിതം കേട്ടു രസിച്ച് അച്ഛന്റെ കൈപിടിച്ചു ബാലപ്രകൃതിക്കു സഹജമായ നിഷ്കന്മഷതയോടുകൂടിച്ചിരിച്ച ആ ശാരദ മിസ്റ്റർ അന്തപ്പായിയുടെ അധീനത്തിൽ വന്നപ്പോഴും ലൌകിക വികാരങ്ങൾക്കും പ്രജ്ഞയ്ക്കും പ്രവേശനമുണ്ടാകാൻ പാടില്ലാത്ത പന്ത്രണ്ടുവയസ്സായ ഒരു പെൺകുട്ടി തന്നെയായിരുന്നു. പക്ഷെ, ഈ സംഗതിയിൽ ഗ്രന്ഥകൎത്താവിന്നു ശോചനീയമായ ഒരു ബുദ്ധിഭ്രമം സംഭവിച്ചതുപോലെ തോന്നുന്നുണ്ട്. ശാരദയുടെ ആദ്യഭാഗം എഴുതിക്കഴിഞ്ഞിട്ട് ഇരുപത്തിരണ്ടു കൊല്ലത്തിനു ശേഷമാണ് രണ്ടാം ഭാഗം എഴുതുവാൻ സംഗതിയായത്. അതുകൊണ്ടു ശാരദയുടെ പ്രായത്തിന്നും ആ കാലപരിണാമം സംഭവിച്ചിരിക്കുമെന്നു ഗ്രന്ഥകൎത്താവു വിചാരിച്ചുപോയിട്ടൊ, അഭിസാരികയായ ഒരു പ്രൌഢയുടെ വികാരചേഷ്ടകളെ ആകസ്മികമായി സ്മരിച്ചുപോയിട്ടൊ, എന്തുകൊണ്ടാണെന്നറിയുന്നില്ലാ, ബാലയായ നായികയെ പ്രകൃതിവിരോധമായ വികാരങ്ങൾക്കും പ്രവൃത്തികൾക്കും പ്രേരിപ്പിച്ചത്.

വാരിയരും കൃഷ്ണമേനോനും കൂടെ ആദ്യമായി രാമൻമേനോനെ കാണ്മാൻ ചെന്നപ്പോൾ, 'ശാരദ യാതൊരു കൂസലും കൂടാതെ അവിടെത്തന്നെ നിന്നു.' ഇങ്ങിനെ കൂസൽ കൂടാതെ നിന്നതു വളരെ സ്വാഭാവികമാണ്. ശാരദയ്ക്കു കൃഷ്ണമേനോനെ 'അന്നുതന്നെ ഇഷ്ടമായി' എന്നാണ് അടുത്ത ഒരു അവസരത്തിൽ ഗ്രന്ഥകൎത്താവു പറയുന്നത്. ഈ 'ഇഷ്ട'ത്തിന്നു കല്പിച്ചിരിക്കുന്ന അൎത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. അനക്ഷരകുക്ഷികളായ ദാസിമാരുടേയും ദാമ്പത്യത്തെക്കുറിച്ച് ഉൽക്കണ്ഠയോടുകൂടി സ്വൈരസല്ലാപം ചെയ്തുകൊണ്ടിരിക്കുന്ന മുത്തശ്ശിമാരുടേയും സമ്പൎക്കംപോലുമില്ലാതെ, ആലോചനാബുദ്ധിയുള്ള മാതാപിതാക്കന്മാരുടെ ബുദ്ധിപൂൎവ്വമായ പരിചരണത്തൊ

ൽ വളൎന്നുപോരുന്ന ഉത്ഭവാകാത്ത ഒരു പെൺകുട്ടിക്കു തന്റെ പിതാവിനെക്കാണ്മാൻ വന്ന പുരുഷന്മാരെക്കുറിച്ച് അസാധാരണമായ ഒരു വികാരമുണ്ടാകുന്നത് അപ്രകൃതമാകുന്നു. എന്നാൽ ശാരദയുടെ പ്രായത്തിലും സ്ഥിതിയിലുമുള്ള ഒരു പെൺകുട്ടി ഇതിൽ കവിഞ്ഞു യാതൊന്നും പ്രവൃത്തിക്കുകയില്ല. അന്യഥാ, ഇഷ്ടം മുതലായ വികാരങ്ങൾ ഉണ്ടാവാൻ പ്രായമായെങ്കിൽ, കൂസൽ കൂടാതെ അപരിചിതനായ ഒരു പുരുഷന്റെ സമീപത്തു നില്ക്കുന്നതുമല്ല; അങ്ങിനെ നില്ക്കുന്നതാണെങ്കിൽ ആ കുട്ടി മംഗലത്തു പാൎവ്വതിയമ്മയുടെ മകളൊ ശിഷ്യത്തിയൊ ആയിരിക്കണം. രാമൻമേനോൻ വൈമനസ്യം കാണിച്ചിട്ടും ശാരദ സ്വന്തനിലയിൽ കൃഷ്ണമേനോന് ഒരു എഴുത്തയയ്ക്കുന്നുണ്ട്. ഇവിടെ സ്വന്തനിലയിൽ ഒരു എഴുത്തെഴുതുവാനുള്ള അവകാശം ഉണ്ടായത് എങ്ങിനെ?

രണ്ടാമത്തെത്തവണ ശാരദ കൃഷ്ണമേനോനെക്കണ്ടപ്പോൾ ആദ്യത്തെ 'ഇഷ്ട'ത്തിന്ന് ആരോഗ്യം വൎദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. കൃഷ്ണമേനോന്റെ ഷർട്ടിന്റെ പോക്കററിൽനിന്നു ഘടികാരം എടുക്കുകയും കടക്കൻ പിടിച്ചുനോക്കുകയും 'ഇതാ എന്റെ ഓമ്മയ്ക്കു' എന്നു പറഞ്ഞു തന്റെ ഒരു ഫോട്ടൊ കൃഷ്ണമേനോനു സമ്മാനിക്കുകയും ചെയ്തത് അന്നത്തെ 'ഇഷ്ട'ത്തിന്റെ ഫലമാണെന്നു തന്നെ ഊഹിക്കണമല്ലൊ. ഈ പ്രവൃത്തികൾ രണ്ടുവിധത്തിലേ സ്വാഭാവികമാവാൻ തരമുള്ളൂ. ഒന്നുകിൽ ശാരദ അഞ്ചൊ ആറൊ വയസ്സായ ഒരു പെൺകുട്ടി അതേവരെ കാണാത്ത വസ്തുക്കളിൽ ശിശുക്കൾക്കനുരൂപമായ ജിജ്ഞാസയും സഹജമായ ഔദാൎയ്യവും പ്രദൎശിപ്പിച്ചതാണെന്നോ, അല്ലെങ്കിൽ, ഒരു യുവതി തന്റെ കാമുകനിലുള്ള അനുരാഗാധിക്യത്താൽ സ്വൈരസല്ലാപസന്ദൎഭത്തിൽ പ്രിയതമന്റെ സാന്നിദ്ധ്യംകൊണ്ടുണ്ടായ പരമാനന്ദത്തിൽ ലയിച്ചിരിക്കുന്ന സമയം സ്വാഭാവികമായി പ്രവൃത്തിക്കുന്നതുപോലെ ചെയ്തതാണെന്നൊ വിചാരിക്കേണ്ടിവരും. പ്രസ്തുതസംഗതി ഇങ്ങിനെ രണ്ടുവിധത്തിലുമല്ലെന്നു നമുക്കറിയാമല്ലൊ.

കൃഷ്ണമേനോനെ മിസ്റ്റർ ചന്തുമേനോൻ അവതരിപ്പിച്ച സ്ഥിതിയിൽനിന്നു ഭേദപ്പെടുത്തീട്ടില്ലെന്നാണ് മിസ്റ്റർ അന്തപ്പായിയുടെ നാട്യം. എന്നാൽ വാസ്തവത്തിൽ പാലക്കോട്ടു നമ്പൂരിയെ അതിശയിക്കുന്ന ഒരു വിടന്റെ വേഷമാണ് കൃഷ്ണമേനോനെ കെട്ടിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, കൃഷ്ണമേനോൻ ശാരദയെ ആദ്യം കണ്ടസമയം "ഇടയ്ക്കിടയ്ക്കു സൂക്ഷിച്ചു നോക്കിക്കൊണ്ടാണ്" ഇരുന്നത്! രണ്ടാമത്തെത്തവണയായപ്പോൾ, ശാരദയുടെ 'പുറത്തു സ്നേഹത്തോടെ തട്ടുകയും,' 'മുടിയിന്മേൽ തലോടുകയും,' യാതൊരു ആലോചനയും കൂടാതെ 'മരതകക്കല്ലുവെച്ച വിലയേറിയ സ്വർണ്ണമോതിരം ശാരദയുടെ വലത്തു കൈയിന്മേൽ ഇടുകയും' ചെയ്തിരിക്കുന്നു. ഇതെല്ലാം ചെയ്തതോ! ശാരദ നേരിട്ടു കൃഷ്ണമേനോനു ഒരു എഴുത്തയക്കാൻ പോലും വൈമനസ്യം കാണിച്ച പിതാവായ രാമൻമേനോന്റെ മുമ്പിൽവെച്ചുമാണ്! രാമൻമേനോന്റെ തൽക്കാലത്തെ നേത്രരോഗം ആചാരവിരുദ്ധമായ ഈ ചേഷ്ടത്തിന്നു മതിയായ സമാധാനമായിരിക്കാം. മിസ്റ്റർ ചന്തുമേനോൻ അവതരിപ്പിച്ച നായകനെപ്പോലുള്ള ഒരു നായർ യുവാവ് ഈ വിധം നിലകേടു കാണിക്കുന്നതല്ല. അതിലും വിശേഷിച്ചു വിടനല്ലാത്ത ഒരു നായകനെ വിടവേഷം കെട്ടിക്കുന്നത് ഒരു ആഖ്യായികയുടെ നിബന്ധനകൾക്കു വിപരീതവുമാകുന്നു.

കൃഷ്ണമേനോന്റെ ഭൃത്യൻ തന്റെ യജമാനനോട് ആചരിച്ചിരുന്ന സമ്പ്രദായം സാധാരണ നായന്മാരുടെ ഇടയിൽ പതിവില്ലാത്തതാണ്. ഭൃത്യൻ യജമാനനെ 'ചേട്ടാ!' എന്നു സംബോധന ചെയ്യുന്ന ഒരു വകക്കാരുടെ ഇടയിൽ മാത്രമേ അപ്പുക്കുട്ടൻ കൃഷ്ണമേനോനോട് ആചരിച്ചിരുന്ന ഒരു നില കാണുന്നുള്ളു. ചിന്താപാരവശ്യംകൊണ്ട് അരോചകം ബാധിച്ച കൃഷ്ണമേനോൻ ചായ വേണ്ടെന്നു പറഞ്ഞപ്പോൾ അപ്പുക്കുട്ടൻ ചെയ്ത പ്രസംഗം വളരെ സ്വാഭാവികമല്ല. ഇതും ചന്തുമേനോൻ അവർകളുടെ ആശയവിലാസമാണോ? ആവോ!

സാധാരണ ആഖ്യായികകളിൽ പാത്രമുഖേനയൊ ഗ്രന്ഥകത്താവിന്റെ സ്വന്തമായൊ അസഭ്യവാക്കുകൾ പുറപ്പെടുന്നതു് അല്പം കടന്ന കൈയാകുന്നു. വലിയച്ചൻ കൃഷ്ണനെ ഉദ്ദേശിച്ചും കൃഷ്ണനുണ്ണി ശങ്കുനമ്പിയെ ഉദ്ദേശിച്ചും 'പുലയാടിമകൻ' എന്നു് ഓരോ സന്ദൎഭത്തിൽ സങ്കോചം കൂടാതെ പറയുന്നുണ്ടു്. ഈ പ്രഭുക്കന്മാരുടെ അവസ്ഥാഭേദംകൊണ്ടു സ്വഭാവത്തിനു ദുഷ്ടതയൊ ദുരഭിമാനമൊ മററു വല്ല ദോഷങ്ങളൊ ഉണ്ടായിരുന്നാലും ഈ വക അസഭ്യവാക്കുകൾ അവരുടെ വായിൽനിന്നു് ഒരിക്കലും പുറപ്പെടുന്നതല്ല. ഇതുപോലെതന്നെ വേറെ ഒരു സന്ദൎഭത്തിൽ 'അവന്റെ അമ്മേടെ പുതിയ വീടു്' എന്നു വലിയച്ചൻ പറയുന്നുണ്ടു്. 'ഞാൻ ചെന്ന വശം' എന്നു വൈത്തിപ്പട്ടരെക്കൊണ്ടു പറയിച്ചതു് അദ്ദേഹത്തിന്റെ ജാതിസ്വഭാവത്തിനു തീരെ വിപരീതമായ ഒരു സംഗതിയാണു്. ഈ 'വശം' എന്ന പദപ്രയോഗം ചിലരുടെ ഇടയിൽ സാധാരണയാണെങ്കിലും ശാരദയിലെ പാത്രങ്ങളിൽ കാൎയ്യസ്ഥൻ മുതലായ ചില ജാതിക്കാർ മാത്രമേ ഇതു ധാരാളം ഉപയോഗിക്കാറുള്ളു. 'കുണ്ടൻമേനോൻ ചെന്നവശം' എന്നു പറഞ്ഞിരിക്കുന്നതു പക്ഷെ സ്വാഭാവികമായിരിക്കാം. ശാരദ കൃഷ്ണമേനോനെ ഉദ്ദേശിച്ചു്, 'അന്നുതന്നെ ഇഷ്ട'മായിട്ടുംകൂടെ, 'അയാളെ' എന്നു പറഞ്ഞതു് ഒട്ടും ഭംഗിയായില്ല. 'രഹസ്യക്കാരത്തി, ബലാൽസംഗം' മുതലായ പദപ്രയോഗങ്ങൾ ഈ വക ഗ്രന്ഥങ്ങളിൽ എത്രത്തോളം ഭംഗിയാണെന്നു സാഹിത്യരസികന്മാർതന്നെ തീൎച്ചയാക്കട്ടെ. ഇതെല്ലാം സാഹസംകൊണ്ടു വന്ന അബദ്ധങ്ങളാണെങ്കിൽ വായനക്കാർ ക്ഷമിക്കേണ്ടതു് അവരുടെ ധൎമ്മമാകുന്നു.

'വൈകല്യങ്ങൾ മാച്ചുവെക്കുവാൻ മനുഷ്യൎക്കുള്ള ആഗ്രഹം ക്ഷന്തവ്യമാണല്ലൊ' എന്നു ഗ്രന്ഥകത്താവു പറഞ്ഞിരിക്കുന്നതു വാസ്തവമാകുന്നു. 'ദുഷ്ടൻ എപ്പോഴും സുഖം അനുഭവിക്കുകയും സുകൃതി കഷ്ടപ്പെട്ടു വലയുകയും ചെയ്യുന്ന കാൎയ്യ

ലോകത്തിൽ ധമ്മവിപ്ലവത്തിന്നു ഹേതുവായിത്തീരും' എന്ന തത്വം എല്ലാവക്കും അനുഭവമാണല്ലോ. പക്ഷെ, ദൃഷ്ടാന്തം കൊണ്ടു മാത്രമേ തത്വങ്ങൾ അനുഭവപ്പെടുകയുള്ളൂ. മിസ്റ്റർ ചന്തുമേനോൻ എഴുതിനിറുത്തിയ ഭാഗത്തിൽ പാത്രങ്ങളുടെ സ്വഭാവത്തിന്നും പ്രവൃത്തിക്കും പൂർത്തി വരുത്തിട്ടുണ്ടായിരുന്നില്ല. ആ ഒരു ചുമതല നിർഭാഗ്യവശാൽ രണ്ടാം ഭാഗം എഴുതുവാൻ ഉദ്യോഗിക്കുന്ന ആളിലായിത്തീൎന്നു. മിസ്റ്റർ ചന്തുമേനോൻെറ ആശയങ്ങളുടെ വ്യഞ്ജകശക്തിയുടെ സഹായംകൊണ്ടാണ് മിർ അന്തപ്പായി രണ്ടാം ഭാഗം പൂരിപ്പിച്ചതെങ്കിൽ, ആ വാദം തീരെ സാധുവല്ലെന്നു പറയാതെ നിവൃത്തിയില്ല. ചന്തുമേനോൻ അവർകൾ, സാധാരണ ആഖ്യായികാകൎത്താക്കന്മാരെപ്പോലെ, പാത്രങ്ങളെ താരതമ്യപ്പെടുത്തത്തക്കവണ്ണം ജോടിയായിട്ടാണ് അവതരിപ്പിച്ചിരുന്നത്. ആഖ്യായിക എന്നതു തന്നെ സൂക്ഷ്മത്തിൽ ജീവിതനിരൂപണമാകുന്നു. അതിൽ മനുഷ്യപ്രകൃതിയുടെ നന്മതിന്മകളെ പാത്രങ്ങളുടെ പ്രവൃത്തികൊണ്ടു വേർതിരിച്ചു പ്രത്യക്ഷപ്പെടുത്തി വായനക്കാരെ അനുഭവപ്പെടുത്തിയാൽ മാത്രമേ നന്മകളുടെ ആകൎഷണശക്തികൊണ്ട് അവക്കു തിന്മകളിൽ വെറുപ്പു ജനിക്കുകയുള്ളൂ. ഈ ഒരു തത്വം 'റെയിനാൾഡും' കൂടെ വിസ്മരിച്ചിട്ടില്ല. നേരെ മറിച്ചു, കഥാപാത്രങ്ങളുടെ പ്രകൃതിയിലും പ്രവൃത്തിയിലും അസ്പൃഹണീയങ്ങളായ ദോഷങ്ങൾ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ എങ്കിൽ, അങ്ങിനെയുള്ള ഒരു കൃതി മനുഷ്യവൎഗ്ഗത്തിന്ന് ഒരു ശാപമായിത്തീരും. പാത്രങ്ങളുടെ പ്രകൃതിയിലും പ്രവൃത്തിയിലും പ്രദൎശിപ്പിക്കപ്പെടാത്ത ഗുണഭാഗങ്ങളെക്കുറിച്ചു ഗ്രന്ഥകൎത്താവ് എത്ര തന്നെ തത്വജ്ഞാനോപദേശം ചെയ്താലും, സാക്ഷികളായ പാത്രങ്ങളുടെ നേരെ വെച്ച് അതെല്ലാം വായനക്കാരെ കോക്കിരി കാട്ടുന്നതുപോലെ പരിണമിക്കുകയെയുള്ളൂ. മിസ്റ്റർ ചന്തുമേനോൻെറ ആശയങ്ങൾ ഗ്രഹിച്ചിട്ടുംകൂടെ ഈ ഒരു കാൎയ്യത്തിൽ ഗ്രന്ഥകൎത്താവ് ഇത്ര അനാസ്ഥ കാണിച്ചതു വലിയ കഷ്ടമായിപ്പോയി.

'ഗ്രന്ഥകർത്താവിൻെറ ബുദ്ധിശക്തിക്കും വാസനയ്ക്കും രുചിക്കുംതക്കവണ്ണം ഗ്രന്ഥം എഴുതുവാനേ നിവൃത്തിയുള്ളു' എന്നു ചന്തുമേനോൻ അവർകൾ നാലാം അദ്ധ്യായത്തിൻെറ ആരംഭത്തിൽ പറഞ്ഞിരിക്കുന്നത് ഇവിടെ ഒരു സമാധാനമായിക്കരുതേണ്ടിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ വരാനിരിക്കുന്ന ഗുണദോഷങ്ങൾക്ക് അദ്ദേഹം ഉത്തരവാദിയാകുന്നതല്ലെന്നു മുൻകൂട്ടിക്കരുതിയിരുന്നെങ്കിൽ അദ്ദേഹം നിശ്ചയമായും ഒരു യഥാർത്ഥകവിതന്നെ. പാത്രങ്ങളുടെ പ്രകൃതിയേയും പ്രവൃത്തിയേയും പൂർത്തിയാക്കിയപ്പോൾ മിസ്റ്റർ അന്തപ്പായിക്കു പററിയ അബദ്ധത്തിനു 'ചന്തുമേനോൻ അവർകളുടെ ആശയം ഇതാണ്' എന്ന സമാധാനം മേൽകാണിച്ച അഭിപ്രായംകൊണ്ടു നിലനില്ക്കാതെയായിട്ടുണ്ട്. കഥ പൂർത്തിയായപ്പോൾ പാത്രങ്ങളിൽ പ്രധാന പ്രവൃത്തി ഉണ്ടായവൎക്കു തീരെ മനസ്സാക്ഷി ഇല്ലാതായിത്തീൎന്നു. മനസ്സാക്ഷിയുടെ ദൈവികശക്തിയോടുകൂടി പ്രവൃത്തിപ്പാൻ പ്രേരിതരായിരുന്ന പാത്രങ്ങൾക്കു ചിലപ്പോൾ പ്രവൃത്തി ഇല്ലാതേയും, മററു ചില സന്ദർഭങ്ങളിൽ ലൌകികവിചാരശക്തികൊണ്ടു ബലമില്ലാതേയും സംഭവിച്ചു. രാമൻമേനോൻ, ശങ്കരമേനോൻ, ശങ്കുവാരിയർ, കൃഷ്ണനുണ്ണി, കൃഷ്ണമേനോൻ എന്നീ പാത്രങ്ങളുടെ പ്രകൃതിയിൽ പ്രത്യക്ഷമായും അപ്രത്യക്ഷമായും കിടന്നിരുന്ന സദാചാരരസം ഒന്നുകിൽ അദൃശ്യമാവുകയൊ നേരെ മറിച്ചാവുകയൊ ചെയ്യുവാൻ ഭംഗിയായില്ല. രാമൻമേനോൻെറയും ശങ്കരമേനോൻെറയും സദാചാരനിഷ്ഠാപ്രകടനത്തിനു സന്ദർഭം തന്നെ കൊടുത്തില്ല. കൃഷ്ണമേനോൻെറ പ്രവൃത്തികളിൽ കായികമായ സ്വാതന്ത്ര്യവിചാരത്തിൻെറ പരിണാമംകൊണ്ടു മാനസികമായ സദാചാരദാർഢ്യത്തിനു ക്ഷോഭം തട്ടിപ്പോയി. സത്യസന്ധനായ ശങ്കുവാരിയരെ ലൌകികബുദ്ധി ബലമായി ബാധിച്ചതുകൊണ്ടു മനസ്സാക്ഷിക്കു വിപരീതമായി 'ശ്രേയാസ്ഥാനം' ചെയ്യിച്ചു. വലിയച്ഛനേയും തിരുമുല്പാടിനേയും ഒരു ജോടിയായിട്ടാണ് മിസ്റ്റർ

ചന്തുമേനോൻ കൊണ്ടുവന്നിരുന്നത്. അതിൽ മിസ്റ്റർ അനന്തപ്പായി വലിയച്ഛൻെറ ദുഷ്ടതകൾ വർദ്ധിപ്പിച്ചതോടുകൂടി തിരുമല്പാടിൻെറ ശിഷ്ടതകൾ പ്രത്യക്ഷപ്പെടുത്തേണ്ടതായിരുന്നു. ഇങ്ങിനെ ഓരോ പാത്രങ്ങളെപ്പൂരിപ്പിച്ചതിൽ അവക്കെല്ലാവക്കും ദോഷഭാഗം വർദ്ധിപ്പിച്ചതല്ലാതെ ഗുണാംശം ലേശം കൊടുത്തതുമില്ല. നേരെ മറിച്ചു സാത്വികനായ കൃഷ്ണനുണ്ണിയെ നിർദ്ദയനും ദുഷ്ടനുമാക്കിത്തീൎത്തു. ദുരാഗ്രഹിയും നുണയനുമായ രാഘവനുണ്ണിയെ സ്വാത്ഥതല്പരനായ ഒരു മൎയ്യാദക്കാരനുമാക്കി.

പാൎവ്വതി അമ്മയുടെ ദുശ്ശീലത്തിന്നു പ്രതിവിധിയായിത്തീരെയും പ്രദശിപ്പിക്കാഞ്ഞതു വളരെ ദോഷകരമായ ഒരു അബദ്ധമാണ്. ശങ്കുനമ്പിയുടെ കാൎയ്യത്തിൽ മാത്രമേ 'തട്ടിപ്പറിച്ചതു പൊട്ടിത്തെറിക്കും' എന്ന ആപ്തവാക്യം ഏതാനും സാധുവാകുന്നുള്ളു. പാൎവ്വതി അമ്മയെത്തട്ടിപ്പറിച്ചതിനാൽ അവർ അയാളുടെ കൈയിൽനിന്നു പോയി എന്നു മാത്രം വന്നതുകൊണ്ടു സമാധാനമാകുമൊ? പാൎവ്വതി അമ്മ കുഞ്ഞുണ്ണിമേനോടും നമ്പിയോടും തട്ടിപ്പറിച്ച മുതൽ കൊണ്ടു മാളികപ്പുറത്തിരുന്നു വീണ വായിക്കുന്നതു 'ധൎമ്മവിപ്ലവത്തിന്നു' വഴിയല്ലെ? എന്നാൽ ശാരദയുടെ സദാചാരനിരതയ്ക്കു പ്രകാശം ഉണ്ടായിട്ടുണ്ടൊ? അതും ഇല്ല. 'മെഡിന'യിൽ വെച്ചു കൃഷ്ണമേനോൻ ശാരദയുടെ 'അധരപല്ലവത്തെ ചുംബിച്ച'പ്പോൾ, ശാരദ ഭത്താവിനെ 'ആലിംഗനം' ചെയ്ത സംഭവംകൊണ്ടു ഭാൎയ്യാഭത്താക്കന്മാരുടെ അന്യോന്യാനുരാഗവും വിശ്വാസവും വിശദമായൊ?

വൈത്തിപ്പട്ടരുടേയും ശങ്കുനമ്പിയുടേയും മരണം അസൂയയുടെ ഫലമാണെന്നു വരുത്തുവാൻ ശ്രമിച്ചിരിക്കുന്ന പ്രയത്നം എത്രത്തോളം സഫലമായി എന്നു വായനക്കാർ തന്നെ തീച്ചയാക്കണം. വൈത്തിപ്പട്ടർ ചന്തുമേനോൻെറ അധീനത്തിലിരുന്ന കാലത്തോളം അസൂയയ്ക്കു പ്രവേശനം ഉണ്ടാവാൻ പാടില്ലാത്തവിധം സ്വാത്ഥതല്പരതകൊണ്ടു ദുഷ്ടനായിരുന്നു. പട്ടർ തൻെറ ഉദ്ദേശം സാധിക്കാൻ ഉപയോഗിച്ച മാൎഗ്ഗം യുക്തിക്കു യോജിക്കാത്തതുമായി. ചന്തുമേനോൻ അവർ

കളുടെ സൃഷ്ടിയായ വൈത്തിപ്പട്ടരെ വിശ്വാമിത്രൻ വിചാരിച്ചാൽ പോലും വേഷച്ഛന്നനാക്കുവാൻ സാധിക്കാത്ത സ്ഥിതിക്കു ജേലിൽ നിന്നു പുറത്താക്കിയ ശേഷം ഒന്നര മാസത്തോളം ഒളിച്ചുമാറി നടത്തിയതുതന്നെ അത്യന്താസംഗതമാകുന്നു. അതിലും വിശേഷിച്ചു, പട്ടൎക്കു ശങ്കരമേനോന്റെ സ്ഥിതിയിൽ അസൂയ തോന്നിയതിനുള്ള പ്രവൃത്തി 'ശക്കര ഉപ്പേരി' എന്ന വ്യാജേന സൎപ്പത്തെക്കൊണ്ടു കടിപ്പിച്ചു ശാരദയെക്കൊല്ലുവാനുള്ള ആലോചനയായിരുന്നു! സാധാരണ വാക്കെട്ടിയ കുടം കണ്ടാൽ കുരങ്ങന്മാർ അതു് അഴിച്ചു് അതിന്റെ ഉള്ളിൽ വെട്ടെന്നു കൈ ഇടും എന്നു കേട്ടിട്ടുണ്ടു്. വിശേഷബുദ്ധിയുള്ള മനുഷ്യരാരും ഇങ്ങിനെ ചെയ്യാറില്ല. അതിലും വിശേഷിച്ചു്, ആലോചനാബുദ്ധിയുള്ള ശാരദ സൂക്ഷ്മബുദ്ധിയുള്ള ശങ്കരമേനോൻ ഉള്ളപ്പോൾ, ആരോ ഒരുത്തൻ കൊണ്ടുവന്ന ഉപ്പേരിക്കുടം അഴിച്ചു പെട്ടെന്നു് അതിൽ കൈയിടുമെന്നു വിചാരിച്ച വൈത്തിപ്പട്ടൎക്കോ മാറുള്ളവൎക്കോ ആലോചന പിഴച്ചതു്? ശങ്കുനമ്പിയുടെ മരണം ഒരു വേള ന്യായമാണെന്നു തന്നെ പറയാമെങ്കിലും, 'ധൎമ്മവിപ്ലവം' ഉണ്ടാകാതിരിക്കേണമെങ്കിൽ, വൈത്തിപ്പട്ടരേയും ദുഷ്ടനാൽ പ്രേരിതനായ വിഷ്ണുകൃഷ്ണനേയും ഇങ്ങിനെ കൊന്നതു വളരെ ശരിയായൊ എന്നു സംശയമാണു്. ഇതു പക്ഷെ ദൈവനീതിയേയും ലോകനീതിയേയും കുറിച്ചു ബുദ്ധിമാന്മാരുടെ ഇടയിൽ കണ്ടുവരുന്ന ഒരു അഭിപ്രായഭേദം മാത്രം ആയിരിക്കാം.

ശാരദയുടെ രണ്ടാം ഭാഗം കൊണ്ടു കഥ പൂരിപ്പിച്ചപ്പോൾ, മനുഷ്യപ്രകൃതിയെ ബാധിക്കുന്ന മൂന്നു തരം ദുഷ്ടതകൾ വൈത്തിപ്പട്ടർ, അച്ഛൻ, ശങ്കുനമ്പി, പാൎവ്വതി അമ്മ എന്നീ പാത്രങ്ങളിൽ പ്രബലപ്പെട്ടു കഴിയുന്നു. ഇവരിൽ ഏതെങ്കിലും ഒരു പാത്രത്തിനുപോലും പശ്ചാത്താപം ഉണ്ടായതായി കാണുന്നില്ല. സ്വാതന്ത്ര്യപരതയുടെ പരമകാഷ്ഠയിൽനിന്നുണ്ടായ പ്രതിക്രിയാശയുടെ മൂൎച്ഛ നിമിത്തം ദുഷ്ടനായിത്തീൎന്ന ഉദയ ഗൌഡനെ പശ്ചാത്തപിപ്പിക്കാതെ വിടുവാൻ മിഥ്യനായ

ഷേക്സ്പിയർക്ക് പോലും ധൈര്യം ഉണ്ടായില്ല. ഷേക്സ്പിയരുടെ ഇയാഗോവിനു തുല്യനായി വേറെ ഒരു കഥാപാത്രത്തെ നാം അറിയുന്നതു സ്കോട്ടിന്റെ 'വാർണി'യാകുന്നു. പക്ഷേ വാർണി പശ്ചാത്താപം കൂടാതെ ആകസ്മികമായി മരിച്ചുപോയ സംഭവം ഇന്നും വിവാദരഹിതമായിട്ടല്ലാ ഇരിക്കുന്നത്. ശാരദയിലെ ദുഷ്ടപാത്രങ്ങളിൽ ഒന്നിനേയെങ്കിലും ഇവരോടു സാദൃശ്യപ്പെടുത്തുവാനാം നിവൃത്തിയില്ല. വൈത്തിപ്പട്ടരാകട്ടെ, നമ്പിക്കാകട്ടെ ഈ രണ്ടു കഥാപാത്രങ്ങളുടെ കുമ്മബുദ്ധിയൊ ഊർജ്ജിതകർമ്മമൊ ഇല്ല. ആ സ്ഥിതിക്ക് അവർ സ്വാർത്ഥപരതകൊണ്ടു ദുഷ്ടന്മാരായിത്തീർന്ന സ്വാഭാവികഭീരുക്കളാണെന്നേ അവരുടെ പ്രവൃത്തികൾ പ്രത്യക്ഷപ്പെടുത്തുന്നുള്ളു. ഭീരുക്കൾക്കു പശ്ചാത്താപം സ്വാഭാവികവുമാണ്. ഇവരിൽ എല്ലാവരിലും വെച്ചു വലിയ ഭീരു അച്ചനാണെന്ന് അദ്ദേഹത്തിനെ ബാധിച്ച രോഗം തന്നെ ലക്ഷ്യമാകുന്നു. അച്ചനും പശ്ചാത്താപമുണ്ടായില്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ദുഷ്ടതയുടെ ഫലമാണെന്നു സൂചിപ്പിക്കുന്ന മരണസമ്പ്രദായം അനാഭവയോഗ്യമാകാത്തതിനു പുറമെ, അത്യന്തം ബീഭത്സവുമായി. മലയാളത്തിൽ ആഖ്യായികകളുടെ മാതൃകകൾ ഇംഗ്ലീഷ് നോവലുകളാണല്ലൊ. അവയിൽ മനുഷ്യരുടെ നീചസ്വഭാവങ്ങളെ പാത്രമുഖേന പ്രദർശിപ്പിച്ചിരുന്ന ഒരു ഗ്രന്ഥകർത്താവും മംഗലത്തു പാർവ്വതിയമ്മയെപ്പോലെ ഒരു പാത്രത്തെ ആശ്വാസം കൂടാതെ പ്രവേശിപ്പിച്ചിട്ടില്ല. വ്യഭിചാരാദിദുഷ്പ്രവൃത്തികൾ സങ്കോചം കൂടാതെ പ്രവൃത്തിക്കുന്ന സ്ത്രീപാത്രങ്ങളെ കാണുന്ന റെയിനാൾഡ്സിന്റെ ആഖ്യായികകളിലും അലക്സാണ്ടർ ഡ്യൂമാസ്സിന്റെ ആഖ്യായികകളിലും കൂടെ ആ വക പാത്രങ്ങൾക്കു മനസ്സാക്ഷിയും പശ്ചാത്താപവും സ്വാഭാവികമാണെന്നു പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതു പക്ഷെ ആ ഗ്രന്ഥകർത്താക്കന്മാർക്കു മനുഷ്യപ്രകൃതിയെക്കുറിച്ചു സൂക്ഷ്മജ്ഞാനം ഉള്ളതുകൊണ്ടായിരിക്കാം. എന്നാൽ മിസ്റ്റർ അന്തപ്പായി പാർവ്വതി അമ്മയെ മനസ്സാക്ഷിയും പശ്ചാത്താപവും കൂടാതെ കേള

മേനോൻ കന്നിച്ചു മാളികപ്പുറത്തിരുത്തി സുഖിപ്പിച്ചതും, വ്യസനാക്രാന്തനായി നിരാശയോടുകൂടിപ്പോകുന്ന ശങ്കുനമ്പിയെ 'ആ മുതുക്കൻപോത്ത് ഇതാ പോകുന്നു' എന്നു പറഞ്ഞുംകൊണ്ടു കേളുമേനോൻ ചൂണ്ടിക്കാണിച്ചു കൊടുത്തപ്പോൾ, 'ഉറക്കെച്ചിരി'പ്പിച്ചതും സ്ത്രീസ്വഭാവത്തിന്നു തീരെ യോജിക്കാത്ത ഒരു സംഗതിയാകുന്നു.

ഒരു ആഖ്യായികയിൽ, എന്നു വേണ്ടാ ഏതുതരം കൃതികളിലും, ഈ മാതിരി പാത്രങ്ങളുടെ ദുസ്സ്വഭാവത്തിൻെറ നഗ്നതയെ വിപരീതോപമാനം കൂടാതെ വെളിപ്പെടുത്തുന്നതു സമുദായക്ഷേമത്തിന്നു് കുട്ടം ഗുണകരമല്ല. മനുഷ്യപ്രകൃതിക്കു സഹജമായ ദൂഷ്യങ്ങളെക്കുറിച്ചു ചില സന്ദർഭങ്ങളിൽ ഗ്രന്ഥകർത്താക്കന്മാർ അവശ്യം മൌനം ദീക്ഷിക്കേണമെന്നതു് സാഹിത്യരസികന്മാരുടെ ഇടയിലുള്ള ഒരു നിർബ്ബന്ധനിയമമാകുന്നു. ഈ ഒരു വാസ്തവം വിസ്മരിക്കുന്ന ഗ്രന്ഥകർത്താവിൻെറ കൃതി സമുദായമാകുന്ന ഉദ്യാനത്തിൽ ഉയൎന്നു നില്ക്കുന്ന വിഷവൃക്ഷമായിട്ടേ ഭവിക്കുകയുള്ളു; എന്നു മാത്രമല്ല, സാഹിത്യനഭോമണ്ഡലത്തിൽ അപൂൎവ്വമെങ്കിലും, ആപൽസൂചകമായ ധൂമകേതുവുമായിരിക്കും.

കഥാപാത്രങ്ങൾ മുഖേന ജീവിതനാടകം അഭിനയിപ്പിക്കുന്ന സൂത്രധാരൻ പ്രത്യേകം മനസ്സു വെക്കേണ്ടുന്ന ഒരു സംഗതി വിപരീതോപമാനം കൊണ്ടു മനുഷ്യപ്രകൃതിയെ ദൃഷ്ടാന്തയോഗ്യമാകുംവണ്ണം പ്രദൎശിപ്പിക്കുകയാകുന്നു. എന്തുകൊണ്ടെന്നാൽ, ജീവലോകം ഗുണദോഷസമ്മിശ്രമാകുന്നു. "വില്കികൊളിൻസ്" പറയുംപോലെ മനുഷ്യാവസ്ഥയിൽ ഓരോരുത്തന്നും സമുദായത്തിന്നും പ്രത്യേകം ഗുണദോഷങ്ങൾ ഉണ്ടു്. നാം നിരന്തരമായിസ്സുഖിക്കുകയോ ദുഃഖിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ടു മനുഷ്യജീവിതത്തിൻെറ വാസ്തവം സമ്മിശ്രതകൊണ്ടു മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളു. ഈ വാസ്തവം ഗ്രന്ഥമുഖേന ഉപദേശിക്കുമ്പോൾ, വിപരീതോപമാനം കൊണ്ടു ദോഷാംശങ്ങൾക്കു സമാധാനം വരുത്തേണ്ടതാകുന്നു. നിൎഭാഗ്യവശാൽ ഈ തത്വം മിസ്റ്റർ അന്തപ്പായി തൽക്കാലം വി

സ്ഥരിച്ചുപോയി എന്നാണ് തോന്നുന്നത്. ശാരദയുടെ രണ്ടാം ഭാഗത്തിൽ ഏതാദൃശങ്ങളായ പല അബദ്ധങ്ങളും വന്നിട്ടുണ്ടെങ്കിലും, ലേഖനദൈർഘ്യത്തെക്കുറിച്ചു ഭയന്നും അവ 'സാഹചര്യ'ത്താൽ വായനക്കാർക്കു തന്നെ തിരിച്ചറിയാവുന്നതാണെന്നു വിശ്വസിച്ചുംകൊണ്ടു ഞാൻ തൽക്കാലം വിരമിച്ചുകൊള്ളുന്നു.

# സാങ്കേതികസംജ്ഞകൾ.

(തുടർച്ച)

(ഐ. സി. ചാക്കൊ, ബി. ഏ.; ബി. എസ്സ്. സി.)

സംസ്കൃതത്തിലെ ഋ, ഌ; എന്ന സ്വരങ്ങളെക്കുറിച്ചു സ്വല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇത്ര സ്പഷ്ടമായ രേഫലകാര ശ്രുതിയോടുകൂടിയ അക്ഷരങ്ങളെ സ്വരങ്ങളെന്നു വിളിക്കുന്നതിൽ, അങ്ങനെ ധ്യാനിച്ചു ശീലിച്ചിരിക്കുന്ന നമുക്കു വിസ്മയമില്ലെങ്കിലും, പാശ്ചാത്യന്മാർക്കു വിസ്മയമുണ്ടാകാതെയിരിക്കയില്ല. ഈ സ്വരങ്ങൾ രണ്ടിലും വ്യഞ്ജനലക്ഷണം ധാരാളമുണ്ട്. ലക്ഷണം പിഴച്ച ഈ സ്വരങ്ങളെക്കുറിച്ചു സമാധാനപ്പെടുവാൻ നമുക്കൊരു വഴിയില്ലാതില്ല.

ഋകാരം വാസ്തവത്തിൽ ഒരു വ്യഞ്ജനവും ഒരു സ്വരവും കൂടിച്ചേർന്നിട്ടുള്ള ഒരു അക്ഷരമാണെന്നാണെനിക്കു തോന്നുന്നത്. ഋകാരത്തിലെ സ്വരാംശം നാം മലയാളത്തിൽ സംവൃതോകാരം എന്നു വിളിക്കുന്ന സ്വരത്തിനോടും, ഇംഗ്ലീഷിൽ "Her" "Mirth" ഇത്യാദി ശബ്ദങ്ങളിൽ ശ്രവിക്കപ്പെടുന്ന സ്വരത്തിനോടും, ഫ്രെഞ്ചുഭാഷയിൽ 'je' 'de' ഇത്യാദി ശബ്ദങ്ങളിൽ ശ്രവിക്കപ്പെടുന്ന സ്വരത്തിനോടു, ജെർമ്മൻഭാഷയിൽ Konnen, Soller ഇത്യാദിശബ്ദങ്ങളിൽ ശ്രവിക്കപ്പെടുന്ന സ്വരത്തിനോടും അത്യന്തം സാമ്യമുള്ള ഒരു സ്വരവിശേഷമാണ്. സംസ്കൃതത്തിൽ ഈ സ്വരം എല്ലായ്പോഴും രേഫത്തിന്നൊ ലകാരത്തിന്നൊ പിമ്പായിട്ടു മാത്രമെ വരികയുള്ളു. ഇംഗ്ലീഷിലെ ഈ പ്രത്യേകസ്വരം എല്ലായ്പോഴും രേഫത്തിനു മുമ്പിലാണി

രിക്കുന്നത് ഈ സ്വരത്തിന്ന രേഫലകാരങ്ങളോടുള്ള അത്യന്ത മായ സമ്പർക്കംകൊണ്ടു സംസ്കൃതവൈയാകരണന്മാർ ഇതിനെ രേഫലകാരങ്ങളോടു ചേർത്തു അക്ഷരസമാമ്നായത്തിൽ ഉച്ച രിയ്ക്കുകയും ഇതിൽ രണ്ടു സ്ഥാനങ്ങളെ കുറിക്കുന്നതിന്നായി ര ണ്ടു ലിപികൾ ഉണ്ടാക്കുകയും ചെയ്തിരിക്കയാണെന്നെനിയ്ക്കു തോന്നുന്നു. ഋകാരത്തിലും ഌകാരത്തിലുമുള്ള സ്വരം ഒന്നുത ന്നെയാണ്. ഈ സ്വരം ഋകാരത്തിൽ രപൂർവ്വവും ഌകാര ത്തിൽ ലപൂർവ്വവുമായിരിക്കുന്നുവെന്നേ ഉള്ളൂ. ഈ സ്വരത്തെ മാത്രം സൂചിപ്പിക്കുന്നതിന്നായി ഇ് എന്ന ചിഹ്നത്തെ നമുക്ക സ്വീകരിയ്ക്കാം. അപ്പോൾ—

ഋ=ര് ഇ്, ഌ=ല് ഇ്.

സംസ്കൃതത്തിലെ ഈ ഇ്കാരം നമ്മുടെ അരയുകാരംപോലെ ദുർബ്ബലമാണ്. നമ്മുടെ അരയുകാരത്തിൽ പിന്നാലെ എന്തെങ്കിലുമൊരു സ്വരം വന്നാൽ അതു നാമാവശേഷമായിത്തീരുന്നു. ഉ:—

ഇമ്പ് + ഇല്ല = ഇമ്പില്ല.

'ഇ്കോയണചി' എന്ന സൂത്രപ്രകാരം സംസ്കൃതത്തിലെ ഇ്കാരത്തിന്നു ലോപം വന്നിട്ടു രേഫം മാത്രം ശേഷിക്കുന്നു. ഉ:— പിതൃ+അർത്ഥം=പിത്രർത്ഥം. ഇങ്ങനെ ചിലേടങ്ങളിൽ ലോപിക്കുന്നതുകൂടാതെ ഇ്കാരം ചില പ്രത്യയങ്ങളുടെ യോഗനം നിമിത്തം ജീവിതമത്സരം അല്പവും കൂടാതെ മറ്റേതെങ്കിലും സ്വരമായിട്ടു പരിണമിക്കയും ചെയ്യുന്നു. ഇങ്ങനെ വികാരം വരുമ്പോൾ തന്റെ കൂട്ടാളിയായ രേഫം മുൻപിലൊ പിൻപിലൊ പിന്നെയും അകമ്പടി നല്കുകയും ചെയ്യുന്നു. 'ഉരൺ രപരഃ' എന്ന സൂത്രത്തിൽനിന്നു ഇ്കാരത്തിന്നു പകരം വരുന്ന സ്വരത്തിന്നു പിന്നാലെ മാത്രമെ രേഫം വരികയുള്ളുവെന്നു തോന്നിപ്പോയേയ്ക്കാം. ഈ സൂത്രത്തിന്നു ഇങ്ങനെയൊരർത്ഥം വരുത്തേണമെന്നു പാണിനി നിശ്ചയിച്ചിട്ടില്ലെന്നു മറ്റു പല സൂത്രങ്ങളിൽ നിന്നും തെളിയുന്നുണ്ട്. ഋകാരത്തിന് അ, ഇ, ഉ എന്ന സ്വരങ്ങൾ മാറൊന്നും പറയാതെ പാണിനി വിധി

ക്കുമ്പോൾ ഈ സ്വരങ്ങളെ വ്യഞ്ജനങ്ങളായി ഗ്രഹിച്ചുകൊള്ളേണമെന്ന് അദ്ദേഹം ഒരു സങ്കേതം നിശ്ചയിച്ചിട്ടുണ്ടെന്നു മാത്രമെ ഇതിൽനിന്നു നാം മനസ്സിലാക്കുന്നു. (ഌകാരം സംസ്കൃതത്തിൽ വളരെ പ്രചാരമുള്ളതല്ലാത്തതിനാലും ഋകാരത്തെക്കുറിച്ചു പറയുന്നതെല്ലാം രേഫത്തെ ലകാരമാക്കി ഌകാരത്തിനും കൊള്ളിക്കാവുന്നതുകൊണ്ടും അതിനെ നമുക്കു മേലാൽ വിസ്മരിച്ചുകളയാം.)

ഋകാരത്തിൻെറ വികാരങ്ങളെ കാണുന്നതിനായിട്ടു നമുക്കു 'കൃ' എന്ന ധാതുവിൽനിന്നു ജനിച്ചിട്ടുള്ള കുറെ ശബ്ദങ്ങളെ എടുത്തു പരിശോധിച്ചു നോക്കാം.

| | |
|---|---|
| ഭർത്തവ്യം | ഭാരം |
| കൃതാ | കരോതി |
| ക്രിയാ | കര്യാൽ |
| ചേക്രീയതെ | ചികീർഷാ |
| { ക്രതു<br>{ ക്രൂരം } | ചകാര |

(ആവരണങ്ങളിൽ കിടക്കുന്ന രണ്ടു ശബ്ദങ്ങളും 'കൃ'ധാതുവിൽനിന്നു ജനിച്ചതാണെന്നാണ് ഉണാദികാരൻെറ മതം; ഈ മതം സർവ്വസമ്മതമല്ലെന്നു വന്നേക്കാം. എങ്കിലും ഋകാര വികാരാനുപക്ഷിയായ ഞാൻ, അത്യാവശ്യമല്ലെങ്കിലും, തൽകാലം അവയെ അവലംബിക്കുന്നു.)

ഋകാരം ര്ഇ് എന്നിങ്ങനെ വിഭാഗിക്കപ്പെടാമെന്നുള്ള എൻെറ ഈ വാദത്തെ 'അകസ്സവർണ്ണേദീർഘഃ' എന്ന പാണിനിസൂത്രം ഖണ്ഡിച്ചുകളയുന്നുവെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. ഈ സൂത്രപ്രകാരം പിതൃ+ഋണം എന്നതിനു പിതൄണം എന്നാണ് സന്ധിവരുന്നത്. ഇവിടെ ഒരു മാറ്റം ദൃഷ്ടമായിരിക്കുന്നു. എങ്ങിനെ എന്നാൽ,

പിതൃ+ഋണം=പ് ത് ര് ഇ് + ര് ഇ് ണം.

പിതൄണം=പ് ത് ര് ഇ് ഇ് ണം.

നാം ഋകാരം ഉച്ചരിക്കുന്നതു ര്ഇ്ര്ഇ് എന്നല്ലാതെ ര്

ഇ്ഇ്, എന്നാണെങ്കിൽ ഇവിടെ അകാരണമായിട്ട് ഒരു മൈ ഫം നഷ്ടമായിപ്പോയിട്ടുണ്ട്. ഇതിനു ഞാൻ സമാധാനം പറയേണ്ടിയിരിക്കുന്നു.

'അകസ്സവർണ്ണേദീൎഘഃ' എന്ന സൂത്രത്തിൽ ഋകാരത്തെയും ഉൾപ്പെടുത്തേണമെന്നു പാണിനിയ്ക്കുദ്ദേശ്യമുണ്ടായിരുന്നുവെന്നുള്ളതു സ്പഷ്ടമാണ്. ഈ ഉദ്ദേശ്യമില്ലായിരുന്നുവെങ്കിൽ 'അണസ്സവർണ്ണേദീൎഘഃ' എന്നു സൂത്രണം ചെയ്യാമായിരുന്നു. 'അകസ്സവർണ്ണേദീൎഘഃ' എന്നു സൂത്രണം ചെയ്തതു പാണിനിയെപ്പോലെ ഉത്സൎഗ്ഗാഭിലാഷികളായ വൈയാകരണന്മാരുടെ കൃത്രിമസംസ്കാരത്തെ അടിസ്ഥാനപ്പെടുത്തികൊണ്ടല്ലയോ എന്നു ഞാൻ സംശയിയ്ക്കുന്നു.

ഋകാരസന്ധി ചെയ്യേണ്ടതെങ്ങനെ എന്നുള്ളതിനെക്കുറിച്ചു സംസ്കൃതഭാഷയ്ക്കു് ഒരു കാലത്തു സന്ദേഹമുണ്ടായിരുന്നുവെന്നു 'ഋതിസവർണ്ണേ ഋവാ' എന്നുള്ള വാൎത്തികസൂത്രത്തിൽ നിന്നും 'ഋത്യകഃ' എന്നുള്ള പാണിനിസൂത്രത്തിൽനിന്നും നമുക്കു കാണാവുന്നതാണ്. ഋ+ഋ=ൠ എന്നുമാകാമെന്നാണ് വാൎത്തികസൂത്രം പറയുന്നത്. എന്നാൽ ഇങ്ങനെ രണ്ടു ഋകാരങ്ങളുടെ യോഗഫലമായി ഉണ്ടാകുന്ന ൠകാരത്തിൽ രണ്ടു രേഫം ഉച്ചരിച്ച് ഈ ൠകാരത്തെ രണ്ടു മാത്രയുള്ളതാക്കിത്തീൎക്കേണ്ടതും ഋകാരത്തിലെ സ്വരാംശത്തിൻെറ പകുതി ഈ രേഫദ്വയത്തിൻെറ മുൻപിലും പകുതി പുറകിലും വരേണ്ടതുമാണെന്നു വ്യാഖ്യാതാക്കൾ നമ്മെ പഠിപ്പിയ്ക്കുന്നു. വാൎത്തികപ്രകാരം സന്ധി നില്ക്കേണ്ടതിങ്ങനെയാണ്:—

ഫ ഫ ½ ഫ ½
ര്ഇ്+ര്ഇ് = ഇ് ര് ര് ഇ്

ഇവിടെ ഒന്നാമത്തെ ഇ്കാരത്തിനു സ്വഭാവവികാരം കൂടാതെ ഒപരഭാവം വന്നിരിയ്ക്കുന്നുവെന്നു വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു.

'ഋത്യകഃ' എന്ന സൂത്രത്തിൽനിന്നു അ, ഇ, ഉ, ഋ, ഌ ഈ സ്വരങ്ങളുടെ പിന്നാലെ ഋകാരം വരുന്നിടങ്ങളിൽ സന്ധി

ചെയ്യാതെ പുരാതനന്മാരിൽ ഒരു പക്ഷക്കാർ മുൻപിലിരിക്കു ന്ന സ്വരവും പുറകിലിരിക്കുന്ന ഋകാരവും വെവ്വേറെ ഉച്ചരിക്കാറുണ്ടായിരുന്നുവെന്നു നാം കാണുന്നു. ഋകാരത്തെ സംബന്ധിച്ചേടത്തോളം 'അകസ്സവർണ്ണേ ദീൎഘഃ' 'ആൽഗുണഃ' 'ഇകോയണചി' ('ഋകാരം പരമായ അച്ചായിരിക്കുമ്പോൾ) എന്നുള്ള സന്ധികളെക്കാൾ 'ഋത്യകഃ' എന്നുള്ള ഈ പക്ഷം സ്വാഭാവികമായിരിക്കുന്നുവെന്നെനിക്കു തോന്നുന്നു.

ഋകാരം ഒരു മൂലസ്വരവും അര്, ഇര്, ഉര്, മുതലായവ അതിന്റെ വികാരങ്ങളുമാണെന്നാണ് പാണിനി മുതലായ വൈയാകരണന്മാരുടെ സങ്കല്പം. എന്നാൽ ഭിന്നവൎഗ്ഗങ്ങളിൽ പെട്ടവയും രചരങ്ങളുമായ അ, ഇ, ഉ മുതലായവ രപൂൎവ്വവും അനിശ്ചിതവൎഗ്ഗവും എന്നാൽ സകല വൎഗ്ഗങ്ങളുടേയും സ്വഭാവാംശങ്ങളോടുകൂടിയതുമായ ഋകാരമായി പരിണമിച്ചിരിക്കയല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇങ്ങിനെയെല്ലാമിരിക്കുന്ന നമ്മുടെ ഈ ഋകാരം ലത്തീൻ ഭാഷയിലില്ല. ലത്തീനിൽ നമ്മുടെ ഋകാരത്തിനു പകരം ചുരുക്കം ചില സ്ഥലങ്ങളിൽ 'er' ഉം മററു സ്ഥലങ്ങളിൽ 'or' ഉം കാണപ്പെടുന്നു. 'er' വരുന്നത് നാം അവ്യുല്പന്നങ്ങൾ എന്നു വിചാരിക്കുന്ന 'പിതൃ' 'മാതൃ' 'ഭ്രാതൃ' മുതലായ ശബ്ദങ്ങൾക്കു സമങ്ങളായ ലത്തീൻ ശബ്ദങ്ങളിലാണ്. ഉദാഹരണം:— പാതെർ (Pater=പിതൃ), മാതെർ (mater=മാതൃ), ഭ്രാതെർ (Eater=ഭ്രാതൃ) വ്യുൽപന്നങ്ങളായ 'തൃ' പ്രത്യയാന്തങ്ങളിൽ ഋകാരത്തിനു പകരം 'or' ആണ് ലത്തീനിൽ കാണപ്പെടുന്നത്. ഉദാഹരണം:— ദതോർ (Dator=ദാതൃ), യുങ്ക്തോർ (Junctor=യോക്തൃ. ഇവിടെ ലത്തീനിൽ നമാഗമം), ദോക്തൊർ doctor=ദേഷ്ടൃ ഇവിടെ സംസ്കൃതത്തിൽ മൂൎദ്ധന്യാദേശം). 'er' ഇലെ e ശിഥിലമാണ്; അത് സ്വരാദികളായ പ്രത്യയങ്ങളുടെ മുൻപിൽ ലോപിച്ചുപോകുന്നു. 'or' ഇലെ o സ്ത്രീ പ്രത്യയത്തിനു മുൻപിൽ മാത്രമേ ലോപിച്ചുപോകുന്നുള്ളു.

സംസ്കൃതത്തിൽ എ, ഒ എന്ന സ്വരങ്ങളുടെ ഹ്രസ്വങ്ങൾക്കു പ്ര

ചാരമില്ലെന്നുള്ള വാസ്തവം മിക്കവൎക്കും അറിയാമല്ലൊ. ഈ ന്യൂനത സംസ്കൃതത്തിൽ വന്നുകൂടിയതെങ്ങിനെയാണെന്നു നിൎണ്ണയിയ്ക്കാൻ പ്രയാസമായിരിക്കുന്നു. മറ്റെല്ലാ ഭാഷകളിലും (ഒന്നൊഴിച്ചു) വളരെ പ്രചാരമുള്ള ഈ സ്വരങ്ങൾ സംസ്കൃതത്തിൽ ഒരിയ്ക്കലുമില്ലായിരുന്നുവെന്നു വിചാരിയ്ക്കുവാൻ ന്യായം കാണുന്നില്ല. ഗ്രീക്ക്, ലത്തിൻ മുതലായ മറ്റു ആൎയ്യഭാഷകളിൽ ഹ്രസ്വമായ എകാരമോ ഒകാരമോ കാണുന്ന ശബ്ദങ്ങളിൽ അതിനു സമമായി സംസ്കൃതത്തിൽ സാധാരണമായി കാണുന്നത് അകാരമാണ്. ഉദാഹരണം:—

| ലത്തിൻ | സംസ്കൃതം |
|---|---|
| സെപ്തെം (Septem) | സപ്തൻ (ഏഴ്) |
| ഒക്ടൊ (Octo) | അഷ്ടൻ (എട്ട്) |
| നൊവെം (Novem) | നവൻ (ഒൻപത്) |

ആയതുകൊണ്ട് 'അതഃ പുരാതനാ എങ് വിഷയാഃ സംസ്കൃതെ ക്രമാ ദകാരേണാപഹൃതാഃ സ്യുഃ' എന്നു രാജരാജവൎമ്മാ തിരുമനസ്സിൽനിന്നു പറഞ്ഞിരിയ്ക്കുന്നതു നാം സമ്മതിയ്ക്കേണ്ടിയിരിക്കുന്നു.

പദാദിയിലല്ലാതെ വരുന്ന ഖരങ്ങളെ സാധാരണമായി ലത്തീനിൽ ഉച്ചരിക്കുന്നത് ദ്വിത്വത്തോടുകൂടെയാണ്. ലത്തീനിലെ Pater ശബ്ദത്തെ ഒരു വക 'പൂൎവ്വത്രാസിദ്ധ' ന്യായപ്രകാരം ഞാനിതേവരെ 'പാതൃ' എന്നും 'പാതെർ' എന്നും മലയാളത്തിൽ എഴുതിപ്പോന്നുവെങ്കിലും വാസ്തവത്തിൽ ആ ശബ്ദത്തെ 'പാത്തെർ' എന്നാണുച്ചരിയ്ക്കേണ്ടത്. ഇങ്ങിനെ നിരുക്തദൃഷ്ടിയിൽ അനാവശ്യങ്ങളായ ദ്വിത്വങ്ങൾ സംസ്കൃതത്തിലും നടപ്പുള്ളതാണ്. എന്നാൽ നമ്മുടെ അക്ഷരസമാമ്നായവും ലിപിക്രമവും യൂറോപ്യൻഭാഷകളിലേതിനേക്കാൾ പൂൎണ്ണമാകയാൽ ഉച്ചാരണത്തെ അനുസരിച്ചു നാം അക്ഷരങ്ങളേയും എഴുതുന്നു. 'ശിവച്ഛായ' എന്ന് നാം എഴുതുകയും ഉച്ചരിയ്ക്കുകയും ചെയ്യുന്നിടത്തു ഛകാരത്തെ ഇരട്ടിച്ചു 'വ'യിലെ അകാരത്തെ ഗുരുവാക്കിത്തീൎക്കുന്നത് ഉച്ചാരണവൈലക്ഷണ്യമാണ്. 'മേ

ച്' എന്ന സൂത്രംകൊണ്ടു പാണിനി ഇതൊരു നിയമമാക്കിയിരിക്കുന്നു. എങ്കിലും ഛകാരത്തിന് ഇങ്ങനെ ദ്വിത്വം വരുത്തിയാൽ വൃത്തം പിഴയ്ക്കുന്ന ശ്ലോകങ്ങൾ രാമായണത്തിലും മററും കാണാറുണ്ട്. വാല്മീകി മുതലായ മഹർഷിമാരുടെ കാലങ്ങളിൽ ഛകാരത്തെ ഇങ്ങിനെ ബലപ്പെടുത്തി ഉച്ചരിക്കു പതിവില്ലായിരുന്നുവെന്നും ഈ ഉച്ചാരണം പിന്നീടുണ്ടായതാണെന്നും ഇതിൽനിന്ന് അനുമാനിക്കാമല്ലോ. പിന്നെയും ദധി+അർത്ഥം=ദധ്യർത്ഥം എന്ന സമാസത്തിൽ ധകാരത്തെ ബലപ്പെടുത്തി 'ദ്'യിലെ അകാരത്തെ ഗുരുവാക്കുകയെന്നുള്ളതു നമ്മുടെ ഒരു പതിവാണല്ലോ. ഇതും പാണിനി മുതലായവരാൽ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു ഉച്ചാരണവൈലക്ഷണ്യമെന്നേ പറയാനുള്ളൂ. സംയുക്താദ്യമായ ഹ്രസ്വം ലഘുവായിത്തന്നെ ഇരിക്കുന്ന പല ഘട്ടങ്ങളും പുരാണഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. സംസ്കൃതത്തിന്റെയും ലത്തീനിന്റെയും ഈ ഉച്ചാരണരീതികളെ ആലോചിക്കുമ്പോൾ, പണ്ട് ഏകങ്ങളായി ഉച്ചരിക്കപ്പെട്ടിരുന്ന വ്യഞ്ജനങ്ങളെ ഇരട്ടിച്ച് ഉച്ചരിക്കയെന്നുള്ള സമ്പ്രദായം നമ്മുടെ ഉച്ചാരണാവയവങ്ങളുടെ എന്തോ ആവശ്യം നിമിത്തം കാലക്രമത്തിനു ഈ ഭാഷകളിൽ കടന്നുകൂടിയെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ സമ്പ്രദായം സംസ്കൃതത്തിലേക്കാളധികം ലത്തീനിൽ പ്രചാരത്തിൽ വരികയും ചെയ്തിരിക്കുന്നു.

സംസ്കൃതത്തിലെയും ലത്തീനിലെയും ശബ്ദങ്ങളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ ഭഷാകളിൽ സാധാരണമായി രേഫസകാരങ്ങൾ തമ്മിൽ വിനിമയമുണ്ടാകുമെന്നുള്ള വാസ്തവം നാം ഓർത്തിരിക്കേണ്ടതാണ്. സംസ്കൃതത്തിൽ സകാരം കാണുന്ന ചില ശബ്ദങ്ങളിൽ ലത്തീനിൽ രേഫമാണ് കാണുന്നത്. ഉദാഹരണം:— സംസ്കൃതത്തിലെ 'സ്വസൃ' ശബ്ദത്തിനു സമമായിട്ടു ലത്തീനിലുള്ള സൊറൊർ (Soror) എന്ന ശബ്ദമാണ്.

സകാരം രേഫമായിത്തീരുമെന്നു കേൾക്കുമ്പോൾ, ഭാഷാവിജ്ഞാനീയത്തിൽ ശ്രദ്ധ പതിച്ചിട്ടില്ലാത്തവർക്കു വിസ്മയമുണ്ടാ

യേക്കാം. ഈ വ്യഞ്ജനങ്ങൾ തമ്മിൽ എന്തു ബന്ധമാണുള്ളത്? ഇവ തമ്മിലുള്ള ബന്ധമെന്തുതന്നെയായാലും സകാരം രേഫമായിട്ട പരിണമിക്കുമെന്നുള്ളതിന്നു സംസ്കൃതത്തിൽതന്നെ ആഭ്യന്തരലക്ഷ്യങ്ങൾ നമുക്കു കാണാവുന്നതാണ്. 'പതിഃ' 'ഗുരുഃ' ഇത്യാദി പ്രഥമൈകവചനങ്ങളിൽ കാണുന്ന വിസർഗ്ഗം സകാരത്തിന്റെ പ്രതിനിധിയാണെന്നുള്ളതു തർക്കമൊസംഗതിയാണ്. പ്രഥമൈകവചനപ്രത്യയത്തെ 'സു' എന്നു സകാരാത്മകമായിട്ടുതന്നെയാണ് പാണിനി നമ്മോടുപദേശിക്കുന്നത്. എന്നാൽ 'പതിർഗ്ഗച്ഛതി' 'പതിരാജഗാമ' ഇത്യാദി സന്ധികളിൽ ഈ സകാരം രേഫമായി പരിണമിക്കുന്നതു സംസ്കൃതജ്ഞന്മാർ സദാ കാണുന്ന ഒരു സംഭവമാണല്ലൊ.

ഇതുകൂടാതെ ലത്തീനിൽ സാധാരണമായി കണ്ടുവരുന്ന ഒരു വികാരം തകാരം സകാരമായിപ്പരിണമിക്കുന്നതാണ്. T എന്ന വ്യഞ്ജനത്തിന്റെ പിന്നാലെ 'i'കാരവും അതിന്റെ പിന്നാലെ മറ്റൊരു സ്വരവും വന്നാൽ, 't'കാരത്തെ സകാരമായി ഉച്ചരിക്കുകയെന്നൊരു സങ്കേതം ലത്തീനിലുണ്ടെന്നു ഞാൻ മുൻപെ പറഞ്ഞിട്ടുണ്ടല്ലൊ. ഇവിടെ ഉച്ചാരണം സകാരമായിട്ടാണെങ്കിലും ലിപിവിന്യാസത്തിൽ 't' തന്നെയാണുപയോഗിക്കുന്നത്. എന്നാൽ ഭാഷാവിജ്ഞാനദൃഷ്ട്യാ നോക്കിയാൽ 't' കാണേണ്ട ചില ശബ്ദങ്ങളിൽ 's' എന്ന അക്ഷരവും സകാരമായിട്ടുള്ള ഉച്ചാരണവും ലത്തീനിൽ കാണാറുണ്ട്. കൃത, മൃത, ചരിത, ഇത്യാദി ശബ്ദങ്ങളിൽ കാണുന്നതകാരവത്തായ നിഷ്ഠാപ്രത്യയത്തിനു (Past participle) പകരം ലത്തീനിൽ കാണുന്ന പ്രത്യയവും സാധാരണമായി തകാരവത്തുതന്നെയാണ്. ഉദാഹരണം:- ലത്തും (Latum=ദത്തം), ഇത്തും (itum=ഇതം), മൊൎത്തും (mortum=മൃതം) & എന്നാൽ മിസ്സും (missum), സെസ്സും (sessum) വിസും (visum) എന്നിങ്ങനെയുള്ള നിഷ്ഠാരൂപങ്ങളും ലത്തീനിൽ കാണുന്നുണ്ട്.

ഇങ്ങനെ തകാരം സകാരമായിത്തീരുന്നതിന്നു സ്പഷ്ടമായ ഉദാഹരണങ്ങൾ സംസ്കൃതത്തിൽ കാണുന്നില്ല. അകാരാന്ത ശബ്ദങ്ങളുടെ ഷഷ്ഠ്യേകവചനപ്രത്യയമായ 'സ്യ', 'ദാക്ഷിണാ

ത്ര്യ' മുതലായ തദ്ധിതങ്ങളിൽ കാണുന്ന 'ത്ര്യക്' പ്രത്യയത്തിന്റെ ഒരു വികാരമാണെന്നു മാക്സ്മ്യുള്ളർ എവിടെയൊ പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്. അഖണ്ഡ്യമെന്നെനിക്കുതന്നെ തോന്നാത്ത ഇത്തരം ഉദാഹരണങ്ങൾ കൊണ്ടു വായനക്കാരെ തൃപ്തിപ്പെടുത്തുവാൻ ഞാൻ വിചാരിക്കുന്നില്ല.

സംസ്കൃതത്തിൽനിന്ന് അഖണ്ഡ്യമായ ആഭ്യന്തരലക്ഷ്യമൊന്നുമെടുക്കാനില്ലെങ്കിലും * ലത്തീനിലെ ആഭ്യന്തരലക്ഷ്യങ്ങൾ പര്യാപ്തങ്ങളാണെന്നെനിക്കു തോന്നുന്നു. സാധാരണമായി തവത്തായിരിക്കുന്ന ഒരു പ്രത്യയം ചില സ്ഥാനങ്ങളിൽ സവത്തായിക്കണ്ടാൽ, തകാരം എന്തൊ കാരണവശാൽ സകാരമായിത്തീർന്നതാണെന്നു വിചാരിക്കുന്നതു ന്യായമാണല്ലൊ.

(തുടരും)

---

* (വിദ്വാൻ), വിദ്വാംസൌ, വിദ്വാംസഃ, ഇത്യാദി വസുപ്രത്യയാന്തശബ്ദങ്ങളിൽ കാണുന്ന സകാരം തകാരത്തിനു പകരം വന്നിട്ടുള്ളതാണെന്നു വിചാരിക്കുവാൻ ചില ന്യായങ്ങളുണ്ട്. 'വസു' പ്രത്യയാന്തങ്ങളെ സകാരാന്തങ്ങളായിട്ടാണ് പാണിനി ഗണിക്കുന്നത്. എന്നാൽ 'വസുസ്രംസുധ്വംസ്വനഡുഹാം ദഃ' (൮- ൨ ൭൨) എന്ന സൂത്രംകൊണ്ടു ചില സ്ഥലങ്ങളിൽ ഈ സകാരത്തിനു തകാരത്വം വരുത്തുകയും ചെയ്യുന്നു. ഉദാഹരണം— വിദ്വദ്ഭിഃ, വിദ്വൽകുലം. &c. &c. ഈ ലോകം കണ്ടിട്ടുള്ള വൈയാകരണന്മാരിൽവെച്ചു പാണിനി നിസ്സംശയമായിട്ട് ഒന്നാമനാണെങ്കിലും, അദ്ദേഹത്തിന്റെ സൂത്രങ്ങൾ ചിലപ്പോൾ ഭാഷാവിജ്ഞാനീയത്തിനു (Philology) പ്രതികൂലമായിട്ടാണൊഴുകുന്നത്. ഈ സൂത്രങ്ങളെ പ്രതികൂലമായി നാം ഗ്രഹിക്കുന്നപക്ഷം ഭാഷാവിജ്ഞാനീയത്തിന്നനുകൂലമായ ഫലം കിട്ടുന്നതാണ്. 'വിദ്വാൻ' എന്നതിലെ വസുപ്രത്യയം, 'ദയാവാൻ' മുതലായവയിൽ കാണുന്ന 'മതുപ്' പ്രത്യയം തന്നെയല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ 'മതുപ്' തന്നെയും 'ശതൃ'പ്രത്യയത്തിനു മുൻപിൽ മകാരമോ വകാരമോ ചേർന്നുണ്ടാകുന്നതാണെന്നും വിചാരിക്കാം. 'വിദേശ്ശതുർവ്വസുഃ' (൭- ൧- ൩൬) എന്ന സൂത്രം ചെയ്തു ശതൃ പ്രത്യയത്തിനു 'വസു'-പ്രത്യയം ആദേശം വരുത്തിയാണല്ലോ 'വിദ്വസ്' എന്ന ശബ്ദത്തെപ്പാണിനി വ്യുൽപാദനം ചെയ്യുന്നതു. 'വസു' പ്രത്യയത്തിൻ പകരം 'വതു'പ്രത്യയത്തെ സ്വീകരിച്ചു ചില സ്ഥാനങ്ങളിൽ (സർവ്വനാമസ്ഥാനങ്ങളിലും ഭസ്ഥാനങ്ങളിലും) തകാരത്തിനു സകാരാദേശം വരുത്തിയാൽ ഇഷ്ടരൂപങ്ങളെല്ലാം നമുക്കു ലഭിക്കുന്നതാണ്. പാണിനിസൂത്രങ്ങളെ പ്രതികൂലമായി ഗ്രഹിക്കേണമെന്നു ഞാൻ പറഞ്ഞതിന്റെ സാരമിതാണ്. ഇങ്ങനെ ചെയ്താൽ തകാരം സകാരമായിത്തീരുന്നുവെന്നുള്ളതിന് ആഭ്യന്തരലക്ഷ്യങ്ങൾ നമുക്കു സംസ്കൃതത്തിലും ധാരാളമുണ്ടായിരിക്കുന്നതാണ്.

# നാടകം.

എ. വേലായുധമേനോൻ ബി. എ., ബി. എൽ.

എന്തെങ്കിലും ഒരു സാധനം നല്ലതൊ ചീത്തയൊ എന്നു തീരുമാനപ്പെടുത്തുവാൻ ആ സാധനം എങ്ങിനെ ഉണ്ടായി, അതിൽനിന്നു നമുക്ക് എന്തെല്ലാം ഗുണങ്ങൾ സിദ്ധിക്കുന്നുണ്ട്, എന്തുമാത്രം ദോഷങ്ങൾ നേരിടുന്നുണ്ട് എന്നുള്ള സംഗതികൾ സൂക്ഷ്മമായി ആലോചിച്ചിട്ടു വേണ്ടതാണ്. ആ സാധനത്തിൻെറ ഗുണദോഷങ്ങളെ വിമൎശനം ചെയ്യുന്നതിന്നു മുമ്പായി സാധനം തന്നെ എന്താണെന്നാണ് നാം ആദ്യമായി പരിശോധിക്കേണ്ടത്. ഇവിടെ ഉപന്യസിപ്പാൻ ഉദ്ദേശിച്ചിട്ടുള്ള വിഷയം നാടകമാണല്ലൊ. നാടകം എന്ന പദത്തിൻെറ ഒരു വിവരണം ചെയ്യുന്നതിന്നു മുമ്പായി ആ വസ്തുവിൻെറ ഉത്ഭവം എവിടെ നിന്നാണ് എന്നാരായുക തന്നെ. ഹൈന്ദവ പുരാണങ്ങൾ ഘോഷിക്കുന്നത് ഈ വിധമുള്ള വിനോദങ്ങളിൽ സന്തോഷമുള്ളവരായിരുന്ന ദേവകളിൽ നിന്നാണ് നാടകത്തിൻെറ ഉത്ഭവം എന്നാണ്. പുരാതനകാലം മുതൽക്കു തന്നെ നാട്യവിദ്യയെപ്പറ്റി നമ്മുടെ രാജ്യക്കാൎക്കു വളരെ ബഹുമാനമുണ്ട്. നാടകത്തിൻെറ തത്വം ശരിയായി ഗ്രഹിക്കേണമെങ്കിൽ അതിനോടു ചേൎന്ന രണ്ടു സാധനങ്ങളെപ്പറ്റി ജ്ഞാനം ഉണ്ടാകേണ്ടതാണ്. ആ സാധനങ്ങൾ സംഗീതവും നാട്യവും ആകുന്നു.

ഈ ലോകത്തിൽ ആത്മാവിന്നാനന്ദത്തെക്കൊടുക്കുന്നതായ അനേക സാധനങ്ങൾ ഉള്ളവയിൽ വച്ച് ഉത്തമപദവിയെ അൎഹിക്കുന്നതു സംഗീതമാണ്. ഒരുവൻ അത്യന്തം വ്യസനത്തിൽ മുഴുകിയിരിക്കുന്നു, അല്ലെങ്കിൽ അതിയായ ക്ഷീണത്തിൽ പെട്ടിരിക്കുന്നു, എന്നിരിക്കട്ടെ. ഈ വ്യസനത്തെയൊ ക്ഷീണത്തേയൊ ശാന്തിപ്പെടുത്തേണമെങ്കിൽ അതിന്നു തക്കുന്നതായ ചില അനുസാരികൾ ആവശ്യമാണ്. അപ്ര

കാരം ശാന്തിപ്രദങ്ങളായ സാധനങ്ങൾ ഒന്നും തന്നെ ഇല്ലെന്നു വരികിൽ ഒരുവൻ നിരാശകും ചിത്തഭ്രമത്തിന്നു തന്നേയും ക്ഷണേന ഇരയായിത്തീരുന്നതാകുന്നു. സാമവേദത്തിലെ മാഹാത്മ്യമേറിയ മന്ത്രങ്ങൾ ഉച്ചരിച്ചു കേൾക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം അമൃതാസ്വാദനസമയത്തുണ്ടാകുന്ന ആനന്ദത്തെ അതിശയിക്കുന്നുണ്ടെന്നു ദേവകൾ തന്നെ പറഞ്ഞിട്ടുള്ളതായി ശാസ്ത്രങ്ങൾ ഘോഷിക്കുന്നുണ്ട്. മധുരഗാനംകൊണ്ട് ഒരു സർപ്പത്തിൻെറ ജാത്യാ ഉള്ള ക്രൂരസ്വഭാവത്തെ ഇല്ലാതാക്കുവാൻ കഴിയുന്നതിന്നും പുറമെ വളരെ മനോഹരമാകും വണ്ണം ആടിക്കളിപ്പാൻ അതിനെ പ്രേരിപ്പിക്കുകയും ചെയ്യും. തൊട്ടിയിൽ കിടന്നു കരയുന്ന ചെറുപൈതൽ പോലും അതിൻെറ അമ്മയുടെ ഹൃദയംഗമമായ മൂളിപ്പാട്ടിനാൽ വശീകരിക്കപ്പെട്ടു ക്ഷണത്തിൽ ഉറങ്ങിപ്പോകുന്നു. 'വേദാനാം സാമവേദോസ്മി' എന്നും 'മത്ഭക്തായത്രഗായന്തി തത്രതിഷ്ഠാമിനാരദ' എന്നും ഉള്ള ശ്രീകൃഷ്ണഭഗവാൻെറ വചനങ്ങൾ സംഗീതത്തിൻെറ അനിർവ്വാച്യമായ മാഹാത്മ്യത്തെ വിശദമായി ദൃഷ്ടാന്തപ്പെടുത്തുന്നുണ്ട്. ഗാനംകൊണ്ടു വന്യമൃഗങ്ങളെ വശീകരിക്കുകയും കരിമ്പാറക്കല്ലുകളെ മൃദുകരിക്കുകയും കടുവൃക്ഷങ്ങളെ തലതാഴ്ത്തിപ്പിക്കുകയും ചെയ്യാൻ കഴിയും എന്ന് ഒരു ആംഗ്ലേയപണ്ഡിതൻ പറഞ്ഞിരിക്കുന്നു. സംഗീതം ഭൂമിയിൽ എല്ലായിടത്തും നാനാവർണ്ണങ്ങളുടെ ഇടയിലും ഒരുപോലെ ആഹ്ളാദകാരിയാണെന്നുള്ളതിന്നു സംശയമില്ല. ഇങ്ങിനെയെല്ലാമാണെങ്കിലും സംഗീതവിദ്യയെ സംബന്ധിച്ചു മിക്ക ആളുകളും കേവലം വിമുഖന്മാരായിട്ടാണ് കാണപ്പെടുന്നത്. അതിന്നുള്ള കാരണം ഈ അമൂല്യവിദ്യയെ അംഗീകരിച്ചിട്ടുള്ളവരിൽ പലരും ദുർമ്മാർഗ്ഗികളും ദുർവൃത്തന്മാരും ആകയാലായിരിക്കാം. എന്നാൽ വാസ്തവമായിട്ടും സംഗീതത്തിന്നു മനുഷ്യരിൽ നിന്ദ്യമായും ത്യാജ്യമായും ഉള്ള ദുസ്വഭാവങ്ങളെ ദൂരീകരിപ്പാൻ അസാമാന്യമായ ഒരു ശക്തിയുണ്ട്. സംഗീതവിദ്വാ

ന്മാരിൽ അല്പം ചിലർ ദുർവൃത്തന്മാരാണെന്നുള്ള ഏകകാരണത്താൽ സംഗീതവിദ്യയെത്തന്നെ നിന്ദിച്ചുകളയുന്നത് ഒരിക്കലും ന്യായമായിരിക്കയില്ലല്ലൊ.

ഒരു വികാരത്തേയൊ ചിത്തവൃത്തിയേയൊ നോട്ടംകൊണ്ടോ മുഖഭാവംകൊണ്ടോ മറ്റു ചേഷ്ടകൾകൊണ്ടോ വെളിപ്പെടുത്തുന്ന കൌശലമാകുന്നു നാട്യവിദ്യ. ഓരോ നടന്മാരും അവരവർ അഭിനയിപ്പാൻ തീർച്ചപ്പെടുത്തീട്ടുള്ള പാത്രങ്ങൾക്കനുരൂപമായ വിധത്തിൽ പ്രത്യേകം നാട്യങ്ങൾ നടിക്കേണ്ടതാണ്. എന്നാൽ മാത്രമെ കാണികളുടെ മനസ്സിന്നു വാസ്തവകഥ കാണുംപോലെയുള്ള അനുഭവം കുറച്ചെങ്കിലും ഉണ്ടാകയുള്ളൂ. നാടകത്തിലെ ഗദ്യപദ്യങ്ങൾ വ്യംഗങ്ങളായിരിക്കയെ ഉള്ളൂ. നടനം അധികം നന്നാകുംതോറും കാണികൾക്കു നാടകത്തിലെ രസം അധികം അധികം അനുഭവപ്പെട്ടു തുടങ്ങും. അന്യന്മാരാൽ അസാദ്ധ്യമായിട്ടുള്ള പല കാര്യങ്ങളും നാട്യവൈദഗ്ദ്ധ്യം ഉള്ളവർക്ക് എളുപ്പത്തിൽ സാധിപ്പാൻ കഴിയും. അല്പാല്പമായ ഭാവഭേദങ്ങൾകൊണ്ടു ശൃംഗാരാദിനവരസങ്ങളേയും തൻെറ മുഖത്തു പ്രത്യക്ഷപ്പെടുത്തുവാൻ ഒരു നടന് പ്രയാസമില്ല. ഈ കൌശലം സാധാരണ ജനങ്ങളോടുള്ള പെരുമാററങ്ങളിൽ പല സന്ദർഭങ്ങളിലും ഉപകരിപ്പിക്കാവുന്നതാണ്. ചെറിയ കുട്ടികൾ താന്താങ്ങളുടെ ഗുരുജനങ്ങളുടെ മുഖത്തു ദേഷ്യഭാവം കണ്ടാൽ ഭയന്നു പിൻവാങ്ങുന്നു. ഈ ദേഷ്യഭാവം തൽക്കാലത്തെക്കുവേണ്ടി അംഗീകരിച്ച വെറും നാട്യമാണെന്നു വരാം. നടനനൈപുണിയുള്ള സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർ എത്ര തന്നെ കോപിഷ്ഠന്മാരും ദുശ്ശീലമുള്ളവരും ആയിരുന്നാലും അവരെ മന്ത്രവാദംകൊണ്ടു സർപ്പത്തെ എന്നപോലെ നിഷ്പ്രയാസേന വശീകരിക്കുന്നു. നാട്യവിദ്യയിൽ അധികസാമർത്ഥ്യമുള്ളവന്ന് ഒരുവനെക്കേവലം ഉന്മാദാവസ്ഥയിൽ കൊണ്ടുവരുവാനും കൂടി പ്രയാസമില്ലാ. ഇതിന്നു ദൃഷ്ടാന്തമായി നമ്മുടെ പുരാണങ്ങളിൽ അനവധി കഥകൾ ഉ

ണ്ട്. പാലാഴിമഥനത്തിൽ വച്ച് വിഷ്ണുഭഗവാൻ മോഹിനീവേഷം പൂണ്ട് അസുരന്മാൎക്ക് അമൃതാസ്വാദനത്തിലുള്ള സക്തിയെ ഇല്ലായ്മചെയ്ത് അമൃതകലശം അവരോടു വാങ്ങി ദേവന്മാൎക്കായി ഭാഗിച്ചുകൊടുക്കുകയും ഭയങ്കരമാംവണ്ണം ഉണ്ടാവാൻ എടയുണ്ടായിരുന്ന ദേവാസുരയുദ്ധത്തെ തടയുകയും ചെയ്തിട്ടുള്ള കഥ മായാമോഹിനിയായിത്തീൎന്ന വിഷ്ണുഭഗവാന്റെ നടനകലാചാതുരിയെ വെളിപ്പെടുത്തുന്നുണ്ട്.

നാട്യവിദ്യയേയും അതിന്റെ ഉപയോഗങ്ങളേയും പററി ഇത്രയും പറഞ്ഞതുകൊണ്ടു നമ്മുടെ സമയത്തെ നാട്യം പഠിപ്പാൻ മാത്രമായി വിനിയോഗിക്കേണമെന്നു കരുതിപ്പോകരുത്. ഈ വിദ്യയിൽ കുറച്ചെങ്കിലും പരിജ്ഞാനം എല്ലാവൎക്കും ഉണ്ടായിരിക്കേണ്ടതാണെന്നു മാത്രമെ ഇവിടെ സിദ്ധാന്തമുള്ളു. ഈ വിദ്യയെ അഭ്യസിക്കുവാനുള്ള രംഗഭൂമി സ്കൂളുകളിലും മററും നടത്തിവരാറുള്ള സഭായോഗങ്ങളാണ്. ഏതെങ്കിലും ഒരു വിഷയത്തെപ്പററി ഒരുവൻ സംസാരിക്കുമ്പോൾ സന്ദൎഭോചിതങ്ങളായ ചേഷ്ടാഭേദങ്ങളോടും നാട്യങ്ങളോടും കൂടി സംസാരിച്ചാൽ മാത്രമെ ശ്രോതാക്കൾക്കും കാണികൾക്കും രസം ജനിക്കയുള്ളു. അതല്ലാതെ ഒരുവൻ തനിക്കു പറവാനുള്ളതു നിശ്ചേഷ്ടനായി നിന്നു പറയുന്നതായാൽ തത്തചിലക്കുംപോലെയുള്ള ഫലമല്ലാതെ ശ്രോതാക്കൾക്ക് അതിൽ യാതൊരു സുഖവും ഉണ്ടാകയില്ലാ. ഒരു പ്രാസംഗികനാകണമെങ്കിൽ അതിന്നു വേണ്ടതായ ഗുണങ്ങൾ എന്തെല്ലാമാണെന്നു ലോകൈകവാഗ്മിയായ ഡിമാസ്തനീസിനോട് ഒരുവൻ ഒരിക്കൽ ചോദിക്കയുണ്ടായി. അപ്പോൾ മറുവടിയായി 'നാട്യവിദ്യ മാത്രമാണ് ഒരു വാഗ്മിയുടെ വിജയത്തിന്നു പ്രധാനഹേതു' എന്നാണ് ആ മഹാൻ പറഞ്ഞത്. പ്രസിദ്ധവാഗ്മികളുടെ ജീവചരിത്രങ്ങൾ വായിച്ചുനോക്കിയാൽ അവരുടെ വാക്കുകൾക്കു തന്മയത്വം വരുത്തീട്ടുള്ളതു സന്ദൎഭോചിതങ്ങളായ നാട്യപ്രകടനങ്ങൾകൊണ്ടാണെന്നു കാണാം.

ഇനി ആംഗ്ലേയഭൂമിയിൽ നാടകത്തിന്നു പ്രചാരവും അഭിവൃദ്ധിയും ഉണ്ടായിട്ടുള്ളത് എപ്പോഴാം എങ്ങിനെയാണെന്നു നമുക്കു പരിശോധിക്കാം. നാഗരീകത്വം വൎദ്ധിച്ചുകൊണ്ടിരിക്കുന്ന എല്ലാ നാടകങ്ങളിലും നാടകങ്ങൾക്കു പ്രചാരം ഉണ്ടാവുക സാധാരണയാണ്. നാടകത്തിന്റെ ജന്മഭൂമിയായിട്ടു ഗ്രീക്കരാജ്യത്തെയാണ് ചരിത്രകാരന്മാർ ഗണിച്ചുവരുന്നത്. ആ രാജ്യത്തു പണ്ടുപണ്ടെതന്നെ നാടകം വളരെ പരിഷ്കൃതനിലയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇംഗ്ലാണ്ടിൽ ആദ്യകാലങ്ങളിൽ പൊതുജനങ്ങളുടെ മനസ്സിന്ന് ആനന്ദത്തെക്കൊടുക്കുന്നതായ സകല വിനോദങ്ങളും നാടകങ്ങളായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. എലിസബത്ത് രാജ്ഞിയുടെ കാലത്തിന്നു മുമ്പു നാടകഗ്രന്ഥങ്ങൾക്ക് പ്രചാരമുണ്ടായിരുന്നില്ല. ഈ രാജ്ഞിയുടെ കാലത്താണ് നാടകാഭിനയത്തിൽ ജനങ്ങൾക്ക് അസാമാന്യമായ അഭിരുചിയും ഉത്സാഹവും ഉണ്ടായിത്തുടങ്ങിയത്. എന്നാൽ ഭരണസംബന്ധമായ വല്ല പ്രവൃത്തികളേയും നാടകത്തിൽ സൂചിപ്പിച്ചുകണ്ടാൽ ആ കാലത്തെ ഗവൎമ്മേണ്ട്, നാടകപ്രവൃത്തകന്മാരെ നിൎദ്ദാക്ഷിണ്യം ശിക്ഷിച്ചിരുന്നതുകൊണ്ടും സകലവിധവിനോദങ്ങളിലും ഒരുപോലെ വിമുഖന്മാരായിരുന്ന പ്യൂരിടൻ(Puritan) എന്നു പേർ പറയപ്പെട്ട മതക്കാരുടെ നിരന്തരമായ ഹിംസകൊണ്ടും ഇംഗ്ലാണ്ടിൽ ആദ്യകാലങ്ങളിൽ നാടകത്തിന്റെ അഭിവൃദ്ധിക്കു പ്രതിബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുനിമിത്തം അക്കാലങ്ങളിൽ ഇംഗ്ലീഷു നടന്മാർ നമ്മുടെ കഥകളിക്കാരെപ്പോലെ പ്രതിദിനം ഓരോരോ സ്ഥലങ്ങളിൽ പോയി, അവരവരുടെ വിദ്യകളെ പ്രകടിപ്പിച്ചു വരികയാണ് ചെയ്തിരുന്നത്. സ്ഥിരമായ നാടകശാല ഉണ്ടാക്കി അതിൽ നാടകം അഭിനയിപ്പാൻ അന്നു പ്രബലന്മാരായിരുന്ന പ്യൂരിടന്മാർ (Puritans) അനുവദിച്ചില്ല. കാലക്രമേണ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തെക്ക് എളുപ്പത്തിൽ മാറികൊണ്ടുപോകാൻ തക്കവണ്ണം മരപ്പന്തലുക

ൾ ഉണ്ടാക്കി അവയെ നാടകശാലകൾക്കു പകരം ഉപയോഗിച്ചുവന്നു. പിന്നീടു പട്ടണങ്ങളിലും മററും ഉള്ള വലിയ സത്രങ്ങളുടെ മുററങ്ങളിലായി നാടകാഭിനയം. എലിസബെത്ത് രാജ്ഞിയുടെ ഭരണത്തിന്റെ മദ്ധ്യകാലങ്ങളിൽ ഇംഗ്ലാണ്ടിൽ ഒക്കെക്കൂടി സ്ഥിരമായി രണ്ടു നാടകശാലകൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

ഈ കാലത്താണ് ഷേക്സ്പിയർ എന്ന കവിരാജൻ നാടകനഭോമണ്ഡലത്തിൽ ഉദിച്ചു പൊങ്ങിയത്. അദ്ദേഹത്തിന്റെ സുപ്രസിദ്ധങ്ങളായ കൃതികൾ എല്ലാവരുടേയും മനസ്സിനെ ഒരുപോലെ മയക്കി. നാടകം കാണ്മാൻ പൗരിടന്മാർ വന്നു തിരക്കിത്തുടങ്ങി. ധനികന്മാരായ പ്രഭുക്കന്മാർ നാടകപ്രവൃത്തകന്മാരെപ്പല തരത്തിലും സഹായിച്ചു. പല ധനികന്മാരും അവരവരുടെ സ്വന്തചിലവിന്മേൽ നാടകസംഘങ്ങൾ സ്ഥാപിച്ചു പരിപാലിച്ചു വന്നു. ഗവൎമ്മേണ്ടിന്റെ ഉപദ്രവം തീരെ ഇല്ലാതെയായി. കേവലം മനുഷ്യർ മാത്രമായിരുന്ന ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാരും ഷേക്സ്പീയരുടെ മായയിൽ ലയിച്ചു. അന്നുമുതൽ സ്ഥിരമായ നാടകശാലകൾ നിൎമ്മിക്കപ്പെടുവാനും നാടകം മേൽക്കുമേൽ അഭിവൃദ്ധിയെ പ്രാപിപ്പാനും തുടങ്ങി. ഇപ്പോൾ ഇംഗ്ലാണ്ടിൽ നാടകം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം.

## കൃഷ്ണകണ്ണന്റെ മരണപത്രം.

### അദ്ധ്യായം ൬.

അല്ലയോ, ശരത്കാലകുതുകിയായ കുയിലേ! മനോഹരമായ നിന്റെ രാഗത്തെ ആലാപിച്ചാലും. നിന്നെത്തടയുന്നത് എനിക്കു യോഗ്യമല്ലെങ്കിലും, പാടുന്നത് ഉചിതമായ സമയത്തു വേണമെന്നു ഞാൻ നിന്നോടുപദേശിക്കുന്നു. അസമ

യങ്ങളിൽ പാടുന്നത് ഉചിതമല്ല. നോക്കു! പേനയും മഷിയും എടുത്ത്, വളരെ ബുദ്ധിമുട്ടി, കൃഷ്ണകണ്ടന്റെ മരണപത്രസംഗതികൾ ആലോചിച്ച് വിസ്തരിച്ചെഴുതുവാൻ ഞാൻ ഒരുങ്ങുന്ന സമയം, അതാ ആകാശത്തു നിന്നു മനോഹരമായ കൂഹൂ! കൂഹൂ! കൂഹൂ! എന്നു കോകിലശബ്ദം കേൾക്കുന്നു! നിന്റെ ശബ്ദം വളരെ മധുരമുള്ളതുതന്നെ; അതു ഞാൻ സമ്മതിക്കുന്നു; എന്നാലും, നിന്റെ ഇഷ്ടംപോലെ, എല്ലാവരെയും ആകർഷിപ്പാനുള്ള അധികാരം നിനക്കു ലഭിക്കുന്നില്ല. തലയെല്ലാം നരച്ച ഈ വൃദ്ധനെ സംബന്ധിച്ചേടത്തോളം, നിന്റെ ഈ വിളി ദോഷത്തെ ചെയ്കയില്ല. പക്ഷെ, നോക്കു! പണമിടപെട്ട സംഗതികളെക്കൊണ്ടു ബുദ്ധിമുട്ടുന്ന യൌവനയുക്തനായ ഒരു പുരുഷൻ തന്റെ തെററിപ്പോയ കണക്കുകളെ ശരിയാക്കുവാൻ ശ്രമിക്കുന്ന സമയം, കച്ചേരിപ്പുരയുടെ പൊളിഞ്ഞുകിടക്കുന്ന മതിലിന്മേലിരുന്നു നീ കൂഹൂ എന്നു വിളിച്ചാൽ അയാളുടെ അവസ്ഥ എന്തായിരിക്കും! ആ സമയത്ത് അയാൾ അയാളുടെ കണക്കുകളെ എങ്ങനെ ശരിയാക്കും? വിരഹപീഡയോടുകൂടിയ ഒരു സുന്ദരി, തന്റെ കാമുകനെത്തന്നെ ദീർഘമായ പകൽ മുഴുവൻ സ്മരിച്ച് ഉപവസിച്ചുകൊണ്ടിരുന്ന് രാത്രി എട്ടൊമ്പതു മണിക്ക് അല്പം പാൽ കുടിപ്പാൻ തുടങ്ങുന്ന സമയം, നീ കൂഹൂ എന്ന ശബ്ദം പുറപ്പെടുവിക്കുന്നു! ആ സമയത്ത് അവൾ ആ പാൽപാത്രത്തെ അങ്ങനെതന്നെ നിലത്തുവെക്കുകയോ, അശ്രദ്ധയാൽ അതിൽ ഉപ്പു ചേർത്തു കുടിക്കുകയൊ ചെയ്യുന്നു. വാസ്തവത്തിൽ നിന്റെ ശബ്ദത്തിന് അല്പം വശ്യശക്തി ഉണ്ട്; ഇല്ലെങ്കിൽ, ആ അരയാലിന്മേൽ നീ പാടിക്കൊണ്ടിരിക്കുമ്പോൾ, ആ വിധവയായ രോഹിണി, അവളുടെ ഇടുപ്പിന്മേൽ കുടവുമായി വെള്ളം കൊണ്ടുവരുവാൻ പോകുന്ന സമയം — നില്ക്കൂ, അവൾ വെള്ളത്തിനു പോകുവാനുള്ള കാരണം ഒന്നാമതു ഞാൻ നിങ്ങളോടു പറയട്ടെ.

കാരണം ഇതാണ്. ബ്രഹ്മാനന്ദഘോഷൻ വലിയൊരു

ധനവാനായിരുന്നില്ല. അതുകൊണ്ട് അയാൾക്ക വളരെ ഭൃത്യന്മാരെ താമസിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. അതൊരു ഗുണമൊ ദോഷമൊയെന്ന് എനിക്ക തീച്ച് പറഞ്ഞുകൂടാ. എങ്കിലും ഒന്ന തീച്ച് പറയാം; ശിഷ്യത്തികളില്ലാത്തവൾ, വഞ്ചന, ഏഷണി, തമ്മിത്തല്ല്, വൃത്തികേട് എന്നീ ചതുർവ്വിധബുദ്ധിമുട്ടുകൾ കൂടാതെ കഴിക്കാം. ഈ നാലു കൂട്ടവും ദൈവം വാലിയക്കാരത്തികൾക്കായി സൃഷ്ടിച്ചിരിക്കുന്നതാകുന്നു. വളരെ വേലക്കാരികളുള്ള ഒരു വീടിനെ യുദ്ധസമയത്തെ കുരുക്ഷേത്രത്തോടൊ രാമരാവണയുദ്ധം നടന്ന യുദ്ധഭൂമിയോടൊ ഉപമിക്കാവുന്നതാണ്. ഗദയോടുകൂടിയ ഭീമനെപ്പോലെ, ഒരുത്തി ചൂലുമായി വീട്ടിൽ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കും; മറ്റൊരുത്തി, ദുൎയ്യോധനൻ മറുപക്ഷക്കാരെ എന്നപോലെ, ശേഷം പേരെ എപ്പൊഴും ശപിച്ചും ശകാരിച്ചുംകൊണ്ടിരിക്കും. ഒരുവൾ, കുംഭകൎണ്ണന്റെ മാതിരി, ഇടവിടാതെ ഉറങ്ങുകയും, ഉറക്കുണൎന്നാൽ ഉള്ളതെല്ലാം തിന്നുകയും ചെയ്യും. മറ്റൊരുവൾ സുഗ്രീവനെങ്ങനെയൊ, അപ്രകാരം കുംഭകൎണ്ണനെ കൊല്ലുവാൻ സന്നദ്ധയായിരിക്കും.

ബ്രഹ്മാനന്ദന് ആ വക ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിരുന്നില്ല; വെള്ളം കൊണ്ടുവരലും പാത്രങ്ങൾ മോറലും എല്ലാം രോഹിണി തന്നെ ചെയ്തുകൊണ്ടിരുന്നു. ദിവസവും വൈകുന്നേരം, അവളുടെ മററു ജോലികളെല്ലാം തീൎന്നശേഷം, രോഹിണി വെള്ളംകൊണ്ടുവരുവാനായി പുറപ്പെടും. ഹരലാലനും രോഹിണിയുമായി വാഗ്വാദം നടന്നതിന്റെ പിറെറ ദിവസം, പതിവുപോലെ, അവൾ കുടവുമായി വെള്ളത്തിനു പുറപ്പെട്ടു. വളരെ അകലെയല്ലാതെ നല്ല വെള്ളമുള്ള ഒരു കുളമുണ്ടായിരുന്നു. രോഹിണി അതിൽനിന്നു പതിവായി വെള്ളം കൊണ്ടുവരാറുണ്ട്, ഇന്നും അവൾ അവിടേക്കുതന്നെയാണ് പുറപ്പെട്ടത്. അവൾ ദിവസവും തനിച്ചുപോകുക പതിവായിരുന്നു; വെള്ളം കൊണ്ടുവരുവാനെന്ന നാട്യത്തിൽ,

കുറഞ്ഞ കുടങ്ങളിൽ കാൽക്കുടം വെള്ളവുമായി, അന്യന്മാരുടെ കുററവും കുറവും പറഞ്ഞു ചിരിച്ചുനടക്കുന്ന കള്ളിപ്പെണ്ണുങ്ങളുടെ കൂട്ടത്തിൽ രോഹിണി കൂടാറുണ്ടായിരുന്നില്ല. അവളുടെ ഗമനം ചുമടിന്റെ ഘനത്തെ അനുസരിച്ചു മന്ദമായിരുന്നു. രോഹിണി ഒരു വിധവയായിരുന്നു; എങ്കിലും അവളുടെ നടപടികളൊന്നും ആ വിധമായിരുന്നില്ല. അധരം മുറുക്കി ചുണ്ടുകൾ ചുമപ്പിച്ചിരുന്നു; കൈകളിൽ വളകൾ ഇട്ടിരുന്നു; കരയുള്ള നല്ല വസ്ത്രവും ഉടുത്തിരുന്നു. അവളുടെ ഇടുപ്പിൽ വെച്ചിട്ടുള്ള പിച്ചളക്കുടവും, നീണ്ടു കറുത്തു ചുരുണ്ട തലമുടിയും അവളുടെ മന്ദഗതിയെ അനുസരിച്ചു മന്ദാധാരമായി ഇളകിക്കൊണ്ടിരുന്നു. തിരകളിൽ നീന്തിക്കളിക്കുന്ന അരയന്നത്തെപ്പോലെ, അവളുടെ ആ ശരീരത്തിന്റെ മന്ദമായ ഇളക്കത്തെ അനുസരിച്ചു കുടവും ഇളകിക്കൊണ്ടിരുന്നു. അവളുടെ പാദങ്ങൾ രണ്ടും മരത്തിൽനിന്നു പുഷ്പങ്ങൾ കൊഴിഞ്ഞുവീഴുന്നതുപോലെ, അത്ര മാൎദ്ദവമായി നിലത്തെ സ്പൎശിച്ചിരുന്നു; കുടം അവളുടെ പാദന്യാസങ്ങൾക്കു ശരിയായി താളം പിടിക്കുന്നതുപോലെ ഇളകിക്കൊണ്ടുമിരുന്നു. ഒരു ഇളങ്കാററു പിടിച്ച പായയോടുകൂടിയ ഒരു ഭാരമുള്ള വഞ്ചി കാററിന്റെ ഗതിയെ അനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടും ഉലഞ്ഞു സാവധാനത്തിൽ പോകുന്നതുപോലെ, മോഹിനി മന്ദഗതിയായി, കുളക്കടവിൽ എത്തിയ സമയം, അടുത്തുനിന്നിരുന്ന അരയാലിന്മേൽ ഇരുന്ന് ഒരു കുയിൽ നാദം കേട്ടു തുടങ്ങി.

'കൂഹൂ! കൂഹൂ! കൂഹൂ!' രോഹിണി നാലുപുറവും നോക്കിത്തുടങ്ങി. ആ സമയത്തെ അവളുടെ ഉന്മുഖമായും, പരിഭ്രമത്തോടുകൂടിയും, എളകിയും ഉള്ള കള്ളക്കടാക്ഷത്തെ കാണുവാൻ വൃക്ഷത്തിന്മേലിരിക്കുന്ന ആ ചെറിയ പക്ഷിക്കു സംഗതി വന്നിരുന്നു എങ്കിൽ, അതു വീക്ഷണചാപത്താൽ ദേഹം പിളൎന്നു കീഴ്പ്പോട്ടു വീഴുമായിരുന്നു എന്നു ഞാൻ ഉറച്ചു പറയാം. എന്നാൽ ആ പക്ഷിയുടെ യോഗം ആ വിധമായിരുന്നില്ല.

ഈ മോക്ഷം കിട്ടുവാൻ മാത്രം പൂർവ്വജന്മാർജ്ജിതമായ അതിന്റെ സുകൃതരാശിക്കു ശക്തിയുണ്ടായിരുന്നില്ല.

ആ അവിവേകിയായ പക്ഷി പിന്നെയും, 'കുഹൂ! കുഹൂ!' എന്നു നിലവിളിച്ചു.

'നീ നിന്റെ പാട്ടുനോക്കിപ്പൊയ്ക്കൊ, കരിമുകറാ!' എന്നൊക്കെ പറഞ്ഞുകൊണ്ടു രോഹിണി മുമ്പോട്ടു നടന്നു. മുമ്പോട്ടു നടന്നു എങ്കിലും, ആ കോകിലത്തെ അവൾ മറന്നില്ല. ആ കുയിൽ ശബ്ദിച്ചതു തക്ക സമയത്തല്ലെന്നായിരുന്നു എന്റെ പൂർണ്ണവിശ്വാസം. ഒരു സാധുവായ വിധവ തനിച്ചു വെള്ളം കൊണ്ടുവരുവാൻ പോകുമ്പോൾ, കുയിലിരുന്നു ശബ്ദിക്കുന്നതു ശരിയല്ല. കാരണം, അതിന്റെ ശബ്ദം ദുഃഖാവഹങ്ങളായ പല വികാരങ്ങളേയും അവളുടെ മനസ്സിൽ ജനിപ്പിക്കുന്നതുകൊണ്ടാണ്. 'എനിക്കു വലുതായൊരു നഷ്ടം സംഭവിച്ചിട്ടുണ്ട്, അതു നിമിത്തം എന്റെ ജീവകാലം മുഴുവനും നിഷ്ഫലമായി; ഇനി ഒരു കാലത്തും എനിക്ക് ആ നഷ്ടം പരിഹരിപ്പാൻ സാധിക്കുകയില്ല; സകല സുഖങ്ങളും നശിച്ചു; എന്റെ സർവ്വസ്വമായ ഒരാൾ എന്നെ വിട്ടുപോയി; അത് ഇച്ഛാതീതവുമായി; ഇനി ഒരിക്കലും അതെനിക്കു കിട്ടുകയില്ല. ഞാൻ ഒരു രത്നത്തെ എവിടെയൊ കളഞ്ഞിട്ടുണ്ട്; ആരൊ ഒരാൾ അതിനെപ്പററി എന്നെ കരയിക്കുന്നു; എന്റെ ജീവകാലം വൃഥാവിൽ കഴിഞ്ഞുപോകുന്നു; എന്റെ സന്തോഷം പൂർണ്ണമായിട്ടില്ല; ലോകത്തിലെ അവസാനമില്ലാത്ത സുഖങ്ങളിലൊന്നും തന്നെ ഞാൻ അനുഭവിച്ചിട്ടില്ല.' എന്നൊക്കെ ഓരൊ വിചാരങ്ങൾ അവളെ അസഹ്യപ്പെടുത്തുന്നതാണ്.

പിന്നെയും 'കുഹൂ! കുഹൂ!' എന്ന ശബ്ദം കേൾക്കുന്നു. രോഹിണി, നാലുപുറവും നോക്കിയ സമയം, നീലനിറമായും, നിർമ്മലമായും, അവസാനമില്ലാത്തതായും, നിശ്ശബ്ദമായും, എങ്കിലും ആ കോകിലാരവത്തെ അനുസരിക്കുന്നതുമായ ആകാശത്തെ അവൾ കണ്ടു. സ്വർണ്ണനിറത്തിൽ അതിസൌരഭ്യത്തോ

ടുകൂടി ഇലകളുടെ എടകളിൽനിന്ന് അല്പമായി പുറത്തെക്ക കണ്ടുകൊണ്ടിരിക്കുന്ന മാവിൻമൊട്ടുകളെയും അവാം കണ്ടു. കുയിൽനാദത്തോടുകൂടി വണ്ടുകളുടെ മൂളക്കം മാത്രം കലൎന്നുകൊണ്ടിരുന്നു. ആ കുളക്കരയിലുള്ള ഗോവിന്ദലാലൻെറ പൂന്തോട്ടത്തെയും, അതിൽ ചെടികളെത്തന്നെ മുഴുവൻ മൂടത്തക്കവണ്ണം കുലകുലയായി വിടൎന്നുനില്ക്കുന്ന അസംഖ്യം പുഷ്പങ്ങളെയും അവാം കണ്ടു; അത്ര തന്നെയല്ല, മധുപാനത്തിൽ ആസക്തിയോടുകൂടി, കോകിലാരവത്തെ അനുസരിച്ചു മൂളിക്കൊണ്ടു പാറന്നു തിരിയുന്ന വണ്ടിൻകൂട്ടങ്ങളെയും അവാം കണ്ടു. അതി മാധുൎയ്യത്തോടുകൂടിയ ആ കോകിലാരവത്തോടു സമ്മിശ്രമായ പുഷ്പസൌരഭ്യം ആകാശമെങ്ങും വ്യാപിച്ചുകൊണ്ടിരുന്നു. ആ പുഷ്പവാടികയിൽ ഒരു വൃക്ഷച്ഛായയിൽ ഗോവിന്ദലാലൻ തന്നെ നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കറുത്തിരുണ്ട തലമുടി, ചുരുളുകളായി, ചെമ്പകപ്പൂഷ്പത്തേക്കാൾ കാന്തിയേറുന്ന അദ്ദേഹത്തിൻെറ തോളുകളിൽ അഴിഞ്ഞുകിടന്നിരുന്നു. മനോഹരമായ ഒരു പുഷ്പലത അദ്ദേഹത്തിൻെറ തലയ്ക്കു മീതെ പടൎന്നുകിടക്കുന്നു — എന്തൊരു യോജിപ്പ്! അദ്ദേഹത്തിൻെറ കാന്തിയും ആ കോകിലാരവത്തിൻെറ മധുരിമയെ അനുകരിക്കുന്നു. ഒരു അശോകവൃക്ഷത്തിന്മേൽ ഇരുന്നുകൊണ്ട് ആ പക്ഷി പിന്നെയും കൂഊ എന്നു നിലവിളിച്ചു. ആ സമയത്ത്, രോഹിണി കുളത്തിലേക്കിറങ്ങി, കുടത്തെ വെള്ളത്തിൻമീതെ വെച്ച്, അവിടെ ഇരുന്നു കരഞ്ഞുതുടങ്ങി.

അവാം കരയുന്നത് എന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ. ഒരു സ്ത്രീയുടെ മനസ്സിൽ നടക്കുന്ന വികാരങ്ങളെന്തെല്ലാമാണെന്നു ഞാനെങ്ങനെ പറയും? എന്നാലും രോഹിണിയുടെ കരച്ചലിന്നു ഹേതുവായിത്തീൎന്നത് ആ ദുഷ്ടകോകിലമല്ലെ? എന്ന് എനിക്കു സംശയമുണ്ട്. (1)

(1) കൃഷ്ണകണ്ണൻ എന്നല്ല കൃഷ്ണകാന്തൻ എന്നാണെന്നു ചിലർ ഇവിടെ എഴുതി അയച്ചിരിക്കുന്നു.

അദ്ധ്യായം ൭.

---

ആ കുളത്തെപ്പററി പറയുവാൻ തുടങ്ങിയാൽ, ഞാൻ കുഴങ്ങിപ്പോകും. അതിനെ ശരിയായി വിവരിക്കുവാൻ തക്ക സാമൎത്ഥ്യം എനിക്കില്ല. ആ കുളം വളരെ വലിയതായിരുന്നു. അതിൻെറ കിടപ്പു കണ്ടാൽ, അത് പച്ചപ്പുല്ലുകൊണ്ടു ചട്ടയിട്ടിട്ടുള്ള ഒരു വലിയ നീലക്കണ്ണാടിയാണെന്നു തോന്നിപ്പോകും. ആ പച്ചപ്പുല്ലുചട്ടയ്ക്കു പുറമെ, കുളത്തിനു പൂന്തോട്ടത്തെക്കൊണ്ടും ഒരു ചട്ട കൂട്ടീട്ടുള്ളതുപോലെ കാണികൾക്കു തോന്നുമായിരുന്നു. ആ കുളത്തിൻെറ നാലുഭാഗവും ഗോവിന്ദലാലൻെറ പൂന്തോട്ടമായിരുന്നു. തോട്ടത്തിലെ വൃക്ഷങ്ങൾക്കും മതിലുകൾക്കും അവസാനമില്ലായിരുന്നു. ചുമപ്പ്, കറുപ്പ്, പച്ച, ഇളംചുകപ്പ, വെള്ള, മഞ്ഞ മുതലായി പല നിറത്തിലുള്ള പുഷ്പങ്ങളോടും പലവിധം കായ്കനികളോടുംകൂടിയ ആ തോട്ടംകൊണ്ടുള്ള ചട്ട വളരെ മനോഹരമായിരുന്നു. അസ്തമന സൂൎയ്യരശ്മിയിൽ വലിയ വൈരക്കല്ലുകൾപോലെ, തോട്ടത്തിൽ അവിടവിടെ ഉദ്യാനമണ്ഡപങ്ങളും ശോഭിച്ചിരുന്നു. മുകളിൽ ആകാശം; അതും ഒരു, നീലക്കണ്ണാടി എന്നപോലെ ഇരുന്നു. ആകാശവും, തോട്ടവും കായ്കളും, വൃക്ഷങ്ങളും, വീടുകളും എല്ലാം ആ നീലവെള്ളമാകുന്നകണ്ണാടിയിൽ പ്രതിബിംബിച്ചിരുന്നു. ഇടയ്ക്കിടയ്ക്കുകുയിൽനാദവും കേൾക്കുന്നുണ്ടായിരുന്നു. ഇവയെ എല്ലാം ഒരു വിധത്തിൽ വിവരിക്കാം:- എന്നാൽ ആ ആകാശത്തെയും, കുളത്തെയും, ആ കോകിലശബ്ദത്തെയും സംബന്ധിച്ചു രോഹിണിയുടെ മനസ്സിലുള്ള വിചാരം ഇന്നവിധമായിരുന്നു എന്നു പറയുവാൻ എനിക്കു സാധിക്കുകയില്ല. ആ കുളത്തെ വൎണ്ണിക്കാൻ തുടങ്ങിയാൽ കുഴങ്ങിപ്പോകും എന്നു ഞാൻ പറഞ്ഞതിൻെറ സാരം ഇതായിരുന്നു.

എന്നെപ്പോലെത്തന്നെ ഗോവിന്ദലാലനും ബുദ്ധിമുട്ടിൽ അകപ്പെട്ടിരുന്നു. രോഹിണി കുളത്തിൽ ഇറങ്ങി ഇരുന്നു കരയു

ന്നത്, ആ വള്ളിക്കുടിലിന്റെ മറവിൽനിന്ന് അദ്ദേഹവും നോക്കിക്കൊണ്ടിരുന്നു. ആ ഗ്രാമത്തിൽ വച്ചു തമ്മിൽ തല്ലും കഴിഞ്ഞതിന്റെ ഫലമായി ഏതോ ഒരു പെണ്ണ് അവിടെ വന്നിരുന്നു കരയുകയായിരുന്നു എന്നു ഗോവിന്ദലാലൻ വിചാരിച്ചു. ഗോവിന്ദലാലന്റെ അനുമാനം ശരിയെന്നു ഞാൻ അത്ര വിശ്വസിക്കുന്നില്ല. രോഹിണി പിന്നേയും കരഞ്ഞുകൊണ്ടിരുന്നു.

രോഹിണിയുടെ അന്തർഗ്ഗതമെന്തായിരുന്നു എന്ന് എനിക്കറിവാൻ പാടില്ല; എങ്കിലും അത് ഏകദേശം ഈ വിധമായിരുന്നു എന്നു ഞാൻ ഊഹിക്കുന്നു. 'ഞാനെന്തു പാപം ചെയ്തിട്ടാണ് ബാല്യത്തിൽത്തന്നെ ഒരു വിധവയായത്? ഇഹലോകസുഖങ്ങളെ അനുഭവിക്കുവാൻ പാടില്ലാതെയാകുവാൻ മററുള്ളവരേക്കാൾ വലിയതായ ഒരു മഹാ പാപം ഞാൻ ചെയ്തിട്ടുള്ളതെന്താണ്? ഇപ്പൊഴും ചെറുപ്പമായിരിക്കുന്ന ഞാൻ ഒരു ഉണക്കമരക്കഷണംപോലെ ജീവിതം കഴിച്ചുകൂട്ടേണമെന്നു വിധിച്ചത് എന്തു കുററത്തിനാണ്? ഗോവിന്ദലാലന്റെ ഭാൎയ്യയെപ്പോലെ ഇഹലോകസുഖങ്ങൾ സകലവും അനുഭവിക്കുന്നവൾക്ക് എന്നേക്കാളധികം എന്തു ഗുണമാണുള്ളത്? ഈ സൌഖ്യം എന്തു മുജ്ജന്മസുകൃതത്തിന്റെ ഫലമാണ്? എനിക്കു മാത്രം ഇവയൊന്നും അനുഭവിപ്പാൻ യോഗമില്ലാതെ വരുവാൻ കാരണമെന്താണ്? എന്നാലും, വേണ്ടില്ല! മററുള്ളവരുടെ സുഖത്തെക്കുറിച്ച് എനിക്കു പരിഭവമില്ല— സുഖവഴികളൊന്നുംതന്നെ എനിക്കില്ലാത്തതെന്താണ്? ഒരു സുഖവുമില്ലാത്ത ഈ ജീവിതം എനിക്കെന്തിനാണ്?'

അതാ! രോഹിണിയുടെ മനസ്സു നന്നല്ലെന്നു ഞാൻ പറഞ്ഞില്ലേ? ഇങ്ങിനെയുള്ള ഒരു നിസ്സാരസംഗതികൊണ്ട് അവളുടെ ദുസ്സ്വഭാവം പുറത്തുവരുന്നതു നോക്കു! അവളുടെ കുററങ്ങൾക്ക് അവസാനമില്ല— ആ സ്ഥിതിക്ക്, അവൾ കണ്ണുനീരൊലിപ്പിക്കുന്നതു കണ്ട് ആൎക്കെങ്കിലും ദയ തോന്നുമോ? ഇല്ല, അശേഷമില്ല. എങ്കിലും, ഇത്ര നിർദ്ദയമായി! നാം അവളെപ്പ

ററി എന്തിനു വിചാരിക്കുന്നു? അന്യരുടെ ദുഃഖത്തിൽ നമുക്കും സഹതാപം വേണ്ടതല്ലേ? മുൾച്ചെടികൾ വളരുന്ന പറമ്പുകളിലും ദേവന്മാർ മഴ പെയ്യിക്കാതിരിക്കുന്നില്ലല്ലോ.

അതുകൊണ്ടു രോഹിണിയുടെ പേരിലും നമുക്കല്പം ദയ വിചാരിക്ക. ഇപ്പോഴും അവൾ ആ കല്പടവിന്മേൽ ഇരുന്നു ഫാലപ്രദേശത്തെ അമർത്തിപ്പിടിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നതു നോക്കൂ! അവൾ കൊണ്ടുവന്നിട്ടുള്ള കുടം ഇളംകാററിനാൽ ആടിക്കൊണ്ടു വെള്ളത്തിൻമീതെ കിടക്കുന്നു.

ഒടുവിൽ സൂര്യൻ അസ്തമിച്ചു, കൃഷ്ണവർണ്ണമായ നിഴലുകൾ ആ കുളത്തിലെ നിർമ്മലജലത്തിൽ കടന്നുകൂടി. എല്ലാ സ്ഥലത്തും ക്രൂരിരുട്ടായി. പക്ഷികളെല്ലാം തരുകോടരങ്ങളിൽ അഭയം പ്രാപിച്ചു. പശുക്കൾ അവയുടെ തൊഴുത്തുകളിലേക്കു തിരിച്ചു. ചന്ദ്രൻ ഉദിച്ചു തന്റെ മൃദുകിരണങ്ങളെ ഇരുട്ടിന്മേൽ പൊഴിച്ചുതുടങ്ങി. അപ്പോഴും രോഹിണി, അവളുടെ കുടത്തെ വെള്ളത്തിന്മീതെ വെച്ചു കരഞ്ഞുകൊണ്ട് ആ കല്പടവിന്മേൽ തന്നെ ഇരിക്കുന്നു. ആ സമയത്തു ഗോവിന്ദലാലൻ തോട്ടത്തിൽനിന്ന് അകത്തേക്കു പോകുവാൻ പുറപ്പെട്ടു. അയാൾ പോകുമ്പൊഴും രോഹിണി അവിടത്തന്നെ ഇരിക്കുന്നതു കണ്ടു.

ഒരു സ്ത്രീ തനിച്ച് അത്ര അധികനേരം കരഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടിട്ട് അയാൾക്കു കുറെ അസഹ്യത തോന്നി. 'അവളുടെ സ്വഭാവം നല്ലതോ ചീത്തയോ ആയിരിക്കട്ടെ; എന്നാലും അവൾ ദൈവസൃഷ്ടിയിൽപെട്ടതാകകൊണ്ട് അവൾ എന്റെ സഹോദരിയാണ്. അവളുടെ ദുഃഖനിവൃത്തി വരുത്തുവാൻ എനിക്കു സാധിക്കുമെങ്കിൽ, എന്തുകൊണ്ട് എനിക്കതു ചെയ്തുകൂടാ?'

ഗോവിന്ദലാലൻ, സാവധാനത്തിൽ ഇറങ്ങി, രോഹിണിയുടെ അടുക്കൽ ചെന്നുനിന്നു. അയാൾ അവളുടെ സമീപത്തിൽ ആ പൂർണ്ണചന്ദ്രികയിൽ മനോഹരമായ ഒരു പ്രതിമപോലെ നിന്നു. രോഹിണി, അയാളെക്കണ്ടു ഞെട്ടി, എഴുന്നേ

റുനിന്നു. അവൾ രോഹിണിയാണെന്നറിഞ്ഞപ്പോൾ, അയാൾക്കും അത്ഭുതം തോന്നി. 'രോഹിണി! ഇത്ര അധികം നേരം ഇവിടെ ഇരുന്നു കരയുന്നതെന്തിനാണ്' എന്ന് അയാൾ ചോദിച്ചു.

രോഹിണി അങ്ങിനെതന്നെ നിന്നതല്ലാതെ ഒന്നും ഉത്തരം പറഞ്ഞില്ല.

ഗോവിന്ദൻ — 'നിന്റെ ദുഃഖഹേതു എന്താണെന്നു നീ എന്നോടു പറയില്ലെ? അതു തീൎക്കുവാൻ ഞാൻ മതിയായി എന്നു വരാം.'

ഹരലാലനോട് അത്ര കഠിനമായി സംസാരിച്ച ആ രോഹിണി, ഗോവിന്ദലാലന്റെ മുമ്പിൽ സംസാരിക്കാതെ നിന്നു. ഒരു വാക്കുപോലും അവൾ സംസാരിച്ചില്ല; എങ്കിലും, കൊത്തിയുണ്ടാക്കിയ ഒരു മനോഹരമായ പ്രതിമപോലെ, അവൾ ആ കല്പടവുകൾക്ക് ഒരു അലങ്കാരമായിത്തീൎന്നു. ഗോവിന്ദലാലൻ ആ നിൎമ്മലജലത്തിൽ, ആ തേജസ്വരൂപത്തിന്റെയും, ചന്ദ്രന്റെയും, മനോഹരമായ പുഷ്പങ്ങളോടുകൂടിയ വൃക്ഷങ്ങളുടേയും പ്രതിബിംബങ്ങൾ കണ്ടു. എല്ലാം ഒന്നുപോലെ രമണീയമായിരുന്നു; കഠിന ഹൃദയത്വം മാത്രം അവിടെ യോജിച്ചിരുന്നില്ല. ദൈവം ദയാലുവാണ്, മനുഷ്യൻ നിഷ്ഠുരനുമാണ്. ഗോവിന്ദലാലൻ പ്രപഞ്ചശക്തിക്കധീനനായി; അദ്ദേഹത്തിന്റെ വിചാരങ്ങളെ ഒരു കവി വാക്കുകളിൽ ഇതുനെ വെളിപ്പെടുത്താം:

(1) 'പാരായണംപ്രകൃതിപുസ്തകമാണതിങ്കൽ
നേരായസം(ഗ)തികളോക്കിലകൃത്രിമങ്ങൾ,
പാരംസ്വരൂപപരിണാമമിണങ്ങിയാലും
സാരംനിദേശമഖിലംവിശദംവിശേഷം.'

രോഹിണിയോടു ഗോവിന്ദലാലൻ പിന്നെയും ഇങ്ങനെ പറഞ്ഞു. നിന്റെ ദുഃഖകാരണം എന്തായാലും അതിനെ ഇ

(1) സി. ഗോവിന്ദനെളേടം അവൎകളുടെ ഭാഷാന്തരം.

ന്നോ നാളെയോ നീ എന്നോടു പറയേണം. നിനക്ക് എന്നോടു നേരിട്ടു പറയുവാൻ മടിയുണ്ടെങ്കിൽ, വീട്ടിലുള്ള വല്ലവരും വഴി എന്നെ അറിയിച്ചാലും മതി.

ഒടുവിൽ, രോഹിണി സംസാരിപ്പാൻ ധൈര്യമവലംബിച്ച് ഇങ്ങനെ പറഞ്ഞു. 'ഒരു ദിവസം അതു ഞാൻ നിങ്ങളോടു പറയാം. ഇന്നല്ല. എനിക്കു പറയാനുള്ളതിനെ ഒരു ദിവസം നിങ്ങൾ കേൾക്കേണം'.

ഗോവിന്ദലാലൻ അതു സമ്മതിച്ചു വീട്ടിലേക്കു പോയി. രോഹിണി വെള്ളത്തിലിറങ്ങി കുടത്തിൽ വെള്ളം നിറച്ചുതുടങ്ങി.

'ബൊക്ക്, ബൊക്ക്, ഗോൾ' ഗോൾ, എന്നു ചില ശബ്ദങ്ങളോടുകൂടി കുടത്തിൽ വെള്ളം കയറുന്നതു കേട്ടാൽ, കുടത്തിൽ വെള്ളം നിറയ്ക്കുന്നത് കുടത്തിനു സമ്മതമല്ലെന്നു തോന്നും. ഒഴിഞ്ഞപാത്രങ്ങൾ, ഈശ്വരസൃഷ്ടിയായാലും കുശവസൃഷ്ടിയായാലും വേണ്ടില്ല, അവയെ നിറയ്ക്കുന്നതിൽ തടയുകയും വളരെ ബഹളം കൂട്ടുകയും ചെയ്യുക പതിവാണ്.

അപ്പോഴേക്കും 'ഛെലേലാട്ട്, ഛെലേലാട്ട്, തൊനൊക്ക്, ഝിനിക്ക്, തിനിനിക്കി, തിൻ' എന്നു തുടങ്ങി. ഈ ഭാഷയിൽ, വെള്ളവും, പാത്രവും രോഹിണിയുടെ വളകളും തമ്മിൽ ഒരു സല്ലാപം തുടങ്ങി. രോഹിണിയുടെ മനസ്സും ഈ സല്ലാപത്തിൽ പങ്കുകൊള്ളാതിരുന്നില്ല.

രോഹിണിയുടെ മനസ്സ്—'മരണപത്രം കട്ടതിന്റെ കാര്യമെന്താണ്'.

വെള്ളം—'ഛെലേലാട്ട്' എന്നൊരു ശബ്ദം പുറപ്പെടുവിച്ചു.

രോ മനസ്സ്—'അതൊരു നീചപ്രവൃത്തിയായിരുന്നു'.

വളകൾ—'തിൻ- തിൻ- ഇല്ല. ഉവ്വ്; നിശ്ചയമായും!'

രോ മനസ്സ്—'ഇനി ഉപായമെന്താണ്?'

കുടം—'തൊനൊക്ക്- ധൊനൊക്ക്- ധൊൺ- ഉപായം ഞാൻതന്നെ. സഹായത്തിന് ഒരു കയറുകൂടി വേണം? (2)

ടി. സി. കല്യാണി അമ്മ.

---

(2) കുടം കഴുത്തിൽ കെട്ടിയിട്ടു മുങ്ങിച്ചാകുന്നതിനു.

# ഇൻഡ്യയിലെ വ്യവസായങ്ങൾ.

സഹകരണം.

൧൮൮൮—൯൨ ഈ വഷങ്ങളിൽ, വൈത്തിരിയിലെ സ്വ ൎണ്ണഖനികളെ സംബന്ധിച്ച് ഇമ്മാതിരി ഒരനുഭവമുണ്ടായി. പ ക്ഷെ അതിൽ നഷ്ടം സംഭവിച്ചതെല്ലാം ഇംഗ്ലീഷുകാരായ ഓ ഹരിയുടമസ്ഥന്മാൎക്കാണ്. എങ്കിലും ഈ കഥ നാട്ടിലെല്ലാവ ൎക്കും അറിവുള്ളതാകുന്നു. വൈനാട്ടിൽ വാസ്തവത്തിൽ സ്വൎണ്ണ മുണ്ടായിരുന്നു. അവിടത്തെ കുന്നുകളിൽനിന്നു നാട്ടുകാർ പഴ യ സമ്പ്രദായത്തിൽ സ്വൎണ്ണം എടുത്തിരുന്നു. എന്നാൽ, ഈ ഖനികളിലെ മേലേടം മാത്രമേ നാട്ടുകാർ പണിചെയ്തിട്ടുള്ളൂ എന്നും, അടിയിലേക്കു പോകുന്നതായാൽ നവീനയന്ത്രങ്ങളു ടെ സഹായത്താൽ കട്ടകട്ടയായി സ്വൎണ്ണമെടുക്കാമെന്നും ബു ദ്ധിയേറിയ സായ്പന്മാർ തീച്ചപ്പെടുത്തി. ഇതിനായി കെട്ടിടങ്ങ ളും ശാലകളും സ്ഥാപിക്കുന്നതിന്നെത്ര പണമാണ് ചിലവിട്ട ത്! വിലപിടിച്ചതും ഭാരിച്ചതുമായ യന്ത്രങ്ങളെല്ലാം കുന്നിന്റെ മുകളിലേക്ക് ഒരുവിധത്തിൽ പകുതി വഴി വലിച്ചുകയററി വന്ന പ്പോഴേ ശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളായി എന്നും, വിചാരിച്ച മാതിരി ഒന്നും സ്വൎണ്ണമില്ലെന്നും ഉള്ള സൂക്ഷ്മം മനസ്സിലായത്. ഉടനെതന്നെ കമ്പനിയും പൊളിഞ്ഞു. വൈനാട്ടു കുന്നുകളിൽ കൂടി പോകുന്ന വഴിയാത്രക്കാൎക്കു തുരുമ്പുപിടിച്ച് അവിടവിടെ കൂട്ടംകൂട്ടമായിക്കിടക്കുന്ന ഇരുമ്പുയന്ത്രങ്ങളും മററും ഇപ്പൊഴും കാണാം. മാൎഗ്ഗമദ്ധ്യത്തിൽ കൂലിക്കാർ ഇട്ടുപോയിട്ടുള്ള ഈ യന്ത്രശകലങ്ങൾ ഇൻഡ്യയിലെ കൂട്ടുകച്ചവടക്കമ്പനികളുടെ തോലിയെയല്ലേ ഓൎമ്മപ്പെടുത്തുന്നത്? തീപ്പെട്ടി, കടലാസ്സ്, കുപ്പി മുതലായ സാധനങ്ങളുണ്ടാക്കുന്നതിന്നായി ഏൎപ്പെടുത്തി യ വ്യവസായങ്ങൾ എത്രയെണ്ണം കാലതാമസം കൂടാതെ നി ൎത്തേണ്ടതായി വന്നിട്ടുണ്ടെന്ന് ആരാൽ പറവാൻ സാധിക്കും? ഇതെല്ലാം ആലോചിക്കുമ്പോൾ നാട്ടുകാർ തങ്ങളുടെ പണമെ ല്ലാം കെട്ടിപ്പൂട്ടിവെക്കുന്നതിലോ പണയപ്പാട്ട വാങ്ങി ൨-ം ൩-ം

പണം പലിശക്കു കടം കൊടുക്കുന്നതിലോ എന്താണാശ്ചര്യം? മേല്പറഞ്ഞ വ്യവസായങ്ങൾ നഷ്ടമായി പരിണമിക്കാനുള്ള കാരണം എന്താണെന്നാലോചിച്ചാൽ ഇതിനെല്ലാമൊരു സമാധാനമുണ്ടാകും. ബങ്കാളത്തെ ഉദാഹരണം എടുക്കുന്നതായാൽ ആ സംഭവം നാട്ടുകാരെല്ലാം കമ്പനിസ്ഥാപകന്മാരുടെ അതിശയോക്തിയായ വൎണ്ണനകൾ കണ്ടു ഭ്രമിച്ചുപോയതിനാൽ ഉണ്ടായതെന്നു കാണും. ഇതിനും പുറമെ, സ്വൎണ്ണമെടുക്കുന്ന കാൎയ്യത്തിലെ ലാഭചേതങ്ങളെ നിശ്ചയിച്ചുകൂടാത്തതാണ്. അതു ചൂതുകളിപോലെയാണ്. പിന്നെ, സ്വൎണ്ണം ഉപയോഗപ്രദമായ ലോഹങ്ങളിൽ ഒന്നല്ലാത്തതിനാൽ, അതു കുറെ കിട്ടിയാൽതന്നെ ലോകത്തിലേക്കു വിശേഷവിധിയായ ഗുണം ഒന്നുമില്ല. ഒരു സ്വൎണ്ണഖനിയിൽ എത്ര സ്വൎണ്ണമുണ്ടെന്ന് ആരാലും മുൻകൂട്ടി പറവാൻ സാധിക്കയില്ല. ഭൂമിയുടെ ഞരമ്പുകൾ എന്നപോലെയാണ് സ്വൎണ്ണം ഖനികളിൽ കിടക്കുന്നത്. അതു പെട്ടെന്ന് എവിടെയെങ്കിലും അവസാനിച്ചു എന്നും വരാം. എന്നാൽ ഒരു കല്ക്കരിഖനി അതുപോലെയല്ല. കല്ക്കരി അടുക്കടുക്കായി കിടക്കുന്നതിനാൽ എത്ര ഭാരം കല്ക്കരി ഒരു ഖനിയിൽ നിന്നെടുക്കാമെന്നു മുൻകൂട്ടി പറവാൻ സാധിക്കും. സ്വൎണ്ണഖനികൾ പണിചെയ്യുന്നതു ചൂതുകളെപ്പോലെയാണെന്നു പറഞ്ഞതു മൈസൂരിലെ മൂന്നു കമ്പനികളിലെ ഓഹരികളുടെ വിലകൾ നോക്കിയാൽ ദൃഷ്ടാന്തപ്പെടും. ൧൦ ഉറുപ്പികയുടെ 'മൈസൂർ സ്വൎണ്ണക്കമ്പനി'യിലെ ഒരോഹരിക്കിപ്പോൾ ൭൦ ഉറുപ്പിക വിലയുണ്ട്. 'ബാലഘാട്ട്' കമ്പനിയുടെ ൧൦ ഉറുപ്പികയുടെ ഓരോ ഓഹരിക്ക് ഇപ്പോൾ ൭ ഉറുപ്പിക മാത്രമേ വിലയുള്ളൂ. 'കെമ്പിനോട്ട്' കമ്പനിയുടെ ൧൦ ഉറുപ്പികയുടെ ഒരോഹരിക്കിപ്പോൾ ൯ അണ മാത്രം വിലയുണ്ട്. ചൂതുകളിപോലെ ലാഭചേതമിരിക്കുന്ന സ്വൎണ്ണഖനികളിലല്ല യഥാൎത്ഥമായ വ്യവസായങ്ങളിലാണ് ഇന്ത്യാക്കാരുടെ ശ്രദ്ധ പതിയേണ്ടതും അവർ പണം മുടക്കേണ്ടതും എന്നാണ് ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടത്. എന്നാൽ കൂട്ടുകച്ചവടക്കമ്പനിയിൽ ധനം മുടക്കേണമെന്നു പറ

ഞ്ഞുവെങ്കിലും, ഓഹരിക്കാരെ സമ്പാദിപ്പാൻ മാത്രമുള്ള കമ്പ നിസ്ഥാപകന്മാരുടെ കപടോൽഘോഷങ്ങളേയും പ്രാരംഭപ ത്രികകളേയും കണ്ട് ആരും ഭ്രമിച്ചുപോകരുത്. കമ്പനിസ്ഥാ പകന്മാരുടെ പഠിപ്പും, വിശ്വാസ്യതയും, മര്യാദയും, ഉദ്ദിഷ്ടവ്യ വസായത്തിന്റെ ഔചിത്യവും, ആവശ്യവും, അതിന്റെ ഭാ വിയും എല്ലാം ആലോചിച്ചുവേണം ഒരു കമ്പനിയിൽ നമ്മു ടെ പണം മുടക്കുവാൻ. തീപ്പെട്ടി, ഗ്ലാസ്സ് മുതലായ ചെറുതരം ചില വ്യവസായങ്ങൾ തുടങ്ങിയതെല്ലാം വിജയമായി പരിണ മിച്ചില്ല എന്നുള്ളതിന്റെ കാരണം അതിലേക്കു വേണ്ടതായ മൂലധനം, പ്രത്യേകപഠിപ്പ്, സ്ഥലസൌകര്യം മുതലായവ ഇ ല്ലാഞ്ഞിട്ടാണ്.

ഇൻഡ്യയിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്ന മിക്ക വ്യവസായ ങ്ങളുടേയും അപജയത്തിന്റെ പ്രധാന കാരണം വ്യവസായ നേതാവിനു വേണ്ടത്തക്ക സൂക്ഷ്മബുദ്ധിയും, ഉത്സാഹവും, വ്യവ സായസംബന്ധമായ പ്രത്യേക പഠിപ്പും ഇല്ലായ്മയാണ്. കു ടുംബത്തിലെ ബുദ്ധിയുള്ളവനെ ബി. എ. ബി. എൽ. പരീക്ഷ കൾക്ക പഠിപ്പിക്കേണമെന്നും എന്നാൽ ബുദ്ധി കുറഞ്ഞവൻ വ്യവസായങ്ങളിലും കച്ചവടത്തിലും പ്രവേശിച്ചാൽ മതിയെന്നു മുള്ള നമ്മുടെ ആളുകളുടെ അന്ധവിശ്വാസവും അത് അനുസ രിച്ചുള്ള പ്രവൃത്തിയും എന്നില്ലാതാകുന്നുവോ, അന്നേ നമ്മുടെ വ്യവസായസംബന്ധമായ അകൗശലത്വത്തിന്ന് ഒരു നിവൃ ത്തിയുണ്ടാകയുള്ളു. വ്യവസായങ്ങളിലും കച്ചവടത്തിലും ജയം പ്രാപിക്കുവാൻ ബുദ്ധി വേണ്ട എന്നു വിചാരിക്കുന്നതു വളരെ അബദ്ധമാണ്. വ്യവസായങ്ങൾ നടത്തുവാൻ കൂലിക്കാരാവ ശ്യമുണ്ടെങ്കിലും കേവലം കായബലംകൊണ്ടു മാത്രം മതിയാവു ന്നതല്ല. ഒരു രാജ്യം ഭരിക്കുന്നതിലേക്കെന്നപോലെതന്നെ, ഒരു വലിയ വ്യവസായംകൊണ്ടു നടത്തുവാനും ബുദ്ധിശക്തി അ ത്യന്താപേക്ഷിതമാകുന്നു.

വ്യവസായങ്ങളിൽ യോജിപ്പും സഹകരണവും ഇല്ലാത്ത തിന്നു വേറെയൊരു സാരമായ കാരണം നമ്മുടെ ആളുകൾക്ക്

തമ്മിൽത്തമ്മിൽ വിശ്വാസമില്ലായ്മയാകുന്നു. ഒരു രാജ്യത്തിലോ സമുദായത്തിലോ ഉള്ള ഒരുവന്നു വേറെ യാതൊരാളെയും വിശ്വാസമില്ലാതെ വരികയെന്നതു വളരെ ശോചനീയമായ ഒരവസ്ഥയാകുന്നു. എന്നാൽ നമ്മുടെയിടയിൽ ഇതു യഥാർത്ഥത്തിൽ കണ്ടുപോരുന്ന ഒരവസ്ഥയാണ്. പണവും കൊടുത്ത് ഒരു ഭൃത്യനെ അങ്ങാടിക്കയച്ചാൽ, കള്ളക്കണക്കു കൊടുത്തില്ലെങ്കിൽ, അവൻ വിഡ്ഢിയാണെന്നാണ് അവന്റെ വിചാരം. പണമിടപെട്ട കാര്യങ്ങളിൽ, കീഴുദ്യോഗസ്ഥന്മാർ മേലധികാരത്തിലേക്കു കള്ളക്കണക്കയച്ചില്ലെങ്കിൽ, അതും വിഡ്ഢിത്തമാണെന്നാണ് അവരുടെ വിചാരം. ഇതുപോലെതന്നെയല്ലേ, ഒരു കമ്പനി മാനേജരും കള്ളക്കണക്കു ബോധിപ്പിക്കുന്നത് എന്നാണ് പണം മുടക്കുന്നവരുടെ സംശയവും ഭയവും. ക്ഷേത്രം അധികാരികൾ ദേവനെക്കൂടി മിഴുങ്ങുവാൻ മടിക്കില്ലെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഇതെല്ലാം ദൃഷ്ടാന്തപ്പെട്ടിരിക്കെ, എങ്ങിനെയാണ് വിശ്വസിച്ച് ഒരാൾ താൻ ദേഹണ്ഡിച്ചു സമ്പാദിച്ച പണം ഒരു വ്യവസായക്കമ്പനിയിൽ മുടക്കുന്നത്? പക്ഷേ, ഒരു കാര്യം ഓർമ്മ വേണ്ടതാണ്. ക്ഷേത്രം അധികാരികൾക്കു സാധിക്കുന്നപോലെ ഒരു കമ്പനി മാനേജർക്കു മുതൽ അപഹരിപ്പാൻ കഴികയില്ല. ഒരു കമ്പനിയിൽ മാനേജർക്കു പുറമെ അനവധി കീഴുദ്യോഗസ്ഥന്മാരും, ഡയറക്ടർമാരും കണക്കു പരിശോധകന്മാരുമില്ലേ? കൊല്ലത്തിൽ ഒന്നോ രണ്ടോ തവണ യോഗം കൂടി കമ്പനി വക കണക്കുകൾ അവിടെ സമർപ്പിക്കേണ്ടേ? അതിന്നു പുറമെ ഉടമസ്ഥന്റെ നിലയിൽ ഓഹരിക്കാർക്കു മാനേജരോടും ഡയറക്ടർമാരോടും പലവിധത്തിലും കണക്കു സംബന്ധിച്ചും മറ്റും സമാധാനം ചോദിക്കയും ചെയ്യാം.

അടുത്ത കാലത്തു സംഭവിച്ച ആർബത്ത്നട്ട് കമ്പനിയുടെ അപജയവും അഭാവവും മേൽപ്പറഞ്ഞ വിശ്വാസക്കുറവിനെ വർദ്ധിപ്പിക്കാൻ ഇടയായിട്ടുണ്ട്. ആർബത്ത്നട്ട് എന്ന കമ്പനിയെക്കുറിച്ചു കേൾക്കാത്തവരാരുംതന്നെയില്ല. അവരു

ടെ ധനത്തിന്നു കണക്കുണ്ടായിരുന്നില്ല. അവരുടെ ഉറപ്പിനെ ആരും ശങ്കിച്ചിരുന്നില്ല. അവരുടെ ഹേഡാപ്പീസ്സ് മദിരാശിയിൽ വിശേഷപ്പെട്ട ഒരു കെട്ടിടത്തിലായിരുന്നു. അവരുടെ പ്രമാണി പട്ടണത്തിലെ ഒരു പ്രഭുവിനെപ്പോലെയാണ് കഴിഞ്ഞിരുന്നത്. അവരുടെ ഉദ്യോഗസ്ഥന്മാരെയും ലേഖകന്മാരെയും ഈ സംസ്ഥാനത്തും അന്യരാജ്യങ്ങളിലെല്ലായിടത്തും കണ്ടിരുന്നു. അവർ വിവിധവിഷയങ്ങളിൽ ഉദ്യമിച്ചിരുന്നു. അവൎക്ക് ഉണ്ടികവ്യാപാരം കയററുമതി, ഇറക്കുമതി, ജവുളിവ്യാപാരം, കൃഷി വസായങ്ങൾ ഇവയ്ക്കെല്ലാം ഓരോ വകുപ്പുകൾ പ്രത്യേകമുണ്ടായിരുന്നു. ദക്ഷിണ ഇൻഡ്യയിലെ മലകളിലെല്ലാം അവരുടെ വക കാപ്പിത്തോട്ടങ്ങളുണ്ടായിരുന്നു. നല്ല ഒരു ആദായം കൊടുത്തു ജനസാമാന്യത്തിൻെറ സമ്പാദ്യം സൂക്ഷിച്ചുകൊടുക്കുന്ന ഭണ്ഡാരവും അവർതന്നെയായിരുന്നു. എത്രതന്നെ ഭീരുവായിരുന്നാലും ഒരുവന്ന് അവരുടെ അടുക്കൽ പണം കൊടുപ്പാൻ ഭയമുണ്ടായിരുന്നില്ല. അങ്ങിനെയിരിക്കുമ്പോഴാണ് എൻറന്നൂറാമാണ്ടിലൊരുദിവസം ആർബത്ത്നട്ട് പൊളിഞ്ഞു! എന്നു പൊട്ടുന്നനവെ ഒരു വൎത്തമാനം കേട്ടത്. ആദ്യം ജനങ്ങൾക്കതു വിശ്വാസമായില്ല. എന്തെന്നാൽ, ഈ വൎത്തമാനം അത്ര ഭയങ്കരവും പൊട്ടുന്നനവെയുണ്ടായിട്ടുള്ളതുമാണ്. ആർബത്ത്നട്ട് പൊളിഞ്ഞു എന്നല്ലേ! ജനങ്ങളുടെ ലക്ഷോപലക്ഷം തവിട്ടുപൊടി! എന്തൊരു കഷ്ടമാണ! ധനികന്മാരുടെ ധനമെല്ലാം പോയി. സമ്പാദ്യമെല്ലാം ഇങ്ങനെ പോയതിനാൽ വയസ്സുകാലത്തു വയസ്സന്മാർ രണ്ടാമതും പണിയെടുക്കാൻ പോകേണ്ടതായും വന്നു. എത്ര വിധവകളും അച്ഛനില്ലാത്ത കുട്ടികളുമാണ് നിരാധാരന്മാരായത്? നാടാസകലം കരച്ചിൽതന്നെ. ഒരു വിഡ്ഢിത്തം പിണഞ്ഞതിന്നു ശേഷം, ആലോചനക്കുറവിനെക്കുറിച്ചു ബുദ്ധിപൂൎവ്വം പ്രസംഗിക്കാൻ കഴിയും. അതുകൊണ്ടു പ്രയോജനമില്ല. എങ്കിലും ആർബത്ത്നട്ട് കമ്പനിയിൽ പണം മുടക്കിയതു വളരെ ആലോചനക്കുറവുതന്നെയായി. ആ കമ്പനിയുടെ ഉറപ്പെന്താണെന്ന് ആരെങ്കിലും ആലോ

ചിച്ചിട്ടുണ്ടോ? അവർ അവരുടെ കണക്ക മാസാന്തത്തിലൊ വൎഷാന്തത്തിലോ പ്രസിദ്ധീകരിച്ചിരുന്നില്ല. അവർ മോടിപി ദ്ര്യകൊണ്ടായിരുന്നു കാൎയ്യം സാധിച്ചിരുന്നത്. ആരെങ്കിലും ഉ ള്ളിൽ കടന്നുവോ? ഉള്ളമുഴുവനും പൊള്ളയായിരുന്നുവത്രെ. വലിയ കെട്ടിടവും സായ്പിന്റെ മോട്ടോർവണ്ടിയും കണ്ട് ആ ളുകൾ അന്യഥാ വിചാരിച്ചു. ഇതു അവിവേകമായി. ആർബെ ത്ത്നട്ട് പൊളിഞ്ഞതിനാൽ സ്വതന്ത്രവ്യാപാരികളിൽ അ വിശ്വാസം വൎദ്ധിച്ചതിൽ അത്ഭുതമില്ല. എന്നാൽ ചുമതല പ്പെട്ട കമ്പനികളിൽ പണം മുടക്കുന്നതിന്നെന്തിനാണ് മടി ക്കുന്നത്? ആർബെത്ത്നട്ടിന്റെ ഉദാഹരണത്തിൽനിന്നുത ന്നെ നാം വിലയേറിയ ഒരു സംഗതി മനസ്സിലാക്കുന്നുണ്ട്. ആർബെത്ത്നട്ട് പൊളിഞ്ഞിട്ടും അവർ നടത്തിയിരുന്നതായ 'ആർബെത്ത്നട്ട് വ്യവസായങ്ങൾ' എന്ന കമ്പനി യാതൊരു ഹാനിയുംകൂടാതെ ഇപ്പോഴും നിലനിന്നുപോരുന്നുണ്ട്. ഈ ക മ്പനിയിൽ ശീമക്കുമ്മായം, ഇഷ്ടിക, ഓട്, പഞ്ചസാര, ഇരുമ്പ് ഇവയെ സംബന്ധിച്ചുള്ള പണികൾ നടത്തുന്നതിന്നു വെവ്വേ റെ ശാലകളുണ്ട്. ആർബെത്ത് പൊളിഞ്ഞ ഉടനെ ഈ കമ്പ നിക്കു കുറച്ചു ഇടിച്ചൽ തട്ടിയെങ്കിലും, ഇപ്പോൾ അതു നല്ല ഒ രു സ്ഥിതിയിൽതന്നെ നടക്കുന്നുണ്ട്.

കച്ചവടകാൎയ്യങ്ങളിൽ കാണുന്ന വിശ്വാസക്കുറവിന്നുള്ള വേറെയൊരു കാരണം നമ്മുടെ നാട്ടിൽ സാധാരണയാ യി ക്രയവിക്രയങ്ങളിൽ നടപ്പുള്ള 'പെശങ്ങൽ' എന്നതാകു ന്നു. ഒററവില പറയുക എന്ന സമ്പ്രദായം തീരെ ഇല്ലെന്നുത ന്നെ പറയാം. ഒരു കച്ചവടപ്പീടികയിൽ ചെന്ന് ഒരു സാധ നത്തിന്റെ വില ചോദിക്കുക. വില്ക്കുന്നവൻ 20 ഉറുപ്പിക എന്നു പറഞ്ഞാൽ ൭ ഉറുപ്പികയ്ക്കു തരുമോ എന്നു വാങ്ങുവാൻ ചെന്നവ ൻ അപ്പോൾ ചോദിക്കും. പരസ്പരാവശ്യത്തിന്നും വ്യാവസായി കാഭ്യുദയത്തിന്നും ഇതിലും ഹാനികരമായി വേറെയൊന്നുമി ല്ല. വാങ്ങുവാൻ ചെല്ലുന്നവൻ നിശ്ചയമായും പെശങ്ങുമെന്നും ഒരുവേള ൧൨ ഉറുപ്പിക ചോദിക്കുമെന്നും കരുതീട്ടായിരിക്കും വി

ടികക്കാരൻ ൧൦ രൂപ വിലയുള്ള സാധനത്തിന്നു ൨൦ രൂപ വില പറഞ്ഞത്. കടവിൽ ൧൫ രൂപയായി കലാശിച്ചു എന്നു വിചാരിക്ക. ഈ ഏപ്പാടുകാരണം പീടികക്കാരന് ൫ രൂപ ലാഭവും വാങ്ങിയവന്നു അത്രയും നഷ്ടവുമായി. വേറെ ഓരോരുത്തൎക്കു് ഇതേ സാധനം തന്നെ ൧൨ രൂപയ്ക്കും ൧൦ രൂപയ്ക്കുംകൊടുത്തു എന്നും വരാം. കാലാന്തരത്തിൽ ഇതു വില്ക്കുന്നവന്നും വാങ്ങുന്നവന്നും ദോഷമായല്ലാതെ പരിണമിക്കയില്ല. സന്മാൎഗ്ഗജീവിതത്തിന്നെന്നപോലെ വ്യവസായ വൎദ്ധനക്കും 'സത്യമേവ ജയതിനാനൃതം' എന്ന ആപ്തവാക്യം എല്ലാവരാലും അനുസരണീയമാണെന്ന് ഇവിടെ പറഞ്ഞുകൊള്ളുന്നു. നമ്മുടെ നാട്ടിൽ വിലയിൽ ഒററ വാക്ക് എന്ന ഏപ്പാടു തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അടുത്തകാലങ്ങളിൽ ചില വലിയ കച്ചവടക്കാർ ഇതു തുടങ്ങീട്ടുണ്ടെന്നുള്ളത് ആശ്വാസജനകം തന്നെ.

ഇന്ത്യയിലെ എല്ലാ പട്ടണങ്ങളിലും ഉള്ള ജനങ്ങൾ തമ്മിൽ യോജിച്ചും ധനം ശേഖരിച്ചും വിവിധങ്ങളായ വ്യവസായങ്ങളും കച്ചവടങ്ങളും തുടങ്ങുന്നതായാൽ, അവരവൎക്കു ധനം സമ്പാദിക്കാമെന്നുള്ളതിന്നു പുറമെ, ഇന്ത്യയുടെ അപ്പോഴത്തെ ധനസ്ഥിതിയും വ്യവസായമാഹാത്മ്യവും എന്തുമാത്രമായിരിക്കും!

കെ. ശങ്കരക്കുറുപ്പ്.

---

## കൊച്ചിസാഹിത്യസമാജം

### ൮൯-ലെ വാൎഷികറിപ്പോൎട്ട്.

മദ്ധ്യകേരളമായ തൃശ്ശൂരിൽ ഒരു സാഹിത്യസമാജം ഏൎപ്പെടുത്തേണ്ടതായ കാൎയ്യം ആലോചിപ്പാനായി 1088 കുംഭം 12-ാംതിയ്യതി അപ്പൻതമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഇശ്ശിവപേരൂർ സൎക്കാർ ഹൈസ്കൂൾ ഹാളിൽവെച്ചു കൂ

ടിയ യോഗത്തിൽ ചേൎന്നവർ ഉൾപ്പെടെ ഈ സാഹിത്യസമാജം ഏൎപ്പെടുത്തുകയും, മേടം ൩-ാംതിയ്യതി കൂടിയ ഒരു സാമാന്യയോഗത്തിൽ വെച്ചു സമാജം യോഗമെമ്മൊറാണ്ടവും യോഗനിയമങ്ങളും എഴുതിയുണ്ടാക്കയും എടവം ൯-ാം തിയ്യതി കൂടിയ വേറെ ഒരു യോഗത്തിൽ വെച്ച് ഈ മെമ്മൊറാണ്ടവും നിയമങ്ങളും വായിച്ചുപാസ്സാക്കുകയും ചെയ്തു. കൂടാതെ കൊച്ചിയിൽ ൧൦൮൪-ൽ ൭-ാം നമ്പ്രായി പാസ്സാക്കിയ റഗ്ഗുലേഷൻപ്രകാരം ഈ സമാജം റജിസ്ത്രാക്കേണ്ടതാണെന്നും തന്നിമിത്തം സമാജത്തിന്നു 'കൊച്ചി സാഹിത്യസമാജം' എന്ന പേർ കൊടുക്കേണ്ടതാണെന്നും തീൎച്ചയാക്കി. ഈ യോഗത്തിൽ വെച്ചുതന്നെ സർ രാമവൎമ്മ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ സമാജത്തിൽ രക്ഷാധികാരിയായിരിപ്പാനും ഒരു ഉൽകൃഷ്ടസാമാജികനായിരിപ്പാനും വേണ്ടപ്പെട്ട അപേക്ഷകൾ അയപ്പാൻ തീൎച്ചപ്പെടുത്തിയതിന്നുപുറമെ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും, (അദ്ധ്യക്ഷൻ) മെസേർസ് സി. അച്ചുതമേനോൻ (പത്രാധിപർ) ടി. കെ. കൃഷ്ണമേനോൻ (സിക്രട്ടറി) കെ. ഗോവിന്ദൻനമ്പ്യാർ (ഖജാൻജി) വി. കെ. കുഞ്ഞൻമേനോൻ. സി. അന്തപ്പായി. സി. കുഞ്ഞിരാമമേനോൻ ഇവർ അടങ്ങിയ ഒരു പ്രത്യേകകമ്മററിക്കാരെ സമാജഭരണകാൎയ്യങ്ങൾ ഏല്പിക്കുകയും ചെയ്തു.

൧൦൮൫ കന്നി ൯-ാംതിയ്യതി മേൽപറഞ്ഞ കൊച്ചി റഗ്ഗുലേഷൻ അനുസരിച്ചു സമാജം റജിസ്ത്രാക്കുകയും പുതിയസാമാജികന്മാരെ സമാജത്തിൽ ചേൎത്തുതുടങ്ങുകയും ചെയ്തു. മലബാർ, കൊച്ചി, തിരുവിതാംകൂർ, ഇവിടങ്ങളിൽനിന്നു പലരും ഈ സമാജത്തിൽ അംഗങ്ങളായി ചേൎന്നു തുടങ്ങി. സമാജം റജിസ്റ്റ് ചെയ്തതിന്നുശേഷം നിയമപ്രകാരം ൧൦൮൫ വൃശ്ചികം ൪ ാംനു- തൃശ്ശിവപേരൂർ വള്ളിക്കാട്ടു മഠത്തിൽ വെച്ചു സമാജംവക ഒരു സാമാന്യയോഗം കൂടുകയും സമാജത്തിലെ ഉദ്യോഗസ്ഥന്മാരെ വീണ്ടും തിരഞ്ഞെടുത്തു നിശ്ചയിക്കുകയും ചെയ്തു.

ഈ ഉദ്യോഗസ്ഥന്മാരൊക്കെ മുമ്പുള്ളവർതന്നെയായിരുന്നു. പു തുതായി പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകളേയും, ആർ. ഈശ്വരപിള്ള അവർകളേയും നിർവ്വാഹകസംഘത്തിൽ അംഗങ്ങളായി സ്വീകരിച്ച് നിർവ്വാഹക സംഘത്തിൽ ആകെ ൭ പതുപേർ ഉണ്ടായിരിക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ യോഗത്തിൽവെച്ചുതന്നെ 'മംഗളോദയം' മാസികയെ സമാജത്തിന്റെ പ്രതിനിധിയായി സ്വീകരിക്കേണ്ടതാണെന്നും സമാജത്തിന്റെ അഭ്യുദയത്തിന്നാവശ്യമായ നടവടികൾ നടത്തുവാൻ കമ്മററിക്കാരെ അധികാരപ്പെടുത്തേണ്ടതാണെന്നും, തീർച്ചയാക്കി. ഇതിന്നുശേഷം സമാജത്തിന്റെ സാമാന്യയോഗം കൂടുകയുണ്ടായിട്ടില്ല. കമ്മററിക്കാർ ൧൦൮൪൯ വൃശ്ചികം ൨൭ാം൯ തിയ്യതിയും, എടവം ൩൨ ൨ാം൯ തിയ്യതിയും, ൯൦ തുലാം ൧൩൯ തിയ്യതിയും ഇങ്ങിനെ ൩ യോഗങ്ങൾ ചേരുകയുണ്ടായിട്ടുണ്ട്. ഈ യോഗങ്ങളിൽ വെച്ച തീർച്ചയാക്കി നടവടി നടത്തിയ പ്രധാന സംഗതികൾ താഴെ ചേർക്കുന്നു.

൧. 'മംഗളോദയം' മാസികയുടെ കാര്യത്തിൽ മംഗളോദയം കമ്പനിക്കാരുമായി കരാറെടവാടുകൾ നടത്തി മാസികയെ ഇപ്പോൾ സമാജം വക പ്രതിനിധിയായി സ്വീകരിക്കയും മാസികയുടെ സാഹിത്യസംബന്ധമായ ചുമതലകൾ സമാജം മുഖേന നടത്തിവരികയും ചെയ്യുന്നു.

൨. തീപ്പെട്ട കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ഓർമ്മയെ നിലനിർത്തുവാൻ അവിടുത്തെ ജീവചരിത്രം ഒരു പുസ്തകമാക്കി സമാജംമുഖേന പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു തീർച്ചയാക്കി. ജീവചരിത്രം എഴുതിക്കുവാൻ കരാറെടവാടുകൾ നടത്തിവരുന്നു.

൩. മലയാളപാഠപുസ്തകങ്ങൾ നന്നാക്കേണ്ടതിലേക്ക് ഇപ്പൊഴുള്ള പാഠപുസ്തകങ്ങളുടെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചും, മാതൃകാപാഠപുസ്തകങ്ങൾ എപ്രകാരം ഇരിക്കേണമെന്നു വിവരിച്ചും, കൊണ്ടുള്ള ലേഖനങ്ങൾ പലരേക്കൊണ്ടും എഴുതിച്ച് മംഗളോദയം മാസികയിൽ പ്രസിദ്ധപ്പെടുത്തിവരുന്നു.

൪. സമാജംമുഖേന ചില സാഹിത്യപുസ്തകങ്ങൾ പ്രസിദ്ധം ചെയ്യേണ്ടതാണെന്നു തീച്ചയാക്കിയെങ്കിലും ഫണ്ടുണ്ടാകുന്നതുവരെ ആ കാൎയ്യത്തിൽ പ്രവേശിപ്പാൻ തരമില്ലാതെ നിൎത്തിവെക്കേണ്ടിവന്നു. പ്രത്യേകസമ്മതംകൂടാതെ സമാജത്തിന്റെ പേർവെച്ച് അന്യന്മാർ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് നിൎത്തൽചെയ്യേണ്ടതാണെന്നും സമാജത്തിന്റെ പേർ 'ബാലാകലേശ'മെന്ന പുസ്തകത്തിൽ ഉപയോഗിപ്പാൻ മിസ്റ്റർ കെ. പി. കറുപ്പൻ ചെയ്ത അപേക്ഷ ആ പുസ്തകത്തിന്ന് ഗുണം പോരായ്കയാൽ തള്ളേണ്ടതാണെന്നും തീച്ചയാക്കി.

൫. നല്ല ഒരു മലയാളനിഘണ്ടു ഉണ്ടാക്കേണ്ടതായ കാൎയ്യത്തിൽ മദിരാശി, കൊച്ചി, തിരുവിതാംകൂർ എന്നീ ഗവൎമ്മേണ്ടുകൾ പ്രത്യേകം ചെയ്തുവരുന്ന ശ്രമം എല്ലാം ഏകോപിപ്പിച്ച് സാഹിത്യസമാജത്തിന്റെ ഒത്താശയോടുകൂടി ഈ നിഘണ്ടുവിന്റെ കാൎയ്യം നിൎവ്വഹിക്കേണ്ടതിലേക്ക് മദിരാശി ഗവൎമ്മേണ്ടിലേക്കും തിരുവിതാംകൂർ ഗവൎമ്മേണ്ടിലേക്കും ഓരോ കത്തയച്ചു. മദിരാശി ഗവൎമ്മേണ്ട് നിഘണ്ടുവിന്റെ കാൎയ്യാലോചന ചെയ്യുമ്പോൾ സമാജത്തിന്റെ അഭിപ്രായംകൂടി ആലോചിക്കുന്നതാണെന്നു മറുവടി തന്നു. തിരുവിതാംകൂർ ഗവൎമ്മേണ്ട് നിഘണ്ടുവിന്റെ കാൎയ്യത്തിൽ ഒന്നും ചെയ്വാൻ ഒരുക്കമില്ലെന്നും നിഘണ്ടു ഉണ്ടാക്കിക്കഴിഞ്ഞാൽ കുറെ കോപ്പികൾ വാങ്ങുന്ന കാൎയ്യം തീച്ചയാക്കാമെന്നും മറുപടിതന്നു.

൬. തീപ്പെട്ട വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ചരമം എഴുതി മാസികയിൽ പ്രസിദ്ധപ്പെടുത്തുകയും തീൎപ്പുകൾ അടുത്ത ബന്ധുക്കൾക്കു അയച്ചുകൊടുക്കുകയും, സ്മാരകമായി അവിടുത്തെ ജീവചരിത്രം സമാജംമുഖേന പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് തീച്ചയാക്കുകയും ചെയ്തു. ജീവചരിത്രം എഴുതുന്നവൎക്കു ൧൦൦ക സംഭാവന കൊടുക്കുമെന്നും തീച്ചയാക്കി ജീവചരിത്രം എഴുതിക്കിട്ടുവാൻ ചില കത്തെടവാടുകൾ നടത്തി. ഇതുവരെ എഴുതുവാൻ തക്കതായ ഒരാളെ കിട്ടിക്കഴിഞ്ഞിട്ടില്ല. സാഹിത്യസംബന്ധമായ ചില സംശയങ്ങൾ തീൎക്കുവ

ൻ പ്രത്യേകം ചില യോഗങ്ങൾ ചേൎന്നു ചില തീൎപ്പുകളൊക്കെ വേറെയും ചെയ്തിട്ടുണ്ട്. * * *

* * * * * * *

൧൦൮൦ ചിങ്ങം ൧-ാംനു വരെ സമാജത്തിൽ ആകെ ൧൨൨ ആളുകൾ സമാജനിയമങ്ങൾ അനുസരിച്ച് അംഗങ്ങളായി ചേൎന്നിട്ടുണ്ട്. സാമാജികന്മാരുടെ എണ്ണം ക്രമേണ വൎദ്ധിച്ചു കൊണ്ടുതന്നെയാണ് ഇരിക്കുന്നത്.

വരവു ചിലവുകണക്ക്.

---

| | |
|---|---|
| ആകെയുള്ള ൧൨൨ മെമ്പർമാരിൽനിന്നു പിരിയേണ്ടും വരിസംഖ്യ | ക. ൩൬൬ ൦—൦ |
| ൗൻ കൎക്കിടകം ൩൦-ാംനു- വരെ പിരിവ് വരിസംഖ്യ | ക. ൧൦൯—൦—൦ |
| സമാജം ഏൎപ്പെടുത്തുന്നതിന്നു മുമ്പുള്ള ചെലവ് | ക. ൨൨—൭—൧൦ |
| റജിസ്റ്റ്ചെലവ് | ക. ൫—൦—൧ |
| തപാൽക്കൂലി. | ക. ൩—൧൨—൨ |
| തസ്തികവക. | ക. ൨൦—൦—൦ |
| ആകെ ചെലവ്. | ക. ൫൧—൪—൦ |
| നീക്കി കയ്യിരിപ്പ് | ക. ൫൬—൧൨—൦ |
| സാമാജികന്മാരിൽനിന്ന് പിരിച്ചെടുക്കുവാൻ ബാക്കി | ക. ൨൫൯—൦—൦ |

അപ്പൻതമ്പുരാൻ ഒപ്പ്

അദ്ധ്യക്ഷൻ.

തൃശ്ശിവപേരൂർ ൧൦-൭-൮൦

൧. കെ. ഗോവിന്ദൻനമ്പ്യാർ (ഒപ്പ്)
൨. സി. കുഞ്ഞിരാമമേനോൻ (ഒപ്പ്)
൩. സി. അന്തപ്പായി (ഒപ്പ്)
൪. വി. കെ. കുഞ്ഞൻമേനോൻ (ഒപ്പ്)

## ഒരു പ്രത്യേക യോഗം.

---

നിർവ്വാഹകസംഘത്തിന്റെ ഒരു പ്രത്യേകയോഗം 1090 മകരം 18-ാംനു മംഗളോദയം കമ്പനി ആപ്പീസ്സിൽ വെച്ചു കൂടി.

ഹാജർ—

1. രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2. വി. കെ. കുഞ്ഞെഴുത്തമേനോൻ
3. സി. അന്തപ്പായി
4. കെ. ഗോവിന്ദൻ നമ്പ്യാര്
5. സി. കുഞ്ഞിരാമമേനോൻ

നിശ്ചയങ്ങൾ—

1. ഇന്നത്തെ ദിവസം കൂടുവാൻ നിശ്ചയിച്ച സാധാരണസാമാന്യയോഗം വേണ്ടുവോളം സാമാജികന്മാർ ഹാജരില്ലാതെ കോറം തികയായ്കയാൽ നിർത്തിവെക്കേണ്ടിവരികയും ഈ യോഗം ഇനി മറെറാരു ദിവസത്തേക്കു നിർത്തിവെക്കേണ്ടിവരികയും ചെയ്തു.

2. സമാജം വാർഷികറിപ്പോർട്ടു കമ്മററിക്കാർ പാസ്സാക്കിയിട്ടുള്ളതു സമാജത്തിന്റെ സാമാന്യയോഗത്തിൽ വായിച്ചു സമ്മതിക്കേണ്ടതാകയാലും വരുംകൊല്ലത്തേക്കു നിർവ്വാഹകസംഘത്തിലുള്ള മേമ്പ്രന്മാരെ പുതുതായി നിശ്ചയിക്കേണ്ടതാകയാലും സമാജത്തിന്റെ ഒരു സാമാന്യയോഗം വരുന്ന കുംഭം 2-ാംനു-ശനി-ാഴ്ച മംഗളോദയം കമ്പനിയിൽ വെച്ചു കൂടേണ്ടതാണെന്നും ഈ വിവരം പ്രത്യേകകാർഡയച്ച് എല്ലാ സാമാജികന്മാരെയും അറിയിക്കേണ്ടതാണെന്നും തീർച്ചയാക്കി.

രാമവർമ്മ അപ്പൻ തമ്പുരാൻ (ഒപ്പ്)
അദ്ധ്യക്ഷൻ.

1090 കുംഭം 10-ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 4½ മണിക്കു മംഗളോദയം കമ്പനി ആപ്പീസിൽ വെച്ചു കൂടിയ കൊച്ചി സാഹിത്യസമാജത്തിന്റെ സാമാന്യയോഗത്തിൽവെച്ചു ചെയ്ത തീർപ്പുകൾ.

ഹാജർ

1. രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് (അദ്ധ്യക്ഷൻ)
2. വള്ളത്തോൾ നാരായണമേനോൻ അവർകൾ.
3. കെ. ഗോവിന്ദൻനമ്പ്യാര് അവർകൾ ബി. എ. ബി. എൽ.
4. കെ. കുഞ്ഞുണ്ണിനായര് അവർകൾ ബി. എ. ബി. എൽ.
5. സി അന്തപ്പായി അവർകൾ ബി. എ.
6. മൂക്കോത്തു കുമാരൻ അവർകൾ
7. സി. കുഞ്ഞിരാമമേനോൻ അവർകൾ
8. എം. നാരായണമേനോൻ അവർകൾ ബി എ. ബി. എൽ.
9. കെ. രാമൻമേനോൻ അവർകൾ ബി. എ. ബി എൽ.
10. പി. ശങ്കുണ്ണിമേനോൻ അവർകൾ ബി എ. എൽ. ടി.
11. സി. കേരളവർമ്മതമ്പാൻ അവർകൾ
12. കുററിപ്പുറത്തു കേശവൻനായർ അവർകൾ
13. തോരണത്തു പരമേശ്വരമേനോൻ അവർകൾ
14. വി. കെ. കുഞ്ഞൻമേനോൻ അവർകൾ
15. വി. കോമപ്പൻനായർ അവർകൾ.

തീർപ്പുകൾ.

1. കമ്മററി ഹാജരാക്കിയ റിപ്പോർട്ടു സ്വീകരിച്ചു പാസ്സാക്കേണ്ടതാണെന്ന് ഹെഡ്മാസ്റ്റർ ശങ്കുണ്ണിമേനോനവർക

ൾ (ബി. എ. എൽ. ടി.) അഭിപ്രായപ്പെടുകയും, മൂക്കോത്ത് കുമാരനവർകൾ യോജിച്ചുപറകയും ചെയ്തപ്രകാരം സവ്വസമ്മതമായി പാസ്സാക്കി.

2. താഴെ പേർ പറയുന്നവർ ഈയാണ്ടത്തെ നിർവ്വാഹകസംഘം ഉദ്യോഗസ്ഥന്മാരായിരിക്കേണ്ടതാണ് എന്ന് എം. നാരായണമേനോനവർകൾ അഭിപ്രായപ്പെടുകയും കുററിപ്പുറത്ത് കേശവൻനായരവർകൾ യോജിച്ചുപറകയുംചെയ്ത പ്രകാരം സവ്വസമ്മതമായി പാസ്സാക്കി.

അദ്ധ്യക്ഷൻ

1. രാമവമ്മഅപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ട്.

പത്രാധിപന്മാർ

2. ടി. കെ. കൃഷ്ണമേനോൻഅവർകൾ ബി. എ. എം ആർ. എ എസ്സ്.

3. കെ. ശങ്കരമേനോനവർകൾ എം. എ. എൽ. ടി. എം. ആർ. എ. എസ്സ്.

സിക്രട്ടറി.

4. കെ. കുഞ്ഞുണ്ണിനായരവർകൾ ബി. എ. ബി. എൽ.

ഖാജാൻജി—

5. കെ. ഗോവിന്ദൻനമ്പ്യാരവർകൾ ബി. എ. ബി. എൽ.

സംഘസാമാജികന്മാർ—

6. മൂക്കോത്തുകുമാരൻ അവർകൾ
7. ആർ. ഈശ്വരപിള്ള ,, ബി. എ.
8. സി. അന്തപ്പായി ,, ബി എ.
9. വി. കെ. കുഞ്ഞന്മേനോൻ ,,

3. മംഗളോദയം മാസിക സംബന്ധിച്ച പത്രാധിപന്മാക്ക് കത്തെടവാടുകൾ നടത്തുവാനും മററു. തപ്പാൽക്കൂലി മുതലായ ചിലവുകളും ലേഖനങ്ങൾക്കു കൊടുക്കേണ്ടിവരുന്ന പ്രതിഫലവും സാഹിത്യസമാജത്തിൽനിന്നു വഹിക്കേണ്ടതാണ്

പ്രതിഫലം കൊടുക്കേണ്ട ലേഖനം ഏതാണെന്നും എന്തു പ്രതിഫലം കൊടുക്കേണമെന്നും തീൎച്ചയാക്കേണ്ടതായ അധികാരം മാനേജിങ്ങ് കമ്മററിക്കാകുന്നു. ഈ പ്രതിഫലസംഖ്യ കൊല്ലത്തിൽ എല്ലാംകൂടി 60 ക. യിൽ അധികമാകുവാൻ പാടുള്ളതല്ല. പത്രാധിപന്മാൎക്കു തപ്പാൽക്കൂലി മുതലായ ചെലവുകൾക്ക കൊല്ലത്തിൽ 12 ക. യിൽ അധികമാകാത്ത ഒരു സംഖ്യ കൊടുക്കാവുന്നതാണെന്നും 9—3—90-നു ശേഷം ഇപ്പോഴത്തെ പത്രാധിപന്മാർ ചെലവിട്ടിട്ടുള്ള സംഖ്യ ഈ പത്തുറുപ്പികയിൽ ഉൾപ്പെടേണ്ടതാണെന്നും തീൎച്ചയാക്കി.

4. മംഗളോദയം മാസികയുടെ പ്രസാധകത്വവും (Publishers) തൽസംബന്ധമായ എല്ലാ ഉത്തരവാദിത്വവും പത്രാധിപന്മാർ വഹിക്കേണ്ടതാണ്.

5. മംഗളോദയം മാസികയുടെ വലിപ്പം മാററിയതു സമാജം കമ്മററിയുടെ അനുവാദത്തോടുകൂടി വേണ്ടതായിരുന്നു. മേലിൽ ഏതൊരു വലിപ്പമാണ് വേണ്ടതെന്ന് കമ്മിററി തീൎച്ചപ്പെടുത്തേണ്ടതാണ്.

6. തീപ്പെട്ട വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം സമാജത്തിന്റെ ഇഷ്ടപ്രകാരം എഴുതി സമ്മാനം വാങ്ങുവാൻ ഇതുവരെ ആരും ഉണ്ടാവാത്തതുകൊണ്ട് തിരുമനസ്സിലെ ജീവചരിത്രം എഴുതുവാൻ വേണ്ടുന്ന സാമഗ്രികൾ പല ദിക്കിൽനിന്നും ശേഖരിപ്പാൻ സമ്മാനസംഖ്യ 100 ക വിനിയോഗിക്കാവുന്നതും വേണ്ടപ്പെട്ടവിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ സമാജം മുഖേന പുസ്തകം എഴുതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇതുപോലെതന്നെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലേയും ഒ. ചന്തുമേനോൻ അവൎകളുടേയും ജീവചരിത്രം എഴുതി പ്രസിദ്ധം ചെയ്യാൻ വേണ്ടിവരുന്ന ചിലവ് ക്ലിപ്തപ്പെടുത്തുവാനുള്ള അധികാരം കമ്മിററിക്കാക്ക് വിട്ടുകൊടുത്തിരിക്കുന്നു.

7. ബാലാകലേശസംബന്ധമായി കഴിഞ്ഞ പ്രാവശ്യം ലക്കത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള കെ. പി. കറുപ്പൻ അവർ

കളുടെ ലേഖനം സാഹിത്യസമാജത്തിന്റെ ഉദ്ദേശത്തിന്നും അഭിപ്രായത്തിന്നും വിരോധമായിട്ടുള്ള നിലയിലാണെന്ന് സമാജം അഭിപ്രായപ്പെടുന്നു.

8. കൊച്ചി സാഹിത്യസമാജം അദ്ധ്യക്ഷന്ന് കെ. രാമകൃഷ്ണപിള്ള അവർകൾ 'ബാലാകലേശ'ത്തെ പററി അയച്ചിട്ടുള്ളതും അദ്ധ്യക്ഷൻ യോഗത്തിൽ ഹാജരാക്കീട്ടുള്ളതുമായ എഴുത്തു വായിച്ചു. 7-ാം നമ്പ്ര് തീർപ്പിന്റെ പകപ്പ് കെ. രാമകൃഷ്ണപിള്ള അവർകൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

മൂന്നു മുതൽ എട്ടുവരെയുള്ള തീർപ്പുകൾ സഭാനാഥൻ അഭിപ്രായപ്പെടുകയും സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു.

തൃശ്ശിവപേരൂർ
11 7 90

രാമവർമ്മ
(ഒപ്പ്)
അദ്ധ്യക്ഷൻ.

നോട്ട്.

കെ. പി. കറുപ്പൻ അവർകൾ അദ്ധ്യക്ഷന്ന് അയച്ചിട്ടുള്ള എഴുത്തിന്ന് സമാജത്തിലെ 7-ാം തീർപ്പ് മറുവടിയായി അയക്കേണ്ടതാണ്.

രാമവർമ്മ (ഒപ്പ്)
അദ്ധ്യക്ഷൻ

# നരമ്പുതളൎച്ചക്കും നപുംസകത്തിനും രണ്ട് ആശ്ചൎയ്യമായ മരുന്നുകൾ.

---

## മദനമഞ്ചരി ഗുളികകൾ.

ഈ ഗുളികകൾ ദീൎഘായുസ്സിനെ കൊടുക്കുന്നവയും, ധാരണശക്തിയെ ഉണ്ടാക്കുന്നവയും, ദുൎന്നടപ്പുകൊണ്ട് ഇന്ദ്രിയത്തിനെ അധികമായി കുറയുന്നതുകൊണ്ട് ഉണ്ടാകുന്ന നാമ്പുതളൎച്ച, ബലഹീനത മുതലായ വ്യാധികളെ നീക്കുന്നവയും ആയ ഒരു ഉയൎന്നതരം മരുന്നാകുന്നു. ഇതു സ്വപ്നത്തിൽ മൂത്രസ്ഖലിതത്തെ നിൎത്തും ഇതു മൂത്രംപോക്ക മുതലായ ദീനങ്ങൾക്ക ഒരു കൈകണ്ട മരുന്നാകുന്നു. ഇവ ദഹനശക്തിയേയും മലശോധനയേയും ഉണ്ടാക്കും. 40 ഗുളികകൾ അടങ്ങിയ ഒരു ടിൻന്ന വില ക 1—0—0

---

## നപുംകതപാരികൃതം.

ചെറുപ്പകാലത്തിൽ ദുൎന്നടപ്പുകൊണ്ടു ഒരു മനുഷ്യന്നു ഗുഹ്യസ്ഥാനത്തു ഉണ്ടാകുന്ന നാമ്പുതളൎച്ച മുതലായ ഇന്ദ്രിയസംബന്ധമായ സകല ദീനങ്ങളേയും മാറാദീനങ്ങളേയും നപുംസകം എത്ര കഠിനമായിരുന്നാലും, എത്രദിവസം പഴക്കമായിരുന്നാലും അതു ഏതു കാരണംകൊണ്ടു ദേഹത്തിൽ പിടിച്ചിരുന്നാലും ഈ വകയായുള്ള ദീനങ്ങളെ ഈ മേൽപറഞ്ഞ കൊഴമ്പു ആശ്ചൎയ്യം തോന്നത്തക്കവണ്ണം ഗുണം ചെയ്യുന്നതാണ്. ഈ കൊഴമ്പിനെ ഗുഹ്യസ്ഥാനത്തു തേക്കുന്നതുകൊണ്ടു മനുഷ്യന്നു പൊയ്പോയതായ ചെറുപ്പകാലത്തെ വീൎയ്യവും ശൌൎയ്യവും വീണ്ടും വരുകയും സുഖമായി ദീൎഘായുസ്സിനെ കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇതു വളരെ ഉയൎന്നതരം മരുന്നു എന്നു പലരും പുകഴ്ത്തി പറയുന്നുണ്ട

2 തോല തൂക്കം അടങ്ങിയ ടിൻ ഒന്നുക്ക വില ക 1—0—;

ഞങ്ങൾക്ക വന്നിട്ടുള്ള അനേകം കത്തുകളിൽ ഒന്നാണ്ടിന്റെ ചുരുക്കം,

മംഗലാപുരം ബി. ജി. എം സ്കൂളിൽ ഇരിക്കുന്ന സുബ്ബാറാവു അവർകൾ.

'നിങ്ങൾ അയച്ച ഒരു പെട്ടി മദനമഞ്ചരി ഗുളികകൾ ഒന്നാം തിയതി കിട്ടി. എനിക്ക അതിനാൽ ഉണ്ടായ ഗുണങ്ങൾ അധികം. അതു ഞാൻവഴിയേ എഴുതാം എനിക്ക ദയവു ചെയ്തു ഒരു പെട്ടികൂടി അയച്ചുതരിക'

എന്ന് പി. സുബ്ബറാവു കൈഒപ്പ്.

ബല്ലാരി സബ്ബ് റിജിസ്ട്രാർ പി. നാരസിംഗരാവു അവൎകൾ

നിങ്ങളുടെ മദനമഞ്ചരി ഗുളികകൾക്കും നപുംസകതപാരികൃതത്തിന്നും രണ്ടു രണ്ടു പെട്ടികൾ അയക്കുവാൻ അനുമതി അയച്ചു 20 ദിവസത്തെ ഉപയോഗത്തിൽ എനിക്ക ആശ്ചൎയ്യവും സന്തോഷവും തോന്നത്തക്കവണ്ണം എന്റെ ഗുഹ്യസ്ഥാനത്തു വളരെ ഗുണങ്ങൾ കാണകയുണ്ടായി. നിങ്ങളുടെ മരുന്നിന്ന എതിർ ഇല്ല എന്നു സംശയം കൂടാതെ തന്നെ പറയാം. നിങ്ങൾ ഈ ചെറിയ കത്തിനെ ഞാൻ തന്ന ഒരു സർട്ടിഫിക്കേറ്റായി ഉപയോഗിക്കാം

എന്ന് പി നരസിംഗരാവു കൈഒപ്പ്.

### മേൽവിലാസം—

രാജവൈദ്യാ നാരാൺജീ കേശവജി,

മദ്രാസ് ബ്രാഞ്ച്, 25 ചൈന ബജാർ റോഡ്,

മദ്രാസ്

## 20,000 പുസ്തകങ്ങൾ

വെറുതെ കൊടുപ്പാൻ തയ്യാറുണ്ട്.

# കാമശാസ്ത്രം

ആരോഗ്യവും ദീൎഘായുസ്സും നിശ്ചയമായും പ്രകൃതിക്കനുസരിച്ചു നില്ക്കുന്ന ചില നിബന്ധനകളെ ശരിയായി അനുഷ്ഠിക്കുന്നതിനെ ആശ്രയിച്ചുനില്ക്കുന്നു. മേൽപറഞ്ഞ വിശേഷമായ പുസ്തകം ആരോഗ്യം ഉണ്ടാകേണ്ടതിന്നുള്ള വഴികാണിച്ചു നിങ്ങളുടെ ദേഹാരോഗ്യത്തെ ശുദ്ധാവസ്ഥയിൽ നിലനിൎത്തുകയും ആയുസ്സിനെ ദീൎഘിപ്പിക്കുകയും നിങ്ങളെ ഭാഗ്യവാന്മാരാക്കിത്തീൎക്കുകയും ചെയ്യും.

മേൽവിലാസം അയച്ചുതരുന്നവൎക്കു പുസ്തകം യാതൊരു വിലയും തപാൽകൂലിയും ഇല്ലാതെകണ്ടു അയച്ചുകൊടുക്കുന്നതാണ്.

വൈദ്യശാസ്ത്രി, മണിശങ്കര ഗോവിന്ദജി

ആതങ്കനിഗ്രഹ ഔഷധാലയം,

2?, ബ്രോഡ്‌വെ, മദിരാശി,

സബ്ബ് ആപ്പീസ്സ് 96 മൌണ്ട്റോഡ്, മദിരാശി.

# മംഗളോദയം

# ൧൦൮൦

പുസ്തകം ൧ } മീനമാസം { ലക്കം ൫


## മംഗളം

ഉള്ളിട്ടോറംകുലുക്കീട്ടടലുടെപകതി
ക്കീറിനെത്തിറുവാങ്ങി-
ക്കള്ളിഗ്ഗംഗേത്തൊടാസ്സാൻകണവനെയൊ
രുകൺജ്ജാലമാഃജ്ജേലിലാക്കി
തുള്ളിച്ചീടുന്നഭാവത്തൊടുമലമകളെ!
ആർത്തിയെത്തീർത്തിടുംനിൻ-
പള്ളിക്കൺകോണുനീയേകണ'മുദയ'മെഴും
'മംഗളം'ഭഗിയാവാൻ.

കെ. എൻ. കൃഷ്ണപ്പിള്ള.

## ശാരദ

രണ്ടാംഭാഗം *

സ്നേഹവും ദ്വേഷവും ജാതിയും മതവും കക്ഷിവഴക്കും മ
റ്റും അടിസ്ഥാനമാക്കി പുസ്തകങ്ങളെ പരിശോധിച്ചു തുടങ്ങി

* മിസ്റ്റർ സി. അന്തപ്പായി, ബി. എ. മംഗളോദയം കമ്പനി. വില ൧ക.൪ണ

യിരിക്കുന്നു. നിരൂപണം, കൃതികളുടെ ഗുണദോഷങ്ങളെ ചിന്തിക്കുന്നതിന്നു പകരം, അതിസ്തുതിയും അതി നിന്ദയുമായി പരിണമിക്കയും ചെയ്തിരിക്കുന്നു. ഈ വക നടവടികൾ സ്വതേ അനുചിതങ്ങളെന്നു തന്നെയല്ല, ഭാഷാസാഹിത്യത്തിന്റെ അഭ്യുദയത്തിന്നു വലിയ പ്രതിബന്ധങ്ങളും ആകുന്നു. ദുഷ്കൃതികളുടെ കുററങ്ങളെ കരുണ കൂടാതെ കാണിച്ച് അവയുടെ ഉന്മൂലനാശം ചെയ്യേണ്ടതും, സൽകാവ്യങ്ങളുടെ പ്രചാരത്തിന്ന് ഒത്തൊരുമിച്ചു പ്രവൎത്തിക്കേണ്ടതും, ഏടത്തരത്തിലുള്ള കൃതികളുടെ ദോഷങ്ങളെ പരിഹരിക്കുവാൻ സൌകൎയ്യമുണ്ടെങ്കിൽ, ആ വിധം ചെയ്യേണ്ടതും, ഭാഷാഭിമാനികളുടെ കൃത്യങ്ങളല്ലെന്നു ഞങ്ങൾക്കു വാദമില്ല. പക്ഷേ, ഇങ്ങനെ ചെയ്യുന്നത് മനശ്ശുദ്ധിയോടും അനുഗ്രഹബുദ്ധിയോടും കൂടി വേണമെന്നേ ഞങ്ങൾക്ക് സിദ്ധാന്തമുള്ളു. ശാരദയെക്കുറിച്ചു ചിലർ പ്രസിദ്ധപ്പെടുത്തീട്ടുള്ള അഭിപ്രായങ്ങളെ മനസ്സിരുത്തി വായിച്ചു നോക്കുന്നതായാൽ, ഇത്രത്തോളം ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളത് അസ്ഥാനത്തിലായിട്ടില്ലെന്നു പ്രത്യക്ഷമാകുന്നതാകുന്നു.

മിസ്റ്റർ അന്തപ്പായിയെ ഞങ്ങൾ കേരളീയൎക്കു പരിചയപ്പെടുത്തേണ്ടതില്ല. കേരളഭാഷാസാഹിത്യലോകത്തിൽ അദ്ദേഹം ഒരു പേരുകേട്ടിട്ടുള്ള ആളാകുന്നു. ലളിതമായ ഭാഷയിൽ സംഗതികളെ പ്രതിപാദിച്ച് എളുപ്പമായവിധത്തിൽ തന്റെ ആശയത്തെ വെളിപ്പെടുത്തുന്നതിന്നു മിസ്റ്റർ അന്തപ്പായിക്കു നല്ല ശീലമുണ്ട്. അതു ശാരദയിലും ഉപയോഗിച്ചിട്ടുണ്ടെന്നു പറയുന്നതിൽ ഞങ്ങൾക്ക് സംശയമില്ല. അതിതിൽ നല്ലപോലെ കാണാത്തതിന്നു പല കാരണങ്ങളുമുണ്ട്. 'സുകുമാരകവിയുടെ ശ്രീകൃഷ്ണവിലാസത്തെ പൂരിപ്പിച്ചാൾക്കുണ്ടായ ദുഷ്പേരിനെ' ഓൎത്തിട്ടോ എന്നു തോന്നുമാറ്, ഏകദേശം ഒരു പന്തിരാണ്ടായിട്ടും ശാരദയിന്മേൽ കൈവെപ്പാൻ വിദ്വാന്മാരായ രസികന്മാർ ഭയപ്പെട്ടിരിക്കെ, ഇപ്പൊഴൊരാൾ അതിനെ

പൂൎത്തിയാക്കിയാലുണ്ടോ അത് നന്നാകുവാൻ പോകുന്നു എന്നുള്ള വിചാരത്തോടു കൂടിയാണ് രണ്ടാം ഭാഗത്തെ പലരും വായിച്ചു തുടങ്ങുക. അവനവന്റെ ഹിതമനുസരിച്ച് കഥ നടക്കുന്നില്ലെന്നു കാണുമ്പോൾ, ഈ വിചാരത്തിന്ന് ശക്തിയും കൂടിവരും; അതോടുകൂടി കൃതിയിലെ ദോഷഭാഗങ്ങൾ അധികരിച്ചു വരികയും ഗുണഭാഗങ്ങൾ ഇവയിൽ ലയിക്കുകയും ചെയ്യുന്നു. ഇതിന്നു പുറമെ, മിസ്റ്റർ അന്തപ്പായി ഒരു വലിയ വമ്പന്റെ പിമ്പാണ് വരുന്നത് എന്നും നാം ഓൎക്കേണ്ടതാകുന്നു. മിസ്റ്റർ ചന്തുമേനോന്റെ 'സരസലളിതോജ്ജ്വലമായ വാഗ്വിലാസം' ഒന്ന് വേറെയാണ്. അദ്ദേഹത്തിന്റെ 'വാക്പ്രസരപ്രകാശസാന്നിദ്ധ്യത്താൽ' കഥയിലെ സംഗതികൾ, അവയെ നാം വായിക്കുന്ന സമയം, നമ്മുടെ മുമ്പിൽ നടക്കുന്നപോലെ നമുക്കു തോന്നിപ്പോകുന്നു. ഈ വിചാരവും തോതും അനുസരിച്ച് മിസ്റ്റർ അന്തപ്പായിയെ കുററം പറയുന്നത് ന്യായമല്ല. ഇത്രയെല്ലാം എഴുതുന്നതുകൊണ്ട് മിസ്റ്റർ അന്തപ്പായിയുടെ ഭാഗത്ത് തെററൊന്നുമില്ലെന്ന് ഞങ്ങൾ ശഠിക്കുന്നു എന്ന് ആരും വിചാരിക്കരുത്. രണ്ടാം ഭാഗത്തിലെ കഥയുടെ ബന്ധവും രചനയും നോക്കുന്നതായാൽ, ഈ കൃതിയെ വളരെ ധൃതഗതിയിലാണ് മിസ്റ്റർ അന്തപ്പായി ഉണ്ടാക്കീട്ടുള്ളതെന്ന് വിശദമാകുന്നുണ്ട്. ഞങ്ങൾ നോക്കീട്ട് അതിനൊരു സമാധാനവും കാണുന്നില്ല. ഒരു കൃതിയെ പൂൎത്തിയാക്കുക എന്നതുതന്നെ പ്രയാസമമായൊരു പ്രവൃത്തിയാണ്. അതും മിസ്റ്റർ ചന്തുമേനോൻ ശാരദയോട് ഏച്ചുകൂട്ടിയാൽ മുഴച്ചിരിക്കാതെ ഇരിപ്പാൻ വളരെ പ്രയാസം. അതിലും വിശേഷിച്ച്, കഥയിലെ പ്രധാന പാത്രങ്ങൾ നായന്മാരും നമ്പൂരിമാരും പരദേശബ്രാഹ്മണരും തിരുപ്പാടും വാരിയരും മററും ആകുന്നു. മിസ്റ്റർ അന്തപ്പായിക്കു അവരുടെ ആചാരോപചാരങ്ങളിലും സംഭാഷണപ്രയുക്തങ്ങളായ ഭാഷയിലും വലിയൊരു പരിചയം ഉണ്ടാകുവാൻ വഴിയില്ല. ഈ വക

കാരണങ്ങളെക്കൊണ്ട്, വളരെ ആലോചിച്ച് പൂൎവ്വകവിയുടെ ആശയത്തെ കഴിയുന്നതും അനുസരിച്ച് കഥയെ പൂരിപ്പിക്കുകയും സംഭാഷണ രീതിയിലും മററും കുറച്ചുകൂടി തന്മയത്വം വരുത്തുകയും ചെയ്തതിന്നു ശേഷം, ഇതുകളിൽ വേണ്ട ഭേദഗതികൾ ചെയ്വാൻ യോഗ്യതയുള്ള ചിലരെ കാണിച്ച് പുസ്തകത്തെ സാവധാനത്തിൽ പ്രസിദ്ധപ്പെടുത്തിയാൽ ധാരാളം മതിയായിരുന്നു. തിടുക്കം നിമിത്തം ഈ കൃതിക്ക് പല തരക്കേടുകളും വന്നിട്ടുണ്ട്. സ്ഥലകാലങ്ങൾക്ക് എന്നുതന്നെയല്ല, ആളുകൾക്കു കൂടി, രണ്ടാം ഭാഗത്തു ചില ഭേദഗതികൾ സംഭവിച്ചിരിക്കുന്നു. മൂകാംബിക്ക് നാരായണി അമ്മയുടെ മകളും അന്തൎജ്ജനവും ആകേണ്ടിവന്നു; 'ധൈൎയ്യമില്ലാത്തതും ആശയില്ലാത്തതുമായ വാക്കുകൾ' കടന്നുകൂടി; സുശീലനും മാന്യനുമായ കൃഷ്ണനുണ്ണി സഭ്യതയെ അതിലംഘിച്ചുള്ള വാക്കുകൾ ഉപയോഗിച്ചുതുടങ്ങി; കഥാനിൎവ്വഹണത്തിന്നു പ്രതിബന്ധമായവരെ എല്ലാം വല്ലവിധവും കൊല്ലുക എന്നായി; കട്ടക്കമായപ്പൊഴേയ്ക്കും ഓട്ടം തുടങ്ങി; ശാരദയ്ക്കും കൃഷ്ണമേനവും സൈ്വരസല്ലാപത്തിന്നുകൂടി ഇടം കൊടുക്കായ്കയാൽ, അവരതു മദിരാശിയിൽ കടപ്പുറത്ത് കവചം ധരിച്ച് മാത്രമത്രെ കഴിക്കേണ്ടിവന്നു. രാമവൎമ്മൻതിരുപ്പാടിന്റെ കഥയൊ? ദുഷ്കാലത്തിൽ ശാരദയുടെ ഏകപാലകനായ ഉദയന്തളിയെ ശാരദയ്ക്ക് ശ്രേയസ്സുവന്ന സമയത്തും എടത്തിലെ ശത്രുവിന്റെ നിലയിൽ തള്ളിനിൎത്തുകയാണ് ചെയ്തിരിക്കുന്നത്. ഇവയിൽ പലതും തിടുക്കം നിമിത്തം വന്നിട്ടുള്ള ന്യൂനതകളെന്നല്ലാതെ, മിസ്റ്റർ അന്തപ്പായിയുടെ പ്രാപ്തിക്കുറവുകൊണ്ടുണ്ടായിട്ടുള്ളവയാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

വ്യാഴവട്ടം പന്തീരാണ്ടു കഴിയുന്നതോടുകൂടി പൊളിച്ചെഴുത്തു കഴിക്കാഞ്ഞാൽ ഗുണം പോരെന്നു കരുതിയൊ, അതോ ജ്ഞാനലവദുൎവ്വിദഗ്ദ്ധന്മാരായ വല്ലവരും അനാവശ്യവാദങ്ങൾ പുറപ്പെടുവിച്ചെങ്കിലൊ എന്നു ഭയന്നോ ഇത്ര പരിഭ്രമിച്ച് മി

സ്റ്റർ അന്തപ്പായി പുസ്തകം പുറപ്പെടുവിച്ചത് എന്നറിയുന്നില്ല. ഈ വക നിയമതക്കങ്ങളൊന്നും വേണ്ടെന്നു കരുതിയാണെന്നു തോന്നുന്നു, കോടതി കയറുവാൻ കഴിയില്ലെന്നു മിസ്റ്റർ അന്തപ്പായി തീച്ചയാക്കിയത്. കാരണമെന്തായാലും വേണ്ടതില്ല, ആ തീപ്പ് മിസ്റ്റർ അന്തപ്പായിയുടെ കൃതിക്ക് വലിയൊരു ന്യൂനതയായി തീൎന്നിട്ടുണ്ട്. തന്റെ കൃതിയിലെ സംഭവങ്ങളുടെ മുഖ്യമായൊരു രംഗസ്ഥലം ഒരു കോടതിയാക്കി രസാവഹമായ പരിഹാസംകൊണ്ടു മലയാളികൾക്കു വ്യവഹാരത്തിലുള്ള ഭ്രമം ഒന്നു ശമിപ്പിക്കാനായിട്ടാണ് മിസ്റ്റർ ചന്തുമേനോൻ നിശ്ചയിച്ചിരുന്നത് എന്നുള്ളതിന് ആക്കും വളരെ സംശയമുണ്ടാകുവാൻ വഴിയില്ല. ഒന്നാം ഭാഗത്ത് കണ്ട മേനോൻ തലയിൽ മുണ്ടും കെട്ടി, വക്കീലന്മാരുടെ 'ഗ്ലോപ്പിന്നു മുമ്പിൽത്തന്നെ നിന്ന് വ്യവഹാരത്തിനെ പോക്കുവിളിക്കുന്നുണ്ടോ എന്നു തോന്നും. രണ്ടാം ഭാഗത്ത് എവിടെച്ചെന്നാലും വ്യവഹാരം കൂടാതെ കഴിക്കേണമെന്നാണ് നമ്പൂരിയും നായരും വാരിയരും കൈപ്പറയുന്നത്. വ്യവഹാരത്തിൽ രാമന്മേനോൻ തെളിവു പോരാതെ വരരുത് എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെ കല്യാണി അമ്മയുടെ ദേഹവിയോഗം പൂവ്വകവി രാമേശപരത്തുവെച്ചാക്കിയത് എന്ന് ഞങ്ങൾക്കു ശങ്കയുണ്ട്; തെളിവു പോരാതെ വരികയൊ? ഒരിക്കലുമില്ല. കൃഷ്ണന്റെ എതൃവിസ്താരം എത്ര നന്നായിരിക്കുന്നു. കോടതിക്കകത്തുവെച്ചായിരുന്നുവെങ്കിൽ, അത് ഇതിലും ത്തലോം ശോഭിക്കുമായിരുന്നു. വ്യവഹാരം ശരിക്ക് നടത്തിയിരുന്നു എങ്കിൽ, സപ്പഭ്രഷ്ടിക്കാരൻ പട്ടരുടെയും അയാളുടെ ശിഷ്യൻ കൃഷ്ണന്റെയും ദുമ്മരണംകൊണ്ടു എളുപ്പത്തിൽ അവരുടെ കായ്യം ഒതുങ്ങാതെ, അവരെ കൂട്ടിലിട്ടു കൊട്ടയാട്ടി അവക്കു തക്കതായ ശിക്ഷ കൊടുത്ത് അവരെക്കൊണ്ടതനുഭവിപ്പിച്ച് ആ വകക്കാക്കൊരു പാഠമാക്കേണ്ടതായിരുന്നു. ശാരദയുടെ സത്യാവസ്ഥ വെളിപ്പെടുന്നതോടുകൂടി, മുൻകോപിയെങ്കിലും വാസ്തവത്തിൽ നി

ഷ്ഠളങ്കനും സാധുവുമായ വലിയച്ചൻ തൻെറ കലത്രവുമായ ശാരദയെ സന്തോഷത്തോടുകൂടെ സ്വീകരിക്കുമായിരുന്നു. കാര്യം കോടതി കയറിയാൽ, ദാസിയെ പിശാചു പിടിക്കയില്ല; മന്ത്രവാദിയ്ക്കു 'ഫ്രരിശി' കലക്കേണ്ടിവരില്ല; കൃഷ്ണമേനോ പട്ടത്തിനായി മദിരാശിയിൽ നിന്നു രാമേശ്വരം വരെ പോകേണ്ടതായും വരില്ല; വിദ്വാനായ മൂസ്സതിനെക്കൊണ്ട് ശ്ലോകം ചൊല്ലിക്കില്ല; വിശ്വസ്തനായിരുന്ന ശങ്കുനമ്പി എഴുപത്താറാം കാലത്ത് ദുഷ്കീർത്തിയോടുകൂടി ഇടത്തിൽ നിന്നു ബഹിഷ്കരിക്കപ്പെടുകയുമില്ല.

ഒരു സമയം എടത്തിലെ ബദ്ധവൈരിയായ തിരുപ്പാടിന്റെ ജയവും രാമമേനോൻെറ തെളിഞ്ഞ സംബന്ധംനിമിത്തം എടത്തിൻെറ ആഭിജാത്യത്തിനു നേരിടുന്ന ഇടിച്ചിലും കൊണ്ട് വലിയച്ചൻ മരിക്കയാണ് നല്ലതെന്നു മിസ്റ്റർ അന്തപ്പായി നിശ്ചയിക്കുന്നപക്ഷം, അതു ഇത്ര കഠിനമായവിധം വേണമെന്നു കാവ്യനീതിയാൽ സാധിക്കുന്നില്ല. ഒന്നാംഭാഗത്തിൽ ശങ്കരമേനോനെ ഏകദേശം ഒരു നായകൻെറ നിലയിലാണ് മിസ്റ്റർ ചന്തുമേനോൻ വർണ്ണിച്ചിട്ടുള്ളതെന്നും അങ്ങനെ ചെയ്തിട്ടുള്ളത് തക്ക കാരണത്തിന്മേലാണെന്നും മിസ്റ്റർ അന്തപ്പായി വിസ്മരിച്ചതു ശരിയായില്ല. അതുകൊണ്ടു കഥയുടെ ഈ ഭാഗം മിസ്റ്റർ അന്തപ്പായിതന്നെ ഒന്ന് ഉടച്ചുവാർത്തു ഭംഗിയിൽ നേരാക്കി പുറത്തുകൊണ്ടുവന്നു കാണ്മാൻ ഞങ്ങൾ കാത്തിരിക്കുന്നതാണ്. ആവിധം ഭാവമുണ്ടെങ്കിൽ, പ്രസ്തുതകൃതിയിൽ ഇനിയും ചില മാററങ്ങൾ ചെയ്യാനുണ്ടെന്നു ഞങ്ങൾക്കു തോന്നുന്ന ഭാഗങ്ങളെക്കൂടി ഇവിടെക്കാണിച്ച് ഈ പരിശോധനയെ അവസാനിപ്പിച്ചിരിക്കാം.

പാൽനര ഇല്ലത്തിൻെറയും അതിനു ചുററുമുള്ള പ്രദേശങ്ങളുടെയും, കാപ്പിഷാപ്പിൻെറയും ചാരായക്കടയുടെയും വർണ്ണനകൾ വിശേഷമായിട്ടുണ്ട്. പക്ഷേ കഥയുടെ ഘടനയിൽ അവയുടെ പ്രയോജനം വെളിവാകുന്നില്ല. ഇപ്പുത്തുവെച്ചുള്ള ദാ

സിനാരായണി അമ്മയുടെ ചൊല്ലിയാട്ടവും, ശങ്കുനമ്പീയുടെ ഭാൎയ്യ പാൎവ്വതി അമ്മയുടെ പാതിവ്രത്യനിദാനവും വിവരിച്ചിട്ടുള്ളത് അതിരുകവിഞ്ഞും സംഭാവ്യാവസ്ഥകൾക്കു വിപരീതമായും ഇരിക്കുന്നു. ജനനംമുതൽ ദോഷസ്പൎശം ലേശംപോലുമില്ലാത്തവളും സുശീലയുമായ ശാരദയെ കുലീനനും തന്റേടമുള്ളവനുമായ രാമന്മേനോൻ, ഒരു തേവിടിശ്ശിയെപ്പോലെ, രാത്രി എട്ടുമണിക്കുശേഷം, പച്ചവില്ലൂസും ചുവപ്പുപട്ടും പുതപ്പിച്ച്, വിദ്വാനും തറവാടിയും നല്ല നിലയുള്ളവനാണെങ്കിലും, അഴകുരാവണനെന്നപോലെ, വൈരക്കല്ലുകൾവെച്ച സ്വൎണ്ണക്കടുക്കകളും മാറും ധരിച്ച കൃഷ്ണമേന്റെ മുമ്പിൽ അവതരിപ്പിച്ച്, അദ്ദേഹത്തിന്റെ കാതിൽക്കിടക്കുന്ന കടുക്കനും കുപ്പായക്കീശയിലുള്ള ഘടികാരവും പിടിച്ചുവലിപ്പിച്ചതും ശരിയായില്ല.

ശാരദ രണ്ടാംഭാഗം ഒന്നാം ഭാഗത്തിന് അനുരൂപമാക്കേണമെന്നുള്ള മോഹം ഹേതുവായിട്ടും ഭാഷാസാഹിത്യത്തിന്റെ പോഷണത്തിൽ മിസ്റ്റർ അന്തപ്പായി പരിശ്രമിക്കുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷംകൊണ്ടുമാകുന്നു ഞങ്ങൾ ഇത്രയും ഈ കൃതിയെക്കുറിച്ചു പ്രസ്താവിച്ചത്.

---

ശാരദ രണ്ടാം ഭാഗത്തിന്റെ നിരൂപണം, എന്റെ അപേക്ഷാനുസാരം, പത്രാധിപന്മാർ ദയാപൂൎവ്വം എനിക്കയച്ചുതരുകയും തത്സംബന്ധമായി എനിക്കു പറയുവാനുള്ളതു നിരൂപണത്തോടു സംബന്ധിക്കാമെന്നു പ്രതിജ്ഞചെയ്കയും ചെയ്കതിനു ഞാൻ കൃതജ്ഞനായിരിക്കുന്നു.

ഇന്ദുലേഖ പരസ്യപ്പെടുത്തിയപ്പോൾ അനേകർ അതിനെ സ്തുതിച്ചു, അനേകർ നിന്ദിച്ചുവെന്നുതന്നെയല്ല, അതിനെ പരിഹസിക്കുവാൻ ഒരു പുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തുകപോലും ചെയ്തു. പരദേശഭാഷാസാഹിത്യ ചരിത്രങ്ങളിൽനിന്നു ദൃഷ്ടാന്തങ്ങളെ എടുക്കാതെ മേൽപ്പറഞ്ഞ സംഗതികളാൽതന്നെ ഒരു പുതിയ കൃതിയുടെ യഥാൎത്ഥഗുണദോഷങ്ങൾ കാ

ലംകൊണ്ടും നിൎമ്മത്സരമായ ആലോചനകൊണ്ടും അധികമായി പ്രത്യക്ഷപ്പെട്ടുമെന്നു പറയുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ പറഞ്ഞതുകൊണ്ട് ശാരദ രണ്ടാംഭാഗം അന്യൂനമാണെന്നു ഞാൻ ഭാവിക്കുന്നതായി ആരും ഗ്രഹിക്കരുത്. സാഹിത്യം, ശില്പവിദ്യകൾ, എന്നിവയുടെ സംഗതിയിൽ ഏതെങ്കിലുമൊരു കൃതി പരിഷ്ക്കരിക്കപ്പെടുവാൻ പാടില്ലാത്തവണ്ണം വൈശിഷ്ട്യത്തെ പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞുകൂടാ.

ശാരദ രണ്ടാംഭാഗത്തെ സംബന്ധിച്ചു ചെയ്യപ്പെട്ടിട്ടുള്ള ഉപദേശങ്ങളിലധികപക്ഷം സ്വീകാൎയ്യമെന്നു ഞാൻ വിചാരിക്കുന്നില്ല.

ചന്തുമേനോനവർകൾ കഥയെ ഏതുവിധം കൊണ്ടുപോകാനാണ് കരുതിയിരുന്നതെന്നു ആ സംഗതിയിൽ ജിജ്ഞാസുവും, അതിയോഗ്യനും, അദ്ദേഹത്തിൻെറ പ്രിയജാമാതാവുമായ ആൾക്കുപോലും അറിയുവാൻ സാധിച്ചിട്ടില്ല. ഇപ്പൊൾ ഉള്ള കഥയെ യുക്തിയുക്തമായി പൂരിപ്പിക്കുവാനെ ആൎക്കും സാധിക്കയുള്ളൂ.

ശാരദയെ എടത്തിൽ സ്വീകരിക്കുന്നത് ഒരു കോടതി വ്യവഹാരത്തിൻെറ ഫലമായിട്ടായിരിക്കണമെന്നുള്ള അഭിപ്രായത്തിൽ ഞാൻ യോജിക്കുന്നില്ല. അന്യായം, പത്രിക, ഇരുപക്ഷക്കാരും ഹാജരാക്കുന്ന രേഖകൾ, സാക്ഷികളുടെ ആദ്യവിസ്താരം, എതിർവിസ്താരം, പുനർവിസ്താരം, ഇതിനിടയ്ക്കുള്ള വക്കീൽമാരുടെ തൎക്കങ്ങൾ, പ്രസംഗങ്ങൾ ആദ്യകോടതിവിധി, അപ്പീൽമെമ്മോറാണ്ടം, വക്കീൽമാരുടെ പ്രസംഗങ്ങൾ, അപ്പീൽവിധി, ഇവയെയെല്ലാം ഒരു നോവലിൽ കൊണ്ടു കയറേണമയോ? അപ്പീൽ വിധിപ്രകാരം ശാരദ എടത്തിൽ ചെന്നു പ്രവേശിച്ചു, നോവലും അവസാനിച്ചു— ഇങ്ങിനെയാണൊ വേണ്ടത്? തൃപ്പതിക്കേസിൻെറതുപോലെ ഒരു വലിയ വ്യവഹാരിക്കാൎക്കു പുസ്തകം എന്നല്ലാതെ അതിനെ ആർ ഒരു നോവലെന്നു വിളിക്കും.?

കഥ ഒരു വ്യവഹാരംകൊണ്ടു കലാശിച്ചാൽ എന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള അനേക സംഭവങ്ങൾ ആവശ്യമായി വരുകയില്ല. ശരിതന്നെ, 'എന്റെ അമ്മായി എന്റെ അമ്മാമനായിരുന്നുവെങ്കിൽ, അവൾക്കു താടിമീശയുണ്ടാകുമായിരുന്നു' എന്നു സ്പെയിൻരാജ്യനിവാസികളുടെ ഇടയിൽ ഒരു ചൊല്ലുണ്ട്.

ശാരദയുടെ പൂർവ്വഭാഗത്തിൽ ൧൨൭-ം ൧൯൦മുതൽ ൧൯൭വരെയും ഇങ്ങനെ ഏഴു പുറങ്ങളിൽ കൃഷ്ണമേനോന്റെ സൽസ്വഭാവത്തെയും പാണ്ഡിത്യത്തെയും ശരീരസൌന്ദര്യത്തെയും സവിസ്തരം വർണ്ണിച്ചിരിക്കെ, അപ്രകാരം ചെയ്തതിനു ഒരു ഉദ്ദേശ്യവും ഇല്ലെന്നു തീർപ്പുചെയ്തു, രാമൻമേനോനും കല്യാണി അമ്മയും തങ്ങളുടെ കുട്ടിയെപ്പോലെയും ശാരദ തന്റെ ഒരു സോദരനെപ്പോലെയും ആചരിച്ചിരുന്ന ശങ്കരമേനോനെ കഥാനായകനാക്കേണമെന്നു പറയുന്നതിൽ ഒരു വലിയ അയുക്തിയുണ്ട്.

പാൽനര ഇല്ലം, അവിടേക്കുള്ള വഴി, അങ്ങാടി, എന്നിവയുടെ വർണ്ണനം കൊളമ്പു, കസബാസ്റ്റേഷ്യൻ, ക്ഷേത്രം മുതലായ അതിലെ എടുപ്പുകൾ, കോടതി ഉദ്യോഗസ്ഥന്മാർ, വക്കീൽമാർ ഇത്യാദികളുടെ വർണ്ണനത്തേക്കാൾ അപ്രസ്തുതമൊ? വലിയ വ്യതിയാനം കൂടാതെ വായനക്കാൎക്കു വിനോദജനകമായിരിക്കയെന്നുള്ള വ്യവസ്ഥയെ നീക്കിവെച്ചു കഥയ്ക്കു അവശ്യം പ്രസ്തുതമായതിനെ മാത്രം എടുത്താൽ എത്രനോവലും അഞ്ചാറുപുറങ്ങളിൽ കവിയാത്തവിധം എഴുതിത്തീൎക്കാം.

ഒരു ഷർട്ടും വൈരക്കടുക്കനും സ്വൎണ്ണച്ചങ്ങലയുള്ള ഘടികാരവും ധരിച്ചാൽ ഒരു പുരുഷൻ 'അഴകുരാവണനും', പച്ചവില്ലുസുജാക്കെറ്റും ചുവന്ന പട്ടുഗൌണും ധരിച്ചു ന്റിജപിതാവിന്റെ സന്നിധിയിൽ അദ്ദേഹത്തിന്റെ സുഹൃത്തായ ഒരു പുരുഷനോടു പതിനൊന്നു വയസ്സുള്ള ഒരു ബാലിക സംഭാഷണം ചെയ്താൽ അവൾ 'തേവടിശ്ശിയും' ആയിത്തീരുമെന്നു പറയുന്നതു പലരും സമ്മതിക്കുമെന്നു തോന്നുന്നില്ല.

ശാരദയെ എടത്തിൽ സ്വീകരിച്ചതിന്റെ ശേഷം അഞ്ചു വൎഷങ്ങൾ കഴിഞ്ഞിട്ടാണ് കഥയിൽ നാം മദിരാശിയിൽ വെച്ച് തന്റെ പ്രിയതമനോടുകൂടെ കാണുന്നത്. ആ കാലത്തിനിടയ്ക്കു എടത്തിലും മാറും വെച്ച് വേണ്ടുവോളം സൈ്വരസല്ലാപവും വിധിപ്രകാരമുള്ള അവരുടെ വിവാഹവും കഴിഞ്ഞിരിക്കണം. ശാരദ എടത്തിൽ വന്നതിൽ പിന്നെ മരിനായിൽ വെച്ചാണ് ഒന്നാമതായി അവർ തമ്മിൽ സംവാദമുണ്ടായതെന്നൊ വിവാഹം നടന്നതെന്നൊ പുസ്തകത്തിൽ പറഞ്ഞിട്ടില്ല. ഈ ന്യായത്താൽ, കടപ്പുറത്തു വെച്ചല്ലാതെ സ്വൈരസല്ലാപത്തിനുകൂടി അവൎക്ക് ഇടയായില്ല എന്നുള്ള ആക്ഷേപം നിരാധാരമാകുന്നു.

കല്യാണി അമ്മയുടെ ദേഹവിയോഗം രാമേശ്വരത്തു വെച്ചാക്കിയതു ഞാനല്ല, ചന്തുമേനോൻ അവൎകളാണ്. 'നമ്മൾ നേരേ ഇവിടെ രാമേശ്വരത്തേക്കു വന്നു. ഇവിടെ വെച്ചു നിന്റെ അമ്മയ്ക്കു കഠിനമായ ഒരു ജ്വരം ഉണ്ടായി. നമ്മളെ ഈ സ്ഥിതിയിൽ ഇട്ട് അവൾ പരലോകപ്രാപ്തിയാകയും ചെയ്തു.' (൧൭൨-ാം പുറം നോക്കുക.)

തിരുമൽപാടിനെ എടത്തിലേക്കു യോജിപ്പിക്കണമെന്നു കഥയുടെ നോട്ടുകളിൽ ഞാൻ കുറിച്ചിട്ടുണ്ടായിരുന്നു. അതു ചേൎക്കാൻ വിട്ടുപോയത് അച്ചടി കഴിഞ്ഞതിന്റെ ശേഷം അറിഞ്ഞു. കൃഷ്ണമേനോന്റെയൊ ശാരദയുടേയൊ രണ്ടു വാക്കുകൾകൊണ്ട് ആ ന്യൂനത തീൎക്കാവുന്നതാണ്.

സ്വമനോധൎമ്മം പ്രയോഗിച്ചു വല്ലതും എഴുതി അതിന്റെ ഗുണദോഷങ്ങൾക്കുള്ള ചുമതല വഹിക്കയെന്നല്ലാതെ, ഉണ്ടാകാവുന്ന ന്യൂനതകളെ അച്ചടിക്കു മുമ്പു തീൎത്തുതരുവാൻ അന്യരുടെ ആശ്രയമപേക്ഷിക്കുന്ന സമ്പ്രദായം ഗൎഹണീയമെന്നാണെന്റെ മതം.

'ശാരദ രണ്ടാം ഭാഗം സാമാന്യമായി വിചാരിക്കാവുന്നതിലധികം നന്നായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല........ ഈ

ങ്ങനെ ചില സംഗതികളിൽ പ്രസ്തുതഗ്രന്ഥത്തെപ്പററിയും മ തഭേദങ്ങൾക്കു അവകാശമുണ്ടെങ്കിലും, ജനങ്ങളുടെ ഭിന്നരുചിത്വവും മററു സംഗതികളിലുള്ള ഗുണപുഷ്ടിയും ആ വക ന്യൂന തകളെപ്പരിഹരിപ്പാൻ മതിയാകുമെന്നാണ് എൻെറ വിശ്വാ സം എന്നു മഹാമഹിമശ്രീ എ. ആർ. രാജരാജവൎമ്മ കോയി ത്തമ്പുരാൻ എം. എ. അവർകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സി. അന്തപ്പായി.

---

എന്ത! യമനറിയാത്ത മരണമൊ? കല്യാണിയമ്മയുടെ മരണം രാമേശ്വരത്തുവെച്ചാക്കിയത് മിസ്റ്റർ അന്തപ്പായിയാണെന്ന് ആർ പറഞ്ഞു? മിസ്റ്റർ ചന്തുമേനോൻ അതവിടെയാക്കിയതു വ്യവഹാരത്തിൽ തെളിവില്ലാതെ വരരുതെന്നു കരുതിയാണെന്നാണ് ഞങ്ങളുടെ വാദം. ശാരദയുടെ കാൎയ്യം കോടതി കയറാതെ കഴിക്കേണമെന്നു മിസ്റ്റർ ചന്തുമേന്നു് ഒരിക്കലും ആലോചനയുണ്ടായിട്ടില്ലെന്നു ജാമാതാവിന്നും എല്ലാവൎക്കും ആരും പറയാതെ തന്നെ അറിയാം. ഈ സംഗതിയെക്കുറിച്ചു കേരളകവികുലകൂടസ്ഥനായ ആ തിരുമനസ്സിലേക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ലെന്നു മുഖവുര കൊണ്ടു വിശദമാകുന്നുണ്ട്.

പിന്നെ വ്യവഹാരം എന്നു വെച്ചാൽ അതിന് അന്യായം മുതൽ 'സ്ലിഷ്യാലപ്പീൽ' വിധിവരെയുള്ള പല പതനങ്ങളുമുണ്ടെന്നു പലൎക്കും അറിയാം. പക്ഷെ, ഒരു കാവ്യത്തിൽ പത്രികയും വാദമുഖങ്ങളും സാക്ഷിമൊഴികളും മററും പകൎത്തിയാണ് അതിനൊരു ജീവൻ കൊടുക്കുന്നത് എന്നു മിസ്റ്റർ അന്തപ്പായി പറയുന്നതിനു മുമ്പ് അധികം പേർ ധരിച്ചിട്ടുണ്ടൊ എന്നറിയുന്നില്ല; അദ്ദേഹം പറഞ്ഞതുകൊണ്ടും വല്ലവരും സമ്മതിക്കുമൊ എന്നും സന്ദേഹമുണ്ട്. 'വേനിസ് പട്ടണത്തിലെ ഒരു കച്ചവടക്കാരൻെറ' കഥ എന്ന നാടകത്തിൽ ഈവിധം ചെയ്തിട്ടുണ്ടൊ? അവനവൻ ചെയ്തതെല്ലാം ശരിയാണെന്നു സാധിപ്പാൻ വല്ലതും പറയുന്നതു ഭംഗിയാണൊ?

കഥയുടെ ഘടന ശരിയായി ചെയ്തിരുന്നാൽ, ഇപ്പോൾ രണ്ടാം ഭാഗത്തിൽ വന്നിട്ടുള്ളവയും ദൃഷ്ടാന്തീകരിച്ചിട്ടുള്ളവയും ആയ പല ന്യൂനതകളും അതിൽ ഉണ്ടാകയില്ലായിരുന്നു എന്ന് അഭിപ്രായത്തെ തള്ളിക്കളുവാൻ സ്പെയിനിലെ പഴഞ്ചൊല്ലുകൊണ്ടു മതിയാകുമെന്നു തോന്നുന്നില്ല.

നല്ല തറവാടിയാണ്, ഒരു സുന്ദരനും സ്വത്തുകാരനുമാണ്, ബുദ്ധിമാനും പഠിപ്പുള്ളവനുമാണ് എന്നും മറ്റും പല അവസരങ്ങളിലായി മിസ്റ്റർ ചന്തുമേനോൻ ശങ്കരമേനോനെ കുറിച്ചു വർണ്ണിച്ചിട്ടുള്ളത് രാമമേനോൻ വെപ്പുകാരനായിരിക്കാൻ ആളില്ലാതെ വന്നെങ്കിലോ എന്നു ഭയപ്പെട്ടിട്ടായിരിക്കാം!

മറുപടിയുടെ മറ്റു ഭാഗങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞിട്ടാവശ്യമില്ല. രണ്ടാം ഭാഗം വായിച്ച് 'ഞങ്ങളുടെ വായനക്കാർ' വിധി ഉച്ചരിച്ചുകൊള്ളട്ടെ.

---

## കൌതുകം മൂട്ടയും.

---

(പി. കെ. നാരായണപിള്ള അവർകൾ, ബി. എ., ബി. എൽ.)

ലോകത്തിൽ മനുഷ്യനുള്ള അഗ്രഗണ്യതയേയും ജീവജാലങ്ങളുടെ നായകത്വത്തെയും ഭദ്രമായി പരിപാലിക്കുന്നതിനു ഭവിഷ്യൽക്കാലത്തു സിംഹവ്യാഘ്രാദികളായ ഉഗ്രജന്തുക്കളേക്കാൾ അണുപ്രാണികളേയും സൂക്ഷ്മസൃഷ്ടിവിശേഷങ്ങളേയും അഭിമുഖീകരിച്ചു മനുഷ്യർ പോർ ചെയ്യേണ്ടിയിരിക്കുന്നു എന്നു ശാസ്ത്രപണ്ഡിതർ പറയുന്നു. ആധുനികങ്ങളായ ആയുധങ്ങൾ സ്വാധീനമുള്ള മനുഷ്യർ ഗജസിംഹാദിസത്വങ്ങളെ ജയിച്ച് അവയുടെ മേൽ സ്വാധികാരത്തെ പ്രതിഷ്ഠിക്കയും അവയെ ദാസീകരിക്കയും ചെയ്തിരിക്കുന്നു. പക്ഷെ അതിസൂക്ഷ്മസൃഷ്ടികളായ കീടകങ്ങൾ നിമിത്തം മനുഷ്യർക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെ വേണ്ടവിധം നിവാരണം ചെയ്വാൻ ഇനിയും വിദ്വജ്ജനങ്ങൾക്കു സാധിച്ചിട്ടില്ല. കഠോരങ്ങളായ അനേക

രോഗങ്ങളുടെ ഉൽപ്പാദകന്മാരും പ്രവാഹകന്മാരും ആയ അനേക കിടസൃഷ്ടികൾ അപ്രത്യക്ഷമായിനിന്നു മനുഷ്യരോടു ചെയ്യുന്ന ആക്രമങ്ങൾ അനല്പവും ഭയങ്കരവും ആകുന്നു. ഇവിടേയും ഭൂതക്കണ്ണാടി മുതലായ സാമഗ്രികളുടെ സഹായം അവലംബിച്ചു ശത്രുവിൻെറ സ്ഥിതിയും ഗതിയും അറിയുന്നതിനു മനുഷ്യർ വളരെ ശ്രമപ്പെടുന്നുണ്ടെങ്കിലും, ശ്രമങ്ങൾ ഇനിയും പൂർണ്ണഫലോദയംകൊണ്ട് അനുഗ്രഹീതമായി പരിണമിച്ചിരിക്കുന്നു എന്നു പറയത്തക്ക നിലയിൽ എത്തിക്കഴിഞ്ഞിട്ടില്ല. ഗജസിംഹാദികളെ വശീകരിച്ചും സർപ്പങ്ങളെ പിടിച്ചു കളിപ്പിച്ചും വിനോദിക്കുന്ന മനുഷ്യരെക്കണ്ട് 'അഹോസാഹസികാ നരാഃ' എന്നു പറയുന്ന കവിയെക്കുറിച്ച് ഇക്കാലത്തു ജനങ്ങൾ പൊട്ടിച്ചിരിക്കതന്നെ ചെയ്യും. ഹിന്തുപുരാണങ്ങളിൽ സിംഹം പാർവ്വതിയുടേയും കാള ശിവൻെറയും മയിൽ സുബ്രഹ്മണ്യൻെറയും ഗരുഡൻ വിഷ്ണുവിൻെറയും വാഹനമാണെന്നും മററും പറഞ്ഞുകാണുന്നു. ആധുനികശാസ്ത്രപണ്ഡിതന്മാരുടെ ദൃഷ്ട്യാ കൊതുകു, ജ്വരദേവതയുടേയും കാളറാ (നടപ്പുദീനം) കീടങ്ങൾ മൃത്യുദേവതയുടേയും മററു ചില സൂക്ഷ്മസൃഷ്ടികൾ യമകിങ്കരന്മാരുടേയും വാഹനങ്ങളാണെന്നു സ്പഷ്ടമാകുന്നു. യമൻെറ വാഹനം മഹിഷമാണെന്നു പുരാണങ്ങൾ പറയുന്നു. പക്ഷെ മനുഷ്യർ അത്ഭുതപൂർവ്വമായ ചവുട്ടുവണ്ടി, മോട്ടാർവണ്ടി മുതലായ വാഹനങ്ങളെ കണ്ടുപിടിച്ചിരിക്കുന്ന സ്ഥിതിക്ക്, കാലനും പഴയ വാഹനമായ പോത്തിനെ മാററി പരമാണുരൂപവും ദുർന്നിവാരവും ആയ ചില കീടവിശേഷങ്ങളെ വാഹനമായി വരിച്ചിരിക്കുന്നു എന്നു വിചാരിക്കുന്നതിൽ അപാകമൊന്നുമില്ല. അല്പസൃഷ്ടികൾക്കുള്ള ഗൌരവം ഇപ്രകാരമിരിക്കുന്നതുകൊണ്ട്, കൊതുകിനേയും മൂട്ടയേയും പററിയുള്ള ഈ പ്രസംഗം അനുചിതമാകയില്ലെന്നു വിശ്വസിക്കുന്നു. ഇത്രയും ഉപക്രമം.

വ്യർത്ഥമായി ഈശ്വരൻ യാതൊന്നും സൃഷ്ടിച്ചിട്ടില്ലെന്നുള്ള തത്വത്തെ വിശദീകരിക്കാൻ ഒരു ഉപാദ്ധ്യായൻ അദ്ധ്യേ

താക്കളോടു വാഴയെ അധികരിച്ചു ചില ചോദ്യങ്ങൾ ചോദിച്ചു: 'വാഴക്കല എന്തിനു സൃഷ്ടിച്ചു?' എന്നു ചോദ്യത്തിനു പഴം തിന്നുന്നതിനാണെന്നു കുട്ടികൾ ഉത്തരംപറഞ്ഞു. 'വാഴ ഇല എന്തിനു സൃഷ്ടിച്ചു?' എന്നു ചോദ്യത്തിനു 'ഉണ്ണുന്നതിനാണെന്നും' അവർ ഉത്തരം പറഞ്ഞു. 'ഇലയുടെ തണ്ടെന്തിനു സൃഷ്ടിച്ചു?' എന്നു ചോദ്യം തുടൎന്നു. ഇതിനുത്തരം അനായാസമായി പറയുമെന്നുപാദ്ധ്യായൻ വിചാരിച്ചിരുന്നില്ല. എങ്കിലും ചതുരംഗക്കരു ഉണ്ടാക്കുന്നതിനും കഞ്ചാവുവലിക്കുന്നവരുടെ ഉപയോഗത്തിനും ആയിട്ടാണു വാഴത്തട (അണ) സൃഷ്ടിച്ചതു് എന്നു ശിഷ്യന്മാർ ഉത്തരം തട്ടിമൂളിച്ചു. ഈ വിധത്തിൽ ഈശ്വരസൃഷ്ടിയിൽ യാതൊന്നും ഉപയോഗശൂന്യമായില്ലെന്നു ഉത്തരം പറയാവുന്നതാകുന്നു. പക്ഷെ സൃഷ്ടി ചെയ്തതിൽ ഈശ്വരനു വല്ല ഉദ്ദേശവും ഉണ്ടായിരുന്നോ?. ഉണ്ടെന്നും ഇല്ലെന്നും പറയുവാൻ തരമില്ല. ഏതെങ്കിലും ഉദ്ദേശം ജനിക്കുന്നതു ഉദ്ദേശസിദ്ധികൊണ്ടു ഒരു ന്യൂനതയെ പരിഹരിക്കാനാണെല്ലൊ. ഈശ്വരനു സൃഷ്ടിക്കു ഒരു ഉദ്ദേശമുണ്ടായിരുന്നു എന്നു പറയുമ്പോൾ സൃഷ്ടിക്കു മുമ്പു് ഈശ്വരനു എന്തോ ഒരു ന്യൂനത പരിഹരിക്കാനുണ്ടായിരുന്നു എന്നു പറയുന്നതിനു തുല്യമാകുന്നു. ഇതു പക്ഷെ ഈശ്വരന്റെ പരിപൂൎണ്ണതയ്ക്കു വിപരീതവുമാകുന്നു അതുകൊണ്ടു് സൃഷ്ടി ഈശ്വരന്റെ കേവലം ലീലയാകുന്നു എന്നു ചില മഹാന്മാർ പറയുന്നു. കളിക്കുന്നതു കേവലം ഒരു വ്യാപാരമെന്നല്ലാതെ യാതൊരു കാൎയ്യസിദ്ധിയേയും ഉദ്ദേശിച്ചല്ലല്ലൊ. ഈ നിലയ്ക്കു കൊതുകിനേയും മൂട്ടയേയും എന്തിനായി സൃഷ്ടിച്ചു എന്നു ഉത്തരം പറയുന്നതിനു നിൎവ്വാഹമില്ലാതിരിക്കുന്നു. 'ബ്രഹ്മസ്യാം ആനന്ദാനുഭവായ' എന്ന തത്വം ശരിയാണെങ്കിൽ, ആനന്ദാനുഭവത്തിനായി ബ്രഹ്മവായിത്തീൎന്ന കൂട്ടത്തിൽ പ്രസ്തുതകീടങ്ങളായും ഈശ്വരൻ പരിണമിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. കൊതുകായും മൂട്ടയായും ഉള്ള ആനന്ദം! ആവൂ! ആനന്ദവും ഈ സൃഷ്ടികളുമായി വല്ല

സംബന്ധവും ഉണ്ടെന്നു ഞാൻ സൂചിപ്പിച്ചു എന്നു വിചാരിച്ചു വായനക്കാർ കയർക്കരുതെന്നപേക്ഷിച്ചുകൊള്ളുന്നു.

'ആശാനും അടവു പിണങ്ങും' എന്നൊരു പഴഞ്ചൊല്ലുണ്ട്. ഈ പഴഞ്ചൊല്ലിൻെറ താൽപ്പര്യംതന്നെ രൂപാന്തരത്തിൽ പാശ്ചാത്യന്മാരുടെ ഇടയിൽ 'ഹോമരും ചിലപ്പോൾ പിശകുപററും' എന്ന രൂപത്തിൽ കാണ്മാനുണ്ട്. 'ഹോമർ' എന്ന കവിയോടു സദൃശനാകുന്നു നമ്മുടെ വേദവ്യാസൻ. അതുകൊണ്ട് വേദവ്യാസനും അസാരം വാക്പ്പിഴ പററിയാൽ അത്ഭുതപ്പെടേണ്ടതില്ല. ഉദ്യോഗപർവ്വാരംഭത്തിൽ ധൃതരാഷ്ട്രർക്കും ഉറക്കം ഇല്ലാതെ വൈഷമ്യം നേരിട്ടപ്പോൾ, വിദുരർ ജ്ഞാനമയങ്ങളായ സംഭാഷണങ്ങൾകൊണ്ടു രാജാവിൻെറ ജാഗരത്തെ കഴിച്ചുകൂട്ടിയതായി ഒരു ഭാഗമുണ്ടല്ലോ. 'ചിന്തിച്ചു ധൃതരാഷ്ട്രർ വിദുരർതന്നെ നോക്കി വെന്തുരുകുന്നു ചിത്തം നിദ്രയില്ലേതുമെന്നാൻ' എന്നുള്ളതിനു ഉത്തരമായി വിദുരർ,

'ബലവാൻതന്നാൽഅഭിയുക്തനായ് ചമഞ്ഞോരു
ബലഹീനനുംവൃത്തിസാധനവിഹീനനും
ഹൃതദ്രവ്യനുംഅതികാമിക്കുംതസ്കരനും
ക്ഷിതിനായകാനിദ്രയില്ലെന്നുകേൾപ്പുഞാനോ' എന്നു ഉറക്കിളപ്പിൻെറ ഹേതുക്കളെ ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ഉറക്കിളപ്പിൻെറ മുഖ്യഹേതു വിദുരർ അഥവാ വേദവ്യാസൻ വിട്ടുപോയി എന്നു പറയാതെ തരമില്ല. നിന്നിദ്രതയുടെ മുഖ്യഹേതുക്കളെ ഇവിടെ വിസ്മരിച്ചുപോയതു കേവലം പ്രമാദമായിരിക്കാമെന്നു വിചാരിക്കുന്നു. സുകുമാരകവിയുടെ ശ്രീകൃഷ്ണവിലാസ കാവ്യത്തിൻെറ അപൂർണ്ണാവസ്ഥയേയും പട്ടുനൂലിനേയും വാഴച്ചരടിനേയും പററിച്ചില കശപിശാക്കഥകൾ ആരുംതന്നെ ഇപ്പോൾ ഗണിക്കുന്നതായി കാണുന്നില്ലാത്ത സ്ഥിതിക്ക്, എഴുത്തച്ഛൻെറ കിളിപ്പാട്ടിൽ പ്രസ്തുതഭാഗത്ത്

'കൊതുകുകടികൊണ്ടുഗതികെട്ടുള്ളവനും
ചതിയൻമൂട്ടയാലാക്രാന്തനായുള്ളവനും

ഹൃതദൃവ്യന്മതികാമിക്കുംതസ്കരനും
ക്ഷിതിനായകാനിദ്രയില്ലെന്നുകേൾപ്പൂണ്ടോനോ' എന്നിങ്ങ നെരണ്ടുവരികൂട്ടിച്ചേൎത്തു വായിച്ചാൽ അതു സാഹസമായി ആരും വിചാരിക്കുമെന്നു തോന്നുന്നില്ല. ജാഗരത്തിനുള്ള മുഖ്യ ഹേതുക്കൾ കൊതുകും മൂട്ടയും ആണെന്നുള്ള സംഗതി അനുഭ വസ്ഥന്മാർ സശിരഃകമ്പം ശരിവയ്ക്കാതിരിക്കയില്ല. വേദവ്യാസ ന്റെ കൃതിതൎജ്ജിമചെയ്തതു വെൺമണി നമ്പൂരിപ്പാടായിരു ന്നു എങ്കിൽ, അദ്ദേഹം കൊതുകിനേയും മൂട്ടയേയുംകൂടി ഉൾ പ്പെടുത്തുമായിരുന്നു.

'സ്നാതമശ്വംഗജം മത്തംവൃഷഭംകാമമോഹിതം
ശൂദ്രമക്ഷരസംയുക്തംദൂരതഃപരിവൎജ്ജയേൽ' എന്ന ശ്ലോ കം നമ്പൂരിപ്പാടുതൎജ്ജിമചെയ്തപ്പോൾ

'സ്നാനംചെയ്തുവരുന്നവൻകുതിരയും
സന്നിദ്രയോടക്ഷര-
ജ്ഞാനംചേൎന്നൊരുശൂദ്രനുംപടുമദം
പാടുള്ളോരാങ്ങനയും-
ഗാനംചേൎന്നൊരുപട്ടരുംപരമട
ത്താലുണ്ടനൎത്ഥംസുരാ-
പാനംചെയ്തവനുംസ്മരാൎത്തികരളിൽ
കാളുന്നോരക്കാളയും'

എന്നരൂപത്തിലായിത്തീൎന്നു- അനൎത്ഥകരന്മാരായ പാട്ടു കാരൻ പട്ടരേയും മദ്യപനേയുംകൂടി മൂലശ്ലോകത്തെ കവിഞ്ഞു ചേൎക്കാൻ അദ്ദേഹത്തിനു യാതൊരു ക്ലേശമുണ്ടായില്ല. ഇ പ്രകാരമൊരു നിരങ്കുശത്വം എഴുത്തച്ഛനും തോന്നിയിരുന്നു എങ്കിൽ, കൊതുകും മൂട്ടയും തൎജ്ജിമയിൽ കടന്നുകൂടുമായിരുന്നു. നിദ്രയും കൊതുകും മൂട്ടയും തമ്മിൽ ഉള്ള വൈപരീത്യം മററു കവികൾ വിഷാദകരമാംവണ്ണം വൎണ്ണിച്ചിട്ടുള്ള സംഗതിയും പ്ര സ്താവയോഗ്യമാകുന്നു.

'മശകൈൎമ്മൽക്കുണൈശ്ചാപി
രാത്രയഃശിവരാത്രയഃ'

എന്നു കുഞ്ചൻനമ്പിയാർ കൊതുകിൻെറയും മൂട്ടയുടെയും പരാക്രമത്തെ പരാമർശിച്ചു രാത്രിശിവരാത്രിയാക്കിത്തീർത്ത പുണ്യത്തെ കീർത്തനം ചെയ്തിരിക്കുന്നു.

'മശകാമക്കുണാരാത്രൌ
മക്ഷികാഃശലഭാദിവാ
പിപീലികാ ചഭാര്യാ ച
ദിവാനക്തംപ്രബാധതേ'

എന്നു മറെറാരു കവി പറഞ്ഞിട്ടുള്ളതായി കാണുന്നു. ഈ സാധുവിൻെറ ദാമ്പത്യസുഖം വളരെ കലശലായിരുന്നിരിക്കേണം! കൊതുകും മൂട്ടയും രാത്രികാലത്തും ഈച്ചയും ശലഭങ്ങളും പകൽ ഉറുമ്പും ഭാര്യയും രാപ്പകലുമുഴുവനും ഉപദ്രവിച്ചുപോന്ന ഈ കവി ആയുഷ്കാലം മുഴുവനും കൃച്ഛ്രചാന്ദ്രായണാദികൾ കൊണ്ടു കഴിച്ചുകൂട്ടുന്ന മഹർഷിമാരുടെ കൂട്ടത്തിലുൾപ്പെട്ടവനാണൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ സഹനശക്തി ഭൂമിദേവിയുടെ ക്ഷമയേയും അതിശയിച്ചിരിക്കേണം.-

മറെറാരു കവിയുടെ അഭിപ്രായത്തിൽ ദുഷ്ടൻെറ സകല പ്രവൃത്തികളും കൊതുകിൽ കാണ്മാനുണ്ടെന്നാകുന്നു. എങ്ങനെ എന്നാൽ:

പ്രാക്പാദയോഃ പതതി ഖാദതി പൃഷ്ഠമാംസം
കർണ്ണേ കളം കിമപിരൌതി.............................
ഛിദ്രം നിരൂപ്യ തരസാപ്രവിശത്യശങ്കം
സർവ്വം ഖലസ്യ ചരിതം മശകഃ കരോതി.

ആദ്യമേ പാദങ്ങളിൽ വീഴുകയും പുറകുവശത്തു കടിക്കയും ചെവിക്കിടെ വന്നു മധുരമായി ശബ്ദിക്കയും മററും ചെയ്യുന്നതു ദുർജ്ജനത്തിൻെറ പ്രവൃത്തിയാണല്ലൊ. ഇതൊക്കെ കൊതുകിനും ഉള്ള കൌശലങ്ങൾ തന്നെ. കൊതുകിൻെറ ദുഷ്ടതയെ സാധിപ്പാൻ പാലുള്ള പശുവിൻെറ അകിട്ടിലും കൊതുകിൻെറ കൌതുകം രക്തത്തിലാണെന്നു മറെറാരു കവിയും പറയുന്നു

ണ്ട്. ഇതുകൊണ്ട് കൊതുകിന്റെ ഉപദ്രവത്തെ പാറി സാമാന്യമായെങ്കിലും വായനക്കാർ ഒന്നു ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

മൂട്ടയുടെ കാര്യം കുറെക്കൂടി കട്ടിയായിട്ടാണു കാണുന്നത്. ത്രിമൂർത്തികൾക്കു കൂടി മൂട്ടയെ പേടിയാണുപോലും. ശിവൻ കൈലാസപർവ്വതത്തിൽ വെറും പാറപ്പുറത്തുപോയി കിടക്കുന്നതും വിഷ്ണു അനന്തനിൽ പള്ളികൊള്ളുന്നതും ആദിത്യൻ ആകാശംവിട്ടു താഴെ ഇറങ്ങാതെ ഇരിക്കുന്നതും മൂട്ടയെ പേടിച്ചാണത്രേ.

"ശിവഃ ശിലാ തലെ ശേതേ
ശെഷേ ശേതേ ജനാർദ്ദനഃ
ശേതേച ഭാനു രാകാശേ
മന്യേ മത്കുണ ശങ്കയാ" എന്നു പറഞ്ഞുകാണുന്നു.

ഇതുകൊണ്ടു മൂട്ടയും അസാമാന്യ പരാക്രമശക്തിയുള്ളതാണെന്നു അനായാസേന ബോധ്യപ്പെടുമല്ലൊ.

ഈ ഉഗ്രസത്വങ്ങളുടെ അസഹ്യത മലയാള കവികളിൽ വെൺമണിമഹൻ നമ്പൂരിയെപ്പോലെ ആരും അനുഭവിച്ചിട്ടുള്ളതായി കാണുന്നില്ല. അദ്ദേഹം പറയുന്നു:—

"കൊതുകും കുതുകേന ഞങ്ങളും ചേ-
ന്നു നാൾ തൊട്ടതി വേഴ്ചയായി പാലേ." ഇതിൽ നിന്ന്, വളരെ നാൾ അദ്ദേഹവും കൊതുകുമായി കലാപങ്ങൾ നടന്നശേഷം, ഇരുകക്ഷികളും വിഷമിച്ചു എന്നും, ഒടുവിൽ പൊതുപ്പെട്ട ശത്രുക്കളെ ആക്രമിക്കുന്നതിനും സ്വയം രക്ഷയ്ക്കും വേണ്ടി പരസ്പര സഖ്യംചെയ്തു ദീർഘമായ അന്യോന്യ കലഹത്തെ കലാശിപ്പിച്ചതായും വിചാരിക്കേണ്ടിയിരിക്കുന്നു.

(ശേഷം തുടരും)

തൃച്ചംബരത്തു പെരുമാൾക്കു
ചെറുപ്പമെന്ന
ഞ്ഞൂച്ചെവിളിച്ചു പറയുന്നതു
ലോകരെല്ലാം
വിശപ്പം ചമഞ്ഞുമുടനേയത്തു
കാത്തഴിക്കും
വിശ്വൈകനാഥന്നു കളിപ്പുര
യെന്നപോലേ.

(ഒരു പഴയ ശ്ലോകം.)

---

# എരട്ടപെററവർ.

(അവരിലൊരാളുടെ സങ്കടം.)

---

കൈ,കാൽ,മുഖം,തനുതുടങ്ങിയശേഷവുംതു
ല്യാകാരരാകുമൊരുഃ സോദരരായഞങ്ങൾ,
ആകാംക്ഷയോടുകളിയാടിവളൎന്നിടുംപോൾ,
ഹാ!കാണിവൃന്ദമധികംതകരാറിലായി. ൧

കണ്ടാൽതിരിച്ചറിയുവാനടയാളമൊന്നു
മുണ്ടായതില്ലിഹ ചറുതുംബതരണ്ടുപേൎക്കും;
മിണ്ടാതെകണ്ടധികമായൊരുതെററുപററി
ക്കൊണ്ടാത്തിപൂണ്ടഖിലബന്ധുജനംവസിച്ചു. ൨

ചോരക്കിടാവിന്നടെനാൾമുതലെൻറകഷ്ട
മാരബ്ധമായി,പറവാനരുതായതൊന്നും;
പാരംവിശന്നഹമഹോവളരെക്കരഞ്ഞ
നേരംസഹോദരനുതന്നുലയമ്മനൽകി. ൩

ചാടിക്കളിച്ചുഥതകത്തുനടന്നകാല
ത്തോടിത്തടഞ്ഞുമമസോദരനൊന്നുവീണു;

പേടിച്ചുടൻജനനിപോയിമരുന്നൊരല്പം
മേടിച്ചെനിക്കഥകടിക്കുവതിന്നുതന്നു. ൪

വല്ലാതെവന്നജലദോഷമതൊന്നിനാൽവീ
ഷ്പില്ലാതെസോദരനുനാസയടഞ്ഞനേരം,
എല്ലാവരുംമമസമീപമടുത്തുവന്നു,
ചൊല്ലാവതല്ലമമമൂക്കുപിഴിഞ്ഞുപാരം. ൫

ക്രൂരംവിപൽപ്രദസമത്വമിതൊന്നുവിദ്യാ
ഗാരത്തിലുംപിടിവിടാതെതുടന്നുനമ്മെ;
പാരംസഹോദരനഹോ!മടിവന്നുകൂടി
സ്വൈരംതരാതെവടികൊണ്ടടിയുംനമുക്കായ്. ൬

ഉണ്ടായെനിക്കുപനിതെല്ലതുകണ്ടുമാതാ
വുണ്ടായഖേദമൊടുവൈദ്യനെയാനയിച്ചു;
കണ്ടാലറയ്ക്കുമൊരുകൈപ്പുകഷായമേററ
മുണ്ടാക്കിമാമകസഹോദരനേകിവൈദ്യൻ. ൭

പൊട്ടിപ്പുറത്തുവരുവാൻചിരിയിങ്ങുനല്പം,
മുട്ടിത്തുടങ്ങിയതുഞാനുടനേയമർത്തി;
കട്ടിത്തമെങ്കിലുമെനിക്കുരസംമുഴുത്തു,
കട്ടിത്തമൊന്നുബലമായ്മുറുകെപ്പിടിച്ചു. ൮

മുത്താർന്നുഞങ്ങളുഥകച്ചവടംതുടങ്ങി,
വിത്താർജ്ജനത്തിലതിലുംപരിഭൂതനായ്ഞാൻ;
നിത്യംവരുന്നവർചരക്കുകളെന്റെവാങ്ങും,
സത്യംസഹോദരനുമൂല്യമഹോലഭിക്കും. ൯

അല്പംമുദാമദിരയുണ്ടുമദിച്ചുപോലീസ്സ്
ശിപ്പായിതന്റെതലസോദരനൊന്നുടച്ചു;
അപ്പോളുംപിടിച്ചുതടവിൽപുനരെന്നെവെച്ചു,
കെല്പോടെനിക്കുവരമഹോപിഴയുംവിധിച്ചു. ൨൦

താപപ്രദംസമതയെന്നുടെഗേഹവാസ
മാപത്തിലാക്കിയതുപാക്കിലതീവചിത്രം;

ഹാ! പക്ഷനിൎണ്ണയമിയന്നിവനെക്കൊതിച്ചാ
ശ്രീപക്ഷ്മളാക്ഷിമമസോദരകൈപ്പിടിച്ചു. ൧൧
ഏവംകഴിഞ്ഞു ബഹുനാളഥ ഞാൻമരിച്ചു,
കൈവന്നഖേദമൊടു സോദരനൊന്നുറങ്ങി;
ഹാ! വന്നു സോദരനെ ബന്ധുജനം വലിച്ചു,
ദൈവേച്ഛതന്നെ, കുഴിയിൽപിഴയാതെമൂടി. ൧൨

സി. ഗോവിന്ദൻ ഇളയേടം.

---

## ബാലാകലേശം

ഇനി നായകപ്രശ്നത്തിന്റെ ഉത്തരമാകട്ടെ.

'ത്യാഗീകൃതീകുലീനഃ
സുശ്രീകോരൂപയൌവനോത്സാഹീ
ദക്ഷോനുരക്തലോക-
സ്തേജോവൈദഗ്ദ്ധ്യശീലവാന്നേതാ'

ദാനം, വീൎയ്യം, കുലീനത്വം, ഐശ്വൎയ്യം, സൌന്ദൎയ്യം, യൌവ്വനം, ഉത്സാഹം, സാമൎത്ഥ്യം, പ്രജാരഞ്ജനം, തേജസ്സ്, സദ്വൃത്തം, ഈ ഗുണങ്ങളുള്ളവനാകുന്നു നായകൻ.

ബാലാകലേശം ഒന്നാമങ്കത്തിൽ 'ഞാൻ ഇപ്പോൾ നാട്ടുപക്ഷികളേയും വളൎത്തിവരുന്നതു ഭവതി കാണുന്നില്ലേ?' എന്നും മററുമുള്ള കലേശോക്തികളും കാൎയ്യബോധമുള്ള പ്രജകളുടെ അഭിപ്രായങ്ങളും 'ത്യാഗാ'ദി നായകഗുണങ്ങൾക്ക് സാമാന്യ ദൃഷ്ടാന്തങ്ങൾ ആകുന്നു. വിശേഷിച്ചു പറയുമ്പോൾ നേതാവ് ധീരോദാത്തനുമാണ്.

'അവികത്ഥനഃ ക്ഷമാവാ-
നതിഗംഭീരോമഹാസത്വഃ
സ്ഥേയാന്നിഗൂഢമാനോ
ധീരോദാത്തോദൃഢവ്രതഃ കഥിതഃ'

ആത്മശ്ലാഘയില്ലാത്തവനായി ക്ഷമാവാനായി ഔദാൎയ്യ

വാനായി സുഖദുഃഖാദികളിൽ സമസ്ഥിതിയായി കമ്മത്തിൽ ഉറപ്പുള്ളവനായി വിനയംകൊണ്ട് ഗവ്വത്തെ അടക്കുന്നവനായി തുടങ്ങിയതിനെ മുടങ്ങാതെ നിവ്വഹിക്കുന്നവനായിരിക്കുന്നവനാകുന്നു ധീരോദാത്തൻ.

പ്രസ്തുതനാടകത്തിൻെറ ഏതുഭാഗം നോക്കിയാലും നായകൻെറ ആത്മശ്ലാഘാവൈമുഖ്യം സ്ഫുടീഭവിക്കുന്നതിനാൽ, 'അവികത്ഥന'ത്വവും, ബാലയുടെ ആരോഗ്യദിദൃക്ഷയിൽ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു എങ്കിലും 'ക്ഷമ'യും, നൃത്യാദിശ്രവണങ്ങളിൽ സന്തോഷാദികളാൽ അനഭിഭൂതനായിരുന്നതിനാൽ 'മഹാസത്വ'ാദികളും ഘടിച്ചിട്ടുണ്ട്.

നായികസ്വീയയാകുന്നു.

'വിനയാർജ്ജവാദിയുക്താ
ഗൃഹകമ്മപരാപതിവ്രതാസ്വീയാ'

സത്യം, ഗാർഹസ്ഥ്യം, പാതിവ്രത്യം, മുതലായ ഗുണങ്ങൾ ഉള്ളവൾ ആകുന്നു സ്വീയ.

സുനീതി, കുന്നലക്കോൻ മുതലായവരോടുള്ള ബാലയുടെ സംഭാഷണത്തിൽ 'വിനയ'വും ഉദ്യോഗനിയമനം, സ്വപുത്രപരിപോഷണം മുതലായ വിഷയങ്ങളിൽ കലേശനോട് സ്വാഭിപ്രായം തുറന്നുപറയുന്നതിനാൽ ആജ്ജവത്വാദികളും പ്രകാശമാനങ്ങൾതന്നെ. ഭാവ,ഹാവ, ഹേലാദികളായ നായികാലംകാരാദികളിൽ ആവശ്യമുള്ളത് ബാലാറാണിയിൽ പ്രതിഫലിച്ചിരിക്കുന്നു. സാഹിത്യരസികന്മാരുടെ കണ്ണിൽ തെളിഞ്ഞുകാണുന്ന ആ ഗുണങ്ങളെ എഴുതിക്കാണിക്കേണ്ട വൃഥാഭാരം ഞാൻ വഹിക്കുന്നില്ല.

ലക്ഷണ വിചാരത്തിനുശേഷം, 'ഇതിലെ കഥാവസ്തു തന്നെ ലോകാവസ്ഥയെ അനുകരിക്കുന്നില്ല' എന്നു നിരൂപണകത്താവ് പരിച്ഛേദിക്കുന്നു. കഥാവസ്തുവിൽ അലൌകിക ബുദ്ധി വന്നത് ചിന്തനയുടെ തരക്കേടുകൊണ്ടും ആകാം. സ്ഥൂലവിചാരം കൊണ്ടുമാത്രം ഖണ്ഡിച്ചു തള്ളാൻ പാടില്ലാത്ത

ഗ്രന്ഥങ്ങൾ അധികം ഉണ്ടെന്നു തോന്നുന്നില്ല. സൂക്ഷ്മചിന്തനത്തിൽ ഗ്രാഹ്യങ്ങളുടെ തുകയും അനല്പമായിരിക്കും എന്നുള്ളതും സർവ്വസമ്മതമാകുന്നു. "ഭാര്യയുടെ രോഗശമനം വരുത്തുവാൻ ഉദ്ദേശിക്കുന്ന കലേശൻ (നായകൻ) 'രോഗശമനത്തിനു യത്നിച്ചില്ല.' ഫലസിദ്ധി ലഭിച്ചില്ല." എന്നൊക്കെ ലേഖകൻ ഘോഷിക്കുന്നു. പ്രകൃത നായികയായ ബാല, അപ്രകൃതത്തിൽ മേദിനി, നായകൻെറ അപ്രകൃതത്തിൽ തിരുമേനിയുടെ അവലോകനത്തിനു പ്രഥമാധീനയായിരുന്ന കാലത്ത് ക്ഷാമാവിഷ്ട = ചടച്ചവൾ, അപ്രകൃതത്തിൽ ജ്വരാദി ബാധിതയായിരുന്നു എന്നും, ജ്വരാദികൾക്കു ശമനം വരുത്തുവാൻ തിരുമനസ്സിലെ യത്നം ഉണ്ടായിട്ടുണ്ടെന്നും ആ യത്നം വേണ്ടുംവണ്ണം ഫലിച്ചിട്ടുണ്ടെന്നും സ്പഷ്ടമാകുന്നു.

ബാലാചരിതവ്യാജേന രാജ്യഭാരത്തെ വിഷയീകരിച്ചു കഥ നടത്തിയിട്ടുള്ളതിൻെറ സാരം ധരിച്ചിട്ടും നിരൂപകൻ ചിലപ്പോൾ അപ്രകൃതത്തിലേക്കു തിരിഞ്ഞു നോക്കുകപോലും ചെയ്യാഞ്ഞത് വളരെ ദയനീയമായിരിക്കുന്നു.

ചിലപ്പോൾ പ്രകൃതത്തെ മാത്രവും, ചിലപ്പോൾ അപ്രകൃതത്തെ മാത്രവും അവലംബിച്ച തരംപോലെ ലേഖകൻ ചെയ്തിരിക്കുന്ന ഖണ്ഡനകൾ ഇനിമേൽ പലേടത്തും കാണാം. സൂക്ഷ്മവും ഉദ്ദിഷ്ടവും ആയ അർത്ഥത്തെ പ്രമാണിക്കുവാൻ ഉള്ളിടിക്കിൽ സ്ഥൂലാർത്ഥത്തെ മാത്രം സ്വീകരിച്ച് അതിൽ എണ്ണമില്ലാഭിപ്രായങ്ങളായിക്കാണുന്ന ദോഷഭാഗങ്ങളെ വാചാലതയാകുന്ന ഭൂതക്കണ്ണാടിയിൽ കൂടി ആനത്തലയോളം മുഴപ്പിച്ച് കാണിച്ചുകൊടുക്കുന്ന നിരൂപകന്മാർ സർവ്വോൽക്കർഷേണ വർത്തിക്കുന്ന കാലത്ത് മിസ്റ്റർ രാമകൃഷ്ണപ്പിള്ള ഭേദം.

"ജലനിധിയുമചലവരനോടു ചൊല്ലീടിനാൻ
ചെന്നുനീ സൽക്കരിക്കേണം കപീന്ദ്രനെ."

എന്നും മാറുമുള്ള പാഠങ്ങളെ ഉദ്ധരിച്ച് രാമായണാദി പരിശുദ്ധ പുരാണങ്ങളെ ചിലർ ഖണ്ഡിച്ചിട്ടുണ്ടു

ന്നു. തന്മൂലം മുഗ്ദ്ധന്മാരായ ചില സാധുക്കൾപോലും താദൃശ പുസ്തകപാരായണങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നു. വ്യുല്പത്തി ദാർഢ്യമില്ലാത്തവരും പരമാത്മവിചാരത്തിൽ അനിപുണന്മാരുമായ അനാസ്തിക്യ ബുദ്ധികളുടെ ദുർവ്യാഖ്യാ വിഷാനല ജ്വാലകൊണ്ടു സാധുക്കൾ മൂർഛിച്ചുപോകുന്നതും പക്ഷേ യുഗധർമ്മം എന്നു ഗണിക്കാം. മിസ്റ്റർ രാമകൃഷ്ണപിള്ള അത്തരം വ്യാഖ്യാതാക്കളെ അനുസരിച്ചു കടുംകൈ ചെയ്തുപോയതിൽ എനിക്കു അദ്ദേഹത്തോടു അനുകമ്പ തോന്നുന്നു.

'വാസ്തവത്തിൽ അവിച്ഛിന്നമായ ഒരു കഥാവസ്തു ഇതിനുള്ളിലൂടെ കടന്നുപോകുന്നില്ല.' ഇങ്ങനെ മിസ്റ്റർ രാമകൃഷ്ണപിള്ള പറയുന്നതാണ് എനിക്കു സങ്കടം. മറ്റുള്ളവർ എങ്ങനെ പറഞ്ഞാലും ഞാൻ അത്രതന്നെ സങ്കടപ്പെടുന്നില്ല. പിത്തപ്രകൃതികൾ ശുഭ്രവസ്തുക്കളിൽ പീതത്വം ആരോപിക്കട്ടെ; ആ വസ്തുതത്വം അറിയാത്തവരെ അവർ വ്യാമോഹിപ്പിക്കട്ടെ; എന്നാൽ കാര്യസാരം അറിയുന്ന മിസ്റ്റർ പിള്ളയെപ്പോലെയുള്ളവർ ഇങ്ങനെ തുടങ്ങിയാൽ അതു സഹ്യമായിത്തീരുകയില്ല എന്നേ എന്റെ സങ്കടത്തിന്നർത്ഥമുള്ളു. 'വാസ്തവത്തിൽ'— എന്നു മിസ്റ്റർ പിള്ള പറഞ്ഞില്ലെങ്കിൽ, ഇങ്ങനെ എഴുതുവാൻ മിസ്റ്റർ പിള്ളയുടെ തന്നെ തൂലികയും ചലിക്കുമോ എന്നുള്ളതു സന്ദേഹ ഗോചരം തന്നെ. 'മൂന്നങ്കങ്ങളും നായകനെ സംബന്ധിച്ച കഥാപ്രസംഗം കലർന്നവയാണ്.' എന്നു സമ്മതിക്കുന്നുണ്ടെങ്കിലും, ഉടനെ 'മുമ്പു മുമ്പുള്ളവ, പിമ്പു പിമ്പുള്ളവയിൽനിന്നു കാര്യകാരണനിയമപ്രകാരം സംഭവിക്കുന്നതായിരിക്കുന്നില്ല' എന്നും പറഞ്ഞിട്ടുണ്ട്. 'കാര്യകാരണനിയമം എന്താണ്, ഭാസാകവി അതിനെ ലംഘിച്ചപ്രകാരം എങ്ങനെ?' എന്നൊക്കെ വ്യഷ്ടിയായി പറയാതെ സമഷ്ടിയായി വല്ലതും പറഞ്ഞിട്ടുള്ളതിന്ന് എനിക്ക് ഒന്നും പറയാനില്ല.

'കൃഷ്ണമേനവന്റെയും നമ്പൂരിയുടേയും സംഭാഷണം ക്രേ

വലം ഒരു പ്രവേശകത്തിന്റെ നിലയിൽ ഉള്ളതല്ലാതെ, ഒരങ്കമെന്ന വിഭാഗത്തെ അൎഹിക്കുന്നതല്ല'പോലും.

മഹാരാജാവിന്റെ രാജ്യഭാരപ്രകാരങ്ങൾ തത്തദ്രൂപങ്ങളായി രംഗത്തിൽ പ്രയോഗിക്കുമ്പോൾ സംഭവിക്കാവുന്ന ബുദ്ധിമുട്ടുകളേയും അനൗചിത്യത്തേയും കുറിച്ചു സ്വപ്നേപി വിചാരിക്കാതെയിരുന്ന നിരൂപകനോടു ഞാൻ എന്തു പറയട്ടെ. പ്രൌഢങ്ങളും സൎവ്വതോമുഖങ്ങളുമായ രാജ്യഭാരപ്രകാരങ്ങളേയും രാജഗുണങ്ങളേയും നാടകരൂപത്തിൽ ജനസമുദായത്തിലേക്കു സ്ഫുടീഭവിപ്പിച്ചു കൊടുക്കേണ്ടിവരുമ്പോൾ സൌകൎയ്യവും ഔചിത്യവും വേണമെങ്കിൽ, ബാലാകലേശം രണ്ടാമങ്കം സംഭാഷണഘട്ടത്തിന്റെ രീതി അനുപാദേയമല്ലെന്നുള്ളതു കവിജനൈകവേദ്യമാകുന്നു.

'നഹിവന്ധ്യാവിജാനാതി
ഗുൎവ്വീം പ്രസവവേദനാം'.

'ഇങ്ങിനെ നോക്കിയാൽ ......................................
...... . . . . . . . . . . . . . . . . . . . . . . . . . നാടകമായി ഗണിക്കാൻ പാടില്ലെന്നു നിശ്ചയമാകും'.

അങ്ങനെ നോക്കിയാൽ മതിയോ? ബാലാകലേശം രാജ്യഭാരവിഷയകമായ ഒരു പ്രബന്ധമല്ലെ? അതിൽ രാജ്യഭരണപ്രകാരങ്ങൾ എങ്ങനെ പ്രതിപാദിച്ചിരിക്കുന്നു എന്നല്ലയോ നോക്കേണ്ടിയിരുന്നത്?

ബാലാകലേശത്തെ സംസ്കൃതനാടകശാസ്ത്രപ്രകാരം നാടകമായി ഗണിപ്പിക്കാതിരുന്ന നിരൂപകൻ അതിനെ കൂത്തും കഥകളിയും കാണിച്ച് അവിടെയെങ്ങും നിറുത്താതെ, ശീമയ്ക്കു കൊണ്ടുപോകുന്നു. ശീമയ്ക്കുകൊണ്ടുവെച്ചാൽ, ഇംഗ്ലീഷ് നാടകങ്ങളോട് ഒത്തുനോക്കുവാൻ എന്നൎത്ഥം. ഒത്തുനോട്ടത്തിൽ അവശ്യങ്ങളായ രണ്ടു മൂന്നു ഐകരൂപ്യങ്ങൾ ഇല്ലാത്തതിനാൽ അവിടെനിന്നും നിരസിച്ചുകളയുന്നു.

ഈ നിരസനം തന്നെ ശരിയാണോ എന്നാണ് ഇവിടെ

വിചാരിക്കുവാനുള്ളത്. ഇംഗ്ലീഷ്നാടകങ്ങൾക്ക് അവശ്യം ഉണ്ടാകേണ്ടതായ ഐക്യത്രയങ്ങളിൽ ദേശൈക്യം ബാലാകലേശത്തിന്നു നിരൂപകൻ തന്നെ സമ്മതിച്ചതന്നിട്ടുണ്ട്. മററു രണ്ടു വക ഐകരൂപ്യങ്ങളെപ്പററിയാകുന്നു വിസമ്മതമുള്ളത്.

അതീതങ്ങളും വിദൂരഭാവികളും ആയ കാലങ്ങളുടെ വ്യവഹാരം അപരിച്ഛിന്നസ്വപ്രകാശരൂപങ്ങളായ ദേവയോനിവിശേഷങ്ങളുടെ പക്ഷത്തിൽ ദോഷമായിരിക്കന്നില്ലെന്നു ലേഖകൻ ധരിക്കേണ്ടതായിരുന്നു. ഇവിടത്തെ അപരിച്ഛിന്നസ്വപ്രകാശരൂപി 'ബാലാ'ശബ്ദംകൊണ്ടു നിർദ്ദിഷ്ടയായ ഗൌരീദേവിതന്നെ; അതായതു കൊച്ചി.

ആന്തരാത്മവിഷയത്തിലെ വ്യാപാരൈക്യം ഈ നിവേദനത്തിൽ പ്രക്ഷിപ്തമായിട്ടുണ്ടെന്നുള്ളതും തക്ക സമാധാനം തന്നെ. ഇംഗ്ലീഷ്നാടകത്തിൽനിന്ന് കഴിച്ചു വിട്ട ബാലാകലേശത്തെ അതിനോടുള്ള അനുകമ്പകൊണ്ടാണെന്നു തോന്നും അദ്ദേഹം പാണ്ടികളുടെ തമിഴനാടകത്തിലോളം ചുമന്നുകൊണ്ടു വന്നിരിക്കുന്നു! തമിഴനാടകങ്ങളുടെ തോതു വച്ചുനോക്കിയതിൽ ബാലാകലേശം തമിഴനാടകങ്ങളോടും ശരിയല്ലത്രെ.

ഭരതൻെറ അടുക്കൽനിന്നു തെററി ചാക്യാന്മാരുടെയും നമ്പ്യാന്മാരുടെയും കൂത്തരംഗങ്ങളിൽ കളിഞ്ഞുനോക്കി ശീമയ്ക്കു കപ്പൽ കയറി അലഞ്ഞുതിരിഞ്ഞു തമിഴനാടകത്തിൽ വന്നിരിക്കുന്ന സാധു! ബാലാകലേശം, നാടകത്തിൽ അല്ലെങ്കിൽ ആകാശത്തിൽ അങ്ങനെ നിൽക്കട്ടെ.

നമുക്ക് അവശിഷ്ടനിരൂപണങ്ങളെപ്പററി വിചാരിക്കുക.

'ബാലാകലേശത്തെ' നാടകസ്ഥാനത്തിൽനിന്നു ബഹിഷ്കരിക്കുവാൻവേണ്ടി തമിഴനാടകക്കാർ ഭരതശാസ്ത്രത്തെ അനാദരിച്ചിട്ടില്ലെന്നു മിസ്റ്റർ പിള്ള പറഞ്ഞിരിക്കുന്നു.

അതാണ് പുതുമ!

'പ്രത്യക്ഷതേതൃചരിതോ . . . . . . . .

. . . . . . . . . ' 'അനവശ്യകാനാംകാര്യാണാം

മവിരോധാദിനിൎമ്മിതഃ

. . . . . . . . . . .'

എന്നീ ശാസ്ത്രലക്ഷണങ്ങളെ വന്നപടിയല്ലാതെ കാൎയ്യമായിട്ടു അനുസരിക്കുകയോ

'. . . . . . . വധോയുദ്ധം
രാജ്യദേശാദിവിപ്ലവഃ
വിവാഹോഭോജനംശാപോ
ത്സൎഗ്ഗൌമൃത്യുരതംതഥാ
ദന്തച്ഛേദ്യംനഖച്ഛേദ്യം
അന്യദ്വ്രീഡാകരംചയൽ
ശയനാധരപാനാദി
നഗരാദ്യവരോധനം

സ്നാനാനുലേപനേ'ത്യാദി വിധികളെ സൂക്ഷ്മബുദ്ധ്യാ നിരസിക്കയോ തമിഴനാടകക്കാർ ചെയ്തിട്ടില്ല. നാട്യശാസ്ത്രത്തിൽ അങ്കപദത്തിൻെറ നിരുക്തി പറയപ്പെട്ടിരിക്കുന്നതിങ്ങനെയാണു്.

'അങ്ക ഇതിരൂഢിശബ്ദോ
ഭാവൈശ്ചാൎത്ഥൈശ്ചരോഹയത്യൎത്ഥാൽ
നാനാവിധാനയുക്തോ
യസ്മാത്തസ്മാൽഭവേദങ്കഃ'

ഈ വക നിഷ്കൎഷകളേയും ന്യായമായി തമിഴനാടകക്കാർ മിക്കപേരും ആദരിച്ചിട്ടില്ലെന്നുള്ളതിന്നു തമിഴനാടകങ്ങൾ ദൃഷ്ടാന്തങ്ങളായിരിക്കുന്നുണ്ടു്.

താരാശശാങ്കം മുതലായ തമിഴനാടകങ്ങളിൽ ഉള്ള അസഭ്യശൃംഗാരപ്രകടനങ്ങൾ ഭരതശാസ്ത്രത്തെ ആദരിച്ചതാണെന്നു നിശ്ശങ്കം എഴുതിപിടിപ്പിക്കുന്നതു ധൈൎയ്യത്തിൻെറ ലക്ഷണമാണെങ്കിൽ സമ്മതിക്കേണ്ടതു തന്നെ.

ശൃംഗാരരസത്തെ ആഭാസരീതിയിൽ അതിരുചിക്കി കവിഞ്ഞു അഭിനയിക്കുന്ന ചിലരും അവരുടെ നാടകങ്ങളും ന്ദ

മിത്തം ദുർമ്മാർഗ്ഗഗാമിയായി പോകുന്ന യുവലോകത്തെപ്പറ്റി എത്ര സമസൃഷ്ടിപ്രിയന്മാരാണ് ദുഃഖിക്കുന്നത്!! ഈത്തരം കാര്യങ്ങളിൽ ഒരു ദോഷൈകദൃക്കിൻെറ കണ്ണിൽ വെള്ളെഴുത്തു വരുന്നത് സ്വമതസ്ഥാപനത്തിൻെറ തിരക്കുകൊണ്ടല്ലെങ്കിൽ, പിന്നെ എന്തുകൊണ്ടായിരിക്കും?

ബാലാകലേശം ഒരു നാടകമല്ലെന്നു വരുത്തിക്കൂട്ടിയതിൻെറശേഷം, സാഹിത്യലോകത്തിൽ വേറെ എന്തെങ്കിലും ഒരു പദം അതിന്നു അനുവദിച്ചു കൊടുക്കുവാൻ നോക്കുന്നു. ഇപ്പോളാണെല്ലോ ബാലാകലേശത്തിൻെറ വൈലക്ഷണ്യങ്ങൾ മിസ്റ്റർ രാമകൃഷ്ണപ്പിള്ളയുടെ ദൃഷ്ടിഗോചരങ്ങളായത്. ഈ വേളയിൽ മിസ്റ്റർ പിള്ളയെ ഘോരതരമായ പ്രാചാലതാരക്ഷസ്സ് ബാധിച്ചതുപോലെ അദ്ദേഹം പ്രകൃതപുസ്തകത്തെ ഒരു ജീവിയോടു താരതമ്യപ്പെടുത്തുന്നതു നോക്കുക.

'ഈശ്വരസൃഷ്ടിയിൽ പെട്ടതായ ഒരു ജീവി.. ...... ........ എന്നാലും അതിന്ന് മനുഷ്യൻെറ കൈകളും, കുതിരയുടെ കാലുകളും, കുരങ്ങിൻെറ തലയും, ആനയുടെ തുമ്പിയും, സർപ്പത്തിൻെറ വാലും, ഇങ്ങനെ ഓരോരോ അവയവങ്ങൾ ഓരോരൊ ജന്തുക്കളുടേതായിരുന്നാൽ അതു പ്രകൃതിയുടെ വികൃതിയാണെങ്കിലുംകൂടി അതിന്നു ജന്തുലോകത്തിൽ പ്രത്യേകമായൊരു സ്ഥാനം അനുവദിക്കാവുന്നതാണെല്ലോ. അതിന്നൊന്നും നാടകലക്ഷണങ്ങൾ തികയാത്തതിനാൽ....................................................

.........................................................................................................

.......................................ബാലാകലേശവും അങ്ങനെ വിശേഷമായ ഒരു പദത്തെ അർഹിക്കുന്നുണ്ടെന്നു സമ്മതിക്കാം.'

അഭൂതപൂർവ്വവും അസംഭാവ്യവുമായ ഒരു സൃഷ്ടിയുടെ ഉപമേയസ്ഥാനത്തിൽ ബാലാകലേശത്തെ തള്ളിയിട്ട് അധിക്ഷേപവർഷം ചെയ്യുന്ന മിസ്റ്റർ രാമകൃഷ്ണപിള്ള ഒരു ഒന്നാംതരം ബി. എ. സാഹിത്യനായകൻ; ഭാഷക്കുവേണ്ടിമാത്രം അദ്ദേഹം പറഞ്ഞതാണെന്നു വരുന്ന പക്ഷവും, അത്തരം നിരൂപണം

ഉപകാരകാരകമാകുമെങ്കിലും, ഞാൻ ഭാഷയ്ക്കു ഗുണം ചെയ്തു.

അഥവാ ഒരു സൃഷ്ടിവിലക്ഷണമാകട്ടെ. എന്നാൽ അതു സഗുണമായിരിക്കുന്ന പക്ഷം, അതിന്നു പൂജ്യതയുണ്ടെന്നുള്ളതും സമ്മതിക്കേണ്ടി വരുമല്ലൊ.

അഹങ്കാരപ്രമത്തനായ ഹിരണ്യകശിപുവിന്റെ ഉരോവിദാഹരണം ചെയ്വാൻ ഭഗവാൻ അവലംബിച്ചവേഷംതന്നെ പ്രകൃതിയുടെ ഒരു വികൃതിയല്ലെ?. അതുപോലെ അജ്ഞാനരാക്ഷസനെ നിഷ്കാസിക്കുവാൻ ബാലാകലേശവികൃതി ഉണ്ടായതാണെന്നു നിരൂപകന്നു തോന്നാഞ്ഞത് ഇനിയും ഹിന്തുക്കളുടെ കഷ്ടകാലം തീൎന്നുവരുവാൻ താമസമുള്ളതു കൊണ്ടായിരിക്കും.

'ജ്ഞാനാനന്ദമയംദേവം
നിൎമ്മലസ്ഫടികാകൃതിം
ആധാരംസൎവവിദ്യാനാം
ഹയഗ്രീവമുപാസ്മഹേ'

വിദ്യാൎത്ഥികളുടെ ഉപാസനാമൂൎത്തി ഹയഗ്രീവനായതുകൊണ്ട് എന്തുതന്നെ ഹാനിയുണ്ടാകുന്നു.

അതൊക്കെയിരിക്കട്ടെ. നമ്മുടെ വിഘ്നേശ്വരൻതന്നെ ഗുണങ്ങളുടെ ആലയനാണെങ്കിലും ഗജാനനനാണല്ലൊ? അതുകൊണ്ട് ആ വികൃതിയെ തമിഴനാടകത്തിലേയും മററും വിദൂഷകന്മാരൊഴികെ വല്ലവരും പരിഹസിക്കുന്നുണ്ടൊ? കിന്നരന്മാരും കിന്നരികളുമൊക്കെ പ്രകൃതിയുടെ സുകൃതികൾ അല്ലെങ്കിലും, അവരുടെ അധിവാസംകൊണ്ട് ചില ഭൂമികൾക്കു മാഹാത്മ്യം പറഞ്ഞുകാണുന്നുണ്ടല്ലൊ. കാവ്യങ്ങളിൽ പ്രധാനമായ മാഘവും കവികളിൽ പ്രമാണിയായ കാളിദാസരും അവരെ പലേവിധംസ്തുതിച്ചിട്ടുള്ളത് മറക്കത്തക്കതാണോ? അഥവാ മിസ്റ്റർ പിള്ള പറയുംപോലെ ഒരു സൃഷ്ടിയുണ്ടാകുമെങ്കിൽ, മഹാശ്ചൎയ്യകൃതിയാകേണമല്ലൊ?.

'മനുഷ്യന്റെ കൈകളും'– മനുഷ്യൻ മനുസന്തതി ഇവി

ടെ സംജ്ഞാശ്രയമായ വ്യക്തനിർദ്ദേശമില്ലെങ്കിലും, ബാഹ്യവ്യായമായ 'കൈ' പ്രയോഗമുള്ളതുകൊണ്ട് ക്ഷത്രിയന്റെ അംശം ഊഹിക്കാം. 'കുതിരകളുടെ കാലുകൾ' തദ്രൂപത്തിലുള്ള ദേവയോനിവിശേഷാംശത്തേയും, 'കുരങ്ങിന്റെ തല' ശ്രീമാൻ ഹനൂമാന്റേയും, 'ആനയുടെ തുമ്പിക്കൈ' ഗണേശപരന്റേയും, സർപ്പത്തിന്റെ വാല് വാസുകിയുടെയും അംശങ്ങളെ സ്മരിപ്പിക്കുന്നതിനാൽ അത്തരം ഒരു സ്വരൂപിക്കു ഏതു ക്ഷേത്രത്തിലും പ്രതിഷ്ഠ ലഭിക്കേണ്ടതാണ്.

നരസിംഹംമുതലായ സകല ബ്രഹ്മസ്വരൂപങ്ങൾ മൂഢഭക്തന്മാരുടെ മാംസേക്ഷണങ്ങളിൽ എങ്ങനെ തോന്നിയാലും, ജ്ഞാനികളുടെ സൂക്ഷ്മദൃക്കിൽ സത്യം വെളിപ്പെടുമ്പോൾ വികൃതി സുകൃതിയാകാതെയിരിക്കയില്ല.

(തുടരും)

കെ. പി. കറുപ്പൻ.

---

ജംഭപ്രദ്വേഷിമുമ്പിൽത്രിദശസദസിനാൻ
 കീർത്തിപൂരങ്ങൾവീണാ
ശ്രുംഭൽപാണൌമുനൌഗായതിസുരസുദൃശാം
 വിഭ്രമം ചൊല്ലവല്ലേ
കുമ്പിട്ടാളുർവശിപ്പെണ്ണ,കമതിളകിയൊ-
 നക്കണക്കുത്തഴിഞ്ഞു
രംഭേയ്ക്കു,ഞൊറുവട്ടംകബരിതിരുകിനാൾ

 മേനകാ മാനവേന്ദ്ര!.

(പൂനം നമ്പൂരി, 'സ്വർഗ്ഗത്ത്' ഭവനത്തിൽനിന്ന്, ഒരു ദിവസം മുറുക്കിച്ചുവപ്പിച്ചു വല്ല തേപ്പാനുള്ള സാമാനങ്ങളുമായി അമ്പലക്കുളത്തിലേക്കു പുറപ്പെട്ട സമയം, സാമൂതിരിപ്പാട്ടിന്നു ക്ഷേത്രത്തിൽ തൃക്കൺപാർത്തു കോവിലകത്തേക്ക് എഴുന്നള്ളുകയായിരുന്നു. 'അല്ലാ, നമ്പൂരി സ്വർഗ്ഗത്തുന്ന് ഇപ്പോൾ പുറപ്പാടേ ആയുള്ളൂ. എന്താ ഇയ്യിടെ സ്വർഗ്ഗത്തിലെ വിശേ

ഷം?' എന്നു തിരുമനസ്സുകൊണ്ടു ചോദിച്ചതിന്നു, നിന്നനിലയിൽ, നമ്പൂരി കൊടുത്ത മറുവടിയാണ് മേൽ കാണിച്ച ശ്ലോകം എന്നൊരു ഐതിഹ്യമുണ്ട്.)

---

## ചില സന്ദേഹങ്ങൾ

---

### അദ്ധ്യാത്മരാമായണം കിളിപ്പാട്ട.

(കെ. പരമേശ്വരമേനോൻ അവർകൾ)

---

ബാലകാണ്ഡം

൧. ശ്രീരാമാവതാരസമയത്തെ ഗ്രഹസ്ഥിതികൾ പറഞ്ഞിട്ടുള്ളതിൽ ബുധനൊഴികെയുള്ള ഗ്രഹങ്ങളുടെ സ്ഥിതികൾ മാത്രമേ കാണുന്നുള്ളു. ബുധനേതുരാശിയിൽ ആയിരുന്നു?

അയോദ്ധ്യാകാണ്ഡം

൨. ദശരഥമഹാരാജാവ, മാതുലനെ കാണ്മാൻ പോയിരുന്ന ഭരതശത്രുഘ്നന്മാരെ വരുത്താതെ, അത്ര തെരക്കായിട്ടു രാമാഭിഷേകം നിശ്ചയിപ്പാൻ കാരണമെന്ത്?

൩. രാമാഭിഷേകം നിശ്ചയിച്ച മദ്ധ്യേ, രാമനെ വനവാസത്തിന്നയയ്ക്കേണമെന്നും ഭരതനെ അഭിഷേകം ചെയ്യേണമെന്നും കൈകേയി ചെയ്ത വരാപേക്ഷപ്രകാരം, രാമനോടു വനവാസം ചെയ്യേണമെന്നു ദശരഥൻ നേരിട്ടു പറഞ്ഞില്ലെങ്കിലും, പിതാവിനെ സത്യസന്ധനാക്കേണ്ടതു പുത്രകൃത്യമാണെന്നു കരുതി, രാമൻ വനവാസത്തിന്നു പോയ അവസരത്തിൽ, ഭരതാഭിഷേകത്തെപ്പററി ദശരഥൻ യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. അതിന്നു സംഗതിയെന്ത്?

സ്വതേതന്നെ വാൎദ്ധക്യപീഡിതനും, വിശേഷിച്ചു തൽകാലം രാമവിയോഗദുഃഖംകൊണ്ടു കൃത്യാകൃത്യവിമൂഢനും ആയിത്തീൎന്നതിനാൽ, ദശരഥമഹാരാജാവ് കാൎയ്യങ്ങൾ നടത്തുന്നതിന്ന് അപ്രാപ്തനായിട്ടാണെങ്കിൽ, പിതൃവിധേയനായ രാ

മൻ തന്നെ ഭരതാഭിഷേകം നടത്തിച്ചിട്ടല്ലേ വനവാസത്തിന്നു പോകേണ്ടത്? കൈകേയിയുടെ വരദ്വയദാനംകൊണ്ടല്ലാതെ അച്ഛൻ സത്യസന്ധതയുണ്ടാകുന്നതല്ലല്ലോ. അച്ഛനെ സത്യസന്ധനാക്കാനായി താൻ എന്തും പ്രവൎത്തിക്കാനൊരുക്കമാണെന്നു പ്രതിജ്ഞ ചെയ്ത രാമൻ, തന്റെ വനവാസംപോലെ തന്നെ പ്രധാനമായ ഭരതാഭിഷേകവും കൂടി സാധിപ്പിക്കാൻ കടപ്പെട്ടവനല്ലേ?

പിന്നെ ദശരഥരാജാവു മരിച്ചിട്ടു ഭരതൻ രാമാനയനത്തിന്നായി വനത്തിൽ ചെന്നപ്പോൾ, ഭരതൻ അഭിഷേകം ചെയ്തു രാജാവായി വാഴുന്നതല്ലെന്നു ശാഠ്യംപിടിച്ച രാമപ്രതിനിധിയായി രാജ്യം രക്ഷിക്കാമെന്നു സമ്മതിച്ചപ്രകാരം, രാജസിംഹാസനത്തിൽ വെയ്ക്കാനായി തന്റെ പാദുകങ്ങളെ കൊടുത്തയച്ചതുകൊണ്ടു രാമൻതന്നെ രാജ്യസ്വീകാരം ചെയ്തുവെന്നു വിചാരിപ്പാനല്ലേ യുക്തി? അതല്ലാ, ഭരതൻ രാജ്യം സ്വീകരിക്കുന്നതല്ലെന്നു ശാഠ്യം പിടിച്ചതിനാൽ രാജ്യത്തിന്ന് അരാജകത്വം വന്നുപോകുമെന്നു ഭയപ്പെട്ടിട്ടാണെങ്കിൽ, ഭരതൻ, അച്ഛന്റെയും ജ്യേഷ്ഠന്റെയും ഹിതത്തിന്നും ധൎമ്മത്തിന്നും വിപരീതം പ്രവൎത്തിക്കുന്ന ഒരു ദുസ്വഭാവിയാണെന്നു വരുന്നതല്ലേ?

൪. കൈകേയി ദശരഥനോടു ചോദിച്ച രണ്ടു വരങ്ങളിൽ ഒന്നു രാമന്റെ വനവാസവും മറ്റേതു ഭരതന്റെ അഭിഷേകവുമാണല്ലോ.

ഇതിൽ ഭരതന്നു രാജ്യലാഭം വേണമെന്നുള്ളതാണ് കൈകേയിയുടെ പ്രധാനോദ്ദേശ്യമെങ്കിൽ, രാമനെ വനവാസം ചെയ്യിച്ചിട്ടാവശ്യമെന്ത്? ഭരതാഭിഷേകത്തിന്നു രാമൻ വിരോധിയായിത്തീരുവാനിടയുള്ളതിനാൽ, സ്വപുത്രന്നു രാജ്യം നിസ്സപത്നമായി വരുന്നതിലേക്കുവേണ്ടിയാണ് രാമന്റെ വനവാസവുംകൂടി ആവശ്യപ്പെട്ടത് എന്നു വിചാരിക്കുന്നതാണെങ്കിൽ, രാമനെ ജീവപൎയ്യന്തം നാടുകടത്തുവാനല്ലെ ആവശ്യപ്പെടേ

ണ്ടത്? പതിന്നാലു സംവത്സരം വനവാസം മതിയെന്നു വെച്ചതെന്തുകൊണ്ട്? ഭരതന്റെ രാജ്യരക്ഷകൊണ്ടു പ്രകൃതികളൊക്കെ അവനിൽ രഞ്ജിക്കുന്നതുവരെ രാമൻ ദൂരത്തിരുന്നാൽ പിന്നെ യാതൊരു ബാധയും വരുന്നതല്ലെന്നു കരുതീട്ടാണെങ്കിൽ, അതിന്നു പതിന്നാലുസംവത്സരംതന്നെ വേണമെന്നുണ്ടോ? പത്തോ പന്ത്രണ്ടോ സംവത്സരമായാലും പോരേ? കൌരവന്മാർ പാണ്ഡവൎക്കു വിധിച്ച ശിക്ഷതന്നെ പന്ത്രണ്ടുകൊല്ലത്തെ കഠിനതടവും ഒരു കൊല്ലത്തെ ഏകാന്തത്തടവുമാണല്ലോ. അതിൽ കവിഞ്ഞ കാലം ആവശ്യപ്പെട്ടതെന്തിന്?

അല്ലെങ്കിൽ, ഒരു സമയം രാമൻ വനവാസം കഴിച്ചു തിരിച്ചുവന്നാലും രാജ്യഭാരം ചെയ്യാൻ പാടില്ലെന്നുകൂടി ആവശ്യപ്പെടാഞ്ഞതെന്തുകൊണ്ട്? ഭരതന്റെ രാജ്യലാഭമാണ് കൈകേയിയുടെ പ്രധാനോദ്ദേശ്യമെങ്കിൽ, രാമന്റെ രാജ്യലാഭമാൎഗ്ഗം മുഴുവൻ അടയ്ക്കേണ്ടതല്ലേ?

൭. രാമൻ വനത്തിലേയ്ക്കു പുറപ്പെടുവാനായി സീതയോടു യാത്ര പറവാൻ ചെന്നപ്പോൾ, സീത തന്നെ കൂട്ടിക്കൊണ്ടു പോകേണ്ടതാണെന്നുള്ളതിലേക്കു പല ന്യായങ്ങളും പറയുന്ന കൂട്ടത്തിൽ,

'രാമായണങ്ങൾപലവുംകവിവര-
രാമോദമോടുപറഞ്ഞുകേൾപ്പുണ്ടുഞാൻ
ജാനകിയോടുകൂടാതെരഘുവരൻ
കാനനവാസത്തിനെന്നുപോയിട്ടുള്ളു.'

എന്നുകൂടി ചോദിക്കുന്നുണ്ട്. ഇതുപ്രകാരം ആലോചിക്കുന്നതായാൽ, രാമായണകഥയും രാമാദികളുടെ വനവാസവും ഇതിന്നുമുമ്പിലും പലപ്പോഴും ഉണ്ടായിട്ടുള്ളതും സുപ്രസിദ്ധവും ആണെന്നു വരുന്നുണ്ടല്ലോ. അതു ശരിയാണെങ്കിൽ, അതു സീതയ്ക്കു മാത്രം അറിവുണ്ടാവാനും ശ്രീരാമന്നില്ലാതെ വരാനും കാരണമെന്ത്? ശ്രീരാമനും അറിവുണ്ടായിരുന്നുവെങ്കിൽ, സീതയോടു വനവാസത്തിന്നു പോരേണ്ടാ എന്നു രാമൻ പറഞ്ഞതെ

ന്നുകൊണ്ട്? ഈ വിഷയത്തിൽ ശരിയായ ഉപപത്തിയെന്ത്?

൩. രാമാദികൾ വനത്തിലേക്കു പുറപ്പെടുവാനായി അമ്മമാരോട് യാത്ര പറയുന്ന സമയം, സുമിത്ര ലക്ഷ്മണനുപദേശിക്കുന്നതും, രാമായണത്തിലെ സുപ്രസിദ്ധവുമായ താഴെ എഴുതുന്ന പദ്യവും അതിന്നുള്ള എഴുത്തച്ഛന്റെ തർജ്ജമയും നോക്കുക:

മൂലം.

രാമംദശരഥംവിദ്ധി മാംവിദ്ധിജനകാത്മജാം
അയോദ്ധ്യാമടവീംവിദ്ധി ഗച്ഛ താത!യഥാസുഖം ॥

കിളിപ്പാട്ട്.

രാമനെനിത്യംദശരഥനെന്നുള്ളിൽ
ആമോദമോടുനിരൂപിച്ചുകൊള്ളണം
എന്നെജ്ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെയയോദ്ധ്യയെന്നോർത്തിടടവിയെ
മായാവിഹീനമിവണ്ണമുറപ്പിച്ചു
പോയാലുമെങ്കിൽസുഖമായ്വരികതേ.

ഈ ശ്ലോകമാണ് രാമായണത്തിലെ പ്രധാന ശ്ലോകമെന്നും അതിന്റെ ദ്വിതീയപാദമാണ് പ്രധാന വാക്യമെന്നും പൌരാണികപണ്ഡിതന്മാരുടെ എടയിൽ സുപ്രസിദ്ധമായി നടപ്പുള്ള ഒരു ഐതിഹ്യം തന്നെയുണ്ട്. ഈ മൂലശ്ലോകത്തിന്ന് ഒന്നിലധികം അർത്ഥം ഇപ്പോഴും പൌരാണികശാസ്ത്രിമാർ പറയാറുമുണ്ട്. എന്നാൽ എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ മേപ്പടി ശ്ലോകത്തിന്റെ ദ്വിതീയപാദതർജ്ജമ വായിച്ചാൽ മൂലത്തിലെ ശിഷ്ടാർത്ഥം വെളിപ്പെടുന്നില്ലെന്നു മാത്രമല്ലാ 'ജനകാത്മജയ ഞാനെന്നുറച്ചുകൊൾ' എന്നു പറയേണ്ടതിന്നു പകരം 'എന്നെജ്ജനകാത്മജയെന്നുറച്ചുകൊൾ' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്, അതിലെ ഉദ്ദേശ്യവിധേയാംശങ്ങൾക്കു തമ്മിൽ വൈപരീത്യവുംകൂടി വന്നിരിക്കുന്നതായി കാണുന്നു. ഇതിങ്ങനെ വരുവാൻ കാരണമെന്താണ്? എഴുത്തച്ഛനു മേൽ പറഞ്ഞ മൂലശ്ലോകത്തിന്റെ ഗൂഢാർത്ഥങ്ങൾ മനസ്സിലായിരു

ന്നില്ലെന്നോ, അല്ലെങ്കിൽ അവ അദ്ദേഹത്തിന്നു രുചിച്ചിട്ടി ല്ലെന്നോ എന്താണ് വിചാരിക്കേണ്ടത്? അഥവാ രണ്ടിന്നും വിരോധംകൂടാതെ അൎത്ഥയോജന ചെയ്യാമോ?

കിഷ്കിന്ധാകാണ്ഡം

൧ രാമസുഗ്രീവന്മാരുടെ സഖ്യാനന്തരം, സുഗ്രീവൻ ബാലിയുടെ ബലപരാക്രമാപദാനങ്ങളെ രാമനോടു പറയുന്ന കൂട്ടത്തിൽ, ബാലിരാവണനെ ജയിച്ച കഥയെപ്പററി ഒരക്ഷരം പോലും പറയുന്നില്ല. ഇതെന്തുകൊണ്ടാണ്? അഷ്ടദിക്പാലന്മാരെക്കൂടി ജയിച്ച ത്രൈലോക്യവീരനായും സീതാപഹരണാദികളെക്കൊണ്ടു രാമന്റെ പരമശത്രുവായും ഇരിക്കുന്ന രാവണനെ ബാലി ജയിച്ചിട്ടുണ്ടെങ്കിൽ, ആ സംഗതി ഈ ഘട്ടത്തിൽ സുഗ്രീവൻ അവശ്യം പറയേണ്ടതല്ലേ? അങ്ങനെയിരിക്കെ, അതു പറയാതിരുന്നതിന്നു പ്രത്യേകം വല്ല കാരണവുമുണ്ടോ?

രാവണനെ ജയിച്ച സീതയെ വീണ്ടെടുപ്പാൻ ആഗ്രഹിച്ചു പുറപ്പെട്ടിരിക്കുന്ന രാമന്നു, രാവണജേതാവായിരിക്കുന്ന ബാലിയെ സ്വാധീനമാക്കിവെച്ചാൽ ഇഷ്ടസിദ്ധിക്കധികം എളുപ്പമുണ്ടെന്നു കരുതുവാൻ ന്യായമുള്ളതിനാൽ, ഒരു വേള സുഗ്രീവന്നു തന്റെ ഉദ്ദേശ്യം സാധിക്കാതെ പോയെങ്കിലോ എന്നുള്ള ശങ്കകൊണ്ടായിരിക്കുമോ സുഗ്രീവൻ ബാലിവിജയത്തെപ്പററി ഒന്നും പറയാതിരുന്നത്?

൨. രാവണനിഗ്രഹത്തിനായി മഹാവിഷ്ണു ശ്രീരാമനായി അവതരിക്കുന്നതാണെന്നും, അപ്പോൾ ഭഗവൽ പരിചൎയ്യക്കും സഹായത്തിന്നുംവേണ്ടി ദേവകളൊക്കെ അവരവരുടെ അംശംകൊണ്ടു വാനരരൂപികളായി ഭൂമിയിൽ ജനിക്കേണമെന്നും, ഉള്ള ഭഗവന്നിയോഗപ്രകാരമാണ് വാനരോല്പത്തിയെന്നു പറയപ്പെടുന്നു. അപ്രകാരം തന്നെ ബാലിയൊഴികെയുള്ള വാനരന്മാരെല്ലാം രാമരാവണയുദ്ധത്തിൽ ഭാഗഭാക്കുകളായിരുന്നു ദേവകാൎയ്യം സാധിപ്പിക്കാനുദ്യമിച്ചു കൃതാൎത്ഥതയേ പ്രാ

പിച്ച് ഒടുവിൽ ശ്രീരാമന്റെ സ്വർഗ്ഗാരോഹണത്തോടുകൂടി ത ത്ത്കാരണങ്ങളിൽ ലയിച്ച ജന്മസാഫല്യം സമ്പാദിക്കുകയും ചെയ്തു. ഇങ്ങനെയിരിക്കെ, ഇന്ദ്രപുത്രനും അനിതരസാധാര ണമായ ബലപരാക്രമാദികളെക്കൊണ്ടു വിശ്വവിശ്രുതനും വാ നരരാജാവുമായ ബാലിമാത്രം അതിനൊന്നിനും യോഗംവരാ തെ ഭഗവാനാൽ ശിക്ഷിതനായിത്തീർന്നതെന്തുകൊണ്ടാണ്?

൯. ജടായു, ശബരി, സുഗ്രീവാദിവാനരന്മാർ ഇവരിൽനി കിട്ടിയ തെളിവുകൊണ്ടു സീതയേ മോഷണം ചെയ്തുകൊണ്ടു പോയതു ലങ്കാധിപനായ രാവണനാണെന്നു തീർച്ചയായിരി ക്കുന്ന സ്ഥിതിക്ക്, സീതാന്വേഷണത്തിന്നായി വാനരന്മാരെ തെക്കേദിക്കിലേക്കു മാത്രമല്ലാതെ മററുള്ള ദിക്കുകളിലേക്കും അ യച്ചതെന്തിനാണ്?

സീതാചോരൻ രാവണനാണെങ്കിലും, ആയാൾ മഹാ മായാവിയും ത്രൈലോക്യം കീഴടക്കിയ വിക്രമിയും ആകകൊ ണ്ട്, സീതയെ ലങ്കയിൽത്തന്നെ സൂക്ഷിക്കാതെ വേറെ വല്ല സ്ഥലത്തും വെച്ചിരിക്കാനും വിരോധമില്ലല്ലൊ. എന്നു ശങ്കിച്ചി ട്ടാണെന്നു സമാധാനം പറയുന്ന പക്ഷത്തിൽ, സീതയെക്ക ണ്ടെത്തിയാൽ സീതയ്ക്കു വിശ്വാസം ജനിപ്പിപ്പാനായി, തെ ക്കേദിക്കിലേക്കുപോയവരിൽ പ്രധാനിയായ ഹനുമാന്റെ പ ക്കൽ മാത്രം അംഗുലീയം കൊടുത്തയയ്ക്കുകയും മററുള്ളവരുടെ പക്കൽ ഒന്നും കൊടുത്തയച്ചതായി പറയാതിരിക്കയും ചെയ്ത തെന്തുകൊണ്ട്?

## സുന്ദരകാണ്ഡം.

൧൦ രാമായണത്തിലുള്ള മററു കാണ്ഡങ്ങൾക്കൊക്കെ ക ഥാവിഷയസൂചകമായ പേരുകൾ കൊടുത്തിരിക്കുന്ന സ്ഥിതി ക്ക് ഇതിന്നും, അപ്രകാരംതന്നെ 'സീതാന്വേഷണകാണ്ഡം' അല്ലെങ്കിൽ 'സമുദ്രതരണകാണ്ഡം' അഥവാ 'ലങ്കാമർദ്ദനകാ ണ്ഡം' എന്നോ മറെറാ ഒരു പേരുകൊടുക്കാതെ 'സുന്ദരകാ ണ്ഡം' എന്നു പേരുകൊടുപ്പാൻ സംഗതിയെന്ത്? ഈ കാണ്ഡ

ത്തിലെ കഥയ്ക്കു വിശേഷിച്ചു വല്ല സൌന്ദര്യവുമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

ഈ സന്ദേഹങ്ങൾക്കു വിദ്വാന്മാരുടെ സമാധാനത്തെ സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

---

## ഭാസകവി. ൨

(കെ. പി. കണ്ണൻനായർ അവർകൾ ബി. എ. ബി. എൽ.)

---

'വാസവദത്ത'മെന്ന നാടകത്തിലെ കഥയുടെ സാരം താഴേ പറയുംപ്രകാരമാകുന്നു:— ഒരിക്കൽ ഉദയനന്റെ രാജ്യത്തെ ആരുണി എന്നു പേരായ ഒരു രാജാവ് പിടിച്ചെടുത്തു. 'ദർശകൻ എന്ന രാജാവിന്റെ സഹോദരിയായ പത്മാവതിയെ ഉദയനൻ എപ്പോൾ കല്യാണം കഴിക്കുന്നുവോ, അപ്പോൾ അദ്ദേഹത്തിന് തന്റെ രാജ്യവും തിരിയെ ലഭിക്കും' എന്നുള്ള പത്മകൻ മുതലായ സിദ്ധന്മാരുടെ വാക്കിനെ വിശ്വസിച്ചു യൌഗന്ധരായണൻ ഇപ്രകാരം ആലോചിച്ചു. വാസവദത്ത, ജീവനോടെ ഇരിക്കുന്ന കാലത്ത് ഉദയനൻ ഒരിക്കലും പുനർവ്വിവാഹം ചെയ്യുന്നതല്ല. അതിനാൽ ഇങ്ങനെ ഒരു വിദ്യ എടുക്കതന്നെ എന്നുറച്ച്, വാസവദത്ത, ലാവണകഗ്രാമദാഹത്തിൽ ദഹിക്കപ്പെട്ടു എന്നുള്ള ഒരു വർത്തമാനത്തെ നാടെങ്ങും പരത്തി. എന്നിട്ടു താൻ ഒരു ബ്രാഹ്മണന്റെ വേഷത്തെ ധരിച്ച് വാസവദത്തയേയും ഒരു ബ്രാഹ്മണസ്ത്രീയുടെ വേഷത്തെ ചമയിച്ച് അവൾ തന്റെ സഹോദരിയാണെന്നും അവളുടെ ഭർത്താവ് ദേശസഞ്ചാരത്തിന്നു പോയിരിക്കയാണെന്നും പറഞ്ഞു, പത്മാവതിയുടെ അടുക്കൽ ചെല്ലുകയും അവളെ പത്മാവതിയുടെ ഒന്നിച്ചു താമസിപ്പിപ്പാനായി എപ്പാടുചെയ്യുകയും ചെയ്തു. തന്റെ പ്രിയപത്നിയുടെ മരണവർത്തമാനത്തെ കേട്ടപ്പോൾ, വത്സരാജാവും വ്യസനാക്രാന്തനായിത്തീൎന്നു. എങ്കിലും, കുറെ ദിവസം കഴിഞ്ഞതിന്റെപ്പോൾ, പത്മകന്റെ ഉപദേശ

ത്താൽ പത്മാവതി എന്നവളെ തന്റെ മഹിഷി ആയി സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വ്യസനത്തിന്നു യാതൊരു കുറവും ഉണ്ടായതുമില്ല. വാസവദത്തയെതന്നെ ആലോചിച്ചു ചിന്താഗ്രസ്തനായി കരഞ്ഞുംകൊണ്ടിരിക്കുന്ന ഇദ്ദേഹത്തെ കണ്ടിട്ട് പലതവണയും വ്യസനകാരണമെന്തെന്നു പത്മാവതി അദ്ദേഹത്തോട് ചോദിക്കാറുണ്ടായിരുന്നുവെങ്കിലും, വാസ്തവത്തെ മറച്ചുംകൊണ്ടു പല വ്യാജങ്ങളും പറഞ്ഞ് അദ്ദേഹം അവളെ സമാധാനിപ്പിക്കയും ചെയ്തു.

ഒരിക്കൽ, ബ്രാഹ്മണസഹോദരിയുടെ വേഷത്തെ ധരിച്ചവളായ വാസവദത്ത പര്യങ്കത്തിന്മേൽ കിടന്നുറങ്ങിയിരുന്ന വത്സരാജന്റെ സമീപത്തിൽ പത്മാവതി എന്ന നാട്യത്തിൽ ചെന്നിരുന്നു. ഉറങ്ങിക്കിടന്നിരുന്ന വത്സരാജൻ 'അല്ലയോ പ്രദ്യോതപുത്രി! നീ എവിടെയാണ്? എനിക്കു പ്രിയമായ പ്രതിവചനത്തെ തന്നാലും!' എന്നും മറ്റും സ്വപ്നത്തിൽ ജല്പിച്ചിരുന്നു. ഇതു കേട്ട ക്ഷണത്തിൽ മോഹാന്ധമനസ്കയായ ഇവൾ തന്നത്താൻ മറന്ന് അദ്ദേഹത്തെ പാണിപങ്കജത്താൽ സ്പർശിച്ചു. സ്പർശനമാത്രത്തിൽ അദ്ദേഹം ഉണർന്നതായി കണ്ടിട്ടു വാസവദത്ത ശയ്യാഗൃഹത്തിൽനിന്നു പുറത്തേക്കു ഓടിപ്പോയി. വത്സരാജനും അവളെ പിന്തുടൎന്ന് ഓടി. പക്ഷെ, ഇവൾ അദ്ദേഹത്തിന്നു കാണാത്തവിധത്തിൽ ചെന്ന് ഒളിച്ചിരിക്കയും ചെയ്തു. രാജാവാകട്ടെ, 'അയ്യോ ഇതു സ്വപ്നമൊ? അല്ല, എന്റെ മതിവിഭ്രമമോ? അതല്ലാ വേറെ വല്ല വികാരമോ? എന്തായിരിക്കും' എന്നിങ്ങനെ നിലവിളിച്ചുതുടങ്ങി. 'ഇതു സ്വപ്നമാണെങ്കിൽ എനിക്കു യഥാൎത്ഥബുദ്ധി ഉണ്ടാവരുതേ. അല്ല, വിഭ്രമമാണെങ്കിൽ അതു ചിരകാലം നിലനില്ക്കുന്നതായിരിക്കേണമേ' എന്നും മറ്റും ലഹളകൂട്ടുകയും ചെയ്തു. ഈ സംഭവത്താൽ ദൂനമാനസനായി ഭവിച്ചിരുന്ന വത്സരാജൻ തന്റെ പക്കൽ ഉണ്ടായിരുന്ന വാസവദത്തയുടെ ഛായാപടത്തെ പത്മാവതി ഒന്നിച്ചു നോക്കിക്കൊണ്ടു മനസ്സിനെ വിനോദിപ്പിച്ചു

കൊണ്ടിരിക്കുമ്പോൾ, ഈ ചിത്രത്തിൽ കാണുമ്പോലെ അവന്തിരാജ്യക്കാരിയായ ഒരു ബ്രാഹ്മണസ്ത്രീ ഇവിടെ അന്തഃപുരത്തിൽ ഉണ്ടല്ലൊ എന്നു പത്മാവതി അദ്ദേഹത്തോടു പറഞ്ഞു. ഉടനെ അവളെ ആളയച്ചു വരുത്തുകയും അവൾ വാസവദത്തയാണെന്നു യഥാർത്ഥം അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. തത്സമയം അവിടെ സന്നിഹിതനായിരുന്ന യൌഗന്ധരായണനും സകല വൃത്താന്തങ്ങളേയും അദ്ദേഹത്തെ പറഞ്ഞു ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹവും തന്റെ മന്ത്രിയുടെ ബുദ്ധിസാമർത്ഥ്യത്തേയും സ്വാമിസ്നേഹത്തേയും കുറിച്ചു വളരെ അഭിനന്ദിക്കുകയും മന്ത്രിവര്യനെ അധികമായി സ്തുതിക്കുകയും ചെയ്തു. പിന്നീടു വാസവദത്ത, പത്മാവതി എന്നീ പത്നികളോടുകൂടി രാജാവു ചിരകാലം സുഖമായിരുന്നു.

ഭാസകവിയുടെ ഈ രൂപകങ്ങളെ തന്നെ അടിസ്ഥാനപ്പെടുത്തി കാളിദാസാദികവികൾ അനേക നാടകങ്ങളെ രചിച്ചിട്ടുണ്ടെന്നു വായനക്കാർക്ക് അറിയാവുന്നതാണല്ലൊ. താപസവത്സരാജം, ഉദയനചരിതം, പ്രിയദർശിക, രത്നാവലി, മാളവികാഗ്നിമിത്രം എന്നീ രൂപകങ്ങൾ വത്സരാജകഥയെ അടിസ്ഥാനപ്പെടുത്തി രചിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഗുണാഢ്യനും തന്റെ ബൃഹൽകഥയിൽ ഉദയനചരിതത്തെ വിസ്തരിച്ചു കാണുന്നുണ്ട്.

രചനാവിഷയത്തിലും കഥാവസ്തു നിർമ്മാണത്തിലും ഭവഭൂതിയുടെ മാലതിമാധവം, ഭാസന്റെ അവിമാരകം എന്ന നാടകത്തോടു് ഏറാവും യോജിച്ചിരിക്കുന്നു. ഗദ്യത്തിന്റെ ജീവനായ ഓജസ്സെന്ന ഗുണം രണ്ടു കൃതികളിലും ഒരുപോലെ ധാരാളമായി കാണുന്നുണ്ട്. മാലതിമാധവത്തിൽ ഉള്ള പുലിയുടെ കാട്ടത്തിന്റെ മാതിരി ഇതിൽ കാട്ടാനയുടെ കാട്ടമുണ്ട്. അതിൽ സൌദാമിനീസഹായത്താൽ മാലതിയുടെ പുനഃപ്രാപണം സഹചരനായ വിദ്യാധരന്റെ സഹായത്താൽ കുരംഗിയുടെ ദർശനം സംഭവിക്കുന്നു. ഭോജരാജിൽ, ഇതിൽ അവി

മാരകൻ കുരംഗിയായുള്ള പുനഃപ്രാപ്തിക്കശേഷം, വൎഷകാലത്തെ ഉചിതമായ ചണ്ഡവൃഷ്ടിപ്രപാതം എന്ന ദണ്ഡകത്താൽ വൎണ്ണിച്ചിരിക്കുംപോലെ, ഭവഭൂതിയും താണ്ഡവത്തെ മത്തമാതംഗലീലാകരം എന്ന ദണ്ഡകത്താൽ വൎണ്ണിച്ചിരിക്കുന്നു.

ശൂദ്രകവിയുടെ മൃച്ഛകടികത്തിൽ ഉള്ള മിക്ക ശ്ലോകങ്ങളും ഭാസന്റെ ദരിദ്രചാരുദത്തത്തിൽ ഉള്ളവയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതാണെന്നു തോന്നുന്നു.

ഇനി, ഭാസനാടകങ്ങളും കാളിദാസഭവഭൂത്യാദികളുടെ നാടകങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണെന്നു സ്വല്പമായി ഇവിടെ കാണിക്കാം. കാളിദാസാദികളുടെ നാടകങ്ങളിൽ, ആരംഭത്തിൽ നാന്ദീപദ്യത്തെ പ്രയോഗിച്ചശേഷം, അതിനെ തന്നെ നിൎദ്ദേശിച്ച് 'നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.' എന്നുള്ള വാക്യം എഴുതിക്കാണുന്നു. ഭാസകൃതികളിലാവട്ടെ, നാന്ദീശ്ലോകത്തെ പ്രയോഗിക്കാതെതന്നെ 'നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു' എന്നുള്ള വാക്യം കാണമാറുണ്ട്. ഈ ഒരു വ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയിട്ടാകുന്നു 'ബാണഭട്ട'ൻ ഭാസനാടകങ്ങളെ 'സൂത്രധാരകൃതാരംഭങ്ങൾ' (സൂത്രധാരനാൽ ആരംഭിക്കപ്പെട്ടവ) എന്നു വിശേഷിക്കുന്നത്. 'കൎണ്ണഭാരം' നാടകത്തിന്റെ ഒരു പകൎപ്പിൽ സൂത്രധാരപ്രവേശം കൂടാതെതന്നെ വേഷത്തെ രംഗത്തിൽ പ്രവേശിപ്പിച്ചതായി കാണുന്നു. നടി വിദൂഷകപാരിപാൎശ്വകന്മാരും സൂത്രധാരനും ആയിട്ടുള്ള സംഭാഷണങ്ങൾ അടങ്ങിയ 'ആമുഖ'മാകട്ടെ, 'പ്രസ്താവന'യാകട്ടെ ഭാസകവി പ്രയോഗിച്ചുകാണുന്നില്ല. പല നാടകങ്ങളിലും സൂത്രധാരൻ തന്നെ കഥാസാരത്തെ പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ എല്ലാനാടകങ്ങളിലും കഥാവസ്തുപ്രസ്താവനക്കു 'സ്ഥാപനാ' എന്നു പേർ പറഞ്ഞുകാണുന്നു. കാളിദാസാദികളുടെ നാടകങ്ങൾ ഒന്നെങ്കിലും ദുഃഖത്തിൽ അവസാനിക്കുന്നതായി കാണുന്നില്ല. ആംഗ്ലേയകവികളുടെ ദുഃഖപൎയ്യവസായികളായ നാടകങ്ങളെ വാ

യിച്ചു രസിച്ചിട്ടുള്ള സംസ്കൃതഭാഷാപ്രണയികൾക്കു ഇതു ഒരു വിഷാദകാരണമാകുന്നു. എന്നാൽ ഭാസകവി ഈ വിഷാദത്തെ നീക്കിയിരിക്കുന്നു. കണ്ടുകിട്ടിയേടത്തോളമുള്ള അദ്ദേഹത്തിന്റെ കൃതികളിൽ 'ഊരുഭംഗം' എന്നതു കേവലം ദുഃഖപര്യവസായിയാകുന്നു. 'ദൂതഘടോൽക്കചം' സുഖത്തിലും ദുഃഖത്തിലും അവസാനിക്കാത്തതാകുന്നു. കണ്ടുകിട്ടാത്തവയിൽ ഒയ്മ്പത് അങ്കത്തോടു കൂടിയ 'കിരണാവലി' എന്നതു ദുഃഖപര്യവസായിയാണെന്നു രാജശേഖരന്റെ മുൻപ്രസ്താവിച്ച ഒരു ശ്ലോകത്തിൽ നിന്നു അറിയുന്നതുമുണ്ടല്ലൊ.

ഇന്നേവരെ നമുക്കു അറിയപ്പെട്ടിട്ടുള്ള കവികളിൽവെച്ചു ഭാസനാകുന്നു ഏറ്റവും പ്രാചീനൻ. കാളിദാസഭവഭൂത്യാദികൾ അദ്ദേഹത്തിന്റെ അനന്തരഗാമികളാകുന്നു. കാളിദാസൻ തന്റെ അനന്യസാധാരണവും അനർഗ്ഗളവും ആയ വാഗ്ധോരണിയാൽ കവിവരാഗ്രസരനായി ഗുരുസ്ഥാനത്തു വാഴുന്നുണ്ടെന്നു സുപ്രസിദ്ധമാണല്ലൊ. കാളിദാസഭവഭൂതിശൂദ്രകപ്രഭൃതികൾ ഭാസനേക്കാൾ വളരെ ശ്രേഷ്ഠന്മാർ തന്നെ. കാളിദാസന്റെ രചനാസാമർത്ഥ്യവും രസങ്ങളെ ആവിഷ്കരണം ചെയ്യുന്ന സമ്പ്രദായവും ഒന്നു പ്രത്യേകം തന്നെയാകുന്നു. ഉന്മത്തകാമിനിയുടെ പദവിന്യാസംപോലെ ഇരിക്കുന്ന ഭവഭൂതിയുടെ വാണീവിലാസവും അന്യാദൃശം തന്നെ. അങ്ങിനെയൊക്കെയാണെങ്കിലും, ആഡംബരശൂന്യമായി, നിസർഗ്ഗമധുരയായ ഒരു കാമിനിയെപ്പോലെ, ഭാസസരസ്വതി നമ്മളുടെ മനസ്സിനെ ആകർഷിക്കുന്നു. കഥകളുടെ കെട്ടും വിനോദപ്രകാരങ്ങളും ഭാസനെ സംബന്ധിച്ചിടത്തോളം പ്രത്യേകം തന്നെ. വിദൂഷകന്റെ ലക്ഷണം ഇത്ര പരിപൂർണ്ണമായി ഭാസകൃതികളിലല്ലാതെ മറ്റെങ്ങും കാണ്മാനില്ല. മധുപാനമത്തന്മാരുടെ സ്ഖലിതവചനങ്ങൾ ഭാസനെപ്പോലെ മറ്റാരും ഇത്ര ഭംഗിയായി പ്രയോഗിച്ചുകാണുന്നില്ല.

ഇനി ഭാസകൃതികളിൽനിന്നു അന്യകവികൾ അവരുടെ

ഗ്രന്ഥങ്ങളിലേക്ക അദ്ദേഹത്തിന്റെ ആശയത്തെ പകൎത്തിയി ട്ടുണ്ടെന്നുള്ളതിന്നു ചില ഉദാഹരണങ്ങളെ ചൂണ്ടിക്കാണിച്ച് ഈ ഉപന്യാസത്തെ അവസാനിപ്പിക്കാം.

൧ കാലക്രമേണജഗതഃപരിവൎത്തമാനം ചക്രാരപങ്ക്തിരിവ ഗച്ഛതിഭാഗ്യപങ്‌ക്തിഃ

ഈ ആശയത്തെത്തന്നെ കാളിദാസൻ മേഘസന്ദേശത്തിൽ

'നീചൈൎഗ്ഗച്ഛത്യുപരി ചദശാ ചക്രനേമിക്രമേണ'

എന്നു പ്രയോഗിച്ചുകാണുന്നു.

൨. 'യസ്യാം ന പ്രിയമണ്ഡനാപിമഹിഷീ ദേവസ്യമന്ദോദരീ സ്നേഹാല്ലുമ്പതിപല്ലവാൻ'—

എന്ന് 'അഭിഷേക'നാടകത്തിൽ ഭാസൻ പ്രയോഗിച്ചതിനെ, അൎത്ഥവ്യത്യാസം കൂടാതെതന്നെ കാളിദാസൻ 'ശാകുന്തള'ത്തിൽ—

'നാദത്തെപ്രിയമണ്ഡനാപിഭവതാം സ്നേഹേനയാപല്ലവം'

എന്നും,

൩. 'ഹൃദയേനഹതത്രാംഗൈഃ ദിധാഭൂതേവഗച്ഛതി
യഥാനഭസിതോയേച ചന്ദ്രലേഖാദിധാകൃതാ'

എന്നു ബാലചരിതത്തിലുള്ള പദ്യത്തിന്റെ ഛായയെ

'ഗച്ഛതിപുരശ്ശരീരം

ധാവതിപശ്ചാദസംസ്തുതംചേതഃ എന്നുള്ളതിലും',

൪. 'വിശ്രബ്ധം ഹരിണാശ്ചരന്ത്യചകിതാദേശം ഗതപ്രത്യയാഃ' എന്നു സ്വപ്നവാസവദത്തയിൽ കാണുന്ന തപോവനവൎണ്ണനയിലുള്ള ശ്ലോകത്തിന്റെ അൎത്ഥത്തെത്തന്നെ, കണ്വാശ്രമപ്രദേശങ്ങളെ വൎണ്ണിക്കുന്നേടത്തു കാളിദാസൻ 'വിശ്വാസോപഗമാദഭിന്നഗതയഃ ശബ്ദം സഹന്തേ മൃഗാഃ' എന്ന ശ്ലോകത്തിലും പ്രയോഗിച്ചു കാണുമാറുണ്ട്.

ഇനിയും ഇതുപോലെതന്നെ അനേകം ഉദാഹരണങ്ങളെ എടുത്തു കാണിപ്പാൻ കഴിയുന്നതാണ്. പക്ഷെ ഉപ

ന്യാസം ദീർഘിച്ചുപോകുമെന്നുള്ള ഭയത്താൽ അപ്രകാരം ചെയ്യുന്നില്ല. ഭാസകവിയെക്കുറിച്ചു ഇത്രമാത്രം പറഞ്ഞതുകൊണ്ടു് കവിനഭോമണ്ഡലത്തിൽ ഇദ്ദേഹവും വളരെ പ്രകാശത്തോടെ വിളങ്ങുന്ന ഒരു ഗ്രഹമാണെന്നു് വായനക്കാൎക്കു് അറിയാവുന്നതാണല്ലോ.

---

അല്ലോളംതവമന്ദഹാസനികടേ
കോല്ലംനിലാവുംകറു
പ്പില്ലിന്നുണ്ടുനിലാവൊളംവെളുവെളു
പ്പുള്ളാസികേശാന്തികേ.
കല്ലോളംകടുതെന്നുപല്ലവമിളം
പൂമെയ്തൊടുന്നോക്കഹോ
കല്ലുംപല്ലവകോമളംതവമനം
ചിന്തിക്കിലേണേക്ഷണേ.

(ഒരു പഴയ ശ്ലോകം.)

---

## തപതീസംവരണം.

---

### രണ്ടാമങ്കം.

(അനന്തരം രംഭയും മേനകയും പ്രവേശിക്കുന്നു.)

രംഭ. സഖി! ഇതുവരെയും മഹേന്ദ്രന്റെ ഓരോരോ ശാസനങ്ങളിൽ വ്യാപൃതയായിരുന്ന ഞാൻ ഇവിടെ നടന്ന വൃത്താന്തങ്ങളൊന്നും തന്നെ അറിയുന്നില്ല. പറയണം. നിന്റെ മുഖവൈവൎണ്ണ്യത്തിനുള്ള കാരണമെന്താണു്? പ്രിയസഖിയായ തപതി ഇപ്പോൾ എവിടെയാണു്?

മേന. പണ്ടൊരുദിവസം പ്രിയസഖിയായ തപതി മടിയിൽ ഇരിക്കുമ്പോൾ, ആദിത്യഭഗവാനോടു "ഇവൾക്കു് അനുരൂപനായ ഒരു വരൻ ആരാണു്?" എന്നു നാരദമഹൎഷി

ചോദിച്ചു. അപ്പോൾ "ഈ ത്രൈലോക്യത്തിൽ ഇവൾ ക്ക് അനുരൂപനായ വരൻ രാജർഷിയായ സംവരണന ല്ലാതെ വേറെ ആരാണുള്ളത്?" എന്ന് അദ്ദേഹം പറക യുണ്ടായി.

രംഭ. ഇപ്രകാരം ഞാനും കേട്ടിട്ടുണ്ട്. പിന്നയോ?

മേന. അപ്പോൾ തുടങ്ങി അവൾക്ക് അദ്ദേഹത്തിൽ അനുരാ ഗമുണ്ടായെങ്കിലും, ലജ്ജകൊണ്ട്, അതിനെ മൂടിവച്ചി രിക്കുകയായിരുന്നു. ഈയിടെ ഒരു ദിവസം ഞങ്ങൾ ര ണ്ടാളും കൂടി തപനവനത്തിലേക്ക പോകുമ്പോൾ, ഇടയ്ക്കു താഴേക്കാണുന്ന ആ രാജർഷിയുടെ രാജധാനിയായ ഹ സ്തിനപുരത്തെ അല്പനേരം നോക്കിക്കൊണ്ടുനിന്നു.

രംഭ. പിന്നയോ?

മേന. അനന്തരം, ഇവളുടെ അഭിപ്രായമറിഞ്ഞിട്ട് ഞാൻ ഇ പ്രകാരം പറഞ്ഞു: 'സഖി! നീ വളരെ ക്ഷീണിച്ചിരിക്കു ന്നെന്നു തോന്നുന്നു. അതുകൊണ്ട് ഗംഗാനദിയുടെ തീ രത്തു സുബ്രഹ്മണ്യക്ഷേത്രത്തിനടുത്തുകാണുന്ന ഈ പൂ ന്തോട്ടത്തിൽ ഇറങ്ങി, അല്പനേരം വിശ്രമിച്ചശേഷം, പോകാം' എന്ന്.

രംഭ—സഖ്യഹൃദയത്തെ നീ വേണ്ടതുപോലെ അനുവർത്തിച്ചു. പിന്നയോ?

മേന—ഞങ്ങൾ അവിടെ വിസ്താരമുള്ള ഒരു കൽപ്പുറത്ത് ഇറ ങ്ങിനിന്നപ്പോൾ, അവിടെത്തന്നെ വയസ്യനോടുകൂടെ ആ രാജർഷിയും വന്നുചേന്നു.

രംഭ—പിന്നയോ?

മേന—അനന്തരം, അദ്ദേഹം തൻെറ പാദരേഖയിൽ സ്നേഹ പൂർവ്വം നോക്കുന്നതു കാണുകയാൽ, ഏററവും കാമോൽക്കണ്ഠ യോടുകൂടിയ അവളോടു ഞാൻ ഇപ്രകാരം പറഞ്ഞു:— 'സ ഖി! നിൻെറ കവിൾത്തടങ്ങളിൽ സ്ഫുരിക്കുന്ന മുത്തുകൾപോ ലുള്ള വിയർപ്പുതുള്ളികളുടെ ഭംഗിയെ ഈ കർണ്ണാഭരണം മറ ച്ചുകളയുന്നു' എന്ന്.

രംഭ — പിന്നെയോ?

മേന—പിന്നെ, ഞാൻ ആ കർണ്ണാഭരണം ബലമായെടുത്ത്, ആ രാജൎഷിയുടെ രൂപാനുരൂപമായ ബുദ്ധികൌശലത്തെ പരീക്ഷിക്കുന്നതിനും, അവളുടെ അവസ്ഥയെ സൂചിപ്പിക്കുന്നതിന്നുമായിട്ട്, അതിൽ ഒരു പദ്യത്തിലുള്ള പദങ്ങളുടെ ആദ്യാക്ഷരങ്ങൾ മാത്രമെഴുതി പ്രമാദം വന്നുപോയ മട്ടിൽ അദ്ദേഹത്തിന്റെ മുന്നിൽ വീഴത്തക്കവണ്ണം അതിനെ കീഴ്പ്പോട്ടിട്ടു.

രംഭ — നീ കാണിച്ചതു ചാതുൎയ്യംതന്നെ. പിന്നെയോ?

മേന — അദ്ദേഹം ആ അക്ഷരങ്ങളെ പൂരിപ്പിച്ചതു കേട്ടപ്പോൾ, അവൾ കോപത്തോടുകൂടെ അധരം വിറപ്പിച്ചുകൊണ്ട് എന്നോട് ഇപ്രകാരം പറഞ്ഞു:— 'എടീ വകതിരിവില്ലാത്തവളെ! നീ എന്തിനാണ് എന്നെ നിസ്സാരയാക്കിയത്?' എന്ന്.

രംഭ — പിന്നെയോ?

മേന — അനന്തരം, ഞാൻ ഉത്തരീയത്തിൽ പിടിച്ചുനിറുത്തിയിട്ടും കോപത്തോടുകൂടെ എന്റെ കയ്യും തട്ടിക്കൊണ്ടു പുറപ്പെട്ടു.

രംഭ — ഹൃദയരഹസ്യത്തെ പ്രകാശിപ്പിച്ചാൽ കന്യകാജനം കോപിക്കുന്നതു പതിവാണ്, പിന്നെയോ?

മേന—അപ്പോൾ തുടങ്ങി അനിവാൎയ്യമായ അവളുടെ കാമതാപത്തെക്കണ്ടിട്ടാണ് എനിക്കു മുഖവൈവൎണ്ണ്യമുണ്ടായത്. പിന്നെ ഇന്നു രാവിലെ എന്നോട് ഒന്നും പറയാതെ തപോവനത്തിലേക്കു പോയിരിക്കുന്നു. ഇപ്പോൾ ആ രാജൎഷിയും നായാട്ടിനായിട്ട് അവിടെ ചെന്നിട്ടുണ്ടെന്നു കേട്ടു. അതുകൊണ്ടു നമ്മൾക്കും അവിടെ പോയി പ്രിയസഖിയെ സമാശ്വസിപ്പിക്കാം.

രംഭ — ഇപ്രകാരമാവട്ടെ.

(എന്നു രണ്ടുപേരും പോയി)

ഇപ്രകാരം പ്രവേശകം സമാപ്തം.

(അനന്തരം കുതിരപ്പുറത്തു കയറി രാജാവ് പ്രവേശിക്കുന്നു.)

രാജാ—(വിചാരിച്ച്) ഭയാധിക്യവും, തപോവനംപോലെതന്നെ, ജന്തുക്കളുടെ സ്വാഭാവികവിരോധത്തെ ശമിപ്പിക്കുന്നല്ലോ. ഈ നായാട്ടു തുടങ്ങിയിരിക്കുമ്പോൾ,

ചെന്നിതാശരഭസഞ്ചയത്തൊടിടകൂടിടു-
ന്നമഹിഷങ്ങൾപെൺ
പന്നിപെൺപുലികളോടണഞ്ഞുമരുവുന്നി-
താസപദിഭീതിയാൽ
ചേർന്നിടുന്നുഭയമാർന്നുദൃഷ്ടിചിതറിച്ചി-
താമൃഗി,വൃകങ്ങളോ-
ടിന്നിതാഹരിഗൃഹാന്തരേകളഭമെത്തി-
ടുന്നുശരസംഭ്രമാൽ. ൫

ഈ നായാട്ട് എന്നെ ആകർഷിച്ച് അതിദൂരസ്ഥവും ദിവ്യവുമായ ഈ ഹിമവൽഗ്ഗിരിയുടെ മുകൾപ്പരപ്പിലെത്തിച്ചിരിക്കുന്നു. അതുമല്ല, ആ പാദങ്ങളും കർണ്ണാഭരണവും കണ്ടതുമുതൽ എൻെറ നേരെ

എടുത്തിടുന്നുവില്ലുപുഷ്പകേതുഭൃംഗമാംഗുണം
തുടച്ചിണക്കിടുന്നുപുഷ്പസായകങ്ങളുംക്രമാൽ
തൊടുത്തിടുന്നു,നൽകിടുന്നുദൃഷ്ടിലക്ഷ്യമായിടും
കടുത്തൊരുൾസ്വകത്വമിന്നിവൻെറഭാവമെന്തുവാൻ. ൬

ആ കർണ്ണാഭരണം വഹിച്ചിരിക്കുന്ന പാരാശര്യനും കുതിരയുടെ വേഗംകൊണ്ടു വളരെ പിന്നിലായിരിക്കുന്നു. എന്തുകൊണ്ടാണ് ഞാൻ ഈ ഉൽക്കണ്ഠയെ ശമിപ്പിക്കുന്നത്?

(അണിയറയിൽ)

കൊല്ലരുതേ! കൊല്ലരുതേ!

രാജാ—(ചെവി കൊടുത്തിട്ട്) അഹോ! പാരാശര്യൻെറ ശബ്ദംപോലെ തോന്നുന്നു.

(അനന്തരം ഭയത്തോടുകൂടെ വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂ—കൊല്ലരുതേ, കൊല്ലരുതേ, (ഭയം നടിച്ച്) ദുർഗ്ഗമന്ത്രജപത്തോടുകൂടാതെ സഞ്ചരിപ്പാൻ പ്രയാസമുള്ള ഈ ഭയങ്കരസ്ഥലത്തും എനിക്കൊരാശ്രയമായിരുന്ന എൻെറ ബ്രഹ്മസൂത്രവും വടിയും നഷ്ടമായല്ലോ.

രാജാ—വയസ്യ! ഭയപ്പെടണ്ട. ഇത് എന്താണ്?

വിദൂ - (രാജാവിനെ നോക്കി ബാഷ്പഗൽഗ്ഗദത്തോടുകൂടെ) ഹാ! വയസ്യ! എന്നെ രക്ഷിച്ചുകൊള്ളണേ.

രാജാ—ഭവാൻ വളരെ ഭയന്നിരിക്കുന്നു. ഇതിനുള്ള കാരണമെന്താണ്?

വിദൂ—(നാലുവശവും നോക്കിച്ചിരിച്ചുകൊണ്ട്)
ഭവാൻെറ സാമീപ്യംകൊണ്ട് എൻെറ ശത്രുക്കളെല്ലാം നശിച്ചിരിക്കുന്നു.

രാജാ—ഏതു ശത്രുക്കൾ

വിദൂ—ഞാൻ ഇതുവരെയും ഇന്ദ്രജിത്തിനെപ്പോലെ വാനരന്മാരുടെ മുമ്പിൽ എൻെറ പരാക്രമം കാണിക്കുകയായിരുന്നു.

രാജാ—(പുഞ്ചിരിയോടുകൂടെ) ഭവാൻെറ പരാക്രമത്തെക്കുറിച്ച് എനിക്കു നല്ലവണ്ണമറിയാം. എന്നാൽ തങ്ങളുടെ കൂട്ടത്തിലുള്ള ഒരുവൻ എന്നു വിചാരിച്ചായിരിക്കണം വാനരന്മാർ ഭവാനെ ഉപദ്രവിച്ചത്. ആട്ടെ, കണ്ണാഭരണമെവിടെ?

വിദൂ—ഭവാനു ദുരാഗ്രഹം നിമിത്തം കണ്ണാഭരണത്തെക്കുറിച്ചാണ് വിചാരം. ഞാനോ? നഷ്ടസർവ്വസ്വനായിട്ട് ഒരുവിധം ജീവിച്ചെന്നു പറഞ്ഞാൽ മതി. 'രാഗസാര'മായ ആ കണ്ണാഭരണം ഭദ്രമായി സൂക്ഷിക്കേണമെന്നു വിചാരിച്ച് വടിയുടെ അററത്തു ബ്രഹ്മസൂത്രംകൊണ്ടു ബലമായി കെട്ടി മുറുക്കിവച്ചുകൊണ്ടു വരുമ്പോൾ, എൻെറ കയ്യിൽനിന്നും ആ കള്ളക്കുരങ്ങന്മാർ തട്ടിപ്പറിച്ചുകളഞ്ഞു.

രാജാ—അഹോ! ഭവാൻ കാണിച്ചത് വലിയ പ്രമാദമാണല്ലോ.

വിദൂ —ഭവാൻ കോപിക്കരുത്. ആ അസത്തായ കണ്ണാഭരണം കൊണ്ടു എന്തു പ്രയോജനമാണുള്ളത്? ഇതു നിമിത്തം കോപിഷ്ഠയായ ദേവിയെ പ്രസാദിപ്പിക്കുന്നതിന്നു തന്നെ എത്ര പ്രയാസപ്പെടേണ്ടിവന്നു?

രാജാ—ഇപ്രകാരം പറയരുത്. എനിക്കു ആപാദദർശനം മുതൽക്ക് ഉണ്ടായ ഉൽക്കണ്ഠയെ ഭവാന്റെ ജിഹ്വാചാപല്യത്തെ ഭയന്നാണ് അന്ന് പ്രകാശിപ്പിക്കാതിരുന്നത. അതിനാൽ നമുക്ക് ഇതിനെ നശിപ്പിക്കത്തക്കതായ ഒരു വനപ്രദേശം അന്വേഷിക്കാം.

വിദൂ.—ഭവാൻ മൃഗങ്ങളുടെ മാർഗ്ഗം അന്വേഷിച്ചു പുറപ്പെട്ടതുപോലെ, ഞാൻ ഭവാന്റെ മാർഗ്ഗം അന്വേഷിച്ചുവന്ന് ഭൃഗുവെന്നൊരു മഹർഷിയുടെ ആശ്രമത്തിൽ പ്രവേശിച്ചു. അവിടെ അദ്ദേഹം ഒരു കഥപറയുന്നതു ഞാൻ കേട്ടു. അതു മുഴുവനും പറയുന്നതിന് എനിക്കു ശക്തിയില്ലെങ്കിലും, അതിന്റെ സാരാംശം പറയാം: 'ഇവിടെനിന്നു വടക്കു കല്യാണവാമനമെന്നു പേരുള്ള ഒരു വിഷ്ണുക്ഷേത്രമുണ്ട്. അവിടെ വെച്ചാണ്, ഭഗവാനെ ആരാധിച്ചിട്ട് ആദിത്യദേവൻ ത്രൈലോക്യപ്രകാശകമായ ശക്തിയെ സമ്പാദിച്ചത്. അപ്പോൾമുതൽതുടങ്ങി ആ സ്ഥലത്തിനു 'തപന' വനമെന്നു പേരു സിദ്ധിച്ചു. അവിടെത്തന്നെ ത്രിവിക്രമത്തിനായൊരുമ്പെട്ട ഭഗവാൻ വാമനന്റെ കരതലത്തിൽനിന്നു ദാനജലം പതിക്കുകയും അതു 'കരതലോദകം' എന്നൊരു സരസ്സായിട്ടു തീരുകയും ചെയ്തു' എന്ന്. അതുകൊണ്ട് നമുക്ക് അവിടെത്തന്നെ പോകാം.

രാജാ—എന്നാൽ ചരാചരഗുരുവായ ഭഗവാന്റെ പാദപങ്കജങ്ങളെ വന്ദിക്കേണ്ടതാണ്. ഭവാൻ മുൻപെ നടക്കണം.

വിദൂ—ഭവാൻ ഇതിലെ ഇതിലെ.

(ചുററിനടക്കുന്നു)

വിദൂ—അല്ലയോ വയസ്യ! സർവ്വകാലരമണീയമായ ഈ വന

ത്തിൽ പ്രവേശിച്ചിരിക്കുന്ന എന്നിൽ ദിക്ഭ്രമവും കാലഭ്രമ
വും ഒരുപോലെ കടന്നുകൂടിയിരിക്കുന്നു.

രാജാ.—(സാവധാനം ചുററും നോക്കീട്ട്) ഇത് ശിശിരവസ
ന്തങ്ങളുടെ ഇടയ്ക്കുള്ള കാലമാണെന്നാണ് ഞാൻ സംശയി
ക്കുന്നത്. എന്തെന്നാൽ,

വൈകല്യംതാമരയ്ക്കുംതടവുദിനമുഖാ
ക്കൻറകാന്തിക്കുമേററം
നാംകാൻവയ്യാത്തവണ്ണംഹിമനിരവിരള
പ്രായമായ്ത്തീൎന്നിദാനീം
ശ്രീകൂട്ടംഭൃംഗരാജൻ 'പ്രസവമഴിയു'മീ
'ഞാഴ'ൽചിട്ടെത്തുവാനാ
യാകാംക്ഷിക്കുന്നടക്കൽപ്രസവമെഴമശോ
കസ്ഥയാം'ശാഖ'യിങ്കൽ. ൩

വിദൂ.—വയസ്യ കണ്ടാലും കണ്ടാലും. 'അദൃഷ്ടപൂൎവ്വകളും' മന്ദവാ
യുസ്പൎശം കൊണ്ടിളകുന്ന ശരീരങ്ങളിൽ മുത്തുകൾപോലെ
ശോഭിക്കുന്ന 'മുകുളസ്വേദങ്ങളോ'ടും കൂടിയ ഈ 'സ്വൎണ്ണല
താകന്യകകൾ' 'രത്നപുഷ്പേക്ഷണങ്ങൾ'കൊണ്ടു ഭവാനെ
നോക്കുന്നെന്നു തോന്നുന്നു- അതുകൊണ്ടു തപനവനം ഇതു
തന്നെയായിരിക്കേണം.

രാജാ.—സഖേ! ഭവാൻെറ ഊഹം വാസ്തവംതന്നെ. എന്തെ
ന്നാൽ,

ഭൃംഗദ്ധ്വംകൃതിസീൽകൃതങ്ങൾമുഴക്കിനീരജകുട്മള
കൊങ്കയുന്നിവിടുന്നചെന്തളിരായിടുംമധുരാധരം
ഭംഗിയോടുകൊടുത്തുടുത്തമരുന്നൊരീസഹകാരമോ
ടംഗമേററമണച്ചിടുന്നിതകല്പവല്ലിരസത്തൊടും ൪

വിദൂ.—അഹോ! സ്വപ്നത്തിൽപോലും അദൃഷ്ടപൂൎവ്വങ്ങളായ ഇ
വയെല്ലാം കാണുന്നതിന്നു എനിക്കു ഭാഗ്യമുണ്ടായതോൎത്താ

ൽ, ഒരു വേള മുമ്പിൽ പ്രാൎത്ഥിച്ച ആകാശഗമനവും സിദ്ധിച്ചേക്കാം.

രാജാ — (സ്പൎശസുഖം നടിച്ചിട്ട്) ആ വിഷ്ണുക്ഷേത്രം അടുത്തിരിക്കുന്നു. എന്തെന്നാൽ,

എറുംഗ്ഗൽഗ്ഗുല്ഗുലുധൂപവാസിതമായ്,
നീൎത്തുള്ളിയാൽ ശ്രമമോ,
യാരാൽകുങ്കുമരേണുചേൎന്നരുണമായ്,
കൎപ്പൂരചൂൎണ്ണാഢ്യമായ്
സൌരഭ്യാഹൃതമത്തഭൃംഗയുതമായ്
മാൎഗ്ഗക്ലമച്ഛേദിയായ്
സൈപരംവീശിവനാന്തവായുകവരു
ന്നണ്ടത്രനാസാപുടം ൭

(രണ്ടുപേരും ചുററിനടക്കുന്നു)

വിദൂ — അല്ലയോ വയസ്യ! നമ്മൾ ഭഗവൽ ക്ഷേത്രത്തിലെത്തിയിരിക്കുന്നു. അതുകൊണ്ട്, ഉള്ളിൽ പ്രവേശിച്ച ഭഗവാനെ നമസ്കരിക്കാം.

രാജാ — (പ്രവേശിക്കുന്നതായി നടിച്ച കൈകൂപ്പിക്കൊണ്ട്)

ആഷാഢം, ബ്രഹ്മസൂത്രം, കുതുകമതിയുതമാ
മാനനം, പാവനതപം,
ഹ്രസ്വതപം, ചെഞ്ചിടക്കെട്ടരയിലഴകെഴും
മുഞ്ജനൂല, ഫുല്ലനേത്രം,
ഭാസുത്താം ചിത്രകൃഷ്ണാജിന, മിവയെഴുമിദിവ്യ
നാം വാമനൻതൻ
വേഷാസ്പൃഷ്ടാൎത്ഥസിദ്ധിക്കിവിടിരുകരവും ചേ
ൎത്തിതാ കുമ്പിടുന്നേൻ ൮

—:o:—

# ഹൈന്ദവതത്വശാസ്ത്രം.

## (തൎജ്ജമ)

---

(ഐ-വേലായുധമേനോൻ അവൎകൾ, ബി-എ-ബി-എൽ-)

നമ്മുടെ ഇൻഡ്യാരാജ്യം അതിന്റെ തത്വശാസ്ത്രത്തിൽ ഏറ്റവും പ്രശസ്തി നേടീട്ടുണ്ടെങ്കിലും, ജനസാമാന്യം ഇതിൽ കേവലം അശ്രദ്ധന്മാരായിരിക്കുന്നു എന്ന സംഗതി ഒരു ദൈവദുൎന്നിയോഗം തന്നേയാണ്. നമ്മുടെ തത്വശാസ്ത്രത്തെപ്പററി അനവധി ആക്ഷേപങ്ങൾ ഉണ്ട്. അതിനെ തത്വശാസ്ത്രമെന്നു തന്നെ പറവാൻ പാടില്ലെന്നും, കേവലം ഒരു തൎക്കശാസ്ത്രമായി മാത്രമേ അതിനെ ഗണിപ്പാൻ പാടുള്ളു എന്നും ആണ് ഒരു ഗ്രന്ഥകാരന്റെ അഭിപ്രായം. യൂറോപ്യതത്വശാസ്ത്രത്തിന്റെ വിഷമങ്ങളെ വിശദീകരിപ്പാൻ നമ്മുടെ ശാസ്ത്രം തെല്ലുപോലും ഉതകുന്നതല്ലെന്നും, അതുകൊണ്ട് യൂറോപ്യശാസ്ത്രജ്ഞന്മാർ ഇതിനെപ്പററി വിമൎശനം ചെയ്യേണ്ടുന്ന ആവശ്യം തന്നെ ഇല്ലെന്നും ആണ് മറെറാരു മഹാൻ പറഞ്ഞിട്ടുള്ളത്. ഇതു സാരശൂന്യമായിട്ടുള്ളതാണെന്നു ചിലർ; സ്വമതാഭിമാനമുള്ളതാണെന്നു മററു ചിലർ; കാൎയ്യകാരണാനുസാരിയല്ലെന്നു വേറെ ഒരു കൂട്ടർ; ഇതിന്റെ ക്രമം സാധാരണന്മാരാൽ ഗ്രാഹ്യമല്ലാ; ഇതിന്റെ ഫലങ്ങളാണെങ്കിൽ ശാസ്ത്രാനുസാരികളും അല്ലാ; തന്ത്രവിധികൾ പ്രകാരം ദേവതാരാധനയിൽ ജനങ്ങളെ പ്രേരിപ്പിക്കുകയാകുന്നു ഇതിന്റെ ഉദ്ദേശം; ഈ പ്രപഞ്ചം ദോഷപ്രദമാണെന്നാണ് ഇതിന്റെ ഉപദേശം; ഇരുട്ടിനെ എന്നപോലെയാണ് ഈ ശാസ്ത്രം ലോകത്തെ വീക്ഷിക്കുന്നത് — ഇങ്ങനെ തുടങ്ങി നമ്മുടെ തത്വശാസ്ത്രത്തെപ്പററി പല ആക്ഷേപങ്ങളും പലരും പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്രകാരമുള്ള ആക്ഷേപങ്ങൾക്കു വല്ല അടിസ്ഥാനവും ഉണ്ടോ എന്ന് നമുക്ക് ആദ്യമായി ആലോചിക്കാം. നമ്മുടെ ഇടയിൽ പ്രത്യേക സിദ്ധാന്തങ്ങളോടുകൂടിയ ഒന്നിലധികം ത

തത്വദൎശനങ്ങൾ ഉണ്ടെന്നുള്ളത് നിരാക്ഷേപമാണല്ലൊ. അവ യിൽ ചിലതിനെകുറിച്ചു ഏതാനും ചില ആക്ഷേപങ്ങൾ പുറ പ്പെടുവിപ്പാൻ വഴിയുണ്ടെന്നുംവരാം പക്ഷെ, സാധാരണയായി ഹൈന്തവതത്വശാസ്ത്രത്തെ ഒട്ടുക്കുക്കൂട്ടിപ്പിടിച്ചു കുററം പറയു ന്നത് അതിനെപ്പററിയുള്ള അജ്ഞതകൊണ്ടാണെന്നു തികച്ചു പറയേണ്ടിരിക്കുന്നു. ഈ അജ്ഞതയ്ക്കു കാരണം മറെറാന്നും അ ല്ലാ: തത്വശാസ്ത്രത്തെ ശരിയായി പഠിക്കുന്നതിൽ ജനങ്ങൾ കാണിക്കുന്ന ഉപേക്ഷയും വൈമുഖ്യവുംതന്നെയാണ്.

എന്നാൽ ഈ ഉപേക്ഷ എപ്പോൾ എങ്ങനെ ഉണ്ടായി, എങ്ങനെ വൎദ്ധിച്ചു, എന്നാണ് പിന്നെ ആലോചിപ്പാനുള്ള ത്. സംസ്കൃതസാഹിത്യത്തിൽ പാശ്ചാത്യന്മാൎക്കു ഇപ്പോൾ വള രെ അഭിരുചി ജനിച്ചിട്ടുണ്ട്. അതുവഴി സംസ്കൃതഗ്രന്ഥങ്ങൾ പാശ്ചാത്യഭാഷകളിലേക്കു തൎജ്ജമചെയ്യപ്പെട്ടിട്ടും ഉണ്ട്. ഈ വക ഗ്രന്ഥങ്ങളെ സംബന്ധിച്ചു പല മഹാന്മാരും പല വിധ ത്തിലും ഗുണദോഷനിരൂപണങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ, ഈ നിരൂപണങ്ങൾ മൂലഗ്രന്ഥങ്ങളെ സംബന്ധിച്ചല്ലാ; അ വയുടെ പരിഭാഷകളെപ്പററിയാകുന്നു എന്നു പ്രത്യേകം ഓൎമ്മ വെക്കേണ്ടതാണ്. വാക്കുകളെ മാത്രം ഭാഷാന്തരപ്പെടുത്തുന്നതു കൊണ്ട് മൂലഗ്രന്ഥത്തിന്റെ സാരമൊ ഉദ്ദേശമൊ ഒരിക്കലും വിശദമാകയില്ലാ. രാമാനുജഭാഷ്യം ഡാക്ടർ തിബത്ത് (1) എന്ന മഹാൻ ഭാഷാന്തരപ്പെടുത്തീട്ടുണ്ട്. എന്നാൽ മൂലഗ്ര ന്ഥത്തിന്റെ ആശയം വെളിപ്പെടുത്തുവൻ ഡാക്ടർ തിബത്തി ന്നാകട്ടെ അദ്ദേഹത്തിന്റെ പിൻഗാമികൾക്കാകട്ടെ ഇനിയും സാധിച്ചിട്ടില്ലന്നു വ്യസനപൂൎവ്വം പറയേണ്ടിരിക്കുന്നു. തൎജ്ജമ ആക്കും ആവശ്യമില്ല. ഓരോ സിദ്ധാന്തങ്ങളുടെ സാരതത്വമാ ണ് അറിയേണ്ടത്. നിൎഗ്ഗുണബ്രഹ്മത്തെപ്പററി രാമാനുജൻ എ ന്തുപറയുന്നു? സഗുണബ്രഹ്മവും നിൎഗ്ഗുണബ്രഹ്മവും തമ്മിൽ വ

---

(1) Dr. Thibaut

ല്ല ബന്ധവും ഉണ്ടോ? ഈശ്വരനും നമ്മുടെ ആത്മാവും ലോകത്തിലെ ഇതരവസ്തുക്കളും തമ്മിൽ ഉള്ള സംബന്ധമെന്ത്? ഈ ചോദ്യങ്ങൾക്കു രാമാനുജൻ എന്തു സമാധാനങ്ങൾ പറയുന്നു എന്നറിവാനാണ് ഒരു ജ്ഞാനേച്ഛുവിന്നാഗ്രഹം ഉണ്ടാകുന്നത്. രാമാനുജന്റെ മതങ്ങൾ തന്റെ അഭിപ്രായങ്ങളോടു കൂടി യോജിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എവിടെയാണ് വ്യത്യാസമുള്ളത്? ഐറോപ്യതത്വശാസ്ത്രജ്ഞന്മാരിൽ വല്ലവരുടേയും മതങ്ങളോടു അവസ്ഥ സാദൃശ്യമുണ്ടോ? എന്നിങ്ങനെ തുടങ്ങിയുള്ള ചോദ്യങ്ങൾക്കു തക്കതായ സമാധാനങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ ശാസ്ത്രത്തിന്ന് ഒരു നൂതന വ്യാഖ്യാനം ഉണ്ടാകുവാൻ തരമുള്ളു. തത്വശാസ്ത്രം നിലനിന്നു പോരേണമെങ്കിൽ, നൂതനങ്ങളായ വ്യാഖ്യാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും വേണം. പാശ്ചാത്യശാസ്ത്രജ്ഞന്മാൎക്കു സംസ്കൃതഗ്രന്ഥങ്ങളുടെ തൎജ്ജമകൾ വായിച്ച് അവരുടെ വിലയേറിയ സമയം നയിപ്പാൻ ക്ഷമയുണ്ടാകുന്നതല്ല. നമ്മുടെ ഗ്രന്ഥങ്ങളുടെ തൎജ്ജമകൾക്കല്ലാ അവൎക്കാവശ്യം; ഓരോ സിദ്ധാന്തങ്ങളുടെ ആശയങ്ങളെ വെളിപ്പെടുത്തത്തക്ക വിധത്തിലുള്ള വ്യാഖ്യാനങ്ങൾ, അല്ലെങ്കിൽ ഉപന്യാസങ്ങൾ, ആകുന്നു അവൎക്കു വേണ്ടത്. സംസ്കൃതപണ്ഡിതന്മാൎക്കാണെങ്കിൽ ഐറോപ്യശാസ്ത്രസിദ്ധാന്തങ്ങളെ അറിവാനുള്ള ആഗ്രഹമോ അവസരമൊ കിട്ടില്ലതാനും. അതുകൊണ്ടു രണ്ടുശാസ്ത്രങ്ങളും തമ്മിലുള്ള ഐക്യത്തേയോ പരസ്പരബന്ധത്തേയോ തിരിച്ചറിവാൻ തരമില്ലാതെയും തന്മൂലം നമ്മുടെ തത്വശാസ്ത്രത്തിന്നു നവീനങ്ങളായ വ്യാഖ്യനങ്ങൾ ഉണ്ടാകുവാൻ മാൎഗ്ഗമില്ലാതെയും വന്നിരിക്കുന്നു.

ഉപേക്ഷയ്ക്കുള്ള രണ്ടാമത്തെ ഹേതു ഹൈന്ദവതത്വശാസ്ത്രത്തിന്റെ ഒട്ടാകെയുള്ള ഒരു ചരിത്രം ഇല്ലെന്നുള്ളതാണ്. പാശ്ചാത്യശാസ്ത്രവും ഹൈന്ദവശാസ്ത്രവും ഒരുപോലെ പഠിച്ച് അവയുടെ പരസ്പരസംബന്ധത്തെ ചൂണ്ടിക്കാണിപ്പാൻ ഉത്സാഹിച്ചിട്ടുള്ളവരായ മാക്സ്മുള്ളർ, ഡ്യൂഎസ്സൻ (2) എന്നി

(2) Profr. Deuessen

വരേപ്പോലെ അപൂൎവ്വം ചില ശാസ്ത്രജ്ഞന്മാർ ഇല്ലെന്നില്ല. പക്ഷെ, ഇവരുടെ ഉദ്യമങ്ങൾ തുലോം കുറച്ചു മാത്രമായിരുന്നു. പുരാതനങ്ങളായ ഉപനിഷത്തുകളുടെ കാലം മുതൽ ഗൂഢാൎത്ഥസിദ്ധാന്തങ്ങളോടുകൂടിയ കവിശിരോമണി രവീന്ദ്രനാഥന്റെ കാലം വരെ, ഹൈന്ദവതത്വശാസ്ത്രത്തിന്നു നേരിട്ടിട്ടുള്ള ദശാപരിണാമങ്ങളെ ഒട്ടാകെ കൂട്ടിച്ചേൎത്ത് ഒരു ചരിത്രം എഴുതുവാൻ ആരാലും ഇതേവരെ സാധിച്ചിട്ടില്ല. ഡാക്ടർ ഡ്യൂഎസ്സൻ എന്ന മഹാൻ ഈ വിഷയത്തെ അടിസ്ഥാനമാക്കി മൂന്നു മഹത്ഗ്രന്ഥങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നുള്ള സംഗതി ഈ സന്ദൎഭത്തിൽ പ്രസ്താവയോഗ്യമാണ്. ഇങ്ങനെ അപൂൎവ്വമായി രണ്ടോ മൂന്നോ കൃതികൾ ഉണ്ടായതുകൊണ്ടു ഹൈന്ദവശാസ്ത്രത്തിന്റെ ഒററം പിടിപ്പാൻകൂടി സാധിക്കുന്നതല്ല. ഇനിയും ഈ വിധം അനവധി ഗ്രന്ഥങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നാലല്ലാതെ ശാസ്ത്രത്തിന്റെ ഗൂഢതത്വങ്ങൾ വെളിപ്പെടുത്തുന്നതും അല്ലാ. ഹൈന്ദവശാസ്ത്രത്തിന്റെ ഒരു പൂൎണ്ണമായ ചരിത്രമാണ് ഇപ്പോൾ അത്യാവശ്യമായിരിക്കുന്നത്. ഇൻഡ്യാഗവൎമ്മേണ്ടിന്റെ സഹായധനം ഹേതുവായി യൂറോപ്പിലുള്ള രാജ്യങ്ങളിൽ പോയി സംസ്കൃതവിദ്യാഭ്യാസം ചെയ്തു മടങ്ങി വന്നിട്ടുള്ള പണ്ഡിതന്മാരിൽ പലരും പാശ്ചാത്യരീതി അനുസരിച്ച് ഹൈന്ദവശാസ്ത്രവിഷയങ്ങളെപ്പററി ചില ഉപന്യാസങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. അവരുടെ ഉദ്യമങ്ങൾ ഏററവും പ്രശംസാവഹങ്ങളാണെന്നതിന്നു തൎക്കമില്ല. ഇങ്ങനെയുള്ള ഉപന്യാസങ്ങളാണ് ഹൈന്ദവതത്വശാസ്ത്രചരിത്രത്തിന്റെ ഉത്തമമുഖവുരകളായി തീരുന്നത്.

തത്വശാസ്ത്രം പഠിക്കുന്നതിൽ ജനങ്ങൾക്കു വിമുഖതയുണ്ടാക്കുവാനുള്ള മൂന്നാമത്തെ ഹേതു ശാസ്ത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ള സമ്പ്രദായത്തിന്റെയും രീതിയുടേയും കാഠിന്യമാണ്. ഈ രീതി പണ്ഡിതന്മാൎക്കുകൂടി സുഗ്രാഹ്യമല്ലാ. ഗ്രീക്ക് ഗ്രന്ഥകാരന്മാരും നമ്മുടെ ശാസ്ത്രജ്ഞന്മാരും തമ്മിലുള്ള വ്യത്യാസം

ഇതാണ്. സാധാരണന്മാൎക്കുകൂടി എളുപ്പത്തിൽ സാരം ഗ്രഹിക്കത്തക്ക രീതിയിലാണ് അവരുടെ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്. പ്ലാറ്റോവിൻെറ പുസ്തകം വായിച്ചുകഴിഞ്ഞ് രാമാനുജൻെറ ഗ്രന്ഥത്തിലേക്കു കടക്കുമ്പോൾ ഈ രീതിഭേദം ദൃഷ്ടാന്തപ്പെടുന്നതാണ്. നിസ്സാരങ്ങളായ സൂക്ഷ്മവിവേചനങ്ങളും വിഷമമേറിയ അന്വയങ്ങളും അൎത്ഥമില്ലാത്ത ആക്ഷേപങ്ങളും ആ വക ആക്ഷേപങ്ങൾക്കു സാരശൂന്യങ്ങളായ സമാധാനങ്ങളും വ്യാഖ്യാനത്തിൻെറ മുകളിൽ വ്യാഖ്യാനവും ഭാഷ്യങ്ങൾക്കു വീണ്ടും ഭാഷ്യങ്ങളും ഇങ്ങനെ തുടങ്ങി നമ്മുടെ ശാസ്ത്രപുസ്തകങ്ങളിൽ, ഒരു ജ്ഞാനേച്ഛുവിൻെറ മനസ്സിന് അസാമാന്യമായ മുഷിച്ചിലും കുഴപ്പവും ഉണ്ടാക്കിത്തീൎക്കുന്നതിനു വേണ്ടത്തക്ക ഉപദേശങ്ങൾ എല്ലാം തികഞ്ഞ് കാണാം. ഇതിനും പുറമെ, അക്ഷരപ്പിഴകൾ നിമിത്തം നേരിടുന്ന ബുദ്ധിമുട്ടുകൾ കൂടി ഉണ്ടായാൽ കുഴപ്പം വൎദ്ധിക്കുന്നതിനു വേറെ വല്ലതും വേണമോ? വാക്കുകളും വാക്കുകൾ സൂചിപ്പിക്കുന്നതായ സാധനങ്ങളും തമ്മിൽ ഒരു കുഴപ്പം അങ്ങനെ. മൂലഗ്രന്ഥത്തിൻെറ പദാൎത്ഥം മനസ്സിലാക്കിയാൽ മതി എന്നാണ് വെച്ചിരിക്കുന്നത്. അതിൽ അടങ്ങിയ തത്വസാരം ഗ്രഹിച്ചാലുംശരി, ഗ്രഹിച്ചില്ലെങ്കിലും ശരി, ഏതെങ്കിലും ഒരു വാദം ശരിയാണ്, അല്ലെങ്കിൽ തെറ്റാണ് എന്നു സാധിക്കുന്നത് പ്രമാണം ഉള്ളതുകൊണ്ടാണ്; കാൎയ്യകാരണം അനുസരിച്ചിട്ടല്ലാ. ഇങ്ങനെയാണ് നമ്മുടെ ശാസ്ത്രപുസ്തകങ്ങളിൽ മിക്കതും എഴുതപ്പെട്ടിട്ടുള്ളത്. ന്യായവാദിയായ ഒരുവനു ഈ തരത്തിൽ രചിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളോടു അസാമാന്യമായ വെറുപ്പ് തോന്നാതിരിക്കുന്നുണ്ടെങ്കിൽ, അതാണ് അത്ഭുതം.

ഹൈന്ദവതത്വശാസ്ത്രത്തിൻെറ അഭിവൃദ്ധിക്ക് നാലമതൊരു തടസ്ഥമുള്ളത് അതു ഒരു ഗൂഢശാസ്ത്രമാണെന്നുള്ള ബഹുജനവിശ്വാസമാണ്. ഈ വിശ്വാസം കേവലം അജ്ഞാനംകൊണ്ടു മാത്രം ഉണ്ടായിട്ടുള്ളതാകുന്നു. നമ്മുടെ ശാ

സ്ത്രവും പാശ്ചാത്യശാസ്ത്രങ്ങളും തമ്മിൽ പല സംഗതികളിലും അധികമായി സാദൃശ്യം കാണ്മാനുണ്ട്. ഇങ്ങനേയുള്ള സാദൃശ്യങ്ങളേയും വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ അവയേയും ചൂണ്ടിക്കാണിക്കുമ്പോഴാണ് മുൻവിവരിച്ചപോലെ തത്വശാസ്ത്രങ്ങളുടെ അന്യോന്യ സംബന്ധത്തെ നിർണ്ണയിക്കുക. ഇങ്ങനെയുള്ള പരസ്പര ബന്ധത്തെ അല്പമൊന്നു ചൂണ്ടിക്കാണിപ്പാനാകുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശം.

(തുടരും.)

---

## ചുവപ്പും ചെമപ്പും

(ടി. കെ. ജോസഫ് അവർകൾ, ബി. എ., എൽ. ടി.)

ചുവപ്പ്, ചെമപ്പ് എന്നീ പദങ്ങളുടെ വ്യുൽപ്പത്തിയേയും ശുദ്ധിയേയും പററി ഭാഷാഭിമാനികളുടെ ഇടയിൽ, വളരെക്കാലമായി, ഉഗ്രമായ വാദം നടന്നുകൊണ്ടിരിക്കയാണല്ലോ. ചുവപ്പാണ് ശരിയായിട്ടുള്ള രൂപമെന്നു ചിലരും, അതല്ല ചെമപ്പാണെന്നു മററു ചിലരും, രണ്ടും ശരിയാണെന്നു വേറൊരു കൂട്ടരും തർക്കിക്കുന്നുണ്ട്. ഇതിനിടയിൽ, ചെകപ്പിനേപ്പററി എന്താണ് പറവാനുള്ളതെന്നു ചോദിച്ചുകൊണ്ട് നാലാമതൊരു കൂട്ടരും പുറപ്പെട്ടിട്ടില്ലെന്നില്ല. ഈ വാദങ്ങളെയെല്ലാം ഒട്ടാകെ ഖണ്ഡിക്കുന്നതിന് ഒരു ഉദ്ദേശ്യകേസരിയായിട്ടല്ല എന്റെ പുറപ്പാട്. മററു ദ്രാവിഡഭാഷകളിൽ — മുഖ്യമായിട്ടു തമിഴിൽ — ഈ പദത്തിന്റെ രൂപം എന്താണെന്നും, ധാതു ഇന്നതാണെന്നും അറിയേണമെന്നേ ഇവിടെ ഉദ്ദേശമുള്ളു. ഈ അറിവിൽ നിന്ന് ഈ പദത്തിന്റെ വ്യുൽപ്പത്തിയെപ്പററിയും നമുക്ക് പറവാൻ കഴിയും. ഏതായാലും,

"ക്ഷുദ്രശ്ശസോയം മമ മന്ത്രരന്തർ
വാണിപ്രവീരൈർനനുമർഷണീയഃ" എന്നേ ഇവിടെ സമാധാനമുള്ളു.

ചുവപ്പ് എന്നുള്ള പദം ഗുണവാചിയായ ഒരു ധാതുവിൽനിന്ന് ഉണ്ടായതാണെന്നുള്ളതിനെപ്പററി ആക്ഷേപം വാദമില്ലെന്നു തോന്നുന്നു. അതുകൊണ്ട്, ചുവപ്പിനെപ്പോലെ ഗുണവാചികളായ ചില ശബ്ദങ്ങളുടെ പല രൂപങ്ങളെയും ഒരു പട്ടികയായി എഴുതി, അതിൽനിന്നും എന്ത് അനുമാനം സിദ്ധിക്കുന്നു എന്ന് ആലോചിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

| തമിഴ് ധാതുക്കൾ | നിഷ്പന്നരൂപങ്ങൾ | | |
|---|---|---|---|
| | ൧ | ൨ | ൩ |
| ൧ | | | |
| പച് | പാച് | പചി | പചു |
| (പച്ചൈ-പൈമ്മൈ) | (പാചിലൈ) | (പശിമ) | (പചുമൈ) |
| | (പാചടൈ) | | (പചുന്തരവു) |
| ൨ | | | |
| വെൾ | വേൾ | വെളി | വെളു |
| (വെള്ളൈ-വെണ്മൈ) | | (വെളിവ്) | (വെളുപ്പ്) |
| (വെള്ളാട്) | | (വെളിമ്പറമ്പ്) | |
| ൩ | | | |
| ചിർ | ചീർ | ചിറി | ചിറു |
| ചിന്മൈ | (ചീറടി) | ചിറിയതു | ചിറുമൈ |
| ചിററടി | | ചിറിതു | ചിറുതിപ്പിലി |
| ചിററിർപം | | | |
| ൪ | | | |
| വൽ | വാൽ | വലി | വലു |
| വല്ലൈ | (വലേറിയൻ) | വലിമൈ | വലുവായൻ |
| വന്മൈ | | വലിതു | വലുത് |
| വല്ലിയം | | വലിയ | |
| | | വലിപ്പം | |
| ൫ | | | |
| കർ | കാർ | കരി | കരു |
| കറാമൈ | കാറീയം | കരിയതു | കരുമൈ |
| കറായ്മ | കാറിയൻ | കരികിറിഞ്ഞി | കരുമ്പുലി |
| | | | കരുമകം |
| ൬ | | | |
| കുർ | കൂർ | കുറി | കുറു |

| | | | |
|---|---|---|---|
| കുറിവെ | കുറോളെ | കുറിയ | കുറുമൈ |
| കുറൊഴ്ഞ്ഞു | | | കുറുങ്കാലി |
| ൭ | | | |
| പെർ | പേർ | പെരി | പെരു |
| | പേരിൻപം | പെരിയ | പെരുമൈ |
| | പോരാമൈ | | പെരുമാൾ |
| | പേരറിവു | | പെരുംപറൈ |
| ൮ | | | |
| നെട് | നേട് | നെടി | നെടു |
| നെട്ടൈ | | നെടിയൻ | നെടുമൈ |
| ൯ | | | |
| കൊട് | കോട് | കൊടി | കൊടു |
| കൊള്ളൈ | കോട്ചൊല്ലൽ | കൊടിയതു | കൊടുമൈ |
| | കോടാരി | | |
| ൧൦ | | | |
| അർ | ആർ | അരി | അരു |
| അർച്ചു | ആരുയിർ | അരിയ | അരുമൈ |
| | | | അരുപ്പം |
| ൧൧ | | | |
| ചെവ് | ചേവ് | ചെവി | ചെവു |
| ചെവ്വു | | | |
| ചെമ്മൈ | ചേവടി | | (ചെവുപ്പു) |
| ചെവ്വൈ | | | (ചിവപ്പു) |

ഗുണവാചികളായ മേല്പറഞ്ഞ ധാതുക്കളിൽ നിന്നു പരസ്പരഭിന്നങ്ങളായ മൂന്നു രൂപങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ഈ പട്ടികയിലെ ഉദാഹരണങ്ങളിൽനിന്നു ഗ്രഹിക്കാമല്ലൊ. അവയിൽ ആദ്യത്തേത്, സ്വരം പരമാകുമ്പൊൾ, ധാതുവിലെ സ്വരത്തിന്റെ ദീർഘീകരണം മൂലം ഉണ്ടാവുന്നതും, മറ്റേതു രണ്ടും ധാതുവിനോട് ഇകാരവും ഉകാരവും ആഗമമായി ചേൎന്നുണ്ടാവുന്നതും ആകുന്നു. ൨-ം ൩-ം രൂപങ്ങളുടെ പംക്തികൾ പരിശോധിച്ചാൽ, ചിറിയ, വലിയ, പെരിയ, കുറിയ, നെടിയ, കൊടിയ, അരിയ മുതലായ നാമവിശേഷണപദങ്ങൾ പ്രായേണ രണ്ടാം രൂപത്തിൽ നിന്നാണ് ഉണ്ടാവുന്നതെ

നും, പച്ചമൈ, വെളുപ്പ്, ചിറുമൈ, ചിറുപ്പും, കരുമൈ, കരു പ്പ്, പെരുമൈ, പെരുപ്പും, നെടുമൈ, നെടുപ്പ്, നെടുപ്പും, അ രുമൈ, അരുപ്പ്, അരുപ്പും മുതലായ നാമപദങ്ങൾ മൂന്നാം രൂ പത്തിൽ നിന്നാണ് ഉണ്ടാവുന്നതെന്നും കാണാം. മൈ, മൈ എന്നീ പ്രത്യയങ്ങൾ ചേൎന്ന് ധാതുവിൽനിന്നുതന്നെ നാ മ പദങ്ങൾ ഉണ്ടാവുന്നതായും കാണുന്നുണ്ട്.

മേല്പറഞ്ഞ നിയമം അനുസരിച്ച് ചെവ് ധാതുവിന് ചെവ്വ്, ചെമ്മൈ എന്ന രണ്ടു നാമരൂപങ്ങൾ ഉള്ളതുകൂടാ തെ, ചെവുപ്പ് എന്നൊരു രൂപം കൂടി ഉണ്ടാവാമെന്ന് സിദ്ധ മാണല്ലൊ. ഈ രൂപത്തിനു തമിഴിൽ ഇപ്പോൾ പ്രചാരമി ല്ലെങ്കിലും, ഇങ്ങനെ ഒന്നു ഉണ്ടായിരുന്നിരിക്കേണമെന്ന് ഊ ഹിക്കുന്നതിനു ന്യായമുണ്ട്. പ്രചാരലുപ്തമായ ഈ ചെവുപ്പ് ആദ്യം ചെവപ്പ് ആയിട്ടും പിന്നെ ചിവപ്പ് ആയിട്ടും മാറിയ തായിരിക്കേണം. കറുപ്പ് കറപ്പായിട്ടും, അറുപ്പുവാൾ അറപ്പു വാൾ ആയിട്ടും മാറുന്നതുപോലെ, ചെവുപ്പ് ആദ്യം ചെവപ്പ് ആയ ശേഷം, എല ഇല ആയും, പെഴപ്പ് പിഴപ്പ് ആയും ഭേ ദപ്പെടുന്നതുപോലെ, ചെവപ്പ് ചിവപ്പ് ആയി പരിണമിച്ച തായിരിക്കേണം. എന്നാൽ, മലയാളത്തിൽ, വേറെ ഒരുവി ധം പരിണാമമാണ് ചെവുപ്പ് പദത്തിനു വന്നുകൂടിയത്. തമിഴിലെ ചെവ്വായും ചെവ്വും മലയാളത്തിൽ ചൊവ്വായും ചൊവ്വും ആയപോലെ ചെവുപ്പ് ചൊവുപ്പ് ആയി ഭേദപ്പെ ട്ടു. ഈ ചൊവുപ്പും അതിൻെറ ചുരുങ്ങിയ രൂപമായ ചോ പ്പും വടക്കൻ ദേശങ്ങളിൽ നിലനില്ക്കുന്നുണ്ട്. ചൊവുപ്പിൽ നിന്നു ചൊവപ്പും അതിൽനിന്നു ചുവപ്പും ഉണ്ടാവുന്നത് എളു പ്പമാണല്ലൊ. ഇങ്ങനെയാണ് നമ്മുടെ ചുവപ്പിൻെറ ആഗ മം. ഈ രണ്ടു പരിണാമരീതികളും പ്രത്യേകം എടുത്തെഴുതാം

ചെവപ്പു — ചിവപ്പു (തമിഴിൽ)

ചെവുപ്പു

ചൊവുപ്പ് — ചുവപ്പ് (മലയാളത്തിൽ)

ചൊവപ്പ്

ഇനിയും ചെമപ്പിൻെറ ആഗമം എന്താണെന്ന് ആലോചിക്കാം. തമിഴിൽ സംഭാഷണത്തിൽ ഉപയോഗിക്കുന്ന ചെവപ്പു മലയാളികളുടെ സംഭാഷണത്തിൽ ആദ്യം ചെമപ്പായി തീൎന്നിരിക്കാനിടയുണ്ടെന്നുള്ളതിനു ഇപ്പോഴത്തെ പുലയരുടെ ഭാഷ ഒരു തെളിവാണ്. പുലയരുടെ വാക്കുകളിലെ വ പലപ്പോഴും മ യായി മാറും. താഴെ കാണുന്ന വാക്കുകൾ ഈ മാററത്തിനു ദൃഷ്ടാന്തങ്ങളാണ്.

| | |
|---|---|
| വാഴ | മാളു |
| വാനം | മാനം |
| വാക്കൊട്ടു | മാക്കൊട്ടു |
| അവൻ | അമൻ |
| എവൻ | എമൻ |

ആദ്യകാലങ്ങളിൽ തമിഴിലെ ചെവപ്പു ചെമപ്പായി പരിണമച്ചത് ഇപ്പോഴും ചില ഇടങ്ങളിൽ നിലനിന്നു പോരുന്നു എന്നു വിചാരിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. ചില ദേശങ്ങളിൽ ചൊമപ്പും ധാരാളം നടപ്പുണ്ട്. ചൊമലപ്പൈയെന്നും, കണ്ണു ചൊമ ചൊമ എന്നിരിക്കുന്നെന്നും ചിലെടങ്ങളിൽ സാധാരണ പറയാറുണ്ട്. ചൊവപ്പിലെ വകാരം മകാരമായാണ് ഈ ചൊമപ്പു ഉണ്ടായതെന്നുള്ളതും യുക്തിയുക്തമാണ്.

ചെകപ്പിൻെറ വ്യുൽപ്പത്തിയെപ്പററിയാണ് ഇനി ആലോചിക്കേണ്ടത്. തമിഴിൽ ചെന്നിറം എന്നൎത്ഥമുള്ള ചെക്കൽ എന്നൊരു പദമുണ്ട്. കറു, ചിറ, പെരു, കരു, നെടു (പട്ടിക നോക്കേണം) എന്ന രൂപങ്ങളോടു കൽപ്രത്യയം ചേൎന്ന് കറുകൽ മുതലായ പദങ്ങൾ ഉണ്ടായതുപോലെ,ചെവുകൽ എന്നും ഉണ്ടാകാൻ വകയുണ്ട്. ചെവുകൽ ചുരുങ്ങി ആയിരിക്കണം ചെക്കൽ ഉണ്ടായത്. ചെകപ്പ് എന്ന പദം ചെക്കലിനോടു സംബന്ധപ്പെട്ടതും ആയിരിക്കേണം.

ഇനിയും ഈ പദങ്ങളുടെ ധാതു ഇന്നതാണെന്നു കണ്ടുപി

ടിക്കാൻ ശ്രമിക്കാം. ചുവപ്പിന്റെ ധാതു സംസ്കൃതത്തിലേ ശ്രീയോടു സംബന്ധപ്പെട്ടതാണെന്നും ശോണത്തോടു സംബന്ധപ്പെട്ടതാണെന്നും മററും ചിലർ പറയുന്നുണ്ട്. ഇതിനു വല്ല അടിസ്ഥാനവുമുണ്ടോ എന്നു സംശയമാണ്. ചുവപ്പും ഇംഗ്ലീഷിലെ സോപ്പിൽനിന്ന് ഉൽഭവിച്ചതാണെന്നു പറഞ്ഞാൽ കുറേക്കൂടി നന്നായിരിക്കുമെന്നു തോന്നുന്നു. ശബ്ദസാമ്യംകൊണ്ട് കേൾവിക്കാർ അതു വിശ്വസിക്കാൻ ഇടയുണ്ട്.

ഏതായാലും, ചുവപ്പിന്റെ ധാതു അന്വേഷിച്ച് ഇതരഭാഷകളിൽ പോയിട്ടും ആവശ്യമില്ല. തമിഴിൽനിന്നു തന്നെ അതു കണ്ടുപിടിക്കാം. ചെവ്വായ്, ചെവ്വലരി, ചെവ്വൈ, ചേവടി, ചേയവൻ, ചേക്കൈ, ചെങ്കൺ, ചെഞ്ചെവ്, ചെന്നായ്, ചെമ്പുനൽ എന്നീ വാക്കുകളിൽ ചെവ്, ചേവ്, ചെം ഇങ്ങനെ മൂന്നു തരത്തിലാണ് ധാതു കാണുന്നത്. ആദ്യം കൊടുത്തിട്ടുള്ള പട്ടികയിലെ മററു വാക്കുകൾ നോക്കിയാൽ ചെവ് ആണ് ധാതുവെന്നു വേഗം വെളിവാകും. ചേവ്, മുൻപറഞ്ഞപോലെ, ചെവ് ധാതുവിന്റെ ഒരു വിശിഷ്ടരൂപമെന്നേ വരികയുള്ളു. ചെം എന്നതും ഈ ചെവ് ധാതുവിൽ നിന്നു തന്നെ ഉണ്ടായതാണെന്നു സാധിക്കാം. എങ്ങനെയെന്നാൽ—ചെവു + പുനൽ = ചെവും + പുനൽ = ചെമ്പുനൽ. ചെങ്കതിരോൻ, ചെഞ്ചന്തനം, ചെന്തി, ചെമ്പരുത്തി എന്നീ വാക്കുകളിലെ ഘടകപദങ്ങൾ സന്ധിക്കുമ്പോൾ ഒരു മകാരം ആഗമമായിവരും. പട്ടികയിലെ മററു ധാതുക്കളുടെ മൂന്നാം രൂപങ്ങൾക്കും സന്ധിയിൽ ഈ മകാരാഗമം കാണുന്നുണ്ട്. अरुन्तुदः, द्विषन्तपः, आशितम्भवः इरम्मदः, रथन्तरम् । മുതലായ പദങ്ങളിൽ अरुर्द्विषदजन्तस्य मुम् । ആദിയായ സൂത്രങ്ങളാൽ പാണിനി വിധിച്ചിരിക്കുന്ന മുമാഗമംപോലെ ഒരു മകാരാഗമം ഇവിടെ വരുന്നു എന്നു വിചാരിക്കാം. തെലുങ്കിൽ ചേവുരു (ചുവപ്പ്) ചേവുരിംചുട (ചുവക്കുക) എന്ന പദങ്ങളും കാണുന്നു

ണ്ട്. ഇതെല്ലാംകൊണ്ട്, ചെവ് തന്നെയാണ് ധാതു എന്നു തീർച്ചപ്പെടുത്താം.

ചെമ്പുനൽ മുതലായ പദങ്ങളിൽ കാണുന്ന ചെം എന്നതിനെ വേറെ ഒരു വിധത്തിൽ വ്യുൽപ്പത്തി കല്പിക്കാം. പട്ടികയിലെ വെൾ, ചിർ, വല് എന്ന ധാതുക്കൾക്ക് വെൺ, ചിൻ, വൻ എന്നീ രൂപ വിശേഷങ്ങൾ കാണുന്നുണ്ട്. വെണ്ടാമ (വെൺ+താമര), ചിന്നപ്പൻ (ചിൻ+അപ്പൻ), വൻകാട് (വൻ+കാട്) എന്നീ പദങ്ങളിലെ ആദ്യഘടകങ്ങൾ ഒരിക്കലും വെൾ, ചിർ, വല് എന്നവയായിരിക്കാൻ തരമില്ല. അതുകൊണ്ട്, വെൺ, ചിൻ, വൻ ഇവയെ പ്രത്യേക ധാതുക്കളായിട്ട ഗണിക്കാം. ഇവ നാമരൂപങ്ങളായ വെണ്മെ, ചിന്മെ, വന്മെ എന്നിവയിൽനിന്നുണ്ടായവയാണെന്നും വിചാരിക്കാം. വെൾ, ചിർ, വലം ഇവ മിക്ക പദങ്ങൾക്കും സാമാന്യമായി നില്ക്കുന്നതുകൊണ്ട് ഇവയെ സാമാന്യധാതുക്കൾ എന്നും, വെൺ, ചിൻ, വൻ ഇവയിൽനിന്നു അധികം പദങ്ങൾ ഉണ്ടാകാത്തതുകൊണ്ട് ഇവയെ ഉപധാതുക്കൾ എന്നും നാമകരണം ചെയ്യാം. ഈ വഴിക്കു നോക്കുമ്പോൾ, ചെവ് എന്ന സാമാന്യധാതുവിന് ചെം എന്നൊരു ഉപധാതു ചെമ്മെ എന്ന നാമരൂപത്തിൽ നിന്നുണ്ടാവാം. ചെമ്മാനം (ചെം + വാനം) ചെമ്പു (ചെം + പു) എന്ന പദങ്ങളിൽ ആദ്യം ഘടകം ഇതുതന്നെയാണെന്നു പറയാം. കന്നടത്തിൽ ചെംഗദിര (ചെങ്കതിരോൻ), ചെംഗ്ഗലി (സൂര്യൻ), ചെംഗ്ഗഡി (പവിഴം), എന്നിങ്ങനെയും തെലുങ്കിൽ ചെംഗലുവ, ചെംദൊവ (ചെന്താമര), ചെംഗാവി (ചെന്നിറം) ചെംബു (ചെമ്പുപാത്രം) എന്നിങ്ങനെയും ചെം ചേർന്നുള്ള പദങ്ങളാണ് അധികമായിട്ട കാണുന്നത്. അതുകൊണ്ടു ചെം എന്നതിനെ ഒരു ഉപധാതുവായിട്ട കല്പിക്കുന്നതിൽ വലിയ പിശകില്ലെന്നു തോന്നുന്നു. അപ്പോൾ ചെന്താമര ചെവുന്താമര ചുരുങ്ങിയതാണെന്നും മാറും പറയാനുള്ള വൈഷമ്യം കൂടാതെ,

ചെം. താമരയോടടുപ്പുള്ളതായതാണെന്ന ധൈര്യമായി ട്ടു പറയാം.

അതുകൊണ്ടു നമുക്ക് ചെവ് ചെം എന്ന ധാതുപധാതുക്കളും, ചുവപ്പ് എന്ന പ്രയോഗപ്രതിഷ്ഠമായ രൂപവും സിദ്ധിക്കുന്നു. ഇങ്ങനെ ഈ വിമർശനം അവസാനിപ്പിച്ചുകളയാം.

—oo:o:oo—

## ആദികേരളം. രണ്ടാംഭാഗം

കെ. പി. പത്മനാഭമേനോൻ അവർകൾ.
ബി. എ. ബി. എൽ. എം. ആർ. എ. എസ്

വളരെ പുരാതനകാലം മുതൽക്കുതന്നെ ദക്ഷിണ ഇൻഡ്യാനിവാസികളായ ദ്രാവിഡരും ഉത്തരദേശവാസികളായ ആര്യന്മാരും ഏഷ്യാ, ആഫ്രിക്ക, യൂറോപ്പുമുതലായ പൂർവ്വപശ്ചിമരാജ്യങ്ങളുമായി കച്ചവടസംബന്ധമായ വ്യാപാരങ്ങൾ നടത്തിക്കൊണ്ടു വന്നിരുന്നു. ഉത്തരദേശക്കാർ കരവഴിയായും ദക്ഷിണദേശക്കാർ കടൽവഴിയായുമാണ് വ്യാപാരം നടത്തിവന്നത്. വേദ, സൂത്ര, പുരാണ, കാവ്യനാടകാദി സംസ്കൃതസാഹിത്യങ്ങളിൽ കടൽമാർഗ്ഗമായി വിദേശരാജ്യങ്ങളായിട്ട് ഇൻഡ്യക്കാർ കച്ചോടം നടത്തിവന്നു എന്ന് പല ഘട്ടങ്ങളിലും വിവരിച്ചുകാണുന്നുണ്ട്. കച്ചോടാവശ്യത്തിന്നായി ഇൻഡ്യാനിവാസികൾ കടൽയാത്രകൾ ചെയ്തതിനെപ്പറ്റി പല പ്രസ്താവനകങ്ങളും ഋഗ്വേദത്തിൽ കാണുന്നുണ്ട്. ഒരു ഘട്ടത്തിൽ (1) കപ്പൽ ഓടിച്ചുപോകുന്നതായ സമുദ്രവീഥിയിലുള്ള പല മാർഗ്ഗങ്ങളും വരുണനു് നല്ല നിശ്ചയമുണ്ടായിരുന്നു എന്നു പറയുന്നു. മറെറാരേടത്ത് കച്ചോടക്കാർ ദ്രവ്യത്തിലുള്ള അത്യാഗ്രഹം കൊണ്ട് വിദേശരാജ്യങ്ങളിലേക്കു കപ്പലുകൾ അയക്കുന്നു എ

(1) I 25 7

ന്ന് പറഞ്ഞു കാണുന്നു. (2) വേറൊരു ഭാഗത്ത് അതിരില്ലാത്ത ഉത്സാഹപ്രിയന്മാരായ വ്യാപാരികൾ ലാഭത്തെ ഇഛിച്ച് എല്ലാദിക്കിലും സഞ്ചരിക്കുന്നു എന്നും, സമുദ്രത്തിന്റെ എല്ലാ ഭാഗങ്ങളിലും പൊയ്ക്കൊണ്ടിരിക്കുന്നു എന്നും പറയുന്നു. (3) വസിഷ്ഠനും വരുണനും കൂടി ഒരു കപ്പൽയാത്ര ചെയ്തതിനെപ്പററി ഒരു ദിക്കിൽ പ്രസ്താവിക്കുന്നുണ്ട്. (4) വേറൊരു ഘട്ടത്തിൽ ഏററവും രസകരമായ മറെറാരു സംഗതിയെക്കുറിച്ച് കാണുന്നു. തുഗ്രൻ എന്ന രാജൎഷി തന്റെ പുത്രൻ ഭുജ്യുവിനെ അകലെയുള്ള ദ്വീപാന്തരങ്ങളിൽ വസിക്കുന്ന ചില ശത്രുക്കളുടെ നേരെ ഒരു നാവികസൈന്യത്തോടുകൂടി അയച്ചു. പോകുംവഴി ഭുജ്യു ഒരു കോളിൽപ്പെട്ട് കപ്പലുകൾ എല്ലാം നശിച്ച് സമുദ്രത്തിൽ കിടന്നു ഉഴലുവാൻ സംഗതിയായി. ഈ അപകടത്തിൽ നിന്നു അശ്വിനിദേവകൾ നൂറുതണ്ട് വലിക്കുന്ന ഒരു പടവിൽവന്ന് ഭുജ്യുവിനെ രക്ഷപ്പെടുത്തി. (1)

ഇൻന്ത്യയിലുള്ളവർ സമുദ്രത്തിൽ കൂടി പുറരാജ്യങ്ങളിൽ പോയിവരുന്നത് അസാധാരണമല്ലായിരുന്നു എന്ന് രാമായണത്തിൽ കാണുന്ന പല പ്രസ്താവങ്ങളാലും വിശദപ്പെടുന്നുണ്ട്. കിഷ്കിന്ധകാണ്ഡത്തിൽ ഹനുമാനെ സീതാന്വേഷണത്തിന്നായി അയയ്ക്കുന്ന സന്ദൎഭത്തിൽ,രാവണൻ സീതയെ ഒളിപ്പിച്ചിരിക്കുവാൻ എടയുള്ള പ്രദേശങ്ങളെ സുഗ്രീവൻ വിവരിക്കുന്നുണ്ട്. ആ കൂട്ടത്തിൽ സമുദ്രത്തിൽ കിടക്കുന്ന പല ദ്വീപുകളിലുള്ള മലകൾ, നഗരങ്ങൾ മുതലായ ഇടങ്ങളിൽ പോയി അന്വേഷിക്കേണമെന്നു പ്രത്യേകം നിഷ്കൎഷിക്കുന്നു. (1) ദ്വീപുകളുടെ പേർ പറയുന്ന കൂട്ടത്തിൽ യവനദ്വീപ്, സ്വൎണ്ണദ്വീ

(2) II 48 3
(3) I 56 2
(4) VII 88 3 0 4 0
(1) I 116 3
(1) 40 25

പ്, (2) ഇതുകളെ പറയുന്നു. സമുദ്രങ്ങളിൽ ലോഹിതസാഗരത്തെ അതായത് ചെങ്കടലിനെകുറിച്ചു പറയുന്നുണ്ട്.

മഹാഭാരതം സഭാപർവ്വത്തിൽ സഹദേവൻ സമുദ്രത്തിലുള്ള പലദ്വീപുകളിലും ചെന്ന് അവിടെ ഉണ്ടായിരുന്ന മ്ലേഛന്മാരെ ജയിച്ചു എന്നു പറയുന്നു. സമുദ്രയാത്രയെപററിയുള്ള പ്രസ്താവങ്ങൾ 'ദ്രോണപർവ്വം, കർണ്ണപർവ്വം, ശാന്തിപർവ്വം ഇതുകളിലും കാണ്മാനുണ്ട്. ഇതുപോലെയുള്ള പ്രസ്താവങ്ങൾ ധർമ്മസൂത്രങ്ങളിലും ഉണ്ട്. വൈദീകബ്രാഹ്മണർ സമുദ്രയാത്ര ചെയ്തുകൂടാഎന്ന് ബോധായന ധർമ്മസൂത്രം വിരോധിക്കുന്നു. (1) എന്നാൽ, ഉത്തരദേശക്കാർ ഇതു ചെയ്യുന്നത് സാധാരണയാണെന്നു പറയുന്നുണ്ട്. (2) കപ്പലുടമസ്ഥന്മാർ രാജാവിനു കൊടുക്കേണ്ടുന്ന വരിയുടെ ക്രമത്തെ ബോധായനനും (3) ഗൌതമനും (4) വിവരിക്കുന്നു. മനുസ്മൃതി, (5) യാജ്ഞ്യവൽക്ക്യസംഹിത ബൃഹൽസംഹിത (6) വായുപുരാണംമാർക്കണ്ഡേയപുരാണം, ഭാഗവതം, വരാഹപുരാണം, രഘുവംശം (7) ശാകുന്തളം, രത്നാവലി, ദശകുമാരചരിതം, മാഘം, കഥാസരിത് സാഗരം, ഹിതോപദേശം, ഭർത്തൃഹരിയുടെ നീതിശതകം, ബൌദ്ധന്മാരുടെ ജാതകകഥകൾ, മഹാവംശം, രാജവല്ലീയം എന്നീ സാഹിത്യഗ്രന്ഥങ്ങളിൽ എല്ലാം സമുദ്രയാത്രകളെപ്പററിയുള്ള പ്രസ്താവങ്ങൾ ഉണ്ട്. (1)

---

(2) ഇവ ജാവ സുമാട്ര എന്നവ ആണെന്നു വിചാരിക്കുന്നു

(1) 11 2-2

(2) I 2 4

(3) ധർമ്മസൂത്രം 1 18 14

(4) x 33

(5) III 158 VIII 409, ৭

(6) 2 8; 9 13; 10 3; 44 12

(7) 4 36

(1) A History of Indian Shipping and maritine activity from the Earliest Times Radhakumud Mookerjis' Longmans & co 1912 chap. VIII pp-53—69

ഉത്തരദേശക്കാർ സമുദ്രയാത്രയിൽ വിമുഖന്മാരല്ലായിരുന്നു എങ്കിലും, അവർ പുറരാജ്യങ്ങളുമായി ചെയ്തിരുന്ന വ്യാപാരം കരവഴിക്കായിരുന്നു. ആദികാലങ്ങളിൽ മനുഷ്യരുടെ സഞ്ചാരം കരവഴിയായിരിക്കുവാനാണല്ലോ സ്വാഭാവികമായി അധികം സംഗതിയുള്ളത്. എന്നാൽ, ദക്ഷിണ ഇന്ത്യയുടെ ഭൂസ്വഭാവംകൊണ്ടു, സമുദ്രസഞ്ചാരത്തിന്നു ഉതകുന്നതായ പല സൌകൎയ്യങ്ങളും അവിടെ ഉണ്ടായിരുന്നു. ഡെക്കാൻ, (1) അല്ലെങ്കിൽ ദക്ഷിണ ഇന്ത്യ, ടാപ്റ്റി (2) (തപതി) നദിയുടെ ഭാഗം മുതൽ ത്രികോണാകൃതിയായി കന്യാകുമാരിവരെ നീണ്ടുകിടക്കുന്നു. ഈ ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ സമുദ്രതീരം വിട്ട് അകത്തേക്കു മാറി തെക്കുവടക്കായി കിടക്കുന്ന പൂൎവ്വപശ്ചിമഘട്ടങ്ങൾ എന്ന മലനിരകളുടെ അടിവാരം മുതൽ സമുദ്രക്കരവരെയുള്ള പ്രദേശം വളരെ വിശേഷമായതും ഫലപ്രദമായതുമാകുന്നു. ഈ മലനിരകൾ നിബിഡമായ വനങ്ങളെക്കൊണ്ട് ആവൃതമായിരിക്കുന്നു. സമുദ്രക്കരവരെയുള്ള സ്ഥലത്ത് തെങ്ങ്, കൌങ്ങ്, പന, മാവ്, പിലാവ്, മുളകുകൊടി മുതലായ വിലയേറിയ വൃക്ഷലതാദികൾ സമൃദ്ധിയായിക്കാണുന്നതാണ്. നെൽകൃഷിക്കും ഒട്ടും കുറവില്ല. മലകളിൽ ഇഞ്ചി, ഏലക്കായ, മഞ്ഞൾ, കാഞ്ഞിരക്കുരു മുതലായ വിലപിടിച്ച പലതരത്തിലുള്ള മലഞ്ചരക്കുകൾ ലോഭം കൂടാതെ വിളയുന്നു. വിശേഷിച്ച് പശ്ചിമഘട്ടങ്ങളുടെ അടിവാരത്തിന്നും സമുദ്രത്തിന്നും ഇടയിലായി മലയാളക്കരയിൽ ഒരറ്റം മുതൽ മറ്റെ അറ്റം വരെ കായലുകളും അവയെ തമ്മിൽ കൂട്ടിമുട്ടിക്കുന്ന തോടുകളും ഉള്ളതുകൊണ്ട് ഉൾപ്രദേശങ്ങളിൽ കൂടി ജലമാൎഗ്ഗമായ സഞ്ചാരസൌകൎയ്യങ്ങൾ ധാരാളമുണ്ട്. ഇവിടെ വർഷം ധാരാളമായുള്ളതുകൊണ്ടും മലകളിൽനിന്നു ഒഴുകി കീഴ്പ്പോട്ടുവരുന്ന നദിപ്രവാഹങ്ങളെക്കൊണ്ടും ഭൂമി ഏററവും

---

(1) Dekhan.

(2) Tapati.

വളമുള്ളതായിരിക്കുന്നു. ഈ കരയിൽ കത്തിയവാർ (1) മുതൽ കന്യാകുമാരിവരെയായി നല്ല തുറമുഖങ്ങൾ പുരാതനകാലംമുതൽക്കേ ഉണ്ട്. ഉത്സാഹശീലന്മാരായ വിദേശവ്യാപാരികൾ കച്ചോടത്തിനുവേണ്ടി ആദ്യമായി ഇന്ത്യയിൽ കടൽവഴി വന്നെത്തിയതു ഇവിടെയാണ്. അറബികൾ, പോർട്ടുഗീസുകാർ (പറങ്കികൾ), ഡച്ചുകാർ (ലന്തക്കാർ), എന്നവരുടെ വ്യാപാരശാലകൾ ൧൫൦൦ം മുതൽ ൧൭൦൦ ൧൮൦൦ം വരെ കാണാവുന്നതാണ്. ഈ കരയിലുള്ള തെങ്ങുംകൂട്ടങ്ങളുടെ എടയിൽ പ്രാചീനവ്യാപാരത്തിന്റെ ഐശ്വര്യസ്ഥിതിയെ കാണിക്കുന്ന ലക്ഷ്യങ്ങളുടെ നഷ്ടശിഷ്ടങ്ങൾ പല ദിക്കുകളിലായി ഇന്നും ചിന്നിച്ചിതറി കിടക്കുന്നുണ്ട്.

ഇപ്പോൾ കണ്ടെത്തിയേടത്തോളം തെളിവുകളെക്കൊണ്ട്, ഇൻഡ്യാരാജ്യം ഉദ്ദേശം മുപ്പതു നൂററാണ്ടുകൾക്കു മുമ്പു മുതൽ ഭൂമിയിലുള്ള വ്യാപാരസ്ഥാനങ്ങളുടെ മദ്ധ്യപ്രദേശമായി ഭവിച്ചിട്ടുണ്ടെന്നു വിചാരിക്കാം. ഇൻഡ്യാ നിവാസികൾ പ്രാചീനകാലത്തു ഫിനീഷ്യൻ, (1) ജൂതന്മാർ, (2) അസ്സീറിയക്കാർ, (3) ഗ്രീക്കുകാർ, (4) ഈജിപ്ററുകാർ, (5) റോമക്കാർ (1) എന്നവരായും, ഇദാനീന്തനകാലത്തു തുക്കിക്കാർ,(2) വെനീസ്സുകാർ, (3) പോർട്ടുഗീസുകാർ, (4) ഡച്ചുകാർ: (5) ഇംഗ്ലീഷുകാർ (6) എന്നവരായും വ്യാപാരം ചെയ്തുവന്നു എന്നു പല ലക്ഷ്യങ്ങളും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. (7)

---

(1) Kathiawar.
(1) Pheesians.
(2) Jews.
(3) Assyrians.
(4) Greeks.
(5) Egyptians.
(1) Romans.
(2) Turks.
(3) Venetians.
(4) Portuguese.
(5) Dutch.
(6) English.
(7) History of the Indian Shipping p- 82,

ഇൻഡ്യയും ബാബിലോണിയ (8) യുമായുള്ള കച്ചോടം ഉദ്ദേശം ക്രിസ്തുവിന്ന് 3000 സംവത്സരങ്ങൾക്ക മുമ്പ് ഈറ ബാഗാസ് എന്ന രാജാവു ബാബിലോണിയ രാജ്യത്തെ 'കൽദായക്കാരുടെ ഊർ (9) എന്ന നഗരത്തിലിരുന്നു ഭരിച്ചുവന്ന കാലം മുതൽ ആരംഭിച്ചിരിക്കേണമെന്നു ഡാക്റ്റർ സെയിസ്സ് (10) അഭിപ്രായപ്പെടുന്നു. (11) ഇങ്ങനെ അഭിപ്രായപ്പെടുവാൻ എടയായത് ഇപ്പോൾ ജീർണ്ണപ്പെട്ടു നശിച്ചു കിടക്കുന്ന 'ഊർ' എന്ന നഗരത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ കൂട്ടത്തിൽ തേക്കകൊണ്ടുള്ള പണികൾ കണ്ടുകിട്ടിയതുകൊണ്ടാണ്. ഈ തേക്കമരങ്ങൾ മലയാളക്കരയിലുള്ള തുറമുഖങ്ങൾ വഴി കാൻഡിയായിൽ കൊണ്ടുപോയിരിക്കേണമെന്നും, പുരാതനകാലത്തു തേക്കമരങ്ങൾ തടികളായി കപ്പൽ വഴി വലിയ നഷ്ടം കൂടാതെ പുറരാജ്യങ്ങളിലേക്ക കൊണ്ടുപോകുവാൻ സൌകൎയ്യമായി ഉണ്ടായിരുന്നതു മലയാളക്കരയിൽ മാത്രമായിരുന്നു എന്നും മിസ്റ്റർ ഹ്യൂയിററ് (1) പറയുന്നു. (2) ഏതായാലും, ക്രിസ്തുവിന്നു 1000 കൊല്ലങ്ങൾക്ക മുമ്പ്, ഇസ്രായിലെ (3) രാജാവായ സാളോമൺ (4) (ശലേമൻ, ശലോമൻ) എന്നാളുടെ കാലത്തു ഫിനിഷ്യർ ദക്ഷിണ ഇൻഡ്യയിൽ മലയാളക്കരെ വന്നു വളരെ വില പിടിച്ചതും സൈഡൺ, (1) ടയർ (2) എന്ന ഫിനീ

---

(8) Babylon·

(9) Ur of the chaldees·

(10) Dr Syce·

(11) Hilbert Lectures for 1887 On the origin and growth of Religion among the Babylonian quoted in History of Indian Shipping p, 85

(1) Mr· Hewit

(2) Journal of the Royal Asiatic Society 188 p 387

(3) Israel

(4) Solomon

(1) Sidon

(2) Tyre

ഷ്യാരാജ്യത്തെ പ്രധാനനഗരങ്ങളിൽ ചിലവാകുന്നതുമായ പലതരത്തിലുള്ള ചരക്കുകളും കൊണ്ടുപോയിരുന്നതുമായി വിചാരിക്കുവാൻ ധാരാളം ലക്ഷ്യങ്ങളുണ്ട്. ഫിനീഷ്യാരാജ്യത്തെ രാജാവായ ഹൈറാം (3) ഇസ്രായൻ രാജാക്കന്മാരായിരുന്ന ഡേവിഡ്, (4) സാളോമൺ (5)എന്നവരുടെ ഒരു വലിയ ബന്ധുവായിരുന്നു. ഇവർ തമ്മിൽ വിവാഹബന്ധത്താലുണ്ടായിരുന്ന ചാർച്ചയ്ക്കു പുറമെ, വ്യാപാരവിഷയമായ പല ഖരാറുകളെക്കൊണ്ടും വളരെ അടുപ്പവും വേഴ്ചയുമുണ്ടായിരുന്നു. യഹൂദമഹാജനങ്ങളുടെ സ്ഥിതിക്കും അവസ്ഥയ്ക്കും മതിയായ ഒരു കോവിലകം പണി ചെയ്യിപ്പിക്കേണ്ടത് അവരുടെ രാജാവായ ദാവീദിനു (1) താല്പര്യം ഉണ്ടായതു ഫിനീഷ്യൻ രാജാവായ ഹൈറാം (2) മേൽക്കാർത്ത (3) അസ്റ്റാർട്ടി (4) എന്ന മൂർത്തികൾക്കായി പണി ചെയ്യിപ്പിച്ച വിശേഷദേവാലയങ്ങളെ കണ്ടിട്ടാണെന്നു വിചാരിക്കുന്നു. ദാവീദിനെ അദ്ദേഹത്തിന്റെ കോവിലകം പണിക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തതിന്റെ ശേഷം, അദ്ദേഹത്തിന്റെ പുത്രനായ സാളോമൺ എന്ന രാജാവിന്റെ താല്പര്യപ്രകാരം യഹൂദരുടെ പ്രസിദ്ധ ദേവാലയം പണിക്ക് ആവശ്യമുള്ള 'ദേവദാരുവും സരളമരവും സ്വർണ്ണവും കൊടുത്തു'. (5) അന്യദേശങ്ങളുമായി വ്യാപാരം നടത്തുന്നതിൽ സാളോമനെ സഹായിച്ചതു ഹൈറാമായിരുന്നു. 'ശാലോമോൻ രാജാവ് ഏദോം ദേശത്തു ചെങ്കടൽക്കരയിൽ ഏലോത്തിനു സമീപമുള്ള എസ്യോൻ—ഗേബെരിൽ വെച്ച ക

---

(3) Hiram
(4) David
(5) Solomon
(1) King David
(2) Hiram
(3) Melcarth
(4) Assarte
(5) I Kings chap IX-11

പ്പലുകൾ പണിതു. ആ കപ്പലുകളിൽ ശലോമാൻെറ ദാസന്മാരോടുകൂടെ ഹീരാംസമുദ്രപരിചയമുള്ള കപ്പൽക്കാരായ തൻെറ ദാസന്മാരെ അയച്ചു. അവർ ഓഫിറിലേക്ക ചെന്ന് അവിടെനിന്ന നൂററിരുപതുതാലന്തു (1) പൊന്ന ശലോമൻരാജാവിൻെറ അടുക്കൽ കൊണ്ടുവന്നു'. (2) 'രാജാവിന്നു സമുദ്രത്തിൽ ഹിരാമിൻെറ കപ്പലുകളോടുകൂടെ തർശ്ശീശു കപ്പലുകൾ ഉണ്ടായിരുന്നു; തർശ്ശീശു കപ്പലുകൾ മൂന്നു സംവത്സരത്തിൽ ഒരിക്കൽ സ്വർണ്ണം, വെള്ളി, ആനക്കൊമ്പു, കുരങ്ങൻ, മയിൽ എന്നിവ കൊണ്ടുവന്നു.' (3) 'ഓഫീരിൽനിന്നു പൊന്നു കൊണ്ടുവന്ന ഹിരാമിൻെറ കപ്പലുകൾ ഓഫീരിൽനിന്ന് അനവധി ചന്ദനവും രത്നവും കൊണ്ടുവന്നു.' (1) 'അവർ ആനക്കൊമ്പും കരിമരവും നിനക്കു കപ്പം കൊണ്ടുവന്നു.' (2) എന്നിങ്ങനെ ബൈബിൾ എന്ന ക്രിസ്ത്യൻ വേദപുസ്തകത്തിൽ പല സന്ദർഭങ്ങളിലും പറഞ്ഞു കാണുന്നുണ്ട്. ഈ മുൻപറഞ്ഞ സാധനങ്ങൾ ഇസ്രായയിൽക്കാൎക്ക കിട്ടിയത് ഇൻഡ്യയിൽനിന്നു മലയാളക്കര വഴിയാണെന്ന് ഇപ്പോൾ പ്രായേണ എല്ലാ പാശ്ചാത്യപണ്ഡിതന്മാരും സമ്മതിക്കുന്നു. ക്രിസ്താബ്ദത്തിന്ന് ഉദ്ദേശം ൧൦൦൦ കൊല്ലങ്ങൾക്കു മുമ്പു സാളോമൻ രാജാവു വ്യാപാരാവശ്യത്തിന്നായി ഒരു കപ്പൽ സംഘത്തെ ശേഖരിച്ചു ഫിനിഷ്യന്മാരായ കപ്പൽക്കാരെ (മാലുമികൾ) ക്കൊണ്ടു കപ്പലോട്ടം നടത്തി അവർ ടാഷിഷ്, (1) ഓഫീർ (2) എന്ന തുറമുഖങ്ങളിൽ എത്തി, അവിടെനിന്നു സ്വർണ്ണം മുതലായി മുമ്പു വിവ

(1) Talent
(2) 1 Kings Ch. IX verses 26 to 28
(3) Ibid Ch. 10 v 22
(1) 1 Kings X-11
(2) Ezekiel XXVII—15
(1) Tarshish
(2) Ophir

രിച്ചിട്ടുള്ള സാധനങ്ങളെ ശേഖരിച്ചു കൊണ്ടുപോയി. ബൊംബായിക്കടുക്കൽ കല്യാണി എന്ന സ്ഥലത്തിന്നു വടക്കായി സ്ഥിതി ചെയ്യുന്ന സൌപ്പാറ (3) എന്ന സ്ഥലമായിരിക്കേണം ബൈബിളിൽ പറയുന്ന ഓഫീർ എന്ന തുറമുഖം എന്നു പ്രൊഫെസ്സർ ബൽഫി (4) അഭിപ്രായപ്പെടുന്നു. പ്രൊഫെസ്സർ ലാസ്സന്റെ (5) അഭിപ്രായത്തിൽ ഓഫർ സിന്ധുദേശത്തിന്റെ കരയ്ക്കുള്ള അഭീരന്മാരുടെ ദേശമാണെന്നാണ്. എന്നാൽ ഈ അഭിപ്രായം ശരിയല്ലെന്നു പ്രൊഫെസ്സർ ഗസ്റ്റാവു ഓപ്പർട്ടു (6) യുക്ത്യനുസരണം സാധിച്ചിട്ടുണ്ട്. (1) ഓഫീർ എന്നത് അഭീരന്മാരുടെ രാജ്യമാകുവാൻ പാടില്ലെന്നും ആ പ്രദേശം മലയാളക്കരയിലയിരിക്കേണമെന്നും ഡാക്ടർ ബർണ്ണൽ (2) എന്ന പ്രസിദ്ധപണ്ഡിതൻ വാദിക്കുന്നു. (3)

---

(3) Souppara
(4) Prof: Belfy
(5) Prof: Lassen
(6) Prof: Gurtave oppert
(1) On the Ancient commerse of India p 24-5
(2) Dr Burnell
(3) The Indian Anriquariy Vol 1 p33 2